കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 3, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 166 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 3, ബുധൻ

സ്പീക്കർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. വി. ശശി

സെക്രട്ടറി

ശ്രീ. വി. കെ. ബാബുപ്രകാശ്

ചീഫ് എഡിറ്റർ

ശ്രീമതി ചാന്ദ്നി റാണി

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

195/2020

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ബാലൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി	:	ശ്രീ. ഇ. ചന്ദ്രശേഖരൻ
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി	:	ഡോ. കെ. ടി. ജലീൽ
വൈദ്യുതി വകുപ്പുമന്ത്രി	:	ശ്രീ. എം. എം. മണി
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. മാത്യു ടി. തോമസ്
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി	:	ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി	:	ശ്രീ. എ. സി. മൊയ്തീൻ
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജു
തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി	:	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
തൊഴിലും എക്സൈസും വകുപ്പുമന്ത്രി	:	ശ്രീ. റ്റി. പി. രാമകൃഷ്ണൻ
വിദ്യാഭ്യാസ വകുപ്പുമന്ത്രി	:	പ്രൊഫ. സി. രവീന്ദ്രനാഥ്
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി	:	ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി	:	ശ്രീ. ജി. സുധാകരൻ
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. വി. എസ്. സുനിൽ കുമാർ
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി	:	ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി	:	ശ്രീ. പി. തിലോത്തമൻ
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. തോമസ് ചാണ്ടി
ധനകാര്യവും കയറും വകുപ്പുമന്ത്രി	:	ഡോ. ടി. എം. തോമസ് ഐസക്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 74

II അറിയിപ്പ്

പ്രതിപക്ഷ ഡെപ്യൂട്ടി ലീഡർ–

മി. സ്പീക്കർ ...384

IIIപ്രമേയം

ജവാന്മാരുടെ തലയറുത്ത സംഭവം–

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...384

IV അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം–

(അവതരണാനുമതി നിഷേധിച്ചു) ...385

V ശ്രദ്ധ ക്ഷണിക്കൽ

1. കള്ളുഷാപ്പ് തൊഴിലാളികളുടെ പുനരധിവാസം—

ശ്രീ. കെ. ദാസൻ ...405

2. ജില്ലാപാതയായി തരം താഴ്ത്തൽ—

ശ്രീ. എം. വിൻസെന്റ് ...408

പേജ്

VI സബ്മിഷൻ

1. മൂവാറ്റുപുഴ ആറിന്റെ സംരക്ഷണം—

ശ്രീ. അനൂപ് ജേക്കബ് ...413

2. കുടിവെള്ള പദ്ധതി—

ശ്രീ. ഇ. കെ. വിജയൻ ...414

3. റോഡ് വികസനം—

ശ്രീ. ഹൈബി ഈഡൻ ...416

4. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ—

ശ്രീമതി ഇ. എസ്. ബിജിമോൾ ...418

5. കുന്നത്തറ ടെക്സ്റ്റൈൽസ്—

ശ്രീ. പുരുഷൻ കടലുണ്ടി ...420

6. ചെല്ലാനം ഫിഷിംഗ് ഹാർബർ—

ശ്രീ. കെ. ജെ. മാക്സി ...421

7. പാഠപുസ്തക വിതരണം—

ശ്രീ. എം. ഉമ്മർ ...423

8. ധനസഹായം—

ശ്രീ. കെ. വി. വിജയദാസ് ...425

VII ക്രമപ്രശ്നം

1. രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച്–

ശ്രീ. ഷാഫി പറമ്പിൽ ...427

പേജ്

റൂളിംഗ് ...428

VIII ധനകാര്യം

2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...428

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ ...430

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ ...430

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 3, ബുധൻ

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2017 മേയ് മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....എല്ലാ ദിവസവും ചോദ്യോത്തര വേളയിൽ അംഗങ്ങൾ എഴുന്നേറ്റുനിന്ന് ഇടപെടുന്നത് ദയവായി ഒഴിവാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ട് ഇന്ത്യൻ സൈനികരെ തലയറുത്ത് കൊന്ന നിഷ്ഠുരമായ സംഭവമാണ് ഇന്നലെ ഇന്ത്യ-പാക് അതിർത്തിയിൽ ഉണ്ടായത്. വളരെ ഗൗരവമായൊരു കാര്യവും ഇന്ത്യയുടെ ആത്മാഭിമാനത്തിനേറ്റ മുറിവുമാണത്. അങ്ങ് മുൻകയ്യെടുത്ത് സഭയുടെ പ്രതിഷേധം ഇക്കാര്യത്തിൽ രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. പക്ഷെ ഇത്തരം കാര്യങ്ങൾ ഉന്നയിക്കാനുള്ള സമയം ശൂന്യവേളയാണ്. ദയവായി ശൂന്യവേളയിൽ ഉന്നയിക്കാൻ അങ്ങ് ശ്രമിക്കണം. .... (ബഹളം).... പ്ലീസ്, പ്ലീസ്, എന്താണ് ഇതിന്റെ അർത്ഥം. നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്. സഭയുമായി സഹകരിക്കുമെന്ന് ഇന്നലെ പ്രതിപക്ഷനേതാവ് സഭയിൽ പറഞ്ഞതല്ലേ. പ്ലീസ്... പ്ലീസ്. ഇരിക്കൂ., ഇരിക്കൂ..... പ്ലീസ്, ... പ്ലീസ്..... ചോദ്യം നമ്പർ (* 151)

നവകേരള മിഷൻ പദ്ധതിയിലൂടെ ജലാശയ ശുചീകരണം

1 (*151) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മലിനീകരണ പ്രശ്നം ഉളവാക്കുന്ന ജലാശയങ്ങളിലെ പോള നീക്കം ചെയ്ത് ജലാശയം ശുചീകരിക്കുന്ന പ്രൊപ്പോസലിന് നവകേരള മിഷൻ പദ്ധതിയിൽപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും കുടുംബശ്രീയുടെ സേവനം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ജലദൗർലഭ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഇപ്രകാരം ജലാശയം ശുചീകരിക്കുന്നതുമൂലം കുടിവെള്ളം ഒഴിച്ചുള്ള മറ്റ് ദൈനംദിന ആവശ്യങ്ങൾക്ക് പ്രസ്തുത ജലാശയങ്ങളെ ഉപയോഗപ്പെടുത്താമെന്നുള്ളതുകൊണ്ട് ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-സി) ഉണ്ട്. പോള നിർമ്മാർജ്ജനത്തിന് കാലാകാലങ്ങളിൽ പല ഇടപെടലുകളും നടന്നിട്ടുണ്ടെങ്കിലും ശാസ്ത്രീയവും സമഗ്രവുമായി ഇക്കാര്യത്തിൽ വിജയകരമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. Water Hyacinth Harvester എന്ന ജലസേചന വകുപ്പിന്റെ കൈവശമുള്ള യന്ത്രം കൊണ്ട് ഒഴുകുന്ന പോളകൾ ശേഖരിക്കാമെങ്കിലും വേരുള്ള, അടിത്തട്ടിൽ നിന്ന് വളരുന്ന പോളകൾ നീക്കം ചെയ്യാൻ ഇത് പര്യാപ്തമല്ല. പോള മുറിച്ചുമാറ്റി അത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു പദ്ധതി നിർദ്ദേശം കെ.എസ്.ഇ.ബി.-യ്ക്ക് ലഭിച്ചിരുന്നെങ്കിലും പോള ശേഖരിച്ച് ഒരു നിശ്ചിത സ്ഥലത്ത് വലിയ അളവിൽ എത്തിക്കുന്നതിന്റെയും അത് സംഭരിച്ച് സൂക്ഷിക്കാനുള്ള സ്ഥലലഭ്യതയുടെ പരിമിതി കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. പോള കംപോസ്റ്റ് ചെയ്ത് വളമാക്കി മാറ്റുന്നതിന് ഇതേ പരിമിതിയാണുള്ളത്.

ജൈവീകമായി പോള നിയന്ത്രണം സാധ്യമാണെന്ന് കാർഷിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജലസേചന വകുപ്പ്, കൃഷി വകുപ്പ്, കൃഷി ശാസ്ത്രജ്ഞർ എന്നിവരെയെല്ലാം ഏകോപിപ്പിച്ച് ഒരു സമഗ്ര സമീപനത്തിന് രൂപം

കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ നേതൃത്വപരമായ ചുമതല ഹരിത കേരളം മിഷൻ ഏകോപിപ്പിക്കുന്നതാണ്. ഈ വർഷം ഒരു പൈലറ്റ് പദ്ധതി ഇക്കാര്യത്തിൽ നടപ്പാക്കണമെന്ന് ഹരിത കേരളം മിഷന് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലാശയങ്ങൾ ശുദ്ധീകരിക്കാൻ ഗവൺമെന്റ് പല നടപടികളും സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം വളരെ ഗൗരവമായി എടുക്കേണ്ട ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ഭൂജല വകുപ്പ് കേരളത്തിലെ 14 ജില്ലകളിലെ 1334 കിണറുകളിൽ നടത്തിയ പഠനത്തിൽ 1107 കിണറുകളിലും ജലനിരപ്പ് താഴ്ന്നിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. അതിനെ ശരിവയ്ക്കുന്നതാണ് ഇപ്പോൾ അനുഭവപ്പെടുന്ന കടിവെള്ള ദൗർലഭ്യം. ഈ സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കണം. ഇസ്രായേലിലും ഗൾഫ് രാജ്യങ്ങളിലും കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നുണ്ട്. അതുപോലെ കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്ന പദ്ധതി നവകേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നവ കേരള ആക്ഷൻ പ്ലാനിന്റെ ഭാഗമായുള്ള ഒരു മിഷനാണ് ഹരിത കേരളം മിഷൻ. അതിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നൊരു ഭാഗമുണ്ട്. എന്നാൽ കടൽവെള്ളം ഉപയോഗപ്രദമായ വെള്ളമാക്കി മാറ്റുന്നത് വേറൊരു പദ്ധതിയാണ്. ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോൾ അത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ടി വരും. ആ നടപടി ഗൗരവമായി സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വരൾച്ച രൂക്ഷമാകുന്ന ഈ സാഹചര്യത്തിൽ മഴ വെള്ളത്തിന്റെ ഫലപ്രദമായ വിനിയോഗം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം നൂതനമായ മാർഗ്ഗത്തിലൂടെ (rainy filter ഉപയോഗിച്ച്) അരിച്ചെടുത്ത് കിണറുകളിലേയ്ക്കും കഴൽക്കിണറുകളിലേയ്ക്കും കടത്തിവിട്ട് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നൊരു പദ്ധതി ഇന്ന് സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെടുന്നുണ്ട്. അത് കൂടുതൽ പ്രായോഗികമാണോ; അത് നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമുക്ക് മഴ ലഭിക്കുന്നുണ്ട്. മഴവെള്ളത്തിന്റെ ഏറിയ ഭാഗവും അപ്പോൾത്തന്നെ ഒലിച്ചുപോകുന്ന തരത്തിലാണ് ഇപ്പോഴത്തെ നമ്മുടെ നാടിന്റെ അവസ്ഥ. അതിനാണ് ഹരിത കേരള മിഷന്റെ ഭാഗമായി എല്ലാ വീടുകളിലും മഴവെള്ളം ശേഖരിക്കുന്നതിനുള്ള മഴക്കുഴികൾ ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചത്. ചില പഞ്ചായത്തുകൾ ഇപ്പോൾത്തന്നെ എല്ലാ വീട്ടുപറമ്പുകളിലും മഴക്കുഴികൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ

മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം ഒഴുകി താഴേയ്ക്ക് പോകുന്നത് ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മഴവെള്ളം മഴക്കുഴികളിലേയ്ക്ക് തിരിച്ചുവിടാനും കഴിയും. മഴവെള്ളം നല്ല രീതിയിൽ തന്നെ ഉപയോഗിക്കാനുള്ള പദ്ധതികളാണ് ഹരിത കേരളം മിഷന്റെ ഭാഗമായിട്ടുള്ളത്. ഭൂമിയിൽ മണ്ണിനുള്ളിലേയ്ക്ക് വെള്ളം ഇറങ്ങിപ്പോകുന്ന തരത്തിലുള്ള ഒരുക്കങ്ങളും ഈ മിഷന്റെ ഭാഗമായി നാട്ടിൽ നടന്നു കൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുക എന്നുള്ളതുതന്നെയാണ് ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, നവ കേരള മിഷൻ പദ്ധതിയിലൂടെ ജലാശയങ്ങൾ ശുചീകരിക്കുകയെന്ന വളരെ പ്രധാനപ്പെട്ടൊരു കർമ്മ പരിപാടിയെ കുറിച്ച് അങ്ങ് മറുപടിയിൽ പറയുകയുണ്ടായി. അതിന് പ്രത്യേകമായ പാക്കേജ് ഗവൺമെന്റ് ഉണ്ടാക്കുമെന്ന് പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ഈയൊരു പദ്ധതി പ്രഖ്യാപിച്ചശേഷം ഇപ്പോൾ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ പോള നിറഞ്ഞിരിക്കുന്നതു കൊണ്ട് കൃഷിയെ അത് തടസ്സമായി ബാധിക്കുകയും ടൂറിസ്റ്റ് ബോട്ടുകൾക്ക് പോകാൻ കഴിയാത്ത സാഹചര്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഇവിടെ കാര്യമായവർക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവശ്യമായ പ്രൊവിഷൻ ബജറ്റിൽ കൊടുത്തിട്ടുണ്ടെങ്കിലും പ്രവൃത്തി നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ഭരണാനുമതിയോ തുടർനടപടിയോ മറ്റുകാര്യങ്ങളോ ഉണ്ടായിട്ടില്ല. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ; ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമോ? ജലാശയങ്ങളുടെ ശുചീകരണത്തിലൂടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ക്ഷേത്രകുളങ്ങളും പൊതുകുളങ്ങളും കേരളത്തിലെ ഏറ്റവും വലിയ ജല സമ്പത്തിന്റെ സ്രോതസ് തന്നെയാണ്. അതെല്ലാം മണ്ണും ചെളിയും നിറഞ്ഞ് ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. അതൊക്കെ മുഴുവൻ ജനങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതുമാണ്. ജലാശയ ശുചീകരണത്തിന്റെ ഭാഗമായി ക്ഷേത്രക്കുളങ്ങളുടെയും പൊതു കുളങ്ങളുടെയും ശുചീകരണം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോള നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. അതിന് ഫണ്ടിന്റെ ലഭ്യതക്കുറവല്ല പ്രശ്നം. അതുമായി ബന്ധപ്പെട്ടുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്തി ഫലപ്രദമായ നടപടികളിലേയ്ക്ക് നിർമ്മാർജ്ജനത്തിലൂടെ നീങ്ങുകയും ചെയ്യാം. കുളങ്ങളുടെ കാര്യത്തിൽ വലിയ തോതിലുള്ള മൂവ്മെന്റ് വന്നുകഴിഞ്ഞിട്ടുണ്ട്. ചില ജില്ലകളിൽ വളരെക്കൂടുതൽ കുളങ്ങൾ ഇപ്പോൾ വൃത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് പോലുള്ള

ആരാധനാലയങ്ങളിലെ കുളങ്ങളെ ഈ പദ്ധതിയിൽപ്പെടുത്തി നാട്ടുകാരും ഗവൺമെന്റും എല്ലാം ചേർന്ന് ശുദ്ധീകരിക്കുന്നുണ്ട്. നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നൊരു പദ്ധതിയാണിത്.

ശ്രീ. സി. എഫ്. തോമസ്: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് പത്രങ്ങളിൽ നിരവധി പ്രാവശ്യം മുഖപ്രസംഗം വന്നിട്ടുണ്ട്. കടിവെള്ളക്ഷാമം രൂക്ഷമായ ഈ സമയത്ത് മറ്റാവശ്യങ്ങൾക്കായി ജലാശയങ്ങളിൽ നിന്നുള്ള വെള്ളം ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്പോൾ അത് സാധിക്കാത്തതിനാൽ കൃഷിക്കാർ വളരെ വിഷമിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പോള മാറ്റിക്കൊണ്ടിരിക്കുകയാണ്. കോൺട്രാക്ടർമാരെക്കൊണ്ടാണ് പൊതുമരാമത്ത് പണികൾ ചെയ്യിക്കുന്നത്. ഒഴുകി നടക്കുന്ന പോളമാത്രമല്ല, താഴോട്ടുപോകുന്ന വേരുകൾ ഉൾപ്പെടെയുള്ള പോളകൾ മാറ്റാനുള്ള യന്ത്രം ഇപ്പോൾ ഇറങ്ങുന്നുണ്ട്. പ്രസ്തുത ജോലിക്ക് ടെണ്ടർ ക്ഷണിച്ചാൽ എടുക്കാൻ ആളുകളുമുണ്ട്. ഇതുസംബന്ധിച്ച് ചില നിർദ്ദേശം എനിക്ക് പറയാനുണ്ട്. ഒന്ന്, ഇതിനായി ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കണം. ജലസേചനവകുപ്പ് ഉൾപ്പെടെ എവിടെ ചെന്നാലും ഫണ്ടില്ലെന്നാണ് പറയുന്നത്. രണ്ടാമതായി ലോക്കൽ ബോഡീസിന് ഫണ്ട് ചെലവഴിക്കുന്നതിന് അനുവാദം കൊടുക്കണം. മൂന്ന്, തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ഈ ജോലി ചെയ്യുന്നുണ്ട്. വേരുള്ള പോളകൾ മാറ്റാൻ യന്ത്രം ഉപയോഗിക്കണം. അത് ടെണ്ടർ ക്ഷണിച്ചാൽ സ്വീകരിക്കാൻ ആളുകൾ തയ്യാറാണ്. അങ്ങ് പറഞ്ഞതുപോലെ പൈലറ്റ് പദ്ധതി നടപ്പിലാക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ കൂടി പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോള നിർമ്മാർജ്ജനത്തിന് സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യും. അക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടക്കം ഇതിൽ ഭാഗമാക്കാവുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച മറ്റെല്ലാ കാര്യങ്ങളും നമുക്ക് ചെയ്യാവുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, അറുതിയില്ലാത്തൊരു വറുതിയിലേയ്ക്ക് കൂപ്പുകുത്തുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇതാണ് പുതിയ ജല ഉപയോഗ സംസ്കാരത്തിന്റെയും ഇടപെടലിന്റെയും ഒരു കാലഘട്ടം. അതിന്റെ ഭാഗമെന്ന നിലയിലാണ് നവ കേരള മിഷൻ പോലുള്ള പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുള്ളത്. സംസ്ഥാനത്തെ നാൽപ്പത്തിനാല് നദികളിൽ ഏതാണ്ട് പതിനാല് നദികളും വലിയ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നുവെന്നാണ് അനൗദ്യോഗികമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നവ കേരള മിഷന്റെ ഭാഗമായി നടപ്പാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ജല ഓഡിറ്റിംഗ് എന്ന

സംവിധാനം വളരെ പ്രാധാന്യമുള്ളതാണ്. സാക്ഷരതാ പ്രവർത്തനം പോലുള്ള ജനകീയ ഇടപെടലിലൂടെ മാത്രമേ ഈ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ കഴിയൂ. ഗവൺമെന്റ് വിഭാവന ചെയ്യുന്ന ഈ പദ്ധതിയിൽ എങ്ങനെയാണ് അത്തരം ഇടപെടലുണ്ടാക്കാൻ ശ്രമിക്കുന്നത്; ജല ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നമ്മുടെ നദികൾ സംരക്ഷിക്കണമെന്ന് പറയുമ്പോഴും ചെറിയ കൈത്തോടുകൾ ഉൾപ്പെടെ ആളുകൾ കയ്യേറി വച്ചിരിക്കുന്ന ഒരു അവസ്ഥയുണ്ട്. കൂടാതെ അവയ്ക്ക് മുമ്പുള്ള അത്രയും വലിപ്പവുമില്ല. ഇത്തരം കയ്യേറ്റ ഭൂമി തിരിച്ചു പിടിച്ച് കൈത്തോടുകൾ സംരക്ഷിച്ചെങ്കിൽ മാത്രമേ അടിസ്ഥാനപരമായി നമ്മുടെ നദികളെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ പ്രാദേശികമായ ഇടപെടലുണ്ടാകണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ് ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നദികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കം നാം നടത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഹരിത കേരളം മിഷന്റെ ഭാഗമായി തോടുകളും കുളങ്ങളും മറ്റെല്ലാ ജലസ്രോതസ്സുകളും വീണ്ടെടുക്കാനുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ തോടുകൾ കയ്യേറിയിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കാനുള്ള പ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തിട്ടുണ്ട്. ബഹുമാന്യനായ അംഗം ജനപങ്കാളിത്തത്തിന്റെ കാര്യമാണ് ചൂണ്ടിക്കാണിച്ചത്. ഈ പദ്ധതി ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഇത് കേവലം ഒരു സർക്കാർ പദ്ധതിയല്ല, സർക്കാർ ലെവലിൽ തീരുമാനിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഒരു ഔദ്യോഗിക പരിപാടി മാത്രമല്ല, നാട്ടുകാരുടെ ആകെ പങ്കാളിത്തത്തോടുകൂടി നടത്തുന്ന ഒരു പദ്ധതിയാണിത്. ഇപ്പോൾ തന്നെ നല്ല ബഹുജന പങ്കാളിത്തമുണ്ടായിട്ടുണ്ട്. അത് കൂടുതൽ വളർത്തിക്കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ജല ഓഡിറ്റിംഗിനെ സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. പക്ഷേ ഈ പദ്ധതിയുടെ ഭാഗമായി ജല ഓഡിറ്റിംഗിലേയ്ക്ക് നമ്മൾ പോകേണ്ടിവരികയാണ്. ജല ഓഡിറ്റിംഗിന്റെ കാര്യവും ഫലപ്രദമായി നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോള പോലെ ഗൗരവതരമായ ഒരു പ്രശ്നമാണ് കായലിന്റെ തീരത്ത് എക്കൽ അടിഞ്ഞുകൂടുന്നത്. എന്റെ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി-കുമ്പളം ഭാഗങ്ങളിലെല്ലാം കായലിന്റെ തീരത്ത് ഗുരുതരമായ ഈ പാരിസ്ഥിതിക പ്രശ്നമുണ്ട്. വർഷങ്ങളായി എക്കൽ അടിഞ്ഞുകൂടി, കായലിന്റെ ഘടനതന്നെ മാറി കായൽ ചുരുങ്ങിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. എക്കലിൽ പുതഞ്ഞ് ചില ആളുകൾ മരണപ്പെട്ട അനുഭവമുണ്ട്. കൂടാതെ ഇടക്കൊച്ചിയിൽ ഒരു ആന എക്കലിൽ പുതഞ്ഞ് ചരിഞ്ഞ

സംഭവവും ഉണ്ടായിട്ടുണ്ട്. ഗൗരവതരമായ ഈ പ്രശ്നം പരിഹരിക്കാൻ ശാസ്ത്രീയമായ പഠനങ്ങൾ നടത്താൻ സാധിക്കുമോ; ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ച് കായലിനെ സംരക്ഷിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എക്കലും പോള പോലെ തന്നെ നമ്മെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അക്കാര്യത്തിലും ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയുടെ കുടിവെള്ള സ്രോതസ്സാണ് അരുവിക്കര ഡാം. ഇന്ന് ഡാമിന്റെ മുപ്പത് ശതമാനം കൃാച്ച്മെന്റ് ഏരിയയും പോള ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങളും മണ്ണും ചെളിയുമൊക്കെയായി നിറഞ്ഞിരിക്കുകയാണ്. 2016 ജനുവരി 1-ാം തീയതി, അങ്ങ് മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് കഴിഞ്ഞ വർഷത്തെ അങ്ങയുടെ ആദ്യത്തെ പൊതുപരിപാടി അരുവിക്കര ഡാം സന്ദർശനമായിരുന്നു. അതിനുശേഷവും അതിനുമുമ്പും വീഡ് കട്ടർ ഉപയോഗിച്ച് അവിടെ നിന്ന് പോള മാറ്റുവാൻ നോക്കി, പക്ഷേ പൂർവ്വാധികം ശക്തിയോടെ ഇപ്പോഴും അവിടെ പോള വളർന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളമില്ലാത്തതുകൊണ്ട് മന്ത്രി ഉൾപ്പെടെയുള്ള ആളുകൾ നെയ്യാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഇതെല്ലാം കണ്ടുകൊണ്ട്, അരുവിക്കര ഡാമിനെ സംരക്ഷിക്കുവാനും അവിടത്തെ മണലും ചെളിയും പോളയും മാറ്റുവാനുമുള്ള പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ?

മി. സ്പീക്കർ: ഉപചോദ്യങ്ങൾക്ക് ഒറ്റ വാചകത്തിൽ മറുപടി പറഞ്ഞാൽ മതി.

ശ്രീ. പിണറായി വിജയൻ: സർ, പോളയുടെ പ്രശ്നം പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്. അവിടെനിന്നെല്ലാം അവ നീക്കം ചെയ്യുന്നതിനുതന്നെയാണ് മു�ൻതൂക്കം നൽകുന്നത്. അരുവിക്കര ഡാമിന്റെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ജലം ഭൂമിയിലേയ്ക്ക് താഴ്ന്ന് പോകുന്നതിന് ധാരാളം തടസ്സങ്ങളുണ്ട്. മണ്ണിന് ഇളക്കമില്ലെങ്കിൽ ജലം ഭൂമിയിലേയ്ക്ക് താഴ്ന്ന് പോകാതെ, ഒഴുകി കടലിലേയ്ക്ക് പോകും. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ജലം ഭൂമിയിലേയ്ക്ക് താഴുന്നതിന് ഒരു സംവിധാനമുണ്ടാക്കണം. മലിനജലം മുഴുവൻ കുളങ്ങളിലും തോടുകളിലും ഒഴുകി എത്തുന്നു, അത് എത്താതിരിക്കാനുള്ള ഒരു പദ്ധതി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം. ജലം ഭൂമിയിൽ താഴുന്നതിനും മാലിന്യം ജലാശയങ്ങളിൽ എത്താതിരിക്കുന്നതിനും ഈ പദ്ധതിയിൽ മുൻഗണന നൽകി ഇത് ഒരു ജനകീയ പദ്ധതിയായി വളർത്താൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. പക്ഷേ അതിന് ശാസ്ത്രീയമായ ഒരു സംവിധാനംകൂടി ഉണ്ടാക്കാൻ ശ്രദ്ധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, വെള്ളം ശുദ്ധീകരിക്കുക എന്നത് വളരെ പ്രധാനം തന്നെയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തെ കുളങ്ങളും നദികളും ഉൾപ്പെടെയുള്ള പല ജലസംഭരണികളിലെയും വെള്ളം കൈകൊണ്ടുപോലും തൊടാൻ സാധിക്കാത്തവിധം മലിനമായിരിക്കുകയാണ്. അവ ശുദ്ധീകരിച്ച് പ്രാദേശിക കുടിവെള്ള സ്രോതസ്സാക്കി മാറ്റണം. ജലാശയങ്ങളിൽ മാലിന്യം നിറയുന്നത് ഒരു വലിയ പ്രശ്നമായി വരികയാണ്. ഇതിനെതിരെയുള്ള ബോധവൽക്കരണത്തിനാണ് നാം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാടാകെ ജനപങ്കാളിത്തം വഹിച്ചുകൊണ്ട്, കൊച്ചുകുഞ്ഞുങ്ങൾ മുതൽ പ്രായമുള്ളവർ വരെ പങ്കാളികളായി മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ സ്വാഭാവികമായും ഇന്നത്തെ നിലയിൽ മാറ്റം വരും, അതായത് ഒരു ബോധവൽക്കരണം വരും. അതിനുശേഷവും മാലിന്യം നിക്ഷേപിച്ചാൽ കർക്കശമായ നടപടികൾ നേരിടേണ്ടതായും വരും. ഇത് രണ്ടും ഒത്തുചേർന്ന് മുന്നോട്ട് കൊണ്ടുപോയി പൂർണ്ണമായും മാലിന്യമുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, സ്വാഭാവികമായി ഉണ്ടായിട്ടുള്ള ജലാശയങ്ങൾ, കുളങ്ങൾ, അരുവികൾ, തോടുകൾ എന്നിവയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ അടുത്ത കാലത്തായി ക്വാറികളുടെ പ്രവർത്തനംമൂലം ഏക്കർ കണക്കിനുവരുന്ന സ്ഥലങ്ങൾ വലിയ ജലാശയങ്ങളായി മാറിയിട്ടുണ്ട്. ആ ജലാശയങ്ങൾ സ്വകാര്യ സ്ഥലത്താണ് നിൽക്കുന്നത്. പഞ്ചായത്തിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പരിധിയിൽ വരുന്നതല്ല. അത് പുതുതായി രൂപപ്പെട്ട ജലാശയങ്ങളാണ്. ഇപ്പോൾത്തന്നെ വറ്റാത്ത വലിയ ജലാശയങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ഒരു പട്ടികയിലുംപെടാതെ, എന്നാൽ സ്വകാര്യ സ്വത്തായതുകൊണ്ടും പാറപൊട്ടിക്കാത്തതുകൊണ്ടും അവിടെ ആരും തിരിഞ്ഞുനോക്കുന്നുമില്ല. അങ്ങനെ ജലാശയങ്ങളായി രൂപപ്പെട്ട ക്വാറികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഹരിത കേരളം മിഷന്റെ ഭാഗമായി ക്വാറികളിലുള്ള വെള്ളം ശുദ്ധീകരിക്കേണ്ടതുണ്ട്. അത്തരം സ്ഥലങ്ങളെ മാലിന്യങ്ങൾ വലിച്ചെറിയാനാണ് ആളുകൾ ഉപയോഗിക്കുന്നത്. അതുമുഴുവൻ ശുദ്ധീകരിച്ച് നല്ല വെള്ളമായി മാറ്റാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അവ ഏറ്റെടുക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ആ വെള്ളം ശുദ്ധീകരിക്കാനുള്ള നടപടികൾ ഹരിത കേരളം മിഷന്റെ ഭാഗമായി പ്രാദേശികമായി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, നമ്മുടെ കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. കുളങ്ങളും തോടുകളും എല്ലാം സംരക്ഷിക്കുക. പക്ഷേ കേരളത്തിലാകെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ റോഡ് കോൺക്രീറ്റ് എന്നൊരു ഏർപ്പാടുണ്ട്. നിരപ്പായിക്കിടക്കുന്ന ഭൂമിയുൾപ്പെടെ കോൺക്രീറ്റ് ചെയ്ത് വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനുള്ള അവസരം പൊതുപണം ഉപയോഗപ്പെടുത്തി നഷ്ടപ്പെടുത്തുകയാണ്. എന്നാൽ കുത്തനെയുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ റോഡ് കോൺക്രീറ്റ് ചെയ്യേണ്ടി വരും. അതിനുപകരം ഇടറോഡുകളും മറ്റും കോൺക്രീറ്റ് ചെയ്യുന്നത് പൂർണ്ണമായും ഒഴിവാക്കി പകരം ഇന്റർലോക്ക് തുടങ്ങിയ സംവിധാനം ഏർപ്പെടുത്തിയാൽ ജലം ഭൂമിയിലേയ്ക്ക് ഇറങ്ങുകയും ചെയ്യും, റോഡ് വൃത്തിയാകുകയും ചെയ്യും. അതുകൊണ്ട് ഇടവഴികളും മറ്റും കോൺക്രീറ്റ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കുമോ; അങ്ങനെ വല്ല ആലോചനയും സർക്കാരിന്റെ മുന്നിലുണ്ടോ ?

ശ്രീ. പിണറായി വിജയൻ: സർ, റോഡ് പൊട്ടിപ്പൊളിഞ്ഞ് വല്ലാതെ മോശമാകുന്ന ഒരു അവസ്ഥയായിരിക്കുമ്പോഴാണ് കോൺക്രീറ്റ് ഇടുന്നതായി കാണുന്നത്. മഴ വരുമ്പോൾ എല്ലായിപ്പോഴും പെട്ടെന്ന് പൊട്ടിപ്പോകുന്ന ചില റോഡുകളുണ്ട്. അത്തരം പ്രദേശങ്ങളൊക്കെയാണ് സാധാരണ കോൺക്രീറ്റ് ഇടുന്നതായി കാണുന്നത്. മറ്റുള്ളത് എനിക്ക് അത്ര കണ്ട് അറിയുന്ന കാര്യമല്ല. എല്ലാ സ്ഥലങ്ങളും കോൺക്രീറ്റ് ചെയ്യാനൊന്നും പോകുന്നില്ല. നല്ല റോഡ് വേണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഏതായാലും അതും ഈ പദ്ധതിയുമായി ബന്ധമുള്ളതല്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ വെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്നതിനാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു. മുൻകാലങ്ങളിൽ പറമ്പുകളൊക്കെ കിളച്ചിടുമായിരുന്നു. മഴയുടെ തുടക്കത്തിൽത്തന്നെ കിളച്ചിട്ടാൽ വെള്ളം അതിലൂടെ കിനിഞ്ഞ് താഴോട്ടിറങ്ങുന്നതാണ്. അതുപോലെ തന്നെ വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങുന്ന സജ്ജീകരണങ്ങൾ ഓരോ പ്രദേശത്തും ചെയ്യണം എന്നതും ഇതിന്റെ ഭാഗമായി കണ്ടിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, ഏറ്റവും അധികം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് തിരുവനന്തപുരം നഗരത്തിലാണ്. ഇതിന് പ്രധാനകാരണം പോളയല്ല. പല ഡ്രെയിനേജ് ലൈനുകളും ചെന്നു പതിക്കുന്നത് പത്മതീർത്ഥകുളം, പാർവ്വതീ പുത്തനാർ എന്നീ ജലാശയങ്ങളിലാണ്. ഇതെല്ലാം നവീകരിക്കാൻ കഴിഞ്ഞാൽ നഗരത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. നെയ്യാർ ഡാമിൽനിന്ന് ജലം ഇപ്പോൾ അരുവിക്കരയിലേയ്ക്ക് പമ്പ് ചെയ്യുന്നുണ്ട്. ഇതിന്റെ പകുതി ശ്രമം നടത്തിയാൽ പാർവ്വതീ പുത്തനാർ ശുദ്ധീകരിക്കാൻ കഴിയും. ഇക്കാര്യത്തിൽ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായി ശുദ്ധീകരിക്കേണ്ട ഒന്നാണ് പാർവ്വതീ പുത്തനാർ. അതൊരു പദ്ധതിയായിട്ടുതന്നെ നമുക്ക് നടപ്പാക്കാവുന്നതാണ്. ഇപ്പോൾത്തന്നെ അത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിന്റെ ഭൂഗർഭ ജലനിരപ്പ് അപായകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുകയാണെന്നാണ് ഭൂഗർഭജല വകുപ്പിന്റെ കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നത്. അതിനുള്ള പരിഹാരമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടതു പോലെ കിണർ റീ-ചാർജ്ജിംഗും മഴകൊയ്ത്തും. സർക്കാർ ഓഫീസുകളിൽ കിണർ റീ-ചാർജ്ജിംഗും മഴകൊയ്ത്തും വ്യാപകമായി നടത്താനുള്ള നിർദ്ദേശം നൽകാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കുറച്ചുനാൾമുമ്പ് ഉള്ള കിണറുകൾ തന്നെ നികത്തിക്കളയാനുള്ള ഒരു വലിയ ശ്രമം നടത്തിയെന്നാണ് കേൾക്കുന്നത്. അതിന്റെ ഭാഗമായി പല കിണറുകളും ഇല്ലാതായിപ്പോയിട്ടുണ്ട്. ഇപ്പോൾ കിണറുകളും മറ്റും പുനർനിർമ്മിക്കുന്നതിനായി നമ്മൾ തിരിച്ചുപോവുകയാണ്. സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ടും എങ്ങനെ വെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്ന സംവിധാനം ഒരുക്കാൻ കഴിയുമെന്നത് ഗൗരവമായി ആലോചിക്കാവുന്നതാണ്. അതിനുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാം.

ശ്രീ. കെ. എം. ഷാജി: സർ, അങ്ങ് പറഞ്ഞതുപോലെ നാട്ടിലൊക്കെ വെള്ളം സംഭരിക്കപ്പെടുന്നില്ല എന്നുള്ളത് ശരിയാണ്. പ്രത്യേകിച്ച് തോട്ടങ്ങളിലൊക്കെയുള്ള എടക്കുഴികളൊക്കെ പോയി. കേരളത്തിന്റെ ഭൂപ്രകൃതി തന്നെ പടിഞ്ഞാറോട്ട് ചരിഞ്ഞ് വെള്ളമൊക്കെ കടലിലേയ്ക്കാണ് പോകുന്നത്. ക്ഷേത്രക്കുളങ്ങൾ ഉണ്ടെങ്കിൽപ്പോലും അതിൽ സംഭരിക്കപ്പെടുന്ന വെള്ളം അതിന്റെ പരിസരഭാഗങ്ങളിലെ കിണറുകളിൽ എത്തുന്നുണ്ട്. അതുകൊണ്ട് ഒരു ടേമിലെങ്കിലും എം.എൽ.എ.-മാർക്ക് അവരുടെ അസറ്റ് ഫണ്ട് അടക്കം ക്ഷേത്രക്കുളങ്ങളും അതുപോലെ പള്ളിക്കുളങ്ങളും നവീകരിക്കുന്നതിന് ഒരു അവസരം തരാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ നവീകരിക്കുന്നതിന് ഇപ്പോൾത്തന്നെ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ചില കുളങ്ങളൊക്കെ ഇപ്പോൾ ശുദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന് മറ്റു തടസ്സങ്ങളില്ല. ആരാധനാലയങ്ങൾക്കും നല്ല വെള്ളം ആവശ്യമാണ്. നമ്മൾ അത് എവിടെയും എടുത്തുകൊണ്ടുപോകുന്നില്ല. അതോടൊപ്പം ഇതിലുള്ള പ്രശ്നം ഹരിത കേരളം മിഷന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഒരു ഭാഗം ഫണ്ടുണ്ട്. മറ്റൊരു ഭാഗം വോളന്ററി വർക്കുണ്ട്. നാട്ടുകാർ നല്ലതുപോലെ സഹകരിച്ച് കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പലയിടത്തും ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് എം.എൽ.എ.-മാർക്കും അതുമായി ബന്ധപ്പെട്ട് ....

മി. സ്പീക്കർ: എം.എൽ.എ. ഫണ്ടോ ആസ്തി വികസന ഫണ്ടോ ഉപയോഗിക്കുന്നതിന് അനുവാദം നൽകുമോ എന്നാണ് ചോദിക്കുന്നത് ?

ശ്രീ. പിണറായി വിജയൻ: സർ, അതെ. അതുസംബന്ധിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. ഞാൻ പറഞ്ഞ് തീരട്ടെ. അത് ഉപയോഗിക്കുന്നതിന് എം.എൽ.എ.-മാർക്ക് ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് നീക്കാവുന്നതാണ്.

പൊതു ആരോഗ്യ സംവിധാനം

2 (*152) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കാരാട്ട് റസാഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡ് നിരീക്ഷിച്ചിരുന്നതുപോലെ സംസ്ഥാനത്തെ സ്വകാര്യ മേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സാച്ചെലവും കാരണം കേരളത്തിലെ പന്ത്രണ്ട് ശതമാനം ഗ്രാമവാസികളും എട്ട് ശതമാനം നഗരവാസികളും ദാരിദ്ര്യരേഖയ്ക്ക് താഴെയാകുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാനായി ആരോഗ്യമേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതോടൊപ്പം സ്വകാര്യമേഖലയിലെ അമിത ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ നടപടിയുണ്ടാകുമോ;

(സി) ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമാക്കി മാറ്റുമെന്ന നിലപാടി നനുസൃതമായി ബൃഹദ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ & ബി) പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. 'ആർദ്രം മിഷൻ ' ആരംഭിച്ചിട്ടുള്ളത് ഇപ്രകാരമുള്ള ഇടപെടലുകളുടെ ഭാഗമായാണ്. പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.

- രോഗികൾക്ക് പ്രോട്ടോകോൾ /ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 5,18,184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

- KIIFB-യിൽ ഉൾപ്പെടുത്തി 2016-17-ൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17-ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18 ൽ green book -ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ. (Kerala Medical Services Corporation Limited) വഴി നടന്നുവരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആശുപത്രികളുടെയും മറ്റ് വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിലായി സൃഷ്ടിച്ച 1965 തസ്തികകളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

- പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടും തൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിലെ മാറിയ രോഗാതുരതയും ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവും കണക്കിലെടുത്ത് ഈ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നുണ്ട്.

- രോഗ ചികിത്സയുടെയും ആശുപത്രി സംബന്ധമായ വിവരങ്ങളും ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനവിവരങ്ങളും കമ്പ്യൂട്ടർ വത്കരിക്കുന്നതിനുള്ള ഇ-ഹെൽത്ത് പരിപാടിക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

- കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യമേഖലയെ ഈ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കുന്ന രീതിയിലുള്ള പ്രവർത്തന പരിപാടികൾക്ക് ആരോഗ്യവകുപ്പ് ഊന്നൽ നൽകി വരുന്നു. ജില്ലാ/താലൂക്കുതല ആശുപത്രികൾ/സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുവഴി ജീവിത ശൈലീരോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്. സ്വകാര്യ മേഖലയിൽ ഫീസ് ഈടാക്കുന്നതിൽ സുതാര്യത ഉറപ്പാക്കാൻ വേണ്ടി നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി ആർ.എസ്.ബി.വൈ., സി.എച്ച്.ഐ.എസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2000 കോടി രൂപ പ്രഖ്യാപിച്ച സർക്കാരാണിത്. കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഉണർവ്വും ഉന്മേഷവും നൽകുന്ന ഈ പദ്ധതികളെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി നിരവധി സി.എച്ച്.സി.-കൾ താലൂക്കാശുപത്രികളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. പേരിന് അതൊക്കെ താലൂക്കാശുപത്രികളാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത്തരത്തിൽ പേര് മാറ്റിയ ഒരു ആശുപത്രിക്കും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിരുന്നില്ല. ഇതുമൂലം യഥാർത്ഥത്തിൽ സി.എച്ച്.സി.-യുമല്ല താലൂക്കാശുപത്രിയുമല്ലാത്ത ഒരവസ്ഥയിലാണ് മിക്ക ആശുപത്രികളും പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ താലൂക്കാശുപത്രികൾക്ക് താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് ഒരു പൊതുസമീപനത്തിന്റെ പ്രശ്നമാണ്. ചികിത്സയിൽ മൂന്ന് പ്രധാനപ്പെട്ട ഭാഗങ്ങൾ ഉണ്ട്. അതിൽ ഒന്ന് രോഗപ്രതിരോധം തന്നെയാണ്. രണ്ടാമത്തേത് ചികിത്സയാണ്. ഇത് രണ്ടും ഫലപ്രദമാകാത്ത ഒരു സാഹചര്യത്തിലാണ് മൂന്നാമത്തെ ഭാഗമായ സാന്ത്വനം ചികിത്സ വരുന്നത്. ഇതിൽ ചികിത്സാമേഖലയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. ഈ മൂന്ന് ഭാഗങ്ങളും പരസ്പരപൂരകങ്ങളായി കേരളത്തിന്റെ ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ശ്രമിക്കുമ്പോൾ താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും സാങ്കേതികമായി മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. മുമ്പ് സർക്കാർ താലൂക്കാശുപത്രികൾ ജില്ലാ ആശുപത്രികളായി ഉയർത്തപ്പെട്ടെങ്കിലും അവയ്ക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ പുതുക്കുകയോ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിരുന്നില്ല. ഇപ്പോൾ ഇത്തരത്തിലുള്ള താലൂക്കാശുപത്രിയും ജില്ലാ ആശുപത്രിയും മാത്രമല്ല ആശുപത്രി ശൃംഖലയിലുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ തസ്തിക സൃഷ്ടിച്ച് അവിടെ ഡോക്ടർമാരും ഡോക്ടർമാർ അല്ലാത്ത ഇതര സ്റ്റാഫും പൂർണ്ണമാക്കി ചികിത്സാമേഖല പ്രതിരോധത്തിനും സാന്ത്വനത്തിനും പരസ്പരപൂരകങ്ങളായി ശാക്തീകരിക്കും എന്നതന്നെയാണ് പറയാനുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ത്യയിൽ ആനുപാതികമായി ഏറ്റവും കൂടുതൽ റോഡപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണമുള്ള സംസ്ഥാനമാണ് കേരളം. ഒരു വർഷം ഏതാണ്ട് 4000-ത്തോളം ആളുകൾ റോഡപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നു എന്നാണ് കണക്ക്. സംസ്ഥാനത്തെ ട്രോമാ കെയർ ശൃംഖല വേണ്ടത്ര ഫലപ്രദമല്ല. ഇപ്പോൾ ലെവൽ 4, 108 ആംബുലൻസ് തിരുവനന്തപുരത്തും അതുപോലെ ആലപ്പുഴയിലും ആരംഭിച്ചതാണ്. പക്ഷേ പല ആംബുലൻസുകളും ഇന്ന് പ്രവർത്തനക്ഷമമല്ല. റോഡപകടങ്ങളിൽപ്പെട്ടവർക്ക് ഒരു മണിക്കൂറിനുള്ളിൽ മതിയായ ചികിത്സ നൽകാൻ കഴിഞ്ഞാൽ ചിലപ്പോൾ അവരുടെ ജീവൻ രക്ഷിക്കാൻ കഴിയും. അങ്ങനെ വന്നാൽ ഇത്തരത്തിൽ മരണമടയുന്നവരുടെ സംഖ്യ

പകുതിയായി കുറയ്ക്കാൻ കഴിയും. ഈ സാഹചര്യത്തിൽ ആരോഗ്യ മേഖലയിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുന്ന സർക്കാർ ട്രോമാ കെയർ ശൃംഖല ശക്തിപ്പെടുത്താനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ പറഞ്ഞ ഉത്തരത്തിന് തുടർച്ചയായ ഒരു ചോദ്യമാണിത്. ചികിത്സാ മേഖല ശാക്തീകരിക്കുക, ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനുവേണ്ടി മറ്റുമേഖലകളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് 'ആർദ്രം മിഷൻ' എന്ന പരിപാടി സംസ്ഥാന സർക്കാർ ആരോഗ്യ വകുപ്പിൽ ആരംഭിച്ചത്. അതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും താലൂക്കാശുപത്രികളും ശാക്തീകരിക്കുമ്പോൾ സ്വാഭാവികമായും ട്രോമാ കെയർ സംവിധാനം പരസ്പരപൂരകങ്ങളാണ്. ഒന്ന് ഒന്നിൽനിന്ന് വ്യത്യസ്തമായി വലുതാക്കുക എന്നതിനപ്പുറം എല്ലാ ചികിത്സാ സംവിധാനങ്ങളും പരസ്പരപൂരകങ്ങളായി ശാക്തീകരിക്കുക എന്ന നിലപാടാണ് ആരോഗ്യവകുപ്പ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ അപകട പ്രശ്നങ്ങൾ കൈകാര്യം ചെയ്യത്തക്ക രീതിയിലുള്ള എല്ലാ സംവിധാനങ്ങളും ഏറ്റവും കൂടുതൽ ആധുനികവൽക്കരിക്കാൻ ശ്രമിക്കാം.

ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ മരുന്നുവിതരണം, മരുന്നുക്ഷാമം എന്നിവയെ സംബന്ധിച്ച് ഒട്ടേറെ ആക്ഷേപങ്ങളാണ് ഉയർന്നുവരുന്നത്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് മരുന്ന് ലഭ്യമാക്കാനും സർക്കാരിൽ നിന്ന് ആശുപത്രികളിലേയ്ക്കുള്ള മരുന്ന് വിതരണം സുതാര്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തെ ചോദിച്ച ചോദ്യത്തിന്റെ തുടർ ചോദ്യമാണിത്. ചികിത്സാ മേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഡോക്ടർമാരും നേഴ്സുമാരും മറ്റ് ഉദ്യോഗസ്ഥരും ഉണ്ടാകുമെന്നത് പോലെ തന്നെ പ്രധാനപ്പെട്ടതാണ് മരുന്നുകളുടെ ലഭ്യതയും. ജനറിക് നാമത്തിൽ മാത്രം മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുകയും അത് സൗജന്യമായി രോഗികൾക്ക് കൊടുക്കുകയും ചെയ്യുക എന്ന നിലപാട് എടുക്കുകയും ആവശ്യത്തിനുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്യുക എന്ന ആർദ്രം മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം പ്രാവർത്തികമാകുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ച ചോദ്യത്തിന് ഉത്തരം ലഭിക്കുന്നതാണ്. കേരളത്തിൽ എല്ലാവർക്കും സൗജന്യമായി ആവശ്യമുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതാണ്.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ ഒരു വർഷമായി ഇടതുപക്ഷ സർക്കാർ ആരോഗ്യരംഗത്ത് ഉണ്ടാക്കിയ മാറ്റം ഈ നാട്ടിലെ ജനങ്ങൾക്ക് വളരെയേറെ ആശ്വാസമുണ്ടാക്കിയിട്ടുണ്ട്. ആശുപത്രികളിൽ വരുന്ന ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ആത്മാർത്ഥമായി ജോലി ചെയ്യുന്നവരും സമയത്തിനെത്തുന്നവരുമുണ്ട്. പക്ഷേ ഡോക്ടർമാർ സമയത്ത് ആശുപത്രികളിൽ എത്താത്ത എത്രയോ കേസ്സുകൾ ഉണ്ട്. ഇതൊക്കെ തിരുവനന്തപുരത്തുനിന്ന് മോണിറ്റർ ചെയ്യാൻ കഴിയുന്ന തരത്തിലുള്ള എത്രയോ വാർത്താ വിനിമയ സംവിധാനങ്ങൾ നമുക്കുണ്ട്. ഇവരുടെ അറ്റൻഡൻസ് സെൻടലൈസ് ചെയ്യുന്ന ഒരു സംവിധാനം ഒരുക്കുകയാണെങ്കിൽ ഇതിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ? രണ്ടാമതായി, പ്രൈവറ്റ് ആശുപത്രികളിലെ ചികിത്സാ ചെലവ് നിയന്ത്രിക്കാൻ ശക്തമായ നിലപാടെടുത്ത് ഗവൺമെന്റ് നിർദ്ദേശം കൊടുത്തതാണ്. സ്റ്റെന്റിന് വില നിശ്ചയിച്ച് കൊടുത്തതാണ്. സ്റ്റെന്റിന് വില കുറച്ചപ്പോഴും മറ്റ് ചികിത്സാ ചെലവുകൾ ആഡ് ചെയ്തുകൊണ്ട് മുമ്പുള്ള അതേയവസ്ഥയിൽ രോഗികൾക്ക് പണമടയ്ക്കേണ്ട സ്ഥിതിയുണ്ടാകുന്നു. ഇതിൽ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 'ആർദ്രം മിഷൻ' ഒരു ജനകീയ പരിപാടിയാണ്. കേന്ദ്രീകൃതമായ ഒരു ബ്യൂറോക്രാറ്റിക് സംവിധാനത്തിനപ്പുറം കേരളത്തിലെ ആരോഗ്യമേഖല ജനകീയമാകുകയാണ് എന്നുള്ളതാണ് ഇതിലേറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടുതന്നെ ഡോക്ടർമാരും മറ്റ് സ്റ്റാഫും സമയത്ത് എത്തുന്നില്ല എന്നുള്ള പ്രശ്നം ജനകീയമായി പരിഹരിക്കപ്പെടുമ്പോഴാണ് അത് ശാശ്വതമായി പരിഹരിക്കപ്പെടുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഇക്കാര്യം മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ജനകീയ പരിപാടിയായി ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനം വരുമ്പോൾ നിതാന്ത ശ്രദ്ധ ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകും. അതിനുള്ള സംവിധാനങ്ങളുമുണ്ടാകും എന്നുള്ളത് മറ്റൊരു മോണിറ്ററിംഗ് സമ്പ്രദായമാണ്. അതുകൊണ്ട് ഇ-മോണിറ്ററിംഗ് സമ്പ്രദായത്തിനോടൊപ്പം തന്നെ ജനകീയ മോണിറ്ററിംഗ് കൂടി നടപ്പിലാക്കുമ്പോൾ അദ്ദേഹം പറഞ്ഞ പ്രശ്നത്തിന് പരിഹാരമുണ്ടാകും. രണ്ടാമത് സൂചിപ്പിച്ച കാര്യം സ്റ്റെന്റിന് സർക്കാർ വില കുറച്ചപ്പോൾ വീണ്ടും കൂടുതൽ തുക ജനങ്ങളിൽനിന്നും ഈടാക്കുന്നുവെങ്കിൽ അക്കാര്യം തീർച്ചയായും പരിശോധിച്ച് ജനങ്ങൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കും.

ശ്രീ. കാരാട്ട് റസാഖ്: സർ, സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കിടെ ഗഡുക്കളായി അടയ്ക്കേണ്ട തുക യഥാസമയം അടയ്ക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ രോഗിക്ക് മതിയായ ചികിത്സയും മരുന്നും ലഭിക്കാത്ത സാഹചര്യമുണ്ട്. സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി രണ്ടുതരത്തിലാണ് ആശുപത്രികൾ ഉള്ളത്. പൊതുമേഖലയിൽ ചികിത്സാ ചെലവ് വർദ്ധിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. സാർവ്വത്രികവും സൗജന്യവുമായ ചികിത്സാ സമ്പ്രദായം വ്യാപകമാക്കുന്നതിനാണ് 'ആർദ്രം മിഷൻ' ശ്രമിക്കുന്നത്. അതിലൂടെ തന്നെ ജനങ്ങൾക്ക് വളരെ ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭിക്കാനുള്ള വ്യാപകമായ സൗകര്യങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും സ്വകാര്യ മേഖലയിലെ ചികിത്സാ ചെലവുകൾ കുറഞ്ഞുവരും. അവരുടെ കുത്തക ആധിപത്യം വർദ്ധിക്കുമ്പോഴാണ് തോന്നിയതുപോലെ ചികിത്സാ ചെലവുകൾ വർദ്ധിപ്പിക്കുന്നത്. പൊതുമേഖല ശക്തിപ്പെട്ട് കഴിഞ്ഞാൽ അതിന് സാധിക്കാതെ വരും. അതുകൊണ്ട് ആ രീതിയിലുള്ള ഇടപെടലാണ് നടത്തുന്നത്. ജനകീയ ഇടപെടലിലൂടെയാണ് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് എന്ന ദർശനത്തിലൂടെ ഈ പറഞ്ഞ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തും. മാത്രമല്ല, The Clinical Establishment Bill തയ്യാറായി വരുന്നതുകൂടി പ്രാവർത്തികമാകുമ്പോൾ സാങ്കേതികമായും ജനകീയമായും ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സാഹചര്യമുണ്ടാകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സംസ്ഥാനത്താകമാനം പകർച്ചപ്പനി വ്യാപിച്ചിരിക്കുകയാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി പനി ബാധിച്ച് ചികിത്സയിലാണ്. ബഹുമാന്യനായ ഇ.പി. ജയരാജനും പനി ബാധിച്ചിരിക്കുന്നു, എന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. വി. ഡി. സതീശനും പനി ബാധിച്ച് ആശുപത്രിയിലാണ്. നിയമസഭാംഗങ്ങൾക്ക് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? സ്വകാര്യ മേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സാ ചെലവും കാരണം ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് ഉൾക്കൊണ്ടുകൊണ്ടാണ് പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ നിഷേധിക്കരുത് എന്നുള്ള ലക്ഷ്യത്തോടുകൂടി പരിധിയില്ലാത്ത ചികിത്സാ പദ്ധതികൾ നിരവധി പ്രഖ്യാപിച്ചത്. ഞാൻ അതിനെക്കുറിച്ച് വിശദമായി പറയുന്നില്ല. അതിന്റെ ഭാഗമായി എല്ലാ മാരകരോഗങ്ങൾക്കും സൗജന്യമായി ചികിത്സ കൊടുത്തിരുന്നു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു പരിധിയുണ്ടാകും. ഇപ്പോൾ പെൻഷൻകാർക്ക് തന്നെ മൂന്നുലക്ഷം രൂപവരെ പരിധി നിശ്ചയിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻഷ്വറൻസ് സ്കീമുണ്ടായിരുന്നു. ചിസ്-ന്റെ ആഭിമുഖ്യത്തിൽ 30,000 രൂപ ചികിത്സാ ധനസഹായം നൽകിയിരുന്നു.

മി. സ്പീക്കർ: ദയവായി അങ്ങ് സുദീർഘമായി സംസാരിക്കരുത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ചിസ് പ്ലസ്-70000 രൂപ. അതിനകത്ത് ചികിത്സാ ചെലവ് നിൽക്കാത്തവരുടെ പേര് കാരുണ്യ പദ്ധതിയിൽ കൊണ്ടുവരും. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് എല്ലാ ചികിത്സയും സൗജന്യമായിരുന്നു. അങ്ങനെയുള്ള ഒരു സമ്പ്രദായം ഇവിടെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ ഇൻഷ്വറൻസ് സ്കീം വരുമ്പോൾ സ്വകാര്യ മേഖലയിലേയ്ക്ക് ആളുകൾ പോകും. അവിടെ പരിധിയ്ക്കകത്തുനിന്നുകൊണ്ട് അവർക്ക് സൗജന്യ ചികിത്സ ലഭ്യമാകില്ല. അതുകൊണ്ട് സർക്കാർ മേഖലയിൽ പാവപ്പെട്ട ആളുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ? കിഫ്ബിയിലൂടെ ഏകദേശം മൂവായിരം കോടി രൂപ പൊതുമേഖലയിൽ സർക്കാർ ആശുപത്രികളുടെ വികസനത്തിനും ചികിത്സയ്ക്കും വേണ്ടി വിനിയോഗിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 8000 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. ആ ഒരു സാഹചര്യത്തിൽ ഇൻഷ്വറൻസ് മേഖലയിലേയ്ക്ക് ചികിത്സാ സമ്പ്രദായത്തെ കൊണ്ടുപോകാതെ പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട് ചികിത്സാ സമ്പ്രദായം കൊണ്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കണം. ആന്ധ്രാപ്രദേശിൽ ആരോഗ്യശ്രീ എന്നുപറയുന്ന ഇൻഷ്വറൻസ് പദ്ധതി പരാജയപ്പെട്ടു. അതുകൊണ്ട് പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ ഒരു മണിക്കൂറാണ് നമുക്കുള്ളത്. ഒരാൾക്ക് അവസരം കൊടുത്താൽ കിട്ടിയ അവസരമുപയോഗിച്ച് മറ്റുള്ളവരുടെ എല്ലാ സമയവും അപഹരിക്കുക എന്നുള്ളതാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. ഇത് ശരിയല്ല. ഒറ്റവാചകത്തിൽ ചോദ്യം ചോദിച്ചാൽ ഉത്തരം ഒറ്റവാചകത്തിൽ പറയും. പരമാവധി ആളുകൾക്ക് സമയം ലഭിക്കുന്നതിനുവേണ്ടിയാണ് ചെയർ ശ്രമിക്കുന്നത്. അതിന് എല്ലാ മാനദണ്ഡങ്ങളും നോക്കുന്നുണ്ട്. ചിലയാളുകൾക്ക് ക്ഷോഭം വന്നിട്ട് കാര്യമില്ല. എല്ലാ മാനദണ്ഡങ്ങളും നോക്കിയാണ് ചെയർ ആളുകളെ വിളിക്കുന്നത്. ദയവായി സഹകരിക്കുക. ചോദ്യോത്തരവേളയെ പരമാവധി ഉപയോഗപ്പെടുത്താൻ എല്ലാവരും പരസ്പരം സഹകരിച്ചുപോയാൽ ഒരുപാട് ആളുകൾക്ക് അവസരം ലഭിക്കും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 'ആർദ്രം മിഷൻ' പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം ഞാൻ വ്യക്തമാക്കി. കേരളത്തിലെ എല്ലാവരുടെയും ചികിത്സാചെലവ് കുറയ്ക്കുകയും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും അതുവഴി ചികിത്സയുടെ ആവശ്യകത കുറച്ചുകൊണ്ടുവരികയും ചെയ്യുക എന്ന സമീപനമാണ് 'ആർദ്രം മിഷൻ' പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ സമീപനത്തിന് വ്യത്യസ്തമായി ഇവിടെ പ്രതിരോധ സംവിധാനങ്ങളില്ലാതെ, ആരോഗ്യം ഇല്ലാതാകുന്ന ഒരു സാഹചര്യമുണ്ടാകുകയും സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുമ്പോഴാണ് അങ്ങ് സൂചിപ്പിച്ചതുപോലെ ചില പദ്ധതികളൊക്കെ പൊതുമേഖലയിൽ എടുക്കേണ്ടതായി

വരുന്നത്. സ്വാഭാവികമായും കേരളത്തിന്റെ ആരോഗ്യമേഖലയേയും ജനങ്ങളേയും കണ്ട് ജനകീയമായി പൊതുമേഖലയെ വികസിപ്പിച്ചു കഴിഞ്ഞാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുന്നതാണ്. പൊതുമേഖലയെ ശക്തിപ്പെടുത്തുമ്പോൾ സ്വകാര്യ മേഖലയുടെ ആധിപത്യം കുറയും. ലോകത്ത് അങ്ങനെ മാത്രമേ കണ്ടിട്ടുള്ളൂ. അത് തിരിച്ചുവരുന്നു. നവ ലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സർക്കാർ പൊതുമേഖലയിൽ നിന്നും പിൻവലിയുക എന്നുള്ളതാണ് അങ്ങയുടെ സർക്കാർ അടക്കം സ്വീകരിച്ചിരുന്ന നയം. അങ്ങനെ പിൻവലിഞ്ഞാൽ ഉണ്ടാകുന്ന ഇഫക്ടാണ് സ്വകാര്യ മേഖലയുടെ വളർച്ച. ഇവിടെ നേരെ തിരിച്ചാണ് ഉദ്ദേശിക്കുന്നത്. ഈ ഒരു ഇടപെടൽ സ്വകാര്യ മേഖലയുടെ ശാക്തീകരണമല്ല, മറിച്ച് പൊതുമേഖലയുടെ ശാക്തീകരണത്തിലൂടെ എല്ലാവർക്കും സൗജന്യ ചികിത്സ ലഭിക്കാവുന്ന അവസ്ഥ വരെ എത്തിച്ച്, ആധുനികവൽക്കരിച്ച് സ്വകാര്യ മേഖലയുടെ ആധിപത്യം ഇല്ലാതാക്കുക എന്ന വളരെ ശാസ്ത്രീയമായ സമീപനമാണ് എടുക്കുന്നത്. അങ്ങ് ഉദ്ദേശിച്ചതുപോലെ കേരളത്തിലെ എല്ലാവർക്കും സൗജന്യമായി ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭിക്കും.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വിവിധതരം രക്തഗ്രൂപ്പുകൾ നിർണ്ണയിക്കൽ, സ്കാനിംഗ്, ഇ.സി.ജി. ഉൾപ്പെടെയുള്ള ഒരുപാട് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരിൽ നിന്നും കൂടുതൽ ഫീസ് വാങ്ങിയാണ് അവർ ഇതൊക്കെ ചെയ്യുന്നതെന്നും ഇതിന്റെ ടെസ്റ്റ് റിസൾട്ട് പലപ്പോഴും കൃത്യമല്ല എന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത്തരം സ്വകാര്യ ലാബുകളെ കൺട്രോൾ ചെയ്യുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പൂർത്തീകരിച്ച് ഈ നിയമസഭയിൽ തന്നെ അവതരിപ്പിക്കുന്നതാണ്. അത്തരത്തിൽ ബിൽ വരുന്നതോടുകൂടി ഈ പറയുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സംസ്ഥാനത്ത് കിഡ്നി സംബന്ധമായ അസുഖങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വളരെ പാവപ്പെട്ടവർക്ക് ചികിത്സ ലഭിക്കുന്നതിനുവേണ്ടി 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ എവിടെവരെ എത്തി; അത് എന്ന് തുടങ്ങാൻ കഴിയും?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കൃത്യമായ ദിവസം സൂചിപ്പിക്കാൻ കഴിയില്ല. എന്നാൽ ഈ വർഷത്തെ ബജറ്റിൽ അത് ഉൾപ്പെടുത്തുകയും 44 ഡയാലിസിസ് യൂണിറ്റുകൾക്ക് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾക്ക് സാങ്കേതിക

തടസ്സം മാത്രമേയുള്ളൂ. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ മാത്രമല്ല കേരളത്തിലെ 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ഈ വർഷം തന്നെ ആരംഭിക്കാനുള്ള നടപടികളെടുക്കുകയാണ്. കിഡ്നി അസുഖം വന്നവർക്ക് ഡയാലിസിസിലൂടെ പ്രശ്നപരിഹാരത്തിനുള്ള സംവിധാനം സ്വീകരിക്കുന്നതിനോടൊപ്പം കൂടുതൽ ഡയാലിസിസ് വേണ്ടാത്ത സാഹചര്യം ഉണ്ടാകത്തക്കരീതിയിൽ, കിഡ്നി അസുഖം വരാത്ത രീതിയിലുള്ള രോഗപ്രതിരോധ ബോധവൽക്കരണ പരിപാടിയും ഇതിന്റെകൂടെ ആരംഭിക്കണം. അത് രണ്ടും കൂടി ചേർത്തുകൊണ്ടാണ് ആരോഗ്യരംഗത്ത് ഇടപെടാൻ ശ്രമിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ തീരദേശ മണ്ഡലമായ നാട്ടികയിൽ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും സുപ്രധാനമായിട്ടുള്ള ഏക ആശുപത്രിയാണ് ആതുര സേവനരംഗത്തുള്ള വലപ്പാട് ഗവൺമെന്റ് ആശുപത്രി. ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ച ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഏറ്റവും കൂടുതൽ ഡയാലിസിസ് പേഷ്യന്റ്സ് വരുന്ന വലപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ മാമോഗ്രാഫി സിസ്റ്റം വേണമെന്ന ജനങ്ങളുടെ ആവശ്യം മാനിച്ച് ഞാൻ റിക്വസ്റ്റ് കൊടുത്തു. അതിന് പൂർണ്ണമായും ഈ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ വയ്ക്കുകയുണ്ടായി. ഈ വർഷം എത്രയുംപെട്ടെന്ന് വലപ്പാട് ഗവൺമെന്റ് ആശുപത്രിയെ സ്ത്രീകൾക്കായുള്ള ചികിത്സാ സംവിധാനരംഗത്ത് നല്ലൊരു കാൻസർ പരിശോധനാ സെന്ററാക്കി മാമോഗ്രാഫി നടത്താൻ ഈ സർക്കാർ അംഗീകാരം നൽകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും അതൊരു പ്രൊപ്പോസലാണ്. ആ ആശുപത്രിയിലെ പൊതു ചികിത്സാ സംവിധാനങ്ങളോട് ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഈ സംവിധാനവും നടപ്പിലാക്കും.

ശ്രീ. വി. ടി. ബൽറാം: സർ, പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന എല്ലാ നടപടികളേയും പിന്തുണയ്ക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വിട്ടുപോകുന്ന ചില കണ്ണികൾ ഉണ്ട്. ഉദാഹരണത്തിന് ലൈസോസോമൽ സ്റ്റോറേജ് ഡിസീസസ് എന്ന് പറയുന്ന തരത്തിലുള്ള ചില ജനറ്റിക്കലി ഇൻഹെറിറ്റഡ് ആയിട്ടുള്ള റെയർ ഡിസീസസുണ്ട്. അധികം ആളുകൾക്കൊന്നുമില്ല, ഒരു ലക്ഷത്തിൽ ഒരാൾക്ക് മാത്രമേ ഉണ്ടാകൂ. കേരളം മുഴുവൻ എടുത്ത് നോക്കിയാൽ മുന്നൂറോ, നാന്നൂറോ ആളുകൾക്കേയുള്ളൂ. അവരുടെ ഒരു കൺവെൻഷൻ കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് ചേർന്നിരുന്നു. ഒരു കുടുംബത്തിലെ തന്നെ 2 കുട്ടികൾക്ക് ഇതുപോലുള്ള അസുഖമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇത് ശ്രദ്ധിക്കണം എന്ന ഒരു അപേക്ഷയുണ്ട്. ഒരു അസുഖം വന്നാൽ ലൈഫ്ലോംഗ് ട്രീറ്റ്മെന്റ് വേണം. മുപ്പതും, നാൽപ്പതും, അമ്പതുംലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇത് ആർക്കും താങ്ങാൻ കഴിയാത്ത ഒന്നാണ്. അത് സ്വാഭാവികമായി തന്നെ സർക്കാർ ഏറ്റെടുക്കുക എന്നതല്ലാതെ മറ്റു മാർഗ്ഗമില്ല.

ഏതാണ്ട് 10 കോടിയോളം രൂപയാണ് കേരളം മുഴുവൻ ഇങ്ങനെയൊരു പദ്ധതി നടപ്പാക്കുകയാണെങ്കിൽ ചെലവ് വരുന്നത്. കർണ്ണാടക സർക്കാർ സമാനമായ ഒരു നിധി ഇക്കാര്യത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഞാൻ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിക്ക് അതിനുവേണ്ടി ഒരു നിവേദനം നൽകിയിട്ടുണ്ട്. അത് ഒരു തീരുമാനമാക്കിയെടുത്ത് ഇത്തരത്തിലുള്ള റെയർ ഡിസീസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് അതിന്റെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കുന്നതിന് വേണ്ടി കർണ്ണാടകാ മോഡലിൽ ഒരു പ്രത്യേക നിധി രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതിന് മാത്രമായൊരു പ്രശ്നപരിഹാരം സാദ്ധ്യമല്ല. 'ആർദ്രം മിഷന്റെ' ഭാഗമായി ചികിത്സാ മേഖലയിലെ ഒരു പ്രശ്നം എന്ന രീതിയിൽ അതെടുത്തുകൊണ്ട് ഇന്റഗ്രേറ്റഡ് ആയി ആ പ്രശ്നം പരിഹരിക്കത്തക്ക രീതിയിലുള്ള നിലപാടുകളെടുക്കാം. അതോടൊപ്പം തന്നെ ഇത്തരത്തിലുള്ള പല അസുഖങ്ങളുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ dyslexia, ഓട്ടിസം ഇവയെല്ലാം ജനറ്റിക്കായി ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. ഇപ്പോൾത്തന്നെ ഹ്യൂമൻ ജീനോം പ്രോജക്ടിന്റെ ഭാഗമായി അലോപ്പതി മേഖലയിൽ അമേരിക്കയിൽ നടന്ന ഏറ്റവും വലിയ ഗവേഷണത്തിൽ ഇത്തരത്തിൽ ജനറ്റിക്കായി വരുന്ന രോഗങ്ങൾക്ക് പല തരത്തിലുള്ള ജനറ്റിക്കായ പ്രതിരോധ പരിപാടികളുണ്ട് എന്നവരെ കണ്ടു കഴിഞ്ഞിട്ടുണ്ട്. തലമുറകളെ രക്ഷിക്കാൻ ഇവരുടെ ചികിത്സ ഏറ്റെടുത്തതുകൊണ്ടു മാത്രം കഴിയില്ല. ചികിത്സ ഏറ്റെടുത്താൽ കുടുംബത്തിന് ഒരു സാന്ത്വനം കൊടുക്കാൻ നമുക്ക് ഇപ്പോൾ കഴിയുന്നുണ്ട്. അതിനപ്പുറം ഇത്തരം രോഗങ്ങളുടെ ജനറ്റിക്ക് കോസ് എന്താണെന്ന് തിരിച്ചറിഞ്ഞ് അത്തരത്തിലുള്ള ജനറ്റിക്ക് കോസ് ഇല്ലാതാക്കത്തക്ക രീതിയിലുള്ള ബോധവൽക്കരണ ഇടപെടൽ കൂടി നടത്തുമ്പോഴാണ് ഇതിനൊരു ശാശ്വത പരിഹാരം ആവുന്നത്. അത് തീർച്ചയായും ആലോചിക്കുന്നതായിരിക്കും.

കസ്തൂരി രംഗൻ റിപ്പോർട്ട്

3 (*153) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടിനെ ആധാരമാക്കി കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതിലോല മേഖലയായി വിജ്ഞാപനം ചെയ്ത് മലയോരമേഖലയിലെ ജനങ്ങളെ ദുരിതത്തിലാക്കിയ നടപടി തിരുത്തിക്കാനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കുമോ;

(ബി) ജനവാസ മേഖലകളെ ഒഴിവാക്കി അന്തിമ വിജ്ഞാപനം ഇറക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അവഗണിച്ചുകൊണ്ട് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം വീണ്ടും പുറപ്പെടുവിച്ചതുമൂലം ജനങ്ങൾക്കുണ്ടായ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടിയെടുക്കുമോ;

(സി) ഇ.എസ്.എ. മേഖല വനഭൂമിയിൽ മാത്രം പരിമിതപ്പെടുത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-6-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽ നിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രിയുടെ 17-3-2017-ലെ കത്ത് പ്രകാരം കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിജ്ഞാപനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻ നിലപാടിൽ ഉറച്ചു നിൽക്കാനും ബഹു. മുഖ്യമന്ത്രിയുടെ 23-2-2017-ലെ കത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി കൊണ്ടുവരുന്നതിന് ആവശ്യമായി വരുന്ന ഭൂപടങ്ങൾ (maps) തയ്യാറാക്കുന്നതിനായി Kerala State Remote Sensing and Environment Centre (KSREC)-നെ ചുമതലപ്പെടുത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ 27-2-2017-ൽ പുറപ്പെടുവിച്ച പുതുക്കിയ വിജ്ഞാപനത്തിൽ 9107 ച.കി.മീ. വനപ്രദേശമായും 886.7 ച.കി.മീ. വനേതര പ്രദേശമായും കാണിച്ചിരുന്നതിൽ, ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി Reserve Forest Protected Area, World Heritage site എന്നിവ ഉൾപ്പെടുന്ന 9107 ച.കി.മീ. വരുന്ന വനപ്രദേശത്തെ മാത്രം പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാനുള്ള കേന്ദ്ര സർക്കാർ അനുവാദം നേടിയെടുക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി തീർച്ചയായും അഭിനന്ദനാർഹമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സംസ്ഥാന സർക്കാർ അയച്ചിട്ടുള്ള മെമ്മോറാണ്ടം സാധാരണ ജനങ്ങൾക്ക് മനസ്സിലായിട്ടില്ല. ചില സംഘടനകൾ അത് സ്വാഗതം ചെയ്തു. എന്നാൽ വേറെ ചില സംഘടനകൾ ഗവൺമെന്റ് സ്റ്റാന്റ് മനസ്സിലാക്കാത്തതുകൊണ്ട് സമരരംഗത്തേയ്ക്ക് വരികയാണ്. അതുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ള മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം പബ്ലിക് റിലേഷൻസ് വകുപ്പുവഴി പത്രത്തിലൂടെ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ MoEF (Ministry of Environment and Forests)-ന്റെ വെബ്സൈറ്റിൽ കരടിന്റെ ആവർത്തന പ്രഖ്യാപനം ഹിന്ദി ഭാഷയിലാണ് പൂർണ്ണമായും പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഹിന്ദി ഭാഷയിലുള്ളത് മലയാള ഭാഷയിലാക്കി ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ അതിന്റെ പൂർണ്ണരൂപം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടില്ലായെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഹിന്ദിയിലുള്ള കാര്യം മലയാളത്തിലേയ്ക്ക് ആക്കാനുള്ള നടപടികളും സ്വീകരിക്കാം.

ശ്രീ. ജോർജ് എം. തോമസ്: സർ, കസ്തൂരി-ഗാഡ്ഗിൽ റിപ്പോർട്ടുകൾക്കെതിരെ വളരെയധികം സമരങ്ങൾ നടന്ന പ്രദേശങ്ങളാണ് തിരുവമ്പാടി, താമരശ്ശേരി, അടിവാരം തുടങ്ങിയവ. അവിടെ അന്ന് ജനങ്ങളെ ഈ സമരത്തിലേയ്ക്ക് തള്ളിവിട്ട മുൻ എം.എൽ.എ.-യും അന്നത്തെ കൊടുവള്ളി എം.എൽ.എ.-യുമൊന്നും ഇപ്പോൾ രംഗത്തില്ലെങ്കിലും അവരുടെ ആഹ്വാന പ്രകാരം സമരരംഗത്തേയ്ക്ക് വന്ന നിരവധി നിരപരാധികളുടെയെല്ലാം പേരിൽ 10 മുതൽ 20 കേസ്സുകൾ വരെയുണ്ട്. ഒരു

മാസത്തിൽ 20 ദിവസത്തോളം കോഴിക്കോട്, താമരശ്ശേരി കോടതികളിൽ കേസ്സിന് ഹാജരാകേണ്ട സ്ഥിതി ആ പാവപ്പെട്ടവർക്കുണ്ട്. അതിനുപുറമെ, ഏറ്റവും അവസാനമായി PDPP (The Prevention of Damage to Public Property Act, 1984) കൂടി ഉൾപ്പെടുത്തി അടുത്ത ദിവസം വിചാരണ ആരംഭിക്കുന്ന കേസ്സുകളുമുണ്ട്. പതിനാറോളം പ്രതികളാണ് ആ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളത്. അവരോടെല്ലാം ഓരോ ലക്ഷം രൂപ കെട്ടിവച്ച് ജാമ്യമെടുക്കാനാണ് കോടതി പറയുന്നത്. ഒരു തരത്തിലും ഒരു നയാപൈസയ്ക്കും നിർവ്വാഹമില്ലാത്ത പാവപ്പെട്ടയാളുകൾ, ഉടുതുണിക്ക് മറുതുണിയില്ലാത്ത വളരെ പാവപ്പെട്ടയാളുകളാണ് കേസ്സിൽ പ്രതികളാക്കപ്പെട്ടിട്ടുള്ളത്. ഇത് പരിഗണിച്ചുകൊണ്ട് കസ്തൂരി-ഗാഡ്ഗിൽ റിപ്പോർട്ടുകളെ തുടർന്ന് സ്പോണ്ടേനിയസായി വളർന്നുവന്ന സമരത്തിൽ പങ്കെടുത്ത എല്ലാവരുടെയും പേരിലുള്ള കേസ്സുകളിൽ 3-4 എണ്ണം പിൻവലിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കേസ്സുകൾകൂടി പിൻവലിക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ജനകീയ പ്രക്ഷോഭങ്ങൾ പലതരത്തിൽ ഉയർന്നുവരുമെന്നുള്ളത് ശരിയാണ്. ആ പ്രക്ഷോഭങ്ങളുടെ മേൽ കേസ്സും അതിന്റെ ഭാഗമായുള്ള ബുദ്ധിമുട്ടിക്കലുകളും അനാവശ്യമായി ഉണ്ടാകുന്നതിനോട് യോജിക്കുന്ന സർക്കാരല്ല ഇത്. എന്നാൽ പ്രക്ഷോഭത്തിന്റെ ഭാഗമായിട്ടായാലും ഇല്ലെങ്കിലും പൊതുവെ വസ്തുവകകൾ നശിപ്പിച്ച കേസ്സുകളാകുമ്പോൾ അതിന് നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികളുണ്ട്. ആ നടപടികളിൽ നിന്ന് സ്വാഭാവികമായും പിന്തിരിയുന്നതിന് വിഷമമുണ്ടാകും. പിൻവലിക്കാവുന്ന കേസ്സുകളൊക്കെ പിൻവലിക്കുന്നതിന് മറ്റൊരു തടസ്സവും ഉണ്ടാകുകയില്ല.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി വനപ്രദേശങ്ങളിൽ മാത്രമായി ഇ.എസ്.എ. പരിമിതപ്പെടുത്തണമെന്ന് ക്യാബിനറ്റ് തീരുമാനമെടുത്ത് കേന്ദ്ര സർക്കാരിന് കത്ത് നൽകിയ സംസ്ഥാന സർക്കാരിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നേരത്തെ നമ്മൾ കൊടുത്ത ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ റിപ്പോർട്ട് നടക്കില്ലെന്ന് പറഞ്ഞ് അത് തള്ളിക്കളഞ്ഞ് കേന്ദ്ര പരിസ്ഥിതി സെക്രട്ടറി ശ്രീ. അശോക് ലാവാസ (Shri Ashok Lavasa) സർക്കാരിന് കത്ത് നൽകിക്കഴിഞ്ഞു. ഇന്ന് കരട് വിജ്ഞാപനത്തിന്റെ 60 ദിവസത്തെ കാലാവധി അവസാനിക്കുകയാണ്. ഇത് സംബന്ധിച്ച കമന്റ് സംസ്ഥാനം കൊടുക്കണം. ഫെബ്രുവരി 23-ന് കൊടുത്ത കമന്റല്ല. കരട് വിജ്ഞാപനത്തെത്തുടർന്നുള്ള നിയമപരമായ കമന്റാണ് കൊടുക്കേണ്ടത്. ആ കമന്റ് കൊടുത്തിട്ടുണ്ടോ; കൊടുത്തിട്ടില്ലെങ്കിൽ ഇന്നുതന്നെ കരട് വിജ്ഞാപനത്തിന്റെ അഭിപ്രായം അറിയിക്കണം. അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കേണ്ട നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും സ്വീകരിക്കാനുണ്ടെങ്കിൽ അതും സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇക്കാര്യത്തിൽ വ്യക്തമായൊരു നിലപാട് സ്വീകരിച്ചതിന് ആദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും അഭിനന്ദിക്കുകയാണ്. ഗവൺമെന്റിന്റെ ഈ നിലപാട് നിലനിൽക്കുമ്പോൾത്തന്നെ ഇത്തരത്തിൽ ഗാഡ്ഗിൽ-കസ്തൂരിരംഗൻ ഉൾപ്പടെയുള്ള റിപ്പോർട്ടുകളുടെ പ്രിൻസിപ്പിൾ പോളിസി അതേപടി നടപ്പിലാക്കുന്ന തരത്തിൽ ഫോറസ്റ്റ്/ റവന്യൂ വകുപ്പുകളിലെ ചില ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുണ്ട്. വന്യജീവികൾ സംരക്ഷിക്കപ്പെടണമെന്നുള്ളതിൽ തർക്കമില്ല. അതിനെ വേണ്ട രീതിയിൽ നോക്കണം. ഇത്തരത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കൃഷി ഭൂമി ഇ.എസ്.എ.-ഇ.എഫ്.എൽ. ആയി ഡിക്ലയർ ചെയ്യുന്നുണ്ട്. ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിനുശേഷം ഇത്തരത്തിൽ ഇ.എസ്.എ. ഡിക്ലയർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ വനേതര-ഇ.എസ്.എ. മേഖലയായിട്ടുള്ള പ്രദേശങ്ങൾ പ്രത്യേകമായി സംരക്ഷിക്കുന്ന നിലയാണ് വേണ്ടതെന്ന് സർക്കാർ നിലപാടെടുത്തു കഴിഞ്ഞിട്ടുണ്ട്. അത് കൃഷിക്കാർക്കും ആ പ്രദേശത്ത് ജീവിക്കുന്ന ജനങ്ങൾക്കും അങ്ങേയറ്റം സൗകര്യമൊരുക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ്. ആ നിലപാടിൽത്തന്നെയാണ് സർക്കാർ ഉറച്ചുനിൽക്കുന്നത്. അതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വനത്തെ വനമായിത്തന്നെ നിലനിർത്തുമെന്നാണ് പറയുന്നത്. പക്ഷെ, കേരളത്തിലെ വനാന്തരങ്ങളിൽ ഒട്ടനവധി ആദിവാസികളും വനത്തോടുചേർന്നുള്ള ഒട്ടനവധി ആൾക്കാരും താമസിക്കുന്നുണ്ട്. അത്തരം ആൾക്കാർക്കുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ എഫ്.ആർ.സി. പോലുള്ള നിയമങ്ങൾ നിലവിൽ വന്നിട്ടുള്ളത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ എഫ്.ആർ.സി. നിയമം വയലേറ്റ് ചെയ്യപ്പെടുമോ അതോ അത് നിലനിർത്തുമോയെന്നുള്ളത് അറിയേണ്ടതുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമമാണ് പലപ്പോഴും വനത്തിന്റെ കാര്യത്തിൽ ബാധകമാകുന്നത്. എന്നാൽ ആദിവാസി ജനവിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിൽ പ്രയാസം ഇതിലൂടെ ഉണ്ടാകുമെന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. കാരണം, ആദിവാസി ജനവിഭാഗം വനത്തിൽത്തന്നെ താമസിക്കുന്നവരാണ്. അതിന്റെ ഭാഗമായാണ് വനാവകാശ നിയമംതന്നെ നേരത്തേ പാസ്സാക്കിയിട്ടുള്ളത്. അപ്പോൾ ആദിവാസി ജനവിഭാഗത്തിന് ഒരുതരത്തിലുമുള്ള പ്രയാസവും വരാത്ത തരത്തിൽ നമുക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഈ സഭയിൽ സംസാരിച്ചപ്പോൾ 123 വില്ലേജുകളിൽ 4 വില്ലേജുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്, ഇനി 119 വില്ലേജുകളെന്നാണ് പറഞ്ഞത്. പക്ഷെ, ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ 123 വില്ലേജെന്നാണ് പറയുന്നത്. ഇതിൽ ഏതാണ് ശരി; ഒഴിവാക്കപ്പെട്ട 4 വില്ലേജുകളും പൂഞ്ഞാർ നിയോജക മണ്ഡലത്തിലാണ്. അവിടെ വനവുമായി ഒരു ബന്ധവുമില്ല. അതിന്റെ അടിസ്ഥാനത്തിൽ ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടിലും അത് ഒഴിവാക്കപ്പെട്ടുവെന്ന് പ്രത്യേകം എഴുതിയതാണ്. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നതും മുൻ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതും. അങ്ങ് ഇത് പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പറഞ്ഞതിൽ ഒരു ഭാഗം ശരിയാണ്. ഇവിടെ നേരത്തേ 123 വില്ലേജുകളിൽ കോട്ടയം ജില്ലയിലെ പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി, മേലുകാവ് എന്നീ 4 വില്ലേജുകളെ വനപ്രദേശമില്ലാത്തതിനാൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും വനം വകുപ്പ് ഒഴിവാക്കി. 154.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ 4 വില്ലേജുകളും ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രിയുടെ 27-7-2015-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി വില്ലേജിലെ റീസർവ്വേ നമ്പർ 621 പാർട്ടിൽ ഉൾപ്പെട്ട 9 ഏക്കർ സ്ഥലവും ഇ.എസ്.എ.-യുടെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് 28-7-2015-ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആ ഭാഗം ശരിയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ തൃശ്ശൂർ ജില്ലയിലെ പരിയാരം ഗ്രൂപ്പ് വില്ലേജിനെ ഉൾപ്പെടുത്തിയിരുന്നു. പരിയാരം പഞ്ചായത്തും അതിരപ്പിള്ളി പഞ്ചായത്തും ഉൾപ്പെട്ടതായിരുന്ന പരിയാരം ഗ്രൂപ്പ് വില്ലേജ്. പിന്നീട് ആ വില്ലേജ് വിഭജിച്ച് അതിരപ്പിള്ളിക്ക് പ്രത്യേക വില്ലേജായി. പരിയാരം വില്ലേജ്/ പരിയാരം പഞ്ചായത്ത് ചാലക്കുടി പട്ടണത്തോട് ചേർന്നുകിടക്കുന്ന പട്ടണസമാനമായ വനവുമായി ബന്ധമില്ലാത്ത പഞ്ചായത്താണ്. അതുകൊണ്ട് പരിയാരം വില്ലേജിനെ പൂർണ്ണമായും കസ്തൂരിരംഗൻ റിപ്പോർട്ടിൽനിന്ന് ഒഴിവാക്കുന്നതിനും അതിരപ്പിള്ളി വില്ലേജിലെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നതിനും ആവശ്യമായ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഇത്തരം പ്രദേശങ്ങളിൽ സ്വാഭാവികമായും പ്രശ്നങ്ങൾ ഉയർന്നുവരുന്ന പ്രദേശങ്ങളാണ്. അത് എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് പ്രധാനമായും ആവശ്യപ്പെട്ടത്. ആ ആവശ്യം അംഗീകരിച്ചുകൊണ്ട് 2014-ലെയും 2015-ലെയും 2017-ലെയും വിജ്ഞാപനങ്ങളിൽ ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. പക്ഷെ, ഇതുസംബന്ധിച്ച് കേരള പരിസ്ഥിതി വകുപ്പ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലങ്ങളിലും സ്റ്റേറ്റ്മെന്റുകളിലും ഈ 123 വില്ലേജുകളും ഇപ്പോഴും പൂർണ്ണമായും ഇ.എസ്.എ.-യിലാണെന്ന് ആവർത്തിച്ച് സ്റ്റേറ്റ്മെന്റ് കൊടുക്കുകയും നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ കേന്ദ്ര നോട്ടിഫിക്കേഷൻ വഴി നമുക്ക് ലഭിച്ച ഈ ആനുകൂല്യ അവസ്ഥപോലും ഇല്ലാതാക്കുന്ന നടപടി ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന സർക്കാരിന് ജനവാസകേന്ദ്രങ്ങളെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിക്കുകയെന്ന നയമില്ല. ആ നയം മാത്രമേ എവിടെയും സംസ്ഥാന സർക്കാരിനുവേണ്ടി സ്വീകരിക്കാൻ പറ്റൂ. അതിൽ സംസ്ഥാന സർക്കാർ ഉറച്ചുനിൽക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഒരിക്കൽ ഇ.എഫ്.എൽ. ആയി നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടുപോയ ആളുകളെ ജില്ലാതലത്തിൽ എം.എൽ.എ.-മാർ ഉൾപ്പടെയുള്ളവരുള്ള കമ്മിറ്റി പരിശോധിച്ച് ഒഴിവാക്കേണ്ട ആളുകളുടെ ലിസ്റ്റ് സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അപ്പീൽ കൊടുക്കുന്നതിനുള്ള അവസരമുണ്ടായിരുന്നു. അപ്പീലും കൊടുത്തിട്ടുണ്ട്. പക്ഷെ അവരെ ഒഴിവാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷനില്ല. ഫലത്തിൽ ഒരേക്കറും രണ്ടേക്കറുമൊക്കെയുള്ള ആളുകൾ ഇ.എഫ്.എൽ. ആണെന്ന് പറഞ്ഞ് അവരുടെ പ്രോപ്പർട്ടിയിൽ കയറാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആ വിഷയത്തിൽ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇ.എഫ്.എൽ. വലിയ തോതിൽ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു നടപടിയായി പൊതുവെ ആക്ഷേപമുയർന്ന കാര്യമാണ്. അക്കാര്യത്തിലൊക്കെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാകാൻ പാടില്ലായെന്നതു തന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷെ, പരിശോധിക്കേണ്ട കാര്യങ്ങൾ പരിശോധിച്ചുമാത്രമേ തീരുമാനത്തിലേയ്ക്ക് എത്താൻ കഴിയൂ. ആവശ്യമായ നടപടി ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനം

4 (*154) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കലൂർ-കാക്കനാട് ഇൻഫോപാർക്ക് ലൈൻ എത്ര കിലോമീറ്റർ ദൈർഘ്യം വരുന്നതാണെന്നും എത്ര സ്റ്റേഷനുകൾ ഉള്ളതാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ലൈനിന് വേണ്ടി വരുന്ന ചെലവ് എത്രയാണെന്നും ആയത് പങ്കിടുന്നതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഇല്ല. കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച DPR തയ്യാറാക്കുകയും, പുതുക്കിയ ഫണ്ടിംഗ് ഘടനയിൽ (2577.25 കോടി രൂപ) വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി നൽകേണ്ടതുണ്ട്.

(ബി) 11.2 കിലോമീറ്റർ. 11 സ്റ്റേഷനുകൾ.

(സി) പദ്ധതിച്ചെലവ് 2577.25 കോടി രൂപയാണ്. ടി തുക പങ്കിടുന്നത് സംബന്ധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തൊഴിൽ ചൂഷണവും റിക്രൂട്ട്മെന്റ് തട്ടിപ്പും തടയാൻ നോർക്കയുടെ ഇടപെടലുകൾ

5 (*155) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മേഖലയിലെ സാമ്പത്തിക മാന്ദ്യവും സ്വദേശിവൽക്കരണവും കാരണം അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത കുറഞ്ഞുവരുന്നത് തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പിനും കാരണമാകുന്നത് ഒഴിവാക്കാനായി നോർക്ക ഏത് തരത്തിൽ ഇടപെടുമെന്ന് അറിയിക്കാമോ ;

(ബി) നോർക്ക റൂട്ട്സ് വഴിയുള്ള റിക്രൂട്ട്മെന്റ് എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) അവിദഗ്ധ തൊഴിലാളികളുടെ റിക്രൂട്ട്മെന്റിനും റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം തടയുന്നതിനും തൊഴിലന്വേഷകർക്കുള്ള വൈദഗ്ധ്യ വികസനത്തിനും നോർക്ക നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തിവരുന്നു. കൂടാതെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവാസികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇന്ത്യ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് മുഖേന അതാത് രാജ്യത്തെ എംബസ്സികളുമായി ബന്ധപ്പെട്ടും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റിക്രൂട്ട്മെന്റ് രംഗത്തെ തട്ടിപ്പ് തടയുന്നതിനായി 2015-ലെ കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നഴ്സുമാരെ തെരഞ്ഞെടുത്ത് വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനും 2016-ലെ കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം വീട്ട് ജോലിക്കായി പോകുന്ന സ്ത്രീകളുടെ റിക്രൂട്ട്മെന്റിനും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനമായ നോർക്ക റൂട്ട്സ് ആവശ്യമായ നടപടികൾ സ്വീകരിച്ച് സുതാര്യവും സുരക്ഷിതവുമായ രീതിയിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

(ബി) നോർക്ക റൂട്ട്സ് പ്രധാനമായും മധ്യ കിഴക്കൻ രാജ്യങ്ങളിലേയ്ക്ക് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തിവരുന്നത്. 610 നഴ്സുമാർക്ക് ഇതിനകം പ്രസ്തുത രാജ്യങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്. ഇതു കൂടാതെ 2016 ആഗസ്റ്റ് മുതൽ വിദേശകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് വീട്ട് ജോലിക്കാരുടെ നിയമനവും നടത്തി വരുന്നുണ്ട്. സൗദി അറേബ്യയിലെ മിനിസ്ട്രി ഓഫ് ഹെൽത്ത് ഇന്ത്യയിലെ റിക്രൂട്ട്മെന്റ് ഏജൻസിയായി നോർക്ക റൂട്ട്സിനെ സെലക്ട് ചെയ്തുകൊണ്ട് അറിയിച്ചിട്ടുണ്ട്. ഉടൻ എഗ്രിമെന്റിൽ ഏർപ്പെടുന്നതാണ്. നോർക്ക റൂട്ട്സ് തയ്യാറാക്കിയിട്ടുള്ള ജോബ് പോർട്ടൽ തൊഴിൽ അന്വേഷകർക്കും വിദേശ തൊഴിൽ ഉടമകൾക്കും ഒരു പോലെ പ്രയോജനപ്രദമാണ്. തൊഴിൽ അന്വേഷകരും തൊഴിൽദാതാക്കളും തമ്മിലുള്ള പരസ്പര ബന്ധത്തിലൂടെ സുരക്ഷിതമായ റിക്രൂട്ട്മെന്റിനുള്ള അവസരങ്ങൾ ലഭ്യമാകുന്നു. കൂടാതെ റിക്രൂട്ടിംഗ് പ്രക്രിയ തൊഴിൽ അന്വേഷകരുടെ പരിശീലനവും നൈപുണ്യ വികാസവുമായി ബന്ധപ്പെട്ടതാകയാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി തൊഴിൽ അന്വേഷകർക്ക് പരിശീലന പരിപാടികളും നൽകി വരുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ മേളകളും സംഘടിപ്പിച്ചു വരുന്നു.

(സി) നിലവിൽ അവിദഗ്ധ തൊഴിലാളികളായി വീട്ട് ജോലിക്ക് പോകുന്നവരുടെ (ഹൗസ് മെയിഡ്) റിക്രൂട്ട്മെന്റ് നോർക്ക നടത്തിവരുന്നു. തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തി വരുന്നു. കൂടാതെ വിദേശ തൊഴിൽ അന്വേഷകർക്കായി വിദേശ തൊഴിൽ അവസരങ്ങൾ, പൊതുനിയമ വ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിത രീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാംമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലീയറൻസ്, സാമ്പത്തിക സാക്ഷരത എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനം നൽകിവരുന്നു. വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി സാങ്കേതിക വിദ്യ, സോഫ്റ്റ് സ്കിൽ എന്നിവയിൽ അംഗീകൃത ട്രെയിനിംഗ് സെന്ററുകൾ മുഖേന പരിശീലനവും നൽകി വരുന്നു.

ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന

6 (*156) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിൽ ആകെയുണ്ടായ വരൾച്ച, സംസ്ഥാനത്തെ ഭക്ഷ്യധാന്യ ലഭ്യതയെ പ്രതികൂലമായി ബാധിക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) അമിത വിലക്കയറ്റത്തിന് കാരണക്കാരായ അരി ലോബിയുടെ ശ്രമം പരാജയപ്പെടുത്തി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും അരി എത്തിച്ച് അരിക്കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ;

(സി) അരിക്ഷാമം നേരിടുമ്പോഴും കേന്ദ്ര സർക്കാർ അരി കയറ്റുമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് രാജ്യത്തെ കമ്പോള വിലയെ ബാധിക്കുന്നതിന് കാരണമായിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടിയിൽ നിന്നും പിൻതിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

(ബി) ഉണ്ട്. സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി വിവിധ ഇനം അരികൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വരുന്നു. സബ്സിഡി ഇനത്തിൽ ജയ അരി, കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25 രൂപയ്ക്കും മട്ട അരി 24 രൂപയ്ക്കും, പച്ചരി 23 രൂപയ്ക്കും വിതരണം ചെയ്തു വരുന്നു. എഫ്.സി.ഐ.യിൽ നിന്നും ഇ-ഓക്ഷൻ മുഖേന വാങ്ങിയ പച്ചരി 23 രൂപയ്ക്കും പുഴുക്കലരി 25 രൂപയ്ക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരിയും കിലോ ഗ്രാമിന് 33 രൂപ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ എല്ലാ ഇനം അരിയും കുറഞ്ഞ നിരക്കിൽ ആവശ്യമായ അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി ഉപഭോക്താൾക്ക് ലഭിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം

7 (*157) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ട്, എച്ച്.ഒ.സി., ബി.ഇ.എം.എൽ., എച്ച്.എൻ.എൽ. തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന പേരിലും കൊച്ചിൻ കപ്പൽ നിർമ്മാണശാല ലാഭത്തിലായതിനാലും സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അമൂല്യമായ ഭൂസ്വത്ത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയുക്തമാക്കാനായി തിരികെ കൈമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) പൊതു ആസ്തികൾ തുച്ഛമായ വിലയ്ക്ക് വിറ്റഴിച്ച്, അതിന് മറയായി 'മേക്ക് ഇൻ ഇന്ത്യ ' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നവരുടെ ദേശദ്രോഹ നടപടികൾ ജനങ്ങളുടെ മുമ്പാകെ തുറന്നുകാട്ടാൻ സർക്കാർ മുൻകയ്യെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. അതിനനുസൃതമായി കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ അപ്രകാരം നിലനിർത്തി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അതാത് സന്ദർഭങ്ങളിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച്.ഒ.സി., ബി.ഇ.എം.എൽ., എച്ച്.എൻ.എൽ., കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയവയെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും 27-10-2016-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ച വരുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ മഹാരാഷ്ട്രയിലുള്ള രസായനി യൂണിറ്റ് അടച്ചുപൂട്ടുവാൻ 2016-ലെ നീതി ആയോഗ് മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടുന്നത്

സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് തുടർന്ന് പ്രവർത്തിക്കുന്നതിനായി HOCL-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 3-1-2017-ൽ സർക്കാർ ചർച്ച നടത്തി. HNL-ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധന മന്ത്രാലയത്തിന് കീഴിലുള്ള 'Department of Invest and Public Asset Management' തീരുമാനിച്ചിട്ടുള്ളതായും ഇതനുസരിച്ചുള്ള തുടർനടപടികൾ നടന്നു വരികയാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. HNL-നെ അതിന്റെ മാതൃസ്ഥാപനത്തിൽ നിന്നും വേർപെടുത്തി കേന്ദ്ര സർക്കാരിന്റെ ഘനവ്യവസായ വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കമ്പനിയുടെ കടബാദ്ധ്യതകൾ തീർക്കാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും, കമ്പനിയുടെ സ്വകാര്യവത്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽ നിന്നും പിൻമാറി ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രപൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിദ്ധ്യവൽക്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ 2017 മാർച്ച് 13-ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം വഴി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.) എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പൊന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. മറ്റൊരു പൊതുമേഖലാസ്ഥാപനമായ ഫാക്ടിൽ പുതിയ യൂറിയ പ്ലാന്റ് അമ്പലമുകളിൽ സ്ഥാപിച്ച് കമ്പനിയുടെ നവീകരണം നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഫാക്ടിന്റെ പുനരധിവാസ പാക്കേജ് അംഗീകരിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ നവീകരണത്തിനായുള്ള ധനം ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൊച്ചിൻ കപ്പൽ നിർമ്മാണശാലയെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീക്കമില്ല എന്ന് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി&സി) വിഭവ സമാഹരണത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിച്ചു വരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതുമായിട്ടുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുക വഴി തൊഴിൽസാധ്യതയും നികുതി വർദ്ധനയും ഉറപ്പുവരുത്തുക എന്ന നയമാണ് സംസ്ഥാനസർക്കാരിനുള്ളത്. പ്രസ്തുത കേന്ദ്ര സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്.

കേരള ജനറിക് മരുന്ന് വിതരണ ശൃംഖല

8 (*158) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജനറിക് മരുന്ന് വിതരണ ശൃംഖല ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നത്;

(സി) എത്രശതമാനം വിലക്കുറവിൽ കേരള ജനറിക് മരുന്നുകൾ വിൽക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. ബ്രാൻഡഡ് ജനറിക് മരുന്നുകൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലേക്കെത്തിക്കുക എന്ന സദുദ്ദേശ്യത്തോടെ ആരംഭിച്ച് ഇപ്പോൾ കേരളത്തിലുടനീളം 55 ഓളം ഫാർമസികളുമായി മുന്നേറുന്ന കാരുണ്യ ഫാർമസിയുടെ പുതിയ സംരംഭമാണ് "കേരള ജനറിക്സ് "ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതു വിപണിയിൽ ലഭ്യമാകുന്ന ഇത്തരം മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെതന്നെ തുല്യഗുണനിലവാരമുള്ളവയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചു വരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ജനറിക്സിന് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഇത്തരത്തിൽ 111-ഓളം മരുന്നുകൾ കണ്ടെത്തി അവയുടെ ഗുണനിലവാരത്തിന് ഒരു കുറവും വരാത്ത തരത്തിലുള്ള നിബന്ധനകൾ മുന്നോട്ടുവച്ച് കമ്പനികളെ തിരഞ്ഞെടുത്ത് മരുന്നുകൾ സംഭരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലുമാണ് പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി നിയമിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ബ്രാൻഡഡ് മരുന്നുകളേക്കാൾ 90 ശതമാനം വരെ വിലക്കുറവിലാണ് കേരള ജനറിക്സ് മരുന്നുകൾ വിൽക്കാൻ ഉദ്ദേശിക്കുന്നത്.

വാതിൽപ്പടി വിതരണത്തിനുള്ള നടപടിക്രമങ്ങൾ

9 (*159) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) വാതിൽപ്പടി വിതരണക്കാരോട്, റേഷൻ സാധനങ്ങൾ കടയിലെത്തിക്കുന്നതിനുള്ള കിലോമീറ്റർ നിരക്കാണോ ദർഘാസിൽ രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ സാധനങ്ങൾ വാഹനങ്ങളിൽ കയറ്റുന്നതിനും റേഷൻകടകളിൽ ഇറക്കുന്നതിനുമുള്ള കൂലി ആരാണ് വഹിക്കേണ്ടത്; ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുണ്ടോ;

(ഡി) മേല്പറഞ്ഞ കാര്യത്തിൽ സർക്കാരിന് എത്ര അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി റേഷൻ വാതിൽപ്പടി വിതരണത്തിന്റെ ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എഫ്.സി.ഐ.ഡിപ്പോകളിൽ നിന്നും, മില്ലുകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം ചെയ്യുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള വാതിൽപ്പടി വിതരണം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മേയ് മാസത്തിലും ശേഷിക്കുന്ന ജില്ലകളിൽ അടുത്തഘട്ടമായും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വാതിൽപ്പടി വിതരണം സംബന്ധിച്ച് ഗതാഗതക്കരാറിൽ ഒരു കിലോ മീറ്ററിന് ഒരു ക്വിന്റൽ സാധനം റേഷൻ കടയിൽ എത്തിക്കുവാനുള്ള നിരക്കുകളാണ് രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) കടത്ത് കരാറിന്റെ ടെണ്ടർ വ്യവസ്ഥപ്രകാരം കരാർ നിരക്ക് കടത്തു കൂലിയും മറ്റ് അനുബന്ധ ചാർജ്ജുകൾ, ലെവി, ടാക്സ് എന്നിവ ഉൾപ്പെടുന്നതാകയാൽ കരാർ എടുക്കുന്ന വ്യക്തിതന്നെ കയറ്റിറക്കുകൂലി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല. വാതിൽപ്പടി വിതരണം പൂർണ്ണമായി നടപ്പാക്കുന്ന മുറയ്ക്കേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ.

കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ

10 (*160) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാരംഭഘട്ടത്തിൽ നിർണ്ണയിക്കപ്പെട്ടാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ പ്രാരംഭ ഘട്ടത്തിൽതന്നെ പരിശോധിച്ച് കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളത്;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രചരണ പരിപാടികളും ബോധവത്കരണ പരിപാടികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.സി.സി.-യുടെ നേതൃത്വത്തിൽ, കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം നടത്തി വരുന്ന ക്യാമ്പുകളിൽ ഗർഭാശയ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള Visual Inspection using Lugols Iodine (VILI), 'Visual Inspection with Acetic Acid (VIA), പാപ്സ്മിയർ ടെസ്റ്റ്, സ്തനാർബുദം നേരത്തേ കണ്ടുപിടിക്കുന്നതിനായി സ്തന പരിശോധനയ്ക്ക് പുറമേ മാമോഗ്രാഫി, FNAC ടെസ്റ്റ്, വദനാർബുദം കണ്ടുപിടിക്കുന്നതിന് വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായ പരിശോധന എന്നിവയും നടത്തുന്നുണ്ട്. ഇതുകൂടാതെ ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പുകയില നിർമ്മാർജ്ജന ക്ലിനിക്കും നടത്തുന്നുണ്ട്. ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും കൊല്ലം ജില്ലയിലെ നീണ്ടകരയിലും

മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കണ്ണൂർ, കോലഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നു. കാൻസർ കെയർ പദ്ധതിയുടെ കീഴിൽ ആർ.സി.സി.-യും, മലബാർ കാൻസർ സെന്ററും, സർക്കാർ ഡോക്ടർമാർക്കും, നേഴ്സുമാർക്കും കാൻസർ രോഗ നിർണ്ണയം നടത്തുന്നതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗനിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവയെ കാൻസർ രോഗനിർണ്ണയ പരിപാടിയിൽ ഉൾപ്പെടുത്തി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് വദനാർബുദം കണ്ടെത്തുന്നതിനായി ജില്ലാ ആശുപത്രികളിൽ Oral Cancer Detection Clinic-കൾ ദന്തരോഗ വിഭാഗവുമായി ചേർന്ന് നടത്തി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കാൻസർ ചികിത്സ ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജുകളിലും കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലും പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

എല്ലാ ജില്ലകളിലെയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് ഡോക്ടർമാർക്കും, നഴ്സുമാർക്കുമുള്ള പരിശീലന പരിപാടികൾ മലബാർ കാൻസർ സെന്ററിന്റെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും എം.സി.സി. നടത്തിവരുന്നു.

(സി) ജീവിതശൈലീ രോഗമായ കാൻസറിനെ കുറിച്ച് ജനങ്ങളെ ബോധവൽകരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുഖേന നൽകി വരുന്നു. ഇതിലൂടെ മുൻകൂർ രോഗനിർണ്ണയത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും, ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. മുൻകൂർ കാൻസർ രോഗനിർണ്ണയത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും, (പ്രാഥമിക ആരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി), നഴ്സുമാർക്കും, ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ കാൻസർ രോഗ നിർണ്ണയത്തിനുള്ള പദ്ധതികളും, പരിശീലന പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്. 2014 ജനുവരി മാസം സംസ്ഥാന ആരോഗ്യ വകുപ്പും എൻ.ആർ.എച്ച്.എം-ഉം ചേർന്ന് സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ

നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള എൻ.ആർ.എച്ച്.എം. ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ പ്രായോഗിക പരിശീലനം ആർ.സി.സി. നൽകിയിട്ടുണ്ട്. കാൻസർ ആരംഭത്തിലേ കണ്ടുപിടിക്കുന്നതിനുള്ള പ്രചരണ പരിപാടികളുടെ ഭാഗമായി കാൻസറിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളും സ്തനം, ഗർഭാശയം, വായ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന കാൻസർ ആരംഭത്തിൽ കണ്ടുപിടിക്കുന്നതിനായി വാർഡുകൾ തോറും കേന്ദ്രീകരിച്ച് കൊച്ചിൻ കാൻസർ സെന്റർ കാൻസർ പരിശോധന ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എല്ലാ സാമ്പത്തിക വർഷവും കാൻസർ ബോധവൽക്കരണത്തിനായി നിരവധി പദ്ധതികൾ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പോസ്റ്ററുകൾ, ലഘുലേഖനങ്ങൾ, എക്സിബിഷനുകൾ എന്നിവ എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പ് നടത്തിവരുന്നു. പുകയില, മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഇവയ്ക്ക് കാൻസറുമായിട്ടുള്ള ബന്ധത്തെക്കുറിച്ചും സ്കൂൾ, കോളേജ് തലത്തിൽ പ്രത്യേക ആരോഗ്യ ബോധവൽക്കരണം നൽകിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കാൻസർ അവയർനെസ് ക്ലാസ്സുകളും രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. കൂടാതെ താലൂക്കാശുപത്രികളുമായി സഹകരിച്ച് കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും സി.എച്ച്.സി. തലത്തിൽ നടത്തുന്നുണ്ട്. സർക്കാരിതര സ്ഥാപനങ്ങൾ വഴിയും അനുബന്ധ ഡിപ്പാർട്ട്മെന്റുകൾ വഴിയും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2016 ഫെബ്രുവരി 4-ാം തീയതി ലോക അർബുദ ബോധ ദിനത്തിൽ കോട്ടയം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ എല്ലാ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളുടെയും നേതൃത്വത്തിൽ കാൻസർ പ്രതിരോധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. ജില്ലയിൽ നടത്തിയ കാൻസർ പ്രതിരോധ നടപടികളെ അടിസ്ഥാനമാക്കി 'ജീവേമ ശരദ! ശതം' എന്ന പേരിൽ കാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്ന ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ AMAI എന്ന സംഘടനയുടേയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആയുർക്യാൻ എന്ന പേരിൽ ആയുർവേദ ഡോക്ടർമാർക്ക് കാൻസർ ചികിത്സാ രോഗനിർണ്ണയം സംബന്ധിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. പൊതുജനങ്ങളുടെ ഇടയിൽ ചികിത്സയെക്കുറിച്ചുള്ള ബോധവൽക്കരണം, കാൻസർ ഡിറ്റക്ഷൻ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളും ആയുർക്യാനിന്റെ ഭാഗമായി നടന്നു വരുന്നു.

(ഡി) ആർ.സി.സി.-യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ പുതുതായി പണി പൂർത്തിയാക്കിയ 10 നില കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടുകൂടി സ്ഥല പരിമിതിയും പരിഹരിക്കപ്പെടുന്നതാണ്. ആർ.സി.സി.-യ്ക്ക് പുതുതായി അനുവദിച്ചു കിട്ടിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മലബാർ കാൻസർ സെന്ററിൽ നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ താഴെ പറയുന്ന മറ്റെല്ലാ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്.

- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.

- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.

- 4 D സ്കാനർ, സി.ടി സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാൻ, 500 എം.എ. എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.

- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.

- ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.

- എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.

- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.

- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.

- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.

- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലി മെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, കണ്ണൂർ എന്നിവയ്ക്കുപുറമേ പുതുതായി ആരംഭിച്ച കൊച്ചി കാൻസർ സെന്ററും മാത്രമാണ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളായി പ്രവർത്തിച്ചുവരുന്നത്. 5 സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും കാൻസർ ചികിത്സ ലഭ്യമാണ്. എന്നാൽ വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സേവനം നൽകുന്നതിനുള്ള സൗകര്യം ഈ സെന്ററുകളിൽ പരിമിതമായതിനാൽ മറ്റ് ജില്ലകളിൽ നിന്നും വരുന്ന കാൻസർ രോഗികൾക്ക് ആർ.സി.സി.-യെ ആശ്രയിക്കേണ്ടി വരുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ഇതിന് ഒരു പരിഹാരം എന്ന നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. എല്ലാ ജില്ലയിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയത്തോടെ ആരംഭിച്ച ഈ പദ്ധതിയിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററിൽ പരിശീലനം നൽകി ഈ സെന്ററുകളുടെ സേവനം കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ട നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു.

സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സംവിധാനം

11 (*161) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയൽ സംവിധാനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത സംവിധാനം പരിഷ്കരിച്ച് കുറ്റമറ്റതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനം മണിക്കൂറുകളോളം പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഫയൽ സംബന്ധിച്ച് അന്വേഷണവുമായി എത്തുന്ന പൊതുജനങ്ങളുൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോയെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സെക്രട്ടേറിയേറ്റിൽ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന ഇ-ഫയലിംഗ് സംവിധാനമാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാന്ത്യത്തിൽ ഒരേ സമയം കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ടി വന്നപ്പോഴുണ്ടായ പ്രവൃത്തിഭാരംമൂലം ഇ-ഓഫീസ് സോഫ്റ്റ്വെയറിൽ വേഗതക്കുറവ് അനുഭവപ്പെട്ടിരുന്നു. ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്വെയർ (ഇ-ഓഫീസ് Version2) വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 2017 മാർച്ച് മാസാന്ത്യത്തിന് ശേഷം ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി.-യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ സാങ്കേതിക സഹായികൾ, കെൽട്രോൺ-ന്റെ നെറ്റ്വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും നിലവിൽ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ചർച്ച നടത്തുകയും ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് എൻ.ഐ.സി.-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇലക്ട്രോണിക്കായും, ഫിസിക്കലായും കൈകാര്യം ചെയ്യുന്ന ഫയലുകളുടെ നീക്കം ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് (http:\\eoffice.kerala.gov.in) മുഖേന പൊതുജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കുന്നതാണ്.

യു.എ.പി.എ.ആക്ടിലെ നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ

12 (*162) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ യു.എ.പി.എ. (Unlawful Activities (Prevention)Act)-ലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ പോലീസ് ഈ നിയമവ്യവസ്ഥകൾ കൂടി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഈ വീഴ്ച കണ്ടെത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; വീഴ്ച വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയാണ് പ്രസ്തുത നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നത്. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏതു നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്. ജില്ലാ പോലിസ് മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ യു.എ.പി.എ. വകുപ്പ് പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് യു.എ.പി.എ. കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കുറ്റ സമ്മതമൊഴി ജില്ലാ പോലീസ് മേധാവിമാർ എടുക്കേണ്ടതും, ആയത് വീഡിയോയിൽ പകർത്തേണ്ടതുമാണ്. യു.എ.പി.എ. കേസ്സ് രജിസ്റ്റർ ആയാൽ ഡിവൈ.എസ്.പി./എ.എസ്.പി. അന്വേഷിക്കേണ്ടതും ടി കേസ്സുകളിൽ ഫസ്റ്റ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് സൂപ്രണ്ടായിരിക്കണമെന്നും, സെക്കൻഡ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് ഇൻസ്പെക്ടർ ജനറൽ ആയിരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ റിവ്യൂ നടത്തിയിട്ടുള്ളതാണ്. ഇതിൽ ചില കേസ്സുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം ഈ കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെയുള്ള കേസ്സുകളിൽ നിന്നും യു.എ.പി.എ. ചുമത്തിയത് നീക്കം ചെയ്യാനുള്ള നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്. യു.എ.പി.എ. ചുമത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് എല്ലാ നടപടി ക്രമങ്ങളും പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥരോ ടി നിയമത്തെ ദുരുപയോഗം ചെയ്തതായി വെളിവായാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായുള്ള നയം

13 (*163) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നയം (ജീവ്) എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാന സർക്കാർ സ്ത്രീ സൗഹൃദ പദ്ധതികൾ ഉൾക്കൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് മാതൃകാപരമായ ചുവടുവയ്പുകൾ നടത്തുമ്പോൾ കേന്ദ്രസർക്കാർ വനിതാ സംവരണ ബിൽ പാസ്സാക്കാതെ ഒഴിവാകുന്നത് തിരുത്താൻ ആവശ്യപ്പെടുമോ;

(ഡി) പാഠ്യ പദ്ധതിയിൽ സ്ത്രീ പുരുഷ സമത്വ ആശയങ്ങൾ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജെന്റർ ഇക്വാളിറ്റി & വിമൻ എംപവർമെന്റ് (ജീവ്) പോളിസി സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ നയം പ്രാവർത്തികമാക്കുന്നതിനായി വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയും ജെന്റർ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകളുടെ ജെന്റർ ആക്ഷൻ പ്ലാനുകളുടെ ഓൺലൈൻ റിപ്പോർട്ടിംഗിനായി ഇലക്ട്രോണിക്സ് മോണിറ്ററിംഗ് സംവിധാനം തയ്യാറാക്കി വകുപ്പിന്റെ MIS-ൽ ലിങ്ക് ചെയ്തിട്ടുണ്ട്. 10 വകുപ്പുകൾ ഈ ലിങ്ക് മുഖേന ജെന്റർ ആക്ഷൻ പ്ലാൻ റിപ്പോർട്ട് ചെയ്തിരുന്നു. വകുപ്പ് തലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പിലാക്കുന്നതിനായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എന്നിവ മുഖേന ഈ മേഖലയിലെ വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

2. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം 2013 പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുന്നതിന് Sexual Harassment of Women at Workplace Act-ന്റെ ജില്ലാ ആഫീസർ കൂടിയായ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. നോഡൽ വകുപ്പ് എന്ന നിലയിൽ നിയമം നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

3. സ്ത്രീധന നിരോധന നിയമം 1961 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മേഖലാ ഡൗറി പ്രൊഹിബിഷൻ ആഫീസർമാർ മുഖേന അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതിയായ നിർഭയ പദ്ധതിയുടെ ഭാഗമായി പത്ത് ജില്ലകളിലായി 12 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമേ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (1800-425-1400)പ്രവർത്തിക്കുന്നുണ്ട്.

5. ജാഗ്രതാ സമിതികളുടെ ശാക്തീകരണത്തിനും അതിക്രമങ്ങളെ പ്രതിരോധിയ്ക്കുന്നതിനും പ്രാദേശിക സർക്കാർ തലത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് 'കില' യുമായി ചേർന്ന് 2017 ഏപ്രിൽ, മേയ് മാസങ്ങളിലായി വിപുലമായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

6. അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കുന്നതിനും ആവശ്യമായ ശാരീരിക, മാനസിക, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമോപദേശം, എമർജൻസി ഷെൽട്ടർ എന്നിവ ഉറപ്പുവരുത്തുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ജില്ലാ/താലൂക്ക് ആശുപത്രികളിലായി 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു.

7. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളിലേയ്ക്ക് ലിംഗ അവബോധ സന്ദേശം എത്തിക്കുന്നതിനും അവരെ ലിംഗ സമത്വ പ്രചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2014-15, 2015-16, 2016-17 വർഷങ്ങളിൽ NSS ടെക്നിക്കൽ സെല്ലുമായി ചേർന്ന് ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

8. 2017-ലെ വനിതാ ദിനാചരണത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണവകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീ എന്നിവയുമായി ചേർന്ന് സംസ്ഥാനമൊട്ടാകെ ഒരാഴ്ചത്തെ സ്ത്രീ ശാക്തീകരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

9. സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ (മഹിളാ മന്ദിരം, ആശാഭവൻ (വിമൻ), റസ്ക്യൂഹോം, ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം) താമസക്കാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പരിപാടികൾ നടത്തുന്നു. ഇതിന് പുറമേ കാലാനുസൃതമായ നൂതന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

10. സാമൂഹ്യനീതി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെയും ജില്ലാ ഭരണകൂടത്തേയും സംയോജിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ, ആസിഡ് അറ്റാക്ക്, മറ്റ് ഗുരുതര അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നവർക്കായി ഒരു ഇമ്മീഡിയറ്റ് റിലീഫ് ഫണ്ട് രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) 1. ഗാർഹിക അതിക്രമമുൾപ്പെടെ, പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനായി പരമാവധി 25,000 രൂപ വരെ ധനസഹായം നൽകി വരുന്നു.

2. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

3. വിധവാ പുനർ വിവാഹ പദ്ധതിയുടെ ഭാഗമായി പരമാവധി 25,000 രൂപ വരെ ധനസഹായം നൽകി വരുന്നു.

4. ഗാർഹിക അതിക്രമത്തിന് ഇരയായവർ, വിധവകൾ, വിവാഹ മോചിതരായ സ്ത്രീകൾ എന്നിവരുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വയം തൊഴിൽ പരിശീലനം നൽകി, സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

6. അഭയസ്ഥാനമില്ലാത്തവരും ആലംബഹീനരുമായ വിധവകളെ താമസിപ്പിച്ച് സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

7. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന യോഗ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുകയും തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി തൊഴിലെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

(ഡി) പരിഗണിക്കാവുന്നതാണ്.

സംസ്ഥാന ഐ.ടി.നയം

14 (*164) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഐ.ടി. നയം പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ നയത്തിൽ ഊന്നൽ നല്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാന വികസനത്തിന് ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും ആധാർ നമ്പറുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിവിധ ടെക്നോളജി പാർക്കുകൾ എന്ന രീതി മാറ്റി കേരള ഐ.ടി.യ്ക്ക് ഒറ്റ ബ്രാന്റ് എന്നുള്ളത് നടപ്പിലാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന ഐ.ടി. നയം, 2017 (കരട്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനായി പ്രധാനമായും 4 മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക.

1. തദ്ദേശ/വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള സമയബന്ധിതവും നൂതനവുമായ മാർക്കറ്റിംഗ് സംവിധാനവും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

2. സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉല്പാദനം, ഉപയോഗം എന്നിവയ്ക്കനുയോജ്യമായ മാനവശേഷി വികസനം.

3. സാധാരണക്കാർക്ക് ഓൺലൈനായും മൊബൈൽ ഉപകരണങ്ങൾ വഴിയും സർക്കാർ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുക.

4. ലോകോത്തര സാങ്കേതിക പശ്ചാത്തല സൗകര്യ വികസനം.

(ബി) വിവരാധിഷ്ഠിത/ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ വ്യാപനം/ഉപയോഗം/പരിശീലനം അത്തരം സംരംഭങ്ങളിലുള്ള നിക്ഷേപം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുകയും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിവര സാങ്കേതികവിദ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി മൊബൈൽ ഉപകരണങ്ങളിലും സർക്കാർ സേവനങ്ങൾ ഒരു ഏകജാലക പോർട്ടൽ വഴി ലഭ്യമാക്കുക, സർക്കാരിന്റെയും വിവിധ വകുപ്പുകളുടേയും ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും ഉൾപ്പെടുത്തിയുള്ള GIS സംവിധാനം ഒരുക്കുക എന്നിങ്ങനെ ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന തരത്തിലാണ് ഐ.ടി. പോളിസി രൂപപ്പെടുത്തുന്നത്.

(സി) ഉണ്ട്. എന്നാൽ ആധാർ ഇല്ല എന്ന കാരണത്താൽ സർക്കാരിന്റെ ഒരു സേവനവും നിഷേധിക്കപ്പെടുന്നതല്ല.

(ഡി) കരട് നയത്തിൽ ഇത് വിഭാവനം ചെയ്തിട്ടുണ്ട്.

ഹരിത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

15 (*165) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എതെല്ലാം മേഖലകൾക്കാണ് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം എങ്ങനെ സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഹരിത കേരളം മിഷൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി നിർദ്ദേശം നൽകിയിട്ടുണ്ട്. വലിയ തോതിൽ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജലസംരക്ഷണം, മാലിന്യസംസ്കരണം, കൃഷി വ്യാപനം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിക്കുകയുണ്ടായി. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജലവിഭവ വകുപ്പും ജൈവകൃഷി വികസന പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ശുചിത്വ മിഷനും നേതൃത്വം നൽകി വരുന്നു. ജില്ലാ, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കേന്ദ്രീകരിച്ച് മിഷന് രൂപം നൽകുകയും വിവിധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ജനകീയാസൂത്രണത്തിന്റെ രീതിക്കുടി ഉൾക്കൊണ്ട് പദ്ധതികൾ തയ്യാറാക്കി വരുന്നു. മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് സ്ഥാപനപരമായ നേതൃത്വം നൽകുന്നതിനുള്ള സംവിധാനം ക്രമീകരിക്കുകയും പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 1. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജല സാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപന ങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക.

2. പാരിസ്ഥിതിക സുരക്ഷയും ഉത്പാദനക്ഷമതയും സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.

3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ജന പങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക.

4. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജല സംപോഷണം ഉറപ്പാക്കുക.

5. ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചു പിടിപ്പിക്കുക.

(സി) ശുചിത്വ മാലിന്യ സംസ്കരണം, കൃഷി വികസനം, മണ്ണ് ജലസംരക്ഷണം എന്നീ മേഖലകൾക്കാണ് പദ്ധതി ഊന്നൽ നൽകിയിട്ടുള്ളത്.

(ഡി) പദ്ധതി നടത്തിപ്പിന്റെ നയപരമായ വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല മിഷനും ഭരണപരമായ വിഷയങ്ങളിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റിയും വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും ഏകോപനം സാധ്യമാക്കുന്നു.

പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്താനുള്ള നടപടികൾ

16 (*166) ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുജനാരോഗ്യമേഖലയിൽ വിശേഷിച്ച് പ്രാഥമിക-ദ്വിതീയതലങ്ങളിൽ ഇടപെടൽ അപര്യാപ്തമായിരുന്നെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ ;

(ബി) പൊതുജനാരോഗ്യമേഖല ദുർബ്ബലമായതിന്റെ ഫലമായി താഴ്ന്നവരുമാനക്കാർ ഉൾപ്പെടെയുള്ളവർ അധികമായി സ്വകാര്യമേഖലയെ ആശ്രയിക്കാനിടയാകുകയും സർക്കാർ ആശുപത്രികളെ സമീപിക്കുന്നത് രോഗികളിൽ മൂന്നിലൊന്ന് മാത്രമായി തീരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) ആയുർ ദൈർഘ്യം കൊണ്ടും ജീവിതശൈലി കൊണ്ടും രോഗാതുരത അധികമായിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ അമിത ചികിത്സാ നിരക്കുകൊണ്ട് രോഗികൾ കടക്കെണിയിലാകുന്നത് പരിഹരിക്കാനായി സർക്കാർ ആശുപത്രികളുടെ ചികിത്സാ നിലവാരം വർദ്ധിപ്പിക്കാനും സുഗമമായി ചികിത്സ ലഭിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പരിപാടിയുടെ വിശദാംശം അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി&സി) പൊതുജനാരോഗ്യരംഗത്ത് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുവേണ്ടി നവ കേരള മിഷന്റെ ഭാഗമായ ആർദ്രം മിഷനിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം,

12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

- KIIFB യിൽ ഉൾപ്പെടുത്തി 2016-17-ൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിലുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17-ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18-ൽ green book-ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആശുപത്രികളുടേയും മറ്റു വിവിധവിഭാഗം ആരോഗ്യ സ്ഥാപനങ്ങളുടേയും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ വിഭാഗം ആരോഗ്യസ്ഥാപന ങ്ങളിലായി 1965 തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.

- പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും

അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിലെ മാറിയ രോഗാതുരതയും ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവും കണക്കിലെടുത്ത് ഈ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നുണ്ട്.

- രോഗ ചികിത്സയുടെയും ആശുപത്രി സംബന്ധമായ വിവരങ്ങളും ഫീൽഡ്-തല പൊതുജനാരോഗ്യ പ്രവർത്തന വിവരങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള ഇ-ഹെൽത്ത് പരിപാടിക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

- കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യമേഖലയെ ഈ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കുന്ന രീതിയിലുള്ള പ്രവർത്തനപരിപാടികൾക്ക് ആരോഗ്യ വകുപ്പ് ഊന്നൽ നൽകിവരുന്നു. ജില്ലാ/താലൂക്കുതല ആശുപത്രികൾ/ സൂപ്പർസ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുവഴി ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്.

ജനറിക് മരുന്നുകൾ വിൽക്കാൻ ഔട്ട്‌ലെറ്റുകൾ

17 (*167) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനറിക് മരുന്നുകൾ വിൽക്കാൻ "കേരള ജനറിക്സ്" എന്ന പേരിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ;

(ബി) എത്ര ഇനം ജനറിക് മരുന്നുകൾ ലഭ്യമാക്കാനാണ് പദ്ധതിയെന്നും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ മരുന്ന് സംഭരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അധീനതയിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി 111 ഇനം മരുന്നുകളാണ് കേരള ജനറിക്സ് കൗണ്ടർ വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ആദ്യപടിയായി 111 ഇനം ബ്രാൻഡഡ് ജനറിക് മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 94 ഇനം മരുന്നുകളുടെ സംഭരണപ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ മരുന്നുകൾക്കും ആനുപാതികമായി പരമാവധി 3 വിതരണക്കാരുടെയെങ്കിലും ബ്രാൻഡഡ് ജനറിക്സ് ആണ് സംഭരണത്തിലുൾപ്പെടുത്തിയിരിക്കുന്നത്. 94 മോളിക്യൂൾസിനുവേണ്ടി 190 ബ്രാൻഡഡ് ജനറിക് മരുന്നുകൾക്ക് വിതരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കിക്കൊണ്ട് പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തീരദേശ നിയന്ത്രണ മേഖല

18 (T*168) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയിലെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുത്ത്, ഈ മേഖലയിലെ വികസന നിരോധിത മേഖലയുടെ പരിധിയ്ക്ക് ഇളവ് നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കായലുകളും അഴിമുഖങ്ങളും ഏറെയുള്ള സംസ്ഥാനത്ത്, അശാസ്ത്രീയ നിയന്ത്രണങ്ങൾ കാരണം തീരദേശവാസികൾക്ക് വീട് പണിയുന്നതിനും പുതുക്കി പണിയുന്നതിനും അനുമതി ലഭിക്കാത്തത് ആയിരക്കണക്കിന് കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാനായി കേന്ദ്രസർക്കാർ ഇടപെടാൻ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) സ്ഥലലഭ്യത തീരെ കുറഞ്ഞ തീരദേശമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനെത്തുടർന്ന് പ്രതിസന്ധിയിലായവരെ പുനരധിവസിപ്പിക്കാൻ കേന്ദ്രസർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഈ മേഖലയുടെ സമഗ്രവികസനത്തിനായി സംസ്ഥാന സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ&ബി) സംസ്ഥാന സർക്കാരിന്റെ ഈ ആവശ്യം പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. ഷൈലേഷ് നായിക് കമ്മിറ്റിയുടെ ശിപാർശകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചതായി അറിവില്ല. എന്നാൽ സംസ്ഥാന സർക്കാർ ഈ മേഖലയുടെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തീരദേശത്തെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ ഭവനം ലക്ഷ്യമിട്ടുള്ള പദ്ധതികളും ഭൂരഹിത ഭവന രഹിതരായവർക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും, തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരിൽ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കുന്നതിന് അർഹരായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളും, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. പുറമേ തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന പദ്ധതികളും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ GCF (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) പ്രയോജനപ്പെടുത്തി തീരദേശത്തെ സമഗ്ര വികസനവും പുനരധിവാസവും തീരവനവൽക്കരണവും ജീവനോപാധികളും നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന 12457 കോടി രൂപയുടെ പദ്ധതിയും GCF (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) ഗ്രാന്റിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ

19 (*169) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, തദ്ദേശീയ ഭക്ഷ്യസാങ്കേതിക കോളേജ് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്ക് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രസ്തുത കൗൺസിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഉണ്ട്. ഏറ്റവും മികച്ച ഗുണമേന്മയുള്ള പാചകത്തിനുതകുന്ന തരത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ വിപണിയിലെത്തിക്കുക, അന്തർദ്ദേശീയ തലത്തിൽ സ്വീകാര്യമായ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പ് നൽകികൊണ്ട് മികച്ച ഭക്ഷണപദാർത്ഥങ്ങൾ വിപണിയിലെത്തിക്കുന്നതിനാവശ്യമായ മാനവശേഷിയും സാങ്കേതിക വിദ്യയും വികസിപ്പിച്ചെടുക്കുക എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) ഉണ്ട്. സി.എഫ്.ആർ.ഡി.-യുടെ കീഴിലുള്ള ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറിയിൽ ലോകോത്തര നിലവാരം പുലർത്തുന്നതും എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ഉള്ളതുമായ ഒരു മൈക്രാ ബയോളജി ലാബും ഒരു കെമിക്കൽ ലാബും പ്രവർത്തിച്ചു വരുന്നു. പൂർണ്ണമായും യന്ത്രവൽകൃത സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഈ ലാബുകളിൽ എല്ലാവിധ ഭക്ഷണ പദാർത്ഥങ്ങളിലും ജലത്തിലും അടങ്ങിയിരിക്കുന്ന സൂക്ഷ്മാണുക്കളെയും രാസപദാർത്ഥങ്ങളെയും വിശകലനം ചെയ്യാനും അവയുടെ ഗുണമേന്മയും സുരക്ഷിതത്വവും പോഷക മൂല്യവും ഉറപ്പ് വരുത്താനും ഉള്ള സംവിധാനമുണ്ട്. കൂടാതെ വിവിധ കാർഷിക ഉൽപ്പന്നങ്ങളിലും ഭക്ഷ്യപദാർത്ഥങ്ങളിലും കുടിവെള്ളത്തിലും അടങ്ങിയിരിക്കുന്ന മായത്തിന്റെ അളവ് കണ്ടുപിടിക്കാനും ശുചിത്വ നിലവാരം അറിയുന്നതിനും ലാബിൽ സൗകര്യം ഉണ്ട്.

ഉൽപ്പാദനത്തിലും ഭക്ഷ്യ സുരക്ഷയിലും ഗുണമേന്മയിലും താൽപ്പര്യവും അറിവുമുള്ള യുവജനങ്ങൾക്കും ഭക്ഷ്യ ഉൽപ്പാദന രംഗത്ത് പ്രവർത്തിക്കുന്ന മാനേജർമാർക്കും പരിശീലനം നൽകുക; ഭക്ഷ്യോൽപ്പാദനം, ഭക്ഷ്യ സുരക്ഷ, മൂല്യ-വർദ്ധിത ഉൽപ്പന്നങ്ങൾ, ഗുണ മേന്മയുള്ള ഉൽപ്പന്നങ്ങൾ എന്നിങ്ങനെ പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ച് ഉപഭോക്താക്കൾക്ക് അറിവ് നൽകുക; കേരളത്തിലെ ഭക്ഷ്യ ഉൽപ്പാദന രംഗത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ശുചിത്വം, ശുചിത്വ പ്രവർത്തനങ്ങൾ മുതലായവയെ ആസ്പദമാക്കിയുള്ള ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു നടത്തുക; എച്ച്.എ.സി.സി.പി., ജി.എൽ.പി. എന്നീ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് നടത്തുക. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006 അനുസരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സംരംഭകരെ സൃഷ്ടിച്ചെടുക്കുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി നിരന്തരമായി പരിശീലന പരിപാടികൾ ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. സി.എഫ്.ആർ.ഡി.-യുടെ കീഴിലുള്ള തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ് എം.ജി. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ്. ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ മൂന്ന് വർഷത്തെ ബിരുദ കോഴ്സും (ബി.എസ്.സി.) രണ്ട് വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സും (എം.എസ്.സി.) ഇവിടെ നടത്തിവരുന്നു.

(സി) സി.എഫ്.ആർ.ഡി.-യുടെ ഗവേഷണഫലമായി നിർജ്ജലീകരിച്ച വിവിധയിനം പച്ചക്കറികളും പഴങ്ങളും, നേരിട്ട് കഴിക്കാവുന്ന പ്രാതൽ മിശ്രിതം, സ്നാക്ക് ബാർ, ടിന്നിലടച്ച ചിക്കൻകറി എന്നിങ്ങനെ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയുടെ സാങ്കേതിക വിദ്യ താൽപ്പര്യമുള്ള സംരംഭകർക്ക് പരിശീലനത്തിലൂടെ നൽകി വരുന്നു. സി.എഫ്.ആർ.ഡി വികസിപ്പിച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർജ്ജലീകരിച്ചതും ശീതീകരിച്ചതുമായ പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാൻ 'ഫ്രൂട്ട് & വെജിറ്റബിൾ ഡീഹൈഡ്രേഷൻ യൂണിറ്റ് &ചിൽഡ് സ്റ്റോറേജ് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ പണി പൂർത്തിയായിവരുന്നു. പ്രതിദിനം 2 ടൺ പഴം, പച്ചക്കറി സംസ്കരിക്കുവാനും 1250 ടൺ പഴം, പച്ചക്കറി ശീതീകരിക്കുവാനും കഴിയുന്ന ഈ പ്ലാന്റിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. വ്യവസായ അടിസ്ഥാനത്തിൽ കൂടുതൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ 'സെന്റർ ഫോർ വാല്യു ആഡഡ് പ്രോഡക്ട്സ് എന്ന ഒരു പദ്ധതിയും സി.എഫ്.ആർ.ഡി ആസൂത്രണം ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മൂല്യവർദ്ധനവ്, ഗുണമേന്മ എന്നീ മേഖലകളിൽ മാനവശേഷി വികസിപ്പിക്കുവാനും ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുവാനും 2 ഫുഡ് ടെക്നോളജി കോളേജുകളും 3 ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബുകളും തുടങ്ങുവാൻ സി.എഫ്.ആർ.ഡി. ഉദ്ദേശിക്കുന്നു.

പി.എസ്.സി. പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്കരിക്കുന്നതിനുള്ള നടപടി

20 (*170) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരീക്ഷ നടത്തിപ്പിലെ പരിഷ്കരണത്തിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഒരേ വിദ്യാഭ്യാസ യോഗ്യതയും, ഒരേ ശമ്പളവുമുള്ള തസ്തികകളിലേക്ക് വിവിധ വകുപ്പുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം പരീക്ഷകൾ നടത്തുന്നതിന് പകരം ഏകീകൃത പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) മാറുന്ന കാലത്തിനനുസൃതമായി പി.എസ്.സി.യുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് റാങ്ക് ലിസ്റ്റുകൾ കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയുടെ യോഗ്യത, ജോലി സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ പരീക്ഷയുടെയും ഉള്ളടക്കവും ഘടനയും നിശ്ചയിക്കുന്നത്. അതിനുള്ള സിലബസ് തന്നെ വിവിധ മോഡ്യൂൾ ആയി തരംതിരിക്കാറുണ്ട്. കാലാകാലങ്ങളിൽ ഈ സിലബസ് പരിഷ്കരിക്കാറുണ്ട്.

(ബി) ഉണ്ട്. കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട Academic, Examination ഉപസമിതികൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

(സി) ഒരേ വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളവയ്ക്ക് പൊതു ഒ.എം.ആർ. പരീക്ഷ നിലവിൽ കെ.പി.എസ്.സി. നടത്തുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം 1600 വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. പൊതുവിൽ ഗസ്റ്റഡ് തസ്തികകളും അദ്ധ്യാപക തസ്തികകളും ഒഴികെയുള്ള തസ്തികകളുടെ തെരഞ്ഞെടുപ്പിൽ അഭിമുഖപരീക്ഷ ഒഴിവാക്കാൻ കമ്മീഷൻ തീരുമാനിക്കാറുണ്ട്. അഭിമുഖം ഉള്ള തെരഞ്ഞെടുപ്പുകൾക്ക് ഒന്നിലധികം ബോർഡുകൾ ഒരേ ദിവസം കമ്മീഷന്റെ വിവിധ ഓഫീസുകളിൽ രൂപീകരിച്ച് അഭിമുഖം വേഗത്തിൽ പൂർത്തിയാക്കിവരുന്നു. ഇതുകൂടാതെ പി.എസ്.സി.യുടെ വജ്രജൂബിലി ആഘോഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി 2016 വരെയുള്ള സെലക്ഷൻ നടപടികൾ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്ത കമ്മിറ്റികളും വിഭാഗങ്ങളും രൂപീകരിച്ച് 2012 മുതലുള്ള മുൻഗണനാക്രമത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മായം കലർന്ന പാൽ

21 (*171) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ സംസ്ഥാനത്ത് വ്യാപകമായി എത്തുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആധുനിക ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതുകൂടാതെ ചെക്കുപോസ്റ്റുകൾ വഴി പാൽ

കൊണ്ടു വരുന്ന ടാങ്കർ ലോറികളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുണ്ട്. പരിശോധനയിൽ ഗുണനിലവാരം പാലിക്കാത്ത ബ്രാൻഡ് വിതരണം ചെയ്യുന്ന സ്ഥാപനത്തിന്റെ പേരിൽ അഡ്ജ്യൂഡിക്കേഷനും മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ ക്രിമിനൽ കേസ്സും രജിസ്റ്റർ ചെയ്യുവരുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വേയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നും പാലിന്റെ 24 സാമ്പിളുകൾ ശേഖരിച്ച് NABL അക്രെഡിറ്റഡ് ലാബുകളിൽ പരിശോധന നടത്തുകയുണ്ടായി. ഇവയെല്ലാം ഗുണനിലവാരം പുലർത്തുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 43 പാൽ സാമ്പിളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പരിശോധനയ്ക്കെടുത്തതിൽ 2 സാമ്പിളുകൾ മാത്രമേ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളൂ. എന്നാൽ മനുഷ്യശരീരത്തിന് ഹാനികരമായ യാതൊന്നും ഈ പാലിൽ കണ്ടെത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളെല്ലാം തന്നെ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ ഉള്ളവയാണ്. ഇതിൽ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ലാബുകൾക്ക് ദേശീയ അംഗീകാരമായ NABL അക്രെഡിറ്റേഷൻ ലഭിച്ചു കഴിഞ്ഞു. കോഴിക്കോടുള്ള ലാബിന് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതുകൂടാതെ ചെക്കുപോസ്റ്റുകളിൽ വച്ച് തന്നെ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള 2 മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി

22 (*172) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൽസ്യം കാർബൈഡ് ഉപയോഗിച്ച് പഴുപ്പിച്ച മാമ്പഴവും മായം ചേർന്ന പാലും വിപണിയിൽ സുലഭമാകുന്നത് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയുടെ കുറവുകൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷാവകുപ്പിനെ ശക്തിപ്പെടുത്തി സംസ്ഥാനത്തെ പ്രമുഖ പച്ചക്കറി മാർക്കറ്റുകളിലും ചെക്കുപോസ്റ്റുകളിലും നിരന്തര പരിശോധന നടത്തി മായം കലർന്ന ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും പച്ചക്കറികളുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ പരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ ഗുണനിലവാരം

23 (*173) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിൽ 2016-17 വർഷത്തിൽ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഗുണ നിലവാരമുള്ളതാണോയെന്ന് പരിശോധിക്കാൻ ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെ;

(സി) കഴിഞ്ഞ തവണ വകുപ്പിൽ വാങ്ങിയ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ ഇവയുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ കമ്മിറ്റിക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2016-17 വർഷത്തിൽ വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങാൻ 80,33,742 രൂപ ചെലവഴിച്ചു.

(ബി) ഉണ്ട്. വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ സാമ്പിൾ ഇവാലുവേഷനായി ലീഗൽ മെട്രോളജി ഉത്തര മേഖല ഡെപ്യൂട്ടി കൺട്രോളർ ശ്രീ. ഐ. രാമപ്രസാദഷെട്ടി ചെയർമാനും, ശ്രീമതി സൂജ ജോസഫ്. കെ (അസിസ്റ്റന്റ് കൺട്രോളർ, സെൻട്രൽ ലാബ്) ശ്രീ. എസ്. വി. മനോജ് കുമാർ (അസിസ്റ്റന്റ് കൺട്രോളർ, ഇടുക്കി), ശ്രീ. ബി. ഐ. ഷൈലാസ് (അസിസ്റ്റന്റ് കൺട്രോളർ, ഫ്ലൈയിംഗ് സ്ക്വാഡ്, കൊല്ലം) ശ്രീ. എസ്. എസ്. അഭിലാഷ് (അസിസ്റ്റന്റ് കൺട്രോളർ, കാസർഗോഡ്) ശ്രീ. കെ. എം. മുഹമ്മദ് ഇസ്മായിൽ (ഇൻസ്പെക്ടർ, മൂവാറ്റുപുഴ), ശ്രീ. സുധീപ്. കെ. വി. (ഇൻസ്പെക്ടർ, സർക്കിൾ-II, കോഴിക്കോട്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗങ്ങളുമാണ്. കൂടാതെ External Technical Expert ആയി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ അസി. പ്രൊഫസർ ശ്രീ. അനീഷ് ബാബു കെ.-യെക്കൂടി സാമ്പിൾ ഇവാലുവേഷൻ പ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ടെസ്റ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ലഭിച്ച സ്ഥാപനങ്ങൾ സപ്ലൈ ചെയ്ത വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെയെല്ലാം ഇവാലുവേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി ശ്രീമതി ആർ. റീന ഗോപാൽ, ചെയർപേഴ്സനായും, ശ്രീമതി സൂജ ജോസഫ്. കെ, അസിസ്റ്റന്റ് കൺട്രോളർ, സെൻട്രൽ ലാബ്, ശ്രീ. എസ്. വി. മനോജ് കുമാർ (അസിസ്റ്റന്റ് കൺട്രോളർ, ഇടുക്കി), ശ്രീ. ബി. ഐ. ഷൈലാസ് (അസിസ്റ്റന്റ് കൺട്രോളർ, ഫ്ലൈയിംഗ് സ്ക്വാഡ്, കൊല്ലം), ശ്രീ. എസ്. എസ്. അഭിലാഷ് (അസിസ്റ്റന്റ് കൺട്രോളർ, കാസർഗോഡ്), ശ്രീ. കെ. എം. മുഹമ്മദ് ഇസ്മായിൽ (ഇൻസ്പെക്ടർ, മൂവാറ്റുപുഴ), ശ്രീ. സുധീപ്. കെ. വി. (ഇൻസ്പെക്ടർ സർക്കിൾ-II, കോഴിക്കോട്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു ഇവാലുവേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ 20 കി.ഗ്രാം വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (21 എണ്ണം) 200 ഗ്രാം വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (21 എണ്ണം) 50 കി. ഗ്രാം വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (20 എണ്ണം) എന്നിവ യഥാക്രമം M/s. Accurate Trade Links, M/s. Thulabhavan, M/s. Accurate Trade Links എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുള്ളതാണ്. ഇതിൽ 20 കി. ഗ്രാം കപ്പാസിറ്റിയിലുള്ള 11 വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഇപ്പോൾ ഉപയോഗിക്കാൻ യോഗ്യമല്ല. ടി വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾക്ക്

വാറന്റി പിരീഡ് നിലവിലുള്ളതിനാൽ പ്രവർത്തന തകരാർ പരിഹരിക്കുന്നതിനായി അവ വിതരണം ചെയ്ത M/s. Accurate Trade Links സ്ഥാപനത്തിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ടി ബാലൻസുകൾ വാങ്ങുന്നതിന്റെ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടി വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളുടെ സാമ്പിൾ ഇവാലുവേഷൻ 12-3-2014-ൽ വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർമാരായ ശ്രീമതി റീന ഗോപാൽ, ശ്രീ. ടി. ശൈലേഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് External Technical Expert Sri. Abdulla. P, KUSAT, Kochi-യെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാണ് 20 കി. ഗ്രാം, 50 കി. ഗ്രാം, 200 ഗ്രാം ബാലൻസുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ വാങ്ങിയ 21 എണ്ണം 20 കി.ഗ്രാം വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകളിൽ 11 എണ്ണം വാറന്റി പിരീഡിനുള്ളിൽ തന്നെ തകരാറിലാവുകയും അത് പരിഹരിക്കുന്നതിന് കത്തിടപാടുകൾ നടത്തി വരികയുമാണ്. ടി തകരാർ പരിഹരിക്കുന്നതുവരെ 20 കി. ഗ്രാം വർക്കിംഗ് സ്റ്റാൻഡേർഡുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് Security Deposit ആയി M/s Accurate Trade Links-ൽ നിന്നും വാങ്ങിയിട്ടുള്ള 1,80,757 രൂപ മടക്കി നൽകുന്നതല്ല.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ബോധവൽക്കരണത്തിനും പദ്ധതി

24 (*174) ശ്രീ. എം. നൗഷാദ് :

ശ്രീ. എം. സ്വരാജ് :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നത് സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് സ്കൂൾ - കോളേജ്

വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സോഷ്യൽ മീഡിയ, വിവര സാങ്കേതിക വിദ്യ, ഡിജിറ്റൽ ടെക്നോളജി എന്നിവയുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ചും വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവ മുഖാന്തരം ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ സൈബർ സെല്ലുകൾ മുഖാന്തരം സംഘടിപ്പിച്ചുവരുന്ന ക്ലാസ്സുകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശങ്ങൾ സംബന്ധിച്ച് പോലീസിനെ അറിയിക്കേണ്ട ആവശ്യകതയെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇത്തരം വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഈ കാര്യം പോലീസിന്റെ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജ് വഴിയും മറ്റ് മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങളിലെ പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. പോലീസ് വകുപ്പിന്റെ സൈബർ സെല്ലിലെ ഉദ്യോഗസ്ഥരും പുറമേ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇതിനുപുറമേ സംസ്ഥാന ഐ.റ്റി. മിഷനുമായി സഹകരിച്ച് പരീക്ഷണ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 10 എസ്.പി.സി. സ്കൂളുകൾ മുഖേന വിവര സാങ്കേതികവിദ്യ സംബന്ധിച്ച് അടിസ്ഥാന പരിശീലനം നൽകുകയുണ്ടായി. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രകാരം സംഘടിപ്പിക്കുന്ന അവധിക്കാല ക്യാമ്പുകളിൽ സൈബർ കുറ്റകൃത്യങ്ങൾ പ്രത്യേക വിഷയമായി ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്.

(ഡി) വിദ്യാഭ്യാസ വകുപ്പ്, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്, നിയമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, യുവജന കമ്മീഷൻ, സാമൂഹ്യക്ഷേമ വകുപ്പ്, സ്കൂളുകൾ, കോളജുകൾ, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പദ്ധതിക്ക് ലഭിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി പദ്ധതികൾ

25 (*175) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇക്കാര്യത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ സ്വാവലംബൻ പദ്ധതിയിൽ നിന്നും സഹായം ആവശ്യപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രനിലപാട് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് റീഡേഴ്സ് അലവൻസ്
2. അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് ധനസഹായം
4. വികലാംഗ ദുരിതാശ്വാസനിധിയിൽ നിന്നും 5000 രൂപ ധനസഹായം
5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് 10000 രൂപ വിവാഹ ധനസഹായം
6. CDMRP- കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം

7. അൾഷിമേഴ്സ് റിലേറ്റഡ് ഡിസോഡർ സൊസൈറ്റി ഓഫ് ഇന്ത്യ (ARDSI) മറവി രോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

8. സ്കൂൾ വഴി എപ്പിലെപ്സി കെയർ

9. പാലിയം ഇന്ത്യ വഴി നട്ടെല്ലിന് ക്ഷതം ബാധിച്ചവർക്ക് സംരക്ഷണം.

10. സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC) വഴി നാഷണൽ ട്രസ്റ്റ് ആക്ട് പരിധിയിൽ വരുന്നവർക്ക് നിയമപരമായ പരിരക്ഷ.

11. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO) വഴി കമ്പ്യൂട്ടർ പരിശീലനം.

12. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO) വഴി കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം.

13. ഇൻസൈറ്റ് പ്രോജക്ട് വഴി ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലനം.

14. കോഴിക്കോട് IMHANS വഴി ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേഷൻ പ്രോജക്ട്

ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ തീവ്രത ലഘൂകരിക്കുന്നതിനും പുനരധിവാസം നടപ്പാക്കുന്നതും ലക്ഷ്യമാക്കി സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' ക്യാമ്പയിൻ എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അനുയാത്രയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.

2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ.

5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം.

6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

8. സ്പെഷ്യൽ അങ്കണവാടികൾ

9. പ്രോജക്ട് ഓട്ടിസം

10. കാതോരം

11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

12. ഹെൽപ്പ് ഡെസ്ക്

13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

14. കറക്ഷൻ സർജറികൾ

15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്

16. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

17. വ്യക്തിഗത പരിപാലന പ്ലാൻ

18. ദേശീയ ശില്പശാല

19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം

20. വിവര വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങൾ (IEC)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ടൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി

4. അംഗവൈകല്യമുള്ളവർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ.

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി

9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി- സംസ്ഥാനതലത്തിൽ നടപ്പാക്കൽ

11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. വികലാംഗരായ വയോജനങ്ങൾക്ക് വേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവുമായി ബന്ധപ്പെട്ട് എ.ഡി.ഐ.പി. പദ്ധതിയിലൂടെ സഹായ ഉപകരണങ്ങൾ വിതരണം നടത്തുന്നതിനായി 315 ലക്ഷം രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അനുയാത്രാ പദ്ധതിയുടെ നടത്തിപ്പിനായി 128 കോടി രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ഐ.ടി. നയം

26 (*176) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.ടി. വികസനത്തിനും അഭിവൃദ്ധിക്കുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഐ.ടി. നയം 2017-ന്റെ കരട് രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, ഈ മേഖലയിലെ വിദഗ്ദ്ധർ എന്നിവരിൽ നിന്നും ലഭ്യമായിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചതിനുശേഷം അന്തിമ നയം പ്രഖ്യാപിക്കുന്നതാണ്.

(ബി) വിദേശത്ത് നിന്നും സ്വദേശത്ത് നിന്നുമുള്ള ഐ.ടി. നിക്ഷേപങ്ങളും വിവരാധിഷ്ഠിത വിവര സാങ്കേതികവിദ്യയുടെ വ്യാപനവും പരിശീലനവും യുവസംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ഓൺലൈനായും മൊബൈൽ ഉപകരണങ്ങൾ വഴിയും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന കരട് നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഭരണതലത്തിൽ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന സംവിധാനങ്ങളെപ്പറ്റി അനുബന്ധമായി ചേർത്തിട്ടുള്ള കരട് നയരൂപരേഖയുടെ 2.3 മുതൽ 2.4.6 വരെയുള്ള ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കണമെന്ന ആവശ്യം

27 (*177) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. അനിൽ അക്കര :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെട്ടിക്കുറച്ച റേഷൻ ഭക്ഷ്യധാന്യം പുനഃസ്ഥാപിക്കണമെന്നുള്ള കേരള സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; അരി വിഹിതം പുനഃസ്ഥാപിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പ് പാലിച്ചിട്ടുണ്ടോ;

(ബി) ഉയർന്ന വില നൽകിയാൽ മാത്രമേ രണ്ട് ലക്ഷം മെടിക് ടൺ അരി അധികമായി നൽകുവാൻ കഴിയൂ എന്ന കേന്ദ്ര നിർദ്ദേശം റേഷൻ ക്ഷാമത്തിലേക്കും പൊതുവിപണിയിലെ രൂക്ഷമായ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ;

(സി) ഗുരുതരമായ ഈ സാഹചര്യം എപ്രകാരം നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വെട്ടിക്കുറച്ച റേഷൻ ഭക്ഷ്യധാന്യം പുനഃസ്ഥാപിക്കണമെന്നുള്ള കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചിരുന്നു. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ചു നൽകിയിട്ടില്ല. സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം നിശ്ചയിച്ചത് ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായതിനാൽ ഒരു സംസ്ഥാനത്തിന് മാത്രമായി ഇതിൽ മാറ്റം വരുത്താൻ കഴിയില്ല എന്നാണ് കേന്ദ്ര നിലപാട്.

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം 14.25 ലക്ഷം മെടിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഇതിനുപരിയായി കേന്ദ്ര സർക്കാരിൽ നിന്ന് അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിച്ചു നൽകിയിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായത് പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല റേഷൻ ഭക്ഷ്യധാന്യങ്ങളിലുണ്ടായ ഈ കുറവ്, സമീപകാലത്തുണ്ടായ അരി വില വർദ്ധനവിന് ഒരു കാരണമാണ്. അധിക ഭക്ഷ്യധാന്യം OMSS/ഇക്കണോമിക് നിരക്കിൽ വാങ്ങാനാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്.

(സി) അരി വില വർദ്ധിക്കുന്ന സ്ഥിതി വിശേഷം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അരിമില്ല് ഉടമകളും ബ്രോക്കർമാരും ലോബിയായി പ്രവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു സംഘം ആന്ധ്രാ പ്രദേശിലെ മില്ല് ഉടമകളുമായി പ്രശ്ന പരിഹാരം സംബന്ധിച്ച് ചർച്ച നടത്തി അരിയുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സപ്ലൈകോ പ്രത്യേകം അരിക്കടകൾ ആരംഭിച്ചിട്ടുണ്ട്. ആന്ധ്രയിൽ നിന്നല്ലാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അരി സംസ്ഥാനത്ത് ലഭ്യമാക്കി വിതരണം ചെയ്തത് വഴി വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്.

ഹൃദ്രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റ്

28 (*178) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികളെ ഒഴിവാക്കി പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയറിൽ നിന്നും ഹൃദ്രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റ് വാങ്ങണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കുറഞ്ഞവിലയ്ക്ക് സ്റ്റെന്റ് നൽകാമെന്ന നിർദ്ദേശം എച്ച്.എൽ.എൽ. ആരോഗ്യവകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും സ്റ്റെന്റ് വാങ്ങി പാവപ്പെട്ട രോഗികൾക്ക് ആശ്വാസം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഹൃദ്രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റ് എച്ച്.എൽ.എൽ ലൈഫ് കെയറിൽ നിന്ന് വാങ്ങണമെന്ന നിർദ്ദേശം നൽകിയിട്ടില്ല.

(ബി&സി) കുറഞ്ഞ വിലയ്ക്ക് സ്റ്റെന്റ് നൽകാമെന്ന നിർദ്ദേശം എച്ച്.എൽ.എൽ ആരോഗ്യ വകുപ്പിന് നൽകിയിട്ടില്ല.

ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം

29 (*179) ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ അവകാശ സംരക്ഷണക്കാര്യത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം കൊണ്ട് എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി കമ്മീഷൻ പൂർണ്ണമായ തോതിൽ ആയിട്ടുണ്ടോ; എങ്കിൽ തദനുസരണമായി കമ്മീഷന്റെ പ്രവർത്തനത്തിൽ മെച്ചമുണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കുട്ടികൾ വിവിധതരത്തിലുള്ള പീഡനങ്ങൾക്കിരയാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കമ്മീഷന്റെ സംഭാവന എത്രത്തോളമാണെന്ന് വിലയിരുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിലെ വിവിധ ജില്ലകളിലെ ആദിവാസി മേഖലകൾ കമ്മീഷൻ സന്ദർശിക്കുകയും ടി പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ആദിവാസി വിഭാഗം കുട്ടികളുടെ സമഗ്ര വികസനം സാധ്യമാകുന്നതിനും, ഇടുക്കി ജില്ലയിലെ പീരുമേട് തോട്ടം മേഖലയിലെ കുട്ടികളുടെ ക്ഷേമം, സംസ്ഥാനത്ത് ജയിലുകളിൽ കഴിയുന്ന തടവുകാരുടെ കുട്ടികളുടെ അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ ജനറൽ കലണ്ടറിൽ നിന്നും വ്യത്യസ്തമായി കലണ്ടർ സമ്പ്രദായം സ്വീകരിച്ചിരിക്കുന്ന എല്ലാ സ്കൂളുകളെയും ജനറൽ കലണ്ടറിലേയ്ക്ക് മാറ്റുവാനും കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് സമ്പൂർണ്ണമാക്കുന്നതിനും എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് ആശ്വാസമേകുന്ന രീതിയിലുള്ള പദ്ധതികൾ ശിപാർശ ചെയ്യുകയും അതിന്റെ ഗുണഫലങ്ങൾ കുട്ടികൾക്ക് അനുഭവയോഗ്യമാക്കിയിട്ടുമുണ്ട്. കുട്ടികളുടെ സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിന് ഉതകുന്ന നിർദ്ദേശങ്ങളും കുട്ടികളെ ഘോഷയാത്രകളിലും മറ്റും പങ്കെടുപ്പിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള കമ്മീഷന്റെ ഉത്തരവും കുട്ടികൾക്ക് ഏറെ ആശ്വാസപ്രദമായിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോക്സോ ആക്ട് 2012 പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ സെഷൻസ് കോടതികളെ പോക്സോ കോടതികളായി നാമനിർദ്ദേശം ചെയ്യാൻ കമ്മീഷൻ ശിപാർശ ചെയ്യുകയും സർക്കാർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേരള വിക്ടിം കോമ്പൻസേഷൻ സ്കീമിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനായി പ്രസ്തുത സ്കീമിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് കമ്മീഷൻ ശിപാർശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറിയ കുട്ടികളെ ആപൽക്കരവും സാഹസികവുമായ സ്പോർട്സ് മത്സരങ്ങളിൽ ഏർപ്പെടുത്തരുതെന്ന് കമ്മീഷൻ ശിപാർശ ചെയ്യുകയും അതിനനുസൃതമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ബാലാവകാശ ലംഘനവും നിഷേധവും നടക്കുന്ന പ്രശ്നങ്ങളിൽ കമ്മീഷൻ സ്വമേധയായും അല്ലാതെയും ഇടപെടുകയും ആർക്കും ഭയരഹിതമായി സമീപിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനം കാഴ്ചവെയ്ക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷൻ. നിലവിലുള്ള ആറ് അംഗങ്ങളുടെ പ്രവർത്തന കാലാവധി അവസാനിച്ചതിനാൽ പുതിയ അംഗങ്ങളെ 29-4-2017-ലെ സ.ഉ(പി) നമ്പർ 6/2017/SJD ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സി. & എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം

30 (*180) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് മുൻ സർക്കാർ ഭൂമി രൂപമാറ്റം വരുത്താൻ നൽകിയ അനുമതി സംബന്ധിച്ച് സി. & എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം (2017-ലെ ഒന്നാം നമ്പർ റിപ്പോർട്ട്) മുൻ സർക്കാരിനെതിരെ ഉയർന്ന അഴിമതി ആരോപണം ശരിവയ്ക്കുന്നതാണോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും കോട്ടയം നഗരത്തിലെ കോട്ടയം ഇടനാഴി പദ്ധതിക്കായും കോടിമത മൊബിലിറ്റി ഹബ് പദ്ധതിക്കായും ക്രമക്കേടിന് ഉത്തരവിട്ടത് മുൻ മുഖ്യമന്ത്രിയാണെന്ന് പേരെടുത്ത് പരാമർശം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വിശദ പരിശോധന നടത്താൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 2016 മാർച്ചിലവസാനിച്ച സി. & എ.ജി. യുടെ റവന്യൂ സെക്ടർ ഓഡിറ്റ് റിപ്പോർട്ടിലെ (2017-ലെ 1-ാം നമ്പർ റിപ്പോർട്ട്) അധ്യായം 4-ലെ 4.5.5.4 ഖണ്ഡികയിലെ പരാമർശം, നിയമ വ്യവസ്ഥകൾ പാലിക്കാതെ ഭൂമി തരം മാറ്റുവാൻ അനുമതി നൽകിയെന്നതുമായി ബന്ധപ്പെട്ടതായിരുന്നു. പ്രസ്തുത പരാമർശിത ഖണ്ഡികയിലെ വിശദാംശങ്ങളിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലം, കോട്ടയം ഇടനാഴി പദ്ധതിക്കായി കോട്ടയം ടൗണിനോട് ചേർന്ന് ഏറ്റെടുത്ത സ്ഥലം, കോടിമാതാ മൊബിലിറ്റി ഹബ്ബിനായി കോട്ടയം താലൂക്കിലെ നാട്ടകം വില്ലേജിൽ നിന്നും ഏറ്റെടുത്ത സ്ഥലം തുടങ്ങിയവ പരാമർശിച്ചിരുന്നു. പ്രസ്തുത നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10 (2) വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തുവാൻ അനുമതി നൽകിയതായാണ് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൻമേൽ തുടർ പരിശോധന നടത്തുന്നത് സർക്കാർ തീരുമാനിക്കുന്നതാണ്.

(ബി) മേൽ പ്രസ്താവിച്ച സി.& എ.ജി.-യുടെ റിപ്പോർട്ടിലെ പരാമർശിത ഖണ്ഡികയിലെ വിശദാംശങ്ങളിൽ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മെഡിക്കൽ കോളേജിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 10 (2)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മുഖ്യമന്ത്രി എന്നിവർ അനുമതി നൽകിയതായും പരാമർശിച്ചിട്ടുണ്ട്. കോട്ടയം ഇടനാഴി പദ്ധതിക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10 (2) വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവർ അനുമതി നൽകിയതായും, പ്രസ്തുത വിഷയം 7-10-2015-ലെ മന്ത്രിസഭാ തീരുമാനം 7555 നമ്പർ ഇനമായി പരിഗണിച്ച് മുഖ്യമന്ത്രി അംഗീകരിച്ചതായും പരാമർശിച്ചിട്ടുണ്ട്. കോടിമാതാ മൊബിലിറ്റി ഹബ് പദ്ധതിക്കായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10 (2) വകുപ്പിലെ വ്യവസ്ഥകൾ പ്രതിപാദിച്ച് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പുമന്ത്രി എന്നിവർ അംഗീകരിച്ച ഓഫീസ് കുറിപ്പ് 8104-ാം നമ്പർ ഇനമായി 20-1-2016-ലെ മന്ത്രിസഭാ യോഗത്തിൽ നിയമ വ്യവസ്ഥകൾ പാലിക്കാതെ മുഖ്യമന്ത്രി അംഗീകരിച്ചതായും പരാമർശിക്കുന്നു. ഈ വിഷയത്തിൻമേൽ തുടർ പരിശോധന നടത്തി സർക്കാർ തലത്തിൽ തീരുമാന മെടുക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇ.എ.ആർ.എ.എസ്. പദ്ധതി

1 (1411) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഇ.എ.ആർ. എ.എസ്. പദ്ധതി പ്രകാരം എത്ര സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികകളാണ് ശിപാർശ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന തസ്തികകൾ എത്ര;

(സി) ഈ പദ്ധതി നടപ്പാക്കുമ്പോൾ സൃഷ്ടിക്കുന്ന തസ്തികകൾക്കായി വരുന്ന സാമ്പത്തിക ബാദ്ധ്യത എത്ര എന്നറിയിക്കുമോ ?

ഉത്തരം

(എ) 103 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) ഓരോ ജില്ലയ്ക്കും ശിപാർശ ചെയ്ത തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു :

പത്തനംതിട്ട	-	2
ആലപ്പുഴ	-	19
കോട്ടയം	-	10
എറണാകുളം	-	13
തൃശ്ശൂർ	-	14
പാലക്കാട്	-	28
മലപ്പുറം	-	5
കോഴിക്കോട്	-	1
വയനാട്	-	3
കണ്ണൂർ	-	4
കാസർഗോഡ്	-	4
ആകെ	-	103

(സി) 3.66 കോടി രൂപയാണ് സാമ്പത്തിക ബാദ്ധ്യത വരുന്നത്.

പുതിയ തസ്തികകൾ

2 (1412) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം

3 (1413) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കകോള കമ്പനിയുടെ പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിനുള്ള ബിൽ രാഷ്ട്രപതി തിരിച്ചയച്ച സാഹചര്യത്തിൽ തുടർനടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ജലചൂഷണ ഇരകൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഇനിയും കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധചെലുത്തുമോ?

ഉത്തരം

(എ-സി) 24-2-2011-ൽ കേരള നിയമസഭ പാസ്സാക്കി, ഗവർണർ, രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരുന്ന കേരള പ്ലാച്ചിമട കൊക്കകോള ബിൽ രാഷ്ട്രപതി 20-11-2015-ന് അനുമതി withhold ചെയ്ത് തിരിച്ചയച്ചിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ കേരള സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ല എന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. നഷ്ടപരിഹാരം കമ്പനിയിൽ നിന്നും നേടിയെടുക്കുവാൻ സാധ്യമായ മാർഗ്ഗം ഉണ്ടോ എന്ന് നിയമപരമായി പരിശോധിച്ചു വരുന്നു.

ഇ-ഓഫീസ് സംവിധാനത്തിലെ സാങ്കേതിക തകരാറുകൾ

4 (1414) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക തകരാറുകൾമൂലം ഇ-ഓഫീസ് സംവിധാനം നിശ്ചലമായി സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഓഫീസ് സംവിധാനത്തിലൂടെയുള്ള ഫയൽ നീക്കത്തിലെ ന്യൂനതകളെപ്പറ്റി പഠിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിലയിരുത്തലിന് തയ്യാറാകുമോ;

(സി) ഇ-ഗവേണൻസ് സംവിധാനത്തിലെ പിഴവുകൾ പരിഹരിച്ച് പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017 മാർച്ച് മാസാന്ത്യം ഇ-ഫയലിംഗ് സിസ്റ്റം കൂടുതലായി ഉപയോഗിച്ചതിന്റെ ഫലമായി സെർവറിനുണ്ടായ പ്രവൃത്തി ഭാരം കാരണം, ഇ-ഓഫീസ് സംവിധാനം 3 മണിയ്ക്കും 5 മണിയ്ക്കും ഇടയിൽ മന്ദഗതിയിലായിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഏപ്രിൽ മാസത്തോടെ ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്.

(ബി) ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി.-യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ സാങ്കേതിക സഹായികൾ, കെൽട്രോൺ-ന്റെ നെറ്റ് വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം പ്രവർത്തിക്കുന്ന ഹാർഡ് വെയർ, നെറ്റ് വർക്ക്, സെർവറുകൾ എന്നിവയിൽ പ്രശ്നങ്ങളൊന്നും തന്നെ ഇല്ലെന്നും ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തന യോഗ്യമാണെന്നും സ്ഥിതീകരിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.സി. യുടെ ഇ-ഓഫീസ് ആപ്ലിക്കേഷൻ /സെർവ്വറിന്റെ ഭാഗത്ത് നേരിട്ട പ്രശ്നം സംബന്ധിച്ച് യഥാർത്ഥ വസ്തുത ഇ-ഓഫീസ് ആപ്ലിക്കേഷൻ നിർമ്മിച്ച എൻ.ഐ.സി. വ്യക്തമാക്കിയിട്ടില്ല. മേൽ പ്രശ്നം സംബന്ധിച്ച് വകുപ്പുതലത്തിലും സെക്രട്ടറിതലത്തിലും ചീഫ് സെക്രട്ടറി തലത്തിലും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും, ആപ്ലിക്കേഷൻ സൈഡിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ എൻ.ഐ.സി.-യ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്വെയർ (ഇ-ഓഫീസ് Version 2) വികസിപ്പിച്ചെടുക്കാൻ, എൻ.ഐ.സി.-യുടെ പദ്ധതി നിർദ്ദേശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കെ.എ.എസ്. നടപ്പാക്കൽ

5 (1415) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.എസ്. നടപ്പാക്കുക വഴി സംസ്ഥാനത്ത് സർവ്വീസ് മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരിൽ എത്രപേർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വീസിൽ പ്രവേശിക്കാൻ കഴിയും എന്നും ഇത് നടപ്പാക്കുക വഴി സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് എന്തെങ്കിലും നഷ്ടം സംഭവിക്കുമോ എന്ന ആശങ്ക സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ഉണ്ടെങ്കിൽ ആയതെന്തെന്നും വ്യക്തമാക്കുമോ;

(സി) കെ.എ.എസ്. നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന സംഘടനകൾ ഏതെല്ലാം എന്നും, എതിർപ്പും സമരവും പ്രഖ്യാപിച്ച സംഘടനകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാർ എത്രയെന്നും കെ.എ.എസ്. തസ്തികയിലെ നിയമനം ഓരോ വർഷവും എത്രപേർക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേയ്ക്ക് കടന്നുവരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബ്ബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. വികസന രംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ്. രൂപീകരിക്കുന്നതിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

(ബി) പരിശോധിച്ചുവരുന്നു.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകൾ ഒഴികെയുള്ള പ്രമുഖ സർവ്വീസ് സംഘടനകൾ എല്ലാംതന്നെ അനുകൂല അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനം

6 (1416) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് വയനാട് ജില്ലയിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം വയനാട് ജില്ലയിൽ നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ 31-3-2017-വരെ വയനാട് ജില്ലയിൽ 698 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പദ്ധതികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി

7 (1417) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതി, ഫ്ളഡ് റിലീഫ്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് നല്കുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അതത് എം.എൽ.എ.-മാർക്ക് ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് അതത് ജില്ലാ വികസന സമിതികളിൽ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ ;

(സി) ഉത്തരവുകളുടേയും പ്രോഗ്രസ് റിപ്പോർട്ടിന്റെയും പകർപ്പുകൾ അതത് എം.എൽ.എ.-മാരുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-5-2004-ലെ സ.ഉ.(ആ)247/2004/ധന. ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധി മുഖേനയും, 11-6-2012-ലെ സ.ഉ.(ആ)332/2012/ധന. ഉത്തരവ് പ്രകാരം ആസ്തി വികസന നിധി മുഖേനയും എം.എൽ.എ.-മാർ നിശ്ചയിക്കുന്ന പ്രവൃത്തികൾക്ക് നൽകുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് എം.എൽ.എ.-മാർക്ക് നൽകുവാൻ വ്യവസ്ഥയുണ്ട്. ഫ്ളഡ് റിലീഫ് സംബന്ധിച്ച എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവ് ലഭിക്കുമ്പോൾ തന്നെ അതത് എം.എൽ.എ.-യ്ക്ക് ഉത്തരവിന്റെ പകർപ്പ് അയച്ച് നൽകുന്നുണ്ട്.

(ബി) 21-6-2012-ലെ സർക്കുലർ നമ്പർ 40/2012/ധന. പ്രകാരം പ്രത്യേക വികസന നിധി മുഖേനയും 1-9-2015-ലെ സ.ഉ.(സാധാ)7791/2015/ധന. ഉത്തരവ് പ്രകാരം ആസ്തി വികസന നിധി മുഖേനയും നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ പുരോഗതി പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ) വകുപ്പിന് സമർപ്പിക്കാൻ വ്യവസ്ഥയുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

8 (1418) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിൽ വരുത്തുന്നതിന് വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലായെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എവിടെവരെയായി എന്ന് വിശദമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസ് പി.എസ്.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കരട് സ്പെഷ്യൽ റൂൾസ്-ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കെ.എ.എസ്. രൂപീകരിക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) സർക്കാരിന്റെ പരിഗണനയിലാണ്

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തെ തുടർന്ന് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നത് സംബന്ധിച്ച് 13-1-2017-ൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രിയും 15-2-2017-ൽ ചീഫ് സെക്രട്ടറിയും ചർച്ച നടത്തുകയുണ്ടായി. നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

9 (1419) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വകുപ്പുകളെ കെ.എ.എസ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) കെ.എ.എസ്. രൂപീകരണത്തിന്റെ ഭാഗമായി നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംവരണം പാലിക്കണമെന്ന് ഏതെങ്കിലും സർക്കാർ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) കെ.എ.എസ്. നിയമനങ്ങളുമായി ബന്ധപ്പെട്ട് പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആയത് സംബന്ധിച്ചുള്ള 4-1-2017-ലെ G.O.(MS)No.1/17/P&ARD നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) സർക്കാരിന്റെ പരിഗണനയിലാണ്

ഫയൽ അദാലത്തുകൾ

10 (1420) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി എത്ര ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി; വകുപ്പ് തിരിച്ചുള്ള വിവരം നൽകാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മൂന്ന് മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടോ; ഫയൽ അദാലത്തുകൾ നടത്തിയിട്ടില്ലാത്ത ഏതെങ്കിലും വകുപ്പുകളുണ്ടോ എന്ന് അറിയിക്കാമോ;

(സി) മൂന്ന് മാസത്തിലധികമായി ഫയലുകൾ ആരംഭിക്കാതെ കെട്ടിക്കിടക്കുന്ന തപാലുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) മൂന്ന് മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ നടത്തുവാനുള്ള നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. സെക്രട്ടറിതലത്തിൽ അവലോകന യോഗങ്ങൾ കൂടാറുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ പ്രതിമാസ പ്രവർത്തന പത്രിക അനുസരിച്ച് തൻമാസം ലഭ്യമാക്കുന്ന തപാലുകളിൽ 88%-ത്തിലും തൻമാസത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശം എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

പരാതി പരിഹാരവേദികൾ

11 (1421) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പരാതി പരിഹാര വേദികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ നടത്തിയ പരാതി പരിഹാര വേദികളിൽ ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും, അതിലെത്ര പരാതികൾ തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2015-ൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും അതിലെത്ര പരാതികൾക്ക് തീർപ്പ് കൽപ്പിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദ വിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(സി) വിശദ വിവരം അനുബന്ധം- II ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്ഷേമ പദ്ധതികൾക്ക് ആധാർ

12 (1422) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ക്ഷേമ പദ്ധതികൾ അനുസരിച്ചും അല്ലാതെയുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; വിശദമാക്കുമോ;

(സി) ആധാർ നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനും സാമൂഹ്യ നീതി വകുപ്പിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും നേരിട്ട് നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ആധാർ ഇതുവരെയും നിർബന്ധമാക്കിയിട്ടില്ല. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കുറ്റമറ്റതാക്കാൻ ആധാർ ഒരു തിരിച്ചറിയൽ രേഖയായി ഉപയോഗിക്കുന്നുണ്ട്. ആധാർ ഇല്ലാത്തവർ മറ്റ് ഏതെങ്കിലും സർക്കാർ തിരിച്ചറിയൽ രേഖ നൽകിയാലും മതിയാകും.

(ബി) ക്ഷേമ പദ്ധതികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടില്ല.

(സി) ബാധകമല്ല.

മുൻ സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ

13 (1423) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ കണ്ടെത്താൻ ഈ സർക്കാർ രൂപീകരിച്ച ഉപസമിതി എന്നാണ് നിലവിൽ വന്നത്; ഇതിലെ അംഗങ്ങൾ ആരൊക്കെയെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ തെറ്റായ എത്ര ഉത്തരവുകളാണ് ഉപസമിതി പരിശോധിച്ചത്; ഇതിൽ ചട്ടവിരുദ്ധമായി കണ്ട ഉത്തരവുകൾ എത്ര; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ചട്ടവിരുദ്ധമായ ഉത്തരവുകൾ കൂടുതൽ കണ്ടെത്തിയത് ഏത് വകുപ്പിലാണ്; വിശദമാക്കുമോ;

(ഡി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 25-5-2016-ന് ചേർന്ന മന്ത്രിസഭായോഗം കഴിഞ്ഞ സർക്കാരിന്റെ അവസാന കാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെ എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭായോഗ തീരുമാനങ്ങളും പരിശോധിക്കുന്നതിലേക്കായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ചുവടെപ്പറയുന്നവരാണ് ഉപസമിതിയിലെ അംഗങ്ങൾ.

ശ്രീ. എ. കെ. ബാലൻ	-	കൺവീനർ
അഡ്വ. വി. എസ്. സുനിൽ കുമാർ	-	മെമ്പർ
ശ്രീ. എ. കെ. ശശീന്ദ്രൻ	-	മെമ്പർ
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി	-	മെമ്പർ
അഡ്വ. മാത്യു.ടി. തോമസ്	-	മെമ്പർ
ഡോ. ടി. എം. തോമസ് ഐസക്	-	മെമ്പർ

(ബി&സി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. ചില തീരുമാനങ്ങൾ റദ്ദ് ചെയ്യുവാനും ചില തീരുമാനങ്ങൾ പുനഃപരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പുനഃപരിശോധനയ്ക്ക് വിധേയമാക്കുവാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ കുറിപ്പുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

വിവിധ വകുപ്പുകളിലായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ

14 (1424) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലായി നിരവധി ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് ഡെലിവറി സംബന്ധിച്ച കാലഹരണപ്പെട്ട ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കാനും മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ (E-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.

(സി&ഡി) കാലഹരണപ്പെട്ട ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

15 (1426) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്. നിയമനത്തിന് സെക്രട്ടേറിയേറ്റിൽ എത്ര തസ്തികൾ മാറ്റി വച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(സി) മറ്റ് വകുപ്പുകളിലും കെ.എ.എസ്-മായി ബന്ധപ്പെട്ട് അനുവദിക്കുന്ന തസ്തികകളിലെ വിവരങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) 4-1-2017-ലെ G.O(Ms)No.1/17/P&ARD നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളടക്കം 29 വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) പരിശോധിച്ചുവരുന്നു.

വയനാട് ജില്ലയിലെ ഒഴിവുകൾ

16 (1427) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകളുണ്ട്; വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. വഴി നികത്തേണ്ടത് ഏതെല്ലാം;

(സി) ആറ് മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി 111 ഒഴിവുകൾ വിവിധ തസ്തികകളിലായി നികത്താതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത അനുബന്ധത്തിലെ 1 മുതൽ 33 വരെയുള്ള ക്രമ നമ്പറിൽ വിവരിച്ചിട്ടുള്ള ഒഴിവുകൾ ആറ്മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്നവയാണ്.

ആദിവാസി വിഭാഗങ്ങൾക്ക് പോലീസിലും എക്സൈസിലും പ്രത്യേകം നിയമനം

17 (T* 1428) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി വിഭാഗങ്ങൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിലേക്ക് നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മുമ്പ് ആദിവാസി വിഭാഗങ്ങൾക്ക് പി.എസ്.സി. വഴി വനം വകുപ്പിൽ പ്രത്യേക നിയമനം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് തസ്തികകളിൽ എത്ര പേർക്കാണ് നിയമനം നൽകിയത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ആദിവാസി മേഖലയിൽ നിന്നും തീരദേശ മേഖലയിൽ നിന്നുമായി പോലീസ് സേനയിൽ 75 വനിതകളെ വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. എക്സൈസ് വകുപ്പിൽ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീ യുവാക്കളെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്തുന്നതിനായി 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. യോഗ്യതയിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) വനം വകുപ്പിൽ മുൻപ് 708 പേർക്ക് വാച്ചർ തസ്തികയിലും ഒരാൾക്ക് റേഞ്ച് ഫോറസ്റ്റ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

മുന്നോക്ക സമുദായക്കാരിലെ പിന്നോക്കക്കാരുടെ ഉന്നമനം

18 (1429) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നോക്കസമുദായക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് ഏതെങ്കിലും കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) മുന്നോക്കസമുദായങ്ങളൊഴികെ ബാക്കി എല്ലാ വിഭാഗങ്ങൾക്കും ദേശീയതലത്തിൽ കമ്മീഷൻ നിലവിലുണ്ടെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(സി) മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുമാത്രമായിട്ടെങ്കിലും സംസ്ഥാനതലത്തിൽ കമ്മീഷൻ രൂപീകരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും ക്ഷേമനിധി പദ്ധതികളും നിശ്ചയിയ്ക്കുന്നതിനായി റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹ ചെയർമാനായി 2006-ൽ കേന്ദ്ര സർക്കാർ നിയമിച്ച മൂന്ന് അംഗ ദേശീയ കമ്മീഷൻ, 2010 ജൂലൈയിൽ അനുകൂലമായി ശിപാർശ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള 2015-ലെ കേരള സംസ്ഥാന കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2016 ഫെബ്രുവരി 24-ലെ എസ്.ആർ.ഒ. നമ്പർ 166/2016 ആയി മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷന്റെ നിലവിലെ ചെയർപേഴ്സണായി റിട്ടയർഡ് ജസ്റ്റിസ് ശ്രീ. എ. വി. രാമകൃഷ്ണപിള്ളയെയും, മെമ്പർമാരായി ശ്രീ. കെ. എസ്. വാസുദേവശർമ്മയെയും, പ്രൊഫ. (ഡോ.) കുര്യാസ് കുമ്പളക്കുഴിയെയും മെമ്പർ സെക്രട്ടറിയായി ഡോ. വി. എം. ഗോപാലമേനോൻ ഐ.എ.എസ്. (റിട്ട.)-നെയും നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

(ഡി) കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ശിപാർശ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

നിലമ്പൂർ താലൂക്കിലെ സർക്കാർ ഓഫീസുകൾ

19 (1430) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂരിൽ താലൂക്ക് അടിസ്ഥാനത്തിൽ ഏതൊക്കെ സർക്കാർ ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും സർക്കാർ ഓഫീസുകൾ ഇനിയും നിലമ്പൂരിൽ (താലൂക്ക് ഓഫീസിൽ) ആരംഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂരിൽ താലൂക്ക് അടിസ്ഥാനത്തിൽ താഴെ പറയുന്ന ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

1. താലൂക്ക് സപ്ലൈ ഓഫീസ്
2. ജോയിന്റ് ആർ.ടി.ഒ. നിലമ്പൂർ
3. താലൂക്ക് ഓഫീസ്, നിലമ്പൂർ
4. സബ് ട്രഷറി, നിലമ്പൂർ
5. വിൽപ്പന നികുതി ഓഫീസ്
6. സർവ്വേ സൂപ്രണ്ട് ഓഫീസ്
7. ഐ. റ്റി. ഡി. പി. ഓഫീസ്
8. ലീഗൽ മെട്രോളജി ഓഫീസ്
9. അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്
10. ചാലിയാർ നദീതട വികസന ഓഫീസ്
11. എംപ്ലോയ്മെന്റ് ഓഫീസ്
12. ഹൈഡ്രോളജി സെക്ഷൻ ഓഫീസ്
13. ഫുഡ് &സേഫ്റ്റി ഓഫീസ്
14. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്
15. അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
16. ലേബർ ഓഫീസ്

(ബി) ഉണ്ട്. തടസ്സങ്ങൾ ഉള്ളതായിട്ടുള്ള വിവരം ലഭ്യമല്ല.

സർക്കാർ ഓഫീസുകളിൽ ഓൺലൈൻ വഴി സേവനങ്ങൾ

20 (1431) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിനായി പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സാധാരണ ജനങ്ങൾക്ക് ഓൺലൈൻ വഴിയുള്ള സേവനങ്ങൾ സൗജന്യമായി നല്കുന്നതിനായി സർക്കാർ ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇ-ഡിസ്ട്രിക്ട്, എസ്.എസ്.ഡി.ജി, എം-കേരളം എന്നീ പദ്ധതികൾ വഴി വിവിധ സർക്കാർ സർവ്വീസുകൾ ഓൺലൈനായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഫ്രണ്ട്സ് കേന്ദ്രങ്ങളെ പൗരസേവന കേന്ദ്രങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ സർക്കാർ ഓഫീസുകൾ എന്നിവയുടെ ഫ്രണ്ട് ഓഫീസുകളായി മാറ്റി ഓൺലൈൻ വഴിയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിന് കരട് ഐ.ടി. നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

21 (1432) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നുവെന്ന് പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായപരിധി എത്രയായി ഉയർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) പെൻഷൻ പ്രായം ഉയർത്തുന്നതുമൂലം യുവാക്കളുടെ തൊഴിലവസരം നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) പ്രസക്തമല്ല.

സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഹാജർ

22 (1433) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഹാജർ രേഖപ്പെടുത്തുന്നതിൽ സമയക്രമം പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചന ഉണ്ടോ?

ഉത്തരം

(എ&ബി) 13-9-2010-ലെ സർക്കാർ ഉത്തരവ് സ.ഉ.(എംഎസ്.) നമ്പർ 315/10/പൊ.ഭ.വ. പ്രകാരം വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഡയറക്ടറേറ്റുകളിലും ബയോമെട്രിക് പഞ്ചിംഗ് നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡയറക്ടറേറ്റുകൾ കൂടാതെ വിവിധ സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ട്. ഓരോ വകുപ്പിനും കീഴിലുള്ള ഓഫീസുകളിൽ ഹാജർ രേഖപ്പെടുത്തുന്നത് ബയോമെട്രിക് പഞ്ചിംഗ് മുഖാന്തരമാക്കുന്നതിനുള്ള സംവിധാനം അതത് വകുപ്പുകൾ നടപ്പിലാക്കി വരുന്നു.

സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ്

23 (1434) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ ;

(ബി) ഏതെല്ലാം വകുപ്പിൽ ഈ നടപടി പൂർത്തിയായി എന്ന് അറിയിക്കുമോ ;

(സി) എന്നത്തേക്ക് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ വെർച്വൽ ഐ.ടി. കേഡർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

(ബി) ഇ-ഗവേണൻസ് പൂർണ്ണമായ തോതിൽ നടപ്പിലാക്കിത്തീർന്ന വകുപ്പുകൾ ഇല്ല. എന്നാൽ എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് വഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നല്കാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. അതുപോലെ ഇ-പ്രൊക്യൂർമെന്റ്,

ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അത് പോലെ തന്നെ ചില ഓഫീസുകൾ പേപ്പർരഹിത ഓഫിസുകളായി മാറിയിട്ടുണ്ട്. അവർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നു.

(സി) സാങ്കേതികവിദ്യയുടെ വികസനം ചലനാത്മകമായതുകൊണ്ട് ഇത് ഒരു തുടർ പ്രക്രിയയാണ്.

സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

24 (1435) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും അർപ്പണമനോഭാവവും ഉയർത്തുവാൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ജോലിഭാരം കുറഞ്ഞ വകുപ്പുകളും ജോലിഭാരം കൂടിയ വകുപ്പുകളും ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം പോരായ്മകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ജോലിഭാരം കുറഞ്ഞ വകുപ്പുകൾ ജോലിഭാരം കൂടിയ വകുപ്പിൽ ലയിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും അർപ്പണ മനോഭാവവും ഉയർത്തുവാനായി ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, കമ്പ്യൂട്ടർവൽക്കരണം, ഇ-ഓഫീസ്, പഞ്ചിംഗ് സിസ്റ്റം, എന്നിവ ഉൾപ്പെട്ട വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി

25 (1436) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി ജില്ലകൾ തോറും നടത്തിയ ജനസമ്പർക്ക പരിപാടികൾക്കുവേണ്ടി ആകെ ചെലവഴിച്ചത് എത്ര രൂപയാണ്; ഈ പരിപാടികളിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര രൂപ ധനസഹായമായി അനുവദിച്ചു; എത്ര അപേക്ഷകൾ ജനസമ്പർക്ക പരിപാടിയിലൂടെ സ്വീകരിച്ചു; ഇതിൽ എത്രയെണ്ണത്തിന് ഇനി പരിഹാരം കാണാനുണ്ട് ;

(ബി) ഈ സർക്കാർ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ പരാതി പരിഹാര നടപടികളോ പൊതുജന സമ്പർക്ക പരിപാടികളോ നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ; ഓരോ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ സ്വീകരിച്ചു, എത്ര അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചു. എത്ര രൂപ ഇതുവഴി വിതരണം ചെയ്തു എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ജനസമ്പർക്ക പരിപാടി

26 (1437) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നടന്ന ജനസമ്പർക്ക പരിപാടി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ജനസമ്പർക്ക പരിപാടികളിൽ ഇതിനകം വന്ന പരാതികളിൽ എത്രത്തോളം തീർപ്പാക്കിയിട്ടുണ്ട് എന്നത് വിശദമാക്കാമോ;

(സി) ജനസമ്പർക്ക പരിപാടികളിൽ കൂടുതലായി ആവലാതികൾ വന്നത് ഏതെല്ലാം പ്രശ്നങ്ങളിലാണ് എന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുജനപങ്കാളിത്തം കൊണ്ട് വിജയമായിരുന്നുവെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) ഇതിനകം 38932 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം, ഭൂമി പതിച്ചു നൽകൽ, റീസർവ്വേ അപാകത പരിഹരിക്കൽ, പോക്കുവരവ്, ഭവന നിർമ്മാണത്തിനുള്ള ധനസഹായം, റേഷൻ കാർഡ് APL-BPL അപാകത, സഹകരണ/മറ്റ് ദേശസാൽകൃത ബാങ്കുകളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പാ തിരിച്ചടവ്/എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങളാണ് പ്രധാനമായും പരാതികളിൽ ഉന്നയിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

27 (1438) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് നിയമപരമായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) പി.എസ്.സി.-യിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിലെ (ഫയൽ നമ്പർ 95834-Pay-Expenditure A2/209/2016 dated 9-12-2015) നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) 2017-18 കാലയളവിൽ ഒഴിവ് വരാൻ സാധ്യതയുള്ള അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തുടങ്ങിയവയിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിലേക്ക് തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് & വിജിലൻസ് ട്രിബ്യൂണൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയതിനുശേഷം മാത്രം നിയമനശിപാർശ ചെയ്യണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളിൽനിന്നും സമ്മതപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പി.എസ്.സി.-യിൽ വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 22-4-2017-ൽ സ.ഉ.(എംഎസ്) നമ്പർ 149/2017/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 2017 ജനുവരി മുതൽ 2018 ജനുവരി വരെയുള്ള 108 ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

28 (1439) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പരിപാടിയിലൂടെ പൊതുജനങ്ങൾ സമർപ്പിച്ചിട്ടുള്ള പരാതികളിന്മേൽ തീർപ്പ് കല്പിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

29 (1441) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് മുൻസർക്കാർ സ്വീകരിച്ച എത്ര അപേക്ഷകളിൽ ഈ സർക്കാർ പണം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് മുൻസർക്കാർ സ്വീകരിച്ച അർഹതയുള്ള എല്ലാ അപേക്ഷകളിലും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സമ്പ്രദായം

30 (1442) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകളിൽ ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്; എല്ലാ വകുപ്പുകളിലും പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഇ-ഫയൽ സമ്പ്രദായം ഭാഗികമായി മാത്രം നടപ്പിലാക്കിയാൽ ഒരേവിഷയത്തിൽ ഫിസിക്കൽ ഫയലും ഇ-ഫയലും തയ്യാറാക്കേണ്ടിവരുമെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് ജീവനക്കാർക്ക് അമിത ജോലിഭാരം, ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം എന്നിവയ്ക്ക് കാരണമാകുമെന്നുള്ളതിനാൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും സെക്ഷനുകളിലും ഇ-ഫയൽ സംവിധാനം (e-office) ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രഹസ്യവും, നിർണ്ണായക സ്വഭാവമുള്ളതുമായ ഫയലുകളും, ഇലക്ട്രോണിക് രൂപത്തിൽ കൈകാര്യം ചെയ്യുവാൻ പ്രയാസമായ വലിയ ഫയലുകളും പല വകുപ്പുകളിലും ഫിസിക്കലായി കൈകാര്യം ചെയ്യുവരുന്നുണ്ട്. 2017 ഏപ്രിൽ മാസം മുതൽ വകുപ്പുകളിലും സെക്ഷനുകളിലും ലഭ്യമാകുന്ന ഓരോ തപാലുകളും ഇ-ഓഫീസ് മുഖാന്തരം മാത്രമേ കൈകാര്യം ചെയ്യുവാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം, എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്. മാത്രവുമല്ല ഒരിക്കൽ ഇ-ഫയലായി കൈകാര്യം ചെയ്ത ഫയൽ യാതൊരുകാരണവശാലും പ്രിന്റ് ചെയ്ത് ഫിസിക്കൽ ഫയലാക്കാൻ പാടുള്ളതല്ലെന്ന കർശന നിർദ്ദേശവും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പുകൾക്കും, സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ ജോലി ഭാരം

31 (1443) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ജോലി ഭാരം കുറഞ്ഞതും കൂടിയതും ആയ സെക്ഷനുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ജോലി ഭാരം കുറഞ്ഞ സെക്ഷനുകൾ ജോലിഭാരം കൂടിയ വകുപ്പിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെക്ഷനുകൾ ഇത്തരത്തിൽ മാറ്റിയിട്ടുണ്ട് ;

(സി) ഓരോ സെക്ഷനിലെയും വകുപ്പുകളിലെയും ജോലിഭാരം നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് ശരിയായതും തുല്യമായതുമായ രീതിയിൽ വിഭജനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിനായി സെക്രട്ടേറിയറ്റിൽ നിലവിൽ എത്ര സെക്ഷനുകൾ ഉണ്ട്; സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വെറും രണ്ട് സെക്ഷനുകൾ മാത്രമാണെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലെയും നിലവിലെ ഫയലുകളുടെ എണ്ണം പരിശോധിക്കുമോ; ഇതിൽ ഏറ്റവും കൂടുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലുമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിൽ പി.ആന്റ്എ.ആർ.ഡി. വകുപ്പിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെയും സെക്ഷനുകളുടെയും വിഭജനം പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുമോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) പൊതു വിദ്യാഭ്യാസ വകുപ്പിൽ 20 സെക്ഷനുകൾ ഉണ്ട്. പരിശോധിക്കാവുന്നതാണ്.

(ഇ) സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലെയും ഫയലുകളുടെ സ്ഥിതി (എണ്ണം ഉൾപ്പെടെ) മാസംതോറും പി.ആന്റ്എ.ആർ.ഡി. അവലോകനം നടത്താറുണ്ട്. ഏറ്റവും കൂടുതൽ ഫയലുകൾ പൊതു വിദ്യാഭ്യാസ വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലുമാണെന്ന കാര്യം പരിശോധിച്ചിട്ടില്ല.

(എഫ്) സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെയും സെക്ഷനുകളുടെയും ജോലിവിഭജനം സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മുൻസർക്കാരിന്റെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

32 (1444) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര മന്ത്രിമാർ ഉണ്ടായിരുന്നു; ഓരോരുത്തർക്കും എത്ര വീതം പേഴ്സണൽ സ്റ്റാഫ് ആണ് ഉണ്ടായിരുന്നത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ മന്ത്രിസഭയിൽ എത്ര മന്ത്രിമാരുണ്ട്; ഓരോ മന്ത്രിമാർക്കും എത്ര വീതം പേഴ്സണൽ സ്റ്റാഫ് ആണ് ഉള്ളത്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 20 അംഗ മന്ത്രിസഭയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അധികാരമേറ്റത്. ശ്രീ. ടി. എം. ജേക്കബ് പദവിയിലിരിക്കെ നിര്യാതനാവുകയും, ശ്രീ. കെ. ബി. ഗണേഷ് കുമാർ, ശ്രീ. കെ. എം. മാണി എന്നിവർ രാജി വയ്ക്കുകയുമുണ്ടായി. ശ്രീ. അനൂപ് ജേക്കബ്, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. രമേശ് ചെന്നിത്തല എന്നിവർ മന്ത്രിസഭയിൽ അംഗങ്ങളായി ചേരുകയുമുണ്ടായി. ഇപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് പല ഘട്ടങ്ങളിലായി ആകെ 23 മന്ത്രിമാർ ഉണ്ടായിരുന്നു. പ്രസ്തുത മന്ത്രിസഭയിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നാം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാരിന്റെ മന്ത്രിസഭയിൽ നിലവിൽ 19 മന്ത്രിമാരുണ്ട്. അവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശദാംശങ്ങൾ രണ്ടാം അനുബന്ധമായി ചേർക്കുന്നു.*

ഡ്രൈവർ ഗ്രേഡ് II നിയമനം

33 (1445) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കാറ്റഗറി നമ്പർ 121/2011 ഡ്രൈവർ ഗ്രേഡ് II (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രം) റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് എത്ര പേർക്ക് നിയമനം ലഭിക്കുവാൻ സാധ്യതയുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവ ഏതെല്ലാം ഓഫീസുകളിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഒരാൾക്ക് നിയമന ശിപാർശ നൽകി.

(ബി&സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിൽ നിയമന ശിപാർശ നൽകുവാനായി ഒഴിവുകൾ ഒന്നും തന്നെ അവശേഷിക്കുന്നില്ല. വിവിധ വകുപ്പുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്ലാസ്-IV തസ്തികകളിൽ നിന്നുള്ള സ്ഥാനക്കയറ്റം

34 (1446) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ക്ലാസ്-IV തസ്തികയിൽ നിന്ന് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് എത്ര ശതമാനമാണ് നീക്കിവച്ചിരിക്കുന്നത്;

(ബി) ഇതിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ക്ലാസ്-IV ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ക്ലാസ്-IV ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന താഴ്ന്ന ശമ്പളക്കാരായ ജീവനക്കാർക്കായി എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ്/കോപ്പിയിസ്റ്റ് എന്നീ ക്ലാസ്സ്-III തസ്തികകളിലെ 10% ഒഴിവുകൾ തസ്തികമാറ്റ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനം പൊതുമരാമത്ത് വകുപ്പിലെ ക്ലാസ്-IV ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

ഹാഡ പദ്ധതി

35 (1447) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഡ പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളുടെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

(എ) ഈ ഏജൻസി തുടരേണ്ടതില്ലെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം വരെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ പൂർത്തീകരണം ഉൾപ്പെടെയുള്ള വിവിധ ഘട്ടങ്ങളിലാണ്.

ആദ്യ ബജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ പുരോഗതി

36 (1448) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര ശതമാനം പദ്ധതികൾ ഇതുവരെ പൂർത്തിയായി;

(ബി) ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ സംവിധാനം കാര്യക്ഷമമല്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എടുത്ത തിരുത്തൽ നടപടികൾ എന്തൊക്കെയാണ് ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ റോഡ് മാപ്പ് തയ്യാറാക്കി നൽകുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-3-2017, 5-4-2017 തീയതികളിൽ നടത്തിയ പദ്ധതി അവലോകന യോഗങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സെക്രട്ടറിമാർ തയ്യാറാക്കി സമർപ്പിക്കുന്ന റോഡ് മാപ്പിന്റെ അടിസ്ഥാനത്തിൽ വിശദമായ അവലോകനം ജൂൺ 2017-ൽ നടത്തുന്നതാണ്.

ആസൂത്രണ ബോർഡിലെ അംഗങ്ങളുടെയും പദ്ധതികളുടെയും ലിസ്റ്റ്

37 (1449) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിലെ സ്ഥിരാംഗങ്ങളുടെയും പാർട്ട് ടൈം അംഗങ്ങളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്, ലഘുജീവചരിത്രം എന്നിവ ലഭ്യമാക്കുമോ ;

(ബി) ആസൂത്രണ ബോർഡിൽ എത്ര സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; ഓരോ സബ് കമ്മിറ്റി അംഗങ്ങളുടെയും പേര് നല്കുമോ; ഓരോ സബ് കമ്മിറ്റിയുടെയും ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കുമോ ;

(സി) കേന്ദ്രസർക്കാരിന്റെ നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതികൾ തയ്യാറാക്കുന്ന പരിചയം ഉള്ള സാങ്കേതികവിദഗ്ദ്ധർ ഓരോ കമ്മിറ്റിയിലും ഉണ്ടോ; അവരുടെ സേവനം ഉപയോഗിച്ച് ഓരോ മേഖലയുടെയും വികസനത്തിന് തയ്യാറാക്കിയ പദ്ധതി രേഖകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ആസൂത്രണ ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസൂത്രണ ബോർഡിലെ സ്ഥിരാംഗങ്ങളുടെയും പാർട്ട് ടൈം അംഗങ്ങളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്, ലഘുജീവചരിത്രം എന്നിവ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ആസൂത്രണ ബോർഡിൽ 43 വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെയും അംഗങ്ങളുടെയും പേര് അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

(സി) അതാത് വിഷയ മേഖലകളിൽ പ്രാവീണ്യം നേടിയ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് ഓരോ കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പദ്ധതികൾക്കൊന്നും നിലിൽ നീതി ആയോഗിന്റെ മാർഗ്ഗ നിർദ്ദേശങ്ങളൊന്നും ലഭിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വാർഷികപദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

38 (1450) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ പാളിച്ചയും വീഴ്ചയും ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2017-18 മുതൽ 60 ശതമാനം പദ്ധതികൾക്ക് മേയ് 30 നകം ഭരണാനുമതി നേടിയിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എല്ലാ പദ്ധതികൾക്കും ഓരോ ഘട്ടത്തിലുമുള്ള സമയക്രമം ഉൾപ്പെടെയുള്ള രൂപരേഖ തയ്യാറാക്കിയും പദ്ധതി പുരോഗതി എല്ലാ മാസവും വിലയിരുത്തിയും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 16-3-2017-ലും 5-4-2017-ലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പദ്ധതി അവലോകനയോഗങ്ങളിൽ 60 ശതമാനം പദ്ധതികൾക്കും ജൂൺ 30-നകം ഭരണാനുമതി നേടിയിരിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാമാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി പുരോഗതി നിരീക്ഷിക്കുകയും വിലയിരുത്തുകയും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ഓരോ ത്രൈമാസത്തിനുശേഷവും യോഗം ചേർന്ന് പദ്ധതി പുരോഗതി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. ഓരോ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും പദ്ധതി നിർവ്വഹണം സംബന്ധിച്ച് പ്രതിമാസ അവലോകന യോഗം കൂടാനും 5-4-2017-ന് കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ 'ഹാഡ' പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ

39 (1451) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 'ഹാഡ' പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മേൽ പദ്ധതിയുടെ കീഴിൽ വരുന്നത്; പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജില്ലയിലെ മലയോരമേഖലയിലെ പല പഞ്ചായത്തുകളും മേൽ പദ്ധതിയുടെ കീഴിൽ വരുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ജില്ലയിലെ മലയോര മേഖലയിലെ കൂടുതൽ പഞ്ചായത്തുകളെ 'ഹാഡ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാൻഷെ XXI-ൽ ഉൾപ്പെടുത്തി മൂന്ന് പ്രവൃത്തികളും ട്രാൻഷെ XXII-ൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളായ കല്ലാർ, കോടോംബേളൂർ, വെസ്റ്റ് എളേരി, ഈസ്റ്റ് ഇളേരി, കിനാനൂർ-കരിന്തളം, പനത്തടി എന്നീ പഞ്ചായത്തുകളാണ് മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുന്നത്. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് 800 മീറ്ററിൽ കൂടുതൽ ഉയരത്തിലുള്ളതും അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയുമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) മലയോര വികസന ഏജൻസിയിൽ 561 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട് എങ്കിലും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 800 മീറ്ററിൽ കൂടുതൽ ഉയരത്തിലുള്ളതും അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയുമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഹാഡ നിർത്തലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, മലയോര മേഖലയിലെ കൂടുതൽ പഞ്ചായത്തുകളെ 'ഹാഡ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2016-2017-ൽ വകയിരുത്തലുകൾക്കുപരിയായി വിനിയോഗിച്ച അധിക ചെലവുകളുടെ വിവരങ്ങൾ

40 (1452) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017-ൽ വകയിരുത്തലുകൾക്കുപരിയായി വിനിയോഗിച്ച അധിക ചെലവുകളുടെ വിവരങ്ങൾ നൽകാമോ; ലോക ബാങ്ക്, എ.ഡി.ബി. തുടങ്ങിയ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തികരിക്കാത്തതിനാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര രൂപയാണ് കമ്മിറ്റ്മെന്റ് ചാർജായി നല്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിന് രൂപ ജലസേചനത്തിനും കുടിവെള്ളത്തിനുമായി വകയിരുത്തുന്നുണ്ടെങ്കിലും വരൾച്ചമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുന്നില്ലാത്ത സാഹചര്യത്തിൽ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കുമായി തയ്യാറാക്കുന്ന ബജറ്റിലെ അപാകതകളെ കുറിച്ച് പഠിക്കാനും ശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ വിഭാഗം എന്തെങ്കിലും പഠനം നടത്തുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

ഐ.ടി. മേഖലകളിലെ തൊഴിലവസരം

41 (1453) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ.ടി. മേഖലകളിൽ തൊഴിലവസരം ലഭ്യമാക്കുന്ന എന്തൊക്കെ സംരഭങ്ങൾ ആണ് ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലകളിൽ എത്ര തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്?

ഉത്തരം

(എ) ഐ.ടി. മേഖലകളിൽ തൊഴിലവസരം വർദ്ധിപ്പിക്കാനുതകുന്ന രണ്ട് പുതിയ സംരംഭങ്ങളാണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം (Skill Delivery Platform), കേരള ടെക്നോളജി ഇന്നവേഷൻ സോൺ (Kerala Technology Innovation

Zone) എന്നിവ. കൂടാതെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വിവര സാങ്കേതികവിദ്യയ്ക്കുള്ള നിർണ്ണായക പങ്ക് മനസ്സിലാക്കിക്കൊണ്ടുള്ള സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിന് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിക്കും.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലകളിൽ ഏകദേശം 4243 തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്.

മൊബൈൽ ടവറുകളിലെ ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ (ഇ.എം.ആർ.) പരിശോധന

42 (1454) ശ്രീ. എ. എം. ആരിഫ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള 55000 ത്തിൽപരം മൊബൈൽ ഫോൺ ടവറുകളിൽ 16,000 എണ്ണത്തിൽ മാത്രമേ ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ (ഇ.എം.ആർ.) പരിശോധന നടത്തിയിട്ടുള്ളൂ എന്നതിനാൽ ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിൽ ഭൂരിഭാഗം ടവറുകളും ജനവാസകേന്ദ്രത്തിലായതിനാലും 2 ജി-യിൽ നിന്നും 3 ജി യിൽ നിന്നും ടവറുകൾ 4 ജയിലേക്ക് മാറുന്നതിനാലും ഇലക്ട്രോ മാഗ്നറ്റിക് പ്രസരണം അധികരിക്കാനിടയുള്ളതിനാൽ ജനങ്ങളുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കാൻ ശാസ്ത്ര, സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയെ ഏർപ്പെടുത്തുമോ ;

(സി) പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആശങ്ക അകറ്റുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2017-ൽ സംസ്ഥാനത്ത് നിലവിലുള്ള 76429 മൊബൈൽ ടവറുകളിൽ 19,914 ടവറുകൾ പരിശോധിച്ചതിൽ ഒരെണ്ണത്തിൽപ്പോലും EMR തോത് അനുവദനീയ പരിധിയ്ക്ക് പുറത്തല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ വർഷവും 10% ടവറുകൾ റാൻഡമായി പരിശോധിക്കുക എന്ന സമീപനമാണ് ചെയ്യുവരുന്നത്.

(ബി) റേഡിയേഷൻമൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര ടെലികോം വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ചു ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ "Telecom Enforcement Resource & Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) മൊബൈൽ ടവറുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പരാതികളും പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ പ്രതിനിധി ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ജില്ലാ ടെലികോം കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

കൃത്രിമ മഴ

43 (1455) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃത്രിമ മഴയ്ക്കുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃത്രിമ മഴയ്ക്കുള്ള സാധ്യത സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ട്. 26-4-2017-ലെ സ.ഉ.(കൈ)നമ്പർ 2/2017/ശാ.സ.വ ഉത്തരവ് പ്രകാരം കൃത്രിമ മഴയുടെ സാദ്ധ്യത പരിശോധിക്കുന്നത് സംബന്ധിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സമർപ്പിച്ച പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)* കൃത്രിമ മഴ, 'ക്ലൗഡ് സീഡിംഗ്' മുഖാന്തരം പെയ്യിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ നിർവ്വഹണ ഏജൻസി (Implementing Agency)ആയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ സാങ്കേതിക ഏകോപനത്തിനായി ചുമതലപ്പെടുത്തുകയും കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായി ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഈ സാമ്പത്തിക വർഷം ഇന്നവേഷൻ &എസ്കോട്ട് എന്ന പദ്ധതിയിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 25.14 കോടി രൂപയിൽ കൃത്രിമ മഴയ്ക്കുള്ള പ്രാരംഭ പ്രവൃത്തികൾക്കായി 5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണത്തിന് സി.ആർ. ഇസഡ്.-ന്റെ അനുമതിക്കുള്ള നടപടി

44 (1457) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം പണിയുന്നതിന് സി.ആർ. ഇസഡ്.-ന്റെ അനുമതിയ്ക്കായി സമർപ്പിച്ച ഫയലിന്മേൽ എന്ത് തീരുമാനമെടുത്തു എന്ന് വെളിപ്പെടുത്താമോ ;

(ബി) പുതിയാപ്പ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ ചെലവിന്റെ ഒരു ശതമാനം സംഖ്യ കെട്ടിവെക്കണമെന്ന സി .ആർ. ഇസഡ്. അധികൃതരുടെ ഭാഗത്ത് നിന്ന് വന്ന നിർദ്ദേശം റദ്ദ് ചെയ്ത് പ്രസ്തുത സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം പണിയുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷ ടെക്നിക്കൽ പരിശോധനയ്ക്കായി നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA)-യുടെ യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ അപേക്ഷകളിന്മേൽ പരിശോധനാഫീസ് ഒഴിവാക്കുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA) തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

കോസ്റ്റൽ റിസർവ് സോൺ

45 (1459) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ റിസർവ് സോൺ പരിശോധനയ്ക്കായി സംസ്ഥാനത്ത് വിവിധ ലോക്കൽ ബോഡികളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ പരിശോധന ആരംഭിച്ചിട്ടുണ്ടോ ;

(ബി) പരിശോധനയുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിലേയ്ക്ക് അയച്ച അപേക്ഷകൾ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോ;

(ഡി) കോസ്റ്റൽ റിസർവ് സോൺ കൺകറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അപേക്ഷ സ്വീകരിച്ചതിന്റെ വിവരങ്ങൾ അപേക്ഷകനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; റിയാസ് ജമീലയുടെ BL 555/15 നമ്പർ അപേക്ഷയുടെയും ഫസീല റംഷാദിന്റെ (കൊയിലാണ്ടി) BL/121/2016 നമ്പർ അപേക്ഷയുടെയും ഇപ്പോഴത്തെ അവസ്ഥ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സി. ആർ. ഇസഡ്. അനുമതിയ്ക്കായുള്ള അപേക്ഷകളിൽ കേരള തീരദേശ പരിപാലന അതോറിറ്റി നടപടി സ്വീകരിച്ച് അനുമതി നൽകി വരികയാണ്. 2016 വർഷത്തിൽ ആകെ 1436-ഓളം അപേക്ഷകളിലും, 2017 നാളിതുവരെ 795-ഓളം അപേക്ഷകളിലും അതോറിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) ശാസ്ത്ര സാങ്കേതിക വകുപ്പിൽ ലഭിച്ച അപേക്ഷകൾ പ്രസ്തുത വകുപ്പ് തന്നെ അജണ്ട തയ്യാറാക്കി അതോറിറ്റിയുടെ മീറ്റിംഗുകളിലേക്ക് നല്കി വരികയാണ്. 2017 ജനുവരി മുതൽ ലഭിച്ച അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലേക്ക് മാറ്റി നൽകിവരികയാണ്.

(ഡി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മേയ് മാസത്തിൽ ഫയൽ അദാലത്ത് നടത്തി പരമാവധി അപേക്ഷകളിൽ തീർപ്പ് കൽപിക്കുന്നതിനായുള്ള നിർദ്ദേശം നിലവിലുണ്ട്.

(ഇ) അപേക്ഷകൾ പഞ്ചായത്ത്/ മുനിസിപ്പൽ സ്ഥാപനങ്ങൾ മുഖേനയാണ് ലഭിക്കുന്നത്. തീർപ്പ് കൽപ്പിക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിനെയും അപേക്ഷകനെയും അറിയിക്കുന്നുണ്ട്. റിയാസ് ജമീലയുടെയും ഫസീല റംഷാദിന്റെയും അപേക്ഷയിൽ ടെക്നിക്കൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് മേയ് മാസത്തിൽ നടക്കുന്ന അതോറിറ്റിയുടെ യോഗത്തിൽ പരിഗണിക്കുന്നതാണ്.

വി.ഇ.ഒ.-യ്ക്ക് സമാനമായ തസ്തികകൾ

46 (T* 1460) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.ഇ.ഒ.-യ്ക്ക് സമാനമായ തസ്തികകൾ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലും ബോർഡുകളിലും ഉണ്ടെന്നും ഈ തസ്തികകളിൽ എത്ര ഡെപ്യൂട്ടേഷൻ വേക്കൻസികൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) വി.ഇ.ഒ.-യ്ക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷന് പോകാൻ സാധിക്കുമോ; എവിടെയൊക്കെ എത്ര ഡെപ്യൂട്ടേഷൻ വേക്കൻസികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വി.ഇ.ഒ.-യ്ക്ക് ഏതെല്ലാം തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷന് പോകാൻ സാധിക്കും; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കെ.എ.എസ്. നടപ്പാക്കൽ

47 (1461) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പാക്കുന്നതിൽ പ്രതിഷേധിക്കുന്ന ഒരു വിഭാഗം സെക്രട്ടേറിയറ്റ് ജീവനക്കാർ സെക്രട്ടേറിയറ്റിലെ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പരിശോധിക്കാനായി സർക്കാർ 30-1-2017-ൽ സെക്രട്ടേറിയറ്റിലെ എല്ലാ സെക്രട്ടറിമാർക്കും നൽകിയ കുറിപ്പിൻ പ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുവാനായി നിയോഗിച്ച സെക്രട്ടറിതല കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം; ഇവർ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ?

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-1-2017-ലും 6-2-2017-ലും 14-3-2017-ലും കുറിപ്പുകൾ നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) 4-1-2017-ലെ G.O.(Ms)No.1/17/P&ARD നമ്പർ ഉത്തരവുപ്രകാരം അംഗങ്ങളെ തീരുമാനിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* പ്രത്യേക ചട്ടങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിവിൽ സർവ്വീസിനെ അഴിമതി വിമുക്തമാക്കലും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റവും

48 (1462) ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസിനെ അഴിമതി വിമുക്തമാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പുതിയതായി മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സ്ഥലം മാറ്റം പൂർണ്ണമായും അംഗീകൃത മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിക്കുമോ;

(ഡി) സ്പെഷ്യൽ ഓർഡറും വർക്കിംഗ് അറേഞ്ച്മെന്റും അവസാനിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിനും വേണ്ടി കേരള സംസ്ഥാന സേവനാവകാശനിയമം, 2012 നടപ്പിലാക്കിയിട്ടുണ്ട്. സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭാഗത്ത് നിന്നും വീഴ്ച ഉണ്ടാകുന്ന പക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിന് വേണ്ടി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിലും പ്രോജക്ടുകളിലും മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-6-2016-ാം തീയതിയിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പാരിസ്ഥിതിക ലക്ഷണങ്ങൾക്കെതിരെ എൺവയോൺമെന്റ് റിസ്ക് വിജിലൻസ്, വിദ്യാഭ്യാസ മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil" സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി പ്രാദേശിക വായന ശാലകൾ ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ "Vig-Net" " Zero tolerance to corruption" എന്ന ആശയത്തിലേയ്ക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ, മോട്ടോർ വാഹന വകുപ്പിലെ അഴിമതിയ്ക്കെതിരെ " Trans Vigil" എന്നീ പദ്ധതികളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും

"ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ "Anti-Corruption Induction Training" ആരംഭിച്ചു. എല്ലാ വകുപ്പുകളിലേയും അഴിമതിയുടെ പങ്ക് അനുസരിച്ച്/കണക്കനുസരിച്ച് വകുപ്പുകളെ എ,ബി,സി,ഡി ആയി ഗ്രേഡ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം ഗ്രേഡിംഗ് മൂന്ന് മാസത്തിലൊരിക്കൽ വിജിലൻസ് ആന്റ് കറപ്ഷന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25-2-2017-ലെ സ.ഉ (പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്ഥലമാറ്റ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തിവരുന്നത്.

(ഡി) വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കിക്കൊണ്ട് 15-2-1992-ലെ 1015/ഡി2/92/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ലാർക്ക് തസ്തികയിലെ എൽ.ഡി./യു.ഡി. അനുപാതം

49 (1463) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ക്ലാർക്ക് തസ്തികയിൽ എൽ.ഡി./ യു.ഡി. അനുപാതമനുസരിച്ച് ഓഫീസുകളിൽ പ്രത്യേകമായി യു.ഡി. ക്ലാർക്ക് തസ്തിക നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി യു.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിനും സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനും നിയമനവും കൈകാര്യം ചെയ്യണമെന്നും 16-3-1989-ലെ ജി.ഒ.(പി) 5/89/പി &എ.ആർ.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഉത്തരവ് പാലിക്കാതെ ഇപ്പോഴും പല വകുപ്പുകളിലും യു.ഡി.ക്ലാർക്കായി പ്രൊമോഷൻ ലഭിക്കുമ്പോൾ ജീവനക്കാരെ ഇതര ജില്ലകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എല്ലാ വകുപ്പുകളിലും 16-3-1989-ലെ ജി.ഒ.(പി) 5/89/പി. & എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ വകുപ്പുകളിൽ ഉദ്യോഗ സംവരണം

50 (1464) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി., എസ്.ടി., പിന്നാക്ക വിഭാഗങ്ങൾക്ക് എത്ര ശതമാനം വീതമാണ് ഉദ്യോഗ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഓരോ വകുപ്പിലും ഓരോ കാറ്റഗറിയിലും എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഇത്ര ശതമാനം എന്ന നിലയിൽ ഉദ്യോഗത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; അതോ എൻട്രി കേഡറുകളിൽ മാത്രമാണോ ഈ സംവരണമുള്ളത്;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളത്; അഖിലേന്ത്യാ സർവ്വീസൊഴികെ, സംസ്ഥാന സർക്കാർ വകുപ്പുകളിലെ ക്ലാസ്സ് I, ക്ലാസ്സ് II, ക്ലാസ്സ് III തസ്തികകളിൽ ജോലി ചെയ്യുന്ന ആകെ ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഇതിൽ എത്ര എസ്.സി., എസ്.ടി., മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പെടുന്നവരുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ക്ലാസ്സ് I മുതൽ ക്ലാസ്സ് III വരെയുള്ള തസ്തികകളിൽ മതിയായ എണ്ണം എസ്.സി., എസ്.ടി. വിഭാഗക്കാരില്ലെങ്കിൽ, പ്രത്യേക റിക്രൂട്ട്മെന്റിലൂടെ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 8%-വും എസ്.ടിയ്ക്ക് മാത്രമായി 2%-വും സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവിധ സർക്കാർ വകുപ്പുകളിൽ എസ്.സി/എസ്.ടി വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിനായി പൊതുഭരണ വകുപ്പിന് കീഴിൽ 'എംപ്ലോയ്മെന്റ് സെൽ' എന്ന വകുപ്പ് നിലവിലുണ്ട്. ഈ വകുപ്പ് സർക്കാർ സർവ്വീസിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം അവലോകനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമാനുസൃതമായ പ്രാതിനിധ്യമുണ്ടോ എന്ന് പരിശോധിക്കുകയും കുറവ് കണ്ടെത്തിയാൽ പ്രത്യേക നിയമനം നടത്താനായി തസ്തികകൾ റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു വരുന്നുണ്ട്.

അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്

51 (1465) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് സർവ്വീസ് കാലയളവ് പരിഗണിക്കേണ്ടതുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ. വ്യവസ്ഥകൾ അനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അംഗപരിമിതരായ ജീവനക്കാർ സമർപ്പിക്കുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷകൾ ചില സർവ്വകലാശാലകൾ നിഷേധിക്കുന്നതായും, ലീവ് പരിമിതപ്പെടുത്തുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) അംഗപരിമിതരായ ജീവനക്കാർക്ക് സർക്കാർ / സർവ്വകലാശാല സർവ്വീസുകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായും ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ. ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാർക്ക് കെ.എസ്.ആർ., ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 16-ലെ നിബന്ധനകൾക്ക് വിധേയമായി സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് സർവ്വീസ് കാലയളവ് നിഷ്കർഷിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ. ചട്ടങ്ങൾ പ്രകാരം അംഗപരിമിതരായ ജീവനക്കാർക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക നിർദേശം നൽകേണ്ടതില്ല.

ഡ്രൈവർ ഗ്രേഡ് II പി. എസ്. സി. റാങ്ക് ലിസ്റ്റ്

52 (1466) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 16/2014 ഡ്രൈവർ ഗ്രേഡ് II വിവിധ തസ്തികയിലേക്ക് റോഡ് ടെസ്റ്റ് നടത്തിയിട്ടും നാളിതുവരെയായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി തുടർന്നു വന്നതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ യോഗ്യതാ മാനദണ്ഡം പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തിനുവേണ്ടിയാണ് മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 16/2014 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വിവിധ വകുപ്പുകളിലേക്കുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച 12 ജില്ലകളിൽ ശേഷിക്കുന്ന 9 ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഡ്രൈവർ തസ്തികയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത താഴെ പറയും പ്രകാരമായിരുന്നു നിശ്ചയിച്ചിരുന്നത്.

1. A pass in Standard VII/III Forum.
2. Must possess valid Driving Licence of three years standing to drive Light Motor Vehicle with Driver's Badge.

3. Proficiency in Driving Light Motor Vehicles which is to be proved in a practical Test conducted by KPSC during the course of selection. Only those who pass 'H' Test are eligible for Road Test.

ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഡ്രൈവേഴ്സ് ബാഡ്ജ് മൂന്ന് വർഷം കൂടുമ്പോൾ പുതുക്കേണ്ടതിനാൽ ടി ബാഡ്ജിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ മൂന്നുവർഷ സാധുത ഉണ്ടായിരിക്കണമെന്ന് കമ്മീഷൻ കാലാകാലങ്ങളിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തീരുമാനം ചോദ്യം ചെയ്തുകൊണ്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത അന്യായത്തിന്മേലുള്ള ബഹുമാനപ്പെട്ട കോടതി വിധിയിൽ ബാഡ്ജിന് മൂന്ന് വർഷകാലാവധി നിശ്ചയിച്ച നടപടി തെറ്റാണെന്ന് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിലാണ് യോഗ്യതാ മാനദണ്ഡങ്ങൾ പുതുക്കാൻ തീരുമാനിച്ചിട്ടുള്ളത്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് II ലിസ്റ്റിൽ നിന്നും നിയമനം

53 (1467) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് II ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ജൂൺ 30-ന് അവസാനിക്കുന്ന ഈ ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 167 നിയമനങ്ങൾ നടന്നു.

(ബി) ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനം

54 (1468) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് വേണ്ടി പരീക്ഷ നടത്തിയിട്ടുണ്ടോ; പ്രസ്തുത പരീക്ഷ നടത്തിയത് എന്നാണ്; ആയതിന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എൻ.ജെ.ഡി. ഒഴിവുകൾ ഏതെല്ലാമെന്ന് കമ്മീഷണറിറ്റി തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ-സി) കേരള ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ നിയമനത്തിനായി കാറ്റഗറി നമ്പർ 426/14 ആയി അപേക്ഷ ക്ഷണിച്ചു. 25-7-2016-ൽ ഒ.എം.ആർ. പരീക്ഷ നടന്നു. തുടർന്ന് 4471 പേർ ഉൾപ്പെട്ട സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ച് പ്രമാണ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. സൂക്ഷ്മ പരിശോധന വേഗത്തിൽ പൂർത്തയാക്കി എത്രയും വേഗത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ നടപടി കൈക്കൊണ്ട് വരുന്നു. ടി തസ്തികയിലേയ്ക്ക് 160 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള എൻ.ജെ.ഡി. ഒഴിവുകളുടെ കമ്മ്യൂണിറ്റി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ഈഴവ-18, മുസ്ലിം-13, എസ്.സി.-9, എസ്.റ്റി.-3, എൽ.സി.-5, എസ്.ഐ.യു.സി-1, ഹിന്ദു നാടാർ-1, ഒ.ബി.സി.-6, ധീവര-2, ഒ.എക്സ്.-2, വിശ്വകർമ്മ-2. സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയവയിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ റാങ്ക് പട്ടിക 8-4-2016-നാണ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 135 പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. 24 ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഐ. ടി. നയം

55 (1469) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി. നയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ നയം എന്ന് മുതൽ പ്രാബല്യത്തിൽ വരും; വ്യക്തമാക്കുമോ ;

(ബി) ഐ.ടി. നയത്തിന്റെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും തൊഴിൽ സംരക്ഷണത്തിനും വ്യകതമായ രൂപരേഖ തയ്യാറാക്കുമോ;

(സി) കേരളത്തിൽ ചെറുകിട പാർക്കുകൾ എന്ന ആശയത്തെ അംഗീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വിവര സാങ്കേതിക വിദ്യയുള്ള നിർണ്ണായക പങ്ക് മനസ്സിലാക്കിക്കൊണ്ടുള്ള ഐ.ടി. നയമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഐ.ടി. നയം 2017-ന്റെ കരട് രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ഈ മേഖലയിലെ മറ്റ് വിദഗ്ധരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നയത്തിന് അന്തിമരൂപം നൽകി വരികയാണ്.

(ബി) ഐ.ടി. നയത്തിന്റെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും, തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ ഐ.ടി. ഉപനയം രണ്ടിൽ ഖണ്ഡിക 6 (വ്യവസായം സുഗമമാക്കുന്നതിനുള്ള നയം/തൊഴിൽ നിയമങ്ങൾ ലഘൂകരിക്കൽ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കേരളത്തിൽ ഗ്രാമീണ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട പാർക്കുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവര സാങ്കേതിക വിദ്യാ അധിഷ്ഠിതമാക്കി കൊണ്ടുള്ള എല്ലാ സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകും വിധമാണ് കരട് ഐ.ടി. നയം രൂപീകരിച്ചിരിക്കുന്നത്.

കെ-ഫോൺ പദ്ധതി

56 (1470) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാർവ്വത്രിക അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള കെ-ഫോൺ പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യം ഒരുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് അനിവാര്യമായിട്ടുള്ളത്; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഈ രംഗത്ത് കൊണ്ടുവരാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ-ഫോൺ പദ്ധതിയുടെ മാർഗരേഖ തയ്യാറാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതിനായി ഒരു കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.-ബി.-യുടെ വൈദ്യുതി പ്രസരണ വിതരണ ശൃംഖല വഴിയാണ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ടെലികോം/ഇന്റർനെറ്റ് കേബിൾ സർവ്വീസ് ദാതാക്കൾക്ക് ഈ നെറ്റ് വർക്ക് ഉപയോഗിച്ച് വിവിധ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ വേഗതയേറിയ ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം നേരിടുന്നുണ്ട്. ഈ ഫൈബർ ഒപ്റ്റിക് ശൃംഖല സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്ത് അതിവേഗ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഐ.ടി. പാർക്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉയർന്ന വേഗതയുള്ളതും സ്ഥിരത ഉള്ളതുമായ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സാധിക്കും. ഇ-ഹെൽത്ത്, ഇ-ലേണിംഗ്, ട്രാഫിക് മാനേജ്മെന്റ്, വീഡിയോ കോൺഫറൻസിംഗ്, വീഡിയോ സർവെയ്ലൻസ്, വീഡിയോ ഓൺ ഡിമാന്റ് തുടങ്ങിയ മേഖലകളിൽ വൻ വളർച്ച നേടാൻ ഇതിലൂടെ സാധിക്കും.

സി-ഡിറ്റിലെ പിരിച്ചുവിടലും നിയമനവും

57 (1471) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; പിരിച്ചുവിട്ടവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിലും കൺസൾട്ടന്റായും എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്;

(സി) ഇവരുടെ നിയമനം നടത്തിയത് പത്രപരസ്യം, ഓൺലൈൻ എന്നിവയിലൂടെയാണോ എന്ന് വിശദമാക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ കരാർ/ കൺസൾട്ടന്റ് നിയമനം ലഭിച്ചവരുടെ പേര്, തസ്തിക, അവർക്ക് പ്രതിമാസം വെബ് സർവ്വീസ് ഉൾപ്പെടെ നൽകുന്ന വേതനം, ഓവർ ടൈം അലവൻസ്, ബന്ധപ്പെട്ട പ്രോജക്ടിന്റെ പേര് എന്നിവ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആരെയും പിരിച്ചു വിട്ടിട്ടില്ല. എന്നാൽ 12 ജീവനക്കാരെ അവരുടെ കരാർ നിയമന കാലാവധി അവസാനിച്ച മുറയ്ക്ക് ജോലിയിൽ നിന്നും വിടുതൽ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിലെ വിവിധ വിഭാഗങ്ങളിൽ 27 പേരെ കരാറടിസ്ഥാനത്തിലും 5 പേരെ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ ഹൈക്കോടതി/ജില്ലാകോടതികൾക്ക് ഇ-കോർട്ട് പ്രോജക്ടിന് വേണ്ടി 42 പേരെയും മോട്ടോർ വാഹന വകുപ്പിന് എഫ്. എം.എസ്. എം. വി.ഡി. പ്രോജക്ടിനുവേണ്ടി 13 പേരെയും, ഐ.ടി. മിഷന് ഇ-പ്രോക്യൂർമെന്റ് പ്രോജക്ടിന് വേണ്ടി 8 പേരെയും, ടീ ബാങ്ക് പ്രോജക്ടിനു വേണ്ടി 3 പേരെയും 179 ദിവസത്തേയ്ക്ക് വീതം കരാർ അടിസ്ഥാനത്തിൽ സേവനത്തിനായി നിയമനം നൽകിയിട്ടുണ്ട്.

(സി) പത്രപരസ്യം, ഓൺലൈൻ വിജ്ഞാപനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെയാണ് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. പരസ്യങ്ങളുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

സി-ഡിറ്റിന്റെ പഠനകേന്ദ്രം അനുവദിക്കുന്നതിന് നടപടി

58 (1472) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന്റെ പഠനകേന്ദ്രം അനുവദിക്കുന്നതിനായി പ്രോസസ്സിങ് ഫീസ് അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും ആയത് അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി-ഡിറ്റിന്റെ പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനകേന്ദ്രങ്ങൾ അനുവദിക്കുന്ന സി.ഇ.പി. പദ്ധതിയുടെ നടത്തിപ്പ് പുനരവലോകനം ചെയ്യാനും കോഴ്സുകൾ പരിഷ്കരിച്ച് പുനഃസംഘടിപ്പിക്കാനും സി-ഡിറ്റ് തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി ക്രമം പൂർത്തിയാക്കിയതിനുശേഷം മാത്രമേ പുതിയ പഠനകേന്ദ്രങ്ങൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ)

59 (1473) ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇതിന്റെ സഹായത്താൽ പാവപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നല്കാൻ ലക്ഷ്യമിടുന്നുണ്ട്;

(സി) കമ്പ്യൂട്ടറോ, ആധുനിക മൊബൈലോ ഇല്ലാത്ത പാവപ്പെട്ടവർക്ക് അവ സൗജന്യമായി നല്കുന്നതിനുള്ള പദ്ധതിയുണ്ടോ; എങ്കിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ, വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് പാവപ്പെട്ടവർക്ക് മൊബൈൽ നൽകുന്ന കാര്യം പ്രകടന പത്രികയിലും കരട് ഐ.റ്റി. നയരൂപരേഖയിലും വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ തുക വകയിരുത്തിയിട്ടില്ല.

അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം

60 (1474) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾ വഴി എന്തെല്ലാം കാര്യങ്ങളാണ് (സർവ്വീസുകളാണ്) ജനങ്ങൾക്ക് ചെയ്ത് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളത്; ഇവ ഓരോന്നിനും സർക്കാർ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; നിരക്കിന്റെ പട്ടിക ലഭ്യമാക്കുമോ;

(ബി) സർക്കാർ ചാർജ്ജുകൾക്ക് പുറമേ കൂടുതലായി എന്തെങ്കിലും തുക അക്ഷയ കേന്ദ്രങ്ങൾക്ക് അപേക്ഷകരിൽ നിന്ന് സ്വീകരിക്കുന്നതിന് അനുമതി ഉണ്ടോ; സ്വീകരിക്കുന്ന തുകയ്ക്കുള്ള രസീത് അപേക്ഷകന് നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി ഏതൊക്കെ സർവ്വീസുകളാണ് ഉപഭോക്താവിന് സൗജന്യനിരക്കിൽ ചെയ്ത് നൽകേണ്ടതായിട്ടുള്ളത്;

(ഡി) സൗജന്യനിരക്കിലുള്ള സേവനങ്ങൾക്ക് അടിസ്ഥാന സൗകര്യം പോലും ഒരുക്കാതിരിക്കുകയോ അതുമല്ലെങ്കിൽ സൗകര്യങ്ങൾ ഉപയോഗിച്ച് കാര്യം ചെയ്യാ കൊടുക്കാതെ അപേക്ഷകനെ തിരിച്ചയക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അത്തരം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും / സർവ്വീസുകളും അവയ്ക്ക് ഈടാക്കുന്ന നിലവിലെ നിരക്കുകളും അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) സർക്കാർ സർവ്വീസുകൾക്ക് നിശ്ചയിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജ് മാത്രമേ അപേക്ഷകരിൽ നിന്ന് ഈടാക്കാൻ അനുമതിയുള്ളൂ. തുകയ്ക്ക് കൃത്യമായ രസീത് നൽകാൻ വ്യവസ്ഥയുണ്ട്.

(സി) സൗജന്യമായി നൽകേണ്ട സർവ്വീസുകളുടെ പട്ടിക അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

(ഡി) പരാതി ലഭിക്കുമ്പോൾ ആദ്യം അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് മുഖേന അന്വേഷണം നടത്തി ബന്ധപ്പെട്ട അക്ഷയ സംരംഭകനിൽ നിന്നും വിശദീകരണം ആവശ്യപ്പെടും തുടർന്ന് ഹിയറിംഗ് ആവശ്യമെങ്കിൽ പ്രാഥമിക തലത്തിൽ ഹിയറിംഗ് നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മെമ്മോ നൽകുക, താക്കീത് നൽകുക, പിഴ ചുമത്തുക തുടങ്ങി പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ അംഗീകാരം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരാതിയുടെ ഗൗരവമനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ ഒരു അക്ഷയ കേന്ദ്രം സസ്പെന്റ് ചെയ്യുകയും 3 കേന്ദ്രങ്ങൾക്ക് മെമ്മോ നൽകി താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ലഭിച്ച 10 പരാതികളിലും ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. രണ്ട് പരാതികളിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പരിശോധിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽ രണ്ട് പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടിലും അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പരാതികൾ ലഭിച്ചിട്ടില്ല.

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

61 (1475) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിന് ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്; വിശദമാക്കുമോ;

(സി) എത്ര തൊഴിലവസരങ്ങളാണ് പ്രസ്തുത പദ്ധതിമൂലം ഒരുങ്ങുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും, പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും, പദ്ധതി പുരോഗതിയുടെ വേഗത ഉറപ്പുവരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഒരു നിരീക്ഷണ സംവിധാനം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും വിലയിരുത്തുവാനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിനായി സ്മാർട്ട് സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും രണ്ട് പാലങ്ങൾ, ബാക്കി റോഡുകൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം പദ്ധതി നടത്തിപ്പിനായി വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ, അനുബന്ധ റോഡുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഏകദേശം 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഏകദേശം 2500 പേർ അവിടെ പ്രവർത്തിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ പ്രശ്നങ്ങളൊന്നും അവേശഷിക്കുന്നില്ല.

ടെക്നോപാർക്കിലെ ജീവനക്കാരെ പിരിച്ചുവിടുന്നതിനെതിരെ നടപടി

62 (1476) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോപാർക്കിലെ വിവിധ കമ്പനികളിൽ നിന്നും ജീവനക്കാരെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് ആരെങ്കിലും പരാതികൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം പിരിച്ചുവിടുന്ന കമ്പനികൾക്കെതിരെയും ഇതിന് ഇരയാകുന്ന ജീവനക്കാരെ സംരക്ഷിക്കുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ടെക്നോപാർക്കിലെ ഐ.ടി. കമ്പനികളിൽ നിന്നും ജീവനക്കാരെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചു വിടുന്നത് സംബന്ധിച്ച് ഇതുവരെ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. അവിടത്തെ കമ്പനികൾ വിദേശത്ത് നിന്നുള്ള സമയ ബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നവയാണ്. കമ്പനികൾക്ക് ലഭ്യമാകുന്ന പ്രോജക്ടുകൾ അനുസരിച്ച് യോഗ്യതയുള്ള ജീവനക്കാരെ പ്രോജക്ടുകൾ പൂർത്തിയാക്കും വരെയുള്ള നിശ്ചിത കാലാവധിയ്ക്ക് കരാർ വ്യവസ്ഥയിലാണ് നിയമിക്കാറുള്ളത്. ഇതു സംബന്ധിച്ചുള്ള വിഷയങ്ങളിൽ ടെക്നോപാർക്ക് നേരിട്ട് ഇടപെടാറില്ല.

(ബി) ബാധകമല്ല.

ജനസാന്ത്വന ഫണ്ട്

63 (T*1477) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർക്ക് ജനസാന്ത്വന ഫണ്ട് അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ജനസാന്ത്വന ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുള്ള കാര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്' എന്ന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. ആകയാൽ ഫണ്ട് ഒരു ജില്ലയിലും അനുവദിച്ചു തുടങ്ങിയിട്ടില്ല.

(ബി) 4-1-2017/ധന ഉത്തരവ് പ്രകാരം ജനസാന്ത്വനനിധി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. (ഉള്ളടക്കം ചെയ്തിരിക്കുന്നു). 6-2-2017-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മാനന്തവാടി മണ്ഡലത്തിൽ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം

64 (1478) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാനന്തവാടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു;

(ബി) ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടവരുടെ പേരും വിലാസവും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ജനസാന്ത്വനം പദ്ധതി

65 (T* 1479) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജനസാന്ത്വനം പദ്ധതിക്കായി അപേക്ഷിക്കുന്നത് സംബന്ധിച്ചും തുടർ നടപടികളെക്കുറിച്ചും ജനങ്ങൾക്കുണ്ടായിട്ടുള്ള തെറ്റിദ്ധാരണ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്-'മായി ബന്ധപ്പെട്ട് ചട്ടങ്ങൾ പുനഃക്രമീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അപേക്ഷകൾ സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല എന്ന വിവരം പി.ആർ.ഡി. വഴി പത്രമാധ്യമങ്ങളിലൂടെ (30-3-2017) പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആ വിവരവും മാധ്യമങ്ങളിലൂടെയടക്കം പൊതുജനങ്ങളെ അറിയിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

66 (1480) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായി അപേക്ഷ നൽകിയാൽ ധനസഹായം അനുവദിക്കുന്നതിന് എന്ത് കാലതാമസമാണ് ഇപ്പോഴുള്ളത്; വിശദമാക്കുമോ;

(ബി) അനുവദിക്കപ്പെടുന്ന അപേക്ഷകളിൽ തുക ജനങ്ങൾക്ക് ലഭിക്കുന്നതിന് കാലതാമസം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺ ലൈൻ സംവിധാനം വഴി ഫണ്ട് അനുവദിക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

67 (1481) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി ദുരിതാശ്വാസ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺ ലൈൻ സംവിധാനം വഴി ഫണ്ട് അനുവദിക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

68 (1483) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഓഹരി ഘടന മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ വിമാനത്താവളം എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കുമോ;

(സി) റൺവേയുടെ നീളം കൂട്ടുന്നതിനുള്ള രണ്ടാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കമ്പനിയുടെ അംഗീകൃത മൂലധനം ആയിരുന്ന ആയിരം കോടി രൂപയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 25% ഓഹരിയിൽ നിന്ന് ഇതുവരെ ഒരു പൊതുമേഖലാ സ്ഥാപനവും ഏറ്റെടുക്കാതിരുന്ന 1% ഓഹരി (10 കോടി രൂപ), കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ/സൊസൈറ്റി/ബാങ്കുകൾ, വ്യക്തികൾ തുടങ്ങിയവ അടങ്ങുന്ന കാറ്റഗറിയിലേയ്ക്ക് നൽകുന്നതിനായി 7-4-2017-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം കമ്പനിയുടെ ഇപ്പോഴത്തെ ഓഹരിഘടന താഴെപ്പറയും പ്രകാരമാണ് :

കേരള സർക്കാർ	മൊത്തം ഓഹരിയുടെ 35%	350 കോടി
പൊതുമേഖലാ സ്ഥാപനങ്ങൾ	മൊത്തം ഓഹരിയുടെ 24%	240 കോടി
വ്യോമയാന പൊതുമേഖലാ സ്ഥാപനങ്ങൾ	മൊത്തം ഓഹരിയുടെ 10%	100 കോടി
യോഗ്യതയുള്ള സ്ഥാപനങ്ങൾ മുതൽമുടക്കുകാർ, വ്യക്തികൾ,	മൊത്തം ഓഹരിയുടെ 31%	310 കോടി

കമ്പനികൾ, സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ/ വാണിജ്യബാങ്കുകൾ, കാലാകാലങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന മറ്റ് സ്ഥാപനങ്ങൾ	
ആകെ	1000 കോടി

കൂടാതെ കമ്പനിയുടെ അംഗീകൃത മൂലധനം 1000 കോടിയിൽ നിന്ന് 1500 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ കമ്പനിയുടെ 30 നവംബർ 2016-ൽ ചേർന്ന പൊതു യോഗം തീരുമാനിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ വിമാനത്താവളം 2017-ാം ആണ്ട് സെപ്റ്റംബറിൽ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) കണ്ണൂർ വിമാനത്താവളം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയതിനുശേഷം റൺവേയുടെ നീളം കൂട്ടുന്നതിനുള്ള രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ലൈറ്റ് മെട്രോ

69 (1484) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ.(എംഎസ്)നമ്പർ 74/2015/പൊ.മ.വ., തീയതി 11-9-2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി-മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ.-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പു വയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

8-9-2016-ലെ ജി.ഒ. (എംഎസ്) നമ്പർ 67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ. സമർപ്പിച്ചു. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിനും 16-1-2017-ലെ ജി.ഒ.(ആർ.ടി.) 79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചിട്ടുണ്ട്.

(ഡി) 8-9-2016-ലെ ജി.ഒ.(എംഎസ്) നമ്പർ 67/2016/പൊ.മ.വ.പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജില്ലാ കളക്ടർമാർ പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും 16-1-2017-ലെ ജി.ഒ.(ആർ.റ്റി) 79/2017/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

70 (1485) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നടക്കാനുള്ളത്;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പദ്ധതിപ്രവർത്തനം അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി വയഡക്ട്, ട്രാക്ക്, വൈദ്യുതീകരണ ജോലികൾ തുടങ്ങിയവ പൂർത്തിയായിക്കഴിഞ്ഞു. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പതിനൊന്ന് സ്റ്റേഷനുകളുടെ ആർ.സി.സി. സ്ട്രക്ചർ പൂർത്തിയായിക്കഴിഞ്ഞു. ശേഷിക്കുന്ന അവസാന ഘട്ട പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഒൻപത് ടെയിനുകൾ ഇപ്പോൾ മുട്ടത്തുള്ള ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. ശേഷിക്കുന്ന സിഗ്നലിംഗ്,

ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുകയാണ്. ഫയർ & സേഫ്റ്റി ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ് പതിനൊന്ന് സ്റ്റേഷനുകൾക്കും ലഭിച്ചു കഴിഞ്ഞു. മെട്രോ സുരക്ഷാ കമ്മീഷണറുടെ ഔദ്യോഗിക പരിശോധന 2017 മേയ് 3,4,5 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

(സി) സ്റ്റേഷനുകളുടെ ഇന്റീരിയർ ജോലികൾ ചെയ്തു വരികയാണ്. ഉടൻ തന്നെ ഈ ജോലികൾ പൂർത്തിയാക്കുവാൻ സാധിക്കും. പാലാരിവട്ടം സ്റ്റേഷൻ മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള ജോലികൾ പാതിഘട്ടത്തിൽ എത്തിനിൽക്കുന്നു. ശേഷിക്കുന്ന ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മഹാരാജാസ് മുതൽ പേട്ട വരെ ഉള്ള റീച്ചിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്.

(ഡി) മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ച ശേഷം, ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് 2017 മേയ് അവസാനത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി

71 (1486) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയോടനുബന്ധിച്ച് തമ്പാനൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാല നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി വിശദമാക്കാമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716

ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും, ജി.ഒ.(എംഎസ്)നമ്പർ 196/2016/റവന്യൂ. തീയതി 1-3-2016 പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്. 8-9-2016-ലെ ജി.ഒ.(എംഎസ്) നമ്പർ 67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗഷ്നുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ. സമർപ്പിച്ചു. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും 16-1-2017-ലെ ജി.ഒ.(ആർ.ടി) 79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ലൈറ്റ് മെട്രോപദ്ധതിയുടെ ഭാഗമായി തമ്പാനൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത മേൽപ്പാലത്തിന്റെ രൂപരേഖയും അന്തിമ റിപ്പോർട്ടും ഡി.എം.ആർ.സി. തയ്യാറാക്കി വരുന്നു. ഇതിനോടനുബന്ധിച്ച് നാറ്റ് പാക്കിന്റെ സേവനം ഉപയോഗപ്പെടുത്തി ട്രാഫിക്ക് പഠനവും നടത്തിയിരുന്നു. രൂപരേഖയും, റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) 8-9-2016-ലെ ജി.ഒ.(എംഎസ്) നമ്പർ 67/2016/പൊ.മ.വ പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ സമർപ്പിച്ചു. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും 16-1-2017-ലെ ജി.ഒ(ആർടി)79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം ടെൻഡർ നടപടികളും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

നദീ സംയോജന പദ്ധതി സംബന്ധിച്ച കേരളത്തിന്റെ നിലപാട്

72 (T* 1487) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) നദീ സംയോജനം കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയോ ചർച്ചകൾ നടത്തുകയോ വിദഗ്ധ അഭിപ്രായം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) അച്ചൻകോവിൽ, പമ്പ നദികളിലെ ജലം പൂർണ്ണമായും പങ്കുവയ്ക്കുന്നത് തടയുന്നതിനും സംസ്ഥാനത്തിന്റെ ജലസമൃദ്ധി ഉറപ്പ് വരുത്തുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നദീ സംയോജന പദ്ധതി പ്രകാരം കേരളത്തെ ബാധിക്കുന്ന ലിങ്ക് പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാറിലേയ്ക്ക് കൊണ്ടു പോകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണ് ഉള്ളത്. യാതൊരു കാരണവശാലും പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി അനുവദിക്കുകയില്ല എന്നത് തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്.

(ബി) സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ, അച്ചൻകാവിൽ, വൈപ്പാർ നദീ സംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ, അച്ചൻകാവിൽ നദികളെയും അവ വന്നു പതിക്കുന്ന വേമ്പനാട് കായലിനെയും ഏതുവിധത്തിൽ ബാധിക്കുമെന്നതിനെപ്പറ്റി CWRDM കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെ കൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) കേന്ദ്ര സർക്കാരിന്റെ നദീ സംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് പമ്പ, അച്ചൻകാവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീ സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പമ്പ, അച്ചൻകാവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയിൽ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട്, ഈ പദ്ധതിയുടെ സാദ്ധ്യത, പഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA-യുടെ Technical Advisory Committee, Governing Body, Annual General Meeting, Special Committee for Interlinking of Rivers എന്നീ മീറ്റിംഗുകളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. NWDA-യുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ, അച്ചൻകാവിൽ-വൈപ്പാർ ലിങ്ക് പദ്ധതി സംബന്ധിച്ച തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് കേരളത്തിന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നദികളായ പമ്പയെയും അച്ചൻകോവിലാറിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള 'Twin Kallar Multi Purpose Project' നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും സംസ്ഥാന സർക്കാർ നടത്തിവരുന്നുണ്ട്.

അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമം

73 (1488) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമത്തിലെ ഭേദഗതിയുടെ കരട് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വിശദീകരിക്കാമോ;

(ബി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ ;

(സി) നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് എന്താണ് ; ഇതിനായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമത്തിലെ (Inter State River Water Disputes Act 1956) ഭേദഗതിയുടെ കരടിന് കേരള സർക്കാരിന്റെ ഭേദഗതി വരുത്തിയ അഭിപ്രായങ്ങൾ സർക്കാർ കത്ത് നമ്പർ 353039/ ISWC2/2015/WRD, തീയതി 9-3-2016 പ്രകാരം നീതി ആയോഗിനെ അറിയിക്കുകയുണ്ടായി. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളാണ് കേരളം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. പ്രസ്തുത കത്തിലൂടെ അറിയിച്ച കേരളത്തിന്റെ നിലപാടുകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. അന്തർ സംസ്ഥാന നദിയെ സംബന്ധിച്ച് കൃത്യമായ ഒരു നിർവ്വചനം വേണ്ടതാണ്. നൂറ് കിലോമീറ്ററിൽ കൂടുതൽ നീളമുള്ളതും മൊത്തം 1000 സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ വൃഷ്ടി പ്രദേശമുള്ളതുമായ നദികളെ മാത്രമേ അന്തർ സംസ്ഥാന നദികളായി പരിഗണിക്കാവൂ, പ്രസ്തുത അന്തർ സംസ്ഥാന നദിയുടെ മൊത്തം വൃഷ്ടി പ്രദേശത്തിന്റെ 5% എങ്കിലും സംഭാവന നൽകുന്ന സംസ്ഥാനത്തെ മാത്രമേ ബേസിൻ സ്റ്റേറ്റ് ആയി പരിഗണിക്കാവൂ എന്നും കേരളം അറിയിച്ചിട്ടുണ്ട്.

2. എപ്പോഴെങ്കിലും ഏതെങ്കിലും സംസ്ഥാനത്ത് നിന്ന് അന്തർ സംസ്ഥാന നദീജല തർക്കത്തെ സംബന്ധിച്ച പരാതികൾ ലഭിക്കുകയാണെങ്കിൽ കേന്ദ്ര സർക്കാർ ഒരു Dispute Resolution Committee, പരാതി കിട്ടി 3 മാസങ്ങൾക്കുള്ളിൽ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി തർക്കത്തിൽ ഭാഗമായിട്ടുള്ള എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ ആരായണമെന്നും, അതിനുശേഷം മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാവൂ എന്നും അഭിപ്രായം നൽകുകയുണ്ടായി. കമ്മിറ്റി അംഗങ്ങൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും ആകരുത് എന്നും നിർദ്ദേശിച്ചിരുന്നു.

3. Tribunal വിധിക്കെതിരെ ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് ബഹു. സുപ്രീം കോടതിയെ സമീപിക്കാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തണം എന്നും കേരളം നിർദ്ദേശിച്ചു.

4. Tribunal വിധി പുറപ്പെടുവിച്ച ശേഷം കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരുമായി ചർച്ച നടത്തി 6 മാസത്തിനുള്ളിൽ ഗസറ്റ് വിജ്ഞാപനവും ആവശ്യമായ നിയമനിർമ്മാണവും നടത്തണമെന്നും നിർദ്ദശിക്കുകയുണ്ടായി.

(ബി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം കർമ്മ സേന രൂപീകരിച്ചിട്ടില്ല. പ്രസ്തുത ആവശ്യങ്ങൾക്കായി ഐ.എസ്. ഡബ്ല്യൂ. അഡ്വൈസറി കമ്മിറ്റി, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ, ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യൂ തുടങ്ങിയ സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(സി) നദീ സംയോജന പദ്ധതി പ്രകാരം കേരളത്തെ ബാധിക്കുന്ന ലിങ്ക് പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാറിലേയ്ക്ക് കൊണ്ടു പോകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നദീ സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണ് ഉള്ളത്. യാതൊരു കാരണവശാലും പമ്പ, അച്ചൻകോവിൽ - വൈപ്പാർ നദീ സംയോജന പദ്ധതി അനുവദിക്കില്ല എന്നത് തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട് . പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരളസർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA യുടെ Technical Advisory Committee, Governing Body, Annual General Meeting, Special Committee for Interlinking of Rivers എന്നീ മീറ്റിംഗുകളിൽ കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. NWDA യുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ സംബന്ധിച്ച് തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് കേരളത്തിന് ഉറപ്പ് ലഭിക്കുകയുണ്ടായി.

ശിരുവാണി അണക്കെട്ടിൽ നിന്നുള്ള ജല ചൂഷണം

74 (T* 1489) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശിരുവാണി അണക്കെട്ടിൽനിന്നും തമിഴ്നാട് വൻതോതിൽ ജലം കടത്തിക്കൊണ്ടുപോകുന്നുവെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരമുള്ള ജല ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ ശിരുവാണി അണക്കെട്ടിൽ പരിശോധന നടത്തിയപ്പോൾ, 6-1-2017-ന് ഇൻടേക്ക് കിണറിന്റെ ഇൻലൈറ്റിനെക്കാൾ താഴ്ന്ന നിലയിലായിരുന്ന ജലനിരപ്പെങ്കിലും തമിഴ്നാട് ഭാഗത്തേയ്ക്കുള്ള ഔട്ട് ലെറ്റിലൂടെ ജലം സാധാരണ നിലയിൽ ഒഴുകുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് നടന്ന വിശദമായ പരിശോധനയിൽ, അനധികൃതമായി ജലം ഒഴുകുന്നുണ്ടെന്ന് മനസ്സിലാക്കുകയും വളരെ ശ്രമകരമായി 7-1-2017-ന് പ്രസ്തുത ഒഴുക്ക് തടയുകയും ചെയ്തു. തുടർന്ന് 8-1-2017-ന് മണ്ണ് കഴിച്ചു കൊണ്ടു നടത്തിയ തുടർ പരിശോധനയിൽ മണ്ണിനടിയിലൂടെ ഒരു ടണലും ആർച്ച് രൂപത്തിലുള്ള ഗാലറിയും ഉള്ളതായി കാണപ്പെട്ടു. 16-1-2017-ന് വെള്ളം ഒഴുകുന്ന ഭാഗം പൂർണ്ണമായും അടച്ചു കൊണ്ട് അനധികൃത ജലനിർഗ്ഗമനം പൂർണ്ണമായും തടഞ്ഞു. ജലചൂഷണം തടയുന്നതിന് തമിഴ്നാട്ടിലേക്ക് ഒഴുകുന്ന ജലത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തുന്നതിനായി Digital flow measuring devices സ്ഥാപിക്കുവാനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ടണൽ പൂർണ്ണമായി അനാവരണം ചെയ്ത് വേറെ ജലനിർഗ്ഗമന മാർഗ്ഗങ്ങളില്ല എന്ന് കണ്ടെത്തി പൂർണ്ണമായി അടയ്ക്കുവാനുള്ള നടപടികളും നടന്നു വരുന്നു.

(സി) ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിട്ടില്ല.

ജിഷ്ണു കേസുമായി ബന്ധപ്പെട്ട പത്രപരസ്യം

75 (1490) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ഏപ്രിൽ 8-ന് 'ജിഷ്ണു കേസ്, പ്രചരണമെന്ത്, സത്യമെന്ത്' എന്ന തലക്കെട്ടിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ പത്രങ്ങളിൽ നൽകിയ പരസ്യത്തിനായി ആകെ ചെലവ് ചെയ്ത തുക എത്ര ; അല്ലെങ്കിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര ;

(ബി) ഏതെല്ലാം പത്രങ്ങളിലാണ് പ്രസ്തുത പരസ്യം നൽകിയത് ഓരോ പത്രത്തിനും പരസ്യക്കുലി ഇനത്തിൽ നൽകിയ തുക എത്ര ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017 ഏപ്രിൽ 8-ന് നൽകിയ ജിഷ്ണു കേസുമായി ബന്ധപ്പെട്ട പരസ്യത്തിന് പത്രമാധ്യമങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രസ്തുത പരസ്യത്തിന് പ്രതീക്ഷിക്കുന്ന ചെലവ് 18,00,000 (പതിനെട്ട് ലക്ഷം) രൂപയാണ്.

(ബി) മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ക്രൈംസ്റ്റോറി, ദേശാഭിമാനി, ജനറൽ, ജനയുഗം, ജന്മഭൂമി, കേരളകൗമുദി, ദീപിക, കേരളകൗമുദി ഫ്ളാഷ്, മാധ്യമം, മംഗളം, രാഷ്ട്രദീപിക, സിറാജ്, മെട്രോവാർത്ത, സുപ്രഭാതം, കലാപ്രേമി , കാരവൽ (മലയാളം), കേരളരാജ്യം, കേരനാട്, കലാകൗമുദി, കേരള ഹെറാൾഡ്, കേരള വാർത്ത, ലേറ്റസ്റ്റ്, പ്രഹേളിക, ന്യൂസ് കേരള, പടയണി, പ്രഭാതവാർത്ത, പ്രദീപം, പൗരൻ, സായാഹ്ന കൈരളി, സായാഹ്ന ശബ്ദം, സതേൺ സ്റ്റാർ, സ്വതന്ത്രമണ്ഡപം, തനിമ, തലസ്ഥാന വാർത്ത, ഉത്തരദേശം (മലയാളം) വർത്തമാനം, വേണാട് കൗമുദി , വേണാട് പത്രിക, മലയാള മഹിമ, മക്തബ്, ഭാരത പത്രിക, ഗദ്ദിക, ന്യൂ ഏജ്, സുദിനം, ഇറന്ന കത്ത്, തൃശ്ശിവപ്പേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ, ക്രൈം, തനിനിറം, ടെലഗ്രാഫ്, ബിഗ് ന്യൂസ്, വീക്ഷണം, മലബാർ വാർത്ത, സായാഹ്നം, ജനശബ്ദം, സൗത്ത് ഇന്ത്യ ന്യൂസ്, കർമ്മശക്തി, തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ, ദി ഹിന്ദു (കേരളപേജ്), ബിസിനസ് ലൈൻ(കേരളപേജ്), ഡെക്കാൺ ക്രോണിക്കിൾ (കേരളപേജ്), ടൈംസ് ഓഫ് ഇന്ത്യ (കേരളപേജ്), ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ബിസിനസ് സ്റ്റാൻഡേർഡ്, എക്കണോമിക് ടൈംസ് എന്നീ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. പത്രമാധ്യമങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ തുകയൊന്നും പരസ്യക്കുലിയിനത്തിൽ നൽകിയിട്ടില്ല.

പരസ്യം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

76 (1491) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ മാധ്യമങ്ങൾക്കായി എത്ര തുകയാണ് പരസ്യയിനത്തിൽ നൽകിയത്; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ പരസ്യം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഏതെങ്കിലും വിദേശ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ മാധ്യമങ്ങൾക്കായി പരസ്യയിനത്തിൽ ആകെ 16,11,08,820 രൂപ (പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം) നൽകിയിട്ടുണ്ട്. ടെൻഡർ പരസ്യങ്ങൾക്കായി പത്രമാധ്യമങ്ങൾക്ക് 7.5 കോടി

രൂപയും, ഇലക്ട്രോണിക്ക് മാധ്യമങ്ങൾക്കായി 2,25,58,558 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി അൻപത്തെണ്ണായിരത്തി അഞ്ഞൂറ്റി അൻപത്തി എട്ട് രൂപ മാത്രം) ഡിസ്പ്ലേ പരസ്യങ്ങൾക്കായി 6,35,50,262 രൂപയും (ആറ് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) സർക്കാർ നടപ്പാക്കുന്ന പദ്ധതികളെയും നയങ്ങളെയും തീരുമാനങ്ങളെയും സംബന്ധിച്ച് പൊതുസമൂഹത്തെ മാധ്യമങ്ങൾ മുഖേന അറിയിക്കേണ്ടതിനായി ഗവൺമെന്റ് തീരുമാനിക്കുന്ന പരസ്യം നൽകുന്നതാണ് നിലവിൽ അനുവർത്തിക്കുന്ന മാനദണ്ഡം.

(സി) വിദേശ മാധ്യമങ്ങളിൽ സാധാരണയായി പരസ്യം നൽകാറില്ല.

പ്രാദേശിക പത്രപ്രവർത്തകർക്കായുള്ള ക്ഷേമനിധി

77 (1492) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ 2016-17-ലെ ബജറ്റിൽ എത്ര രൂപ നീക്കി വച്ചു ;

(സി) ഇതുവരെയുള്ള ക്ഷേമനിധി പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും സംഘടന സർക്കാരിന് ഇത് സംബന്ധിച്ച് നിവേദനം നല്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2012-2013 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഇനം നമ്പർ 50 പ്രകാരം പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 15-2-2012-ലെ സ.ഉ. (സാധാ) നമ്പർ 682/2012/ഐ&പി.ആർ. ഉത്തരവ് പ്രകാരം പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായിരുന്നു. 1993-ലെ കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം 2 പ്രകാരം പ്രാദേശിക പത്രപ്രവർത്തകർ, പത്രപ്രവർത്തകർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാലും നിലവിൽ ഇവർക്ക് കൈത്തൊഴിൽ ക്ഷേമ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനാലും KUWJ-യുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും 25-10-2016-ലെ സ.ഉ.

(സാധാ) നമ്പർ 411/2016/ഐ.&പി.ആർ. പ്രകാരം പ്രദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവ് പിൻവലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തുക നീക്കി വച്ചിട്ടില്ല.

(സി) ബജറ്റിൽ തുക നീക്കി വയ്ക്കാത്തതിനാൽ ക്ഷേമനിധി പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

(ഡി) ഉണ്ട്.

പൊതുജനസമ്പർക്ക മേളകൾ

78 (1493) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവകേരളത്തിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നാല് പദ്ധതികൾ സംബന്ധിച്ച് പൊതുജനസമ്പർക്ക മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാർ വിവിധ പരിപാടികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇത്തരം മേളകൾ എപ്രകാരമെല്ലാം സഹായകരമാകുമെന്നാണ് കരുതുന്നത്;

(സി) ഇതിനായി അച്ചടി, ദൃശ്യ, ശ്രവ്യ, നവ മാധ്യമങ്ങൾ എന്നിവ മുഖേനയുള്ള പരസ്യങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പരിപാടി വഴി ജനങ്ങളിൽ ഗുണപരമായ അവബോധം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഉണ്ട്.

(ഡി) വിവിധ വകുപ്പുകൾ സാമൂഹിക സാംസ്കാരിക, ബഹുജന സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രസ്തുത പരിപാടി സംഘടിപ്പിക്കുവാൻ കഴിയും.

പ്രവാസി ക്ഷേമ പെൻഷൻ

79 (1494) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമ പെൻഷൻ ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങളും അറിയിക്കാമോ ;

(ബി) ഈ സർക്കാർ പ്രവാസി ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായിട്ടാണ് ഇത് വർദ്ധിപ്പിച്ചിട്ടുള്ളത്; ഏത് തീയതി മുതൽ വർദ്ധിപ്പിച്ച പെൻഷൻ നൽകാൻ കഴിയുമെന്നാണ് കരുതുന്നത് ;

(സി) പ്രസ്തുത പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ പെൻഷനാണ് വിതരണം ചെയ്യാൻ കുടിശ്ശികയായിട്ടുള്ളത്;

(ഡി) അർഹരായ മുഴുവൻ പ്രവാസികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നല്കി വരുന്നുണ്ട്. പെൻഷന് വേണ്ടിയുള്ള അപേക്ഷ ഫോറം നമ്പർ-5-ൽ ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷയും ഒരു പകർപ്പും സമർപ്പിക്കേണ്ടതാണ്. 60 വയസ്സ് പൂർത്തിയായ ശേഷം തൊട്ടടുത്ത മാസം മുതൽക്കോ/60 വയസ്സ് കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകളെ സംബന്ധിച്ച് അപേക്ഷ സമർപ്പിച്ച തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽക്കോ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ 500 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(സി) പെൻഷൻ കുടിശ്ശികയില്ല. 2017-മാർച്ച് വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) അർഹരായ മുഴുവൻ പ്രവാസികളെയും പ്രവാസി ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാൻ ബോധവത്കരണ പരിപാടികൾ ബോർഡ് നടത്തി വരുന്നുണ്ട്.

പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ്

80 (1495) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബോർഡ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ പേരിലേയ്ക്ക് അതിന്റെ ഗുണഫലങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ പുന:ക്രമീകരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

(സി) പ്രവാസി കേരളീയ ക്ഷേമ നിധി ബോർഡിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിന് ജില്ലാതലത്തിൽ ഒരു അംഗത്വ വാരാഘോഷം സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) വിവിധ രാജ്യങ്ങളിലെ അംഗീകൃത മലയാളി കൂട്ടായ്മകളെ ഉപയോഗിച്ചു കൊണ്ട് അംഗത്വം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഓൺലൈൻ അംഗത്വ രജിസ്ട്രേഷൻ ആലോചനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. 16-12-2009-ൽ പ്രവർത്തനമാരംഭിച്ച കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് 15 അംഗ ഡയറക്ടർ ബോർഡാണുള്ളത്. തിരുവനന്തപുരത്ത് മുഖ്യ ഓഫീസും എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകളും മലപ്പുറത്തെ കോട്ടയ്ക്കലിൽ ഒരു ലെയ്സൺ ഓഫീസും പ്രവർത്തിച്ചു വരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കും കുടുംബാംഗങ്ങൾക്കും നിയമാനുസൃതം പെൻഷൻ/കുടുംബപെൻഷൻ, വിവാഹ/ചികിത്സാ/മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അംഗസംഖ്യ ഉയർത്തുന്നതിനും പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തി വരുന്നു. അംഗത്വത്തിനും അംശദായം അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

വിവാഹ ധനസഹായം 5,000-ൽ നിന്നും 10,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അംഗത്വത്തിനുള്ള പ്രായപരിധി 55 വയസ്സിൽ നിന്നും 60 ആക്കി ഉയർത്തിയിട്ടുണ്ട്. നിലവിലെ പെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയാക്കി വർദ്ധിപ്പിക്കുന്നതാണെന്ന് 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ക്ഷേമ ബോർഡ് വഴി നടപ്പിലാക്കി വരുന്ന ആനുകൂല്യ പദ്ധതിയായ വിവാഹ ധനസഹായം 5000 രൂപയിൽ നിന്ന് 10000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18-ലെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ 500 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വ പ്രായപരിധി 55-ൽ നിന്നും 60 ആക്കി ഉയർത്തിയതിലൂടെ നിരവധി പ്രവാസികൾ ഈ അവസരം പ്രയോജനകരമാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവിധ രാജ്യങ്ങളിലെ അംഗീകൃത മലയാളി കൂട്ടായ്മയുടെ സഹായത്തോടെ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലുണ്ട്.

(ഇ) 20-12-2016 മുതൽ പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷനും അംശദായ അടവിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സാന്ത്വനം പദ്ധതി

81 (1496) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി 'സാന്ത്വനം' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നതെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര നഷ്ടപരിഹാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി 'സാന്ത്വന' എന്ന പേരിൽ സാമ്പത്തിക സഹായ പദ്ധതി 2005 മുതൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപ വരെയും പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ വരെയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിലധികമാകാൻ പാടില്ല.
2. കുറഞ്ഞത് രണ്ട് വർഷം പ്രവാസി ആയിരുന്നിരിക്കണം.
3. പ്രവാസി തിരിച്ചെത്തിയ കാലംമുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്ര വർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം (പരമാവധി 10 വർഷം) എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
4. അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കാൻ പാടില്ല.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപ വരെ നല്കി വരുന്നുണ്ട്.

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ. ഡി. പി. ആർ. ഇ. എം.) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

82 (1497) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ അധികമായി മടങ്ങിയെത്താൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(എൻ.ഡി.പി.ആർ.ഇ.എം.) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം പദ്ധതികൾക്കായി നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകാൻ സംവിധാനമുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

(ബി) പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3%പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ അനുവദിക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(സി) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന സേവനങ്ങളാണ് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കുക.
2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
4. അപേക്ഷകർക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം നല്കുക.
5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം.

വിജയകരമായി നടത്താവുന്ന ഏകദേശം 25-ഓളം മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്ര പരിശീലന പരിപാടിയാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

പ്രവാസികളുടെ ക്ഷേമം

83 (1498) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ ക്ഷേമത്തിനായി സ്വീകരിക്കുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഒഡെപെകിനെ വിവിധ രാജ്യങ്ങളിലെ ഏംബസികളുമായി ബന്ധപ്പെടുത്തി തൊഴിൽ ലഭ്യതയും മറ്റ് നടപടികളും എളുപ്പത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) നോർക്കയുമായി ബന്ധപ്പെടുത്തി പ്രവാസികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സാന്ത്വന പദ്ധതി
2. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി
3. 24 മണിക്കൂർ കോൾ സെന്റർ
4. സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
5. പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
6. ജോബ് പോർട്ടൽ
7. നോർക്ക -റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
8. പ്രവാസി നിയമ സഹായ സെൽ
9. എമർജൻസി റിപ്പാടയേഷൻ ഫണ്ട്
10. സ്വപ്ന സാഫല്യം
11. നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
12. വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം
13. കാരുണ്യം
14. പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ

മേൽപ്പറഞ്ഞ പദ്ധതിക്കുപുറമേ, കേരള പ്രവാസി കേരളീയകാര്യ ബോർഡിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

പെൻഷൻ

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം

അഞ്ഞൂറ് രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നല്കി വരുന്നുണ്ട്.

കുടുംബ പെൻഷൻ

(എ) ഒരു അംഗം പെൻഷന് അർഹത നേടിയതിനുശേഷം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനം ആയിരിക്കും.

മരണാനന്തര ധനസഹായം

പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അമ്പതിനായിരം രൂപയും വിദേശത്ത് നിന്നും തിരിച്ചു വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നല്കി വരുന്നുണ്ട്.

ചികിത്സാ ധനസഹായം

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കല്പിതാംഗങ്ങളുടെയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നുണ്ട്.

വിവാഹ ധനസഹായം

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചു വരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായ പൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രസവാനുകൂല്യം

- തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാംഗത്തിന് പ്രസവത്തിന് 3000 രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു അംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഗർഭം അലസൽ സംഭവിച്ചിട്ടുള്ള കല്പിതാംഗം ഒഴികെയുള്ള വനിതാംഗത്തിന് 2000 രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ട് തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വിദ്യാഭ്യാസ ആനുകൂല്യം

രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പരമാവധി 4000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക.

(ബി) കൂടുതൽ തൊഴിൽ ലഭ്യത നേടുന്നതിനായി ഒഡെപെക് സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ട് വരുന്നു. ഈ രാജ്യങ്ങളിലെ ആരോഗ്യ മന്ത്രാലയങ്ങളുമായി ഉടൻ തന്നെ റിക്രൂട്ട്മെന്റ് സംബന്ധിച്ച കരാറിൽ ഏർപ്പെടുന്നതാണ്.

(സി) പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണ് നടക്കുന്നത്.

(ഡി) പ്രവാസികൾ വിദേശ രാജ്യങ്ങളിൽ തുടരുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കാര്യത്തിൽ നോർക്ക വകുപ്പ് മുഖേന ഇന്ത്യൻ എംബസിയെ സമീപിച്ച് പ്രശ്ന പരിഹാരം നടത്തി വരുന്നു. കൂടാതെ അവർ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചുകൊണ്ടും പരിഹരിക്കുന്നു.

പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭ പദ്ധതി

84 (1499) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നിന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സമഗ്രപദ്ധതി (എൻ.ഡി.പി.ആർ.ഇ.എം.) ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

(ബി) (i) NDPREM പദ്ധതിയിൻ കീഴിൽ മുൻ സർക്കാരിന്റെ കാലത്ത് 31-3-2016-വരെ 1104 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

(ii) സൗദി അറേബ്യയിൽ നിതാഖത് നടപ്പാക്കിയതുമൂലം റിയാദ്, ജിദ്ദ, ദമാം എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരികെ വന്നവരിൽ 378 പേർ വിമാന ടിക്കറ്റിന് വേണ്ടി അപേക്ഷ നൽകിയിരുന്നു. ഇതിൽ 266 പേരെ അർഹതയുള്ളവരായി കണ്ടെത്തി ടിക്കറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ സർക്കാർ ആകെ ₹ 33,20,343 രൂപ ചെലവഴിച്ചിട്ടുണ്ട്.

(iii) ആഭ്യന്തര കലാപത്തെത്തുടർന്ന് ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽ അകപ്പെട്ട് പോയ കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക-റൂട്ട്സ് നടപടികൾ സ്വീകരിച്ചിരുന്നു. എയർപോർട്ടുകളിൽ തിരികെയെത്തുന്നവർക്കായി രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും ഇറാഖിൽ നിന്നും എത്തിയ ആദ്യ ബാച്ചിലുള്ള 46 പേർക്ക് 5000 രൂപയും തുടർന്ന് വന്നവർക്ക് 2000 രൂപയും, വാഹന സൗകര്യവും നൽകി. ഇതിന് പുറമേ കേരളത്തിൽ അവരുടെ സ്വദേശങ്ങളിലെത്തുന്നതിനുള്ള ടെയിൻ ടിക്കറ്റും മറ്റ് ചെലവുകൾക്കായി 2000 രൂപയും നൽകിയിരുന്നു.

തമിഴ്നാട് സർക്കാർ യെമനിൽ നിന്നും കൊച്ചി, മുംബൈ വിമാന താവളങ്ങളിൽ എത്തുന്ന ആ സംസ്ഥാനത്തെ ആളുകൾക്ക് വേണ്ടി സൗകര്യം നൽകണമെന്ന് നോർക്കയോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി എയർപ്പോർട്ട് വഴി എത്തിയ 156 തമിഴ്നാട്ടുകാർക്ക് സ്വദേശത്ത് എത്തുന്നതിന് സൗകര്യമൊരുക്കുകയും 2000 രൂപ വീതം ചെലവുകൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചി വഴി ഇന്ത്യയിൽ എത്തിയ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളവർക്കും 2000 രൂപ വീതം നൽകുകയും ചെയ്തു. പ്രസ്തുത ഇനത്തിൽ സർക്കാർ ആകെ ₹1,28,65,149 രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെയായി വിദേശ രാജ്യങ്ങളിലെ ആഭ്യന്തര കലാപംമൂലം കേരളത്തിൽ തിരികെയെത്തിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

രാജ്യം	തിരികെയെത്തിയവരുടെ എണ്ണം
ഇറാഖ്	418
ലിബിയ	532
യെമൻ	2444

പ്രവാസികൾക്ക് സ്വയം തൊഴിൽ വായ്പാ സഹായം

85 (1500) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾ സ്വയം തൊഴിലിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപേക്ഷകരിൽ അർഹരായ പകുതിപ്പേർക്ക് പോലും വായ്പ ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ അപേക്ഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന തരത്തിൽ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾ പുനരധിവാസ പദ്ധതിയ്ക്കായി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ അതാത് മാസത്തിൽ തന്നെ ടെയിനിംഗിനായി ഉൾപ്പെടുത്തുകയും അതാത് ജില്ലയിൽ വച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്നവരെ സ്ക്രീനിംഗിന് തെരഞ്ഞെടുക്കുകയും ചെയ്തു വരുന്നു. സ്ക്രീനിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന യോഗ്യരായ എല്ലാ അപേക്ഷകരെയും ബാങ്കിലേക്ക് ലോണിനായി ശിപാർശ ചെയ്തു വരുന്നുണ്ട്.

(ബി) ഉണ്ടായിരുന്നു. പദ്ധതിയിൽ അപേക്ഷിച്ചവരിൽ വിദേശത്തേയ്ക്ക് മടങ്ങിപ്പോയിട്ടുള്ളവരും, വിദേശത്ത് നിന്ന് അപേക്ഷിച്ചവരും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ നോർക്കയുമായി ധാരണാ പത്രം ഒപ്പു വച്ചിട്ടുള്ള ബാങ്കുകൾ പദ്ധതിയുടെ

പ്രായോഗികത വിലയിരുത്തി ബാങ്കുകളുടെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രമാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകർ സമർപ്പിക്കുന്ന പദ്ധതികളുടെ financial viability പരിശോധിച്ച് തീരുമാനമെടുക്കാനുള്ള പരമാധികാരം ബാങ്കുകൾക്കാണ് എന്നതിനാൽ പല പ്രോജക്ടുകളും സ്വീകരിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

(സി) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് തിരിച്ചുവരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നൽകി സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാനോ സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

താഴെപ്പറയുന്ന സേവനങ്ങളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കുക.
2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
4. അപേക്ഷകൾക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം നല്കുക.
5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം നല്കുക.

വിജയകരമായി നടത്താൻ സാധിക്കുന്ന ഏകദേശം 25-ഓളം മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്ര പരിശീലന പരിപാടിയാണ് നടത്താനുദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ പുനരധിവാസ പദ്ധതിയുടെ സമഗ്രവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും കൂടുതൽ ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനും സഹായകരമാവുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ

86 (1503) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; നിലവിൽ ഈ കേസുകൾ ആരാണ് അന്വേഷിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് 200 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 148 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ കീഴിലുള്ള Internal Security Investigation Team (ISIT) യാണ് അന്വേഷണം നടത്തി വരുന്നത്. 52 കേസ്സുകൾ കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് ഉദ്യോഗസ്ഥർ അന്വേഷിച്ചുവരുന്നു.

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് 115 പ്രതികളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 82 പ്രതികളെ ക്രൈംബ്രാഞ്ച് വിഭാഗവും 33 പ്രതികളെ കാസർഗോഡ് ജില്ലാ പോലീസും അറസ്റ്റ് ചെയ്തിട്ടുണ്ട്.

രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ നേടിയ ജയിൽ ഉദ്യോഗസ്ഥർക്കുള്ള അലവൻസ്

87 (1504) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്തുത്യർഹമായ സേവനത്തിന് കറക്ഷണൽ സർവ്വീസ് മെഡൽ ജേതാക്കൾ ആയ ജയിൽ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 15-1-2014-ലെ 16051/1/2008 /PR നമ്പർ കത്ത് പ്രകാരം 1-4-2011 മുതൽ പ്രതിമാസം 450 രൂപ അലവൻസ് അനുവദിച്ചിട്ടുള്ള വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) സംസ്ഥാനത്ത് എത്ര പേർ സ്തുത്യർഹസേവനത്തിന് രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ നേടിയിട്ടുണ്ട്; അവർ ആരെല്ലാം; എത്ര പേർ ഇപ്പോൾ സർവ്വീസിലുണ്ട് ;

(സി) പ്രതിമാസ അലവൻസ് ലഭിക്കാൻ മെഡൽ ജേതാക്കൾ ജയിൽ വകുപ്പിലും സർക്കാരിലും അപേക്ഷ നൽകിയിട്ടുണ്ടോ;

(ഡി) രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ ജേതാക്കൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച പ്രതിമാസ അലവൻസായ 450 രൂപ എത്രപേർക്ക് നൽകിയിട്ടുണ്ട്?

(ഇ) ഈ മെഡൽ ജേതാക്കൾക്ക് പ്രതിമാസ അലവൻസ് 1-4-2011 പ്രാബല്യത്തിൽ കുടിശ്ശിക നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജയിൽ വകുപ്പിൽ 22 പേർക്ക് രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ ലഭിച്ചിട്ടുണ്ട്. അവരുടെ പേര് ചുവടെ ചേർക്കുന്നു :

1. ശ്രീ. എൻ. എസ്. ബാലകൃഷ്ണൻനായർ (2006)
2. ശ്രീ. കെ. പി. രാജഗോപാലൻനായർ (2006)
3. ശ്രീ. എ. ബദറുദ്ദീൻ (2007)
4. ശ്രീ. മണിയൻ നാടാർ (2007)
5. ശ്രീ. ജോസഫ് തോമസ് (2007)
6. ശ്രീ. ഇ. വി. ഹരിദാസൻ (2009)
7. ശ്രീ. എസ്ദോർ ജോയ് (2011)
8. ശ്രീ. എ. ജെ. മാത്യു (2011)
9. ശ്രീ. ബി. പ്രദീപ് (2012)
10. ശ്രീ. എം. വി. തോമസ് (2012)
11. ശ്രീ. ഡി. ആർ. അജയകുമാർ (2012)
12. ഡോ. പി. വിജയൻ (2012)
13. ശ്രീ. സി. കെ. ബാബുരാജൻ (2013)
14. ശ്രീ. കെ. ജെ. തോമസ് (2013)

15. ശ്രീ. പി. കുമാരൻ (2013)

16. ശ്രീ. ഡി. സത്യരാജ് (2014)

17. ശ്രീ. കെ. വസന്തകുമാർ (2014)

18. ശ്രീ. ഇ. കൃഷ്ണദാസ് (2014)

19. ശ്രീ. ജെ. സജികുമാർ (2015)

20. ശ്രീ. എച്ച്. ഗോപകുമാർ (2015)

21. ശ്രീ. കെ. സോമരാജൻ (2016)

22. ശ്രീ. സി. രാജീവൻ (2016)

ഇവരിൽ 15 പേർ ഇപ്പോൾ സർവ്വീസിൽ നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ആർക്കും അനുവദിച്ചിട്ടില്ല.

(ഇ) ഇത് സംബന്ധിച്ച് ജയിൽ വകുപ്പിൽ നിന്നും ഇ 1-22873/16 നമ്പറിൽ തീയതി 1-2-2017-ൽ ഒരു പ്രൊപ്പോസൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ടി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

യു. എ. പി. എ. ചുമത്തപ്പെട്ട നിരപരാധികളെന്ന് കണ്ടെത്തിയവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടി

88 (1505) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് മനുഷ്യാവകാശ പ്രവർത്തകരടക്കം നിരപരാധികളായ നിരവധിപേർക്കെതിരെ യു.എ.പി.എ. ചുമത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സർക്കാർ പുനഃപരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് രാഷ്ട്രീയ സമ്മർദ്ധത്തിന് വഴങ്ങി ഉന്നത പോലീസ് കേന്ദ്രങ്ങൾ ഇത്തരം നിയമവിരുദ്ധ നടപടികളിൽ ഇടപെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഡി.ജി.പി. ഈ വിഷയത്തിൽ എന്തെങ്കിലും റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് നൽകിയിട്ടുണ്ടോ;

(ഇ) ഡി.ജി.പി.-യുടെ പരിശോധനയിൽ നിരപരാധികൾ എന്ന് കണ്ടെത്തിയ യു.എ.പി.എ. ചുമത്തപ്പെട്ടവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എഫ്) യു.എ.പി.എ. സംബന്ധിച്ച് മുൻ സർക്കാർ നിലപാടിനെ അപേക്ഷിച്ച് ഈ സർക്കാരിന്റെ പൊതു നിലപാട് വിശദമാക്കാമോ?

ഉത്തരം

(എ-സി) ചില കേസ്സുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു. എ. പി. എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ റിവ്യൂ നടത്തിയിട്ടുള്ളത്.

(ഡി&ഇ) ഇത് സംബന്ധിച്ച് റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല.

(എഫ്) യു.എ.പി.എ. ചുമത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് എല്ലാ നടപടി ക്രമങ്ങളും പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥരോ ടി നിയമത്തെ ദുരുപയോഗം ചെയ്തതായി വെളിവായാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. കെ. മാതൃവിന്റെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി

89 (1506) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വഴിക്കടവ് പോലിസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാമങ്കര പ്രദേശത്ത് കൊയിക്കര കെ.കെ.മാതൃ എന്നയാൾ 2016 ഫെബ്രുവരി മാസത്തിൽ മരണപ്പെട്ടത് സംബന്ധിച്ച കേസ്സിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിട്ടുള്ളതെന്നും കേസന്വേഷണത്തിന് നേതൃത്വം നൽകുന്നത് ആരെല്ലാമാണെന്നും അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസ്സിനെ സംബന്ധിച്ച പോലീസിന്റെ മറ്റ് നിഗമനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത കേസിലെ പ്രതികളെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19-2-2016 തീയതി വൈകുന്നേരം 6 മണിക്കും, 20-2-2016 തീയതി ഉച്ചയ്ക്ക് ശേഷം 2.45 മണിക്കും പൗലോസ് എന്നയാളുടെ കൃഷി സ്ഥലത്ത് വച്ച് ടി കൃഷി സ്ഥലത്തേക്ക് പോകുന്നവർ മരണപ്പെടാൻ ഇടയുണ്ടെന്ന അറിവോടുകൂടി മനഃപൂർവ്വം ആരോ വൈദ്യുതി പ്രവഹിപ്പിച്ചതിൽ വച്ച് കൃഷി സ്ഥലത്തേക്ക് വെള്ളം അടിക്കാൻ പോയ പൗലോസിന്റെ അനുജൻ മാത്യു, S/o. കുര്യാക്കോസ് എന്നയാൾ ഇലക്ട്രിക് ഷോക്കേറ്റ് മരണപ്പെട്ടു എന്നും ഇത് സംബന്ധിച്ച് ടി പൗലോസ് നൽകിയ പരാതി അനുസരിച്ച് വഴിക്കടവ് പോലീസ് സ്റ്റേഷൻ ക്രൈം 73/16/u/s 304 IPC, 135(1) (a), 150 of Electricity Act പ്രകാരം കേസ്സെടുത്തു അന്വേഷണം നടത്തിവരുന്നു.

(ബി) ആരെയും പ്രതി ചേർത്തിട്ടില്ല. മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നുണ്ട്. കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്.

(സി) അറസ്റ്റ് ചെയ്തിട്ടില്ല. അറസ്റ്റ് ചെയ്യുന്നതിന് മതിയായ തെളിവുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ.

(ഇ) അറസ്റ്റ് ചെയ്യുന്നതിന് മതിയായ തെളിവുകൾ ഒന്നും തന്നെ നാളിതു വരെയുള്ള അന്വേഷണത്തിൽ ലഭ്യമായിട്ടില്ല.

സബ് ഇൻസ്പെക്ടർമാരുടെ വിദഗ്ദ്ധ പരിശീലനം

90 (1507) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പോലീസ് സബ് ഇൻസ്പെക്ടർമാർ പരിശീലനം കഴിഞ്ഞ് സേനയിൽ എത്തിയിട്ടുണ്ട്;

(ബി) ആധുനിക കാലഘട്ടത്തിലെ കുറ്റകൃത്യങ്ങളായ സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ തടയുന്നതിനുള്ള പരിശീലനം ഇവർക്ക് ലഭ്യമായിട്ടുണ്ടോ;

(സി) മറ്റ് ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടാണ് ഇവർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 103 പോലീസ് സബ് ഇൻസ്പെക്ടർമാർ പരിശീലനം കഴിഞ്ഞ് സേനയിൽ എത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസ്സിൽ തന്നെ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(സി) 1. ഐ.ടി. ടെയിനിംഗ്, സി.സി.ടി.എൻ.എസ്, സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുമായി സഹകരിച്ചും നിരവധി ടെയിനിംഗ് കോഴ്സുകൾ നൽകി വരുന്നുണ്ട്.

2. പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനുമായി Soft Skill Module ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നുണ്ട്.

3. വളർന്ന് വരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം

നൽകി വരുന്നുണ്ട്. കൂടാതെ ചെന്നൈ കമാൻഡോ ടെയിനിംഗ് സ്കൂളിൽ നിന്നും കമാൻഡോ പരിശീലനവും KATS-ൽ നിന്നും jungle Operations-ൽ പരിശീലനവും നൽകിവരുന്നുണ്ട്.

4. കോസ്റ്റൽ പോലീസിന്റേയും, കോസ്റ്റ് ഗാർഡിന്റേയും സഹകരണത്തോടെ തീര സംരക്ഷണ മേഖലയെ സംബന്ധിച്ചുള്ള പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്.

5. നിയമപരമായി ക്രമസമാധാന പ്രശ്നങ്ങളെ നേരിടുന്നതിനായി അടിസ്ഥാന പരിശീലന കാലയളവിൽത്തന്നെ അക്കാദമിയിലെ പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നുണ്ട്.

6. രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ മീഡിയ വഴിയും അല്ലാതെയും വിവര ശേഖരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പരിശീലനം നൽകി വരുന്നുണ്ട്.

7. വി.ഐ.പി.-കളുടെ സുരക്ഷിതത്വത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും നൂതനമായ ആയുധങ്ങളുടെ ഉപയോഗവും സംബന്ധിച്ചും പരിശീലനം നൽകിവരുന്നുണ്ട്.

8. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നുവരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് കൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടവും തസ്തികകളും

91 (1508) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച ചെറുപുഴ പോലീസ് സ്റ്റേഷനിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി അനുവദിച്ച ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ ഏത് വരെയായി;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ?

ഉത്തരം

(എ) ചെറുപുഴ പോലീസ് സ്റ്റേഷനിൽ പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബ&സി) സ്വന്തമായി സ്ഥലം ലഭ്യമാക്കി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മുഴവൻ പോലീസ് സ്റ്റേഷനുകളിലും യോഗ നിർബന്ധമാക്കിയ സാഹചര്യം

92 (1509) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും സേനാംഗങ്ങൾക്ക് യോഗ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; ഇതിനുള്ള തീരുമാനം എടുക്കാനിടയായ അടിയന്തര സാഹചര്യം എന്തായിരുന്നു;

(ബി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ പോലീസ് മേധാവിക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ ആയുഷ് മന്ത്രാലയത്തിന്റെ 22-12-2014-ലെ കത്ത് നമ്പർ Z28015/121/2014-NI പ്രകാരം എല്ലാ പോലീസ് സേനാംഗങ്ങൾക്കും യോഗ പരിശീലനം നൽകുന്നതിന് വേണ്ടിയുള്ള ഒരു സ്കീം-Central Sector Scheme of Yoga Training for Police Personnel എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികവെ കേന്ദ്ര സർക്കാരിന്റെ തന്നെ ആയുഷ് മന്ത്രാലയത്തിന്റെ 1-2-2017 തീയതിയിലെ കത്ത് നമ്പർ G-27017/3/2015-NI പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പ്രസ്തുത സ്കീം നിർത്തലാക്കിയെന്നറിയിച്ചിട്ടുള്ളതിനാൽ യോഗ പരിശീലനവുമായി ബന്ധപ്പെട്ട നടപടികൾ നിർത്തിവച്ചിരിക്കുകയാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

കാസർഗോഡ് മദ്രസാ അധ്യാപകന്റെ കൊലപാതകം-അന്വേഷണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംഘത്തിന് റിവാർഡ്

93 (1510) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് മദ്രസാ അധ്യാപകനെ കൊലപ്പെടുത്തിയ കേസ്സിലെ പ്രതികളെ എത്ര ദിവസത്തിനുള്ളിൽ പിടികൂടാൻ പോലീസിന് സാധിച്ചിട്ടുണ്ട് ;

(ബി) അന്വേഷണ സംഘത്തിൽ ആരൊക്കെ ഉണ്ടായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ പെട്ടെന്ന് പിടികൂടിയതുമൂലം ജില്ലയിൽ കലാപം ഉണ്ടാക്കാനുള്ള ഗൂഢശ്രമം ഇല്ലായ്മ ചെയ്ത അന്വേഷണ സംഘത്തിന് റിവാർഡ് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) രണ്ട് ദിവസത്തിനുള്ളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ബി) അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1) ഡോ. ശ്രീനിവാസ്. എ., ഐ. പി. എസ്.- എസ്. പി., സി. ബി. സി. ഐ. ഡി., ഒ. സി. ഡബ്ല്യു.IV, കണ്ണൂർ 2) ശ്രീ. ജയദേവ്. ജി., ഐ. പി. എസ്., Jt.SP, മാനന്തവാടി, 3) ശ്രീ. എം. പി. മോഹനചന്ദ്രൻ നായർ, ഡിവൈ. എസ്. പി., ഡി. സി. ആർ. ബി, മലപ്പുറം, 4) ശ്രീ. പി. കെ. സുധാകരൻ, IP, കോസ്റ്റൽ പോലീസ് സ്റ്റേഷൻ, ബേക്കൽ, കാസർഗോഡ് (under order of transfer to Taliparamba Circle), 5) ശ്രീ. എം. വി. അനിൽ കുമാർ, DI, CBCID,OCW-IV, KKD Sub unit, 6) ശ്രീ. ഫിലിപ്പ് തോമസ്, സബ് ഇൻസ്പെക്ടർ, കൺട്രോൾ റൂം, കാസർഗോഡ്, 7) ശ്രീ. കെ. എം. ജോൺ, എ. എസ്. ഐ., ട്രാഫിക് പോലീസ് സ്റ്റേഷൻ, കാസർഗോഡ്, 8) ശ്രീ. ബാലകൃഷ്ണൻ, എ. എസ്. ഐ., കൺട്രോൾ റൂം, കാസർഗോഡ്, 9) ശ്രീ. നാരായണൻ, എ. എസ്. ഐ., കൺട്രോൾ റൂം, കാസർഗോഡ്, 10) ശ്രീ. രജ്ഞിത്ത് കുമാർ, എസ്. സി. പി. ഒ. 1160, സി. ബി. സി. ഐ. ഡി., ഒ. സി. ഡബ്ല്യു-IV, കാസർഗോഡ്, 11) ശ്രീ. ലക്ഷ്മി നാരായണൻ, എസ്. സി. പി. ഒ. 1219, കൺട്രോൾ റൂം, കാസർഗോഡ്, 12) ശ്രീ. സുരേഷ് പി. വി., സി. പി. ഒ. 1987, ആധുർ പോലീസ് സ്റ്റേഷൻ, 13) ശ്രീ. മോഹനൻ എം., എസ്. സി. പി. ഒ. 1163, കോസ്റ്റൽ പോലീസ് സ്റ്റേഷൻ, 14) ശ്രീ. ആസ്റ്റിൻ തമ്പി,

സി. പി. ഒ. 2286, കൺട്രോൾ റൂം, കാസർഗോഡ്, 15) ശ്രീ. ശിവകുമാർ, സി. പി. ഒ. 2045, സൈബർ സെൽ, കാസർഗോഡ്, 16) ശ്രീ. ശ്രീജിത്ത്, സി. പി. ഒ. 2409, സൈബർ സെൽ, കാസർഗോഡ്, 17) ശ്രീ. രമേഷൻ പി. സി., ഡി. എസ്. ഐ., സി. ബി. സി. ഐ. ഡി., ഒ. സി. ഡബ്ല്യു.-IV, 18) ശ്രീ. സുരേഷ് കുമാർ ഇ. റ്റി., എ. എസ്. ഐ., സി. ബി. സി. ഐ. ഡി., ഒ. സി. ഡബ്ല്യു.-IV, കാസർഗോഡ്.

(സി) മേൽപ്പറയുന്ന കേസ് അന്വേഷണാവസ്ഥയിലായതിനാൽ അന്വേഷണ സംഘത്തിന് റിവാർഡ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി

94 (1511) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭാ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓരോ പ്രദേശത്തേയും ജനങ്ങൾക്ക് പോലീസിന്റെ കാര്യക്ഷമത വിലയിരുത്തുന്നതടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ പോലീസ് സ്റ്റേഷനിലും ആവശ്യമായ വാഹനങ്ങൾ അനുവദിക്കുന്നതിനും, ഇന്ധനച്ചെലവ്, മെയിന്റനൻസ് എന്നിവ യഥാസമയം അനുവദിക്കുന്നതിനും ആവശ്യമായ ഡ്രൈവർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹെൽമറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസ് ടാർജറ്റ്

95 (1512) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുംകുറ്റകൃത്യങ്ങൾ തടയാൻ പോലീസ് മടിച്ചു നിൽക്കുന്നതുമൂലം അവ നിത്യേന വർദ്ധിച്ചു വരുമ്പോഴും ഹെൽമെറ്റ് വേട്ടയ്ക്ക് പോലീസ് ശുഷ്കാന്തി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹെൽമെറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസിന് ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടുണ്ടോ;

(സി) മറ്റു നിയമലംഘനങ്ങൾ സർവ്വസാധാരണമാവുമ്പോഴും ഇക്കാര്യത്തിൽ മാത്രം ശുഷ്കാന്തിയുണ്ടാവുന്നത് സർക്കാർ ഖജനാവിനും സ്വന്തം കീശയ്ക്കും വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടിയാണെന്ന ആക്ഷേപം ജനങ്ങൾക്കിടയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാത്തരം നിയമലംഘനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് മടിച്ചു നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാത്രക്കാരന്റെ സുരക്ഷ മുൻനിർത്തി ബഹു. കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും നിലവിലെ നിയമങ്ങളുടെയും അടിസ്ഥാനത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ബോധവൽകരണവും നിയമലംഘകർക്ക് പിഴയും ചുമത്തുന്നത് നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രമാണ്.

(ബി) ഇല്ല.

(സി) ജനങ്ങൾക്ക് അങ്ങനെ ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹെൽമറ്റ് പരിശോധന നടത്തുന്നതിന് പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് 28-3-2012-ൽ നമ്പർ 06/2012 പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഹെൽമറ്റ് പരിശോധന വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ഡി) കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

അഴിമതിയുടെ പേരിൽ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ

96 (1513) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള പരാതികളും ആക്ഷേപങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(ബി) പോലീസുകാർ മുതൽ ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ വരെയുള്ളവരുടെ മോശമായ പ്രതികരണങ്ങളിലും, നടപടികളിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സ്വഭാവദൂഷ്യത്തിന്റെയും അഴിമതിയുടെയും പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടവയിന്മേൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വഭാവ ദൂഷ്യത്തിന്റേയും അഴിമതിയുടേയും പേരിൽ 485 പോലീസ് ഉദ്യോഗസ്ഥർ വിവിധ തരത്തിലുള്ള അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ട്.

ബി. എം. എസ്. പ്രവർത്തകൻ സന്ദീപിന്റെ മരണം

97 (1514) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ഏപ്രിൽ മാസത്തിൽ ബി.എം.എസ് പ്രവർത്തകൻ സന്ദീപിന്റെ മരണവുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം മരണ കാരണം എന്തായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കസ്റ്റഡി മരണമാണെന്ന് ആരോപിച്ച് ബി.ജെ.പി. കാസർഗോഡ് ജില്ലാ ഘടകം നടത്തിയ ഹർത്താലിൽ എത്ര രൂപയുടെ നഷ്ടമാണ് ജില്ലയിൽ ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണ കാരണം 'ട്രോമാറ്റിക്ക് ബ്രെയിൻ ഇഞ്ചുറി' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(സി) ഹർത്താലിന്റെ തലേ ദിവസം രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 303/17 എന്ന കേസ്സിൽ 50,000 രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഹർത്താലുമായി ബന്ധപ്പെട്ട 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

യു.എ.പി.എ. വകുപ്പ് ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

98 (1516) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 28 കേസ്സുകൾ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

കൊല്ലം	-	1
എറണാകുളം	-	4
പാലക്കാട്	-	7
മലപ്പുറം	-	7
കോഴിക്കോട്	-	3
വയനാട്	-	3
കണ്ണൂർ	-	2
കാസർഗോഡ്	-	1

(ബി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച്, സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ റിവ്യൂ നടത്തിയിട്ടുള്ളതാണ്. ഇതിൽ ചില കേസ്സുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി കേസ്സുകളിൽ നിന്നും യു.എ.പി.എ. വകുപ്പ് നീക്കം ചെയ്യാനുള്ള നടപടിക്രമം സ്വീകരിച്ചു വരികയാണ്.

യു.എ.പി.എ. ചുമത്തപ്പെട്ട കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം

99 (1517) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ യു.എ.പി.എ. ചുമത്തപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രതികളാക്കപ്പെട്ടവർ എത്രയാണെന്നും അവർ ഏതെല്ലാം ജില്ലയിലുള്ളവരാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസുകളുടെ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസംമൂലം കേസ് തീർപ്പാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എത്ര കേസുകൾക്ക് ഇതുവരെ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ബാക്കിയുള്ളവ എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ) 193 കേസുകളിൽ യു.എ.പി.എ. ചുമത്തപ്പെട്ടു. ഇതിൽ 4 കേസുകളിൽ നിന്നും പിന്നീട് യു.എ.പി.എ. വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്.

(ബി) 759. ഇവർ ഇടുക്കി ജില്ല ഒഴികെ ബാക്കിയുള്ള ജില്ലകളിൽ ഉള്ളവരാണ്. ഇതര സംസ്ഥാന ആൾക്കാരും ഇക്കൂട്ടത്തിൽ പ്രതികളായിട്ടുണ്ട്.

(സി) യു.എ.പി.എ. കേസുകൾ ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി എടുക്കേണ്ടതും ഡിവൈ.എസ്.പി.-യിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി പ്രോസിക്യൂഷൻ അനുമതിയും ലീഗൽ ഒപ്പീനിയനും ലഭിച്ചതിനുശേഷം സർക്കാരിന്റെ അനുമതിയോടു കൂടിയാണ് അന്തിമ തീരുമാനം എടുത്തു വരുന്നത്. ആയതുകൊണ്ട് ഇത്തരം കേസുകളിൽ കുറ്റ പത്രം സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 45 കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്. 148 കേസുകളിൽ കുറ്റ പത്രം സമർപ്പിക്കാനുണ്ട്.

കെ. സുരേന്ദ്രന് എതിരായ കേസ്

100 (1518) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ജെ.പി. നേതാവ് കെ.സുരേന്ദ്രൻ മംഗലാപുരത്ത് നടത്തിയ പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും പരാതി പൊലീസിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസ്സെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ കേരളത്തിൽ കേസ്സെടുക്കാൻ കഴിയില്ലെങ്കിൽ കേസ്സെടുക്കാനുള്ള ശിപാർശയോടെ പരാതി കർണ്ണാടക സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബി.ജെ.പി. നേതാവ് കെ. സുരേന്ദ്രൻ മംഗലാപുരത്ത് നടത്തിയ പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ എം. എൽ. എ.-മാരായ ശ്രീ. എം. സ്വരാജ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്നിവരുടെ പരാതി പോലീസ് ആസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വസ്തുതകൾ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കർണ്ണാടക ഡി.ജി.പി.ക്ക് 6-3-2017 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ തിരുവനന്തപുരത്ത് നടത്തിയ ഹർത്താൽ വിരുദ്ധ ഉപവാസം

101 (1520) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.പി.സി.സി.-യുടെ ഇപ്പോഴത്തെ താൽകാലിക അദ്ധ്യക്ഷൻ ശ്രീ. എം. എം. ഹസ്സൻ മുമ്പ് എപ്പോഴെങ്കിലും തിരുവനന്തപുരത്ത് ഹർത്താൽ വിരുദ്ധ ഉപവാസം നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ അദ്ദേഹം എത്ര ദിവസം ഉപവാസം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഹർത്താൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. എം. ഹസ്സൻ അന്നത്തെ സർക്കാരിന് നിവേദനം നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ ആഭ്യന്തര വകുപ്പ് ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.പി.സി.സി.-യുടെ ഇപ്പോഴത്തെ താൽക്കാലിക അദ്ധ്യക്ഷൻ ശ്രീ. എം. എം. ഹസ്സൻ 24-12-2004 തീയതിയിൽ 24 മണിക്കൂർ തിരുവനന്തപുരത്ത് രക്തസാക്ഷി മണ്ഡപത്തിൽ വച്ച് ഹർത്താൽ വിരുദ്ധ ഉപവാസം നടത്തിയിട്ടുണ്ട്.

(ബി) നൽകിയിരുന്നു. കൈക്കൊണ്ട നടപടിയുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കാപ്പ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

102 (1522) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജൂൺ മാസം മുതൽ 2016 മേയ് മാസം വരെ സംസ്ഥാനത്ത് എത്ര പേർക്കെതിരെ കാപ്പ ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാപ്പ ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തതിൽ എത്ര പേർ പൊതുപ്രവർത്തകരാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ കാപ്പ ആക്ട് പ്രകാരം കേസ്സിൽപ്പെട്ട പൊതുപ്രവർത്തകരിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന എത്രപേർ വീതം ഉൾപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 ജൂൺ മാസം മുതൽ 2016 മേയ് മാസം വരെ സംസ്ഥാനത്ത് 220 പേർക്കെതിരെ കാപ്പ ആക്ട് പ്രകാരം കേസ് രജിസ്റ്റർ (എഫ്.ഐ.ആർ. രജിസ്റ്റേർഡ്) ചെയ്തിട്ടുണ്ട്. കാപ്പ ആക്ട് സെക്ഷൻ 3 പ്രകാരം 638 പേർക്കെതിരെയും സെക്ഷൻ 15 പ്രകാരം 378 പേർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാപ്പ നിയമപ്രകാരം എടുത്ത കേസുകളുടെ എണ്ണം

103 (1523) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പ നിയമ പ്രകാരം എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാപ്പ നിയമ പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാപ്പ നിയമത്തിലെ സെക്ഷൻ (3) പ്രകാരം 42 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവും സെക്ഷൻ (15) പ്രകാരം 30 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിരിക്കുന്നു.

വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി

104 (1524) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കുന്നതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സമൂഹത്തെ വർഗ്ഗീയമായി വിഭജിക്കാൻ ഫാസിസ്റ്റു ശക്തികളും തീവ്രവാദ ശക്തികളും ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ തുടക്കത്തിൽ തന്നെ കണ്ടെത്തി തടയുന്നതിന് ഈ സംവിധാനം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ ചെറുക്കാൻ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും ജനങ്ങളെ സമ്പൂർണ്ണമായും വിശ്വാസത്തിലെടുത്തും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗാണ് ജനമൈത്രീ പോലീസ് ലക്ഷ്യമിടുന്നത്. ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടെ പോലീസിംഗ് നടപ്പിലാക്കുക എന്നതാണിതിന്റെ ലക്ഷ്യം. 2008-ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ജനമൈത്രി സംവിധാനം ഇന്ന് കേരളത്തിൽ മുഴുവൻ വ്യാപിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുക എന്ന പൂർവ്വ കാല പോലീസിംഗ് സമ്പ്രദായത്തിന് പകരമായി അവരുടെ ആവലാതികളിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും അവരെക്കൂടി ഉൾപ്പെടുത്തി ഇടപെടുന്ന രീതിയാണിത്. അതിനായി പോലീസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉദ്യോഗസ്ഥർ (വനിതാ പോലീസ് ഉൾപ്പെടെ) ബീറ്റ് സന്ദർശനത്തിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തി ഓരോ പ്രദേശത്തിന്റേയും സ്വഭാവം മനസ്സിലാക്കി പ്രവർത്തിക്കുന്നു. ജനമൈത്രി പോലീസിംഗ് സമ്പ്രദായത്തിന്റെ മുഖമുദ്രയാണ് ഭവന സന്ദർശനം. ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് അവരോടൊപ്പം പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനവും നൽകി വരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മകളും സാമൂഹിക സാംസ്കാരിക പരിപാടികളും നടത്തുക വഴി പോലീസും ജനങ്ങളും തമ്മിൽ നിരന്തരമായ ബന്ധവും ഉണ്ടാകുന്നുണ്ട്.

(ബി) ജനങ്ങളെ പൂർണ്ണമായും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ കൂട്ടായ്മകളും സാമൂഹിക ക്ഷേമ പരിപാടികളും നടത്തുന്നതുവഴി അവരുടെ വിശ്വാസം ആർജ്ജിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായ ജനമൈത്രി സമിതിയുടെ ഭാഗമായ പൊതുജനങ്ങൾ അവരുടെ അഭിപ്രായങ്ങളും ആശങ്കകളും പോലീസിനോട് പങ്ക് വയ്ക്കുന്നു. ജനമൈത്രി ജാഗ്രതാ സമിതിയും, കടലോര ജാഗ്രതാ സമിതിയുമെല്ലാം ഇതിന്റെ ഭാഗമാണ്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്പോലുള്ള പ്രദേശങ്ങളിൽ നടന്ന വർഗ്ഗീയ കലാപങ്ങൾ കലുഷിതമാകാതിരിക്കാൻ ജനമൈത്രി പോലീസിന്റെ ഇടപെടൽ മാതൃകയായിട്ടുണ്ട്. ആദിവാസി മേഖലയിലും ജനമൈത്രി പോലീസിന്റെ കൃത്യമായ ഇടവേളകളിലെ സന്ദർശനവും ഊരുസന്ദർശനവും നടത്തുന്നതുമൂലം ആ ഭാഗത്തുള്ള ഛിദ്രശക്തികളുടെ ഇടപെടലിനെ ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ ചെറുക്കാൻ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടെ സത്യാഗ്രഹം

105 (1525) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയിയുടെ അമ്മ സത്യാഗ്രഹം നടത്താൻ എത്തുമ്പോൾ അവരോടൊപ്പം മൊത്തം എത്ര പേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ അവരുടെ കുടുംബാഗംങ്ങൾ ഒഴികെ എത്ര പേരുണ്ടായിരുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) തോക്കുസ്വാമി എന്ന് അറിയപ്പെടുന്നയാൾ ഡിജി.പി.യെ കാണാൻ നേരത്തേ അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതിക്കാര്യം അനുവദിച്ചിരുന്നോ ;

(ഡി) ഡി.ജി.പി.-യെ സ്വന്തം കാര്യത്തിന് കാണാൻ വന്ന് ചായകുടിച്ചു നിൽക്കുമ്പോഴാണ് കസ്റ്റഡിയിലെടുത്തതെന്ന തോക്കുസ്വാമിയെന്ന അപര നാമധാരിയുടെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതാണോ ;

(ഇ) ഇരുപതിൽ താഴെയുള്ളവരെ ഒരു ബലപ്രയോഗവുമില്ലാതെ തന്നെ തന്ത്രപൂർവ്വം കൈകാര്യം ചെയ്യാനാവാത്ത പോലീസ് അക്രമാസക്തമായ ജനക്കൂട്ടത്തെ എങ്ങനെ സമാധാന മാർഗ്ഗങ്ങളുപയോഗിച്ച് നേരിടാൻ പ്രാപ്തമാവും എന്ന ആക്ഷേപം ഗൗരവപൂർവ്വം പരിശോധിക്കുമോ?

ഉത്തരം

(എ) ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന സമരത്തിൽ 21 പേർ ഉണ്ടായിരുന്നു.

(ബി) മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ കുടുംബങ്ങൾ ഉൾപ്പെടെ 14 പേരും (അച്ഛനും അമ്മയും ഉൾപ്പെടെ), കുടുംബാംഗങ്ങളല്ലാത്തവരെന്ന് വെളിവായിട്ടുള്ള 7 പേരുമാണ് സമരത്തിൽ ഉണ്ടായിരുന്നത്.

കുടുംബാംഗങ്ങൾ അല്ലാത്തവരുടെ പേരു വിവരം

1. കെ. എം. ഷാജഹാൻ. S/o കെ.ബി. മുഹമ്മദാലി
2. ഷാജിർഖാൻ, S/o ഇ. എം. ഹനീഫ
3. മിനി, D/o സാവിത്രി
4. ശ്രീകുമാർ, S/o സുധാകരൻ
5. ഹിമവൽ മഹേശ്വര ഭദ്രാനന്ദ, S/o ഹേമചന്ദ്രൻ
6. അരുൺ. കെ. സി., വിദ്യാർത്ഥി, പാമ്പാടി കോളേജ്
7. ബിമൽ രാജ്, പൂർവ്വ വിദ്യാർത്ഥി, പാമ്പാടി കോളേജ്.

(സി) തോക്കുസ്വാമി എന്നറിയപ്പെടുന്ന ആൾക്ക് സംസ്ഥാന പോലീസ് മേധാവിയെ കാണാൻ മുൻകൂർ അനുമതി നൽകിയിട്ടില്ല.

(ഡി) ശ്രീ. ഹിമവൽ മഹേശ്വര ഭദ്രാനന്ദ ഉൾപ്പെടെയുള്ളവരെ സമര സ്ഥലത്ത് നിന്ന് തന്നെയാണ് പോലീസ് അറസ്റ്റ് ചെയ്യുന്നത്. ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/17 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

(ഇ) ഡി.ജി.പി. ഓഫീസിന് മുന്നിൽ സമരം ചെയ്ത സമരക്കാരോട് മാർഗ്ഗ തടസ്സമുണ്ടാക്കാതെ റോഡ് സൈഡിൽ സമാധാനപരമായി സമരം നടത്തണമെന്ന പോലീസിന്റെ നിയമപരമായ നിർദ്ദേശത്തെ അവഗണിച്ച് മാർഗ്ഗതടസ്സമുണ്ടാക്കി റോഡിൽ സമരം നടത്തിയവരെയാണ് മതിയായ ബലപ്രയോഗത്തിലൂടെ പോലീസിന്റെ നിയമാനുസൃതമായ അധികാരം ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് നിന്നും നീക്കം ചെയ്തത്. അക്രമാസക്തമായ ജനക്കൂട്ടത്തെ മുന്നറിയിപ്പുകൾ നൽകി അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ സമാധാനപരമായി നേരിടുന്നതിനും അതിന് വഴങ്ങാത്ത സാഹചര്യത്തിൽ മതിയായ മറ്റ് മാർഗ്ഗങ്ങളുപയോഗിച്ച് സന്ദർഭോചിതമായി നടപടികൾ സ്വീകരിക്കുവാൻ പോലീസ് പ്രാപ്തമാണ്.

സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

106 (1526) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൊതു വാഹനങ്ങളും തൊഴിലിടങ്ങളും പൊതു നിരത്തുകളും സ്ത്രീ സുരക്ഷിതമാക്കാൻ കൂടുതൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതു സ്ഥലങ്ങളിൽ അപമാനത്തിന് ഇരയാകുന്നവർക്ക് ആത്മ വിശ്വാസം നൽകുന്നതിനുള്ള കൗൺസിലിംഗ്, സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന

പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്. 2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും 10.30 എ. എം.-നും 1.00 പി. എം.-നും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്ത വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതും പരിഹരിക്കുവാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.

ഇതിനുപുറമേ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

(ബി) പൊതു നിരത്തുകളിലും വാഹനങ്ങളിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി മഫ്തിയിൽ വനിതാ പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിനായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ത്രീകൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും അതിൽ ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(സി) ഉണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.

പോലീസ് സേനയിലെ വനിതകളുടെ എണ്ണം

107 (1527) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ നിലവിലുള്ള വനിതാ ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ എന്നിവരുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ബി) പോലീസ് ജില്ലകളിൽ നിലവിലുള്ള വനിതാ ഗ്രേഡ് എസ്.ഐ.-മാരുടെ എണ്ണം എത്രയാണ് ;

(സി) വനിതാ ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ എന്നിവരുടെ എണ്ണത്തിലെ ആനുപാതിക കുറവ് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലെ വനിതാ ഗ്രേഡ് എസ്.ഐ.-മാരെ വനിതാ സബ് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലകളിൽ നിലവിൽ 19 വനിതാ പോലീസ് ഇൻസ്പെക്ടർമാരുടെയും 118 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും തസ്തിക നിലവിലുണ്ട്.

(ബി) നിലവിൽ വനിതാ ഗ്രേഡ് എസ്.ഐ.-മാരായി ആരും തന്നെയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനായി, 30-1-2017-ലെ സ.ഉ.(കൈ)നമ്പർ 15/2017/ ആഭ്യന്തരം പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരായും 20 വനിതാ പോലീസ് ഹവീർദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ച് ഉത്തരവായിരുന്നു.

പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം പരിഹരിക്കുന്നതിന് നടപടി

108 (1528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ ക്രിമിനൽ വൽക്കരണം വർദ്ധിച്ചുവരുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിലേറിയതുമുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പോലീസ് സേനയിലെ ക്രിമിനൽ വൽക്കരണം സംബന്ധിച്ച് മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പ്രതികളായിട്ടുള്ള 148 കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പോലീസിന്റെ പ്രവർത്തനം നിയമാനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനും അതുവഴി അഴിമതി രഹിതവും, കൂടുതൽ മെച്ചപ്പെട്ടതുമായ പോലീസ് സംവിധാനം വാർത്തെടുക്കുകയെന്ന ഉദ്ദേശത്തോടെയും സംസ്ഥാനത്ത് ഇന്റേണൽ വിജിലൻസ് സെൽ സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കൂടുതൽ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും, വിജിലൻസ് വകുപ്പും ഈ വിഷയം കാര്യക്ഷമമായി നിരീക്ഷിച്ചു വരുന്നു. ഇത്തരത്തിൽ കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ശക്തമായ നടപടികൾ അനുവർത്തിച്ചുവരുന്നുമുണ്ട്.

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് നടപടി

109 (1529) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ത്രീ സൗഹൃദ വനിതാ പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ ആഭ്യന്തരം പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് തീരുമാനിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2017-18-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജിഷ്ണു കേസുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പ്

110 (1530) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുഴുവൻ പത്രങ്ങളിലും പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പിനുവേണ്ടി സർക്കാർ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഒരു പത്ര സമ്മേളനത്തിലൂടെ അറിയിക്കേണ്ട കാര്യങ്ങൾ ഇത്രയും ഭീമമായ ചെലവിൽ പത്രങ്ങളിൽ അര പേജ് പരസ്യമായി നൽകേണ്ടി വന്ന സാഹചര്യം വിശദീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) പത്രമാധ്യമങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) പത്ര സമ്മേളനത്തിന്റെയും പത്ര പരസ്യത്തിന്റെയും സാധ്യതകൾ വ്യത്യസ്തമാണ്. സർക്കാരിന് പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകേണ്ട വിവരങ്ങൾ യഥാസമയം കൃത്യമായും ഉദ്ദേശിക്കുന്ന വ്യാപ്തിയിലും നൽകാൻ പത്രപരസ്യങ്ങൾ കൂടുതൽ സഹായകമാകും എന്നതിനാലാണ് അപ്രകാരം നൽകിയിട്ടുള്ളത്.

(സി) സാധാരണ അനുവർത്തിക്കുന്ന നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും പാലിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലെന്ന പരാതി

111 (1531) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എസ്.ഐ., എ.എസ്.ഐ., സി.പി.ഒ., വിമൻ സി.പി.ഒ. എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊല്ലം സിറ്റി ജില്ലയിൽ 11 സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

അനുമതി ലഭിക്കാതെ മതസംഘടനകളുടെ പരിപാടികളിൽ പങ്കെടുത്ത ഡി.ജി.പി./എ.ഡി.ജി.പി.-മാർ

112 (1532) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവ. അധികാരത്തിൽ വന്നത് മുതൽ സംസ്ഥാനത്തെ ഡി.ജി.പി.-മാരും എ.ഡി.ജി.പി.-മാരും പൊതുവേദിയിൽ പങ്കെടുത്ത സർക്കാരിതര പരിപാടികൾ ഏതൊക്കെയാണ്; ആയതിന്റെ എണ്ണവും പരിപാടിയും ഉൾപ്പെടെയുള്ള വിശദവിവരവും വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ മുൻകൂർ അനുമതി ഇതിന് ആവശ്യമായിരുന്നോ; എങ്കിൽ ആരൊക്കെ അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു; ഈ അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകി; അനുമതി ലഭിച്ചവരുടെ വിശദവിവരം വെളിപ്പെടുത്തുമോ; ആരുടെയൊക്കെ അപേക്ഷകൾക്ക് അനുമതി നിരസിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അനുമതി നൽകിയവയിൽ എത്രയെണ്ണം മതപരിപാടികളിൽ പങ്കെടുക്കാനുള്ളവയായിരുന്നു. അനുമതി ലഭിക്കാതെ എത്ര ആരാധനാലയ/ മതസംഘടനകളുടെ പരിപാടികളിൽ ഡി.ജി.പി. ഉൾപ്പെടെ പങ്കെടുത്തിരുന്നു.; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ മതസൗഹാർദ്ദം കാത്ത് സൂക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന മത സാംസ്കാരിക സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും പ്രത്യേക ക്ഷണിതാക്കളായി രാഷ്ട്രീയ നേതാക്കൾക്കും മറ്റ് സാംസ്കാരിക നേതാക്കൾക്കും ഒപ്പം ഡി.ജി.പി./എ.ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതുമൂലം പോലീസും, പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. ടി പരിപാടികളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ അവരുടെ മതേതര നിലപാടുകൾ ഹനിക്കുന്ന തരത്തിൽ നാളിതുവരെ പെരുമാറിയിട്ടില്ല. ഇതിനുപുറമേ സംസ്ഥാന പോലീസിന്റെ പുതിയ പദ്ധതികൾ, ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവും പൊതു സുരക്ഷയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുന്നതിന് ഉപകാരപ്രദമായ സർക്കാരിതര വേദികളും മേൽപ്പറയുന്ന ഉദ്യോഗസ്ഥർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നത് ജനമൈത്രി പോലീസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേക അനുമതിയുടെ ആവശ്യമില്ല. മേൽ പറയുന്ന പരിപാടികളിൽ പങ്കെടുക്കുന്നതിന്റെ വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിക്കാറില്ല. ആയതിനാൽ ഇത് സംബന്ധിച്ച് എണ്ണം ലഭ്യമല്ല.

പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

113 (1533) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ. (എംഎസ്)266/2014/ഹോം, dated 23-12-2014 ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എന്താണ് തടസ്സം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള കൺവെർഷന്റെ അനുപാതം എന്നിവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരമുള്ള കൺവെർഷൻ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ആർക്കാണ്; ഇതുസംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) മേൽപ്പറയുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം 1:1 എന്ന അനുപാതത്തിലാണ്. 50% ഒഴിവുകൾ പി. എസ്. സി. മുഖേനയും 50% ഒഴിവുകൾ തസ്തിക മാറ്റം മുഖേനയുമാണ് നികത്തുന്നത്. നിലവിൽ ആകെയുള്ള 109 തസ്തികകളിൽ 63 പേർ നേരിട്ടുള്ള നിയമനപ്രകാരവും (പി.എസ്.സി./എംപ്ലോയ്മെന്റ്/വകുപ്പുമാറ്റം/ആശ്രിത നിയമനം) 38 പേർ തസ്തികമാറ്റം വഴിയും നിയമിക്കപ്പെട്ടവരാണ്. 1:1 എന്ന അനുപാതം അനുസരിച്ച് നേരിട്ട് നിയമനം ലഭിക്കേണ്ട 55 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് പകരം 63 പേരാണ് നേരിട്ടുള്ള നിയമന പ്രകാരം നിയമിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള നിയമനങ്ങൾ തസ്തിക മാറ്റം വഴി നികത്തുവാൻ മാറ്റി വച്ചിരിക്കുകയാണ്.

(ബി) സർക്കാർ ഉത്തരവ് ജി.ഒ.(പി)നമ്പർ 407/80/ജി.എ.ഡി. തീയതി 4-9-1980 പ്രകാരമാണ് നിയമന അനുപാതം നിശ്ചയിച്ചിട്ടുള്ളത്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ആകെ തസ്തികയുടെ 50% (1:1) തസ്തിക മാറ്റം വഴി നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുവാനുള്ള ചുമതല നിയമന അധികാരികൾക്കാണ്. ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

114 (1534) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര തസ്തികകൾ ഉണ്ട് ; ജില്ലയും യൂണിറ്റും തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നേടി ; എത്ര പേരെ കൺവേർഷൻ വഴി ടൈപ്പിസ്റ്റ് ആയി നിയമിച്ചു; എത്ര പേരെ പി.എസ്.സി. വഴി നിയമിച്ച എന്നുള്ള കണക്ക് ജില്ലയും യൂണിറ്റും തിരിച്ച് നിയമനം നേടിയ വർഷം സഹിതം ലഭ്യമാക്കുമോ;

(സി) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ ഏത് വിധത്തിലാണ് നികത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിലവിൽ 109 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ തസ്തികകൾ പോലീസ് വകുപ്പിൽ ഉണ്ട്. ഇതിൽ 8 എണ്ണം ഒഴിഞ്ഞുകിടക്കുന്നു. ജില്ല/യൂണിറ്റ് തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ബി) ഇതിൽ 40 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 38 പേർ തസ്തികമാറ്റം വഴിയും, 21 പേർ പി.എസ്.സി. വഴിയും, 2 പേർ ആശ്രിത/വകുപ്പുമാറ്റം വഴിയും നിയമനം നൽകിയിട്ടുണ്ട്.

(സി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എട്ട് ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. തസ്തിക മാറ്റം വഴി നിയമിക്കപ്പെടുന്നവരുടെ എണ്ണം മാനദണ്ഡമനുസരിച്ച് 1:1 എന്നാണ്. തസ്തികമാറ്റം വഴി നിയമിക്കപ്പെട്ടവരുടെ എണ്ണം മേൽപ്പറയുന്ന അനുപാതത്തിലും കുറവായതിനാൽ നിലവിലെ ഒഴിവുകൾ തസ്തികമാറ്റം വഴി നികത്തേണ്ടതായിട്ടുണ്ട്.

പോക്സോ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ആദിവാസി യുവാക്കൾക്ക് നിയമപരിരക്ഷ നൽകുന്നതിന് നിർദ്ദേശം

115 (T* 1535) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത രീതിയിൽ വിവാഹിതരായ എത്ര ആദിവാസി യുവതീയുവാക്കൾ പോക്സോ നിയമപ്രകാരം കേരളത്തിൽ വിവിധ ജയിലുകളിൽ ജാമ്യമില്ലാതെ കഴിയുന്നുണ്ട്; ഇവരുടെ മോചനത്തിനും ജാമ്യം ലഭ്യമാക്കുന്നതിനും ഇതേവരെ എന്തു നടപടി സ്വീകരിച്ചു എന്നും എത്രപേർ മോചിതരായി എന്നും വ്യക്തമാക്കുമോ; നിർദ്ദേശം ;

(ബി) ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെപ്പറ്റിയും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെപ്പറ്റിയും അവബോധം നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; നിയമത്തിന്റെ അജ്ഞതമൂലം മുൻപ് വിവാഹിതരായ ആദിവാസി യുവാക്കൾക്ക് നിയമ പരിരക്ഷ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; ഇതുസംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) നിയമത്തിലെ അജ്ഞതമൂലം മുൻപ് വിവാഹിതരായ ആദിവാസി യുവതീയുവാക്കൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ജില്ലാ ഭരണകൂടത്തിനോ ജില്ലാ പോലീസ് മേധാവിക്കോ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ ബലിയാടാക്കുവാൻ ശ്രമം

116 (1536) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ മാത്രം ബലിയാടാക്കുവാൻ ചില ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശ്രമിച്ചതായി സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാല വിവാഹം നടത്തുന്ന ഇതര മതവിഭാഗങ്ങൾക്കെതിരെ പ്രസ്തുത കമ്മിറ്റികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ശൈശവ വിവാഹത്തിന്റെ പേരിൽ ആദിവാസി വിഭാഗത്തിലും ഇതര വിഭാഗങ്ങളിലുംപ്പെട്ട എത്ര പേർ കേരളത്തിലെ വിവിധ ജയിലുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം നൽകാമോ ;

(സി) ജാമ്യത്തിലെടുക്കാൻ ആളില്ലാത്തതിന്റെ പേരിൽ ആദിവാസി, പട്ടികജാതി, മുസ്ലീം വിഭാഗക്കാരായ എത്ര ആളുകൾ കേരളത്തിലെ വിവിധ ജയിലുകളിൽ അധിക ജയിൽവാസം അനുഭവിക്കുന്നു എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തെ ഒരു സാമൂഹിക മനുഷ്യാവകാശ പ്രശ്നമായി കണ്ട് എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പോലീസ് ഡ്രൈവർമാരുടെ നിയമനം

117 (1537) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ മറ്റു കാറ്റഗറികളിൽപ്പെട്ടവർ പോലീസ് ഡ്രൈവർമാരുടെ സ്ഥിരം തസ്തികയിൽ അദർ ഡ്യൂട്ടിയായി പ്രവൃത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പോലീസ് ഡ്രൈവർമാരെ പി.എസ്.സി മുഖേനയാണോ നിയമിക്കുന്നത്; ഇതിനായി പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പോലീസ് ഡ്രൈവർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടോയെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പരിചയസമ്പന്നരായ ഡ്രൈവർമാരുടെ കുറവുമൂലം പോലീസ് സേന അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാൻ പോലീസ് ഡ്രൈവർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പോലീസ് ഡ്രൈവർമാരെ പി.എസ്.സി. മുഖേനയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. ആയതിലേയ്ക്ക് റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ട്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 417 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയുണ്ടായി. ആയതിൽ 404 തസ്തികകളും പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 13 തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് ആസ്ഥാനത്തിനു മുന്നിൽ നടന്ന സമരം

118 (1538) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരൂഹ മരണത്തിനിരയായ ജിഷ്ണു പ്രണോയിയുടെ അമ്മ ഉൾപ്പെട്ട കുടുംബം മുൻകൂട്ടി അറിയിച്ച് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സമരത്തിന് എത്തിയത് സംബന്ധിച്ച കേസ്സിൽ ഗൂഢാലോചനക്കുറ്റം ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആരൊക്കെ എവിടെ വച്ച് എപ്പോൾ ഗ്രൂഢാലോചന നടത്തി എന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സി-ഡിറ്റ് ഉദ്യോഗസ്ഥനായ ഷാജഹാൻ ഈ ഗ്രൂഢാലോചനയിൽ പങ്കാളിയായിരുന്നോ; എങ്കിൽ ഷാജഹാനും, സമരത്തിനുവന്ന കുടുംബവും തമ്മിൽ എവിടെയൊക്കെ വച്ച് എന്നൊക്കെ കൂടിക്കാഴ്ച നടത്തിയിരുന്നു എന്ന കാര്യം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഷാജഹാനെകൂടി ഗ്രൂഢാലോചനക്കുറ്റത്തിൽപ്പെടുത്താൻ വേണ്ടി മനഃപൂർവ്വം അറസ്റ്റു ചെയ്യുകയും, ഗ്രൂഢാലോചന സ്ഥാപിക്കാൻ വേണ്ടി പരിസരത്തുണ്ടായിരുന്ന തോക്കുസ്വാമി എന്നറിയപ്പെടുന്ന വ്യക്തിയെക്കൂടി കസ്റ്റഡിയിലെടുക്കുകയും ചെയ്തതാണെന്ന് പറയപ്പെടുന്ന ആരോപണത്തെക്കുറിച്ച് പരിശോധിക്കുമോ;

(ഇ) ഈ വിഷയത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഗ്രൂഢാലോചന നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പോലീസ് ആസ്ഥാനത്തിന് മുൻപിൽ 5-4-2017-ാം തീയതി മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷത്തിന് ഇടയിലേയ്ക്ക് നുഴഞ്ഞുകയറിയതും മറ്റും സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017 u/s 120(B), 143,147,149,283,353 IPC & Sec.39 r/w 121 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതികളായി 1) കെ. എം. ഷാജഹാൻ, S/o മുഹമ്മദാലി, 2) മിനി, D/o സാവിത്രി, 3) ഷാജിർഖാൻ, S/o ഹനീഫ 4) ശ്രീകുമാർ, S/o സുധാകരൻ, 5) ഹിമവൽ മഹേശ്വര ഭദ്രാനന്ദ S/o ഹേമചന്ദ്രൻ എന്നിവർ ഉൾപ്പെട്ടിട്ടുള്ള കേസ്സിൽ ഗ്രൂഢാലോചനാ കുറ്റം ചുമത്തിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) മേൽപ്പറയുന്ന കേസ്സിൽ സി-ഡിറ്റ് ഉദ്യോഗസ്ഥനായ ഹാജഹാൻ പ്രതിയാണ്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ.

(ഡി&ഇ) ഈ കേസ്സിനെ സംബന്ധിച്ച വിശദമായ അന്വേഷണം നടന്നു വരുന്നു.

പോലീസ് സ്റ്റേഷനുകളിൽ വനിതാ സൗഹൃദ സെല്ലുകൾ

119 (1539) ശ്രീ. രാജൂ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിനായി ഇപ്പോൾ എത്ര ശതമാനം തസ്തികകളാണ് മാറ്റി വച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി കൂടുതൽ വനിതകളെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) വനിതകൾക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമോ; ഇല്ലെങ്കിൽ ഓരോ പോലീസ് സ്റ്റേഷനിലും വനിതകൾക്കായി വനിതാ സൗഹൃദ സെല്ലുകൾ രൂപീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ 4132 തസ്തികകൾ നിലവിലുണ്ട്. സേനയിലെ വനിതാ പോലീസ് സാന്നിദ്ധ്യം 8.25 ശതമാനമാണ്. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ച തസ്തികകളല്ലാതെ പ്രത്യേക തസ്തികകളൊന്നും തന്നെ മാറ്റി വച്ചിട്ടില്ല.

(ബി) വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ച് ഉത്തരവായിരുന്നു. കൂടാതെ, 7 വനിതാ സബ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

(സി) 2017-2018 നയപ്രഖ്യാപന പ്രസംഗത്തിൽ താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിപാർശ നിലവിലുണ്ട്. ആയതിനുവേണ്ടി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനത്തുള്ള മിക്കവാറും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെല്പ് ഡസ്ക്, ടോയ്ലെറ്റോട് കൂടിയുള്ള വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതകളെ നിയമിക്കുന്നതിന് നടപടി

120 (1540) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതാ പോലീസ് (WCPO) മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടി പോലീസ് സ്റ്റേഷനുകൾ കൂടുതൽ വനിതാ സൗഹൃദമാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്വീകരിച്ചു വരുന്നു. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ (കൈ)നമ്പർ 15/2017/ആഭ്യന്തരം പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി അംഗബലം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് പരിശീലനം

121 (1541) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) കേസന്വേഷണം കൂടുതൽ കാര്യക്ഷമവും, സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനുവേണ്ടി പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയ അന്വേഷണത്തിനുള്ള പരിശോധനകൾക്കായി എത്ര ലാബുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ; കൂടുതൽ ലാബുകൾ ആരംഭിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഐ.എം.ജി, നാഷണൽ പോലീസ് അക്കാഡമി, ബി.പി.ആർ. &ഡി. എന്നിവരുടെ സഹകരണത്തോടെ എല്ലാ വിഭാഗത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കും സി.സി.ടി.എൻ.എസ്., സൈബർ ഫോറൻസിക്സ്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക്, എത്തിക്കൽ ഹാക്കിംഗ് തുടങ്ങിയ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിൽ ട്രെയിനിംഗ് കോഴ്സുകൾ നൽകി വരുന്നുണ്ട്. ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ തുടങ്ങിയ വിഷയങ്ങളിൽ നിലവിലെ അടിസ്ഥാന പരിശീലന സിലബസ് പ്രകാരമുള്ള പരിശീലനത്തിന് പുറമേ സബ് ഇൻസ്പെക്ടർ ട്രെയിനികൾക്ക് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പ്രത്യേക പരിശീലനവും നൽകിവരുന്നു. സി.ഡി.റ്റി.എസ്., ഹൈദരാബാദ്, സി.ബി.ഐ അക്കാഡമി ഗാസിയാബാദ് എന്നിവിടങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

(ബി) കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുവാൻ കുറ്റകൃത്യങ്ങളുടെ തീവ്രത അനുസരിച്ച് തരംതിരിച്ച് അതിന്റെ അന്വേഷണ ഉദ്യോഗസ്ഥനെ പുനർ നിർണ്ണയിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.-മാർ അന്വേഷിച്ചുകൊണ്ടിരുന്ന പല കേസ്സുകളും ഇനിമുതൽ സർക്കിൾ ഇൻസ്പെക്ടർമാർക്കാണ് അന്വേഷണ ചുമതല. എല്ലാ ജില്ലകളിലും കുറ്റവാളികളെ ആധുനിക രീതിയിൽ പഴുതടച്ച് ചോദ്യം ചെയ്യുന്നതിനായി പ്രത്യേക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ലോക്കപ്പ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലന പരിപാടികൾ പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാഡമി., ഐ.എം.ജി. എന്നീ സംസ്ഥാനത്തിനകത്തെ പരിശീലന സ്ഥാപനങ്ങൾ വഴിയും സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാഡമി-ഹൈദരാബാദ്, നോർത്ത് ഈസ്റ്റേൺ പോലീസ് അക്കാഡമി-മേഘാലയ, സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂൾ-ഹൈദരാബാദ്, സി.ബി.ഐ. അക്കാഡമി-ഗാസിയാബാദ്, LNJN NICFS-ന്യൂഡൽഹി തുടങ്ങിയ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പോലീസുദ്യോഗസ്ഥർക്ക് ആധുനിക പരിശീലനം നൽകി വരുന്നു.

(സി) പോലീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയും, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളും പ്രവർത്തിച്ചു വരുന്നു. കൊച്ചിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

പോലീസ് അതിക്രമങ്ങൾക്കെതിരെ കംപ്ലെയിന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ

122 (1542) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം പോലീസ് അതിക്രമങ്ങളെ കുറിച്ച് പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് എത്ര പരാതികളാണ് ലഭിച്ചത് എന്നറിയിക്കാമോ ?

(ബി) പരാതികളിൻമേൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇൻക്രിമെന്റ് തടയൽ, സ്ഥാനക്കയറ്റം തടയൽ, സ്ഥലം മാറ്റം തുടങ്ങിയ ഏതെങ്കിലും തരത്തിലുള്ള ശിക്ഷാനടപടികൾ കൂറ്റം ചെയ്ത ഏതെങ്കിലും പോലീസുകാർക്കെതിരെ കൈക്കൊണ്ടിട്ടുണ്ടോ; വിശദീകരിക്കുമോ ?

ഉത്തരം

(എ) 719 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 369 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ഇതിൽ 17 കേസ്സുകളിൽ പോലീസുകാർക്കെതിരെ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന കേസ്സുകളിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും മറ്റ് നിയമ നടപടികളും ബന്ധപ്പെട്ട നിയമന അധികാരികൾ സ്വീകരിച്ചു വരുന്നു.

(സി) ഇൻക്രിമെന്റ് തടയൽ, നഷ്ട പരിഹാരം, അച്ചടക്ക നടപടി എന്നിവ ശിപാർശ ചെയ്തിട്ടുള്ള സ്റ്റേറ്റ് കംപ്ലെയിന്റ് അതോറിറ്റിയുടെ ഉത്തരവുകളിൽ നടപടിയെടുക്കാൻ ബന്ധപ്പെട്ട യൂണിറ്റ് മേധാവികൾക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

സാംസൺ & സൺസ് ബിൽഡേഴ്സിനെതിരെയുള്ള പരാതി

123 (1543) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സാംസൺ & സൺസ് ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സിന്റെ അപ്പാർട്ട്മെന്റുകൾ ബുക്ക് ചെയ്തിട്ടുള്ളവർക്ക് കരാർ പ്രകാരമുള്ള തീയതി കഴിഞ്ഞെങ്കിലും അപ്പാർട്ട്മെന്റുകൾ കൈമാറിയിട്ടില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; സാംസൺ & സൺസിനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റിയിൽ പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പുകാരായ ജോൺ ജേക്കബ്, സാമുവൽ ജേക്കബ്, ധന്യ മേരി വർഗ്ഗീസ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കമ്പനിയുടെ ചെയർമാനായ ജേക്കബ് സാംസൺ മൻസൂർ ജാമ്യത്തിനായി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിവായിട്ടുണ്ട്. ഇതുസംബന്ധിച്ച കേസ്സുകൾ ഇപ്പോൾ തിരുവനന്തപുരം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീം ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

ആറന്മുള നിയോജക മണ്ഡലത്തിൽ പോലീസിനെതിരായ കേസ്സുകൾ

124 (1544) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ കേസ്സുകൾ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര ; മറ്റുജീവനക്കാർ എത്ര; വിശദമാക്കുമോ;

(ബി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ എത്ര കേസ്സുകൾ നടപടിയെടുക്കാതെ കിടക്കുന്നുണ്ട്; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് കേസ്സുകളിൽ ഒളിവിൽ പോയവർ ആരൊക്കെ; ഇവരെ പിടികൂടുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിലെ പോലീസുദ്യോഗസ്ഥർക്ക് എതിരെയോ മറ്റ് സർക്കാർ ജീവനക്കാർക്കെതിരെയോ പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിൽ നടപടി സ്വീകരിയ്ക്കാത്ത കേസ്സുകൾ ഒന്നും നിലവിലില്ല.

(സി) ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിലായി IPC+SLL പ്രകാരം ആകെ 8967 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 62 കേസുകളിലെ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യേണ്ടതുണ്ട്. അന്വേഷണത്തിൽ ആറന്മുള പോലീസ് സ്റ്റേഷൻ ക്രൈം 1868/16 u/s 376 IPC & POCSO Act പ്രകാരമുള്ള കേസ്സിലെ പ്രകാശ്, കുറിച്ചിമുട്ടം എന്ന പ്രതി ഒളിവിൽ പോയിട്ടുള്ളതായി അറിവായിട്ടുണ്ട്. ടിയാളെ കണ്ടെത്തുന്നതിനായി ശാസ്ത്രീയ പരിശോധന ഉൾപ്പെടെയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.

കോട്ടയം ജില്ലയിൽ വീട് ആക്രമിച്ചതായി പരാതി

125 (1545) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ അയർക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 24-3-2017 രാത്രി 11.45-ന് പുളിങ്ങാത്തിൽ ഏലിക്കുട്ടിയുടെ മകൻ ജയിംസിന്റെ വീട് ആക്രമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ ആരുടെയൊക്കെ പേരിൽ കേസ് എടുത്തുവെന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തതെന്നും വ്യക്തമാക്കാമോ;

(ഡി) ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) അറസ്റ്റ് ചെയ്തിട്ടില്ലാത്ത പ്രതികളെ അറസ്റ്റ് ചെയ്യുവാനും തുടർനടപടി സ്വീകരിക്കുവാനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) പരാതി സംബന്ധിച്ച് അയർക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 303/17/u/s 143, 147, 148, 324, 294 (b), 506(ii), 427, 452, 308 & 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിൽ 1) സന്ദീപ്, S/o സഹദേവൻ 2) ജെയിംസ് മാത്യു, S/o മാത്യു ഐസക് 3) അരവിന്ദ് @ കണ്ണൻ, S/o വിജയൻ 4) ജോസ് കെ. സെബാസ്റ്റ്യൻ @ജോർജ്ജ്, S/o ദേവസ്യ, 5) സിജു ജോർജ്ജ്, S/o ജോർജ്ജ് ജോൺ എന്നിവരും കണ്ടാലറിയാവുന്ന 10-ഓളം പേരുമാണ് ഈ കേസ്സിലെ പ്രതികൾ.

(ഡി&ഇ) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികൾ ഒളിവിലായതിനാലും, പ്രതികളുടെ ജാമ്യാപേക്ഷ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിഗണനയിലിരിക്കുന്നതിനാലും പ്രതികളെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് സ്റ്റേഷനുകളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന തൊണ്ടി മുതലുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി

126 (1546) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും കളക്ടറേറ്റ്, മറ്റ് റവന്യൂ ആസ്ഥാനങ്ങൾ തുടങ്ങിയവയുടെ പരിസരത്തും വാഹനങ്ങൾ ഉൾപ്പെടെയുള്ള നിരവധി തൊണ്ടിമുതലുകൾ വളരെയേറെ മാർഗ്ഗതടസ്സവും ശല്യമാവുകയും ഇവ ഉപയോഗ ശൂന്യമായി നശിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊണ്ടിമുതലുകൾ നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിലോ ട്രഷറിയിലോ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കേസ്സിന് വിധി ലഭിക്കുമ്പോൾ അർഹരായവർക്ക് ഈ തുക നൽകുന്നത് ഏറെ പ്രയോജനകരമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സ്ഥലപരിമിതി കാരണം വീർപ്പുമുട്ടുന്ന ഇത്തരം ഓഫീസുകളുടെ സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കുറ്റകൃത്യവുമായി ബന്ധപ്പെട്ടും ഉപേക്ഷിക്കപ്പെട്ട നിലയിലും സംശയകരമായ സാഹചര്യത്തിലും കാണപ്പെടുന്ന വാഹനങ്ങൾ കേസ് അന്വേഷണത്തിനും മറ്റു തെളിവ് ശേഖരണത്തിനും വേണ്ടി ബന്തവസ്സിൽ എടുക്കുകയും കോടതിയുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഓഫീസ് പരിസരത്തും ഇതിനുവേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന സ്ഥലത്തും സൂക്ഷിക്കാറുണ്ട്. ഇതിന്റെ ബാഹുല്യം നിമിത്തം വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങൾ തിങ്ങി നിറയുകയും ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ക്രമേണ നശിച്ചുപോവുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊണ്ടിമുതൽ ഒഴികെയുള്ളവ ലേലം ചെയ്യുവിൽക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. 15-12-2014-ലെ ജി.ഒ.(എംഎസ്)550/2014/ഫിൻ. പ്രകാരം വാഹനങ്ങൾ ലേലം ചെയ്യാൻ ബാംഗ്ലൂർ ആസ്ഥാനമായി എം.എസ്.റ്റി.സി ലിമിറ്റഡ് മുഖേന e-auction നടത്തുന്നതിന് മൂന്ന് വർഷത്തേക്ക് സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം അനുസരിച്ചു e-auction നടത്തുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേസ്സിന്റെ വിധി ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് പരിശോധിച്ച തീരുമാനിക്കുന്നതാണ്.

(ഡി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം പ്രത്യേകം കണ്ടെത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)26277/2014 ആയി ഒരു കേസ് തീർപ്പാക്കുകയും ആയതിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രത്യേകം പ്രത്യേകം സ്ഥലങ്ങൾ കണ്ടെത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കായംകുളം പോലീസ് സ്റ്റേഷന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ

127 (1547) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ മതിയായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാൽ വനിതാ പോലീസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്റ്റേഷന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ സൗകര്യങ്ങളില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

ജൂനിയർ ഹെൽത്ത് നഴ്സ് ജഗദീശന്റെ ആത്മഹത്യ

128 (1548) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് നേഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന കാസർഗോഡ് സ്വദേശി ജഗദീശൻ എന്ന വ്യക്തി തിരുവനന്തപുരത്തെ ലോഡ്ജിൽ തൂങ്ങിമരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരണം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സമാന തസ്തികയിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തി തരാമെന്ന് പറഞ്ഞ് പണം സ്വരൂപിച്ച് നൽകിയ ഇടനിലക്കാരൻ എന്ന നിലയിൽ കബളിപ്പിക്കപ്പെട്ടതാണ് ജഗദീശന്റെ മരണത്തിനിടയാക്കിയതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 418/2017 u/s174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇത്തരമൊരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 10 മാസത്തെ ശമ്പളം നൽകാതെ ജോലിയിൽ നിന്നും പിരിച്ചുവിട്ട മനോവിഷമത്തിൽ കാസർഗോഡ് ആരോഗ്യവകുപ്പിലെ കരാർ ജീവനക്കാരനായിരുന്ന കാസർഗോഡ് തൃക്കരിപ്പൂർ സ്വദേശി ജഗദീഷ് തിരുവനന്തപുരം തമ്പാനൂർ അരിസ്റ്റോ ജംഗ്ഷനിലുള്ള ഒരു ലോഡ്ജ് മുറിയിൽ തൂങ്ങിമരിച്ചതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വടകരയിലെ ചോമ്പാൽ പോലീസ് സ്റ്റേഷൻകെട്ടിടം നിർമ്മാണം

129 (1549) ശ്രീ. സി. കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ ചോമ്പാൽ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഴിയൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 28/3-ൽ ഉൾപ്പെട്ട 13.50 സെന്റ് പഞ്ചായത്ത് ഭൂമി ചോമ്പാല പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ഉപയോഗാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) MoPF 2014-15 (സ്റ്റേറ്റ് ഷെയർ)-ൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവിൽ ചോമ്പാല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

അങ്കമാലി മണ്ഡലത്തിൽ പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി

130 (1550) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ സ്റ്റേഷനുകളിലെ പോലീസ് സേനാംഗങ്ങൾക്ക് ജോലി സ്ഥലങ്ങൾക്ക് സമീപം കുടുംബത്തോടൊപ്പം താമസിക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ ഒന്നും തന്നെയില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ വിവിധ സ്റ്റേഷനുകളിലായി എത്ര പുരുഷ, വനിത ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടങ്ങളുടെ ലഭ്യതക്കുറവും, ഉയർന്ന വാടക നിരക്കും പരിഗണിച്ച് പോലീസ് സേനാംഗങ്ങൾക്കായി പുതുതായി പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം എന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പോലീസിന്റെ ആധുനികവൽക്കരണത്തിനും ഭവന നിർമ്മാണത്തിനുമായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിന്റെ പൊതു ആവശ്യം പരിഗണിച്ച് സ്ഥല സൗകര്യമുള്ളിടത്ത് പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അങ്കമാലിയിൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ വിവിധ സ്റ്റേഷനുകളിലായി താഴെപ്പറയുന്ന പുരുഷ, വനിതാ ജീവനക്കാർ പ്രവൃത്തിയെടുത്തുവരുന്നു.

സബ് ഇൻസ്പെക്ടർ	-	19
സീനിയർ സിവിൽ പോലീസ് ഓഫീസർ	-	32
സിവിൽ പോലീസ് ഓഫീസർ	-	120
വനിതാ സീനിയർ സിവിൽപോലീസ് ഓഫീസർ	-	1
വനിതാ സിവിൽ പോലീസ് ഓഫീസർ	-	26

(സി) ഇത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) 47 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഇ) എറണാകുളം റൂറൽ ജില്ലയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം

131 (1551) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എസ്. തുടങ്ങി ഏതെല്ലാം തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം രഹസ്യമായും പരസ്യമായും കഴിഞ്ഞ 5 വർഷമായി നടന്നു വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം സംഘടനകളിൽ ആകൃഷ്ടരായി സംസ്ഥാനത്ത് നിന്നും എത്ര പേരെ കാണാതായി എന്നും ഇതു സംബന്ധിച്ച് എന്തെല്ലാം കേന്ദ്ര/സംസ്ഥാന അന്വേഷണങ്ങൾ നടന്നു എന്നും ഇപ്രകാരം കണ്ടെത്തിയ വിശദാംശങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് നിന്നും കാണാതായവരിൽ എത്ര പേർ മരണപ്പെട്ടതായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് മതപരിവർത്തനം രഹസ്യമായി നടത്തുന്ന മതമൗലിക സംഘങ്ങൾ പ്രവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ കഴിഞ്ഞ 5 വർഷമായി എത്ര പേർ സംസ്ഥാനത്ത് മതപരിവർത്തനത്തിന് വിധേയരായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇസ്ലാമിക് സ്റ്റേറ്റ്, മാവോയിസ്റ്റ് തുടങ്ങിയ നിരോധിത തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇസ്ലാമിക് സ്റ്റേറ്റ് സംഘടനയിൽ ആകൃഷ്ടരായി സംസ്ഥാനത്തുനിന്നും 22 ഓളം പേരെ കാണാതായിട്ടുള്ളതായി അറിവായിട്ടുണ്ട്. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ ഇപ്പോൾ എൻ.ഐ.എ.-യുടെ അന്വേഷണത്തിലായതിനാൽ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് ഉചിതമല്ല. കാണാതായിട്ടുള്ള രണ്ട് പേർ മരണപ്പെട്ടതായി അറിവായിട്ടുണ്ടെങ്കിലും ഇക്കാര്യം സ്ഥിതീകരിച്ചിട്ടില്ല.

(ഡി) ചില സംഘങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

ചെറിയനാട് സ്കൂളിൽ സ്റ്റുഡന്റ് പോലീസിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള കാലതാമസം

132 (1552) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.)-ന് ഗ്രാന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെറിയനാട് എസ്.എൻ. ഹയർ സെക്കന്ററി സ്കൂളിൽ മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രസ്തുത ഗ്രാന്റ് അനുവദിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ സ്കൂളിൽ പ്രസ്തുത ഗ്രാന്റ് എന്ന് അനുവദിയ്ക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുവാൻ 2014-15-ൽ സർക്കാർ തലത്തിൽ ഫണ്ട് അനുവദിച്ചിരുന്നില്ല. എന്നാൽ 15-7-2014-ലെ എസ്.പി.സി. ഉന്നതതല യോഗതീരുമാനപ്രകാരം എസ്.പി.സി. യൂണിറ്റ് അനുവദിക്കുമ്പോൾ ആവശ്യമായി വരുന്ന ചെലവ് സ്കൂൾ അധികാരികൾ തന്നെ വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലാണ് ചെറിയനാട് എസ്.എൻ. ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി. പദ്ധതി ആരംഭിക്കുവാൻ അന്ന് അനുവാദം നൽകിയത്. മേൽപ്പറഞ്ഞ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾക്കായി ഫണ്ട് അനുവദിച്ച നൽകുന്നതുവരെ ആവശ്യമായി വരുന്ന ചിലവുകൾ സ്കൂൾ അധികാരികൾ തന്നെ വഹിക്കേണ്ടതാണ്.

രാഷ്ട്രീയ കൊലപാതകങ്ങൾ

133 (1553) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

ഉത്തരം

12 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

കണ്ണൂർ	-	6
കോഴിക്കോട്	-	2
പാലക്കാട്	-	2
കോട്ടയം	-	1
കൊല്ലം	-	1

വെള്ളായണി ക്ഷേത്രോത്സവത്തിലെ സംഘർഷം

134 (1555) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ വെള്ളായണി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര ഭാരവാഹികൾ നാട്ടിയ കൊടികൾക്ക് മുകളിൽ ഡിവൈ.എഫ്.ഐ.-ക്കാർ അവരുടെ കൊടികൾ സ്ഥാപിച്ച് മനപ്പൂർവ്വം സംഘർഷമുണ്ടാക്കാൻ ശ്രമിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളായണി ദേവി ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്ര ഭാരവാഹികൾ (ദേവസ്വം ബോർഡ്) കൊടികൾ കെട്ടിയിട്ടില്ല. എന്നാൽ വിവിധ രാഷ്ട്രീയ മത സംഘടനകൾ പ്രസ്തുത ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കൊടികൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനോട് അനുബന്ധിച്ച് ഈ മേഖലയിൽ ഉണ്ടായ സംഘർഷം തിരുവനന്തപുരം

ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ചർച്ച നടത്തുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ 3-3-2017-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നമ്പർ എസ്.11/14366/2017 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളായണി ദേവീക്ഷേത്രത്തിലെ ഉത്സവ മേഖലയിലെ കൊടിതോരണങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്.

(ബി) തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവിൻ പ്രകാരം കൊടി തോരണങ്ങൾ നീക്കിയതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം രാഷ്ട്രീയപ്രവർത്തകർ നേമം പോലീസ് സ്റ്റേഷന് മുൻവശം റോഡ് ഉപരോധിച്ചതിലേയ്ക്ക് നേമം പോലീസ് സ്റ്റേഷൻ ക്രൈം 568/17 u/s 143, 147, 149, 283, 188 IPC & Sec.39 r/w 120(b) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വീണ്ടും കൊടി തോരണങ്ങൾ കെട്ടിയതുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥ ഉണ്ടാവുകയും ആയതിലേയ്ക്ക് നേമം പോലീസ് സ്റ്റേഷൻ ക്രൈം 641/17 u/s 294 (b), 323, 324, 308, 427 & 34 IPC & Sec.3(i)x SC/ST Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ട്.

സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കെതിരെ അക്കാഡമിക് നടപടി

135 (1556) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കെതിരെ അക്കാഡമിക് നടപടി ആവശ്യപ്പെട്ട് പോലീസ് യൂണിവേഴ്സിറ്റി അധികൃതർക്ക് കത്തെഴുതിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള പ്രത്യേക സാഹചര്യമെന്തെന്നും എത്ര വിദ്യാർത്ഥികൾക്കെതിരെ പ്രസ്തുത നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അവർ ഏത് വിദ്യാർത്ഥി സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് കത്തുകളൊന്നും പോലീസ് യൂണിവേഴ്സിറ്റി അധികൃതർക്ക് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

പോലീസിൽ കായിക താരങ്ങളുടെ നിയമനപട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ

136 (1557) ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പോലീസിൽ എത്ര കായിക താരങ്ങളുടെ നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമന പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 76 കായിക താരങ്ങളെ പോലീസ് വകുപ്പിൽ നിയമിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. എല്ലാ നടപടി ക്രമങ്ങളും പാലിച്ച് അതിൽ 64 പേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ചില കായിക ഇനങ്ങളിൽ നടന്ന റിക്രൂട്ട്മെന്റിൽ അപാകത ഉണ്ടായതായി ആരോപിച്ച് ചില കായിക താരങ്ങൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ ബഹു. ട്രിബ്യൂണൽ ഉത്തരവുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടി

137 (1558) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടികൾ പോലീസിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പോലീസിൽ മോഡണൈസേഷൻ രണ്ടുതരത്തിലാണ് ഉള്ളത്.

1. കേരള സർക്കാർ സംസ്ഥാന ബജറ്റിലൂടെ പ്രഖ്യാപിക്കുന്ന പദ്ധതിയായ പോലീസ് മോഡണൈസേഷൻ പ്രോഗ്രാം.

2. Modernization of Police Force (MoPF). ഈ സ്കീം 2000 മുതലാണ് ആരംഭിച്ചത്. കേന്ദ്ര വിഹിതമായി 60% തുകയും സംസ്ഥാന വിഹിതമായി 40% തുകയുമാണ് നിലവിൽ നൽകിവരുന്നത്. ഇത് തുടർ പദ്ധതികളാണ്.

സംസ്ഥാനത്തെ പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 100 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ആധുനികമായ കമ്പ്യൂട്ടറുകൾ, സോഫ്റ്റ്വെയറുകൾ, ഫർണിച്ചർ എന്നിവ ടി പോലീസ് സ്റ്റേഷനുകൾക്ക് നൽകിയിട്ടുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയും പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്നതും സുതാര്യവും വേഗതയേറിയതുമായ ആധുനിക മൊബൈൽ ആപ്ലിക്കേഷനുകളും, വെബ് പ്ലാറ്റ്ഫോമുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് മേയ് അവസാനത്തോടുകൂടി നിലവിൽ വരുന്നതാണ്. സ്ത്രീ സുരക്ഷയ്ക്കും, പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും മറ്റു വിവരങ്ങളും നൽകുന്നതിനും, വിചാരണയുടെ അവസ്ഥ അറിയിക്കുന്നതിനും, ഓൺലൈൻ പിഴ ഒടുക്കുന്നതിനുവേണ്ടിയും, എമർജൻസി റെസ്പോൺസിനുവേണ്ടിയും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടിയും സഹായകരമാകുന്ന സേവനങ്ങളാണ് ആദ്യഘട്ടത്തിൽ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷനുകളും വെബ് പ്ലാറ്റ്ഫോമുകളും നൽകുന്നത്. എല്ലാ ജില്ലകളിലും കുറ്റവാളികളെ ആധുനികമായ രീതിയിൽ പഴുതടച്ച് ചോദ്യം ചെയ്യുന്നതിനായി പ്രത്യേക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ലോക്കപ്പ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19 പോലീസ് ജില്ലകളിൽ മെബൈൽ ഫോറൻസിക് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമിയെ സ്മാർട്ട് ക്ലാസ് റൂം, സൈബർ ഫോറൻസിക് ലാബ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു സ്മാർട്ട് അക്കാദമി ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഒരു എത്തിക്കൽ ഹാക്കേഴ്സ് ടീം രൂപീകരിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക രീതിയിലുള്ള ബോഡീപ്രൊട്ടക്ടർ വിതരണം ചെയ്തിട്ടുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. കോട്ടയം, ആലപ്പുഴ, എന്നിവിടങ്ങളിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബാക്കി 11 പോലീസ് ജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. ക്ലോൺ ഫ്രീ ഐഡന്റിറ്റി കാർഡ് പോലീസ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ ഫിംഗർ പ്രിന്റർ ബ്യൂറോയും, ടെലി കമ്മ്യൂണിക്കേഷനേയും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. MoPF സ്കീം പ്രകാരം 2016-17-ൽ സെക്യൂരിറ്റി ഉപകരണങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ളവയ്ക്കായി 33,94,37,114 രൂപ (മുപ്പത്തി മൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നൂറ്റി പതിനാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. കേരള പോലീസിന്റെ കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി ആയുധങ്ങൾ, റോഡ് സുരക്ഷാ ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വിവിധ പോലീസ് ഓഫീസുകൾക്കു വേണ്ടുന്ന കെട്ടിടങ്ങളുടെ നിർമ്മാണം, പോലീസ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റം 514 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി, എഫ്.ഐ.ആർ. എന്നീ മൊഡ്യൂളുകൾ നടപ്പിലാക്കി കഴിഞ്ഞു. 2016-17-ലെ പുതുക്കിയ ബജറ്റിൽ പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന് അനുവദിക്കപ്പെട്ട 40 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും ഈ തുക മുഴുവനും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലന പരിപാടികൾ പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാദമി, ഐ. എം. ജി. എന്നീ സംസ്ഥാനത്തിനകത്തെ പരിശീലന സ്ഥാപനങ്ങൾ വഴിയും സർദാർ വല്ലഭായി പട്ടേൽ നാഷണൽ പോലീസ് അക്കാദമി, ഹൈദ്രാബാദ്, നോർത്ത് ഈസ്റ്റേൺ പോലീസ് അക്കാദമി, മേഘാലയ, സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂൾ, ഹൈദരാബാദ്, സി.ബി.ഐ. അക്കാദമി, ഗാസിയാബാദ്, LNJN NICFS, New Delhi തുടങ്ങിയ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പോലീസുദ്യോഗസ്ഥർക്ക് ആധുനിക പരിശീലനം നൽകി വരുന്നു.

(ബി) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്നവരോടുള്ള പോലീസിന്റെ സമീപനം

138 (1559) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്ന യാത്രക്കാരോട് കൊടുംക്രൂരവാളികളോടുള്ളതിന് സമാനമായ പോലീസിന്റെ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ, വാഹന പരിശോധനയ്ക്കിടെ ഭിന്നശേഷിക്കാരന്റെ വാഹനത്തെ തടഞ്ഞുനിർത്തി അപകടമുണ്ടാക്കുകയും യാത്രക്കാരന് മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്തതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഭിന്നശേഷിക്കാരായ യാത്രക്കാരോടുപോലും പോലീസിന്റെ ഇത്തരത്തിലുള്ള സമീപനം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കുറ്റക്കാരായ ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്ന യാത്രക്കാരോട് കൊടും കുറ്റവാളികളോടുള്ളതിന് സമാനമായി പോലീസ് പെരുമാറുന്നില്ല. ഹെൽമറ്റ് ധരിക്കാതെ വരുന്ന ഇരുചക്ര വാഹന യാത്രക്കാരോട് നിയമപരമായ ചുമതലകളാണ് പോലീസ് നിർവ്വഹിക്കുന്നത്.

(ബി-ഡി) ഇല്ല. എന്നാൽ ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് 25-3-2017 തീയതി വാഹന പരിശോധനയ്ക്കിടെ മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന കറ്റാനം വില്ലേജിൽ, ഇലിപ്പക്കുളം മുറിയിൽ, കൊപ്പാറ പടീറ്റതിൽ നിസ്സാർ മകൻ നിസ്സാമുദ്ദീൻ @കുഞ്ഞുമോൻ എന്നയാളെ സി.പി.ഒ. 6728 കണ്ണൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ ടി നിസ്സാമുദ്ദീനെ ലാത്തി വച്ച് തടയാൻ ശ്രമിച്ചതിൽ പരിക്ക് പറ്റിയ ഒറ്റപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിരുത്തരവാദപരമായി പെരുമാറിയ സി.പി.ഒ.-യെ 25-3-2017 തീയതി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ വീഴ്ച് വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

മാവേലിക്കര, കുറത്തികാട് പോലീസ് സ്റ്റേഷനുകൾ

139 (1560) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര പോലീസ് സ്റ്റേഷൻ കെട്ടിടം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ നിലവിലില്ല.

(ബി) MoPF 2013-14 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ ചെലവിൽ കുറത്തിക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതും ടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

അനാവശ്യമായി യു. എ. പി. എ. ചുമത്തിയ കേസ്സുകൾ

140 (1561) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്വേഷണ ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത കാണിക്കാതെ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേസ്സുകളിലെന്ന് അറിയിക്കുമോ;

(സി) 2012 മുതൽ ഇതുവരെ എത്ര കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയെന്നും അതിൽ എത്ര കേസുകളിൽ യു.എ.പി.എ. നിലനിൽക്കുന്നില്ലായെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കേസ്സുകളിൽ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയെന്ന് വിശദമാക്കുമോ;

(ഇ) പൊതു പ്രവർത്തകരായ കമൽ സി. ചവറ, നദീർ എന്നിവർക്കെതിരെ യു.എ.പി.എ. ചുമത്തിയത് തെറ്റാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഈ സർക്കാർ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ആർക്കെങ്കിലും എതിരെ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) ചില കേസ്സുകളിൽ ഉദ്യോഗസ്ഥർക്ക് യു.എ.പി.എ ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ റിവ്യൂ നടത്തിയത്. ഇതുസംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി

സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല. 2012-മുതൽ നാളിതുവരെ 193 കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്. അതിൽ 4 കേസ്സുകളിൽനിന്നും പിന്നീട് യു.എ.പി.എ. വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്.

(ഇ) കമൽ. സി. ചവറയ്ക്കെതിരെ യു.എ.പി.എ. ചുമത്തിയിട്ടില്ല. ശ്രീ. നദീറിനെതിരെ ചുമത്തിയ യു.എ.പി.എ. തെറ്റാണെന്ന് കണ്ടെത്തിയിട്ടില്ല.

(എഫ്) ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ആർക്കെതിരെയും യു.എ.പി.എ. ചുമത്തിയിട്ടില്ല.

അപകടത്തിൽപ്പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്ന അഭിപ്രായം

141 (1562) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടത്തിൽപ്പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചില്ലെങ്കിൽ ആഭ്യന്തരവകുപ്പിന് ഒന്നും ചെയ്യുവാൻ പറ്റില്ലെന്നുമുള്ളത് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നയമാണോ ;

(ബി) അടുത്തിടെ ഉണ്ടായ സ്ത്രീപീഡനങ്ങൾ എല്ലാം വ്യക്തിപരമായതിനാൽ പോലീസിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ കഴിയുകയില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ സ്ത്രീകൾ സ്വയംരക്ഷ തേടണം എന്നതാണോ സർക്കാരിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം ഒരു നയമോ സമീപനമോ ഈ സർക്കാരിനില്ല. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന മാതൃകാപരമായ ശിക്ഷ നൽകുന്നതിനും, സ്ത്രീകൾക്ക് ഏത് സമയവും സുരക്ഷിതമായ യാത്ര ഒരുക്കുന്നതിനായി 'ഷീ ടാക്സി', 'ഷീ ഓട്ടോ' പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിതഗതിയിൽ പ്രവർത്തിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നതുമാണ്. കൂടാതെ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിയിലൂടെ സ്ത്രീകൾക്ക് സ്വയം പ്രതിരോധം, സ്വയരക്ഷ എന്നിവയിൽ സ്കൂൾ, കോളേജ് റസിഡന്റ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശീലനം നൽകി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ ഗതാഗതക്കുരുക്കും അപകടങ്ങളും

142 (1564) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ റോഡുകളിൽ ആവശ്യത്തിന് ട്രാഫിക് പോലീസുകാർ ഇല്ലാത്തതുമൂലം ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടായി ജനം നട്ടം തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ പ്രധാന റോഡുകളിലും ജംഗ്ഷനുകളിലും കൂടുതൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രാഫിക് പോലീസുകാർ കുറവാണെങ്കിൽ പുതിയ ക്രമീകരണം നടപ്പാക്കുമോ;

(ഡി) പുതിയ ട്രാഫിക് പരിഷ്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഗതാഗത കുരുക്കുകളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ ആവശ്യത്തിന് ട്രാഫിക് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ട്രാഫിക് പോലീസുകാരുടെയും ഹോം ഗാർഡുകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കി വരുന്നുണ്ട്.

(ബി-ഡി) വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ കേരളത്തിൽ ഗതാഗത നിയന്ത്രണത്തിന് വേണ്ടത്ര ട്രാഫിക് പോലീസുകാർ ഇല്ലെന്നത് വസ്തുതയാണ്. എന്നിരുന്നാലും തിരക്കേറിയ കവലകളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന വേളകളിലും ട്രാഫിക് പോലീസിന് പുറമേ ലോക്കൽ സ്റ്റേഷനുകളിൽ നിന്നും ബറ്റാലിയനുകളിൽ നിന്നും ട്രാഫിക് നിയന്ത്രണത്തിന് പോലീസ് സേനാംഗങ്ങളെ വിന്യസിക്കാറുണ്ട്. ഗതാഗതക്കുരുക്കും വാഹന അപകടങ്ങളും കുറയ്ക്കുന്നതിലേയ്ക്കായി വാഹന അപകടങ്ങളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് മാറ്റി ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കൈമാറുന്നതിനും തുടർന്ന് ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും യൂണിറ്റുകളേയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി മാറ്റുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു.

(ഇ) നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മന്ത്രിമാർ വിചാരണ നേരിടുന്ന കേസ്സുകളുടെ വിവരങ്ങൾ

143 (1565) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർ ഏതെല്ലാം കേസ്സുകളിൽ വിചാരണ നേരിടുന്നു;

(ബി) ഓരോ കേസ്സിന്റെയും സ്വഭാവം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ മന്ത്രിസഭയിലെ 10 മന്ത്രിമാർ വിചാരണ നേരിടുന്നുണ്ട്.

(ബി) ഓരോ കേസ്സിന്റെയും വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

പീഡനകേസ്സുകൾ പെരുകുന്ന സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക

144 (1566) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പീഡനക്കേസ്സുകൾ പെരുകുന്നുവെന്ന സംഭ്രമജനകമായ സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വാളയാർ, കുണ്ടറ, വാഴമുട്ടം പീഡനക്കേസ്സുകളിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംഭവങ്ങൾ വിവാദമാകുമ്പോൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ എസ്.ഐ./സി.ഐ.-മാരെ സസ്പെന്റ് ചെയ്ത് ഉന്നത പോലീസുദ്യോഗസ്ഥർ രക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മിക്ക കേസ്സുകളിലും ഇരകൾ ദുർബ്ബലവിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരായതു കൊണ്ടാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉദാസീനമായ സമീപനം ഉണ്ടാകുന്നതെന്നത് വസ്തുതയാണോ;

(ഇ) ഇത്തരം കേസ്സുകളിൽ പരാതി ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അന്വേഷിക്കുവാൻ ഉന്നത തലത്തിലുള്ള പോലീസുദ്യോഗസ്ഥർ ഉൾപ്പെടുന്ന വിദഗ്ധ ടീമിനെ നിയോഗിക്കുവാനും, കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്ത് പീഡനക്കേസ്സുകൾ റിപ്പോർട്ടാകുന്നതിൽ സംഭ്രമജനകമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വാളയാർ, കണ്ടറ എന്നീ സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്ത പീഡനക്കേസ്സുകൾ കൈകാര്യം ചെയ്തത് സംബന്ധിച്ച് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഴമുട്ടത്ത് നടന്ന സംഭവത്തിൽ കേസ് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേസ്സുകൾ കൈകാര്യം ചെയ്തതിൽ വീഴ്ച വരുത്തിയ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരായാലും കർശന ശിക്ഷാ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ വിവാദമാകുന്ന സംഭവങ്ങളിൽ മാത്രമാണ് നടപടി സ്വീകരിക്കുന്നത് എന്ന നിലപാട് സർക്കാരിനില്ല. എല്ലാ കുറ്റകൃത്യങ്ങളേയും ഗൗരവമായി തന്നെയാണ് വീക്ഷിക്കുന്നതും നടപടി സ്വീകരിക്കുന്നതും.

(ഡി) പോലീസ് കേസ് അന്വേഷിക്കുമ്പോൾ ഇരകളുടെയോ കുറ്റക്കാരുടെയോ സാമ്പത്തികമോ മറ്റ് സ്വാധീനങ്ങളോ പരിഗണിക്കാറില്ല. കുറ്റക്കാരെന്ന് അന്വേഷണത്തിൽ കണ്ടെത്തുന്നവർക്ക് പരമാവധി ശിക്ഷ ലഭിക്കുന്ന തരത്തിലുള്ള നിയമ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്.

(ഇ) കേസ്സുകളുടെ പ്രാധാന്യം അനുസരിച്ച് കേസ്സുകൾ അന്വേഷിക്കാൻ പ്രത്യേക ടീമിനെ നിയോഗിക്കുകയോ ക്രൈംബ്രാഞ്ചിന് കൈമാറുകയോ ചെയ്യുകയാണ് ചെയ്യുന്നത്. തുടർന്നും കേസ്സുകളുടെ സ്വാഭാവം കണക്കിലെടുത്ത് ശക്തമായ അന്വേഷണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഫയലുകളിന്മേൽ സ്വീകരിച്ച നടപടികൾ

145 (1567) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ നമ്പർ 375/PR/16/CSO, dtd 5-11-2016 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നമ്പർ 20688/J2/2016/Home, dtd 16-3-2016, 25-7-2016 എന്ന ഫയലും 1-ാം ചോദ്യപിരിവിൽ പ്രതിപാദിച്ച ഫയലും ഒരുമിച്ച് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ ;

(സി) പ്രതിപാദിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. നെഞ്ചൻ എന്നയാൾ ബഹു. രാഷ്ട്രപതിയ്ക്ക് സമർപ്പിച്ച പരാതി ചീഫ് സെക്രട്ടറി മുഖാന്തിരം ആഭ്യന്തര വകുപ്പിൽ ലഭിക്കുകയുണ്ടായി. ആയത് 95646/എസ്.എസ്.ബി3/2016/ആഭ്യന്തരം ഫയലിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരാതിയിലെ ആവശ്യം എന്താണെന്ന് വ്യക്തമല്ലാത്തതിനാൽ ആയതിൽ അനന്തര നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പരിഗണിച്ചിട്ടില്ല; പ്രസ്തുത ഫയലിലെ ആവശ്യം ക്രമസമാധാനവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ആഭ്യന്തര വകുപ്പിന് നടപടിയൊന്നും സ്വീകരിക്കാനില്ലെന്ന് ആഭ്യന്തര (ജെ)വകുപ്പ് 25-7-2016-ലെ കത്ത് പ്രകാരം പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

(സി) പിരിവ് (എ)-യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

ഇരിങ്ങാലക്കുട എസ്.ഐ.ആയിരുന്ന എം.ജെ. ജിജോയുടെ വസതി ആക്രമണം

146 (1568) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന എം. ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതി മൂർക്കനാട് സംഭവത്തെ തുടർന്ന് ആക്രമിക്കുകയും, ജിജോയുടെ സഹോദരനും, സിവിൽ പോലീസ് ഓഫീസറുമായ ലിജോയുടെ ബൈക്ക് കത്തിക്കുകയും ചെയ്ത കേസ്സിൽ ഗ്രൂഢാലോചനയിൽ ഏർപ്പെട്ടവരെയടക്കം മുഴുവൻ പ്രതികൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ലിജോയുടെ കത്തി നശിച്ച ബൈക്കിന് പകരം പുതിയ ബൈക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ആയത് നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇദ്ദേഹത്തിന് ബൈക്ക് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സീകരിക്കുമോ?

ഉത്തരം

(എ) ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന എം. ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതിയിൽ നിർത്തിയിട്ടിരുന്ന ബൈക്ക് കത്തിച്ച സംഭവത്തോടനുബന്ധിച്ച് കേസിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു. ചാലക്കുടി ജൂഡിഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ലിജോയുടെ കത്തി നശിച്ച ബൈക്കിന് പകരം ബൈക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബൈക്കിന് നൽകേണ്ട തുക നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം

147 (1570) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-കറ്റാനം വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജിലെ രണ്ടാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആത്മഹത്യക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് കോളേജ് അധികൃതർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളത്; അവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രണ്ടുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ശ്രീ. ഗണേഷ്, ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് വാസു എന്നിവർക്കെതിരെ വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 367/2017u/s 511 of 306, 506, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നെടുകാൽത്തേരി ഇറന്ന ജയിലിൽ പുതിയ ലൈബ്രറി കെട്ടിടം

148 (1572) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുകാൽത്തേരി ഇറന്ന ജയിലിലെ ലൈബ്രറിയിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുകാൽത്തേരി ഇറന്ന ജയിലിൽ ഒരു പുതിയ ലൈബ്രറി കെട്ടിടം നിർമ്മിച്ച് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. നെടുകാൽത്തേരി ഇറന്ന ജയിലിലെ ലൈബ്രറിയിൽ 10000-ത്തിലധികം പുസ്തകങ്ങളുടെ ശേഖരമാണുള്ളത്. നിലവിൽ ലൈബ്രറി റൂം ജയിൽ വെൽഫെയർ ഓഫീസിനും ജയിലിലെ ഫോൺ ബൂത്തിനുമിടയിലുള്ള മുറിയിലാണ് പ്രവർത്തിച്ച് വരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം

149 (1575) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കട്ടച്ചിറ വെള്ളാപ്പള്ളി നടേശൻ എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥി മാനേജ്മെന്റിന്റെ പീഡനത്തെ തുടർന്ന് ആത്മഹത്യക്ക് ശ്രമിച്ചു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ശ്രീ. ഗണേഷ്, ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് വാസു എന്നിവർക്കെതിരെ വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 367/2017 u/s 511 of 306, 506, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഉന്നത തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് വിജിലൻസ് ക്ലിയറൻസ്

150 (1576) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഉന്നത തസ്തികകളിൽ ലഭ്യമാക്കിയ നിയമിക്കപ്പെട്ടവർക്കെല്ലാം വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് ; ആർക്കൊക്കെ വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടില്ല;

(ബി) ഉന്നത നിയമനങ്ങൾക്ക് പുറമേ മറ്റ് ഏതെല്ലാം കാര്യങ്ങൾക്കാണ് വിജിലൻസിന്റെ അനുമതി നിർബന്ധമായിട്ടുള്ളത്; ഇത് സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഇല്ലെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി&സി) പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ഉന്നതതല നിയമനങ്ങളിലേക്കും നിയമിക്കുന്നതിന് വിജിലൻസ് ക്ലിയറൻസ് തേടണം എന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കുലറുകൾക്ക് പുറമേ, 15-10-2016 തീയതിയിലെ സഉ. (പി) നമ്പർ 45/2016/ആ.സാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് നടപടി

151 (1577) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സർവ്വേ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സർവ്വേയുടെ അടിസ്ഥാനത്തിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് ഏത് വകുപ്പാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഓഫീസിലെ അഴിമതിയുടെ തോത് അളക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർവ്വേ നടത്തിയിട്ടുണ്ട്. പൊതുജന സമ്പർക്കം കൂടുതലുള്ള വകുപ്പുകളെപ്പറ്റി ലഭിക്കുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് സർവ്വേ നടത്തിയത്. പ്രസ്തുത സർവ്വേയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി നടക്കുന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് വിജിലൻസ് ഡയറക്ടർ 22 ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് മുൻപായി തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി കുറയ്ക്കാനായി 'വിജിലന്റ് കേരള' എന്ന പേരിൽ ഒരു ശിപാർശയും തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

സജി ബഷീറിനെതിരെ വിജിലൻസിന് ലഭിച്ച പരാതികൾ

152 (1578) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിക്കാർ ആരാണെന്നും ഓരോ പരാതിയും എപ്പോൾ വിജിലൻസ് വകുപ്പിന് ലഭിച്ചുവെന്നും ഓരോ പരാതിയിലും വിജിലൻസ് വകുപ്പ് കൈക്കൊണ്ട നടപടികളെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

അഴിമതി കേസ്സുകളിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം

153 (1579) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പ് രൂപീകരിച്ച് 53 വർഷം പിന്നിടുമ്പോൾ പ്രധാന അഴിമതി കേസ്സുകളിൽ എന്ത് സംഭവിച്ചുവെന്ന കാര്യത്തിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം എടുത്തിരുന്നുവോ;

(ബി) ഗവേഷണം നടത്തേണ്ട കേസ്സുകളുടെ പ്രാഥമിക പട്ടിക വിജിലൻസ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽപ്പെട്ട കേസ്സുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) കോടതികളുടെ തുടർച്ചയായ വിമർശനമാണോ വിജിലൻസിലെ പഴയ കേസ്സുകൾ സംബന്ധിച്ച ഗവേഷണം നടത്താൻ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മുൻ കാലങ്ങളിലെ കേസ്സുകളിലെ അന്വേഷണ നടപടികൾ, കേസ് നടപടികൾ, നിയമനടപടികൾ എന്നിവ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് പ്രയോജന പ്രദമാകുന്ന രീതിയിൽ ഒരു അക്കാഡമിക് പഠനം നടത്തുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തീരുമാനിച്ചിരുന്നു. എന്നാൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസ്സുകളെക്കുറിച്ച് ഗവേഷണ പഠനം നടത്തുന്നതിന് നിയമപരമായ പരിമിതികൾ ഉണ്ടെന്ന റിപ്പോർട്ടാണ് നോഡൽ ഓഫീസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ചത്.

ആക്കുളം കായൽ അഴിമതിക്കേസ്സിൽ വിജിലൻസ് അന്വേഷണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

154 (1580) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്കുളം കായൽ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ചെളി നീക്കി ആഴം കൂട്ടാനും പായലുകൾ മാറ്റി ബോട്ട് ഓടിക്കാനും കായലോരത്തെ നടപ്പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്സിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആക്കുളം കായൽ മോടി പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്യു.വി.06/2016/Camp/SRT നമ്പരായി ദക്ഷിണ മേഖലാ ആഫീസിൽ ഒരു ത്വരിതാന്വേഷണം നടന്നു വരുന്നു. ഇത് സംബന്ധിച്ച് വിജിലൻസ് കേസ്സുകളൊന്നും നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ത്വരിതാന്വേഷണം യഥാസമയം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ജേക്കബ് തോമസിനെ മാറ്റിയ സാഹചര്യം

155 (1581) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ജേക്കബ് തോമസിനെ മാറ്റി നിർത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) മുഖ്യമന്ത്രി പങ്കെടുത്ത ഏതെങ്കിലും യോഗത്തിൽ വിജിലൻസിന്റെ പ്രവർത്തനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിജിലൻസ് വകുപ്പിന്റെ സ്വതന്ത്രവും നീതി പൂർവ്വകവുമായ പ്രവർത്തനത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ശ്രീ. ജേക്കബ് തോമസിനെ മാറ്റി നിർത്തിയിട്ടില്ല. അദ്ദേഹം അവധിക്ക് അപേക്ഷിച്ചതിനെ തുടർന്ന് 1-4-2017-മുതൽ ഒരു മാസത്തെ ആർജ്ജിതാവധി അനുവദിച്ചിട്ടുണ്ട്. വീണ്ടും ഒരു മാസത്തേയ്ക്ക് കൂടി അവധി ദീർഘിപ്പിക്കാൻ അദ്ദേഹം അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിജിലൻസ് വകുപ്പ് സ്വതന്ത്രവും നീതിയുക്തവുമായാണ് പ്രവർത്തിക്കുന്നത്.

വിജിലൻസിൽ പരാതി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

156 (1583) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസിൽ ലഭിക്കുന്ന പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനും മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും ജീവനക്കാർക്കെതിരെ വ്യക്തി വിദ്വേഷത്തിന്റെയോ, പ്രതികാര മനോഭാവത്തിന്റെയോ ഭാഗമായി നൽകുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതുമൂലം പ്രസ്തുത ജീവനക്കാർക്ക് ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾ അവരുടെ വ്യക്തി ജീവിതത്തിലും തൊഴിലിലും പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത മനസ്സിലാക്കി അന്വേഷണങ്ങൾ നടത്തുവാൻ വിജിലൻസ് വകുപ്പിനെ സജ്ജമാക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 29-3-2017-തീയതിയിലെ ജി.ഒ.(പി)9/2017/വിജി. സർക്കാർ ഉത്തരവുപ്രകാരം പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനുമുള്ള വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അഴിമതിക്കേസ്സുകളിൽ പ്രതികളായ സി-ഡിറ്റ് ജീവനക്കാർ

157 (1584) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കേസ്സുകളിൽ പ്രതികളായ എത്ര സ്ഥിരം ജീവനക്കാർ സി-ഡിറ്റിൽ ജോലി ചെയ്യുവരുന്നുവെന്ന് അവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപപ്പെടുത്തിയ

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ അധിഷ്ഠിത പരാതി പരിഹാര സംവിധാനത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന സി-ഡിറ്റിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിജിലൻസ് കേസ്സിൽ പ്രതികളായ ഉദ്യോഗസ്ഥർ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിലും ഡിവിഷനുകളിലും മേൽനോട്ടം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സി-ഡിറ്റിനെ സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് കേസ്സുകളൊന്നും നിലവിലില്ല. എന്നാൽ മുൻ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറും ഇപ്പോൾ സി-ഡിറ്റിലെ ജോയിന്റ് ഡയറക്ടറുമായ ശ്രീ. പി. വി. ഉണ്ണികൃഷ്ണനെതിരെ വി.സി.02/2012/ എസ്.ഐ.യു.-1 നമ്പർ വിജിലൻസ് കേസ് ഉണ്ടായിരുന്നു. ടി കേസ് അന്വേഷണം പൂർത്തിയാക്കി നടപടികൾ ഒന്നും ശിപാർശ ചെയ്തിട്ടില്ല.

(ബി) ശ്രീ. ജി. ജയരാജ്, രജിസ്ട്രാർ, സി-ഡിറ്റ്

(സി) ശ്രീ. പി. വി. ഉണ്ണികൃഷ്ണനെതിരെ വി.സി.02/2012/എസ്.ഐ.യു-1 നമ്പർ വിജിലൻസ് കേസ് അന്വേഷണം പൂർത്തിയായി. നടപടികൾ ശിപാർശ ചെയ്തിട്ടില്ല.

ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

158 (1585) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; ആയതിൽ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണെന്നും, എന്താണ് അവർക്കെതിരെയുള്ള കേസുകളെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) വിജിലൻസ് സ്വമേധയാ എടുത്ത കേസ്സുകൾ കൂടാതെ കോടതി നിർദ്ദേശാനുസരണം എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നുണ്ട്; ഓരോ കേസ്സിലും ചാർജ് ഷീറ്റ് കൊടുത്തവ, ഇനി കൊടുക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസ്സുകളിൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചവ ഏതെല്ലാം കേസ്സുകളിലാണ്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 473 (465+8) ഉദ്യോഗസ്ഥർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു.* പ്രസ്തുത കേസ്സുകളിലെ ഐ.ഐ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എല്ലാ കേസുകളും അന്വേഷണത്തിലാണ്. ചാർജ്ജ് ഷീറ്റ് നല്കിയിട്ടില്ല. വിവരം അനുബന്ധം (2) ആയി ചേർക്കുന്നു.*

(ബി) കോടതി നിർദ്ദേശാനുസരണം 54 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതിന്റെ വിവരം അനുബന്ധം (3) ആയി ചേർക്കുന്നു.* എല്ലാ കേസ്സുകളും അന്വേഷണത്തിലാണ്. ചാർജ്ജ് ഷീറ്റ് നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ച് വരുന്നു.

കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടി

159 (1586) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് വിശദീകരിക്കാമോ;

(സി) കോടതി സമുച്ചയം സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കൊല്ലം കോടതി സമുച്ചയ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം താലൂക്കിലെ മുണ്ടക്കൽ വില്ലേജിൽ 38.16 ഏക്കർ സ്ഥലം ജുഡീഷ്യറി വകുപ്പിന് അനുവദിച്ചിരുന്നു. എന്നാൽ W.P(C)7574/2011-ൽ ബഹു. ഹൈക്കോടതി 10-10-2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ കല്ലിടൽ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 161-ൽ ഉൾപ്പെട്ട ആശ്രാമം ഗസ്റ്റ് ഹൗസിന് സമീപം സ്ഥലം ലഭ്യമാക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടുവെങ്കിലും ഈ സ്ഥലം ടൂറിസം വകുപ്പിൽനിന്നും ലഭ്യമാകാത്തതിനാൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കാമെന്ന നിർദ്ദേശം പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. സ്ഥലവുമായി ബന്ധപ്പെട്ട് കൊല്ലം സബ് കോടതിയിൽ ഒ.എസ്. 813/09 നമ്പരിൽ ഒരു കേസ് ഇതിനിടയിൽ ഉണ്ടാവുകയും എന്നാൽ ഈ കേസ് ഇപ്പോൾ തീർപ്പാവുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കൊല്ലം കോടതി സമുച്ചയ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യത ആവശ്യപ്പെട്ടുകൊണ്ടുള്ള latest report നൽകുവാൻ രജിസ്ട്രാറോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടി

160 (1587) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കാമോ;

(ബി) മേൽ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായോ; വിശദമാക്കാമോ;

(സി) പെരിങ്ങോം ഫയർ സ്റ്റേഷന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷനും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റ് റിപ്പോർട്ടും സഹിതമുള്ള നിർദ്ദേശം ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ടി.എസ്. കനാലിന്റെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി

161 (1588) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി. എസ്. കനാലിന്റെ തീരങ്ങൾ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കാത്തതുമൂലം കരയിടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലപാതയുടെ ആഴം കൂട്ടിയതിനെത്തുടർന്ന്, കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ 21, 22, 23 വാർഡുകളിലെ ടി. എസ്. കനാലുമായി ചേരുന്ന ഭാഗങ്ങൾ, തീരമിടിഞ്ഞ് പുരയിടങ്ങളിലേക്ക് ഉപ്പു വെള്ളം കയറി,വീടും കൃഷിയും നശിക്കുന്നത് പരിഹരിക്കുന്നതിന് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) കരയിടിയുന്നതുമൂലം ജലപാതയുടെ ആഴം വീണ്ടും കുറയുന്നതും കരഭാഗം നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ടി.എസ്. കനാൽ ദേശീയജലപാത-3-ന്റെ ഭാഗമാണ്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇൻലാന്റ് വാട്ടർ വേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്.

(ബി) കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ 21, 22, 23 വാർഡുകളിലെ ടി.എസ്. കനാലുമായി ചേരുന്ന ഭാഗങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് പരിഹരിക്കുന്നതിനായി ഷട്ടർ നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

(സി) കരുനാഗപ്പള്ളി-കുലശേഖരപുരം ഭാഗത്തുകൂടി കടന്നുപോകുന്ന ടി.എസ്. കനാൽ ദേശീയ ജലപാത-3-ന്റെ ഭാഗമാണ്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കി വരുന്നത്.

പാർവ്വതീ പുത്തനാറിലെ ജലഗതാഗതം

162 (T* 1589) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർവതീ പുത്തനാർ ജലഗതാഗതത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി സർക്കാരിന്റെ ഭാഗത്തു നിന്നും നാളിതുവരെ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പാർവതീ പുത്തനാറിനെ ജലഗതാഗതത്തിന് അനുയോജ്യമാക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) പാർവ്വതീ പുത്തനാർ ജലഗതാഗതത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാർവ്വതീ പുത്തനാറിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. KIIFB -യുടെ ധനസഹായത്തോടുകൂടി 16.14 കി. മീ. നീളം വരുന്ന പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. കനാൽ പാർശ്വങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത ശേഷം രണ്ടാം ഘട്ടം പദ്ധതി തയ്യാറാക്കുന്നതാണ്.

(സി) ഉണ്ട്. NATPAC-ന്റെ പഠന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

പൊന്നാനി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ജലപാത

163 (1590) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാലിലെ പൊന്നാനി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന (പോർട്ട് ടു പോർട്ട്) ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ ജലപാതയിലെ 3-ാം റീച്ചിൽ ഉൾപ്പെട്ട മേൽസൂചിപ്പിച്ച പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പൊന്നാനി-ബേപ്പൂർ (പോർട്ട് ടു പോർട്ട്) ജലപാത എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വെസ്റ്റ് കോസ്റ്റ് കനാൽ മലപ്പുറം ജില്ലയിലെ ഭാരതപ്പുഴയ്ക്കും കോഴിക്കോട് ജില്ലയിലെ ചാലിയാർപുഴയ്ക്കും കുറുകെയാണ് കടന്നുപോകുന്നത്. പൊന്നാനി തുറമുഖം ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്ന ഭാഗത്തും ബേപ്പൂർ തുറമുഖം ചാലിയാർപുഴ അറബിക്കടലിൽ ചേരുന്ന ഭാഗത്തുമാണ്. അതിനാൽ ഇതിനായി പ്രത്യേകം കനാൽ നിർമ്മിക്കേണ്ടതില്ല. വെസ്റ്റ് കോസ്റ്റ് കനാലിന്റെ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പുഴകൾ ആഴം കൂട്ടി ഗതാഗതയോഗ്യമാക്കുവാൻ കഴിയുന്നതാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ നാഷണൽ വാട്ടർ വേ-3, ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ജലപാത വികസിപ്പിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ Inland Water way Authority of India (IWAI) ആണ് നടത്തി വരുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എം.എൽ.എ ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുള്ള സ്ക്വാഷ് സ്റ്റേഡിയം

164 (1591) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച് എം.എൽ.എ. ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുള്ള സ്ക്വാഷ് സ്റ്റേഡിയം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓഫീസേഴ്സിനായി സജ്ജീകരിച്ച എത്ര മുറികളും പ്രത്യേക ഗ്യാലറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം ഉപയോഗിക്കുന്നതിന് എത്തുന്ന ഉന്നത ഉദ്യോഗസ്ഥർ ഇവിടെ നിന്ന് മെമ്പർഷിപ്പ് നേടിയിട്ടുള്ളവരാണോ; എങ്കിൽ അത്തരത്തിലുള്ളവർ എത്രപേർ, ആരൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ സർവ്വീസിൽ ശമ്പളം പറ്റുന്ന എത്ര സ്ഥിരം/താൽക്കാലിക ഉദ്യോഗസ്ഥർ (ഏതൊക്കെ വകുപ്പുകളിൽ നിന്ന്)ഇവിടെ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച് എം.എൽ.എ. ഹോസ്റ്റലിന് സമീപം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന സ്ക്വാഷ് കോർട്ട് സ.ഉ.(കൈ)നമ്പർ 09/2015/കാ.യു.വ. തീയതി 24-2-2015 പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) ടി സ്ക്വാഷ് കോർട്ടിൽ ഓഫീസേഴ്സിനായി പ്രത്യേകം മുറികൾ സജ്ജീകരിച്ചിട്ടില്ലാത്തതാണ്. നിലവിൽ ആറ് മുറികൾ ഉള്ളതിൽ ഒരെണ്ണം സ്ക്വാഷ് കോർട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ആയും, ഒരെണ്ണം സ്പോർട്സ് ഫിറ്റ്നസ് തെറാപ്പി യൂണിറ്റ് ആയും പ്രവർത്തിച്ചു വരുന്നു. ബാക്കി ഉള്ള മുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു.

(സി) സ്ക്വാഷ് കോർട്ട് ഉപയോഗിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ട്. നിലവിൽ South Zone ADGP ഉപയോഗിച്ച് വരുന്നു.

(ഡി) പോലീസ് വകുപ്പിൽ നിന്ന് ഏഴ് പേർ ജോലി ക്രമീകരണ വ്യവസ്ഥയിലും, രണ്ടുപേർ ദിവസ വേതന അടിസ്ഥാനത്തിലും ടി സ്ക്വാഷ് കോർട്ടിൽ ജോലി ചെയ്തു വരുന്നു. പോലീസ് വകുപ്പിൽനിന്ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നതിൽ രണ്ടുപേർ സ്പോർട്സ് ഫിറ്റ്നസ് തെറാപ്പി യൂണിറ്റിൽ പരിശീലകരായും രണ്ട് പേർ സ്ക്വാഷ് പരിശീലകരായും രണ്ടു പേർ കെയർ ടേക്കർമാരായും ഒരാൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും ജോലി ചെയ്തു വരുന്നു.

സിറ്റി ഗ്യാസ് പദ്ധതി

165 (1593) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതി വാതകം കുഴലുകളിലൂടെ അടുക്കളയിൽ എത്തിക്കുന്ന "സിറ്റി ഗ്യാസ്" പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് പ്രസ്തുത ഗ്യാസ് വിതരണ ശൃംഖല കടന്നു പോകുന്നത്;

(സി) ഗാർഹിക ഉപയോക്താക്കൾക്ക് പ്രസ്തുത കണക്ഷനുകൾ നൽകിയിട്ടുണ്ടോ; എത്ര പേർക്ക് നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കണക്ഷൻ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) എറണാകുളം ജില്ല പൂർണ്ണമായും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) 2016 ഫെബ്രുവരി മുതൽ കൊച്ചി ഗാർഹിക ഉപഭോക്താക്കൾക്കും വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതിവാതക കണക്ഷൻ നൽകിയിട്ടുണ്ട്. നിലവിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 462 ഗാർഹിക കണക്ഷനുകൾക്കും 2 വാണിജ്യ കണക്ഷനുകൾക്കും ഉള്ള രജിസ്ട്രേഷൻ സ്വീകരിച്ചിട്ടുണ്ട്. അതുടനെ നൽകാൻ കഴിയുന്നതാണ്. കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ അപേക്ഷാഫോം പൂരിപ്പിച്ച് വിലവിവര പട്ടികയനുസരിച്ചുള്ള കണക്ഷൻ ഡെപ്പോസിറ്റ് അടക്കേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മുൻകൂർ അടക്കേണ്ട തുക പൂർണ്ണമായി ഒഴിവാക്കി മാസം 25 രൂപ മാത്രം വാടക നൽകുന്ന രജിസ്ട്രേഷൻ പദ്ധതിയും നിലവിലുണ്ട്.

സ്ക്വാഷ് സ്റ്റേഡിയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ

166 (1594) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് സമീപം നിർമ്മിച്ച സ്ക്വാഷ് സ്റ്റേഡിയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയം പോലീസ് അസോസിയേഷന്റെ ഓഫീസായും മറ്റും ഉപയോഗിക്കപ്പെടുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും ദുരുപയോഗം ചെയ്യപ്പെടുന്നതും, ചിലർ കുത്തകയാക്കി കൈവശം വെച്ചിരിക്കുന്നതും ഒഴിവാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) സർക്കാർ ചെലവിൽ നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ചില ഉന്നത ഉദ്യോഗസ്ഥർ മാത്രം കുത്തകയാക്കുന്നത് ഒഴിവാക്കി നേരിയ ഫീസീടാക്കിയെങ്കിലും പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് സമീപം നിർമ്മിച്ച സ്കാഷ് കോർട്ട്, 24-2-2015-ലെ സ.ഉ (കൈ)നമ്പർ 09/2015/കാ.യു.വ. പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത കോർട്ട് നിലവിൽ കേരള പോലീസ് സ്പോർട്സ് & യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പൊതുജനങ്ങൾക്കും, കുട്ടികൾക്കും സ്കാഷ് പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കാഷ് അക്കാദമിയായി പ്രവർത്തിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സ്കാഷ് കോർട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സ്പോർട്സ് ഫിറ്റ്നസ് തെറാപ്പി യൂണിറ്റ് എന്നിവ മാത്രമാണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്.

(സി&ഡി) സ്കാഷ് കോർട്ട് നിലവിൽ കേരള പോലീസ് സ്പോർട്സ് & യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പൊതുജനങ്ങൾക്കും, കുട്ടികൾക്കും സ്കാഷ് പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കാഷ് അക്കാദമിയായി പ്രവർത്തിച്ചു വരുന്നതും ഏതൊരാൾക്കും ടി അക്കാദമിയിൽ നിശ്ചിത ഫീസ് അടച്ച് സ്കാഷ് പരിശീലനം നേടാവുന്നതുമാണ്.

നിലമ്പൂരിലെ സർക്കാർ ഓഫീസുകൾ

167 (T* 1595) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരം ലഭ്യമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ അധീനതയിലുള്ള എത്ര കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വ്യക്തമാക്കാമോ ;

(സി) നിലമ്പൂരിൽ പ്രവൃത്തി പുരോഗമിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ ഏതൊക്കെ സർക്കാർ ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല.

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട റിക്കവറി നടപടികൾ

168 (1596) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ എടുത്തതിന് ശേഷം അപേക്ഷകരായ വിദ്യാർത്ഥികൾ മരണപ്പെട്ട കേസ്സുകളിൽ പ്രസ്തുത ബാങ്ക് വായ്പയുടെ പേരിലുള്ള റിക്കവറി നടപടികളിൽ നിന്നും രക്ഷകർത്താക്കളെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) രക്ഷകർത്താക്കളുടെ ഏക പ്രതീക്ഷയായ മക്കളുടെ മരണശേഷവും വായ്പാ കുടിശ്ശിക പിടിച്ചെടുക്കാൻ ബാങ്കുകൾ നടത്തുന്ന ത്വരിത നടപടികൾ ഒഴിവാക്കി കുടുംബങ്ങളെ സഹായിക്കാൻ നിർദ്ദേശമുണ്ടാകുമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പ എടുത്ത ശേഷം മരണമടഞ്ഞ വിദ്യാർത്ഥികളുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാർ പല പ്രാവശ്യം സംസ്ഥാനതല-ബാങ്കിംഗ് സമിതി യോഗങ്ങളിൽ ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഓരോ കേസ്സും യോഗ്യതയ്ക്ക് അനുസരിച്ച് അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്നും സ്പെഷ്യൽ കേസ്സുകൾ സർക്കാർ പ്രത്യേകമായി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കുവാനും ധാരണയുണ്ട്. അല്ലാത്ത കേസ്സുകളിൽ മരണപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് അതാത് ബാങ്കിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകളോടെ ബാദ്ധ്യത തീർത്ത് റിക്കവറി നടപടികളിൽ നിന്ന് ഒഴിവാകുന്നതിന് അവസരമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തിക

169 (1597) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തസ്തികകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എത്ര ഡോക്ടർമാർ വയനാട് ജില്ലയിൽ നിന്നും വിദേശത്തും സ്വദേശത്തും ജോലിചെയ്യുവാനായി ശൂന്യവേതന അവധിയിൽ ഉണ്ട്?

ഉത്തരം

(എ)	ജനറൽ ആശുപത്രി, കൽപ്പറ്റ	സൂപ്രണ്ട്-1 കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1 ജൂനിയർ കൺസൾട്ടന്റ്-1
	ടി.എച്ച്.കു.എച്ച്, വൈത്തിരി	ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1
	സി.എച്ച്.സി, തരിയോട്	സിവിൽ സർജൻ-1
	പി.എച്ച്.സി, വാഴവറ്റ	അസിസ്റ്റന്റ് സർജൻ-1

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നഴ്സുമാരുടെ ഒഴിവുകൾ നിലവിലില്ല

(ബി) സ്ഥാനക്കയറ്റം നൽകി നിയമിക്കേണ്ട സൂപ്രണ്ട്, കൺസൾട്ടന്റ് തസ്തികകളിലുള്ള ഒഴിവുകളിലേയ്ക്ക് ഡി.പി.സി. യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് ഡോക്ടർമാരെ നിയമിക്കുന്നതിനും, അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിനുമുള്ള നടപടികളും, സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്റ്റ് ചെയ്ത ഡോക്ടർമാരിൽനിന്ന് ജൂനിയർ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വയനാട് ജില്ലയിൽ ശൂന്യവേതന അവധിയിൽ ആരും ഇല്ല.

ജീവൻരക്ഷാ മരുന്നുകൾ

170 (1598) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലാകമാനമുള്ള ജനങ്ങളിൽ കൂടുതൽ പേരും പ്രമേഹ രോഗത്തിനും കിഡ്നി രോഗത്തിനും, ഹൃദയ രോഗത്തിനും അടിമകളാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ടി രോഗങ്ങൾക്കുള്ള മരുന്നുകൾക്കും, ഇൻസുലിനും ഭീമമായ തുകയാണ് ഫാർമസ്യൂട്ടിക്കൽ കമ്പനിക്കാരും മരുന്ന് കടക്കാരും രോഗികളിൽ നിന്നും വാങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അസുഖങ്ങൾക്കുള്ള മരുന്നുകൾ ജീവൻ രക്ഷാ വിഭാഗത്തിൽപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാർക്കറ്റിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാറിവരുന്ന ജീവിത ശൈലിയ്ക്ക് അനുസൃതമായി ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർരോഗം എന്നിവ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുപ്പത് വയസ്സിനും അറുപത് വയസ്സിനും ഇടയിൽ പ്രായമുള്ളവരിലെ മരണങ്ങളിൽ 52 ശതമാനവും ജീവിതശൈലീ രോഗങ്ങൾ മൂലമുണ്ടാകുന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ഹൃദ്രോഹം കൊണ്ടുണ്ടാകുന്ന മരണങ്ങളും ക്യാൻസർ കൊണ്ടുണ്ടാകുന്ന മരണങ്ങളും ആണ് കൂടുതലായി കാണപ്പെടുന്നത്. പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും ഒരു പോലെ ബാധിക്കുന്നു എന്നത് ആരോഗ്യമേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നു.

(ബി&സി) സ്വകാര്യ ഫാർമസിയിലെ ഇൻസുലിനും പ്രമേഹ രോഗത്തിനും ജീവിതശൈലീ രോഗങ്ങൾക്കുള്ള മറ്റ് മരുന്നുകൾക്കും അമിതമായ വില ഈടാക്കുന്നതുമൂലം രോഗികളുടെ സ്വന്തം ചികിത്സാ ചെലവ് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആരോഗ്യവകുപ്പിലൂടെ നടപ്പിലാക്കുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിലൂടെ പ്രമേഹത്തിനും രക്താദിസമ്മർദ്ദത്തിനും ഹൃദ്രോഗത്തിനും കൊളസ്ട്രോളിനുമുള്ള Treatment Protocol പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ നൽകിവരുന്നു. ഇത് സബ്സെന്റർ തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾക്കുള്ള വിലയേറിയ മരുന്നുകളും ആരോഗ്യവകുപ്പ് സൗജന്യമായി നൽകി വരുന്നു.

മൂന്നാറിൽ സർക്കാർ ആശുപത്രി

171 (1599) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം മണ്ഡലത്തിൽ തോട്ടം തൊഴിലാളികളും സാധാരണ ജനങ്ങളും തിങ്ങി പാർക്കുന്ന മൂന്നാറിൽ ഒരു നല്ല സർക്കാർ ആശുപത്രിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ എല്ലാ ചികിത്സാസൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർ ആശുപത്രി ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മൂന്നാറിൽ സർക്കാർ ആശുപത്രി നിലവിലില്ലെങ്കിലും 5 കിലോമീറ്റർ ദൂരത്ത് ദേവികുളം സാമൂഹ്യാരോഗ്യകേന്ദ്രം ഉണ്ട്. അവിടെ നിന്ന് എല്ലാ ചികിത്സാ സൗകര്യങ്ങളും നൽകുന്നുണ്ട്.

(ബി&സി) മൂന്നാർ ഗ്രാമപഞ്ചായത്തിൽ ചട്ടമൂന്നാറിൽ പ്രാഥമികാരോഗ്യകേന്ദ്രം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലസൗകര്യപരിമിതിമൂലം പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിട സൗകര്യം ലഭ്യമാക്കുവാൻ മൂന്നാർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട സൗകര്യം ലഭ്യമായാലുടൻ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ജല മലിനീകരണം നടത്തുന്നവർക്കെതിരെ നടപടി

172 (1600) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നഗരങ്ങളിലെ ഹോട്ടലുകളിൽ നിന്നും വാഹന സർവ്വീസ് സ്റ്റേഷനുകളിൽ നിന്നും കശാപ്പ് ശാലകളിൽ നിന്നുമുള്ള മലിനജലം ഓടകളിലൂടെ കുടിവെള്ള വിതരണം നടത്തുന്ന ജല സ്രോതസ്സുകളിലേക്കെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഹോട്ടലുകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന വിതരണ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുള്ള മലിന ജലം ശാസ്ത്രീയ മാർഗ്ഗങ്ങളിൽകൂടി മാത്രമേ പുറന്തള്ളുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അതാത് ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് നിയമപരമായ ചുമതലയുണ്ട്. ടി നിബന്ധന ലംഘിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമവും അനുബന്ധ ചട്ടങ്ങളും റെഗുലേഷൻ അനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കുവാനും അടിയന്തര സാഹചര്യങ്ങളിൽ ഫുഡ് സേഫ്റ്റി ലൈസൻസ്/ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സി.എച്ച്.സി.-യെ ഐ.പി.എച്ച്. സ്റ്റാൻഡേർഡിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി

173 (1601) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി.യെങ്കിലും ഐ.പി.എച്ച്. സ്റ്റാൻഡേർഡിലേക്ക് സ്റ്റാഫ് സ്ട്രെംഗ്ത് നൽകി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കുറഞ്ഞത് ഒരു നിയോജക മണ്ഡലത്തിൽ ഒരു സി.എച്ച്.സി.-യെങ്കിലും അത്തരത്തിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സി.എച്ച്.സി.-കളുടെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നത് ഒരു നിയോജക മണ്ഡലത്തിൽ ഒരെണ്ണം എങ്കിലും പരിഗണിക്കുന്നുവെങ്കിൽ അരുകുറ്റി ആശുപത്രിയെ ഈ നിലയിൽ പരിഗണിക്കുമോ;

(സി) 7+ 1 = 8 എന്ന നിലയിൽ ഡോക്ടർമാരുടെ സ്ട്രെംഗ്ത് വർദ്ധിപ്പിച്ച് അരുകുറ്റി ആശുപത്രിയിൽ 24 മണിക്കൂറും സേവനം ലഭ്യമാക്കണമെന്ന ആലപ്പുഴ ഡി.എം.ഒ.-യുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇല്ലെങ്കിൽ അടിയന്തര പ്രാധാന്യത്തോടെ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലിൽ ഒരു വികസന ബ്ലോക്കിൽ മാനദണ്ഡങ്ങള അനുസരിച്ചുള്ള സൗകര്യങ്ങളുള്ള ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഉദ്ദേശിക്കുന്നത്.

(ബി) ബ്ലോക്കുതല സി.എച്ച്.സി,-കളുടെ ലിസ്റ്റിൽ അരുകുറ്റി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ആർദ്രം മാനദണ്ഡമനുസരിച്ച് 9 ഡോക്ടർമാരുടെ തസ്തികയാണ് ടി സി.എച്ച്.സി.-യിൽ ആവശ്യമായിട്ടുള്ളത് നിലവിൽ 4 ഡോക്ടർമാരുടെ തസ്തികയുണ്ട്. (അസിസ്റ്റന്റ് സർജൻ-3, സിവിൽ സർജൻ-1) അധികമായി 5 ഡോക്ടർമാരുടേതടക്കമുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ പരിതാപകരമായ അവസ്ഥ

174 (1602) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ പരിതാപകരമായ അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തീപ്പൊള്ളൽ കേസ്സുകളിൽ എത്തുന്ന രോഗികൾ ഉൾപ്പടെ കിടക്കുന്ന പേവാർഡിൽ ജനറേറ്റർ ഇല്ലാത്തതിനാൽ വൈദ്യുതി ഇല്ലാത്ത സമയത്ത് രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പേവാർഡിലെ മിക്ക മുറികളും മെയിന്റനൻസ് നടക്കാത്തതിനാൽ അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേവാർഡിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ ചില മുറികളിൽ വാട്ടർ സപ്ലൈ സിസ്റ്റത്തിൽ തകരാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബാത്ത് റൂം ലീക്ക് കാരണം ഒരു മുറി മാത്രമാണ് അടച്ചിട്ടുള്ളത്. ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എസ്.എം.എ.പി.വഴി ചികിത്സാ സഹായം

175 (1603) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പൂവർ" പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലെ ചികിത്സയ്ക്കാണ് ചികിത്സാ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സർക്കാർ/സഹകരണ മേഖലയിൽ ലഭ്യമല്ലാത്തതിനാൽ മംഗലാപുരത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ടി ചികിത്സയ്ക്ക് എസ്.എം.എ.പി. പദ്ധതി വഴി ധനസഹായം നൽകാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) " സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പൂവർ" പദ്ധതി പ്രകാരം സംസ്ഥാനത്ത് ചികിത്സാ സഹായം ലഭിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എസ്.എം.എ.പി. പദ്ധതിയിലേയ്ക്ക് ഗവേണിംഗ് ബോഡി തീരുമാന പ്രകാരമാണ് ലിസ്റ്റിൽ അറ്റാച്ച് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്. പുതുതായി സ്ഥാപനങ്ങളെ ഉൾപ്പെടുത്തണമെങ്കിൽ ഗവേണിംഗ് ബോഡി കൂടി തീരുമാനിക്കേണ്ടതാണ്.

ലഹരി വിമുക്ത ബോധവൽക്കരണ പരിപാടി

176 (T* 1604) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത് ലഹരിയിൽ നിന്ന് മുക്തി നേടണമെന്നാഗ്രഹിക്കുന്നവർക്ക് ചികിത്സ നൽകാനാവശ്യമായ വിദഗ്ധരുടെ എണ്ണം സംസ്ഥാനത്ത് കുറവാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ നിലവിലുള്ള ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങളിലായി മൊത്തം എത്ര സൈക്യാടിസ്റ്റുകളുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) കുട്ടികളെ നോക്കുന്ന സൈക്യാടിസ്റ്റുകൾ ഒരിടത്തും ഇല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലഹരിവിമുക്ത ചികിത്സാമേഖലയിൽ സൈക്കോളജിസ്റ്റ്, സൈക്യാടിസ്റ്റ്, മറ്റു അനുബന്ധ സ്റ്റാഫ് എന്നിവരുടെ സേവനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിമോചന കേന്ദ്രങ്ങളിൽ പലയിടങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെയും സാങ്കേതിക വിദഗ്ദ്ധരുടേയും പോരായ്മ ഉണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ദ്ധരുടെ തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഇവ പരിഹരിക്കപ്പെടുന്നതാണ്.

(ബി) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ജില്ലകളിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലായി 13 സൈക്യാടിസ്റ്റിന്റെ സേവനം ലഭ്യമാണ്. ഇതിനു പുറമേ മറ്റ് ലഹരി വിമുക്ത കേന്ദ്രങ്ങളിലായി 16 സൈക്യാടിസ്റ്റുകൾ സേവനം അനുഷ്ഠിക്കുന്നു.

(സി) ഇല്ല.

(ഡി) ആരോഗ്യ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് പുതുതായി ആരംഭിക്കുന്ന "വിമുക്തി" പദ്ധതിയിൽ ഉൾപ്പെടുത്തി '10' ലഹരി വിമുക്ത കേന്ദ്രങ്ങളിൽ സൈക്യാടിസ്റ്റിന്റെ സേവനവും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാടിക് സോഷ്യൽ വർക്കർ എന്നീ അനുബന്ധ സ്റ്റാഫിന്റെ സേവനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

വടകര താലൂക്ക് ആയുർവേദ ആശുപത്രി

177 (1605) ശ്രീ. സി. കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്ക് ആയുർവേദ ആശുപത്രിയിൽ കിടത്തിച്ചികിത്സയുടെ സൗകര്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബഹു.ആരോഗ്യവകുപ്പ് മന്ത്രി വടകര താലൂക്ക് ആയുർവേദ ആശുപത്രിയിൽ വന്ന് പ്രഖ്യാപിച്ച ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എടുത്ത തീരുമാനം അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ലാബ് ടെക്നീഷ്യൻ നിയമനം

178 (1606) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ 1961-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ രോഗ നിർണ്ണയത്തിന് അത്യാവശ്യമായ ലാബ് ടെക്നീഷ്യൻ തസ്തിക അർഹമായ തരത്തിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലാബ് സംവിധാനം ഇല്ലാത്ത സർക്കാർ ആശുപത്രികളിൽ ലാബ് തുടങ്ങുന്നതിനും അവിടെ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളിൽ ലാബുകളും 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുമോ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ലാബുകളിൽ വേണ്ടത്ര ജീവനക്കാരെയും, ഉപകരണങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കും. ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) നിലവിൽ എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും കാര്യക്ഷമത കൂടിയ ലബോറട്ടറി സംവിധാനം സൗജന്യ നിരക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ലബോറട്ടറി സംവിധാനമില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എൻ.എച്ച്.എം.-ന്റെ കോമ്പ്രഹെൻസീവ് ഹെൽത്ത് പ്രോഗ്രാം മുഖേന ലബോറട്ടറി സംവിധാനം ആരംഭിക്കുന്ന നടപടികൾ പുരോഗതിയിലാണ്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ലാബ് ടെക്നീഷ്യന്റെ 204 തസ്തികകൾ സൃഷ്ടിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ലാബ് ടെക്നീഷ്യന്റെ തസ്തികയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

അമൃതം ആരോഗ്യം പദ്ധതി

179 (1607) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങളുടെ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി വർക്ക്പ്ലേസ് ഇന്റർവെൻഷൻ പരിപാടി നടപ്പാക്കി വരുന്നുണ്ടോ;

(ഡി) ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമൃതം ആരോഗ്യം പദ്ധതിയിലൂടെ മൂന്ന് തലങ്ങളിലുള്ള സേവനമാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത്.

പ്രൈമറി തലം

ജീവിതശൈലീരോഗങ്ങൾ വരാതെ ആരോഗ്യപരമായ ശൈലി മാറ്റത്തിലൂടെ ജനങ്ങളെ ഉത്ബോധിപ്പിക്കുന്നതിനുള്ള സേവനങ്ങൾ ആരോഗ്യ വകുപ്പ് നൽകി വരുന്നു. ആരോഗ്യ ബോധവത്കരണം, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം എന്നീ വിഷയങ്ങളെക്കുറിച്ച് വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കായുള്ള പ്രചരണ പരിപാടികൾ എന്നിവ ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നു

സെക്കൻഡറി തലം

മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുകയും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും, മരുന്നും സൗജന്യമായി നൽകുന്നതിനും ഗുരുതരാവസ്ഥയുള്ളവരെ വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്നതിനും എല്ലാ ആരോഗ്യ കേന്ദ്രങ്ങളെയും സജ്ജീകരിച്ചിട്ടുണ്ട്.

Tertiary Care

ഹൃദ്രോഹം, പക്ഷാഘാതം, ക്യാൻസർ, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ചികിത്സിയ്ക്കുന്നതിനും ജില്ലാ ജനറൽ ആശുപത്രികളെ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ സാമ്പത്തിക വർഷവും വാർഷിക പദ്ധതി ഫണ്ട് ഉപയോഗിച്ച് Work place intervention എന്ന പേരിൽ കേരളത്തിൽ ഉടനീളം സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിലും തൊഴിൽ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവിത ശൈലീരോഗ നിർണ്ണയ ക്യാമ്പുകളിലൂടെ രോഗനിർണ്ണയവും ചികിത്സയും നടത്തി വരുന്നു.

(ഡി) ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലൂടെയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ബോധവൽക്കരണം നടത്തി വരുന്നു. സ്കൂൾ കുട്ടികൾക്കായി Exhibition, മത്സരങ്ങൾ എന്നിവ നടത്തുകയും പുകവലി, മദ്യപാനം Junk food എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണവും നടത്തി വരുന്നു. മുൻനിര സിനിമാതാരങ്ങളെയും കലാ സാംസ്കാരിക പ്രമുഖരെയും ഉൾപ്പെടുത്തി ഭക്ഷണം, വ്യായാമം, ലഹരി എന്നിവയെക്കുറിച്ചുള്ള ഹാസ്യചിത്രങ്ങളും, ബോധവൽക്കരണത്തിനായി ആരോഗ്യവകുപ്പ് നിർമ്മിച്ചിട്ടുണ്ട്.

പത്ത് കിടക്കകളുള്ള ആയുർവേദ ആശുപത്രികൾ

180 (1608) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പത്ത് കിടക്കകളുള്ള എത്ര ഗവൺമെന്റ് ആയുർവേദ ആശുപത്രികളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത്തരം ആശുപത്രികളിൽ നിലവിൽ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ എന്നതിനാൽ ഈ ആശുപത്രികളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയുർവേദ ആശുപത്രികളിൽ ആർ.എം.ഒ.യുടെയും എം.ഒ.യുടെയും തസ്തികകൾ അനുവദിയ്ക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉത്തരം

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ 10 കിടക്കകളുള്ള 52 ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം

181 (1609) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ മരുന്ന് വിതരണം നടത്തുന്നതിന് ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ മരുന്ന് സംഭരണവും വിതരണവും നിരീക്ഷിക്കുന്നതിലേയ്ക്കായി ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ 6-4-2017-ലെ സ.ഉ.(സാധാ)നമ്പർ 1018/2017/ആ.ക.വ. പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ കിരണം പദ്ധതി

182 (1611) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാരിന്റെ ആരോഗ്യ കിരണം പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര രോഗികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കേരള സർക്കാരിന്റെ ആരോഗ്യ കിരണം പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര രോഗികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	21,22,106
കൊല്ലം	5,61,034
പത്തനംതിട്ട	5,50,241
ആലപ്പുഴ	3,63,525

കോട്ടയം	6,29,061
ഇടുക്കി	1,73,288
എറണാകുളം	5,53,136
തൃശ്ശൂർ	4,78,988
പാലക്കാട്	94,767
മലപ്പുറം	8,03,685
കോഴിക്കോട്	7,41,059
വയനാട്	2,37,137
കണ്ണൂർ	2,26,563
കാസർഗോഡ്	1,07,907
ആകെ	76,42,497

ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

183 (1612) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ പരിശോധനയുടെ അഭാവംമൂലം ശുചിയില്ലാത്തതും പഴകിയതും മായം കലർന്നതുമായ ഭക്ഷണ പദാർത്ഥങ്ങളാണ് പലപ്പോഴും ഉപഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് ഭക്ഷ്യവിഷബാധ അടക്കമുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. കൃത്യമായ പരിശോധനകൾ നിശ്ചിത ഇടവേളകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്താറുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തുടർച്ചയായ പരിശോധനകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ചെക്ക് പോസ്റ്റുകളിലും നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ അയച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി 908 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 58 ഭക്ഷ്യ പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തി. തുടർന്ന് കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 199 ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള അഡ്ജൂഡിക്കേഷൻ നടപടികൾ തുടങ്ങി. ഇതു കൂടാതെ ഏപ്രിൽ മാസത്തിൽ 161 ഹോട്ടൽ/റെസ്റ്റാറന്റുകൾ പരിശോധന നടത്തി 3 സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 112 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. 7,62,000 രൂപ പിഴ ചുമത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ബേക്കറി, ജ്യൂസ് സ്റ്റാളുകൾ, ഐസ്ക്രീം പാർലറുകൾ, എല്ലാത്തരം ജ്യൂസുകളും വിൽക്കുന്ന വഴിയോര തട്ടുകടകൾ എന്നിവിടങ്ങളിലും കർശന പരിശോധനകൾ നടത്തി. ഇത്തരം 523 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ ഗുരുതരമായ നിയമലംഘനങ്ങൾ കണ്ടെത്തിയ 7 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കൂടാതെ 256 കടകൾക്ക് നോട്ടീസ് നൽകി പിഴയിനത്തിൽ 5.5 ലക്ഷം രൂപ ചുമത്തുകയും ചെയ്തു. ഇത്തരം പരിശോധനകൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള 2 മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് നഷ്ടപരിഹാര അവധി

184 (1613) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിലും ജോലി ചെയ്യേണ്ടി വരുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് സ്ഥാപനമേധാവിയുടെ അനുമതിയ്ക്ക് വിധേയമായി ഒരു ദിവസം നഷ്ടപരിഹാര അവധിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും നിവേദനമോ പരാതിയോ നിലവിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) ശബരിമല മാസപൂജയുമായി ബന്ധപ്പെട്ട് പമ്പയിലും സന്നിധാനത്തും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്ക് ഇതിനുള്ള ഉത്തരവ് എത്ര ദിവസം മുൻപേ നൽകേണ്ടതാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ശബരിമലമാസപൂജയ്ക്ക് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർക്ക് അർഹമായ ദിനബത്ത, യാത്രാബത്ത എന്നിവ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) പരാതികൾ നിലവിലില്ല.

(ബി) ശബരിമല മാസപൂജയുമായി ബന്ധപ്പെട്ട് പമ്പയിലും സന്നിധാനത്തും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള ഉത്തരവ് ശബരിമല മണ്ഡലപൂജ കഴിഞ്ഞാൽ ഉടൻ തന്നെ ഒരു വർഷത്തേയ്ക്കുള്ള ജീവനക്കാരുടെ സ്പെഷ്യൽ ഡ്യൂട്ടിക്ക് ഉള്ള ഉത്തരവ് അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് അയച്ചുകൊടുക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉദ്യോഗസ്ഥരുടെ പേരുകൾ അതാത് സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടപ്രകാരം ദൂരത്തിനനുസരിച്ച് യാത്ര ചെയ്യാനുള്ള സമയം കണക്കാക്കിക്കൊണ്ടാണ് അതാത് സ്ഥാപനങ്ങളിൽ നിന്ന് വിടുതൽ ചെയ്യുന്നത്.

(സി) ശബരിമല മാസപൂജയ്ക്ക് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർക്ക് ദിനബത്ത/യാത്രാബത്ത എന്നിവ കെ.എസ്.ആർ. അനുശാസിക്കും പ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകാറുണ്ട്.

വയനാട് മെഡിക്കൽ കോളേജ്

185 (1614) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനങ്ങൾ ഏത്ഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഭരണാനുമതി നൽകിയതിനുശേഷം നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഇന്നയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വയനാട്ടിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായുള്ള ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി നൽകിയിട്ടുള്ള 50 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ലഭിച്ച സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിയും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. റോഡിന്റെ പണികൾ നടന്നുവരുന്നു. ക്യാമ്പസിലേയ്ക്കുള്ള റോഡും പാലവും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിലവിൽ ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(ഡി) നടപ്പ് സാമ്പത്തികവർഷം വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 499.97 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

186 (1615) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ആശ്രിതർക്ക് യഥാസമയം നിയമനം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷ നൽകിയ എത്ര ആശ്രിതർക്ക് ഇനിയും നിയമനം നൽകാനുണ്ട് ; അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; ഓരോ ജില്ലയിലും ഏത് തീയതി മുതലുള്ള അപേക്ഷകർക്കാണ് നിയമനം നൽകാൻ ബാക്കിയുള്ളതെന്ന വിവരവും ലഭ്യമാക്കുമോ;

(സി) ജീവനക്കാരൻ മരണമടഞ്ഞ് വർഷങ്ങൾ കഴിഞ്ഞും നിരാലംബരായ കുടുംബത്തിന്റെ ആശ്രിതർക്ക് നിയമനം നൽകാതിരിക്കുന്നത് ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെത്തന്നെ തകർക്കുന്നതാണെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഈ അപേക്ഷകർക്ക് അടിയന്തരമായി നിയമനം നൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകി വരുന്നു.

(ബി) ആരോഗ്യവകുപ്പിൽ ആശ്രിത നിയമനത്തിനുള്ള സംസ്ഥാന അടിസ്ഥാനത്തിൽ 186 അപേക്ഷകളുണ്ട്. 21-5-2012-വരെയുള്ള അപേക്ഷയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. ആശ്രിതരുടെ അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള സംസ്ഥാന അടിസ്ഥാനത്തിലുള്ള പട്ടികയാണ് നിലവിലുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 22 അപേക്ഷകൾ ഉണ്ട്. അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	അപേക്ഷകരുടെ എണ്ണം	നിയമനം നൽകാനുള്ള തീയതി
തിരുവനന്തപുരം	8	31-7-2014
കോട്ടയം	3	1-3-2016
എറണാകുളം	1	9-1-2015
തൃശ്ശൂർ	4	26-8-2013
കോഴിക്കോട്	6	15-10-2005

(സി) അതാത് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകി വരുന്നു.

എയിംസ് മാതൃകയിൽ ട്രോമാ കെയർ

187 (1616) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം കുറയ്ക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ജീവനക്കാർക്ക് പരിശീലനവും മെഡിക്കൽ കോളേജുകളുടെ ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ പ്രാരംഭ നടപടിയായി എയിംസിൽ നിന്നുള്ള എമർജൻസി വിഭാഗം മേധാവി ഉൾപ്പെടെയുള്ള

വിദഗ്ധ സംഘം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി സന്ദർശിക്കുകയും, ഇതിൻപ്രകാരം സംസ്ഥാന സർക്കാർ എയിംസ് ട്രോമാ സെന്ററുമായി MOU ഒപ്പ് വയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഒരു ട്രോമാ കെയർ നോഡൽ ഓഫീസറും രണ്ട് ഹെഡ് നഴ്സുമാരും അടങ്ങുന്ന ഒരു സംഘത്തെ എയിംസ് ട്രോമാ സംവിധാനം നീരീക്ഷിച്ചു മനസ്സിലാക്കുന്നതിനും ട്രെയിനിംഗ് നേടുന്നതിനുമായി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ജെല്ലി മിഠായികൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നം

188 (1617) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിപണികളിൽ ലഭിക്കുന്ന ജെല്ലി മിഠായികൾ കഴിച്ച് കുട്ടികളിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായിട്ടുള്ള ജെല്ലിമിഠായികൾ ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും നിശ്ചിത ഇടവേളകളിൽ സാമ്പിൾ എടുത്ത് പരിശോധന നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള വസ്തുക്കൾ കണ്ടെത്തിയാൽ ടി ഭക്ഷ്യവസ്തു ഉൽപ്പാദിപ്പിച്ചവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ ദീർഘകാല അവധി

189 (1618) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാർ ദീർഘകാല അവധിയിൽ തുടരുന്നു എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ അവധി എതുവരെയാണെന്നും ഏത് ആവശ്യത്തിനായാണ് അവധി അപേക്ഷിച്ചിരുന്നതെന്നും അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഡോക്ടർമാർ അവധി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അവധി അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ 247 ഡോക്ടർമാർ ദീർഘകാല അവധിയിൽ തുടരുന്നുണ്ട്.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 92 ഡോക്ടർമാർ അവധി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അതിൽ 15 പേർക്ക് അവധി അനുവദിച്ചിട്ടുണ്ട്. 2 പേർ അവധി ദീർഘിപ്പിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.

ജനറിക് മരുന്നുകൾ

190 (1619) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാർ ജനറിക് മരുന്നുകൾ മാത്രം രോഗികൾക്ക് കുറിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ജനറിക് മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ കുറിച്ചു നൽകണമെന്ന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജനറിക് മരുന്നുകൾ ലഭ്യമാണ്

(സി) NABL അംഗീകരിച്ച ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് സർക്കാർ ആശുപത്രികളിലേക്ക് ജനറിക് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, മരുന്നുകൾ, ആശുപത്രികളിലേക്ക് വിതരണം നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മിഷൻ ഇന്ദ്രധനുസ്സ് പദ്ധതി

191 (1621) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മിഷൻ ഇന്ദ്രധനുസ്സ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി പ്രകാരമുള്ള കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികൾ, ഗർഭിണികൾ എന്നിവർക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകാനുള്ള കേന്ദ്രാവിഷ്കൃത തീവ്രയജ്ഞ പരിപാടിയാണ് മിഷൻ ഇന്ദ്രധനുഷ്. മിഷൻ ഇന്ദ്രധനുഷിന്റെ നാലം ഘട്ടമാണ് 2017-ൽ നടപ്പിലാക്കിവരുന്നത്. 2017 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ 7-ാം തീയതി മുതൽ 7 ദിവസമാണ് കുത്തിവെയ്പ്പ് നൽകുന്നത്. അടുത്തകാലത്തായി പൂർണ്ണമായും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടില്ലാത്തതും, ഭാഗികമായി കുത്തിവെയ്പ്പ് എടുത്തിട്ടുള്ളതുമായ കുട്ടികൾക്കിടയിൽ വാക്സിൻ കൊണ്ട് പ്രതിരോധിക്കാവുന്ന രോഗങ്ങൾ കണ്ടുവരുന്നതിനാൽ ഇത്തരം മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പ്പ് നൽകാനുള്ള ഈ പദ്ധതിക്ക് വളരെയധികം പ്രാധാന്യമുണ്ട്. കൂടാതെ പ്രതിരോധ കുത്തിവെയ്പ്പിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനും ഇമ്മ്യൂണൈസേഷൻ കവറേജ് കൂട്ടുന്നതിനും ഈ കർമ്മപദ്ധതി വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്ന കാര്യത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്.

(ബി) എറണാകുളം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പൂർണ്ണമായും തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിലെ നഗരപ്രദേശങ്ങളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കളുടെ സാന്നിധ്യം

192 (1622) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ അയച്ച് പരിശോധന നടത്തി പരിശോധനകളുടെ റിപ്പോർട്ട് അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു, ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെ രാസവസ്തുക്കൾ ചേർത്താലുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്ന സെമിനാറുകളും ക്ലാസ്സുകളും നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി 908 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 58 ഭക്ഷ്യ പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തി. തുടർന്ന് കുറ്റക്കാർക്കെതിരെ ക്രിമിനൽകേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 199 ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള അഡ്ജൂഡിക്കേഷൻ നടപടികൾ തുടങ്ങി. ഇതു കൂടാതെ ഏപ്രിൽ മാസത്തിൽ 161 ഹോട്ടൽ/റെസ്റ്റാറന്റുകൾ പരിശോധന നടത്തി 3 സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 112 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. പിഴയിനത്തിൽ 7,62,000 രൂപ ചുമത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ബേക്കറി, ജ്യൂസ് സ്റ്റാളുകൾ, ഐസ്ക്രീം പാർലറുകൾ, എല്ലാത്തരം ജ്യൂസുകളും വിൽക്കുന്ന വഴിയോര തട്ടുകടകൾ എന്നിവിടങ്ങളിലും കർശന പരിശോധനകൾ നടത്തി. ഇത്തരം 523 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ ഗുരുതരമായ ലംഘനങ്ങൾ കണ്ടെത്തിയ 7 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കൂടാതെ 256 കടകൾക്ക് നോട്ടീസ് നൽകി പിഴയിനത്തിൽ 5.5 ലക്ഷം രൂപ ചുമത്തുകയും ചെയ്തു.

മീഡിയാ കോർഡിനേറ്റർ

193 (1624) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മീഡിയാ കോർഡിനേറ്റർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഇപ്പോഴത്തെ മീഡിയാ കോർഡിനേറ്റർ; മീഡിയാ കോർഡിനേറ്റർക്ക് എത്ര രൂപയാണ് ശമ്പളമായി നിശ്ചയിച്ചിരിക്കുന്നത്; ഈ തസ്തികയുടെ യോഗ്യത അറിയിക്കാമോ?

ഉത്തരം

ഇല്ല. എന്നാൽ 19-8-2015-ൽ കൂടിയ കോളേജ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അല്മ്നി അസോസിയേഷന്റെ സഹകരണത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മീഡിയ സെൽ രൂപീകരിക്കുകയും മീഡിയാ കോ-ഓർഡിനേറ്ററെ താല്കാലികമായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. പ്രസന്നകുമാർ. എം. ആണ് ഇപ്പോഴത്തെ മീഡിയാ കോർഡിനേറ്റർ. വേതനം ഇനത്തിൽ പ്രതിമാസം 15000 രൂപയും യാത്രാബത്തയും മറ്റ ചെലവുകൾക്കുമായി 5000 രൂപയുമാണ് നൽകുന്നത്. ജേർണലിസവും, ദീർഘകാലം മാധ്യമ സ്ഥാപനത്തിൽ ജോലിചെയ്തിട്ടുള്ള അനുഭവ പരിചയവുമാണ് യോഗ്യതയായി കണക്കാക്കിയിരിക്കുന്നത്.

മരുന്ന് വിതരണം

194 (1625) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ മരുന്ന് ലഭ്യത നിരീക്ഷിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2016 ഒക്ടോബർ മാസം തന്നെ സ്വീകരിച്ച് നവംബർ മാസം ദർഘാസ് നടപടികൾ ആരംഭിക്കുകയും 2017 ഫെബ്രുവരി മാസത്തോടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മരുന്നുകളുടെ വിതരണ ഓർഡറുകൾ നൽകുകയുണ്ടായി. അതനുസരിച്ചുള്ള മരുന്നുകൾ 2017 ഏപ്രിൽ മാസം ആരംഭം മുതൽ തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്ന് സംഭരണശാലകളിൽ എത്തുകയും അവിടെനിന്നും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ അളവിൽ വിതരണം നടത്തി വരുകയും ചെയ്യുന്നു.

(ബി) സർക്കാർ ആശുപത്രികളിലെ മരുന്ന് ലഭ്യത നിരീക്ഷിക്കുവാനായി ഓൺലൈൻ സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കിക്കൊണ്ട് 6-4-2017-ലെ സ.ഉ.(സാധാ)നമ്പർ 1018/2017/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ

സോഫ്റ്റ്വെയർ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളെ കൂടാതെ ആശുപത്രികൾ നേരിട്ട് വാങ്ങുന്ന മരുന്നുകളുടെ വിവരങ്ങളും നിരീക്ഷിക്കാവുന്നതാണ്. ആശുപത്രികളിലെ സ്ലോ മൂവിംങ്ങ് ഐറ്റംസ്, ഫാസ്റ്റ് മൂവിംങ്ങ് ഐറ്റംസ്, കാലഹരണപ്പെട്ടുപോകുന്ന മരുന്നുകളുടെ വിവരങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുക വഴി മരുന്നുകൾ ഉപയോഗ ശൂന്യമായി കാലഹരണപ്പെടുന്നത് തടയുവാൻ സാധിക്കും. ആരോഗ്യ വകുപ്പിലെ ജില്ലാ-സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തിലെ മരുന്നിന്റെ ലഭ്യത നിരീക്ഷിക്കുന്നതിനും, അത്യാവശ്യഘട്ടങ്ങളിൽ ഈ സോഫ്റ്റ് വെയർ മുഖാന്തിരം ആവശ്യമുള്ള മരുന്നുകൾ ഒരു ആശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയിലേയ്ക്ക് കൈമാറ്റം നടത്തി മരുന്നുകളുടെ ഉപയോഗം ഉറപ്പുവരുത്തുവാനും സാധിക്കുന്നതാണ്.

മരുന്ന് വിതരണം

195 (1626) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ആശുപത്രികളിൽ നിന്നുള്ള മരുന്ന് വിതരണത്തിൽ പൂർണ്ണസുതാര്യത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്?

ഉത്തരം

സംസ്ഥാന ആരോഗ്യവകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് വിതരണം നടത്തുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ആരോഗ്യവകുപ്പിന്റെയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ഡയറക്ടർമാർ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് സൂഷ്മ പരിശോധനയ്ക്ക് ശേഷം ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന സുതാര്യ മത്സര ഇ-ദർഘാസുകളിലൂടെയാണ് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിക്കുന്നത്. ഇ-ദർഘാസിൽ ഓൺലൈനായിട്ടാണ് മരുന്ന് വിതരണ കമ്പനികൾ ബിഡ് സമർപ്പിക്കുന്നത്. ആരോഗ്യ വകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, ഡ്രഗ്സ് കൺട്രോളറും നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ് ദർഘാസിന്റെ സൂക്ഷ്മപരിശോധന നടത്തുന്നത്. ആയതിന്റെ വിശദാംശങ്ങൾ സുതാര്യത ഉറപ്പാക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കാറുണ്ട്. അതിൽ യോഗ്യത നേടുന്ന മരുന്ന് വിതരണ കമ്പനികളുടെ ഫാക്ടറി പരിസരം 3 വർഷത്തിൽ ഒരിക്കൽ എന്ന നിലയിൽ ഡ്രഗ്സ് കൺട്രോളറും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നിയോഗിക്കുന്ന ഉദ്യോഗസ്ഥർ പരിശോധിച്ച് ഡ്രഗ്സ് & കോസ്മെറ്റിക് ആക്ടിനും, റൂളിനും അനുസൃതമായിട്ടാണ് ഫാക്ടറിയും, നിർമ്മാണ പ്രവർത്തനങ്ങളുമെന്നും ഉറപ്പ് വരുത്താറുണ്ട്.

അത്തരത്തിൽ യോഗ്യത നേടുന്ന മരുന്ന് നിർമ്മാണ കമ്പനികളുടെ പ്രൈസ്ബിഡ് പരിശോധിച്ച് അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്ന (L1) കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയാണ് മരുന്ന് സംഭരണം നടത്തുന്നത്. മരുന്ന് സംഭരണം സംബന്ധമായ ദർഘാസ് നടപടികൾ കേരള സർക്കാർ സ്ഥാപനമായ ഐ.റ്റി.മിഷന്റെ ഉടമസ്ഥതയിലുള്ള ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ വഴിയും മരുന്ന് വിതരണം ഓൺലൈൻ സോഫ്റ്റ്വെയറായ ഡി.ഡി.എം.എസ്. മുഖേനയും വളരെ സുതാര്യമായാണ് നടത്തിവരുന്നത്. സർക്കാർ ആശുപത്രികളിൽ നിന്നുള്ള മരുന്ന് വിതരണം ആരോഗ്യവകുപ്പിലെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ജീവനക്കാരുടെ നിയന്ത്രണത്തിലാണ് നിർവ്വഹിക്കുന്നത്.

നാഷണൽ റൂറൽ ഹെൽത്ത് മിഷനിലെ നിയമനം

196 (1627) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ ഡെപ്യൂട്ടേഷൻ, കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ചും തസ്തിക തിരിച്ചും വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ ഏതെങ്കിലും തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; കാലാവധി വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാരുണ്യ ഫാർമസി വഴി മരുന്ന് വിതരണം

197 (1628) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ഫാർമസി വഴി രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ലായെന്ന പരാതിയും, പലപ്പോഴും ഈ പദ്ധതി നിർത്തി വയ്ക്കേണ്ടി വരുന്ന സാഹചര്യം നിർധനരായ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് യഥാസമയം മരുന്നു വിതരണ തുക നൽകാത്തതാണ് പദ്ധതി മുടങ്ങുന്നതിന് കാരണമാകുന്നതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി തുടരുന്നതിന് മതിയായ ശ്രദ്ധനൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി RSBY, RBSK, KBF, JSSK, SUKRUTHAM, AROGYA KIRANAM, CHISPLUS തുടങ്ങിയ പദ്ധതികൾക്ക് ക്രെഡിറ്റ് ഇനത്തിൽ മരുന്നുകൾ ലഭ്യമാക്കിയ ഇനത്തിൽ ഭീമമായ തുക വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ലഭിക്കുവാനുണ്ട്. ഇതിനാൽ പല കമ്പനികൾക്കും മരുന്ന് വാങ്ങിയ ഇനത്തിൽ നൽകാനുള്ള തുക നൽകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. കുടിശ്ശിക തുക അടിയന്തിരമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നതിനായി ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക തുക തീർപ്പാക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നുണ്ടെങ്കിലും പാവപ്പെട്ട രോഗികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി നിലവിൽ മേൽ പദ്ധതികളിലൂടെയുള്ള മരുന്നുവിതരണം യാതൊരു തടസ്സവും കൂടാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്.

മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തകരുടെ ശമ്പളകുടിശ്ശിക

198 (1629) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തസ്തികകളിൽ നിയമിച്ച താൽകാലിക ജീവനക്കാർക്ക് ഒരു വർഷത്തെ ശമ്പളകുടിശ്ശിക നൽകാത്തതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് ശമ്പളകുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശമ്പളകുടിശ്ശിക ലഭിക്കാത്തതിനാൽ ഒരു ജീവനക്കാരൻ ആത്മഹത്യചെയ്ത സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുണ്ടായിരുന്ന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഇവർക്ക് പകരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾ ജീവനക്കാരില്ലാത്തതുമൂലം തടസ്സപ്പെടുന്ന സാഹചര്യം എങ്ങനെ തരണം ചെയ്യാനാണ് ആലോചിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ജീവനക്കാർക്ക് ശമ്പളകുടിശ്ശിക നൽകുന്നതിനായി 5,55,91,000 (അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം) രൂപ 14 ജില്ലകൾക്കായി 30-3-2017 തീയതിയിൽ നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല. കാലവർഷം വൈകാനുള്ള സാധ്യത കണക്കിലെടുത്തും നിരന്തരമായ രോഗപര്യവേഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അടിയന്തിര സാഹചര്യം ഉണ്ടാകില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ മതിയാവാത്ത സാഹചര്യം വരുകയാണെങ്കിൽ ഉചിതമായ മേൽനടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതാണ്.

കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം

199 (1630) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി, പട്ടികവർഗ്ഗ, തോട്ടം തൊഴിലാളി മേഖലകൾ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ഒരു കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടികജാതി പട്ടികവർഗ്ഗ തോട്ടം തൊഴിലാളികൾ ഭൂരിഭാഗവും താമസിക്കുന്നത് മലക്കപ്പാറ പ്രദേശത്താണ്. അതിരപ്പിള്ളിയിൽ നിന്നും 18 കിലോമീറ്റർ ദൂരത്ത് എലിഞ്ഞിപ്ര സാമൂഹികാരോഗ്യകേന്ദ്രവും 22 കിലോമീറ്റർ ദൂരത്ത് ചാലക്കുടി താലൂക്ക് ആശുപത്രിയും സ്ഥിതിചെയ്യുന്നു. മലക്കപ്പാറയിലും അതിനടുത്തുള്ള കോളനികളിലും ജില്ലാ ടൈബൽ മൊബൈൽ യൂണിറ്റിന്റെ കീഴിൽ ഒരു ഡോക്ടറും ഒരു സ്റ്റാഫ് നേഴ്സും ഒരു ഫാർമസിസ്റ്റും എല്ലാ മാസവും 5 ക്യാമ്പുകൾ വീതം നടത്തി വരുന്നുണ്ട്. കൂടാതെ മലക്കപ്പാറ ഭാഗത്ത് ടൈബൽ ഡെവലപ്മെന്റിന്റെ കീഴിൽ ഒരു ഒ.പി.യും ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. അവിടെ ഒരു ഡോക്ടറും നേഴ്സും ഒരു സ്റ്റാഫ് നേഴ്സും താൽക്കാലികാടിസ്ഥാനത്തിൽ ടൈബൽ ഡെവലപ്പ്മെന്റ് നിയമിച്ചിട്ടുണ്ട്. കൂടാതെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യവും എസ്.ടി. വിഭാഗക്കാർക്ക് ആംബുലൻസ് സൗകര്യവും ലഭ്യമാണ്.

കൊല്ലം ജില്ലയിലെ ആശുപത്രികളിൽ നിയമനം

200 (1631) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ ആശുപത്രികളിലേക്ക് 2016 ജൂൺ ഒന്നിന് ശേഷം എത്ര ഗ്രേഡ് II അറ്റന്റർമാരെ താൽക്കാലികമായി നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനത്തിൽ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇപ്പോൾ നിലവിൽ എത്ര തസ്തികകൾ ഈ വിഭാഗത്തിൽ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര ഗ്രേഡ് II അറ്റന്റർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്രപേർക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ജില്ലയിൽ 2016 ജൂൺ ഒന്നിനു ശേഷം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയിൽ താൽക്കാലിക നിയമനം നടന്നിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ 55 ഒഴിവുകൾ ഉണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 മാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. മേൽ കാലയളവിൽ സ്ഥാനക്കയറ്റം നൽകി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 മാരായി ആരേയും നിയമിച്ചിട്ടില്ല.

ഇടുക്കി മെഡിക്കൽ കോളേജ്

201 (1632) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അനാവശ്യ കാലതാമസം നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

പാർട്ട്-1 :

1. ഒന്നാം ഫ്ലോറിലെ പ്ലാസ്റ്ററിംഗ് 100%-വും ബ്ലോക്ക് വർക്ക് 10%-വും പൂർത്തീകരിച്ചത് ലിന്റിൽ വർക്ക് 50%-വും കഴിഞ്ഞിരിക്കുന്നു.

2. രണ്ടാം ഫ്ലോറിൽ ഉള്ള 25 കോളങ്ങളിൽ 20 എണ്ണത്തിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തീകരിച്ചതിനുശേഷം ബാക്കി അഞ്ചെണ്ണത്തിൽ സ്റ്റീൽ വർക്കും ഷട്ടറിംഗും കഴിഞ്ഞു.

പാർട്ട്-2 :

1. അടുത്ത നിലയ്ക്കുള്ള കോളം വർക്കിന്റെ പണിയിൽ സ്റ്റാർട്ടറും സ്റ്റീൽ വർക്കും പൂർത്തീകരിച്ച് കോൺക്രീറ്റ് വർക്ക് തുടങ്ങിയത് 100% പൂർത്തീകരിച്ചു.

2. മൂന്നാമത്തെ ഫ്ലോറിന്റെ തട്ടിന്റെ സ്റ്റീൽ വർക്കും ഫാബ്രിക്കേഷനും പൂർത്തീകരിച്ചു.

3. ഗ്രൗണ്ട് ഫ്ലോറിന്റെ സൺഷെയിഡ് ഷട്ടറിംഗും സ്റ്റീൽ വർക്കും പൂർത്തീകരിച്ചതിനുശേഷം 70% കോൺക്രീറ്റ് വർക്ക് പൂർത്തീകരിച്ചു.

4. ഗ്രൗണ്ട് ഫ്ലോറിന്റെ തട്ട് തേപ്പ് 100% പൂർത്തീകരിച്ചു.

5. ഗ്രൗണ്ട് ഫ്ലോറിന്റെ പി.സി.സി. ഫ്ലോറിംഗ് വർക്ക് 30% പൂർത്തീകരിച്ചു.

(ബി) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി KITCO-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങിയപ്പോൾ അവിടെ മതിയായ കിടക്കകളുള്ള ആശുപത്രിയോ അക്കാദമിക് ബ്ലോക്കോ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിക് ബ്ലോക്ക് നവംബർ 2017-ലും ഹോസ്പിറ്റൽ ബ്ലോക്ക് മാർച്ച് 2018-ലും പൂർത്തീകരിക്കാൻ കഴിയും.

ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ

202 (1633) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഏത് ഏജൻസിക്കാണ് ചുമതല നൽകിയിരിക്കുന്നത്;

(ബി) 2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഡ് പുതുക്കലും രജിസ്ട്രേഷനും അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്താവൂ എന്നിരിക്കെ സർക്കാർ ഉത്തരവ് ലംഘിച്ച് സ്വകാര്യ ഏജൻസിയ്ക്ക് നൽകിയത് പുനഃപരിശോധിക്കുമോ;

(സി) ചിയാക് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. FINO PAYTECH LTD, SMART IT SERVICES PVT LTD, MEDSAVE HEALTH INSURANCE TPA LTD എന്നീ കമ്പനികൾക്കാണ് നൽകിയിരിക്കുന്നത്.

(ബി) ആർ.എസ്.ബി.വൈ. പദ്ധതിക്ക് വേണ്ടി രജിസ്ട്രേഷൻ നടത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്, 16-5-2012-ലെ ജി.ഒ.(എംഎസ്) 70/2012/ തൊഴിൽ നമ്പർ പ്രകാരം അക്ഷയ കേന്ദ്രത്തിനാണ് ടി പ്രക്രിയ നൽകി വരുന്നത്. പക്ഷേ, ആരോഗ്യ കാർഡ് വിതരണവും, പുതുക്കലും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷ്വറൻസ് കമ്പനിക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാവിനെ മാത്രമേ ചുമതലപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. നിലവിൽ അക്ഷയ കേന്ദ്രങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതായി അറിവില്ല.

(സി) ചിയാക്ക്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് പദ്ധതി നിർവ്വഹണം നടത്തി വരുന്നത്.

സ്വകാര്യ ലാബ്, സ്കാൻ സെന്ററുകളിലെ അമിത ചാർജ്

203 (1634) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില സ്വകാര്യ ലാബ്, സ്കാൻ സെന്ററുകൾ പരിശോധനകൾക്ക് അമിത ചാർജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ച് നൽകുന്നതിനും അവ വ്യക്തമായി പ്രദർശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ ആരോഗ്യ വകുപ്പിൽ സംവിധാനമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആർദ്രം പദ്ധതി

204 (1635) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ വേണ്ടി തീരുമാനിച്ചതിന്റെ തുടർച്ചയായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(ബി) ഇതിന് വേണ്ടി ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് വേണ്ടി സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 23 കോടി രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും 2017-18-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) ഇവിടങ്ങളിലായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 23 കോടി രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിന് 7 കോടി രൂപയും 2017-18-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പാറശ്ശാല താലൂക്ക് ആശുപത്രിവക ഭൂമി ശ്മശാന നിർമ്മാണത്തിന് വിട്ടുനൽകുന്ന നടപടി

205 (1636) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിലേക്കായി പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 107/28 എന്ന നമ്പരിലെ 50 സെന്റ് ഭൂമി പാറശ്ശാല ആശുപത്രിക്ക് നൽകാനും പകരം പാറശ്ശാല താലൂക്ക് ആശുപത്രിയുടെ 107/16 എന്ന സർവ്വേ നമ്പരിലെ 50 സെന്റ് ഭൂമി ശ്മശാനം നിർമ്മിക്കുന്നതിനും വിട്ടുനൽകുന്നതിനും വേണ്ട അനുമതിക്കായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ആയതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2015-2016 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 186/2016 ശ്മശാന നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് കണ്ടെത്തിയ ബ്ലോക്ക് നമ്പർ50 റീസർവ്വേ നമ്പർ 107/28 എന്ന സ്ഥലം ജനവാസമേഖലയായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാറശ്ശാല താലൂക്ക് ആശുപത്രിയുടെ ബ്ലോക്ക് നമ്പർ 5 റീസർവ്വേ 107/16 എന്ന സ്ഥലം അനുവദിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് നമ്പർ 50/ഇ 2/2016/ആ.ക.വ. എന്ന ഫയൽ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശം ആരാഞ്ഞിരുന്നു. ടി സ്ഥലം ശ്മശാന നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർ, തിരുവനന്തപുരം, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം പാറശ്ശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് 29-3-2017-ലെ ഡി.ബി3/70/17/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

കായംകുളം താലൂക്ക് ആശുപത്രിയിൽ സർജന്റെ തസ്തിക

206 (1637) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന സർജന്റെ തസ്തിക മറ്റൊരു ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽ സർജന്റെ തസ്തിക പുനഃസ്ഥാപിച്ച് സർജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം താലൂക്കാശുപത്രിയിൽ നിലവിലുണ്ടായിരുന്ന കൺസൾട്ടന്റ് (സർജറി) തസ്തിക കൺസൾട്ടന്റ് (പീഡിയാടിക്) തസ്തികയിലേക്ക് കൺവെർട്ട് ചെയ്യുകയും പാറശ്ശാല താലൂക്ക് ആശുപത്രിയിലേക്ക് സ.ഉ.(കൈ) നമ്പർ 676/2010/ ആ.കു.വ. തീയതി 18-11-2010 പ്രകാരം ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വർക്കല പള്ളിക്കൽ സി.എച്ച്.സി.-യിൽ ഐ.പി.ബ്ലോക്കിനുള്ള കെട്ടിടം

207 (1638) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി.-യിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുവെങ്കിൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കെട്ടിടം പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള ഫണ്ട് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ച് നൽകുമോ ;

(ഡി) പള്ളിക്കൽ സി.എച്ച്.സി.-ക്ക് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് 4 കോടി രൂപ ബജറ്റിൽ വകയിരുത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നല്കിയ കത്തിന്മേലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (സാധാ)നമ്പർ 731/2013/ആ.കു.വ. തീയതി 5-3-2013 പ്രകാരം പള്ളിക്കൽ സി.എച്ച്.സി.-യ്ക്ക് 20 കിടക്കകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മുൻ എം.എൽ.എ. ശ്രീ. വർക്കല കഹാർ അവർകളുടെ എം.എൽ.എ ഫണ്ടിൽ നിന്നും കിടത്തി ചികിത്സയ്ക്കുവേണ്ടി 20 കിടക്കകളുള്ള ഇരുനിലകെട്ടിടത്തിന്റെ നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (ആർ.ടി)നമ്പർ 1606/14 ആ.കു.വ. തീയതി 19-5-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. കെട്ടിടം പണി

പൂർത്തീകരിക്കുന്നതിനുള്ള ബാക്കിയുള്ള നിർമ്മാണ പ്രവർത്തനത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ആഫീസറിൽനിന്ന് എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ലഭിച്ചിട്ടില്ല.

പ്രതിരോധ കുത്തിവയ്പ്പ്

208 (1639) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് ലഭിച്ചിട്ടില്ല എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കുട്ടികൾക്ക് സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 11.6% കുട്ടികൾ എല്ലാ പ്രതിരോധ കുത്തിവയ്പ്പുകളും എടുത്തിട്ടില്ല. 1% കുട്ടികൾ ഒരു പ്രതിരോധ കുത്തിവെയ്പ്പ്/മരുന്ന് എടുത്തിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി കൊടുക്കുന്നു.*

(ബി) കേരളത്തിൽ സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പ് കുട്ടികൾക്ക് നൽകുന്നത് കേന്ദ്ര സർക്കാർ തന്നിട്ടുള്ള ദേശീയ പ്രതിരോധ കുത്തിവയ്പ്പ് പട്ടിക അനുസരിച്ചാണ്. ഇതിന്റെ ഭാഗമായി എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ബുധനാഴ്ചയും പ്രതിരോധ കുത്തിവയ്പ്പ് സൗജന്യമായി നൽകിവരുന്നു. കൂടാതെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി തുടങ്ങിയ പ്രത്യേക കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ മുൻകൂട്ടി തീരുമാനിച്ച് അറിയിക്കുന്ന തീയതി പ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആശ, അംഗൻവാടി വർക്കർമാർ തുടങ്ങിയവർ വഴി കുട്ടികളെ കണ്ടുപിടിച്ച് പ്രത്യേക സെന്ററുകളിൽ വച്ചാണ് കുത്തിവയ്പ്പ് നടത്തുന്നത്. ഇതിനായി ഇവർ വഴി കുട്ടികളെ കണ്ടുപിടിക്കാനുള്ള സർവ്വേ നടത്തി കുത്തിവയ്പ്പ് നൽകുന്നു. ഇത് സൂപ്പർവൈസ് ചെയ്യുന്നതിന് സൂപ്പർവൈസർമാരുണ്ട്. ഇതിനായി പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കിയാണ് എല്ലാ മാസവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനം നടത്തുന്നത്. പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പോസ്റ്റർ, ലീഫ് ലെറ്റ് തുടങ്ങിയവയിലൂടെയുള്ള പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ്പ് നേട്ടം കുറവുള്ള ജില്ലകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശപ്രകാരം മിഷൻ ഇന്ദ്രധനുഷ് പോലുള്ള പ്രത്യേക പദ്ധതികളും നടത്തുന്നുണ്ട്.

പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

209 (1640) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പ കഴിഞ്ഞാൽ ഏറ്റവും അടുത്തുള്ള സി.എച്ച്.സി. ആയ പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാണോ; ഇവിടുത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ;

(ബി) മറ്റ് ചികിത്സാ സംവിധാനങ്ങൾ ഒന്നുമില്ലാത്ത ഇവിടെ കൂടുതൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് 24 മണിക്കൂറും ചികിത്സ ഉറപ്പാക്കാൻ കഴിയുന്ന ആശുപത്രിയാക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എല്ലാ ദിവസവും രാവിലെ 9 മണിമുതൽ 2 മണിവരെ ഒ.പി.യിൽ ഡോക്ടർമാരുടെ സേവനവും 2 മണിമുതൽ രാത്രി 8 മണിവരെ എൻ.എച്ച്.എം. ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. കൂടാതെ 24 മണിക്കൂറും ഓൺകോൾ ഡോക്ടറുടെ സേവനവും ലഭ്യമാണ്. ഇവിടത്തെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു :

സി.എച്ച്.സി. റാന്നി പെരുനാടിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ :

1	അസി.സർജൻ	5
2	എച്ച്.ഐ.	1
3	ജെ.എച്ച്.ഐ.ഗ്രേഡ് 1	4
4	ജെ.എച്ച്.ഐ.ഗ്രേഡ് 2	2
5	പി.എച്ച്.എൻ.	1

6	ജെ.പി.എച്ച്.എൻ.ഗ്രേഡ് 1	4
7	ജെ.പി.എച്ച്എൻ.ഗ്രേഡ് 2	3
8	ലാബ് ടെക്നീഷ്യൻ	1
9	ഫാർമസിസ്റ്റ്	2
10	ഹെഡ് നഴ്സ്	3
11	സ്റ്റാഫ് നഴ്സ് ഗ്രേഡ് 1	2
12	സ്റ്റാഫ് നഴ്സ് ഗ്രേഡ് 2	3
13	പി.റ്റി.എസ്.	1
14	ആഫീസ് അറ്റൻഡന്റ്	1
15	ക്ലാർക്ക്	1
16	നഴ്സിംഗ് അസിസ്റ്റന്റ്	2
17	എച്ച്.എ.ഗ്രേഡ് 1	1
18	എച്ച്.എ.ഗ്രേഡ് 2	3
	ആകെ	40

(ബി) റാന്നി പെരുനാട് സി.എച്ച്.സി.-യെ ആശുപത്രി ഉണനിലവാരം മെച്ചപ്പെടുത്തുന്ന സ്റ്റാന്റൈഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തി, ആർദ്രം മാനദണ്ഡമനുസരിച്ച് സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനം ലഭ്യമാക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണം

210 (1641) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണത്തിനായി ഒരു പൊതുമാനദണ്ഡം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സ്വകാര്യ ആശുപത്രികളുടെ ഫീസ്, ചാർജ് നിർണ്ണയ രീതികളെ കുറിച്ച് പഠിക്കുവാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കുന്നത്; സ്വകാര്യ ആശുപത്രികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനങ്ങൾ ഏതെല്ലാമാണ്;

(ബി) സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും മരുന്ന് കമ്പനികളുമായി ചേർന്ന് നടത്തുന്ന ചൂഷണങ്ങളും തട്ടിപ്പുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ നടപടികൾ വിശദീകരിക്കാമോ; സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും, ഇൻഷ്വറൻസ് കമ്പനികളുടെയും, മരുന്ന് കമ്പനികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ.

(സി) സ്വകാര്യ ആശുപത്രികളിലും ലാബ് സ്കാനിംഗ് സെന്റർ തുടങ്ങിയവയിലും ആരോഗ്യവകുപ്പ് എന്തെല്ലാം പരിശോധനകളാണ് നടത്താറുള്ളത്; കഴിഞ്ഞ വർഷം നടത്തിയ പരിശാധനയിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണത്തിനായി ഒരു പൊതുമാനദണ്ഡം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ ആശുപത്രികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനങ്ങൾ താഴെപ്പറയുന്നു :

- മരുന്ന വിതരണ ഫാർമസികളുടെ ലൈസൻസ് പുതുതായി എടുക്കുന്നതിനും ആയത് പുതുക്കുന്നതിനും (അഞ്ച് വർഷം കൂടുമ്പോൾ) -3000 രൂപ
- ബ്ലഡ് ബാങ്ക് ലൈസൻസ് പുതുതായി എടുക്കുന്നതിനും ആയത് പുതുക്കുന്നതിനും (അഞ്ച് വർഷം കൂടുമ്പോൾ)-7500 രൂപ
- ബ്ലഡ് സ്റ്റോറേജ് ലൈസൻസ് പുതുതായി എടുക്കുന്നതിനും ആയത് പുതുക്കുന്നതിനും (രണ്ട് വർഷം കൂടുമ്പോൾ)-1000 രൂപ
- ബ്ലഡ് ബാങ്ക്/സ്റ്റോറേജ് സെന്റർ/മരുന്ന് വിതരണ ഫാർമസി എന്നീ ലൈസൻസുകളിൽ പുതിയ സ്റ്റാഫിനെ ചേർക്കുന്നതിന്-1000 രൂപ
- ബ്ലഡ് ബാങ്ക് ലൈസൻസിൽ അധികമായി കമ്പോണന്റ് ചേർക്കുന്നതിന് -300 രൂപ
- നാർക്കോട്ടിക് മരുന്നുകളുടെ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്-1000 രൂപ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മരുന്ന് കമ്പനികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി കൊടുക്കുന്നു.*

സ്വകാര്യ ലബോറട്ടറികളുടെ ഫീസ് ഏകീകരണം

211 (1642) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ലബോറട്ടറികളുടെ ഫീസ് ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പല സ്വകാര്യ ലാബുകളും അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ലാബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എൻഫോഴ്സ്മെന്റ് ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.)ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം

212 (1643) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള അധികാര സ്ഥാപനം ഏതാണ്;

(ബി) ഇത്തരം ലാബുകളിലെ പരിശോധനയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ആവശ്യമായ ഇടപെടലുകൾ നടത്താനുള്ള അധികാരം ആർക്കാണ്; ഇത്തരം ഇടപെടലുകൾ നടത്തുന്നുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ആവശ്യമായ ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് സംവിധാനമുണ്ടോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ (രക്ത സാമ്പിൾ, സിറിഞ്ച് ഉൾപ്പെടെ) അപകടരഹിതമായി സംസ്കരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വഴികാട്ടി പദ്ധതി

213 (1644) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പും ദേശീയ നഗരാരോഗ്യദൗത്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന 'വഴികാട്ടി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേരള സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര കേന്ദ്രങ്ങളിലൂടെ ദൈനംദിനം കടന്നുപോകുന്നവർക്കും അതാത് നഗരപ്രദേശത്തെ സ്ഥിരതാമസക്കാരായ പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഓരോ ജില്ലയിലെയും തിരക്കേറിയ ബസ് സ്റ്റാന്റുകളിൽ ഒരു പ്രഥമ ശ്രുശ്രൂഷാ കേന്ദ്രം എന്ന നിലയ്ക്കാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. നഗരസഭ വിട്ടുതരുന്ന മുറിയിൽ സമീപത്തുള്ള അർബൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒരു ടീം ഈ കേന്ദ്രത്തിൽ സേവനത്തിനുണ്ടാവും. പ്രഥമ ശ്രുശ്രൂഷയ്ക്കപുറമേ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ശരീര ഭാരം തുടങ്ങിയവ നിർണ്ണയിക്കൽ, നെബുലൈസേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഈ കേന്ദ്രത്തിലുണ്ടാവും. നിലവിൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഇത്തരമൊരു സേവന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെയും പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കും.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ലഭിച്ച തുകയിൽ നിന്നും ഒരു കോടി ഇരുപത്തിയാറ് ലക്ഷം രൂപ ഉപയോഗപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്ത പ്രത്യേക പദ്ധതിയാണിത്. ഓരോ ജില്ലയ്ക്കും ഒൻപത് ലക്ഷം രൂപാ വീതം ഇതിനായി നൽകിയിട്ടുണ്ട്.

(സി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിലെ സംസ്ഥാന വിഹിതം ഈ പദ്ധതിക്കുവേണ്ടിയും ഉപയുക്തമാക്കുന്നുണ്ട്.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

214 (1645) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽമേൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹു. എം.പി. ഇന്നസെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 1.25 കോടി രൂപയ്ക്ക് മാമോഗ്രാം യൂണിറ്റ്, 5 ഡയാലിസിസ് മെഷീനുകൾ, ഐ.പി.ബ്ലോക്കിൽ ജനറേറ്റർ, അൾട്രാസൗണ്ട് സ്കാൻ എന്നിവ പ്രവർത്തനക്ഷമമാക്കി. 13th ഫിനാൻസ് കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് 30 ലക്ഷത്തിന് എക്സ്റെ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ട് 6.6 ലക്ഷം ഉപയോഗിച്ച് ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ഈ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതുകൂടാതെ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പെയിൻ &പാലിയേറ്റീവ്, ഫിസിയോതെറാപ്പി യൂണിറ്റ് (3 ലക്ഷം) എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി താലൂക്കാശുപത്രിയിൽ വേയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ തൃശ്ശൂർ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വ്യക്തമായ ശിപാർശ ആവശ്യപ്പെട്ടിരിക്കുകയാണ്.

ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ

215 (1646) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്; ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പിലാക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ എങ്ങനെയാണ് വിലയിരുത്തുന്നത്; ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളും മറ്റ് പ്രവർത്തന വിവരങ്ങളും നല്കുമോ?

ഉത്തരം

ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുമായി ലോകാരോഗ്യ സംഘടന 2014-15 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെടുകയും നിലവിലുള്ള പദ്ധതി വികസിപ്പിക്കുന്നതിന് വ്യവസ്ഥകൾ തയ്യാറാക്കുകയും ചെയ്തു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി വിശകലനം ചെയ്യുന്നതിനും പോരായ്മകൾ കണ്ടെത്തി പരിഹാര നടപടികൾ ഉപദേശിക്കുന്നതിനും ലോകാരോഗ്യ സംഘടന CMC Vellore-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സാമ്പത്തിക ബാദ്ധ്യതകൾ ഒന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല.

പാലക്കാട് ജില്ലയിൽ ആർദ്രം പദ്ധതി

216 (1647) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി.-കളെയാണ് രോഗീസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ആർദ്രം മിഷന്റെ ജില്ലാതല യോഗം എന്നാണ് നടന്നത്; അതിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം മിഷനിലൂടെ എന്തെല്ലാം പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 28-3-2017-ാം തീയതിയിലെ ജി.ഒ.(ആർ.ടി.) നമ്പർ 845/2017/എച്ച്.&എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽനിന്നും തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1 പ്രാഥമികാരോഗ്യ കേന്ദ്രം, ശ്രീകൃഷ്ണപുരം

2 പ്രാഥമികാരോഗ്യ കേന്ദ്രം, കൊല്ലങ്കോട്

3 പ്രാഥമികാരോഗ്യ കേന്ദ്രം, കുമരനല്ലൂർ

4 പ്രാഥമികാരോഗ്യ കേന്ദ്രം, കുമരംപുത്തൂർ

5 പ്രാഥമികാരോഗ്യ കേന്ദ്രം, വണ്ടാഴി

6 പ്രാഥമികാരോഗ്യ കേന്ദ്രം, മാത്തൂർ

7 പ്രാഥമികാരോഗ്യ കേന്ദ്രം, കല്ലടിക്കോട്

8 പ്രാഥമികാരോഗ്യ കേന്ദ്രം, കുത്തന്നൂർ

9 പ്രാഥമികാരോഗ്യ കേന്ദ്രം, അടയ്ക്കാപുത്തൂർ

10 പ്രാഥമികാരോഗ്യ കേന്ദ്രം, ഒഴലപ്പതി

11 പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പരിയാരം

12 പ്രാഥമികാരോഗ്യ കേന്ദ്രം, മങ്കര

13 പ്രാഥമികാരോഗ്യകേന്ദ്രം, കിഴക്കൻചേരി

14 പ്രാഥമികാരോഗ്യ കേന്ദ്രം, പുളർ-അട്ടപ്പാടി

15 പ്രാഥമികാരോഗ്യ കേന്ദ്രം, നെല്ലായ

16 പ്രാഥമികാരോഗ്യ കേന്ദ്രം, ഓങ്ങല്ലൂർ

ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രോഗീ സൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഈ പി.എച്ച്.സി.-കളിലേക്ക് ആവശ്യമായ ഡോക്ടർമാരുടേയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) ആർദ്രം മിഷന്റെ ജില്ലാതല (പാലക്കാട്) ഉദ്ഘാടനം 18-3-2017-ാം തീയതി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ബാപ്പുജി പാർക്കിൽ വച്ചു നടന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളും രോഗീ സൗഹാർദ്രപരമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും, മികച്ച രീതിയിൽ പ്രാഥമിക പ്രതിരോധ സേവനങ്ങൾ നൽകാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തണമെന്നും ആരോഗ്യ അവലോകന റിപ്പോർട്ട് എല്ലാ ഗ്രാമസഭകളിലും സമർപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സംബന്ധിയായ സാമൂഹ്യഘടകങ്ങളെ കോർത്തിണക്കിയ പ്രോജക്ടുകൾ രൂപപ്പെടുത്തുവാനും തീരുമാനിച്ചു.

(സി) ആർദ്രം മിഷന്റെ ഭാഗമായി 28-3-2017-ലെ സ.ഉ.(സാധാ) നമ്പർ 845/17/ആ.കു.വ. പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും, ജില്ലയിൽ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതായിരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്കുതല ആശുപത്രികളിലേക്ക് അധികമായി വേണ്ടിവരുന്ന ആശുപത്രി ഉപകരണങ്ങൾക്ക് 2016-17 സാമ്പത്തിക ബജറ്റിൽ 23 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതം 45 കോടി രൂപയും ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. അതുപോലെ കാത്ത് ലാബുകൾ ഇല്ലാത്ത ജില്ലാ ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് 12 കോടി രൂപയും ഡയാലിസിസ് യൂണിറ്റുകൾ ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനായി പത്ത് കോടി എൺപത് ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിഹിതം ജില്ലയ്ക്ക് ലഭിക്കുന്നതിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഈ മിഷൻ പദ്ധതിയ്ക്കായി പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു.

ആയുർവേദ സർവ്വകലാശാല

217 (1648) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആണോ ;

(സി) ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ; ഇതിൽ സംസ്ഥാന സർക്കാർ എത്ര രൂപയാണ് വഹിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവ്വകലാശാല കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കണ്ണൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്. ഇത് കേന്ദ്ര പദ്ധതി അല്ല. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുകയും, കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് എല്ലാവിധ സഹായങ്ങളും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിന് നോഡൽ ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ തീരുമാനിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി ഇൻസ്റ്റിറ്റ്യൂട്ടിനായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

തൃശ്ശൂർ മുല്ലശ്ശേരി സി.എച്ച്.സി.അപ്ഗ്രഡേഷൻ

218 (1649) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിന് കീഴിലെ നാല് പഞ്ചായത്തുകളിലെയും സമീപ പഞ്ചായത്തുകളിലെയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഏക ആശ്രയമായ മുല്ലശ്ശേരി സി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്യുന്നതിനും സ്പെഷ്യാലിറ്റി സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ആരോഗ്യ വകുപ്പിലെ ജില്ല/ബ്ലോക്ക്/താലൂക്ക്/പഞ്ചായത്തുതല ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചും, തെരഞ്ഞെടുക്കേണ്ട സ്ഥാപനങ്ങളും, ടി സ്ഥാപനങ്ങളിൽ അധികമായി സൃഷ്ടിക്കേണ്ട തസ്തികകളുടെ പ്രൊപ്പോസലും, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയ സ്റ്റാന്റഡൈസേഷൻ ലിസ്റ്റിൽ മുല്ലശ്ശേരി സി.എച്ച്.സി.യും ഉൾപ്പെട്ടിട്ടുണ്ട്.

ആയുർവേദ ആശുപത്രികൾ

219 (1650) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസുഖങ്ങൾ ഭേദമാകുന്നതിന് വിവിധതരത്തിലുള്ള ആയുർവേദ ചികിത്സ വളരെ ഫലപ്രദമാണെന്നതിനാൽ കേരളത്തിൽ ആകമാനം ആയുർവേദ ചികിത്സാ രീതി പ്രചരിപ്പിയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഓരോ നിയോജക മണ്ഡലത്തിന്റെയും പ്രത്യേകത അനുസരിച്ച് കിടത്തിച്ചികിത്സിയ്ക്കുന്നതരത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാനസിക, യോഗ തുടങ്ങിയ വിഭാഗങ്ങളും ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള യൂണിറ്റും വയോജനങ്ങൾക്കായുള്ള ജീറിയാടിക് പ്രോജക്ടും കരൾരോഗ നിവാരണത്തിനായുള്ള പ്രോജക്ടുകളും പഞ്ചകർമ്മ യൂണിറ്റുകളും സ്ത്രീകൾക്കായുള്ള പ്രസൂതി, കുട്ടികൾക്കായുള്ള കൗമാരഭൃത്യം എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്കൂൾ ഹെൽത്ത് പ്രോഗ്രാം, അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കായി ക്ഷേമ ജനനി പ്രോജക്ട്, വയനാട് ജില്ലയിൽ സിക്കിൾ സെൽ അനീമിയ യൂണിറ്റ്, പക്ഷാഘാതം, പ്രമേഹം, പൈൽസ് തുടങ്ങിയവയ്ക്കായി പ്രത്യേക പ്രോജക്ടുകളും, കായിക താരങ്ങൾക്കായി സ്പോർട്സ് യൂണിറ്റും വയോജനങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന വയോഅമൃതം പ്രോജക്ട്, ജീറിയാട്രിക് യൂണിറ്റ് എന്നിവയും പകർച്ചവ്യാധി പ്രതിരോധിക്കാനും ആയുർവേദം ഒരു ജീവിതചര്യയായി മാറ്റുന്നതിനും ഉതകുന്ന തരത്തിലുള്ള ലഘുലേഖകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ ഇവയും ആയുർവേദ ചികിത്സാ രീതി പ്രചരിപ്പിയ്ക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസൽ ലഭ്യമാക്കിയാൽ കിടത്തി ചികിത്സിക്കുന്നതരത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

പ്രൈവറ്റ് ആശുപത്രികളിലെ ചൂഷണം

220 (1651) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ ഒരേ അസുഖത്തിന് ചികിത്സതേടിയെത്തുന്ന രോഗികളിൽ നിന്നും ചികിത്സയ്ക്കും ആശുപത്രി മുറിയ്ക്കും മരുന്നിനും ടെസ്റ്റുകൾക്കും എല്ലാം ആളുകളുടെ നിലവാരം നോക്കി പലതരത്തിലുള്ള തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ചൂഷണത്തെ തടയാനും ഇതിനെതിരെ നിയമാനുസരണം നടപടി സ്വീകരിയ്ക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ ചൂഷണത്തെ തടയാൻ പുതിയ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ;

(സി) പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാർക്ക് അമിതനിരക്കിൽ ശമ്പളം നൽകുന്നതിനാണ് പലതരത്തിലും രോഗികളെ ചൂഷണം ചെയ്യുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാരുടെ ശമ്പളത്തെ നിജപ്പെടുത്താൻ സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇക്കാര്യങ്ങൾ വിലയിരുത്തി നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ-ഇ) സംസ്ഥാനത്ത് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ആരോഗ്യ വകുപ്പിൽ നിലവിൽ സംവിധാനമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&ലൈ.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിവെള്ള വിതരണത്തിനുള്ള മാനദണ്ഡങ്ങൾ

221 (1652) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള വിതരണത്തിന് ഭക്ഷ്യ സുരക്ഷാ വിഭാഗം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (എഫ്. ബി. ഒ.) ലൈസൻസ് നിർബന്ധമാണോ;

(സി) കുടിവെള്ള കച്ചവടം നടത്തുന്ന ടാങ്കുകൾ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ ;

(ഡി) ശ്രുക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ ശുദ്ധമായ കുടിവെള്ള വിതരണത്തിന് അനുയോജ്യമായ പരിശോധനകൾ ശക്തമാക്കുമോ?

ഉത്തരം

(എ) 1. ടാങ്കർ ലോറികളിലും, വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ FBO ലൈസൻസ് എടുത്തിരിക്കണം.

2. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം എടുത്തിരിക്കണം. സ്വന്തമായി വാഹനമി ല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.

3. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും 'Drinking water/ കുടിവെള്ളം' എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ 'Not for drinking purpose/ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടു പോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രെഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.

7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കുകളിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (എഫ്.ബി.ഒ.)ലൈസൻസ് നിർബന്ധമാണ്.

(സി) പരിശോധന നടത്താറുണ്ട്.

(ഡി) പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

222 (1653) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഒഴിവുകൾ നികത്താത്തത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 116 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	17
2	കൊല്ലം	12
3	പത്തനംതിട്ട	19
4	ആലപ്പുഴ	15
5	കോട്ടയം	5
6	ഇടുക്കി	23
7	എറണാകുളം	2
8	തൃശ്ശൂർ	11
9	പാലക്കാട്	6
10	കോഴിക്കോട്	1
11	മലപ്പുറം	1
12	വയനാട്	2
13	കണ്ണൂർ	1
14	കാസർഗോഡ്	1

(ബി) നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അധിക ചുമതല നൽകി വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാറുണ്ട്.

(സി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി കോടതി വിധി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യനയം

223 (1654) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ആരോഗ്യനയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) രോഗികളുടെ പരാതികൾ പരിഹരിക്കാൻ ടൈബ്യൂണൽ രൂപീകരിക്കുന്ന കാര്യവും, ചികിത്സക്കും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്ന കാര്യവും പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാരിന്റെ പുതിയ ആരോഗ്യനയ രൂപീകരണം അവസാനഘട്ടത്തിലാണ്.

(സി) രോഗികളുടെ പരാതികൾ പരിഹരിക്കാൻ ഓംബുഡ്സ്മാൻ രൂപീകരിക്കുന്ന കാര്യവും ചികിത്സയ്ക്കും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്ന കാര്യവും നയത്തിൽ ഉൾക്കൊള്ളിക്കുന്നുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ

224 (1655) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലബോറട്ടറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന ലാബുകൾ സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ താഴെപ്പറയുന്ന സർക്കാർ ആശുപത്രികളിൽ ലാബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്.

1. താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം
2. സാമൂഹിക ആരോഗ്യകേന്ദ്രം, അമ്പലപ്പാറ
3. സാമൂഹിക ആരോഗ്യകേന്ദ്രം, കടമ്പഴിപ്പുറം
4. സാമൂഹിക ആരോഗ്യകേന്ദ്രം, ചെറുപ്പളശ്ശേരി
5. പ്രാഥമിക ആരോഗ്യകേന്ദ്രം, എലമ്പുലാശ്ശേരി
6. പ്രാഥമിക ആരോഗ്യകേന്ദ്രം, ലക്കിടി
7. പ്രാഥമിക ആരോഗ്യകേന്ദ്രം, പേരൂർ
8. പ്രാഥമിക ആരോഗ്യകേന്ദ്രം, ശ്രീകൃഷ്ണപുരം
9. പ്രാഥമിക ആരോഗ്യകേന്ദ്രം, അടക്കാപുത്തൂർ

(ബി) ലബോറട്ടറി സൗകര്യമില്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ആരംഭിക്കുന്നതിനുള്ള നടപടികൾ ദേശീയ ആരോഗ്യമിഷൻ/ എച്ച്.എം.സി മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി ഘട്ടം ഘട്ടമായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 170 പി.എച്ച്.സികളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പി.എച്ച്.സി.-കളിൽ ലാബോറട്ടറി ആരംഭിക്കുന്ന കാര്യവും ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലാണ്.

(സി) ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിച്ച 33 ലാബുകളിൽ 20 എണ്ണം പ്രവർത്തനയോഗ്യമാണ്. അതിൽ 15 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഫാർമസി കൗണ്ടറിന്റെ പ്രവർത്തനം

225 (1656) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ കുറവുമൂലം കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫാർമസി കൗണ്ടർ പ്രവർത്തിക്കുന്നത് പകൽ മാത്രമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഫാർമസി കൗണ്ടർ രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ മാത്രം പ്രവർത്തിക്കുന്നതിനാൽ രാത്രിയിൽ ആശുപത്രിയിലെത്തുന്ന കിടത്തി ചികിത്സയ്ക്ക് വിധേയമായവർ അടക്കമുള്ള രോഗികൾ മരുന്നിനായി സ്വകാര്യ ഫാർമസികളെ ആശ്രയിക്കുന്നതും എന്നാൽ രാത്രി പത്ത് മണിക്ക് ശേഷം നഗരത്തിലെ സ്വകാര്യ ഫാർമസികൾ തുറക്കാറില്ല എന്ന പ്രശ്നവും പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇടപെടൽ ഉണ്ടാകുമോ;

(സി) കാലാവധി കഴിഞ്ഞു പോയ താൽക്കാലിക ജീവനക്കാരുടെ സേവനം നീട്ടിക്കൊടുക്കാനോ,പകരം നിയമനം നടത്താനോ നടപടി സ്വീകരിക്കാത്തതു കൊണ്ടാണ് ഫാർമസിയുടെ പ്രവർത്തനം കൂടുതൽ അവതാളത്തിലായതെന്നത് ശരിയാണോ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഫാർമസി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(സി) ശരിയല്ല. 24 മണിക്കൂർ ഫാർമസി പ്രവർത്തിക്കുന്നതിനുവേണ്ടി നാല് ജീവനക്കാരെ 179 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവരുടെ കാലാവധി തീരുന്നതിനനുസരിച്ച് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം

226 (T* 1657) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിയിലാക്കിയ കുടിവെള്ളം ഗുണനിലവാരം ഇല്ലാത്തതാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുപ്പിയിലും ടാങ്കർ ലോറികളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) മലിന ജലം വിതരണം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഇല്ല.

(ബി) കുപ്പിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തി വരുന്നു. കൂടാതെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (BIS)-ഉം കുപ്പിവെള്ള നിർമ്മാണ അനുമതി നൽകുന്നതോടൊപ്പം പരിശോധന നടത്തുകയും നിശ്ചിത നിലവാരം പുലർത്താത്ത കമ്പനികളുടെ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന് അനന്തര നടപടികൾക്കായി ലഭ്യമാക്കാറുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദശങ്ങൾ താഴെ ചേർക്കുന്നു :

1. ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (FBO) ലൈസൻസ് എടുത്തിരിക്കണം.

2. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം എടുത്തിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.

3. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും 'Drining Water/ കുടിവെള്ളം' എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ 'Not for drinking purpose/നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനം എഴുതാതെ കൊണ്ടുപോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസുണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ കുടിവെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രെഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.

7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കുകളിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ള വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ

227 (1658) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും ഏതെല്ലാം തസ്തികകൾ ആണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ എന്ന് മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നടപടി ആരംഭിച്ചിട്ടുണ്ട്. മറ്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിലെ കാരുണ്യ ഫാർമസികൾ

228 (1659) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ, നിലവിൽ ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാത്രമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 10 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ഇംപ്ലാന്റ്, കേരള ജനറിക്സ് എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്രമ നമ്പർ	ജില്ല	ഫാർമസി ആരംഭിക്കുന്ന സ്ഥലം
1	പാലക്കാട്	മണ്ണാർക്കാട് താലൂക്ക് ആശുപത്രി
2	കൊല്ലം	പാരിപ്പള്ളി മെഡിക്കൽ കോളേജ്
3	കൊല്ലം	രാമരാവു മെമ്മോറിയൽ ആശുപത്രി, നെടുംങ്കോലം
4	കണ്ണൂർ	താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്
5	കണ്ണൂർ	പാനൂർ സാമൂഹികാരോഗ്യകേന്ദ്രം
6	വയനാട്	കൽപ്പറ്റ ജനറലാശുപത്രി
7	കോട്ടയം	വൈക്കം താലൂക്കാശുപത്രി
8	കോഴിക്കോട്	താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
9	പത്തനംതിട്ട	പത്തനംതിട്ട ജനറലാശുപത്രി
10	തൃശ്ശൂർ	തൃശ്ശൂർ ജനറലാശുപത്രി

കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക

229 (1660) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എ 2/52/16 എന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഫയലിന്മേൽ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ട് ;

(സി) പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിലെ എ, എം എന്നീ സെക്ഷനുകൾ തമ്മിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

(ബി) നടപടി സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ബാധകമല്ല.

ബാലുശ്ശേരി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

230 (1661) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിയമാനുസരണം ഉണ്ടായിരിക്കേണ്ട സ്റ്റാഫ് പാറ്റേൺ ആണോ ഇപ്പോൾ നിലവിലുള്ളത് ;

(ബി) ഇവിടെ ആവശ്യമായ മെഡിക്കൽ-പാരാമെഡിക്കൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അല്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ആർദ്രം മാനദണ്ഡപ്രകാരം അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ

231 (1662) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിൽ പ്രവർത്തിച്ച് വിരമിച്ച അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിൽ പ്രവർത്തിച്ച് വിരമിച്ച അംഗൻവാടി വർക്കറുടെ പ്രതിമാസ പെൻഷൻ 1,000 രൂപയായും ഹെൽപ്പർക്ക് 600 രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് 2016 ഏപ്രിൽ 1 മുതൽ പ്രാബല്യമാകത്തക്ക വിധത്തിൽ 22-4-2017 ലെ സ.ഉ.(എംഎസ്)നമ്പർ 15/2017/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര

232 (1663) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് വന്ന് പോകുന്ന പാവപ്പെട്ട രോഗികൾക്കും കൂടെവരുന്ന ഒരാൾക്കും ബസ്സ്/ട്രെയിനുകളിൽ സൗജന്യ യാത്ര അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ക്യാൻസർ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്കും കൂടെ സഹായി ആയി എത്തുന്ന ഒരാൾക്കും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്ക് വന്ന് പോകുന്നതിന്, ബസ്സിലും ട്രെയിനിലും യാത്രാ ആനുകൂല്യം നൽകുവാൻ ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആർ.സി.സി.-യിലെ ക്യാൻസർ രോഗികൾക്ക് റെയിൽവേ സൗജന്യ നിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്. രോഗിയുടെ തൊട്ടടുത്ത റെയിൽവേ സ്റ്റേഷനിൽ നിന്ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെയും തിരികെയുള്ള യാത്രയ്ക്കുമാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്. ഇതിനായി ഓരോ തവണത്തെ ആശുപത്രി സന്ദർശനത്തിനും രോഗിക്ക് ആർ.സി.സി.-യിൽ നിന്നും കൺസെഷൻ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് റെയിൽവേ സ്റ്റേഷനിലെ ടിക്കറ്റ് കൗണ്ടറിൽ കാണിച്ചാൽ രോഗിക്ക് സൗജന്യ നിരക്കിലും ഒരു സഹായിക്ക് 50% സൗജന്യ നിരക്കിലും കൺസെഷൻ ടിക്കറ്റ് ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യിൽ ഇത്തരത്തിലുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല.

കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി

233 (1664) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും ഒരു കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 28-3-2017-ലെ സ.ഉ.(ആർ.ടി.)845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ ഓരോ മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ വീതം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) സാർവ്വത്രികവും സൗജന്യവും സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ

ഓരോ കുടുംബത്തിനും നൽകുവാനും, അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബ ആരോഗ്യകേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും, സാധാരണ ചികിത്സ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് തടയുവാനും കഴിയുന്നു. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെ) ഓരോ കേന്ദ്രത്തിലും സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫുകൾക്ക് പുറമേ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പയ്യന്നൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

234 (1665) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) പ്രസ്തുത യൂണിറ്റ് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്ന് ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാവുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പള്ളുരുത്തി സർക്കാർ ആശുപത്രി

235 (1666) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ്;

(ബി) താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനുള്ള സ്റ്റാഫ് പാറ്റേൺ ഇവിടെ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ആവശ്യത്തിന് ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം

ലഭ്യമല്ലാത്തതിനാൽ ദിനംപ്രതി എത്തിച്ചേരുന്ന സാധാരണക്കാരായ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കാമോ?

ഉത്തരം

(എ) 12-2-2014 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്)48/14/ആ.കു.വ. പ്രകാരമാണ് പള്ളുരുത്തി സർക്കാർ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയത്.

(ബി) പദവി ഉയർത്തി അധികമായി 9 തസ്തിക സൃഷ്ടിച്ചു. ടി ആശുപത്രിയിൽ സി.എച്ച്.സി പാറ്റേൺ ആണ് നിലവിലുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റൈഡെസേഷൻ പ്രൊപ്പോസലിൽ പള്ളുരുത്തി താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

സമ്പൂർണ്ണ ടോമാ കെയർ സംവിധാനം

236 (1667) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ ടോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുവേണ്ട എന്ത് സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) അടിയന്തര ശുശ്രൂഷകൾക്ക് എത്തുന്നവർക്ക് സർക്കാർ ആശുപത്രിയെ കൂടാതെ സ്വകാര്യ ആശുപത്രികളിലും ജീവൻ രക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) ടോമാ കെയർ സംവിധാനം ഏർപ്പെടുത്തുമ്പോൾ അടിസ്ഥാന സൗകര്യവിപുലീകരണത്തോടൊപ്പം ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) ഏതെല്ലാം ആശുപത്രികളിലാണ് ടോമാ കെയർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(എഫ്) കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിൽ ആദ്യഘട്ടത്തിൽ തന്നെ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ പ്രാരംഭ നടപടിയായി എയിംസിൽ നിന്നുള്ള എമർജൻസി വിഭാഗം മേധാവി ഉൾപ്പെടെയുള്ള വിദഗ്ധ സംഘം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി സന്ദർശിക്കുകയും, ഇതിൻപ്രകാരം സംസ്ഥാന സർക്കാർ എയിംസ് ട്രോമാ സെന്ററുമായി MOU ഒപ്പു വയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആശുപത്രികളിൽ നിന്നും ഒരു ട്രോമാ കെയർ നോഡൽ ഓഫീസറും രണ്ട് ഹെഡ് നഴ്സുമാരുമടങ്ങുന്ന ഒരു സംഘത്തെ എയിംസ് ട്രോമാ കെയർ സംവിധാനങ്ങൾ നിരീക്ഷിച്ചു മനസ്സിലാക്കാനും പരിശീലനം നേടുന്നതിനുമായി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ല താലൂക്ക് ആശുപത്രികളിലും ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) എയിംസ് മാതൃകയിലുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ആശുപത്രികളെ നാല് ലെവലുകളിലുള്ള സ്ഥാപനങ്ങളായി തരം തിരിക്കാം.

ലെവൽ 1- വലിയ മെഡിക്കൽ കോളേജുകൾ (കോഴിക്കോട്, തിരുവനന്തപുരം)

ലെവൽ 2- ജില്ലാ ആശുപത്രികൾ, ചെറിയ മെഡിക്കൽ കോളേജുകൾ (ആലപ്പുഴ, കോട്ടയം, തൃശ്ശൂർ)

ലെവൽ 3- താലൂക്ക് ആശുപത്രികൾ (ചെറിയ ആശുപത്രികൾ)

ലെവൽ 4 - ആംബുലൻസ് പിക് അപ്

സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തുക അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കുന്ന മുറയ്ക്ക് KMSCL-ന് ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനും മറ്റു സൗകര്യങ്ങൾ ആശുപത്രിയിൽ ഏർപ്പെടുത്തുന്നതിലേയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസുകൾക്കും തുക അനുവദിക്കുന്നു.

(സി) സർക്കാർ ആശുപത്രികളിൽ അടിയന്തര ശുശ്രൂഷകൾക്ക് എത്തുന്നവർക്ക് ജീവൻരക്ഷാ സംവിധാനങ്ങൾ ലഭ്യമാണ്. സ്വകാര്യ ആശുപത്രികളിൽ ജീവൻരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാർ പരിധിയിൽ വരുന്നതല്ല.

(ഡി) സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഒരു ട്രോമാ കെയർ നോഡൽ ഓഫീസറും രണ്ട് ഹെഡ് നഴ്സുമാരുമടങ്ങുന്ന ഒരു സംഘത്തെ എയിംസ് ട്രോമ സംവിധാനം നിരീക്ഷിച്ചു മനസ്സിലാക്കാനും പരിശീലനം നേടുന്നതിനുമായി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ട്രോമാ കെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുന്നത് KMSCL മുഖേനയാണ്. KMSCL ടി ഉപകരണങ്ങൾ ഗുണനിലവാരം ഉണ്ടോ എന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണ് ആശുപത്രികളിൽ വിതരണം ചെയ്യുന്നത്.

(ഇ) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജനറൽ/ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുമാണ് പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(എഫ്) കേരളത്തിലെ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിലെ മേജർ ആശുപത്രികളിൽ ആദ്യഘട്ടത്തിൽ തന്നെ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി

237 (1668) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചപ്പനി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പനി ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര പേർ എച്ച്.വൺ-എൻ.വൺ. പനി ബാധിച്ച് ചികിത്സ തേടിയിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിനും മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും ഇതര വകുപ്പുകളെയും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. രോഗ നിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ച

വ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടു പിടിക്കാനും നിയന്ത്രിക്കാനും ഒരു പരിധി വരെ സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുകുനശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീട്ടിനുള്ളിൽ കീടനാശിനി തളിക്കുക(ഐ.എസ്.എസ്) വീട്ടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക. (ഫോഗിംഗ്) ജലശുദ്ധി ഉറപ്പു വരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ജനുവരി 1, 2017 മുതൽ 29-4-2017 വരെ 78162 പേർ ചികിത്സ തേടിയിട്ടുണ്ട്.

(സി) 2017 ജനുവരി 1 മുതൽ 29-4-2017 വരെ എച്ച്1 എൻ1 സ്ഥിരീകരിച്ച 30 പേർ ചികിത്സ തേടിയിട്ടുണ്ട്. ഈ പനി ബാധിച്ചത് എവിടെയെല്ലാമെന്ന് ചുവടെ ചേർക്കുന്നു :

1. ആറാമട
2. കുമാരപുരം
3. അരുവിക്കര
4. ഡാലുംമുഖം
5. കൊച്ചുള്ളൂർ
6. വെമ്പായം
7. വർക്കല

8. തിരുമല
9. കടയ്ക്കാവൂർ
10. പൂവാർ
11. വിളപ്പിൽശാല
12. ചാല
13. മുരുക്കുംപുഴ
14. മരായമുട്ടം
15. വെഞ്ഞാറമൂട്
16. ഊരുട്ടമ്പലം
17. മണക്കാട്
18. നെല്ലിവിള
19. പനയ്ക്കാവിൽ റോഡ്, പാലച്ചിറ, തിരുവനന്തപുരം
20. പൂഴനാട്
21. കല്ലമ്പലം
22. വെള്ളായണി
23. കടവൂർ
24. മുങ്കോട്ടുകോണം
25. എം.ഇ.എസ്. ക്വാർട്ടേഴ്സ്, പുലയനാർകോട്ട
26. ശാസ്തമംഗലം
27. ആറ്റിങ്ങൽ

അന്തർ ജില്ലാ സ്ഥലം മാറ്റം

238 (1669) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യത്ര സേവനകാലാവധി പൂർത്തീകരിച്ചതിനുശേഷം മാതൃവകുപ്പിലേക്ക് മടങ്ങിവന്ന ക്ലറിക്കൽ വിഭാഗത്തിൽപ്പെട്ട ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ജില്ലാതല നിയമനകാലാവധി പൂർത്തീകരിക്കാതെ അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ലഭ്യമാക്കാമോ ;

(ബി) 2017-ലെ പൊതുസ്ഥലംമാറ്റം വിജ്ഞാപനം ചെയ്തതിനുശേഷം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഏതെങ്കിലും തസ്തികയിൽ സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിന്നും നിയമനങ്ങൾ നൽകിയിട്ടില്ല.

(ബി) ഇല്ല.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

239 (1670) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനവും ഘടനയും വ്യക്തമാക്കാമോ;

(ബി) കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, പുലയനാർകോട്ട, പാങ്ങപ്പാറ, വക്കം എന്നീ ആശുപത്രികളിൽ ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 8-4-1997-ലെ സ.ഉ.(എംഎസ്.) 132/97/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്.

(ബി) പരിശോധിക്കാറുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ്, പാങ്ങപ്പാറ ഹെൽത്ത് സെന്റർ, വക്കം റൂറൽ ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഡി.എം.ഇ.-യുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഓഡിറ്റ് വകുപ്പ് 2015-ൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടിനുള്ള മറുപടി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ആഡിറ്റ് വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. പുലയനാർക്കോട്ട ആശുപത്രിയിൽ ഓഡിറ്റ് വകുപ്പ് നാളിതുവരെയും ആഡിറ്റ് നടത്തിയിട്ടില്ല.

കുടുംബാരോഗ്യ കേന്ദ്രം

240 (1671) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രമായി നവീകരിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് പുതുതായി ലഭിക്കുന്നത്;

(ബി) കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഘടന എന്താണ്;

(സി) കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ നടപടികൾ ഏത് ഘട്ടം വരെ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. സാർവ്വത്രികവും, സൗജന്യവും, സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനാണ് പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. നല്ല അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ മാത്രമേ പി.എച്ച്.സി.കളിൽ ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ഈ സെന്ററുകളിലെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രം എന്ന തലത്തിലേക്ക് കൊണ്ടു വരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും സാധാരണ ചികിത്സാ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് തടയുവാനുമാകുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സംവിധാനങ്ങൾ ഉൾപ്പെടെ) ഓരോ കേന്ദ്രത്തിലും സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫുകൾക്ക് പുറമേ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടേയും ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് 23 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും 2017-18-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആകെ 680 (170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻ) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളുടെ 'ഗ്യാപ്പ് അനാലിസിസ് നടത്തി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി എൻ.എച്ച്.എം. വഴി 14 ജില്ലകളിലും നടത്തി വരികയാണ്.

അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക

241 (1672) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ;

(ബി) ഈ ഒഴിവ് നികത്തുന്നതിന് നിലവിൽ ഏത് സർക്കാർ ഉത്തരവാണ് ബാധകമായിട്ടുള്ളത്; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഡെങ്കിപ്പനി ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 3 വർഷമായി ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് നിലവിൽ ജി.ഒ.(എംഎസ്) നമ്പർ 27/2017/ആ.കു.വ. തീയതി 18-2-2017 എന്ന ഉത്തരവാണ് ബാധകമായിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മഞ്ഞപ്പിത്തം തടയുന്നതിന് നടപടി

242 (1673) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുകയും 5 പേർ മരണപ്പെടുകയും ചെയ്തിരുന്നു. ഇവിടെ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം പൊട്ടിപ്പുറപ്പെട്ട വിവരം അറിഞ്ഞ അന്നുതന്നെ ജില്ലാ മെഡിക്കൽ ആഫീസിൽ അടിയന്തര യോഗം കൂടി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് നിർദ്ദേശം നൽകി. രോഗലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തുന്നതിനായി വീട് വീടാന്തരം കയറുകയും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കണമെന്നും ഭക്ഷണത്തിന് മുൻപും കക്കൂസിൽ പോയതിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് നല്ലതുപോലെ കഴുകണമെന്നുമുള്ള നിർദ്ദേശങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഹോട്ടലുകൾ, ക്ലബ്ബാറുകൾ, മറ്റ് ഭക്ഷണശാലകൾ എന്നിവ പരിശോധിച്ച് പബ്ലിക്ക് ഹെൽത്ത് ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചു. ടി പഞ്ചായത്തിലെ എല്ലാ കിണറുകളും ആരോഗ്യപ്രവർത്തകരുടെയും ആശ, അംഗൻവാടി പ്രവർത്തകരുടെയും സഹായത്തോടെ ക്ലോറിനേഷൻ 3 തവണകളിലായി ചെയ്തു. പഞ്ചായത്ത് പ്രദേശത്ത് നാല് റൗണ്ട് മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം എന്നിവ നടത്തി. പ്രദേശത്തെ എല്ലാ സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ആയുർവേദ/ഹോമിയോ ആശുപത്രികൾ എന്നിവർക്ക് മഞ്ഞപ്പിത്തം കേസുകൾ വന്നാൽ ഉടനെ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകി. ജലജന്യ രോഗങ്ങളെ സംബന്ധിച്ച് പ്രധാന പത്രങ്ങളിൽ ജാഗ്രത നിർദ്ദേശം നൽകി.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പ്രദേശത്തേയ്ക്ക് ഒരു മെഡിക്കൽ ആഫീസർ, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു സ്റ്റാഫ് നഴ്സ്, 38 ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാർ, എന്നിവരെ താൽക്കാലികമായി നിയമിച്ചു. ഈ പ്രദേശങ്ങളിൽ മഞ്ഞപ്പിത്തബാധ കണ്ടെത്തുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴ ജനറൽ ആശുപത്രി, പെരുമ്പാവൂർ, കോതമംഗലം താലൂക്ക്

ആശുപത്രികളിൽ മഞ്ഞപ്പിത്ത ക്ലിനിക്കുകൾ ആരംഭിച്ച് 401 പേരുടെ രക്തം പരിശോധിച്ച് 22 പേർക്ക് ആവശ്യമായ ചികിത്സ നൽകി. ആരോഗ്യ വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിക്കുകയും മന്ത്രിയുടെ നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് ആശുപത്രി, മാവാറ്റുപുഴ ജനറൽ ആശുപത്രി, എന്നിവിടങ്ങളിൽ 24 മണിക്കൂർ ലാബ് സൗകര്യം, കോതമംഗലം താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സെൽ, മൂവാറ്റുപുഴ ആർ.ഡി.ഒ., ഭക്ഷ്യസുരക്ഷാ ആഫീസർ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടെ ഒരു സ്ക്വാഡ് രൂപീകരിച്ച് ഹോട്ടലുകൾ പരിശോധിക്കുകയും 16 ഹോട്ടലുകൾ അടച്ചുപൂട്ടുകയും ചെയ്തു. ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഒൻപതംഗ പ്രത്യേക സംഘം പകർച്ചവ്യാധി സംബന്ധിച്ച് വിശദമായി പഠനം നടത്താൻ ജില്ല സന്ദർശിക്കുകയും ചെയ്തു. ജില്ലാ മെഡിക്കൽ ആഫീസറുടെ അഭ്യർത്ഥന പ്രകാരം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മറ്റൊരു വിദഗ്ധ ടീം വന്ന് അന്വേഷണം നടത്തുകയും ചെയ്തു. രണ്ടാം ഘട്ട സൂപ്പർ ക്ലോറിനേഷൻ/ ബോധവൽക്കരണത്തിന്റെ ഭാഗമായി നോട്ടീസ് വിതരണം, പോസ്റ്റർ പതിക്കൽ, ബാനർ, ബോർഡ് എന്നിവ സ്ഥാപിക്കലും നടത്തി. പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടത് മുതൽ വിവിധ ഘട്ടങ്ങളിൽ നെല്ലിക്കുഴി പഞ്ചായത്ത് ഭരണസമിതി, ജില്ലാ കളക്ടർ, എം.എൽ.എ., ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്) എന്നിവർ ജില്ലയിൽ ചെന്ന് സ്ഥിതിഗതികളെ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. ജില്ലാ മെഡിക്കൽ ആഫീസറും, ജില്ലാ ആശുപത്രിയിലെ മുതിർന്ന ഉദ്യോഗസ്ഥർ എല്ലാവരും തന്നെ പ്രദേശത്തുതന്നെ ഉണ്ടായിരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നേരിട്ട് മേൽനോട്ടം വഹിക്കുകയും ചെയ്തു.

ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം.-ൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുകയും എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും സജീവ പങ്കാളിയാകുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ആരോഗ്യ വകുപ്പിന്റെ പ്രാദേശിക, ജില്ലാ, സംസ്ഥാന ഘടകങ്ങൾ അതീവ ജാഗ്രതയോടെ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി പകർച്ചവ്യാധികൾ കൂടുതൽ ആളുകളിലേയ്ക്കും, കൂടുതൽ പഞ്ചായത്തുകളിലേയ്ക്കും വ്യാപിച്ച് കൂടുതൽ ഔട്ട്ബ്രേക്ക് ഉണ്ടാകുന്നത് തടയുവാൻ സാധിച്ചു.

(ബി) പ്രസ്തുത പ്രദേശത്ത് തുടർന്നും ജലജന്യരോഗങ്ങൾ വരാതിരിക്കുന്നതിനുള്ള നിയന്ത്രണ പരിപാടികൾ സ്ഥലം മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ചിട്ടയായി നടത്തി വരുന്നു.

പ്ലാസ്റ്റിക് കണ്ടെയ്നറുകളിലെ കുടിവെള്ളം

243 (T* 1674) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീഷ്ണമായ വെയിലും ചൂടുമുള്ളപ്പോൾ, കുടിവെള്ള വിതരണ കമ്പനികൾ പ്ലാസ്റ്റിക് കണ്ടെനറുകളിൽ കുടിവെള്ളം തുറന്ന വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. സജീവ് ഭാസ്കർ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തീഷ്ണമായ വെയിലും ചൂടുമുള്ളപ്പോൾ പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ നിന്ന് ഏതെങ്കിലും രാസവസ്തുക്കൾ മൈഗ്രേഷൻ വഴി കുടിവെള്ളത്തിൽ എത്തുന്നുണ്ടോ എന്നറിയാൻ സമഗ്രമായ പഠനങ്ങൾ ഒന്നും തന്നെ ഭക്ഷ്യസുരക്ഷാ അതോറിറ്റി നടത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ടി വിഷയത്തിൽ ആധികാരമായ ഉപദേശം നൽകുന്നതിന് ഇത് സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് (ഐ.ഐ.പി.), ബോംബെ എന്ന സ്ഥാപനത്തിന്റെ ഉപദേശം തേടിയിട്ടുണ്ട്. ഉപദേശം ലഭിച്ച ശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മരുന്നുകളുടെ പ്രിസ്ക്രിപ്ഷൻ അറിയാനുള്ള രോഗിയുടെ അവകാശം

244 (1675) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് നൽകാൻ നിർണ്ണയിക്കപ്പെടുന്ന മരുന്നുകളുടെ പ്രിസ്ക്രിപ്ഷൻ നൽകാതെ, നേരിട്ട് മരുന്നുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇതുമൂലം ഏതെല്ലാം മരുന്നുകളാണ് കഴിക്കുന്നതെന്ന് അറിയാനുള്ള രോഗിയുടെ അവകാശം ഹനിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ ആരോഗ്യ വകുപ്പിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ " കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.& റഗു.) ബിൽ 2017 " -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പകർച്ചപ്പനി

245 (1676) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന പകർച്ചപ്പനി നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും കർമ്മപരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പകർച്ചപ്പനി നേരിടാൻ ആയുർവേദ ആശുപത്രികളിലും, ഹോമിയോ ആശുപത്രികളിലും, ഡിസ്പെൻസറികളിലും മരുന്നുകൾ ലഭ്യമാക്കുവാനും പകർച്ചവ്യാധികൾ ഉണ്ടായ സ്ഥലങ്ങളിലും സാധ്യതാ സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്താനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിന് മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, ശുചിത്വമിഷനെയും, ഇതര വകുപ്പുകളേയും, ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു. രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ

ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും, രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗ പകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക, (ഐ.എസ്.എസ്.) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ, വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ആയുർവേദ ആശുപത്രികളിലും പകർച്ചപ്പനിയ്ക്ക് (പനി ക്ലിനിക്) ഉള്ള പ്രത്യേക മരുന്നുകൾ അടങ്ങിയ ഔഷധക്കിറ്റ് എത്തിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. ഹോമിയോപ്പതി വകുപ്പ് മുഖേന ആവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനും, പ്രതിരോധ ഔഷധം വിതരണം ചെയ്യുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും പനിക്ലിനിക്കുകൾ ആരംഭിക്കുന്നതിനും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ

246 (1677) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ എന്ന തസ്തികയിൽ നിയമനം നടത്തുന്നതിലേക്കായി നിലവിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓപ്പൺ വിജ്ഞാപന പ്രകാരം ഒഴിവുള്ള 2 തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീ ജീവനക്കാരുടെ യൂണിഫോം

247 (1678) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ മുഴുവൻ സ്ത്രീ ജീവനക്കാരുടെയും യൂണിഫോം ചുരിദാർ ആക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിൽ മാനസിക രോഗികൾക്കായി പ്രത്യേക ബ്ലോക്കും വാർഡുകളും അനുവദിക്കുവാനായി നടപടി സ്വീകരിക്കുമോ;

(സി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ എല്ലാ സ്ത്രീ ജീവനക്കാരുടെയും രാത്രികാല സേവനം 3 ദിവസമായി ചുരുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

കരുനാഗപ്പള്ളി-ആലപ്പാട് പ്രൈമറി ഹെൽത്ത് സെന്റർ

248 (1679) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി-ആലപ്പാട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവായിട്ടുള്ളത്;

(ബി) ഇവിടെ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ടോ; കിടത്തി ചികിത്സ നടത്തുന്നതിന് ആവശ്യമായ കെട്ടിടം നിലവിലുണ്ടോ; മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; സി.എച്ച്.സി.യിൽ ആവശ്യമായ തസ്തികകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ആലപ്പാട് സി.എച്ച്.സി.യിൽ നിലവിലുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 25-2-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 87/10/ആ.ക.വ. പ്രകാരമാണ് കരുനാഗപ്പള്ളി-ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തിയിട്ടുള്ളത്.

(ബി&സി) ആരംഭിച്ചിട്ടില്ല. കെട്ടിടം നിലവിലുണ്ട്. ആർദ്രം മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയ പ്രൊപ്പോസലിൽ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ആർദ്രം മാനദണ്ഡമനുസരിച്ച് സി.എച്ച്.സി.യിൽ ആവശ്യമായ തസ്തികകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു :

Doctor	9
Lab Technician	2
Lab Assistant	2
Staff Nurse-Head Nurse	10
Pharmaist	2
Optometricst	1
Nursing Assistant	6
Hospital Attendant Gr.I	2
Hospital Attendant Gr.II	5
Clerk	2
Office Attendant	1
Part Time Sweeper	1
Radio Grapher	1

Block Co-ordinator	1
Data entry Operator	1
Driver	1
Total	47

(ഡി) ഫീൽഡ്തല ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

Assistant Surgeon	1
Pharmacist	1
Clerk	1
Office Attendant	1
Nursing Assistant	1
Hospital Attendant Gr.II	1
Health Inspector	1
Public Health Nurse	1
Junior Public Health Nurse	6 (Lien at CHC Mynagappall y-2)
Junior Health Inspector	4(One Post Supernumorary)
Part Time Sweeper	1
Total	19

മത്സ്യങ്ങളിൽ അമോണിയ

249 (T* 1680) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ, ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ വ്യാപകമായ തോതിൽ അമോണിയ ചേർക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവ തടയുന്നതിനും ഇത്തരം മത്സ്യ വണ്ടികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ വിപണിയിൽ ലഭ്യമായിട്ടുള്ള മത്സ്യങ്ങളിൽ അമോണിയ ചേർക്കുന്നു എന്ന പരാതിയുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച ഓപ്പറേഷൻ സാഗർറാണി പദ്ധതിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ 6-2-2017-മുതൽ 15-2-2017-വരെ വിവിധ മത്സ്യവിപണന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും വിവിധയിനം മത്സ്യങ്ങളുടെയും ഐസ്, വെള്ളം എന്നിവയുടെയും 25 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും സാമ്പിളുകൾ രാസമുക്തമാണെന്ന് കണ്ടെത്തുകയും ചെയ്തു. സാഗർറാണിയുടെ രണ്ടാം ഘട്ടപ്രവർത്തനത്തിന്റെ ഭാഗമായി മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ജില്ലയിൽ ബോധവൽരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. തുടർ പരിശോധനകൾ നടന്നു വരുന്നു.

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ നടപടി

250 (1681) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന്റെ ഭാഗമായി മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് KMSCL-ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

251 (1682) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 5400-ൽ അധികമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം എത്ര മാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും പ്രവർത്തനം ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെല്ലാം ലബോറട്ടറി സംവിധാനം ഒരുക്കി പ്രാഥമിക തലത്തിൽ രോഗനിർണ്ണയം സാധ്യമാക്കാനും അതുവഴി സ്വകാര്യ ആശുപത്രികളെയും ലബോറട്ടറികളെയും ആശ്രയിക്കുന്നത് കുറയ്ക്കാനും നടപടിയെടുക്കുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണം ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. ഒരു സ്ഥാപനത്തിന്റെ കീഴിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനയോഗം മാസത്തിലെ ആദ്യത്തെ പ്രവൃത്തിദിവസം ചേരുകയും ഉപകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവർക്ക് വ്യക്തമായ മാനദണ്ഡങ്ങളോടെ ഏരിയ വിഭജിച്ച് നൽകിയിട്ടുള്ളതും ദേശീയ ആരോഗ്യ പ്രോഗ്രാമുകളുടെയും മാതൃശിശുപ്രോഗ്രാമുകളുടെയും പരിസര

ശുചിത്വ ആരോഗ്യ, കുടുംബക്ഷേമം, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പുകൾ, സ്കൂൾ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളിൽ ഇടപെടൽ തുടങ്ങി ഒട്ടനേകം ഡ്യൂട്ടികൾ നൽകിയിട്ടുള്ളതുമാണ്. ദേശീയതലത്തിലുള്ള ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, സാംക്രമികരോഗതോത് എന്നിവ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവായിക്കാണുന്നത് ടി വിഭാഗം ജീവനക്കാർ ഫലപ്രദമായി ജോലി ചെയ്യുവരുന്നതായാണ് കാണിക്കുന്നത്.

(സി) സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന സർക്കാർ തുടക്കമിട്ട പദ്ധതികളിലൊന്നാണ് 'ആർദ്രം' പദ്ധതി. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഘട്ടം ഘട്ടമായി മാറ്റുന്നതോടൊപ്പം ഇവിടങ്ങളിൽ ലബോറട്ടറി സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. അതിനായി ആകെ 7 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലബോറട്ടറി സൗകര്യങ്ങൾ പ്രാഥമിക തലത്തിൽ ഏർപ്പെടുത്തുക വഴി രോഗനിർണ്ണയം സാധ്യമാക്കുകയും ചെയ്യുന്നതിലൂടെ പൊതുജനങ്ങൾ സ്വകാര്യ ആശുപത്രികളെയും ലാബുകളെയും ആശ്രയിക്കുന്നത് ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ തസ്തിക സൃഷ്ടിക്കുമെന്ന് സർക്കാർ 2016-17 ബജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമം മുഖേന നിയന്ത്രിക്കുന്നതിനുദ്ദേശിച്ച് രൂപം നൽകിയിരിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

രാസവസ്തുക്കൾ ഉപയോഗിക്കുന്ന മത്സ്യ വില്പന

252 (1683) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർമാലിനിൽ സൂക്ഷിക്കുന്നതും മറ്റ് രാസവസ്തുക്കൾ ഉപയോഗിക്കുന്നതുമായ മത്സ്യം വ്യാപകമായി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ' ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ പരിശോധനകൾ ആരംഭിച്ചു. ഇതുപ്രകാരം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അവബോധന ക്ലാസ്സുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയുണ്ടായി. ഇതുകൂടാതെ മത്സ്യം, ഐസ് എന്നിവയുടെ 420 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ചു പരിശോധിപ്പിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നിരീക്ഷണം എന്ന രീതിയിലാണ് പരിശോധനകൾ നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ കേസ്സുകളൊന്നും എടുത്തിട്ടില്ല. എന്നാൽ ഓപ്പറേഷൻ സാഗർറാണിയുടെ അടുത്ത ഘട്ടത്തിൽ നിയമപരമായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുമ്പോൾ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുജനാരോഗ്യ പ്രവർത്തകർക്ക് യൂണിഫോം

253 (1684) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ പ്രവർത്തകർക്ക് യൂണിഫോം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ സംവിധാനം

254 (1685) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരഫിനും മറ്റ് മായങ്ങളും കലർന്ന വെളിച്ചെണ്ണ വ്യാപകമായി വില്പന നടക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ടാങ്കർ ലോറികളിലും മറ്റുമെത്തുന്നതുമായ വെളിച്ചെണ്ണയുടെ മായം പരിശോധിക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയിലാണ് മായം കണ്ടെത്തിയതിനെ തുടർന്ന് വിൽപ്പന നിരോധിച്ചിട്ടുള്ളത്; ബ്രാൻഡ് നാമം ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ഡി) ഇത്തരം കമ്പനികൾക്കെതിരെ എന്ത് മേൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വെളിച്ചെണ്ണ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ പാരഫിന്റെ അംശം കണ്ടെത്തിയിട്ടില്ല. എന്നാൽ മറ്റ് വില കുറഞ്ഞ എണ്ണകൾ വെളിച്ചെണ്ണയിൽ ചേർത്ത് വിൽപ്പന നടത്തുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് 28 ബ്രാൻഡ് വെളിച്ചെണ്ണകളുടെ വിൽപ്പന ഭക്ഷ്യസുരക്ഷാകമ്മീഷണർ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എല്ലാ നിർമ്മാണ പാക്കേജിംഗ് യൂണിറ്റുകളിലും പരിശോധന തുടർന്നു വരുന്നു.

(ബി) ചെക്ക് പോസ്റ്റ് വഴി കടന്നു വരുന്ന വെളിച്ചെണ്ണ നിറച്ച ടാങ്കർ ലോറികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന രീതിയിൽ നടപടി സ്വീകരിക്കാറുണ്ട്.

(സി) നിരോധിച്ച ബ്രാൻഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

വെളിച്ചെണ്ണയിൽ മായംചേർക്കൽ

255 (1686) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന വെളിച്ചെണ്ണയിൽ പാരഫിൻ ഉൾപ്പെടെയുള്ള മായങ്ങൾ ചേർത്ത് വ്യാപകമായി വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മായം ചേർത്ത് ബ്രാന്റ് നെയിമുകളിൽ വില്പനയ്ക്ക് വരുന്നവ പിടിക്കപ്പെട്ടാൽ ബ്രാന്റ് നെയിം മാറ്റി വീണ്ടും വില്പന നടത്തുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെളിച്ചെണ്ണയിൽ മായം ചേർത്ത് വില്പന നടത്തിയത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം കമ്പനി/വില്പനക്കാർക്കെതിരെ എന്നതിന്റെ വിശദ വിവരം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന വെളിച്ചെണ്ണയിൽ മായം ചേർത്ത് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പാരഫിൻ ചേർത്ത് വിൽക്കുന്നതായി ഫുഡ് അനലിസ്റ്റ്മാരുടെ പരിശോധനയിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല. മായം ചേർത്തതായി കണ്ടെത്തിയ വെളിച്ചെണ്ണയുടെ 28 ബ്രാൻഡുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിനായി വെളിച്ചെണ്ണ ഉൽപ്പാദകർക്ക് ബ്രാൻഡ് നെയിം രജിസ്ട്രേഷൻ നിർബന്ധമാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവാരമില്ലാത്ത വെളിച്ചെണ്ണ വിറ്റതിന് 65 കേസ്സുകൾ അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർമാരുടെ പരിഗണനയിലും 2 കേസ്സുകൾ ക്രിമിനൽ കോടതിയുടെ പരിഗണനയിലുമാണ്. കമ്പനി/വില്പനക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

അവയവദാതാക്കൾക്ക് പെൻഷൻ

256 (1687) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവയവദാതാക്കൾക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അവയവദാനം നടത്തുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക അവധിയോ ആനുകൂല്യങ്ങളോ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) നിലവിലില്ല. ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

മലിനമാക്കപ്പെടുന്ന മത്സ്യവിപണന തടയാൻ നടപടി

257 (1688) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരത്തും ചന്തയിലും മത്സ്യക്കച്ചവടം നടത്തുന്ന തൊഴിലാളികൾ മത്സ്യത്തിൽ മണൽ പൂരട്ടി വിപണന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ മലിനമാക്കപ്പെടുന്ന മത്സ്യവിപണന തടയാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മത്സ്യക്കച്ചവടം ആരോഗ്യകരമായ അന്തരീക്ഷത്തിൽ നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുവാൻ ആലോചിക്കുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യക്കച്ചവടം ആരോഗ്യകരമായ അന്തരീക്ഷത്തിൽ നടത്തുന്നതിന് സർക്കാർ 'ഓപ്പറേഷൻ സാഗർറാണി ' എന്ന ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് മത്സ്യബന്ധന വിപണന മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ആദ്യഘട്ടമായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതുകൂടാതെ കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ ഡോക്യുമെന്ററി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് മത്സ്യത്തിന്റെയും ഐസിന്റെയും ഏകദേശം 420 സാമ്പിളുകൾ ശേഖരിച്ചു പരിശോധിച്ചു. 'കേടുവരാത്ത മത്സ്യം ജനാരോഗ്യത്തിന്" എന്ന പേരിൽ ലഘുലേഖ അച്ചടിച്ച് ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യബന്ധന വിപണന മേഖലകളുമായി പ്രവർത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ സമ്പ്രദായം നിർബന്ധമാക്കി.

ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾ

258 (1689) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വില നിജപ്പെടുത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച ഫെബ്രുവരി 13-ന് ശേഷവും സ്റ്റെന്റിന് ഉയർന്ന വില പല സ്വകാര്യ ആശുപത്രികളും ഈടാക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) വിലനിയന്ത്രണത്തിന് ശേഷവും ചില സ്വകാര്യ ആശുപത്രികൾ സ്റ്റെന്റിന്റെ വില പ്രത്യേകമായി ബില്ലിൽ രേഖപ്പെടുത്താതെ കൺസ്യൂമബിൾ എന്ന പേരിൽ ഉയർന്ന നിരക്ക് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചു;

(സി) വില നിയന്ത്രണം മറി കടക്കാനായി ഫെബ്രുവരി 13-ന് ശേഷം ഡോക്ടർ ഫീസും, കാത്ത് ലാബ് ഫീസും അമിതമായി വർദ്ധിപ്പിച്ച് രോഗികളെ കൊള്ളയടിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത്തരത്തിലുള്ള ഒരു പരാതി എൻ.പി.പി.എ.-യ്ക്ക് നേരിട്ട് ലഭിച്ചത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അയച്ചുതന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ആശുപത്രി, സ്റ്റെന്റിന് നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസ് തന്നെയാണ് ഈടാക്കിയിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞു. ആയത് എൻ.പി.പി.എ.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത വിഷയത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ പരിശോധനകളിൽ സംസ്ഥാനത്തെ രണ്ട് സ്വകാര്യ ആശുപത്രികൾ, സ്റ്റെന്റിന് വില നിയന്ത്രണം വന്നതിനുശേഷവും അധികതുക ഈടാക്കിയതായി കണ്ടെത്തിയിരുന്നു. എന്നാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സമയബന്ധിതമായ ഇടപെടൽമൂലം അധികമായി ഈടാക്കിയ തുക പ്രസ്തുത ആശുപത്രികൾ രോഗികൾക്ക് തിരിച്ചു നൽകിയിട്ടുണ്ട്.

(ബി&സി) സ്റ്റെന്റുകളുടെ വില നിയന്ത്രണം നിലവിൽ വന്നതോടെ ലാഭത്തിലുണ്ടായ കുറവ് നികത്താനായി ശസ്ത്രക്രിയാ ചാർജ്ജുകൾ, ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങൾ എന്നിവയുടെ നിരക്ക് കൂട്ടുന്നതിലേക്കായി ചില ആശുപത്രികളുടെ ഭാഗത്തുനിന്നും നീക്കം നടക്കുന്നത് സംബന്ധിച്ച പത്ര-ദൃശ്യ-മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച പരാതികളൊന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ ചികിത്സക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വലിക്കുറവുമൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ-ഉപഭോഗം ഉറപ്പുവരുത്തുന്നതിലേക്കായും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനായും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി

എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തരനടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതുമാണ്. ഇതുകൂടാതെ, സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ ക്ലിനിക്കുകൾ, എന്നിവ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

എച്ച്1 എൻ1 പനി

259 (1690) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്1 എൻ1 പനി വ്യാപിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധനക്കയച്ച തൊണ്ട സ്രവങ്ങളിൽ എത്ര ശതമാനത്തോളം പോസിറ്റീവ് ആയി കണ്ടെത്തിയിട്ടുണ്ട്;

(ബി) 2016-ൽ എത്ര പേർക്ക് രോഗം കണ്ടെത്തിയെന്നും എത്ര പേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ;

(സി) എച്ച്1 എൻ1-ന്റെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27 %

(ബി) 23 പേർക്ക് രോഗം കണ്ടെത്തി, ഒരു മരണവും സംഭവിച്ചിട്ടുണ്ട്.

(സി) 2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ 2 മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1-ന്റെ ഒരു നേരിയ വർദ്ധനവ് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും, അവലോകന യോഗങ്ങളിലുമായി നൽകി. ഇതിനായി ജില്ലകളിൽ, ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യവകുപ്പ് ഡയറക്ടർ ഈ കാലയളവിൽ 2 തവണകളായി ജനങ്ങൾക്കും ഡോക്ടർമാർക്കും വേണ്ടി

ജാഗ്രതാ പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ. വഴിയും ഉള്ള നടപടികൾ സ്വീകരിച്ചു. ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗ രേഖകൾ എല്ലാ മാർഗ്ഗങ്ങളിൽ കൂടെയും പുനർ വിതരണം നടത്തുകയും ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി.സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതി നിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചു വരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് അവരെ ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടി വന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ ഇതിനുപുറമേ നൽകിയിട്ടുണ്ട്. ജനങ്ങൾക്കുള്ള സംശയ നിവാരണത്തിനും സേവന സഹായങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പ് കോൾ സെന്റർ (0471-2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി. എച്ച്1 എൻ1 ചികിത്സ നൽകാൻ ആവശ്യമുള്ള പുനർ പരിശീലനം ഡോക്ടർമാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് ജനങ്ങൾക്ക് നൽകാൻ ടി.വി., റേഡിയോ, പത്രമാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുവാൻ സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

എച്ച്1 എൻ1 പകർച്ചപ്പനിയുടെ വ്യാപനം

260 (1691) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എച്ച്1.എൻ1. പകർച്ചപ്പനിയുടെ വ്യാപനം തടയുന്നതിനും ജീവനഷ്ടം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ 2 മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1-ന്റെ ഒരു നേരിയ വർദ്ധനവ് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും, അവലോകന യോഗങ്ങളിലൂമായി നൽകി. ഇതിനായി ജില്ലകളിൽ, ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യവകുപ്പ് ഡയറക്ടർ ഈ കാലയളവിൽ 2 തവണകളായി ജനങ്ങൾക്കും ഡോക്ടർമാർക്കും വേണ്ടി ജാഗ്രതാ പത്ര കുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ. വഴിയും ഉള്ള നടപടികൾ സ്വീകരിച്ചു. ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗ രേഖകൾ എല്ലാ മാർഗ്ഗങ്ങളിൽ കൂടെയും പുനർ വിതരണം നടത്തുകയും ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി.സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതി നിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചു വരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് അവരെ ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടിവന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ ഇതിനു പുറമെ നൽകിയിട്ടുണ്ട്. ജനങ്ങൾക്കുള്ള സംശയ നിവാരണത്തിനും സേവന സഹായങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ് കോൾ സെന്റർ (0471-2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി. എച്ച്1 എൻ1 ചികിത്സ നൽകാൻ ആവശ്യമുള്ള പുനർ പരിശീലനം ഡോക്ടർമാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് നൽകാൻ ടി.വി., റേഡിയോ, പത്രമാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുവാൻ സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിക്കുന്നുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തിക

261 (1692) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകളുടെ വിശദാംശങ്ങൾ ഹെൽത്ത് സെന്ററുകൾ തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 48 ഒഴിവുകൾ.

(ബി)	1.	പി.എച്ച്.സി., പുത്തൂർ	-	4
	2.	ഗവ. ആശുപത്രി, കൊഴിഞ്ഞാമ്പാറ	-	2
	3.	ഡബ്ല്യൂ & സി., പാലക്കാട്	-	8
	4.	സി.എച്ച്.സി., അഗളി	-	7
	5.	പി.എച്ച്.സി., പറമ്പിക്കുളം	-	1
	6.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചിറ്റൂർ	-	5
	7.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഒറ്റപ്പാലം	-	4
	8.	ജി.റ്റി.സി.എച്ച്., കോട്ടത്തറ	-	9
	9.	ജില്ലാ ആശുപത്രി, പാലക്കാട്	-	8
		ആകെ	-	48

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പൂവർ

262 (1693) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പൂവർ' പദ്ധതി വഴി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രോഗികൾക്ക് സഹായധനം നൽകിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ രോഗികൾക്ക് പരമാവധി എത്ര രൂപ വരെ സഹായ ധനമായി അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ, പദ്ധതി ചികിത്സാ സഹായം നൽകിയ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, പകരം ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക (രൂപയിൽ)
1	ആലപ്പുഴ	63	25,55,000
2	എറണാകുളം	6	3,00,000
3	ഇടുക്കി	44	15,82,800
4	കോഴിക്കോട്	56	19,28,200
5	കൊല്ലം	391	1,83,90,600
6	കണ്ണൂർ	31	11,93,400
7	കാസർഗോഡ്	16	7,26,900
8	കോട്ടയം	24	9,52,500
9	മലപ്പുറം	100	43,42,800
10	പാലക്കാട്	95	37,48,100
11	പത്തനംതിട്ട	40	16,21,600
12	തൃശ്ശൂർ	28	10,81,300
13	തിരുവനന്തപുരം	364	1,54,20,800
14	വയനാട്	11	4,50,000

ആകെ 1269 ആളുകൾക്ക് 5,42,94,000 (അഞ്ച്കോടി നാല്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ) നൽകിയിട്ടുണ്ട്.

(ബി) ചികിത്സാ ധനസഹായത്തിന്റെ അപേക്ഷയിൽ ഡോക്ടർ നിർദ്ദേശിക്കുന്നതിൽ പരമാവധി 50,000 രൂപ വരെ നൽകുന്നതാണ്.

കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി

263 (1694) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 30-11-2016-ലെയും 10-1-2017-ലെയും നമ്പർ 3485/എം1/2016/ ആ.കു.വ. നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ മറുപടി നൽകാത്തത് എന്തുകൊണ്ട്;

(ഡി) ഈ ആശുപത്രിയിൽ അധിക തസ്തിക അനുവദിക്കുന്നതിന് ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയാണ് നടപടി സ്വീകരിക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ-സി) ഉണ്ട്. കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെടുകയും ടി വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

കുടുംബക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

264 (1695) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള സഹായ പദ്ധതികൾ വിശദീകരിക്കാമോ; ഈ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) കുടുംബക്ഷേമ വകുപ്പിന്റെ ഓഫീസ് ഘടന (സംസ്ഥാനതലം-ജില്ലാതലം തുടങ്ങിയവ) യും,അവയുടെ പ്രവർത്തനങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്കെതിരെ നടപടി

265 (1696) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരുമായി കരാറുണ്ടാക്കാതെയും മെരിറ്റ് പാലിക്കാതെയും അഡ്മിഷൻ നടത്തിയ പാലക്കാട് കരുണ, കണ്ണൂർ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2016-ലെ മെഡിക്കൽ പ്രവേശനം റദ്ദാക്കിയ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കൃത്രിമ രേഖയുണ്ടാക്കിയ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് അവർക്കെതിരെ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലക്കാട് കരുണ മെഡിക്കൽ കോളേജിനോട് ഫീസ് നിശ്ചയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കാൻ അഡ്മിഷൻ ഫീ-റഗുലേറ്ററി കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പുതിയ മെഡിക്കൽ കോളേജുകൾ

266 (1697) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മെഡിക്കൽ കോളേജുകളായ മഞ്ചേരി, പാലക്കാട്എന്നിവയുടെ അംഗീകാരം പുതുക്കുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ അലംഭാവം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കി നൽകുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ വിളിച്ചു ചേർത്ത യോഗത്തിൽ ആരോഗ്യ സെക്രട്ടറിയെ സർക്കാർ പ്രതിനിധിയായി പങ്കെടുപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇതുസംബന്ധിച്ച് മെഡിക്കൽ കൗൺസിലിന് എന്ത് വിശദീകരണമാണ് സർക്കാർ നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മെഡിക്കൽ കൗൺസിൽ യോഗത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പങ്കെടുത്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്

267 (1698) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവ.ആയുർവേദ കോളേജിൽ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകൾ ഏതൊക്കെയാണ്; ഓരോ കോഴ്സിനും എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(സി) രജത ജൂബിലി ആഘോഷിക്കുന്ന പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ അദ്ധ്യാപകരുടെ 56 തസ്തികകൾ ഉൾപ്പെടെ 105 തസ്തികകളും ആശുപത്രിയിൽ 71 തസ്തികകളും നിലവിലുണ്ട്. തസ്തികകളുടെ വിശദ വിവരങ്ങളും ഒഴിവുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ 40 കുട്ടികൾ വീതം പഠിക്കുന്ന ബി.എ.എം.എസ്. കോഴ്സും, രോഗനിദാന, ക്രിയാശരീര എന്നീ വിഷയങ്ങളിൽ 5 കുട്ടികൾ വീതമുള്ള പി. ജി. കോഴ്സുകളും നിലവിലുണ്ട്. കൂടാതെ 40 കുട്ടികൾ പഠിക്കുന്ന ഒരു വർഷത്തെ ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സും നിലവിലുണ്ട്.

(സി) രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ഗവ.ആയുർവേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 40 സീറ്റിൽ നിന്ന് 60 സീറ്റാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തേയ്ക്ക് പുതുതായി അനുവദിച്ച 20 സീറ്റുകളിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്രആയുഷ് വകുപ്പിന് അപേക്ഷ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗവ. ആയുർവേദ കോളേജിൽ നിലവിലുള്ള രോഗനിദാന, ക്രിയാശരീര പി.ജി. കോഴ്സുകളുടെ എണ്ണം 5-ൽ നിന്ന് 7 ആക്കി വർദ്ധിപ്പിക്കുന്നതിനും, നിലവിലുള്ള 2 പി.ജി. കോഴ്സുകൾക്ക് പുറമേ 4 പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1.50 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ പ്രവേശനം

268 (1699) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഴുവൻ സീറ്റിലും മെരിറ്റ് അടിസ്ഥാനത്തിൽ അഖിലേന്ത്യാ പ്രവേശന പരീക്ഷാ റാങ്ക് പട്ടികയിൽ (നീറ്റ്) നിന്ന് മാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂവെന്നും, ഏകീകൃത ഫീസ് മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കാൻ പാടുള്ളൂ എന്നുമുള്ള ബഹു. സുപ്രീം കോടതി വിധിയത്തുടർന്നുള്ള സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച സർവ്വ കക്ഷി യോഗത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുടുംബ വരുമാനമനുസരിച്ച് ഫീസ് ഇളവ് ലഭ്യമാക്കി പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്ന വിധത്തിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) മെഡിക്കൽ പ്രവേശനത്തേയും ഫീസ് ഘടനയേയും സംബന്ധിച്ച് കേരള സംസ്ഥാന സ്വാശ്രയ/സ്വകാര്യ മെഡിക്കൽ/ദന്തൽ കോളേജുകളുടെ മാനേജ്മെന്റ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 27-3-2017-ൽ നടത്തിയ ചർച്ചയിൽ സ്വാശ്രയ സംരംഭം മുന്നോട്ട് നടത്തിക്കൊണ്ട് പോകാൻ കഴിയുന്ന വിധത്തിൽ യാഥാർത്ഥ്യ ബോധത്തോടെ ഫീസ് നിശ്ചയിക്കണമെന്ന്

മാനേജ്മെന്റ് പ്രതിനിധികൾ അഭ്യർത്ഥിച്ചിരുന്നു. നീറ്റ് പ്രകാരമുള്ള മെഡിക്കൽ/ദന്തൽ/അനുബന്ധ കോഴ്സുകളിലേക്ക് ഏകീകൃത ഫീസ് നടപ്പാക്കുകയേ നിലവിൽ വഴിയുള്ളുവെങ്കിൽ പാവപ്പെട്ട കുട്ടികൾക്ക് എന്ത് സഹായം എങ്ങനെ നൽകാൻ കഴിയുമെന്ന് സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിലവിൽ നല്കുന്നതുപോലെ പാവപ്പെട്ട കുട്ടികൾക്ക് അവരുടെ പഠന സൗകര്യത്തിനായി സബ്സിഡി നിരക്ക് തുടർന്ന് കൊണ്ട് പോകണമെന്നും, നീറ്റ് പ്രവേശന പരീക്ഷയുടെ അന്തഃസത്തയെ ബാധിക്കാത്ത വിധത്തിൽ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തണമെന്നും ഉള്ള അഭിപ്രായങ്ങളാണ് 20-3-2017 തീയതിയിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ സർവ്വകക്ഷി യോഗത്തിൽ ഉണ്ടായത്.

സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ അഡ്മിഷനും ഫീസ് നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന (Kerala Medical Education (Regulation and Council of Admission to Private Medical Educational Institution) ഒരു ഓർഡിനൻസ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

സ്റ്റേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

269 (1700) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ന് ശേഷം എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള സ്റ്റേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ നിന്നും വിവിധ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ആരോഗ്യസർവ്വകലാശാല അംഗീകാരം നൽകാത്തതിനാൽ സർക്കാർ ജോലിക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകി വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ഒരു സ്വതന്ത്ര സൊസൈറ്റി രൂപീകരിക്കുവാൻ 6-4-2017 ലെ GO(MS)No.101/2017/H.Edn നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സൊസൈറ്റി പ്രവർത്തനമാരംഭിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാകുകയുള്ളൂ.

ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. കോഴ്സ്

270 (1701) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ അംഗീകാരമുള്ള ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. എവിടെയൊക്കെയാണ് നിലവിലുള്ളത്; ഈ കോഴ്സിന് ആകെയെത്ര സീറ്റുകളുണ്ട്; എത്രവർഷമാണ് ഇതിന്റെ കാലാവധി; ഈ കോഴ്സിന്റെ പരിശീലനവും ക്ലാസ്സ് റൂം സിലബസ്സും എപ്രകാരമാണ്;; ഈ കോഴ്സിന് സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമാണ് ;

(ബി) ഈ കോഴ്സിന്റെ ഇന്റേൺഷിപ് ഏത് രീതിയിലാണ് ആസൂത്രണം ചെയ്തിരിയ്ക്കുന്നത്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടത്തുന്നത്;

(സി) ഈ കോഴ്സിന്റെ ഹൗസ് സർജൻസി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നടത്തിയാൽ അവിടങ്ങളിലെ ആൾക്ഷാമത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്നു?

ഉത്തരം

(എ) 16 സ്വാശ്രയ കോളേജുകളിൽ (കോളേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*) പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾ വീതം ആകെ 480 സീറ്റുകളാണുള്ളത്. 1 വർഷത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ ആകെ 6 വർഷമാണ് കോഴ്സിന്റെ കാലാവധി. ഫാം-ഡി. കോഴ്സിന്റെ പരിശീലനവും ക്ലാസ്സ് റൂം സിലബസ്സും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ റഗുലേഷൻ അനുസരിച്ചുള്ള സിലബസ്/കരിക്കുലം, കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽട്ടി ഓഫ് ഫാർമസി, അക്കാദമിക് കൗൺസിൽ എന്നിവയുടെ അംഗീകാരത്തോടുകൂടിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 'ഫാർമസി കൗൺസിൽ റഗുലേഷൻ' നിയമമനുസരിച്ച് പ്രസ്തുത കോഴ്സുകൾ തുടങ്ങുവാനുള്ള നിരാക്ഷേപ സാക്ഷ്യപത്രം സർക്കാർ ആണ് നൽകുന്നത്. സർക്കാർ കോളേജുകളിൽ ഫാം-ഡി. കോഴ്സ് നടത്തുന്നില്ല.

(ബി) ഫാം-ഡി. സിലബസ് അനുസരിച്ച് 12 മാസത്തെ ഇന്റേൺഷിപ്പിൽ ഏതെങ്കിലും ആശുപത്രിയിൽ മെഡിസിൻ വിഭാഗത്തിൽ 6 മാസത്തെ ഇന്റേൺഷിപ്പും ബാക്കി 6 മാസം താഴെ പറയുന്ന വിഭാഗത്തിൽ ഏതെങ്കിലും 3 എണ്ണത്തിൽ 2 മാസം വീതമുള്ള ഇന്റേൺഷിപ്പും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. സർജറി
2. ഗൈനക്കോളജി
3. ഓർത്തോപീഡിക്സ്
4. സൈക്കിയാട്രി
5. അനസ്തേഷ്യോളജി
6. ഡെർമറ്റോളജി

ഇന്റേൺഷിപ്പ് നടത്തുന്നതിന് 300 കിടക്കകളുള്ള ആശുപത്രി ആയിരിക്കണം. അതിൽ 120 കിടക്കകൾ മെഡിസിൻ വിഭാഗത്തിന് മാത്രമായിരിക്കുകയും വേണം. കൂടാതെ പ്രസ്തുത ആശുപത്രിയുമായി ഫാം-ഡി. കോഴ്സ് നടത്തുന്ന സ്ഥാപനം 15 കൊല്ലത്തെ M.O.U. ഒപ്പു വച്ചിരിക്കുകയും വേണം. ഫാം-ഡി. കോഴ്സ് നടത്തുന്ന 16 സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന 3 എണ്ണത്തിൽ മാത്രമേ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിൽ പ്രവേശിച്ചിട്ടുള്ളൂ.

- അൽ-ഷിഫ കോളേജ് ഓഫ് ഫാർമസി പെരിന്തൽമണ്ണ, മലപ്പുറം
- നാഷണൽ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട്
- ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല, തിരുവനന്തപുരം.

(സി) ഇല്ല.

മെഡിക്കൽ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം

271 (1702) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം നീറ്റ് പരീക്ഷയുടെ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തണമെന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവോടെ മെഡിക്കൽ ബിരുദാനന്തര ബിരുദകോഴ്സുകളിലേക്ക് പ്രവേശനം നടത്തുവാനുള്ള സ്വകാര്യ മാനേജ്മെന്റുകളുടെയും കല്പിത സർവ്വകലാശാലകളുടെയും അവകാശം നഷ്ടപ്പെടുമോ ;

(സി) ഈ ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഷ്ടപ്പെടും.

(സി) പി.ജി കോഴ്സുകളിൽ പൊതുവായ കൗൺസിലിംഗ് നടത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ബയോ കെമിസ്ട്രി അടിസ്ഥാന യോഗ്യതയായി സ്വീകരിക്കാവുന്ന തസ്തികകൾ

272 (1703) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ബയോ കെമിസ്ട്രി എന്നീ കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി സ്വീകരിക്കാവുന്ന എത്ര തസ്തികകൾ സർക്കാർ മേഖലയിൽ ഉണ്ട്;

(ബി) ഇല്ലെങ്കിൽ ആരോഗ്യ മേഖലയിൽ രോഗ നിർണ്ണയത്തിന് പ്രധാന പങ്കുവഹിക്കുന്ന മൈക്രോ ബയോളജി, ബയോ കെമിസ്ട്രി തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ബയോ കെമിസ്ട്രി എന്നീ കോഴ്സുകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾ നിലവിലില്ല.

(ബി) ആശുപത്രികളിൽ രോഗ നിർണ്ണയം നടത്തുന്നത് ഡോക്ടർമാരാണ്. രോഗ നിർണ്ണയത്തിന് സഹായകരമായ ടെസ്റ്റുകൾ ചെയ്യുന്നത് ഡി.എം.എൽ.റ്റി, ബി.എസ്.സി എം.എൽ.റ്റി, എം.എസ്.സി. എം.എൽ.റ്റി മൈക്രോബയോളജി/ ബയോകെമിസ്ട്രി എന്നീ ഡിപ്ലോമ/ബിരുദ/ ബിരുദാനന്തര കോഴ്സുകൾ യോഗ്യതയായുള്ള ടെക്നീഷ്യൻമാരാണ്. ഇത്തരം കോഴ്സുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ തന്നെ നടത്തപ്പെടുന്നുണ്ട്. കൂടാതെ എം.ബി.ബി.എസ്. ഡിഗ്രിയുള്ള ഡോക്ടർമാർ തന്നെ എം.ഡി. മൈക്രോബയോളജി, എം.ഡി. ബയോകെമിസ്ട്രി കോഴ്സുകൾ പാസ്സായി മെഡിക്കൽ കോളേജിൽ നിന്നും പുറത്തിറങ്ങുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യമേഖലയിലെ രോഗ നിർണ്ണയത്തിന് ചോദ്യത്തിൽ ഉന്നയിച്ച യോഗ്യതയുള്ളവർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സാദ്ധ്യത ഇല്ല.

മെഡിക്കൽ കോളേജുകളുടെ വികസനം

273 (1704) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകളുടെ വികസനത്തിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മെഡിക്കൽ കോളേജിനും അനുവദിച്ച തുകയുടെ വിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ

274 (1705) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിന്റെ പരിഷ്കരണം സംബന്ധിച്ച് 7-11-2016-ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത യോഗത്തിന്റെ തിരുമാനങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 7-11-2016-ലെ മന്ത്രിതലയോഗത്തിന്റെ തീരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ആശുപത്രി 50 കിടക്കകളുള്ള ആയുർവേദ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം

275 (1706) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്ന് വിതരണം നിയന്ത്രിക്കുന്നതിന് പുതിയ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്;

(സി) സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമത്തിനും ആശുപത്രികൾ നേരിട്ട് മരുന്ന് വാങ്ങുന്നതും സംബന്ധിച്ച് ഉയരുന്ന ആക്ഷേപങ്ങൾക്കും എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയും മരുന്നുകളുടെ ലഭ്യത നിരീക്ഷിക്കുന്നതിലേയ്ക്കായിട്ടാണ് ഓൺലൈൻ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി വികസിപ്പിച്ചിട്ടുള്ള ഈ സോഫ്റ്റ്വെയർ മുഖാന്തരം ഓരോ ആശുപത്രിക്കും ഓരോ വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകൾ എത്രയാണെന്ന് രേഖപ്പെടുത്താൻ സാധിക്കുന്നതാണ്. ആശുപത്രികൾ ആവശ്യപ്പെടുന്ന മരുന്നുകളുടെ വിവരങ്ങൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള ആരോഗ്യവകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും വകുപ്പ് മേധാവികൾക്ക് പരിശോധിച്ച് അവയിൽ വേണ്ട മാറ്റങ്ങളും നിർദ്ദേശങ്ങളും സോഫ്റ്റ്വെയർ മുഖാന്തിരം വരുത്തി മരുന്നുകൾ സംഭരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുവാൻ സാധിക്കും. കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ഓൺലൈൻ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയർ മുഖാന്തിരം സ്റ്റോക്കിൽ എടുക്കുകയും തുടർന്ന് First Expiry First Out (FEFO) എന്ന മാനദണ്ഡത്തിലൂടെയും ബാച്ച് തിരിച്ചും ആശുപത്രി സബ്സ്റ്റോറുകളിലേയ്ക്കും വാർഡുകളിലേയ്ക്കും വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലേയ്ക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളെ കൂടാതെ ആശുപത്രി അധികൃതർ സ്വന്തമായി തുക ചെലവഴിച്ച് സംഭരിക്കുന്ന മരുന്നുകളെ സംബന്ധിക്കുന്ന വിവരങ്ങളും ഡി.ഡി.എം.എസ്. സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുവാൻ

സാധിക്കുന്നതാണ്. തൻമൂലം ഒരോ ആശുപത്രിയും ഓരോ വർഷവും ലോക്കൽ പർച്ചേസ് മുഖാന്തരം സംഭരിക്കുന്ന മരുന്നുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സോഫ്റ്റ്വെയറിലൂടെ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷിക്കുവാനും സാധിക്കും.

ഓരോ ആശുപത്രിയിലും ഏതൊക്കെ മരുന്നുകൾ എത്രയൊക്കെ വീതം ഫാർമസി സ്റ്റോറുകളിൽ ലഭ്യമാണ് എന്നുള്ള കാര്യം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഓൺലൈൻ ഡി.ഡി.എം.എസ് സോഫ്റ്റ്വെയർ മുഖാന്തരം നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ആശുപത്രികളിലെ സ്ലോ മൂവിങ്ങ്, ഷോർട്ട് എക്സ്പയറി മരുന്നുകളുടെ വിവരങ്ങൾ അതാത് ആശുപത്രി അധികൃതർക്കും ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കുവാനും കാലാവധി കഴിയും മുൻപ് തന്നെ ഈ മരുന്നുകൾ ആവശ്യമുള്ള മറ്റ് ആശുപത്രികളിലേയ്ക്ക് (ജില്ലയിലേയോ, മറ്റ് ജില്ലയിലേയോ) സോഫ്റ്റ്വെയറിലൂടെ മാറ്റുവാനും സാധിക്കും. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതി ലഭിച്ചാൽ പരാതി പരിശോധിച്ച് മരുന്നുകളുടെ സംസ്ഥാനതലത്തിലുള്ള ഗുണനിലവാരം തടയുന്നതിനുള്ള സംവിധാനവും ഡി.ഡി.എം.എസ്. സോഫ്റ്റ്വെയറിൽ ലഭ്യമാണ്. ഇത്തരത്തിൽ ഫ്രീസ് ചെയ്യുന്ന മരുന്നുകൾ ആശുപത്രികളിലെ ഫാർമസി സ്റ്റോറിൽ നിന്നും യാതൊരുവിധ സാഹചര്യത്തിലും സോഫ്റ്റ്വെയർ മുഖാന്തരം വിതരണം ചെയ്യുവാൻ സാധിക്കുന്നതല്ല. അതുവഴി രോഗികൾക്ക് ഗുണനിലവാരമില്ലാത്ത മരുന്നുകൾ ലഭ്യമാക്കി വലിയ വിപത്തുകൾക്ക് കാരണമാകുന്നത് തടയുവാനും സാധിക്കും. ആശുപത്രികൾ നേരിട്ട് സംഭരിക്കുന്ന മരുന്നുകളെ സംബന്ധിച്ച് പരാതിയുണ്ടായാൽ ആശുപത്രി അധികൃതർക്ക് ടി മരുന്നിനേയോ, മരുന്നിന്റെ ബാച്ചിനേയോ സോഫ്റ്റ്വെയർ മുഖാന്തരമുള്ള വിതരണം നേരിട്ട് തടയുവാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രികൾ നൽകുന്ന ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇ-ദർഘാസ് മുഖേന സംഭരിച്ച് നൽകിവരുന്നു. കൂടാതെ, തടസ്സംകൂടാതേയുള്ള മരുന്ന് വിതരണം ഉറപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ആരോഗ്യവകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വാർഷിക ഇൻഡന്റ് സമർപ്പിച്ചതിന് ഉപരിയായി ആവശ്യപ്പെട്ട മരുന്നുകളും പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കോർപ്പറേഷൻ ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി സംഭരിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ആരംഭം മുതൽ തന്നെ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പ് സാമ്പത്തികവർഷത്തെ ദർഘാസ് നടപടിക്രമങ്ങൾ 2016 ഒക്ടോബർ മാസം

ആരംഭിക്കുകയും ഫെബ്രുവരി മാസത്തോടുകൂടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണ ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്ന് സംഭരണശാലകളിൽ എത്തിയ മരുന്നുകൾ അതത് സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റിന് അനുസൃതമായി നൽകി വരുന്നു. അവശ്യമരുന്ന പട്ടികയിൽ ഉൾപ്പെട്ടതും വിതരണക്കാരെ ലഭിക്കാത്തതുമായ ചില മരുന്നുകൾ ആശുപത്രികൾ പ്രാദേശികമായി സംഭരിക്കാറുണ്ട്. നിലവിലുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ രോഗചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായ സ്പെഷ്യാലിറ്റി ഇനത്തിൽപ്പെട്ട ചില മരുന്നുകളും ആശുപത്രിതലത്തിൽ സംഭരിക്കാറുണ്ട്.

- ആവർത്തിച്ച ദർഘാസ് ക്ഷണിച്ചിട്ടും വിവിധ കാരണങ്ങളാൽ വിതരണക്കാരെ ലഭിക്കാത്ത ഇനം മരുന്നുകളിൽ ഏറെ അത്യാവശ്യമുള്ളവ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തന്നെ സംരംഭമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന സംഭരിച്ച് ലഭ്യമാക്കുന്നുണ്ട്.
- അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്ത സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ഇനങ്ങളിൽപ്പെട്ടതുമായ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കാരുണ്യ ഫാർമസികൾ

276 (1707) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഔഷധവില നിയന്ത്രിക്കാനായി കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബ്രാൻഡഡ് മരുന്നുകൾക്ക് വില വളരെ അധികമായതിനാൽ ചേരുവനാമത്തിൽ വിൽക്കുന്ന മരുന്നുകൾക്കായി കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കുകയും അതിലൂടെ തന്നെ ജനറിക് മരുന്നുകൾ കൂടി വിൽക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) ഡോക്ടർമാർ ബ്രാൻഡ് പേരിനുപകരം ചേരുവനാമങ്ങൾ കുറിച്ചാലേ ഇത് പൂർണ്ണരീതിയിൽ പ്രാവർത്തികമാകുകയുള്ളൂ എന്നതിനാൽ ജനറിക് നാമം കുറിക്കണമെന്ന് ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ബ്രാൻഡഡ് മരുന്നുകൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലേയ്ക്കെത്തിക്കുക എന്ന് സദുദ്ദേശ്യത്തോടെ ആരംഭിച്ച് ഇപ്പോൾ കേരളത്തിലുടനീളം 55-ഓളം ഫാർമസികളുമായി മുന്നേറുന്ന കാരുണ്യ ഫാർമസിയുടെ പുതിയ സംരംഭമാണ് "കേരള ജനറിക്സ്". ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതുവിപണിയിൽ ലഭ്യമാകുന്ന ജനറിക് മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെ തുല്യഗുണ നിലവാരമുള്ളവയാണ്. ടി മരുന്നുകളിൽ കമ്പനികളുടെ മുദ്രയോ പ്രചാരണമോ നൽകാത്തതിനാൽ ഇത്തരം മരുന്നുകൾക്ക് ബ്രാൻഡ് മരുന്നുകളെ അപേക്ഷിച്ച് വിലകുറവാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അധീനതയിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി 111 ഇനം മരുന്നുകളാണ് കേരള ജനറിക്സ് വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിയ്ക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി ജനറിക്സ് മരുന്നുകൾ വിൽക്കുന്നതിനായി കേരള ജനറിക്സ് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ജനറിക് നാമം കുറിക്കുന്നതിന് ആരോഗ്യ വകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം

277 (1708) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിറ്റഴിക്കുന്ന 98 ശതമാനം അലോപ്പതി മരുന്നുകളും ഇതരസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് ഇത്തരം മരുന്നുകൾ നിർമ്മിക്കുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെ;

(ഡി) ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അഞ്ച് ശതമാനം മരുന്നുകളുടെപോലും ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമില്ലെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ മറ്റ സംസ്ഥാനങ്ങളിൽനിന്നെത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വിറ്റഴിക്കുന്ന 98% അലോപ്പതി മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് ഇവിടെ വിപണനം നടത്തുന്നവയാണ്. സംസ്ഥാന വിപണിയിൽ പ്രതി വർഷം ഏകദേശം ആറായിരം കോടി രൂപയുടെ മരുന്ന് വിറ്റ വരവ് നടക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് 60 ചെറുകിട മരുന്ന നിർമ്മാണ യൂണിറ്റുകൾ മാത്രമാണുള്ളത്. ഇത് വിപണിയിലെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല.

(ബി) കേരളത്തിലേയ്ക്ക് വിതരണം ചെയ്യുന്നതിനായുള്ള മരുന്നുകൾ അന്യസംസ്ഥാനങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിർമ്മിക്കുന്നതായുള്ള വാർത്താദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ അന്വേഷണത്തിൽ പുതുച്ചേരി കേന്ദ്രീകരിച്ചുള്ള ഒരു മരുന്ന് നിർമ്മാണശാലയെ കുറിച്ചാണ് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നതെന്നുള്ള അറിവ് ലഭ്യമാകുകയും, ടി മരുന്ന നിർമ്മാണശാലയെപ്പറ്റി വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും, അവിടെ നിർമ്മിക്കപ്പെടുന്ന മരുന്നിന്റെ സംസ്ഥാനത്തേക്കുള്ള വിതരണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും പുതുച്ചേരി ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുതുച്ചേരി ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടി സ്ഥാപനത്തിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും കേരളത്തിലെ ഏതെങ്കിലും വിതരണക്കാർക്ക് വേണ്ടി സ്ഥാപനം മരുന്നുകളൊന്നും തന്നെ നിർമ്മിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

(സി) നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ

(സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുന്നത്. ഇപ്രകാരം സാമ്പിൾ ചെയ്യപ്പെടുന്ന മരുന്നുകളിൽ ചിലത് ഭൗതിക കാരണങ്ങളാൽ (അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം, സൂര്യപ്രകാശം) നിശ്ചിത ഗുണനിലവാരം ഇല്ലാത്തതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം മരുന്നുകളുടെ വിതരണശൃംഖല കണ്ടെത്തി അവ വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കുകയും, നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യമായ മരുന്നുകൾ പർച്ചേസ് ചെയ്ത്, വിതരണം നടത്തുന്നത് കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനാണ് (കെ.എം.എസ്.സി.എൽ.) കോമ്പറ്റിറ്റീവ് ടെൻഡർ വഴിയാണ് കെ.എം.എസ്.സി.എൽ. മരുന്ന് സംഭരണം നടത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഉൽപന്നങ്ങളുടെ ഓരോ ബാച്ച് സപ്ലൈ ചെയ്യപ്പെടുമ്പോഴും അതിന്റെ ഗുണനിലവാര റിപ്പോർട്ട് കെ.എം.എസ്.സി.എൽ നിശ്ചയിച്ചിട്ടുള്ള NABL അക്രെഡിറ്റേഷനുള്ള ലാബുകളിൽ നിന്നും നിർമ്മാതാക്കൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ആകെ സംഭരിക്കുന്ന മരുന്ന് ബാച്ചുകളുടെ 10% കെ.എം.എസ്.സി.എൽ. നേരിട്ട് ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

കെ.എം.എസ്.സി.എൽ.-ന്റെ ഗുണനിലവാര പരിശോധനയിൽ ആവർത്തിച്ച് ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളെ കരിമ്പട്ടികയിലുൾപ്പെടുത്തി തുടർന്നുള്ള പർച്ചേസുകളിൽ നിന്നും ആയവ ഒഴിവാക്കാറുണ്ട്. മാത്രമല്ല, പരാതികളുടെ അടിസ്ഥാനത്തിൽ സമയ ബന്ധിതമായി അന്വേഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് മരുന്നുകൾ ഗുണനിലവാരമുള്ളവയാണോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പും ഉറപ്പു വരുത്തുന്നുണ്ട്.

(ഡി) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ സർക്കാർ തലത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് മരുന്ന് പരിശോധനാ ലാബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം പതിനായിരത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 5%-ത്തിൽ താഴെ മാത്രമാണ്. മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ വിപുലവും കർശനവുമാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നീ സ്ഥലങ്ങളിൽ പുതിയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ സാധിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന 99% മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കപ്പെടുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ ശേഖരണം, സംഭരണം, ഫോർമുലേഷൻ, ഇൻ പ്രോസസ് ക്വാളിറ്റി കൺട്രോൾ, അന്തിമ ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന, പാക്കിംഗ്, സംഭരണം, വിതരണം എന്നീ സങ്കീർണ്ണമായ പ്രക്രിയയിലൂടെയാണ് മരുന്ന് രോഗികളിലേക്കെത്തുന്നത്. മുകളിൽ വിവരിച്ചിരിക്കുന്ന ഓരോ ഘട്ടത്തിലും കർശനമായി പാലിക്കേണ്ടുന്ന കാര്യങ്ങൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെയുള്ള എല്ലാ മരുന്ന് നിർമ്മാതാക്കളും കർശനമായി പാലിച്ചാണ് മരുന്ന് നിർമ്മാണം നടത്തുന്നത്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് എന്നറിയപ്പെടുന്ന ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ എം-ൽ പ്രതിപാദിച്ചിരിക്കുന്ന മേൽപ്പറഞ്ഞ നിയമങ്ങൾ എല്ലാം തന്നെ ലോകാരോഗ്യ സംഘടനയുടെയും മറ്റ് വികസിത രാജ്യങ്ങളുടെയും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് ഒപ്പം നിൽക്കുന്നതാണ്. ഇത്തരം കർശനമായ നിയന്ത്രണങ്ങളിലും നിരീക്ഷണങ്ങളിലും നിർമ്മിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം അവയുടെ ഷെൽഫ് ലൈഫിലുടനീളം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകൾ നടത്തിവരുന്നു.

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

278 (1709) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മരുന്ന് വിൽപ്പന നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണനിലവാരം വിവിധ ഘട്ടങ്ങളിലായി ഉറപ്പാക്കി വിപണിയിലെത്തിക്കുന്ന ഉല്പന്നങ്ങൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം പുലർത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനായി ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്ന റാൻഡം സാമ്പിളുകളിൽ 5%ത്തിൽ താഴെ മാത്രം വിവിധ കാരണങ്ങളാൽ നിശ്ചിത ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) ഒരു മരുന്ന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുല്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽ തന്നെ ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുന്നത്. ഇപ്രകാരം സാമ്പിൾ ചെയ്യപ്പെടുന്ന മരുന്നുകളിൽ ചിലത് ഭൗതിക കാരണങ്ങളാൽ (അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം, സൂര്യപ്രകാശം മുതലായവ) നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം മരുന്നുകളുടെ വിതരണശൃംഖല കണ്ടെത്തി അവ വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും, നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും ആവശ്യമായ മരുന്നുകൾ പർച്ചേസ് ചെയ്ത്, വിതരണം നടത്തുന്ന കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.)-ന്റെ ഗുണനിലവാര പരിശോധനയിൽ ആവർത്തിച്ച് ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളെ കരിമ്പട്ടികയിലുൾപ്പെടുത്തി തുടർന്നുള്ള പർച്ചേസുകളിൽ നിന്നും ആയവ ഒഴിവാക്കാറുണ്ട്. മാത്രമല്ല, പരാതികളുടെ അടിസ്ഥാനത്തിലും സമയബന്ധിതമായി അന്വേഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് മരുന്നുകൾ ഗുണനിലവാരമുള്ളവയാണോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പും ഉറപ്പ് വരുത്തുന്നുണ്ട്.

ആയുർവേദ മരുന്നുകളുടെ പരസ്യങ്ങൾ

279 (1710) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങളെ വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മരുന്നുകളുടെ, പ്രത്യേകിച്ചും ആയുർവേദ മരുന്നുകളുടെ പരസ്യങ്ങൾ പത്ര-ദൃശ്യ-മാധ്യമങ്ങളിൽ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരസ്യങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാതെ പോകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പരസ്യങ്ങൾ വഴി ഇത്തരം മരുന്നുകൾ വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും സംസ്ഥാനത്ത് ആയുർവേദ മരുന്നുകളുടെ ഗുണനിലവാരപരിശോധന കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പരസ്യ നിയമ ലംഘനത്തിനെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ നടപടി സ്വീകരിച്ച 142 കേസ്സുകൾ കേരളത്തിലെ വിവിധ കോടതികളിൽ നടന്നു വരുന്നു. പരസ്യ നിയമത്തിന്റെ കീഴിൽ വരുന്ന 56 രോഗങ്ങളുടെ പേര് അലോപ്പതി നാമങ്ങൾ ആയതിനാലും ടി രോഗങ്ങളിൽ ഉൾപ്പെടാത്ത മറ്റു രോഗങ്ങളും ആയുർവേദ പേരുകളും ചേർത്ത് നിയമത്തിന്റെ ചില പഴുതുകൾ ഉപയോഗിച്ചുകൊണ്ട് പരസ്യങ്ങൾ ചെയ്തു വരുന്നുണ്ട്. മാത്രമല്ല പരസ്യ നിയമ ലംഘനത്തിന്റെ ശിക്ഷ വളരെ പരിമിതമായതിനാൽ ഇത് ആവർത്തിക്കാനുള്ള പ്രവണതയും കണ്ടു വരുന്നു. ആയതിനാലാണ് ഇത്തരത്തിലുള്ള പരസ്യങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നത്.

(സി) ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി പരിശോധനാ വിഭാഗത്തിൽ അധികമായി അനലിസ്റ്റുകളെ നിയമിക്കുന്നതിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാക്കനാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം

280 (1711) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാക്കനാട് നിർമ്മിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുള്ളതിനാൽ ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാക്കനാട് നിർമ്മിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭിയ്ക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ

281 (1712) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൂടുതൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രകൃതി ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും പ്രകൃതി ചികിത്സാ യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുകയും താൽകാലിക അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 50 കിടക്കകളുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രി 100 കിടക്കകളായി ഉയർത്താനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ

282 (1713) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള വൃദ്ധജനപരിപാലനവും, പീഡനവും, ബാലപീഡനവും സംബന്ധിച്ച കേസ്സുകൾ ഏതൊക്കെയാണ്; ഈ കേസ്സുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സാമൂഹ്യ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിലുള്ള അഗതി മന്ദിരങ്ങൾ ഏതൊക്കെയാണ്; ഇവിടങ്ങളിൽ നിലവിൽ എത്ര പേരെ പാർപ്പിച്ചിട്ടുണ്ട്; ഇവർ ആരൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും വൃദ്ധജന പരിപാലനവും പീഡനവുമായും ബന്ധപ്പെട്ട കേസ്സുകളൊന്നും സാമൂഹ്യനീതി വകുപ്പിന്റെ പത്തനംതിട്ട ജില്ലാ ആഫീസിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ജില്ലയിലെ 2 മെയിന്റനൻസ് ട്രൈബ്യൂണലുകളായ തിരുവല്ല, അടൂർ ആർ.ഡി.ഒ. ആഫീസുകളിൽ റിപ്പോർട്ട് ചെയ്ത കേസ്സുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	മെയിന്റനൻസ് ട്രൈബ്യൂണലിന്റെ പേര്	റിപ്പോർട്ട് ചെയ്ത കേസ്സുകളുടെ എണ്ണം	സ്വീകരിച്ച നടപടി	
			പരിഹരിച്ചത്	നടപടി തുടരുന്നത്
1	തിരുവല്ല	7	5	2
2	അടൂർ	9	6	3
	ആകെ	16	11	5

ബാല പീഡനവുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ വന്ന കേസ്സുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

നാളിതുവരെ റിപ്പോർട്ട് ചെയ്ത കേസ്സുകളുടെ എണ്ണം	സ്വീകരിച്ച നടപടി
18	കേസ്സുകൾ പോലീസിലേയ്ക്ക് റെഫർ ചെയ്യുകയും 4 കുട്ടികളെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുകയും 14 കുട്ടികളെ രക്ഷിതാക്കൾക്കൊപ്പം അയയ്ക്കുകയും ചെയ്തു. എല്ലാ കേസ്സുകളിലും കൗൺസിലിംഗ് നൽകുകയും ചെയ്തു.

(ബി) കുട്ടികൾ, സ്ത്രീകൾ, ദുർബലർ, വൃദ്ധർ, കൗമാരക്കാരായ പെൺകുട്ടികൾ, മാനസികാരോഗ്യ വിമുക്തി നേടിയിട്ടും വീട്ടുകാർ സ്വീകരിക്കാത്തവർ തുടങ്ങിയ വിഭാഗങ്ങളുടെ സംരക്ഷണവും പരിചരണവും ക്ഷേമവും വികസനവും പുനരധിവാസവുമാണ് സാമൂഹ്യനീതി വകുപ്പിന്റെ ലക്ഷ്യം. കൂടാതെ പ്രധാനപ്പെട്ട സാമൂഹ്യനീതി നിയമങ്ങളായ ജുവനൈൽ ജസ്റ്റീസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും) ആക്ട്, സ്ത്രീധന നിരോധന നിയമം, പ്രൊബേഷൻ ഓഫ് ഒഫെന്റേഴ്സ് ആക്ട്, ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ഉറപ്പുവരുത്തുന്ന നിയമം തുടങ്ങിയവ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നത് സാമൂഹ്യനീതി വകുപ്പാണ്. കൂടാതെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ നടത്തിപ്പും ഗവൺമെന്റിതര സംഘടനകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പിൻതുണയും സഹായവും സാമൂഹ്യനീതി വകുപ്പ് നൽകിവരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ സാമൂഹ്യ നീതി ഡയറക്ടറേറ്റും കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

1. കേരള സാമൂഹ്യ സുരക്ഷാ മിഷൻ
2. കേരള സംസ്ഥാന വനിതാ കമ്മീഷൻ
3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്
4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
5. കേരള സംസ്ഥാന കുട്ടികളുടെ ക്ഷേമ കൗൺസിൽ
6. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്.

7. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

8. കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്.

9. ഓർഫനേജ് കൺട്രോൾ ബോർഡ്.

10. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്ന പ്രധാന വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

1. കേരള സാമൂഹ്യ സുരക്ഷാ മിഷൻ

സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

2. കേരള സംസ്ഥാന വനിതാ കമ്മീഷൻ

കേരളത്തിൽ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുക, അവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. അദാലത്തുകൾ, ഗവേഷണ പഠനങ്ങൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി, നിർദ്ധനർക്കും പട്ടികവിഭാഗക്കാർക്കും സൗജന്യ ഡി.എൻ.എ. പരിശോധന, ഷോർട്ട് സ്റ്റേ ഹോം, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ നടത്തി വരുന്നു.

3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്

സംസാരശേഷിയും കേൾവിശേഷിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസമാണ് പ്രധാന ലക്ഷ്യം. കേൾവിശേഷി വിലയിരുത്തൽ, സംസാരശേഷി പുനഃസ്ഥാപിക്കൽ, സ്പീച്ച് തെറാപ്പി തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

സ്ത്രീകളുടെ ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന പദ്ധതികളുടെ രൂപീകരണത്തിനും നിർവ്വഹണത്തിനുമായി പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

5. കേരള സംസ്ഥാന കുട്ടികളുടെ ക്ഷേമ കൗൺസിൽ

ശിശുക്കളുടെ ജനനത്തിന് മുമ്പും ശേഷവുമുള്ള ക്ഷേമവും താല്പര്യവും മുൻ നിർത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ദത്തെടുക്കൽ കേന്ദ്രങ്ങൾ, അമ്മത്തൊട്ടിലുകൾ, അംഗൻവാടി പരിശീലന കേന്ദ്രങ്ങൾ എന്നിവ ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

6. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്.

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു. സന്നദ്ധ സംഘടനകൾക്ക് സഹായങ്ങൾ നൽകി കുട്ടികളുടെ ക്ഷേമത്തിന് വേണ്ടിയും സ്ത്രീശാക്തീകരണത്തിനുമായി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയാണ് ബോർഡിന്റെ ലക്ഷ്യം.

7. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ.

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതികൾ ചുവടെ പറയുന്നു :

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ടൈസൈക്കിൾ, വീൽ ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്ക് വേണ്ട ഹൈടെക് ലിമ്പ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ്പ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം, സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം എന്നിവ മാനദണ്ഡങ്ങൾക്ക് വിധേയമായി.

3. അംഗവൈകല്യമുള്ളവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി), ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്. എഫ്.ഡി.സി. വായ്പാ സബ്സിഡി.

4. അംഗവൈകല്യമുള്ളവർക്കുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി.

5. ജില്ലയിൽ ഉയർന്ന മാർക്ക് നേടുന്ന അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്.

6. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം, അംഗപരിമിതർക്ക് ബോധവൽക്കരണം മുതലായവ.

8. കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്

അംഗപരിമിതരുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 1995-ലെ കേന്ദ്ര വികലാംഗ നിയമപ്രകാരം രൂപീകൃതമായി. വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുക, അംഗപരിമിതർക്കുള്ള സേവനപദ്ധതികൾ കാര്യക്ഷമമാക്കുക, ഗവേഷണം, ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

9. ഓർഫനേജ് കൺട്രോൾ ബോർഡ്

ഓർഫനേജ് & അതർ ചാരിറ്റബിൾ ഹോംസ് (സൂപ്പർ വിഷൻ & കൺട്രോൾ) ആക്ട്, പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് എന്നിവ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയും ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകുകയും ചെയ്യുന്നു.

10. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലവിലുള്ള ഏത് നിയമത്തിലുമുള്ള വ്യവസ്ഥകൾ പരിശോധിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുന്നതിനുമുള്ള അധികാരം ബാലാവകാശ ലംഘനവും നിഷേധവും സംബന്ധിച്ച കേസ്സുകൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും അത്തരം കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അധികാരം, ഉചിതമായ കേസ്സുകളിൽ നഷ്ടപരിഹാരം നൽകുവാൻ ശിപാർശ ചെയ്യുന്നതിനുള്ള അധികാരം എന്നിവ ബാലാവകാശ കമ്മീഷനിൽ നിക്ഷിപ്തമാണ്.

(സി) ആറന്മുള നിയോജകമണ്ഡലത്തിൽ കോഴഞ്ചേരിയിൽ സാമൂഹ്യനീതി വകുപ്പിന്റെ ഗവ. മഹിളാ മന്ദിരം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ 18 വയസ്സിന് താഴെയുള്ള 22 പെൺകുട്ടികളും 18 വയസ്സിന് മുകളിലുള്ള 35 സ്ത്രീകളും ഉൾപ്പെടെ 57 പേർ താമസക്കാരായിട്ടുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 10 അഗതി മന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത അഗതി മന്ദിരങ്ങളിൽ പാർപ്പിച്ചിട്ടുള്ള അന്തേവാസികൾ ആരൊക്കെയാണെന്നുള്ള വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർഭയ പദ്ധതി

283 (1714) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ ആവിഷ്കരിച്ചിട്ടുള്ള 'നിർഭയ' പദ്ധതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്ത്രീകൾക്കും പെൺകുട്ടികൾക്കും സമൂഹത്തിൽ സുരക്ഷയില്ലാത്ത സ്ഥിതി മാറ്റിയെടുക്കാനായി നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) അതിക്രമത്തിന് ഇരയാകുന്നവരെ സംരക്ഷിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുൻപാകെ കൊണ്ടുവരുന്നതിനും ഏതുതരത്തിലുള്ള ഇടപെടലുകൾ നടത്തുമെന്ന് അറിയിക്കാമോ;

(ഡി) ഈ വിഷയം കൈകാര്യം ചെയ്യുന്ന വിവിധ തലങ്ങളിലുള്ള സമിതികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 18 അംഗ എക്സിക്യൂട്ടിവ് കമ്മിറ്റി നിർഭയ പദ്ധതിയുടെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ട്. നിർഭയ പദ്ധതിയുടെ പ്രധാനപ്പെട്ട 4 മേഖലകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് നിർഭയ സെൽ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

1. വൺ സ്റ്റോപ്പ് സെന്ററുകൾ :

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കാൻ ആവശ്യമായ ശാരീരിക/മാനസിക/വൈദ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമോപദേശം, താൽക്കാലിക താമസ സൗകര്യങ്ങൾക്ക് എമർജൻസി ഷെൽട്ടർ ഹോം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നതാണ്.

2. മോഡൽ ഷെൽട്ടർ ഹോം :

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായവരെ കൂടുതൽ മെച്ചപ്പെട്ട സാഹചര്യത്തിൽ പരിചരിക്കുന്നതിനായി 2 മോഡൽ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. ആഫ്റ്റർ കെയർ ഹോം :

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായി നിർഭയ ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്നവരെ ശാക്തീകരിച്ച് സ്വാശ്രയരാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനുമായി ഒരു ആഫ്റ്റർ കെയർ ഹോം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

4. ഉടൻ ആശ്വാസ ഫണ്ട് (Immediate Relief Fund) :

ലൈംഗികാതിക്രമങ്ങൾ, ആസിഡ് അറ്റാക്ക്, മറ്റ് ഗുരുതരമായ അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ ചികിത്സയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഒരു ഫണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാനത്തെ 10 ജില്ലകളിലായി 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ 1800 425 1400 പ്രവർത്തിപ്പിച്ചു വരുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്ന വനിതകൾ/കുട്ടികൾക്ക് ഒരു കുടക്കീഴിൽ സൗജന്യ വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് 14 ജില്ലകളിലായി 21 സർക്കാർ ആശുപത്രികളിൽ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. അതിക്രമത്തിന് വിധേയരാകുന്നവർക്ക് ശാരീരിക/മാനസിക ശക്തി പകർന്ന് നൽകി കുറ്റക്കാർക്കെതിരെ മൊഴി നൽകാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടുകൂടി

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 5 വൺസ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസ്സുകൾ ചാർജ്ജ് ചെയ്യുവാനും എത്രയും വേഗം കോടതിയിൽ എത്തിക്കുവാനും സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 അതിവേഗകോടതികൾ പ്രവർത്തിച്ചു വരുന്നു.

(ഡി) കൂടുതൽ ജാഗ്രതയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള വാർഡുതല, പഞ്ചായത്തുതല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ടി സമിതികളിലെ അംഗങ്ങൾക്ക് 'കില' വഴി പരിശീലനം നൽകി വരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള നിർഭയ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ നിർഭയ കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

ചൈൽഡ് വെൽഫെയൽ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ്ബോർഡുകളുടെയും പുനഃസംഘടന

284 (1715) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ദിനേശൻ കെ.കെ. അദ്ധ്യക്ഷനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഗസ്റ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളുടെ യോഗ്യതയും മറ്റും നിശ്ചയിച്ചു കൊണ്ടുള്ള ചട്ടം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പോറ്റി വളർത്തൽ പദ്ധതി

285 (1716) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജില്ല ശിശുക്ഷേമ യൂണിറ്റുകൾ നടത്തുന്ന 'പോറ്റി വളർത്തൽ പദ്ധതി'യുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) എന്തൊക്കെ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് പോറ്റി വളർത്തൽ പദ്ധതിയുടെ ലക്ഷ്യം.

(ബി) സമ്മർ വെക്കേഷൻ സമയത്ത് ചില ജില്ലകളിൽ വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതി പരീക്ഷിച്ചുനോക്കിയിട്ടുള്ളതാണ്. ചിൽഡ്രൻസ് ഹോമുകളിൽ നിന്നും വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതി അനുസരിച്ച് മറ്റ് കുടുംബങ്ങളിൽ സംരക്ഷിക്കപ്പെട്ട കുട്ടികൾക്ക് ആഹ്ലാദകരമായ രീതിയിൽ വെക്കേഷൻ കാലം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്ക് മാത്രമല്ല അവരെ താല്പര്യപൂർവ്വം സംരക്ഷിച്ച ഫോസ്റ്റർ രക്ഷിതാക്കൾക്കും ആഹ്ലാദകരമായിരുന്നു. സംസ്ഥാനമൊട്ടാകെ 110 കുട്ടികളെ വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതിക്ക് നൽകി. അതിൽ 97 കുട്ടികൾ വിജയകരമായി പോറ്റി വളർത്തൽ കാലയളവ് പൂർത്തിയാക്കി.

(സി) 1. പോറ്റി വളർത്തൽ പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി അതത് ജില്ലയിലെ സി.ഡബ്ല്യു.സി.യിൽ നിന്നും വാങ്ങണം.

2. സി.ഡബ്ല്യു.സി.യുടെ അനുമതി ലഭ്യമായാൽ പോറ്റി വളർത്തൽ പദ്ധതിക്ക് നിയോഗിക്കാൻ സാധിക്കുന്ന കുട്ടികളെ കണ്ടു പിടിക്കണം.

3. കുട്ടികൾക്ക് ഹ്രസ്വകാലയളവിലേയ്ക്ക് എല്ലാവിധ സംരക്ഷണവും നല്കി സന്തോഷകരമായി ജീവിതം നൽകാൻ താല്പര്യവും പ്രാപ്തിയുമുള്ള രക്ഷിതാക്കളെ കണ്ടെത്തണം.

4. കുട്ടികളെ ഏറ്റെടുത്ത് സംരക്ഷിക്കാൻ താല്പര്യം പ്രകടിപ്പിച്ച രക്ഷിതാക്കളെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി അവരുടെ സംരക്ഷണയിൽ കുട്ടികൾ സുരക്ഷിതരായിരിക്കുമെന്ന് ഉറപ്പ് വരുത്തണം.

5. സി.ഡബ്ല്യു.സി.-യുടെ അനുമതി വാങ്ങി കുട്ടികളെ പോറ്റി വളർത്തൽ പദ്ധതിക്ക് നിയോഗിക്കണം.

6. പോറ്റി വളർത്തൽ പദ്ധതിക്ക് വിടുന്നതിന് മുമ്പ് കുട്ടികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തണം. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗും നല്കണം.

7. കുട്ടികളെ പോറ്റി വളർത്തൽ പദ്ധതി പ്രകാരം കുടുംബങ്ങളിൽ വിട്ടാൽ ഡി.സി.പി.യു.-വിലെ ഉദ്യോഗസ്ഥരുടെ സൂക്ഷ്മനിരീക്ഷണം അത്യാവശ്യമാണ്. ഡി.സി.പി.യു-വിലെ ഉദ്യോഗസ്ഥർ ക്രമമായി കുടുംബങ്ങൾ സന്ദർശിക്കേണ്ടതും ഫോസ്റ്റർ രക്ഷിതാക്കളോടൊപ്പം കഴിയുന്ന കുട്ടികൾ സുരക്ഷിതരാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

8. പോറ്റി വളർത്തൽ പദ്ധതിയിൽ കഴിയുന്ന കുട്ടികളെക്കുറിച്ചുള്ള റിപ്പോർട്ട് ആഴ്ചതോറും സി.ഡബ്ല്യു.സി.യ്ക്കും സ്ഥാപന സൂപ്രണ്ടിനും നൽകണം.

9. പോറ്റി വളർത്തൽ പദ്ധതി പ്രകാരം മറ്റ കുടുംബങ്ങളിൽ കഴിയുന്ന കുട്ടികളെ സന്ദർശിക്കാൻ അവരുടെ യഥാർത്ഥ മാതാപിതാക്കൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

10. പോറ്റി വളർത്തൽ പദ്ധതി ആരും ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ജില്ലാ ശിശുസംരക്ഷണ ഓഫീസർ ഉറപ്പു വരുത്തണം.

11. പോറ്റി വളർത്തൽ പദ്ധതിക്ക് വിട്ടിട്ടുള്ള കുട്ടികളുടെ വ്യക്തിഗത ശ്രദ്ധ പദ്ധതി (Individual Care Plan)യിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം.

12. സ്ഥാപന സൂപ്രണ്ട് അടുത്തുകൂടുന്ന മാനേജിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അവതരിപ്പിക്കുകയും പോറ്റി വളർത്തൽ പദ്ധതിക്ക് വിട്ടിട്ടുള്ള കുട്ടികളുടെ അവസ്ഥ അറിയിക്കുകയും വേണം.

സാമൂഹ്യനീതി വകുപ്പിൽ പഞ്ചിംഗ്

286 (1717) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ പഞ്ചിംഗ് നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതും സ്ഥാപിക്കാത്തതുമായ സ്ഥാപനങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് ചെയ്യാത്ത ജീവനക്കാരുണ്ടോ; ഇവർ ഏത് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരാണ്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വകുപ്പിന് കീഴിലുള്ള പഞ്ചിംഗ് മെഷീൻ സ്ഥാപിക്കാത്ത സ്ഥാപനങ്ങളിൽ, അത് സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) ടി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതിന് ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-7-2013 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 322/2013/സാ.നീ.വ. ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ ബയോമെട്രിക് പഞ്ചിംഗ് നടപ്പിലാക്കിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(ബി)

ക്രമ നമ്പർ	ജില്ല	പഞ്ചിംഗ് മെഷീൻ സ്ഥാപിച്ച ആഫീസുകൾ	പഞ്ചിംഗ് മെഷീൻ സ്ഥാപിക്കാത്ത ആഫീസുകൾ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	29	9

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(1)	(2)	(3)	(4)
2	കൊല്ലം	22	5
3	പത്തനംതിട്ട	13	3
4	ആലപ്പുഴ	16	6
5	കോട്ടയം	17	4
6	ഇടുക്കി	14	1
7	എറണാകുളം	24	7
8	തൃശ്ശൂർ	24	6
9	പാലക്കാട്	22	3
10	മലപ്പുറം	30	5
11	കോഴിക്കോട്	22	12
12	വയനാട്	9	3
13	കണ്ണൂർ	22	6
14	കാസർഗോഡ്	13	2
	ആകെ	277	72

(സി) ഉണ്ട്, സാമൂഹ്യനീതി വകുപ്പിൽ ക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാരും, ഫീൽഡ് സ്റ്റാഫ് ആയ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരും നിലവിൽ പഞ്ച് ചെയ്യ വരുന്നില്ല. ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ	ആകെ
1	തിരുവനന്തപുരം	60	112	172
2	കൊല്ലം	33	99	132
3	പത്തനംതിട്ട	11	47	58
4	ആലപ്പുഴ	30	78	108
5	കോട്ടയം	27	63	90
6	ഇടുക്കി	6	55	61
7	എറണാകുളം	37	94	131
8	തൃശ്ശൂർ	29	84	113
9	പാലക്കാട്	8	105	113
10	മലപ്പുറം	20	140	160
11	കോഴിക്കോട്	80	104	184
12	വയനാട്	11	42	53
13	കണ്ണൂർ	17	98	115
14	കാസർഗോഡ്	13	39	52
	ആകെ	382	1160	1542

ക്ഷേമ സ്ഥാപനങ്ങളിൽ നിലവിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ഫീൽഡ് സ്റ്റാഫുകളാണ്. ഇവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കാത്ത സ്ഥാപനങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഒരു സംസ്ഥാനതല പ്രോജക്ടാണ്. രണ്ടു ഘട്ടമായിട്ടാണ് സാമൂഹ്യനീതി വകുപ്പിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ആദ്യ ഘട്ടത്തിന് 16,59,961 രൂപയും രണ്ടാം ഘട്ടത്തിന് 1,28,08,892 രൂപയും ചെലവായിട്ടുണ്ട്.

സ്കൂൾ കൗൺസിലർമാർ

287 (1718) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യനീതി വകുപ്പിന് കീഴിൽ എത്ര സ്കൂൾ കൗൺസിലർമാർ ജോലി ചെയ്യുവരുന്നുണ്ട്; അവർക്ക് പ്രതിമാസം നൽകിവരുന്ന ഓണറേറിയം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിലവിൽ സംസ്ഥാനത്ത് 587 സ്കൂൾ കൗൺസിലർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യു വരുന്നുണ്ട്. അവർക്ക് പ്രതിമാസം 12,500 രൂപ ഓണറേറിയമായി നൽകി വരുന്നു. ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ആഫ്റ്റർ കെയർ പ്രോഗ്രാം

288 (1719) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജയിൽ മോചിതരായ കുറ്റവാളികളേയും അക്രമത്തിനിരയായവരെയും പ്രത്യേകിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിന് 'ആഫ്റ്റർ കെയർ' പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ളവർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് നൈപുണ്യ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ നേടുന്നതിനുള്ള ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) സാമൂഹിക നീതി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോമിൽ നിന്ന് വിടുതൽ ചെയ്യുന്ന ആൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 'ആഫ്റ്റർ കെയർ ഹോം' ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജയിൽ മോചിതരായ കുറ്റവാളികളെയും അക്രമത്തിനിര യായവരെയും പ്രത്യേകിച്ച് ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയും പുനരധിവസിപ്പി ക്കുന്നതിന് ആഫ്റ്റർ കെയർ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ളവർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ നേടുന്നതിനുമുള്ള ധനസഹായം നൽകുന്ന പദ്ധതി നിലവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോമിൽ നിന്ന് വിടുതൽ ചെയ്യുന്ന ആൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി തലശ്ശേരിയിൽ ഒരു ആഫ്റ്റർ കെയർ ഹോം നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പുതുതായി ആഫ്റ്റർ കെയർ ഹോമുകൾ ആരംഭിക്കുന്നതിലേയ്ക്കായി 2017-18 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആഫ്റ്റർ കെയർ ഹോമുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു.

അംഗൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം

289 (1720) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനത്തിന്റെ പകുതി പഞ്ചായത്തുകൾ നൽകണമെന്ന നിർദ്ദേശം നടപ്പാക്കാൻ കഴിയാതെ പല പഞ്ചായത്തുകളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിപ്പിച്ച വേതനം പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് അനുവദിച്ച വർദ്ധിപ്പിച്ച വേതനം സർക്കാർ പൂർണ്ണമായും നേരിട്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

അംഗവൈകല്യം സംഭവിച്ചവർക്കായി സർവ്വേ

290 (1721) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗവൈകല്യം സംഭവിച്ചവർക്കായി ഒരു സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ആക്ഷൻ പ്ലാൻ രൂപീകരണം, വ്യക്തിഗത കെയർ പ്ലാൻ, വൈകല്യനിർണ്ണയം എന്നിവ ആരംഭിച്ചിട്ടുണ്ടോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പരിപാടി ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള സാമൂഹ്യ സുരക്ഷ മിഷനാണ് പ്രസ്തുത പരിപാടി ആവിഷ്കരിക്കുന്നത്.

(ഡി) അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' ക്യാമ്പയിൻ എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അനുയാത്രയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികകൾ
3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം

5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം

6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ.

8. സ്പെഷ്യൽ അങ്കണവാടികൾ

9. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ.

10. കാതോരം

11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

12. ഹെൽപ്പ് ഡെസ്ക്

13. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

14. കറക്ഷൻ സർജറികൾ

15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്

16. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റന്റ് ലിവിംഗ് ഹോമുകളും

17. വ്യക്തിഗത പരിപാലന പ്ലാൻ

18. ദേശീയ ശില്പശാല

19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം.

20. വിവര വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങൾ (IEC)

കൊട്ടാരക്കര മണ്ഡലത്തിലെ അംഗൻവാടികൾ

291 (1722) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുതഅംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനോ സ്ഥലം ലഭ്യമാക്കാനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാക്കുന്ന ധനസഹായ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ സംബന്ധിച്ച വിവരവും പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനും, സ്ഥലം ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 1. <u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുള്ള അങ്കണവാടി കെട്ടിട നിർമ്മാണം (MGNREGS)</u> :

2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ APIP പ്രകാരം MGNREGS-മായി ചേർന്ന് 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS-ഉം 2 ലക്ഷം രൂപ വകപ്പും (ആയത് 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കണം) ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നു. MGNREGS പ്രകാരം കെട്ടിടം നിർമ്മിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

2. <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u> :

ഓരോ സാമ്പത്തിക വർഷത്തിലും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 200 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 13 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 40 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഫണ്ടിൽ ഉൾപ്പെടുത്തി 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 228 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണചെലവിന്റെ 40% ബന്ധപ്പെട്ട LSGD വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(3) മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം :

ഓരോ നിയോജക മണ്ഡലത്തിലും ഒന്ന് വീതം എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകപ്പും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട MLA-യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

അംഗപരിമിതരായ ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യവും സ്ഥലം മാറ്റവും ലഭിക്കുന്നതിന് നടപടി

292 (1723) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ താത്കാലികമായി ജോലി ചെയ്തതും സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം ലഭിച്ചതുമായ അംഗപരിമിതരായ ജീവനക്കാർക്ക് ഇൻക്രിമെന്റ് ഒഴികെ യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങളും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓഫീസിലെ ജോലിഭാരം കണക്കിലെടുക്കാതെ നിയമനം ലഭിച്ച ഈ വിഭാഗത്തിൽപെട്ട ജീവനക്കാർക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; സ്ഥലംമാറ്റ ആനുകൂല്യം ഇവർക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) 16-8-1999 മുതൽ 31-12-2003 വരെ കാലയളവിൽ ജോലി ചെയ്തവരും 18-5-2013-ലെ സ.ഉ.(പി)നമ്പർ 40/13/സാ.നീ.വ. ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ പുനർനിയമനം ലഭിച്ചതുമായ അംഗപരിമിതരായ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച പുറപ്പെടുവിച്ച 3-2-2016-ലെ സ.ഉ.(പി)നമ്പർ1/16/സാ.നീ.വ. ഉത്തരവ് പ്രകാരം പ്രൊബേഷൻ, സീനിയോറിറ്റി, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം ഒഴികെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ടി ജീവനക്കാർക്ക് അനുവദനീയമാണ്.

(ബി) ടി അംഗപരിമിത ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം സ്ഥലം മാറ്റം അനുവദനീയമല്ല. എന്നിരുന്നാലും ടി വിഷയത്തിൽ അതാത് വകുപ്പിന് മാനുഷിക പരിഗണന നൽകി തീരുമാനമെടുക്കാവുന്നതാണ്.

അംഗപരിമിതരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി

293 (1724) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ അംഗപരിമിതരുടെ ക്വാട്ടയിൽ ജോലിയിൽ പ്രവേശിച്ചവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനിയിലുണ്ടോ;

(ബി) ഇതിനായി അംഗപരിമിതരുടെ സംഘടനകൾ സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അംഗപരിമിതരുടെ വിരമിക്കൽ പ്രായം ഉയർത്തുന്നതിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പരിഗണനയിലില്ല.

യാചക പുനരധിവാസകേന്ദ്രങ്ങൾ

294 (1725) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാചകപുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേന്ദ്രങ്ങളുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) യാചക പുനരധിവാസ കേന്ദ്രത്തിൽ എത്തിക്കപ്പെട്ടവർ അവിടം വിട്ടുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) എങ്കിൽ യാചകരുമായി ബന്ധപ്പെട്ട ഭിക്ഷാടനമാഫിയയാണ് ഇതിന്റെ പിന്നിലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഇത്തരം ഭിക്ഷാടനമാഫിയകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിയ്ക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) യാചകരെയും അലഞ്ഞുതിരിയുന്നവരെയും സംരക്ഷിക്കുകയും അവരുടെ പുനരധിവാസം ഉറപ്പാക്കുകയും ചെയ്യുക എന്നുള്ള ലക്ഷ്യത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന യാചക പുരനധിവാസ കേന്ദ്രങ്ങൾക്ക് ഓർഫനേജ്

കൺട്രോൾ ബോർഡ് അംഗീകരം നൽകുന്നുണ്ട്. ഗ്രാന്റിന് അനുമതിയുള്ള യാചക മന്ദിരങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഗ്രാന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥരും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. അഭയസ്ഥാനമില്ലാതെ നഗരത്തിലെ ബസ് സ്റ്റാന്റിലും മറ്റും എത്തപ്പെടുന്ന യാത്രികർക്കും അതുപോലെ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാല അഭയകേന്ദ്രമായി 'എന്റെ കൂട്' എന്ന പദ്ധതി കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഇവിടെ എത്തപ്പെടുന്ന അന്തേവാസികൾക്ക് താൽക്കാലിക അഭയസ്ഥാനം ഒരുക്കിയും പുനരധിവാസം ആവശ്യമായവർക്ക് ടി സ്ഥാപനങ്ങൾ വഴി പുനരധിവാസം സാധ്യമാക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുടെ താൽക്കാലിക പുനരധിവാസത്തിനും ചികിത്സയ്ക്കുമായി എറണാകുളം ജില്ലയിൽ തെരുവോരം അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തെരുവ് വെളിച്ചം പ്രോജക്ടിന് സർക്കാർ സഹായം അനുവദിക്കുന്നുണ്ട്. ഈ പ്രോജക്ടിലൂടെ താൽക്കാലിക അഭയം നൽകുന്നവരെ ടി സ്ഥാപനങ്ങളിലൂടെ പുനരധിവാസം സാധ്യമാക്കുകയോ അവരവരുടെ വീടുകളിൽ എത്തിക്കുകയോ ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

തെരുവിൽ യാചകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരും അനാഥരുമായ ആളുകളെ കണ്ടെത്തിയാൽ അടിയന്തിര ആവശ്യപ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവയ്ക്കായി ചെലവഴിക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും കണ്ടിൻജസി ഫണ്ട് ഇനത്തിൽ ഓരോ വർഷവും 10,000 രൂപ വീതം അനുവദിച്ച് നൽകുന്നുണ്ട്. ഇത്തരത്തിലുള്ള ആൾക്കാരെ കണ്ടെത്തിയാൽ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ഏതെങ്കിലും പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിച്ച് പുനരധിവാസം സാധ്യമാക്കുന്നുണ്ട്. ഭിക്ഷാടനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പോലീസിന്റെ സഹായത്തോടെ ഇത്തരത്തിലുള്ള ആൾക്കാരെ ഏതെങ്കിലും യാചകമന്ദിരങ്ങളിൽ എത്തിച്ച് പുനരധിവസിപ്പിക്കുന്നു. ഗ്രാന്റുകൾ കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ട്.

(സി) അത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും മുൻകരുതൽ എന്ന നിലയ്ക്ക് പോലീസിലെ രഹസ്യാന്വേഷണ വിഭാഗം, ഷാഡോ പോലീസ് കൂടാതെ മൊബൈൽ പട്രോളിംഗ് എന്നിവയുടെ സഹായത്തോടുകൂടിയും ബീറ്റ് സഞ്ചരിക്കുന്ന സമയത്തും എല്ലാത്തരം ഭിക്ഷാടന പ്രവർത്തനങ്ങളെയും പ്രത്യേകം ശ്രദ്ധിക്കുന്നു. കൂടാതെ റെയിൽവേ സ്റ്റേഷൻ - ബസ് സ്റ്റാൻഡ് പരിസരങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നു.

എ.എ.വൈ.,എ.പി.എൽ., ബി.പി.എൽ.-കാർക്ക് ഭക്ഷ്യധാന്യം വിതരണം

295 (1726) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എ.എ.വൈ., എ.പി.എൽ., ബി.പി.എൽ വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി എന്തൊക്കെ ഭക്ഷ്യ ധാന്യങ്ങളാണ് ലഭിച്ചുവരുന്നത്;

(ബി) ഈ ഭക്ഷ്യധാന്യങ്ങൾ എത്ര അളവ് വീതമാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റേഷൻ കടകൾ വഴി അരിയും ഗോതമ്പുമാണ് ഭക്ഷ്യ ധാന്യങ്ങളായി നൽകി വരുന്നത്. ഇത് കൂടാതെ എല്ലാ വിഭാഗത്തിനും മണ്ണെണ്ണയും മുൻഗണനാ വിഭാഗത്തിന് പഞ്ചസാരയും നൽകി വരുന്നു.

(ബി)

വിഭാഗം	അരി	ഗോതമ്പ്	പഞ്ചസാര	മണ്ണെണ്ണ
(1)	(2)	(3)	(4)	(5)
എ.എ.വൈ.	കാർഡിന് 28 കി.ഗ്രാം സൗജന്യമായി	കാർഡിന് 7 കി.ഗ്രാം സൗജന്യമായി	കാർഡിലെ ഓരോ അംഗത്തിനും 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ	വൈദ്യുതീകരിച്ച കുടുംബത്തിന് ½ ലിറ്ററും വൈദ്യുതീകരിക്കാത്ത കുടുംബത്തിന് 4 ലിറ്ററും ലിറ്ററിന് 21/- രൂപ നിരക്കിൽ
എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗം (Priority)	കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി	കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി		
മുൻഗണനേതര വിഭാഗം (സബ്സിഡി)NP(S)	കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2 രൂപ നിരക്കിൽ	ഇല്ല	ഇല്ല	

(1)	(2)	(3)	(4)	(5)
മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS)	ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 8 കി.ഗ്രാം ഭക്ഷ്യധാന്യം,അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന്6.70 രൂപ നിരക്കിലും.	ഇല്ല.		

റേഷൻ കാർഡ് വിതരണം

296 (1727) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ, ആനുകൂല്യം ലഭിക്കുന്നവരുടെ മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടത് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടത് പരിശോധിക്കുന്നതിന് വേണ്ടി എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ ഓഫീസർമാർക്കും 18-3-2017-ന് നിർദ്ദേശം നൽകുകയും അതിന്റെ ക്രമമായ തുടർനടപടികൾ നിരീക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ അനർഹരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതാണ്.

(ബി) സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ല കളക്ടർ ചെയർമാനും, ജില്ലാ സപ്ലൈ ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി

ജനറൽ, ജില്ലാ സോഷ്യൽ വെൽഫെയൽ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരത്തിനായി നൽകുകയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് ലഭിച്ച പരാതിയിൻമേൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അന്വേഷണം നടന്നു വരുന്നു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന പ്രകാരം റീ-റാങ്കിംഗ് നടത്തി അർഹരെ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതാണ്.

മൂന്നാറിൽ പെട്രോൾ പമ്പ്

297 (1728) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ സിവിൽ സപ്ലൈസ് വകുപ്പ് പെട്രോൾ പമ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പെട്രോൾ പമ്പ് ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇത് സംബന്ധിച്ച് സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുവാൻ മൂന്നാർ ഡിപ്പോ മാനേജരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതയ്ക്ക് അഭിമുഖമായി 20 സെന്റിൽ കുറയാതെ സ്ഥലം 30 വർഷത്തേയ്ക്ക് ലീസിന് ലഭിക്കുകയും ടി സ്ഥലത്ത് പമ്പ് തുടങ്ങിയാൽ ലാഭകരമായിരിക്കുമോ എന്നതും കൂടി പരിശോധിച്ച് ഓയിൽ കമ്പനി അധികൃതരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ

298 (1729) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ ഏർപ്പെടുത്തുന്നത് പൊതു വിപണിയിലെ അരി വില കുറയ്ക്കുന്നതിന് സഹായകരമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് റേഷൻ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) റേഷൻ കാർഡിനായി ഇതുവരെ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ഇപ്പോൾ അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള അവസരം എന്നുമുതൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളെ റേഷൻ വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് അധിക ഭക്ഷ്യധാന്യ വിഹിതം ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി വിഭാഗങ്ങളുടെ കൃത്യമായ വിവരങ്ങൾ പോലീസ്, ഹെൽത്ത്, സ്റ്റാറ്റിസ്റ്റിക്സ്, തൊഴിൽ തുടങ്ങിയ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ ത്വരിത നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ഇവർക്ക് റേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) ഇല്ല. റേഷൻ കാർഡ് വിതരണം പൂർത്തിയായ ശേഷം പുതിയ റേഷൻ കാർഡിന് അപേക്ഷിക്കാവുന്നതാണ്.

രണ്ട് രൂപ നിരക്കിലുള്ള അരി

299 (1730) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ സോഫ്റ്റ്വെയറിലെ അപാകതമൂലം സംസ്ഥാനത്തെ പതിനേഴ് ലക്ഷം പേർക്ക് ലഭിച്ചുകൊണ്ടിരുന്ന രണ്ട് രൂപ നിരക്കിലുള്ള അരി നഷ്ടമാകുന്ന സാഹചര്യമുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പുതിയ റേഷൻ കാർഡ്

300 (1731) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരെ തരംതിരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകൾ മുൻഗണനാ പട്ടിക പരിശോധിച്ച് കുറവുകൾ പരിഹരിച്ച് അംഗീകരിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ടി ജില്ലാ കളക്ടർമാർക്ക് നൽകിയ പരാതികളിൽ തീർപ്പ് കൽപ്പിച്ചുവോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ16/2011/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ112/2012/ത.സ്വ.ഭ.വ, 3-12-2015-ലെ സ.ഉ.(സാധാ)നമ്പർ 392/15/ഭ.പൊ.വി.വ., 21-7-2015-ലെ 236750/ബി3/15/ഭ.സി.സ.വ കത്ത്, 29-8-2016-ലെ സ.ഉ.(കൈ)നമ്പർ11/16/ഭ.പൊ.വി.വ എന്നീ രേഖകളെ അടിസ്ഥാനപ്പെടുത്തിയാണ് മാനദണ്ഡങ്ങൾ തീരുമാനിച്ചത്.

(സി) 547 ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച്/ഭേദഗതികളോടെ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ഡി) ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിക്ക് ലഭിച്ച പരാതികളെല്ലാം തന്നെ പരിഹരിച്ചിട്ടുണ്ട്. ആയതിനുശേഷം ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അന്വേഷണം നടന്നു വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പുതിയ റേഷൻ കാർഡിന് വേണ്ടി അപേക്ഷ

301 (1732) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ എത്ര ശതമാനം പേർ പുതിയ റേഷൻ കാർഡിന് വേണ്ടി അപേക്ഷ നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ റേഷൻ കാർഡിനും റേഷനും വേണ്ടി ഫോട്ടോ എടുക്കുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുമോ?

ഉത്തരം

(എ&ബി) റേഷൻ കാർഡ് പുതുക്കലിനുള്ള നടപടികളാണ് നടന്നുവരുന്നത്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ ഇപ്പോൾ സ്വീകരിക്കുന്നില്ല. പുതുക്കൽ നടപടികൾ പൂർത്തിയായ ശേഷം ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ഭക്ഷ്യ ഭദ്രത മുൻഗണനാ പട്ടിക

302 (1733) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രത മുൻഗണനാ പട്ടിക തയ്യാറാക്കിയപ്പോൾ, അതികഠിനമായ രോഗങ്ങളാൽ പ്രയാസപ്പെടുന്നവരെപ്പോലും പരിഗണിക്കാത്തതായി ഉണ്ടായിട്ടുള്ള വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ, ഡയാലിസിസ് ചെയ്യേണ്ട വൃക്കരോഗികൾ തുടങ്ങിയ രോഗങ്ങൾക്ക് അടിമകളായ സാധാരണക്കാരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാൻസർ, ഡയാലിസിസ് ചെയ്യേണ്ട വൃക്ക രോഗികൾ തുടങ്ങിയ മാരക രോഗങ്ങൾ ഉള്ള വ്യക്തികൾ ഉൾപ്പെടുന്ന കാർഡുകളിൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട വരികയാണെങ്കിൽ മാത്രമാണ് മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള കാർഡുകളിൽ ചികിത്സാർത്ഥമുള്ള സ്റ്റേറ്റ് പ്രയോറിറ്റി എന്ന സീൽ ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ

303 (1734) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് വ്യാപക പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികൾ ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എത്ര പരാതികളാണ് ഇതിനകം ലഭിച്ചതെന്നും അതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പട്ടിക വിഭാഗത്തിൽപെട്ടവരും മത്സ്യത്തൊഴിലാളികളും മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായപ്പോൾ വിദേശത്ത് ജോലിയുള്ള വ്യക്തികളുടെ കുടുംബങ്ങൾ മുൻഗണനാ പട്ടികയിൽ കടന്ന് കയറാനിടയായ സാഹചര്യം പരിശോധിക്കുമോ?

ഉത്തരം

(എ&ബി) പരാതി ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ആണ് കരട് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇത്തരം അപേക്ഷകളിൽ ശരിയായ വിവരങ്ങൾ രേഖപ്പെടുത്താതെയും ഡാറ്റാ എൻട്രിയിൽ വന്ന ചില പിഴവുകൾ മൂലവും അനർഹർ ഉൾപ്പെടുകയും അർഹർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെയും പോയിട്ടുണ്ട്.

(സി) കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ 1673422 ആക്ഷേപങ്ങളും പരാതികളും ലഭിച്ചിരുന്നു. ഇതിൽ 1524161 പരാതികളിന്മേൽ പരിശോധന നടത്തുകയും 1293868 അപേക്ഷകൾ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഡാറ്റാ എൻട്രി നടത്തുകയും 230293 അപേക്ഷകൾ നിരസിക്കുയും ചെയ്തു. 149261 അപേക്ഷകർ ഹിയറിംഗ് പങ്കെടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന് വേണ്ടി മുൻഗണനാ വിഭാഗത്തിനുള്ള ക്ലേശ ഘടകങ്ങൾ തീരുമാനിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-1-2011-ലെ സ.ഉ(കൈ)നമ്പർ 16/2011 പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിന് 10 മാർക്കും പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് 10 മാർക്കുമാണ് ലഭിക്കുന്നത്. മറ്റ് ക്ലേശ ഘടകങ്ങളൊന്നും തന്നെ ലഭിക്കുന്നില്ല എങ്കിൽ 10 മാർക്ക് മാത്രമാണ് ടി വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. ആയതിനാലാണ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകളും പരമ്പരാഗത മത്സ്യ തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാതെ പോകുന്നത്. വിദേശത്ത് ജോലിയുള്ളതുകൊണ്ട് മാത്രം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിന് അയോഗ്യതയില്ല. അവർക്ക് രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം മറ്റ് ക്ലേശ ഘടകങ്ങൾ അനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുവാനാവശ്യമായ മാർക്ക് ലഭിക്കുകയാണെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം വിദേശത്ത് ജോലി ചെയ്യുന്ന ആൾക്കാരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ അനർഹർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

ഭക്ഷ്യ ഭദ്രതാ നിയമം

304 (1735) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം പ്രാബല്യത്തിൽ വരുന്നതോടെ റേഷൻ വിതരണ സമ്പ്രദായത്തിൽ നിന്ന് മൊത്ത വ്യാപാരികൾ ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടോ ;

(ബി) എന്നാൽ ഉദ്യോഗസ്ഥ ലോബിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ റേഷൻ മൊത്തവ്യാപാരികൾ അവരുടെ അടുത്ത ബന്ധുക്കളുടെയും വിശ്വസ്തരുടെയും പേരിൽ നിലവിലുള്ള റേഷൻ കടകൾ വാങ്ങിക്കൂട്ടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാതിൽപ്പടി വിതരണ പ്രവർത്തനങ്ങൾ മുന്നേറുന്നതിനിടെ, സ്വകാര്യ മൊത്ത വിതരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി റേഷൻ വിതരണ മേഖലയിൽ എന്തൊക്കെ പുതിയ നിയമങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ ആരംഭിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതാണ്. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്, ട്രാക്കിംഗ്, ട്രാൻസ്പോർട്ടർ പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങളാണ് പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

റേഷൻ അരിയുടെ ചെലവും സബ്സിഡിയും

305 (1736) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കിലോഗ്രാം റേഷൻ അരി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് ട്രാൻസ്പോർട്ട് ചാർജ്ജ് ഉൾപ്പെടെ എത്ര രൂപയാണ് കേന്ദ്ര സർക്കാർ ചെലവഴിക്കുന്നത്; ഇതിൽ കേരള സർക്കാരിന്റെ വിഹിതം എത്രയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത്, കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച റേഷൻ അരി എത്രയാണെന്ന് പറയാമോ; എന്ത് വിലയ്ക്കാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അരി ലഭ്യമാക്കുന്നത്;

(സി) റേഷൻ അരിക്ക് സംസ്ഥാന സർക്കാർ എത്ര രൂപയുടെ സബ്സിഡിയാണ് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18-ൽ ഒരു കിലോഗ്രാം റേഷൻ അരി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ 32.64 രൂപയാണ് ചെലവഴിക്കുന്നത്. എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിനുള്ള അരി കിലോഗ്രാമിന് 3 രൂപയും ടൈഡ് ഓവർ വിഹിതത്തിലുള്ള അരി കിലോഗ്രാമിന് 8.30 രൂപയുമാണ് സംസ്ഥാനം വാങ്ങുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച റേഷൻ അരിയുടെ അളവും വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) എ.എ.വൈ. ഉൾപ്പെടെ മുൻഗണനാ വിഭാഗങ്ങൾക്ക് അരി സൗജന്യമായി നൽകി വരുന്നു. കൂടാതെ മുൻഗണനേതര വിഭാഗത്തിലെ അർഹരായ കാർഡിലെ അംഗങ്ങൾക്ക് 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 2 രൂപ നിരക്കിൽ നൽകി വരുന്നു. റേഷൻ അരിയ്ക്ക് സംസ്ഥാന സർക്കാർ ഒരു മാസത്തേയ്ക്ക് നൽകി വരുന്ന സബ്സിഡി സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ മേഖലകളിൽ മൊബൈൽ റേഷൻ വിതരണം

306 (1737) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പട്ടിക വർഗ്ഗ മേഖലകളിൽ, പ്രത്യേകിച്ചും കോളനികളിൽ താമസിക്കുന്നവർക്ക് അവരുടെ തൊഴിലിന്റെയും മറ്റും രീതിയനുസരിച്ച് കടകളിൽ ചെന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കോളനികളിൽ നേരിട്ട് മൊബൈൽ റേഷൻ യൂണിറ്റ് വഴി റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട, തൃശ്ശൂർ ജില്ലകളൊഴികെ മറ്റൊരു ജില്ലകളിലും ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിക്കുകയോ പരാതി ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടില്ല. പത്തനംതിട്ട ജില്ലയിൽ ഉൾവനപ്രദേശങ്ങളിലടക്കം നാടോടികളായി ദൂരസ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് താമസം മാറുന്ന ആദിവാസി വിഭാഗത്തിൽ പെട്ടവരിൽ ചിലർക്ക് റേഷൻ വാങ്ങുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ഫോൺ മുഖാന്തരം അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയിലെ ടൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ ആദിവാസി വിഭാഗത്തിലുള്ളവരുടെ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലുള്ള റേഷൻ വാങ്ങി നൽകാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ടൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ ഇവർക്ക് റേഷൻ നൽകാനുള്ള നിർദ്ദേശം ബന്ധപ്പെട്ട റേഷൻ വ്യാപാരികൾക്കും നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ വിവിധ ഭാഗങ്ങളിലായി 19 ആദിവാസി ഊരുകൾ ഉണ്ട്. ഈ ഊരുകളിൽ 299 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഈ കുടുംബങ്ങളിലെ 299 റേഷൻ കാർഡുകൾ വിവിധ റേഷൻ കടകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത റേഷൻ കടകളിലേക്ക് 1.5 കി.മീ. മുതൽ 25 കി.മീ. വരെ ദൂരം ഇവർ സഞ്ചരിക്കേണ്ടതായി വരുന്നു. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ വനം വകുപ്പിന്റെ വാഹനത്തിൽ മാസത്തിൽ 2 ദിവസം ആദിവാസി ഊരുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റേഷൻ പഞ്ചസാര വിഹിതത്തിലെ കുറവ്

307 (1738) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പഞ്ചസാര വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഹിതത്തിൽ ഇപ്പോൾ കേന്ദ്രസർക്കാർ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ എന്ത് തരത്തിലുള്ള സമ്മർദ്ദമാണ് സംസ്ഥാന സർക്കാർ ചെലുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിലവിൽ പ്രതിമാസം 4103 മെടിക് ടൺ പഞ്ചസാരയാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. കിലോഗ്രാമിന് 18.50 രൂപയാണ് കേന്ദ്ര സബ്സിഡി. 2016-17 സാമ്പത്തിക വർഷത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് പഞ്ചസാര സബ്സിഡി നൽകുന്നതിനായി കേന്ദ്രം 4500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രി 200 കോടി രൂപ മാത്രമാണ് പഞ്ചസാര സബ്സിഡിക്ക് വകയിരുത്തിയിരിക്കുന്നതെന്ന് പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ചിരിക്കുന്ന, 200 കോടി രൂപ മുൻ സാമ്പത്തിക വർഷത്തിലെ സബ്സിഡി കുടിശ്ശിക നൽകുന്നതിനാണെന്നും പത്രവാർത്തകളുണ്ട്. ഇപ്രകാരം 1-4-2017 മുതൽ പഞ്ചസാരയ്ക്കുള്ള കേന്ദ്ര സബ്സിഡി ലഭിക്കില്ല എന്നുള്ള അഭ്യൂഹങ്ങൾ നിലനിൽക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചസാര സബ്സിഡി സംവിധാനം നിലനിർത്തണോ എന്ന വിഷയം കേന്ദ്ര സർക്കാർ പരിശോധിച്ചു വരികയാണെന്നും ഇതു സംബന്ധിച്ചുള്ള തുടർ നിർദ്ദേശങ്ങൾക്കായി കാക്കണമെന്നും കേന്ദ്ര ഭക്ഷ്യമന്ത്രാലയത്തിന്റെ 22-3-2017-ലെ കത്തു പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

റേഷൻ കടകളിൽ പി.ഒ.എസ്. മെഷീൻ

308 (1739) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോമെട്രിക് സംവിധാനത്തിലൂടെ ഉപഭോക്താവിന് റേഷൻ വിവരങ്ങൾ അറിയാൻ കഴിയുന്ന പി.ഒ.എസ്. മെഷീൻ റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) റേഷൻ കടകളിലേക്കുള്ള വാതിൽപ്പടി വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്.

(ബി) വാതിൽപ്പടി വിതരണത്തിന്റെ പ്രാരംഭ ഘട്ടം 2017 മാർച്ച് 9 മുതൽ കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മേയ് 1 മുതൽ നടപ്പാക്കുന്നതിന് ക്രമീകരണങ്ങൾ പൂർത്തിയായി. ബാക്കിയുള്ള ജില്ലകളിൽ വാതിൽപ്പടി വിതരണത്തിന്റെ മൂന്നാം ഘട്ടം ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ നൽകാനുള്ള തുക

309 (1740) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരിച്ച വകയിൽ, 1-4-2016 മുതൽ 31-3-2017 വരെ കർഷകർക്ക് സപ്ലൈകോ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1-4-2016 മുതൽ 31-3-2017 വരെ എത്ര തുക നൽകിയെന്നും കുടിശ്ശിക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 1-4-2016 മുതൽ 31-3-2017 വരെ 5.11 ലക്ഷം മെടിക്ക് ടൺ നെല്ല് സംഭരിച്ച വകയിൽ നൽകാനുണ്ടായിരുന്ന 1131.38 കോടി രൂപയിൽ 1039.09 കോടി രൂപ കർഷകർക്ക് നൽകി കഴിഞ്ഞു. കുടിശ്ശികയായുള്ള 92.29 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അരി വിതരണം ചെയ്ത വകയിൽ ലഭിക്കാനുള്ള 230.95 കോടി രൂപ ലഭിയ്ക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണ്.

ഭക്ഷ്യ ഭദ്രതയും വാതിൽപ്പടി വിതരണവും

310 (1741) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതയുടെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "വാതിൽപ്പടി സംവിധാനം" എന്താണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സംവിധാനം ആദ്യം ഏതു ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വാതിൽപടി സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ; എങ്കിൽ അതിന്റെ നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും, മില്ലുകളിൽ നിന്നും, ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനമൊട്ടാകെയുള്ള താലൂക്കുകളിലെ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് എല്ലാ റേഷൻ കടകളിലും സർക്കാർ നേരിട്ട് വിതരണം ചെയ്യുന്ന സംവിധാനമാണ് വാതിൽപ്പടി വിതരണം.

(ബി&സി) ഈ സംവിധാനം കൊല്ലം ജില്ലയിൽ 2017 മാർച്ചിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, എന്നീ ജില്ലകളിൽ വരുന്ന മേയ് മാസത്തിലും ശേഷിക്കുന്ന ജില്ലകളിൽ രണ്ടാം ഘട്ടമായും പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ആഗസ്റ്റോടെ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

റേഷൻ കാർഡിനു ഫോട്ടോ എടുക്കാൻ കഴിയാതെ വന്നവർക്ക് റേഷൻ

311 (1742) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്ന സമയത്ത് ഫോട്ടോ എടുക്കുന്നതിന് പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് ഒരവസരം കൂടി നൽകുമോ;

(ബി) പ്രത്യേക കാരണങ്ങളാൽ ഫോട്ടോ എടുക്കാൻ കഴിയാതെവന്നവർക്ക് റേഷൻ കടകളിൽ നിന്നും സാധനങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് കൂടി റേഷൻ സാധനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നിലവിലെ ഫോട്ടോ എടുത്തവർക്കുള്ള റേഷൻകാർഡ് വിതരണം പൂർത്തിയായതിനു ശേഷം നാളിതുവരെ ഫോട്ടോ എടുക്കാൻ കഴിയാതിരുന്നവർക്കും കൂടി അവസരം ലഭിക്കുന്നതാണ്.

(ബി) ഇല്ല. നിലവിലുള്ള റേഷൻ കാർഡ് റദ്ദ് ചെയ്തിട്ടില്ല. ആയതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

കമ്പോള ഇടപെടലിനായി അനുവദിച്ച തുക

312 (1743) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 1-4-2016 മുതൽ 31-3-2017 വരെ കമ്പോള ഇടപെടലിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്.

പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

(ബി) കമ്പോള ഇടപെടലിനായി 200 കോടി രൂപ (ഇരുന്നൂറ് കോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ഭക്ഷ്യധാന്യങ്ങളുടെ വില നിയന്ത്രണം

313 (1744) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭക്ഷ്യ ധാന്യങ്ങളുടെ വില നിയന്ത്രണത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇക്കഴിഞ്ഞ വിഷു-ഈസ്റ്റർ സീസണിൽ അരിവില നിയന്ത്രിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണ്; ഈ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം

ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

(ബി) വിപണിയിലെ അരിവില വർദ്ധനവ് തടയുന്നതിനായി ഈസ്റ്റർ-വിഷു സീസണിൽ എല്ലാ സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും പ്രത്യേക ഫെയറുകളായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സപ്ലൈകോ ഔട്ട് ലെറ്റുകളും മുഖേന വിവിധ ഇനം അരി സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലും വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ജയ അരി, കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25 രൂപയ്ക്കും മട്ട അരി 24 രൂപയ്ക്കും, പച്ചരി 23 രൂപയ്ക്കും വിതരണം ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ.-ൽ നിന്നും ഇ-ഓക്ഷൻ മുഖേന വാങ്ങിയ പച്ചരി 23 രൂപയ്ക്കും പുഴുക്കലരി 25 രൂപയ്ക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള എല്ലാ ഇനം അരിയും ഫ്രീ സെയിൽ സബ്സിഡി നിരക്കിനത്തിൽ വിപണിവിലയേക്കാൾ കുറഞ്ഞ നിരക്കിൽ എല്ലാ ഔട്ട് ലെറ്റുകളിലും ലഭ്യമാക്കിയതുവഴി വിപണിയിൽ കൂടുതൽ അരി കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ കഴിഞ്ഞു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരിയും കിലോഗ്രാമിന് 33 രൂപ നിരക്കിൽ വിപണനകേന്ദ്രങ്ങൾവഴി ലഭ്യമാക്കി. വിഷു, ഈസ്റ്റർ സീസൺ കണക്കിലെടുത്ത് 9-4-2017 ഞായറാഴ്ചയും, അവധി ദിവസമായ 13-4-2017-ലും (പെസഹ വ്യാഴാഴ്ച) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും തുറന്നു പ്രവർത്തിച്ചു. ഈ നടപടികൾ തുടരുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

റേഷൻ വ്യാപാരികളുടെ വേതനം

314 (1745) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കി ആറു മാസം പിന്നിട്ടിട്ടും റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) വാതിൽപ്പടി വിതരണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(സി) വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ;

(ഡി) റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമെടുക്കാൻ ഏതെങ്കിലും കമ്മറ്റിയെ നിയോഗിച്ചിരുന്നോ; എങ്കിൽ ആ കമ്മറ്റിയിലെ അംഗങ്ങൾ; ആരെല്ലാമാണ്;

(ഇ) പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന് തീരുമാനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്നും അതനുസരിച്ച് നടപടികൾ എടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ വ്യാപാരികൾക്കുള്ള വേതന പാക്കേജ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനും റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികൾ അംഗങ്ങളുമായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 24(2)(എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച് റേഷൻകടകളിൽ സർക്കാർ ഏജൻസി മുഖേന നേരിട്ടെത്തിക്കുന്നതിനെയാണ് വാതിൽപ്പടി വിതരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് മാസം കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) റേഷൻ വ്യാപാരികളുടെ വേതന കാര്യം പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.	സിവിൽ സപ്ലൈസ് ഡയറക്ടർ	-	ചെയർമാൻ
2.	റേഷനിംഗ് കൺട്രോളർ	-	കൺവീനർ
3.	ചീഫ് അക്കൗണ്ട്സ് ഓഫീസർ	-	അംഗം
4.	ലോ ആഫീസർ	-	അംഗം
5.	WFP പ്രതിനിധി	-	അംഗം
6.	ലേബർ കമ്മീഷണറുടെ പ്രതിനിധി	-	അംഗം
7.	ശ്രീ. കാടാമ്പുഴ മൂസ (ചെയർമാൻ, സംയുക്ത സമര സമിതി, കാടാമ്പുഴ പി.ഒ, മലപ്പുറം)	-	അംഗം
8.	ശ്രീ. ടി. മുഹമ്മദാലി (ജനറൽ കൺവീനർ, സംയുക്ത സമര സമിതി, നൗഫൽ നിവാസ്, ചെറുപ്പ പി.ഒ, മറവൂർ	-	അംഗം
9.	അഡ്വ. ജോണി നെല്ലൂർ (പ്രസിഡന്റ്, ആൾ കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ)	-	അംഗം
10.	അഡ്വ. സുരേന്ദ്രൻ (ജനറൽ സെക്രട്ടറി, കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ)	-	അംഗം
11.	ശ്രീ. കോവളം വിജയകുമാർ (കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ, നെല്ലുവിള വീട്, വെള്ളാർ, കോവളം പി.ഒ)	-	അംഗം

(ഇ) ഉണ്ട് . കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ

315 (1746) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കും അനാഥാലയങ്ങളിലെ അന്തേവാസികൾക്കും, സബ്സിഡി നിരക്കിലും സൗജന്യമായും, റേഷൻ ഭക്ഷ്യവസ്തുക്കളും, മണ്ണെണ്ണയും പാചക വാതകവുമുൾപ്പെടെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു വേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് വെൽഫെയർ സ്കീം പ്രകാരം അരി സൗജന്യമായും ഗോതമ്പ് ബി.പി.എൽ. നിരക്കിലും വിതരണം ചെയ്യുന്നു. ആദിവാസി കുടുംബങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ക്ലാസ്-IV ജീവനക്കാർ വരെയുള്ള ആദിവാസി കുടുംബങ്ങളെ എ.എ.വൈ. പട്ടികയിൽ ഉൾപ്പെടുത്തി ഇവർക്ക് സൗജന്യമായി ഭക്ഷ്യധാന്യ വിതരണം നടത്തുന്നുണ്ട്. പ്രകൃതിക്ഷോഭം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ സൗജന്യമായും അനുവദിക്കാറുണ്ട്. മണ്ണെണ്ണ, പാചക വാതകം എന്നിവ നിലവിൽ ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക സബ്സിഡി നിരക്കിൽ നല്കുന്നില്ല.

(ബി) സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ളതോ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ഉള്ളതോ ആയ അനാഥാലയങ്ങളെയാണ് വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യ വിതരണം നല്കി വരുന്നത്.

സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി

316 (1747) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി ഗ്രേഡ് എ ക്വാളിറ്റി തന്നെയാണെന്ന് ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുളളത്;

(ബി) ഗ്രേഡ് എ ക്വാളിറ്റിക്ക് പകരം, നിലവാരം കുറഞ്ഞ അരിയാണ് സ്കൂളുകളിൽ എത്തുന്നതെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) എഫ്.സി.ഐ. നൽകി വരുന്ന എ ഗ്രേഡുള്ള അരി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ക്വാളിറ്റി അഷ്വറൻസ് ഓഫീസറും ഡിപ്പോ അധികാരികളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമാണ് സ്കൂളുകൾക്ക് വിതരണത്തിനായി നൽകുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാറശ്ശാല നിയോജക മണ്ഡലത്തിലെ റേഷൻ കടകൾ

317 (1748) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണോ നടക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ പുതുതായി എത്ര റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) റേഷൻ കടകളിൽ അളവുതൂക്കത്തിൽ വ്യാപകമായുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുവാൻ എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ 156 റേഷൻ കടകളുണ്ട്. ചില റേഷൻ കടകളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് അന്വേഷണവിധേയമായി 8 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദു ചെയ്തു തുടർ നടപടി സ്വീകരിച്ചു വരുന്നു.

(ബി) അനുമതി നൽകിയിട്ടില്ല.

(സി) ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. റേഷൻ കടകളിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ വരെയുള്ള ഉദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

മണ്ണെണ്ണ വിഹിതത്തിലെ കുറവ്

318 (1749) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വീണ്ടും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രം മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കുറവ് വരുത്തിയെന്നും അത് പുനഃസ്ഥാപിക്കുവാൻ എന്ത നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ തുടർച്ചയായ കുറവ് വരുന്നുണ്ട്. പി.ഡി.എസ് മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്കു കത്തിക്കാനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രം കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പാചക വാതക കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ് മണ്ണെണ്ണ വിഹിതം കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമവും മണ്ണെണ്ണയുമായി ബന്ധമൊന്നുമില്ല.

(സി) ഉണ്ട്. കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് ഓരോ ത്രൈമാസത്തിലും കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് നല്കി വന്നിരുന്ന 2525 കിലോ ലിറ്റർ മണ്ണെണ്ണയിൽ ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. മണ്ണെണ്ണയുടെ വിഹിതം പുനഃസ്ഥാപിച്ചു നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു എങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ല. കേന്ദ്രത്തിൽ നിന്ന് വെള്ള മണ്ണെണ്ണ വാങ്ങി സബ്സിഡിയോടു കൂടി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മാത്രമല്ല പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കേന്ദ്രം അംഗീകരിച്ചിട്ടില്ല.

വടകരയിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ

319 (1750) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതെല്ലാം ഭാഗങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

ഉത്തരം

(എ) വടകര നിയോജകമണ്ഡലത്തിലെ പണിക്കോട്ടി, കരിക്കിലാവ്, കുറിയാടി, പുറങ്കര, പഴങ്കാവ്, മേപ്പയിൽ, മാലോൽമുക്ക് എന്നീ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നു.

(ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് നടപ്പിൽ വരുത്തുന്നത്. കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമാകുന്ന സമയത്താണ് പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സാധിക്കുന്നത്. കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബി.പി.എൽ. കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

320 (1751) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനമായി റേഷൻ കാർഡ് എന്നാണ് വിതരണം ചെയ്തത്;

(ബി) എ.പി.എൽ., ബി.പി.എൽ. എന്ന തരത്തിൽ റേഷൻ മുൻഗണനാ പട്ടിക നിലവിൽ നിശ്ചയിച്ചിട്ടുള്ളതിൽ വ്യാപകമായ പരാതി ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാർത്ഥ BPL പട്ടികയിൽ വരുന്നവരെ അതിൽ ഉൾപ്പെടുത്തുന്നതിന് ഉറപ്പുവരുത്തുവാൻ എന്താണ് ഇപ്പോഴുള്ള നടപടിക്രമമെന്ന് വ്യക്തമാക്കാമോ;

(ഡി) റേഷൻ മുൻഗണനാ പട്ടിക പ്രകാരമുള്ള അലോട്ട്മെന്റും ബി.പി.എൽ. ഗുണഭോക്താവ് എന്ന നിലയിലുള്ള പരിഗണനയും ബി.പി.എൽ. കുടുംബങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2008-2009 കാലഘട്ടത്തിലാണ് സംസ്ഥാനത്ത് അവസാനമായി റേഷൻ കാർഡ് വിതരണം ചെയ്തത്.

(ബി) മുൻഗണനാപട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്നും, അർഹരായവർ ഒഴിവായി എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റേഷൻകാർഡ് ഉടമകളെ മുൻഗണനാ/മുൻഗണനേതര വിഭാഗമായി തിരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അർഹർ/അനർഹർ പട്ടിക ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ നൽകി റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധന നടത്തി വരികയാണ്. പരിശോധന റിപ്പോർട്ട് ലഭ്യമായ ശേഷം റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

ഭക്ഷ്യവില നിയന്ത്രണ സെൽ

321 (1752) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവില നിയന്ത്രണ സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിലനിയന്ത്രണം കൊണ്ടുവരാൻ എന്തൊക്കെ കാര്യങ്ങൾ ആണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രൂപീകരിച്ചിട്ടില്ല. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി

സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്ക് സബ്സിഡി അരി

322 (1753) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബി.പി.എൽ. ലിസ്റ്റിൽപ്പെടുന്നവരും എന്നാൽ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമായിട്ടുള്ള റേഷൻ കാർഡുടമകൾക്ക് സബ്സിഡി അരി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവർ ഉണ്ടെങ്കിൽ, സർക്കാർ ഉദ്യോഗസ്ഥർ, 25,000 രൂപയിൽ അധികം മാസവരുമാനമുള്ളവർ, ആദായ നികുതി ഒടുക്കുന്നവർ എന്നിവർ ഒഴികെയുള്ള കുടുംബങ്ങൾക്ക് സബ്സിഡി അരി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിന് ലഭിക്കേണ്ട റേഷൻ അരി വിഹിതത്തിലെ കുറവ്

323 (1754) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് ലഭിക്കേണ്ട റേഷൻ അരി വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയതിനാൽ, സംസ്ഥാനത്തെ പൊതു വിതരണ ഷോപ്പുകളിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സം നേരിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിന് ലഭിക്കേണ്ട അരി വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിലെ തൊഴിലാളികളുടെ നിസ്സഹകരണം മൂലം നവംബർ മാസം കുറച്ച് തടസ്സങ്ങളുണ്ടായിട്ടുണ്ട്. പിന്നീട് അത് പരിഹരിക്കുകയും ചെയ്തു.

ഭക്ഷ്യഭദ്രതാ നിയമം

324 (1755) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ എല്ലായിടത്തും ഗോഡൗണുകൾ സജ്ജീകരിക്കാൻ എന്തെങ്കിലും പ്രത്യേക സൗകര്യം ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എങ്ങനെയാണ് പുതിയ ഗോഡൗൺ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കെ.എസ്.ഡബ്ല്യു.സി., സി.ഡബ്ല്യു.സി. മുഖേനയാണ് കൂടുതൽ ഗോഡൗണുകളും ക്രമീകരിച്ചിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തുടനീളം എല്ലാ താലൂക്കുകളിലും ഗോഡൗണുകൾ സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു താലൂക്കിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് ഉതകുന്ന തരത്തിൽ വിസ്തൃതിയുള്ള ഗോഡൗൺ ഒരു

സ്ഥലത്ത് മാത്രമായി പല താലൂക്കുകളിലും ലഭ്യമല്ലാത്തതിനാൽ ഒന്നിൽ കൂടുതൽ ഗോഡൗണുകൾ ഉപയോഗിക്കേണ്ടിവരുന്നത് സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കുന്നതിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുവാൻ ഉതകുന്ന തരത്തിൽ ശാസ്ത്രീയമായ രീതിയിൽ റേഷൻ മൊത്തവ്യാപാര ഗോഡൗണുകൾ സ്ഥാപിക്കുവാൻ സംസ്ഥാനത്തെ റവന്യൂ, പുറമ്പോക്ക് ഭൂമി സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ

325 (1756) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപറേഷനിൽ പാലക്കാട് ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ എത്ര തസ്തിക നിലവിലുണ്ട്;

(സി) പാലക്കാട് ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) 90 പേർ.

(ബി) സംസ്ഥാനമൊട്ടാകെ അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ തസ്തികകളുടെ എണ്ണം 1688 ആയി നിശ്ചയിച്ചിരിക്കുന്നു.

(സി) 13 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അനാഥശാലകളിലെ അന്തേവാസികളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

326 (1757) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻകാർഡ് നൽകുമ്പോൾ മുൻഗണനാ ലിസ്റ്റിൽ അനാഥശാലകളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനാഥശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇത് എത്ര കണ്ട് സഹായകരമാകും എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ മുൻസർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റോ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരമോ ഉള്ളതിന്റെ അടിസ്ഥാനത്തിൽ, വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ ഭക്ഷ്യധാന്യം വിതരണം നടത്തുന്നത്. ഒരാൾക്ക് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് പരമാവധി 5 കി.ഗ്രാം അരി സൗജന്യമായും, 2 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലുമാണ് നൽകുന്നത്. വെൽഫെയർ സ്കീമിൽ വിതരണം നടത്തുന്നത് കേന്ദ്ര സർക്കാരിൽ നിന്നും ടി പദ്ധതിക്കായി അനുവദിക്കുന്ന ഭക്ഷ്യധാന്യമാണ്. മാത്രമല്ല ടി അലോട്ട്മെന്റ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിൽ ഉൾപ്പെടുന്നതല്ല.

സപ്ലൈകോയിലെ ക്രമക്കേടുകൾ

327 (1758) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സപ്ലൈകോയിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ, ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടിക്രമങ്ങളുടെ പകർപ്പടക്കം വിശദാംശം നൽകുമോ;

(സി) ഈ ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്നായിരുന്നു കണ്ടെത്തിയത്; വെളിപ്പെടുത്തുമോ ;

(ഡി) സപ്ലൈകോയിൽ നിലവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് ഏത് ഏജൻസിയാണ്; പ്രസ്തുത സാധനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾക്ക് മറിച്ച് നൽകി ഗ്രണനിലവാരം കുറഞ്ഞ സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഇ) എങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ഡി) 12 ഇനം സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള 25 സാധനങ്ങൾ പ്രതിമാസ ഇ-ടെൻഡർ മുഖേനയുള്ള കരാറുകാരിൽ നിന്നുമാണ് വാങ്ങുന്നത്. ബ്രാന്റഡ് സാധനങ്ങൾ അതുമായി ബന്ധപ്പെട്ട കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നത്. സപ്ലൈകോ ശബരി തേയില ഇ-ഓക്ഷൻ മുഖേന സപ്ലൈകോ നേരിട്ടാണ് വാങ്ങുന്നത്. സപ്ലൈകോ ശബരി ബ്രാന്റിലുള്ള സബ്സിഡി നിരക്കിലുള്ള വെളിച്ചെണ്ണ ഉൾപ്പെടെയുള്ള മറ്റു സാധനങ്ങൾ കരാറിലേർപ്പെട്ടിട്ടുള്ള കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നത്. ഡിപ്പോതലത്തിൽ പ്രാദേശികമായി ആവശ്യമായ സാധനങ്ങൾ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി മുഖേന വിവിധ ഏജൻസികൾ സപ്ലൈയർമാരിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നു. ഭക്ഷ്യ ധാന്യങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് മറിച്ചു നൽകി ഗ്രണനിലവാരം കുറഞ്ഞ സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ, ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലാ ഡിപ്പോയുടെ കീഴിലുള്ള പൈക, ഉഴവൂർ സൂപ്പർ മാർക്കറ്റുകളിൽ വിജിലൻസ് ആഫീസർ പരിശോധന നടത്തുകയും ആയതിൽ ഡിപ്പോ മാനേജരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.

(ഇ) പ്രാഥമിക റിപ്പോർട്ട് പ്രകാരം ഡിപ്പോ മാനേജരായ ശ്രീ. ജെയിംസ് മാത്യു, ശ്രീ.മാലിക് മുഹമ്മദ്, (എസ്.എ.I), ശ്രീ. കെ. കൃഷ്ണൻ നായർ(എ.എസ്.എം), ശ്രീ. കെ. എൻ. സതീഷ്, (എസ്.എ.I), ശ്രീ. റ്റി. ആർ. രാജേഷ് (എ.എസ്.എം), എന്നിവരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ന്യായവിലയ്ക്ക് അരി വിതരണം

328 (1759) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2017 വർഷത്തിൽ എത്ര അരിക്കടകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലി സ്റ്റോറുകൾ, സൂപ്പർ മാവേലികൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് അരി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അരിക്കടകൾ വഴി പ്രതിമാസം ഒരു കാർഡിന് എത്ര അളവ് ഭക്ഷ്യധാന്യങ്ങൾ എത്ര നിരക്കിൽ വിതരണംചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 വർഷത്തിൽ സപ്ലൈകോ 28 അരിക്കടകളാണ് തുടങ്ങിയിട്ടുള്ളത്.

(ബി) അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി എല്ലാ വിൽപ്പനശാലകളിലും അരി ലഭ്യമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ഇതിനു പുറമേ വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. ഇ-പർച്ചേസ് മുഖേന വാങ്ങുന്ന അരി ഇനങ്ങൾക്കു പുറമേ എഫ്.സി.ഐ.-ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴുക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ, യഥാക്രമം 25, 23 രൂപ ക്രമത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33 രൂപയ്ക്ക് വിപണനം നടത്തുന്നുണ്ട്. ഇത്തരത്തിൽ എല്ലാ ഇനം അരിയുടേയും ലഭ്യത ഉറപ്പുവരുത്തുകയും ആയവ സബ്സിഡി നിരക്കിനു പുറമേ, വിപണിവിലയേക്കാൾ കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലും വിപണനം ചെയ്യുന്നുണ്ട്.

(സി) അരിക്കടകൾ വഴി ഒരു റേഷൻ കാർഡിന് പ്രതിമാസം എല്ലാ ഇനവും ഉൾപ്പെടെ 10 കി.ഗ്രാം. അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. വിതരണ നിരക്ക് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ നോൺ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം അരിക്കടകൾ വഴി അരി വിൽപ്പന നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാവേലി സ്റ്റോർ ബില്ലുകളും സാധനങ്ങളുടെ അളവും സംബന്ധിച്ച പരാതികൾ

329 (1760) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിൽ നിന്നും നൽകുന്ന ബില്ലുകൾ മലയാളത്തിലാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബില്ലുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാവേലി സ്റ്റോറുകളിൽ പാക്ക് ചെയ്യുന്ന സാധനങ്ങളുടെ അളവിൽ ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബില്ലുകൾ മലയാളത്തിൽ നൽകുന്നതിനുള്ള സോഫ്റ്റ്വെയർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങൾക്ക് ശരിയായ അളവിൽ ഇലക്ട്രോണിക്സ് ത്രാസുകൾ വഴിയാണ് സാധനങ്ങൾ തൂക്കി നൽകുന്നത്. തൂക്കത്തിലോ ഗുണമേന്മയിലോ പരാതികളുണ്ടെങ്കിൽ അത് പരിശോധിക്കുവാൻ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും റേഷൻകാർഡും

330 (1761) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കി നല്കുന്നതിന് മുമ്പുള്ള പഴയ റേഷൻ കാർഡുകൾ സംസ്ഥാനത്ത് എത്രയുണ്ടായിരുന്നു; എ.പി.എൽ., ബി.പി.എൽ. തുടങ്ങി ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) റേഷൻകാർഡിന് വേണ്ടിയുള്ള കരട് മുൻഗണനാ പട്ടിക എന്നാണ് പ്രസിദ്ധീകരിച്ചത് എന്നും അതിൽ തെറ്റു തിരുത്തൽ തുടങ്ങി ബി.പി.എൽ. ലഭിക്കുന്നതിൽ അനർഹർ കടന്നുകൂടിയതും അർഹതയുള്ളവർക്ക് ലഭിക്കാത്തതും സംബന്ധിച്ച് ഓരോ ജില്ലകളിലും എത്ര പരാതികൾ വീതം ലഭിച്ചു എന്നും ഇവയിൽ പരിഹാരം നാളിതുവരെ കണ്ടെത്തിയോ എന്നും പ്രസ്തുത പരാതികൾ പൂർണ്ണമായും എപ്പോൾ പരിശോധിച്ച് തീർപ്പാക്കും എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും റേഷൻകാർഡും (പുതുക്കിയത്) എപ്പോൾ നല്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുക്കി നൽകുന്നതിന് മുമ്പുള്ള പഴയ റേഷൻ കാർഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) റേഷൻ കാർഡിന് വേണ്ടിയുള്ള കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചത് 20-10-2016 ലാണ്. ടി പട്ടികയിന്മേൽ ആക്ഷേപങ്ങളും പരാതികളും ലഭ്യമായത് ജില്ല തിരിച്ച് പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* പരാതികൾ പരിഹരിച്ച് അന്തിമ മുൻഗണനാ പട്ടിക 14-2-2017-ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തു. പ്രസ്തുത പട്ടിക അടിസ്ഥാനമാക്കി മേയ് മാസം തന്നെ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കിയ ശേഷം അനർഹർ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ദേശീയ ഭക്ഷ്യ ഭദ്യതാ നിയമപ്രകാരമുള്ള റേഷൻ ആനുകൂല്യങ്ങൾ നിലവിൽ നൽകി വരുന്നുണ്ട്. മേയ് മാസം കൊണ്ട് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം

331 (1762) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ മുഖാന്തരം എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത തുകയ്ക്ക് ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കു പുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞപ്പൊടി, ഉപ്പ് എന്നീ ഉൽപന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

(ബി) സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത തുകയ്ക്ക് ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ അവയുടെ വിതരണം റേഷൻ കാർഡ് വഴി നിയന്ത്രിച്ചിട്ടുണ്ട്. ഓരോ റേഷൻകാർഡ് ഉടമയ്ക്കും ഒരു നിശ്ചിത അളവിൽ മാത്രമേ മാസം തോറും സാധനങ്ങൾ വിതരണം ചെയ്യുന്നുള്ളൂ.

എൽ.പി.ജി. ഉപഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ്

332 (1763) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കമ്പനികളിലെ എൽ.പി.ജി. ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടർ എത്തിച്ചു നൽകുന്നതിന് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ് ഈടാക്കി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഏകീകൃതമല്ലാത്ത നിരക്ക് ഈടാക്കുന്നത് ഈ രംഗത്ത് ചൂഷണത്തിനിടയാക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്യാസ് ഏജൻസികളുടെ ഡെലിവറി ഫീസും സമാനമായ മറ്റ് ഫീസുകളും ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഗ്യാസ് സിലിണ്ടർ വീട്ടിൽ എത്തിച്ചു നൽകുന്നതിനുള്ള ഡെലിവറി ചാർജ്ജ് നിശ്ചയിക്കുന്നത് ഓരോ ജില്ലയുടെയും ഭൂപ്രകൃതി അനുസരിച്ച് അതാത് ജില്ലാ കളക്ടർമാരാണ്. അതാത് ഗ്യാസ് ഏജൻസിയുടെ ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗൺ മുതൽ ഉപഭോക്താവിന്റെ വീട് വരെയുള്ള ദൂരം അടിസ്ഥാനമാക്കിയാണ് ഡെലിവറി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ചില ഏജൻസികൾ ഡെലിവറി ചാർജ്ജ് ഈടാക്കുന്നതു സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഡെലിവറി ചാർജ്ജ് പ്രസിദ്ധപ്പെടുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ഗ്യാസ് സിലിണ്ടറുകളുടെ ഡെലിവറി ചാർജ്ജ് ഡെലിവറി ക്യാഷ് മെമ്മോയിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഡെലിവറി ചാർജ്ജ് സംബന്ധിച്ച പരാതികൾ ഉപഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്തുകളിൽ ഉന്നയിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്.

(സി) ഓരോ സ്ഥലത്തേയും ഭൂപ്രകൃതി വ്യത്യസ്തമായതുകൊണ്ട് തന്നെ ഡെലിവറി ഫീസ് ഏകീകരിക്കാൻ സാധ്യമല്ല.

(1425, 1440, 1456, 1458, 1482, 1501, 1502, 1515, 1519, 1521, 1554, 1563, 1569, 1571, 1573, 1574, 1582, 1592, 1610, 1620, 1623 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

II അറിയിപ്പ്

പ്രതിപക്ഷ ഡെപ്യൂട്ടി ലീഡർ

മി. സ്പീക്കർ : ഡോ. എം. കെ. മുനീറിനെ യു.ഡി.എഫ്. ഡെപ്യൂട്ടി ലീഡറായി (പ്രതിപക്ഷ ഉപനേതാവ്) തെരഞ്ഞെടുത്ത വിവരം പ്രതിപക്ഷനേതാവ് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആ വിവരം സഭയെ അറിയിക്കുന്നു.

III പ്രമേയം

ജവാന്മാരുടെ തലയറുത്ത സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ജമ്മു-കാശ്മീരിൽ നിയന്ത്രണരേഖ കടന്നെത്തിയ പാക് സൈനികർ രണ്ട് ഇന്ത്യൻ ജവാൻമാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫൻട്രിയിലെ നായിബ് സുബേദാർ പരംജീത്സിങ്ങ്, ബി.എസ്.എഫ്. 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേംസാഗർ എന്നിവരാണ് അതിനിഷ്ഠുരമായ ഈ നടപടിക്ക് ഇരയായത്. പാക്കിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ ഈ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭ പങ്കു ചേരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാക്കിസ്ഥാൻ ഇന്ത്യയുമായി നിഴൽയുദ്ധം നടത്തുകയാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ മൂന്നതവണയാണ് ഇന്ത്യൻ അതിർത്തികടന്ന് ഇത്തരം ആക്രമണങ്ങൾ നടത്തിയത്. ഇത്തരം പ്രകോപനങ്ങൾ അപകടകരമായ ഒരു സാഹചര്യത്തിലേയ്ക്കാണ് എത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് നമുക്ക് കിട്ടുന്ന വിവരങ്ങൾ. അതിർത്തിയിൽ സംഘർഷങ്ങൾ രൂക്ഷമാക്കാനാണ് പാക്കിസ്ഥാൻ ശ്രമിക്കുന്നത്. പാക്സേനയുടെ ക്രൂരതയുടെ യഥാർത്ഥ മുഖമാണ് ഇന്നലെ വെളിച്ചത്തുവന്നത്. തലയറുത്ത് മാറ്റിയ നിലയിൽ നായിബ് സുബേദാർ പരംജീത് സിംഗും പ്രേംസാഗറും (കോൺസ്റ്റബിൾ). ബി.എസ്.എഫ്. കോൺസ്റ്റബിൾ രാജേന്ദ്രസിംഗിന് പരിക്കേൽക്കുകയും ചെയ്തു. പാക് റേഞ്ചേഴ്സ് ഇന്ത്യൻ ഭാഗത്തേയ്ക്ക് വൻതോതിൽ മോർട്ടാർ ആക്രമണങ്ങൾ നടത്തിയതിനുശേഷം ബോർഡർ ആക്ഷൻ ടീം നിയന്ത്രണരേഖയിൽനിന്നും 250 മീറ്റർ കടന്നാണ് ഈ ആക്രമണങ്ങൾ നടത്തിയത്. സാധാരണ ഗതിയിൽ രണ്ട് രാജ്യങ്ങൾ തമ്മിൽ ചില നയതന്ത്ര ബന്ധങ്ങളുണ്ട്

അതിർത്തികൾ സംരക്ഷിക്കുന്നതിന് നിയമങ്ങളുണ്ട്. ഇതെല്ലാം ഇരുരാജ്യങ്ങളും അംഗീകരിച്ചിട്ടുള്ളതാണ്. ലൈൻ ഓഫ് കൺട്രോൾ കടന്ന് ഇത്തരം ആക്രമണങ്ങൾ നടത്തുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്. ഇന്ത്യൻ സൈന്യത്തിന് നേരെയുണ്ടായ അതിക്രൂരമായ ഈ നടപടിയെ ശക്തമായി അപലപിക്കുന്നു. ഇങ്ങനെ ഉണ്ടാകാൻ പാടില്ലാത്തതാണ്. ആ കുടുംബങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടം രാജ്യത്തിന്റെ നഷ്ടമായി കണക്കാക്കണം. ആ ജവാൻമാരോടുള്ള ആദരാഞ്ജലികൾ അർപ്പിക്കുന്നു, ആ കുടുംബത്തിനുണ്ടായ അപരിഹാര്യമായ നഷ്ടത്തിൽ അഗാധമായ ദുഃഖം പ്രകടിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

IV അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: തുടർച്ചയായി സംസ്ഥാനത്തെ പൊതുവിതരണം സ്തംഭിക്കുന്നതുമൂലവും പൊതുവിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുമൂലവും മാവേലി സ്റ്റോറുകളിൽ അത്യാവശ്യസാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ വിലക്കയറ്റം അനിയന്ത്രിതമായതിനാൽ ജനങ്ങൾ നേരിടുന്ന ദുരിതംമൂലവും വാതിൽപ്പടി വിതരണം അടക്കമുള്ള സപ്ലൈകോയുടെ ടെണ്ടർ നടപടികൾ സ്തംഭിച്ചതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അനൂപ് ജേക്കബ്, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അടിയന്തരപ്രമേയത്തിൽ പറയുംപ്രകാരമുള്ള ഒരു സ്തംഭനാവസ്ഥയും കേരളത്തിലെ പൊതുവിതരണരംഗത്ത് നിലനിൽക്കുന്നില്ല. കാര്യങ്ങൾ വളരെ ന്യായമായി മുന്നോട്ടുപോവുകയാണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള അരിവിതരണം സംസ്ഥാനത്ത് ആരംഭിച്ചത് നവംബർ മാസത്തിലാണ്. എന്നാൽ കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ അതിന്റെ പ്രധാന ഘടകമായ വാതിൽപ്പടി വിതരണം ആരംഭിക്കുകയും അത് ഫലപ്രദമായ രീതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. തെരഞ്ഞെടുത്ത ആറു ജില്ലകളായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ വാതിൽപ്പടി വിതരണത്തിനുള്ള അരി സംഭരിച്ചുകൊണ്ടിരിക്കുകയാണ്. ഈ മാസം മുതൽ ആറു ജില്ലകളിലും ഇത്

ഫലപ്രദമായി നടപ്പാക്കും. ശേഷിക്കുന്ന ഏഴ് ജില്ലകളിൽക്കൂടി വാതിൽപ്പടി വിതരണത്തിനുള്ള അരി സംഭരണം ഈ മാസം ഏറ്റെടുക്കുകയാണ്. അടുത്ത മാസം അവിടെയും വാതിൽപ്പടി വിതരണം നടത്തും. അതോടെ സംസ്ഥാനത്തൊട്ടാകെ എൻ.എഫ്.എസ്.എ. പ്രകാരമുള്ള വാതിൽപ്പടി വിതരണം പൂർണ്ണമാകും. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് പൊതുവിതരണ രംഗത്തുണ്ടായിരുന്ന മുഴുവൻ ഇടനിലക്കാരെയും പരിപൂർണ്ണമായി ഒഴിവാക്കാൻ കഴിയും. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏഴ് കേസ്സുകളാണ് ഹൈക്കോടതിയിലുണ്ടായിരുന്നത്. അവസാനത്തെ കേസ് തീർപ്പായത് ഏപ്രിൽ 5-നാണ്. ഈ കേസ്സുകളെല്ലാം തള്ളിക്കൊണ്ട് ഗവൺമെന്റ് കൈക്കൊണ്ട നടപടികളെ ഹൈക്കോടതി ശരിവയ്ക്കുകയാണുണ്ടായത്. അക്കാര്യത്തിൽ നമുക്ക് യാതൊരു പ്രയാസവും ഉണ്ടായിട്ടില്ല. വാതിൽപ്പടി വിതരണത്തിന് ധാന്യവിതരണം നടത്തേണ്ട വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അത് അവസാനഘട്ടത്തിലാണ്. റേഷൻ കടകളിൽ സ്ഥാപിക്കേണ്ട ഇ-പോസ് മെഷീന്റെ ടെണ്ടർ നടപടി കഴിഞ്ഞു, അതും അവസാനഘട്ടത്തിലാണ്. ഈ മാസം അവസാനം അല്ലെങ്കിൽ അടുത്ത മാസം ആദ്യം എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം പൂർണ്ണമായി സ്ഥാപിച്ചുകൊണ്ട് റേഷൻ സംവിധാനത്തിൽ നിലനിന്നിരുന്ന ക്രമക്കേടുകളോട് വിടപറയാൻ കഴിയും. അങ്ങനെ സുതാര്യമായ പൊതുവിതരണം കേരളത്തിൽ ഉറപ്പാക്കാൻ കഴിയും. കേന്ദ്രം 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ് നമുക്ക് തരുന്നത്. എൻ.എഫ്.എസ്.എ. പ്രകാരം അതാണ് അനുവദിച്ചിട്ടുള്ളത്. ആ വിഷയങ്ങളെക്കുറിച്ച് ഈ സഭയിൽ ഒട്ടേറെ ചർച്ചകൾ നടന്നതാണ്. എന്തുകൊണ്ടാണ് 14.25 ലക്ഷമായി നമ്മുടെ വിഹിതം കുറഞ്ഞത്? നമുക്ക് ലഭിക്കേണ്ടിയിരുന്നത് അതിനേക്കാൾ കൂടുതലാണ്. ആ കാര്യങ്ങളെല്ലാം വളരെ വിശദമായി ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അതിനുശേഷം മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി പൊതുതീരുമാനമെടുത്ത് കേന്ദ്രത്തെ സമീപിക്കുകയുണ്ടായി. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ്. എ.എ.വൈ. കുടുംബങ്ങൾക്ക് 35 കിലോഗ്രാം ധാന്യം കൊടുക്കുന്നുണ്ട്. പ്രയോറിറ്റി അനുസരിച്ച് ശേഷിക്കുന്ന 129 ലക്ഷം ആളുകൾക്ക് ഒരാൾക്ക് 5 കിലോഗ്രാം പ്രകാരം ധാന്യം കൊടുക്കുന്നുണ്ട്. നോൺ പ്രയോറിറ്റി സബ്സിഡി എന്ന നിലയിൽ സംസ്ഥാനം നൽകുന്ന സബ്സിഡി പ്രകാരം 121 ലക്ഷം ആളുകൾക്ക് 2 കിലോഗ്രാം ധാന്യം വീതം കൊടുക്കുന്നുണ്ട്. നോൺ പ്രയോറിറ്റി വിഭാഗത്തിന് കൊടുക്കാൻ ശേഷിക്കുന്നത് 2 കിലോ അരി ആയിരുന്നെങ്കിൽ രണ്ട് മാസം കഴിഞ്ഞപ്പോൾ അത് നാല് കിലോയും പിന്നീട് ആറ് കിലോയും ആയി. കഴിഞ്ഞ മാസം മുതൽ എട്ട് കിലോഗ്രാം ധാന്യം കൊടുക്കുകയാണ്.

വാതിൽപ്പടി വിതരണം നടത്തിയ കൊല്ലം ജില്ലയിൽ അരി മിച്ചമായി. അതിന്റെ അടിസ്ഥാനത്തിൽ നോൺ പ്രയോറിറ്റി സെയിൽസ് സബ്സിഡിയിലെ ഒരു വ്യക്തിക്ക് കൊടുക്കുന്ന രണ്ട് കിലോ ധാന്യത്തിന് പകരം മൂന്ന് കിലോ ധാന്യം കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ മൂന്ന് കിലോ ധാന്യം അവിടെ പ്രത്യേകം വിതരണം ചെയ്തു. സംസ്ഥാനത്തെമ്പാടും ധാന്യവിതരണം നടപ്പാക്കുമ്പോൾ തീർച്ചയായും അവിടെയും വ്യത്യാസപ്പെടുത്താൻ കഴിയും. ഇപ്പോഴും അധികധാന്യം ലഭിക്കുന്നതിന് സമ്മർദ്ദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പൊതുവിതരണ രംഗത്തെക്കുറിച്ച് പഠിക്കാനും എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി സംസ്ഥാനത്ത് വരികയുണ്ടായി. ഈ വിഷയം അവരുടെ മുന്നിൽ ഉന്നയിച്ചപ്പോൾ കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം കൊടുക്കണമെന്ന് പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി.

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വിലക്കയറ്റത്തിന്റെ പ്രശ്നമാണ്. ധാന്യവിതരണം ആരംഭിക്കുന്ന സന്ദർഭത്തിൽ ചില പ്രയാസങ്ങളുണ്ടായി. നമുക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതം കുറഞ്ഞു. ആ ധാന്യം നവംബർ-ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് ചില പ്രയാസങ്ങളുണ്ടായി. അതോടൊപ്പം ആന്ധ്രാപ്രദേശിൽ നിന്നും നമ്മുടെ പൊതുമാർക്കറ്റിലേയ്ക്കുള്ള അരി വരവ് കുറഞ്ഞു. ഈ സാഹചര്യത്തിൽ ആന്ധ്രാപ്രദേശിൽ നിന്നുള്ള 'ജയ' അരിയുടെ വിലയിൽ അൽപ്പം വർദ്ധനവുണ്ടായി. കിലോയ്ക്ക് പത്ത്-പന്ത്രണ്ട് രൂപയുടെ വർദ്ധനവുണ്ടായി. ഇന്നലെ ആ വിഷയം സഭയിൽ ചർച്ച ചെയ്തതാണ്. 34, 35, 36 രൂപ വിലയുണ്ടായിരുന്ന അരി 47, 48 രൂപയിലേയ്ക്ക് എത്തി. എന്നാൽ അത്തരം സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയാസമുണ്ടാകാതിരിക്കാൻ ആന്ധ്രാപ്രദേശിൽ നിന്നുള്ള മില്ലുടമകളെ നേരിട്ട് ഇ-ടെണ്ടറിൽ പങ്കെടുപ്പിക്കാനും പഞ്ചാബ്, ഗുജറാത്ത്, കർണ്ണാടക എന്നിവിടങ്ങളിൽനിന്നും 'ജയയ്ക്ക്' സമാനമായ അരി സംസ്ഥാനത്ത് കൊണ്ടുവരാനും കൂടാതെ ബംഗാളിൽ നിന്ന് അരി കൊണ്ടുവന്ന് പ്രത്യേകമായി വിതരണം ചെയ്യാനും സാധിച്ചു. അങ്ങനെ കുറഞ്ഞ വിലയ്ക്ക് അരി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും സഹകരണ വകുപ്പിന്റേയും കീഴിൽ വ്യാപകമായി അരിക്കടകൾ നടത്തി വിലക്കയറ്റത്തെ നമുക്ക് പിടിച്ചുനിർത്താൻ കഴിഞ്ഞു. ഇപ്പോൾ ജയ അരിയുടെ വില 35, 36 രൂപയിലേയ്ക്ക് താഴ്ന്നു എന്നുള്ളതാണ് വസ്തുത. അങ്ങനെ അരിയുടെ വിലക്കയറ്റത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞു. അരി വില കൂടുമ്പോൾ സംസ്ഥാനത്ത് പലവ്യഞ്ജനങ്ങളുടെ വിലയും സാധാരണ കൂടാറുണ്ട്. എന്നാൽ ഈ സന്ദർഭത്തിലും ഇവിടെ പലവ്യഞ്ജനങ്ങൾക്ക് വില കുറയുകയാണ് ചെയ്തത്. എല്ലാ പയറുവർഗ്ഗങ്ങൾക്കും

വില കുറഞ്ഞു. പലവ്യഞ്ജന ഉൽപ്പന്നങ്ങൾ എന്നുപറയുമ്പോൾ 1-8-2016-ൽ ചെറുപയറിന് 97 രൂപ 20 പൈസയുണ്ടായിരുന്നത് ഏപ്രിൽ മാസമായപ്പോൾ 83 രൂപ 29 പൈസയായും ഉഴുന്ന് 169 രൂപ 29 പൈസ ഉണ്ടായിരുന്നത് 107 രൂപ 29 പൈസയായും വൻകടല 109 രൂപ 38 പൈസയായിരുന്നത് 99 രൂപ 14 പൈസയായും കുറഞ്ഞിട്ടുണ്ട്. കൂടാതെ, വൻപയർ 84 രൂപ 80 പൈസയായിരുന്നത് 76 രൂപ 79 പൈസയായും തുവര 147 രൂപ 71 പൈസ ആയിരുന്നത് 93 രൂപ 36 പൈസയായും മുളക് 164 രൂപ 29 പൈസ ആയിരുന്നത് 96 രൂപ 71 പൈസയായും മല്ലി 114 രൂപ 21 പൈസ ആയിരുന്നത് 100 രൂപ 57 പൈസയായും എല്ലാ പലവ്യഞ്ജനങ്ങളുടെയും വില കുറയുകയാണ് ചെയ്തത്. വില കൂടിയത് പച്ചക്കറിക്കും വെളിച്ചെണ്ണയ്ക്കും പഞ്ചസാരയ്ക്കുമാണ്. അത് നമ്മുടെ കൺട്രോളിൽ വരുന്ന കാര്യങ്ങളല്ല. കാലാവസ്ഥയിൽ വരുന്ന വ്യതിയാനം പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവ് കുറഞ്ഞു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളോട് നമുക്ക് പൊരുവിലുള്ള സമീപനവും പ്രധാന ഘടകമായി. എന്നാൽ സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിച്ചതോടെ പച്ചക്കറിക്ക് വില കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വി.എഫ്.പി.സി.കെ.യും ഹോർട്ടികോർപ്പും ഫലപ്രദമായ ഇടപെടൽ നടത്തി. വിഷുവിന് നല്ല ബിസിനസ്സ് നടത്തി. അരിയുടെ വിലനിയന്ത്രണം നടത്താൻ ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം (ഒ.എം.എസ്.എസ്.) പ്രകാരം എഫ്.സി.ഐ.-യിൽ നിന്ന് അരിയെടുത്തു; കൂട്ടനാടൻ റൈസ് വിലകുറച്ച് കമ്പോളത്തിലിറക്കി; സംസ്ഥാനത്തെമ്പാടും അരിക്കടകൾ തുടങ്ങി. അങ്ങനെ ഗവൺമെന്റ് വിപുലമായ അടിസ്ഥാനത്തിൽ ഒട്ടേറെ നടപടികൾ നടത്തിയാണ് വിലക്കയറ്റത്തെ പ്രതിരോധിക്കാൻ കഴിഞ്ഞത്. പലവ്യഞ്ജനങ്ങളും നിത്യോപയോഗ സാധനങ്ങളും മാവേലിസ്റ്റോറുകളിൽ ലഭ്യമല്ലെന്ന് പറയുന്നത് ശരിയല്ല. സംസ്ഥാനത്തെ 1538 മാവേലി സ്റ്റോറുകളുടെ ഔട്ട്ലെറ്റുകൾ വളരെ ഫലപ്രദമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. മാവേലിസ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങൾ സർവ്വകാല റെക്കോർഡ് ഭേദിച്ച് മുന്നോട്ട് പോകുകയാണ്. ഈ മാസവും കഴിഞ്ഞ മാസങ്ങളിലുമെല്ലാം നല്ല കച്ചവടമാണ് നടന്നത്. അത് കുറെക്കൂടി വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഗവൺമെന്റ് തീരുമാനിച്ച കാര്യങ്ങളിൽ ഒരു വ്യതിയാനംപോലും നടത്താതെ അക്ഷരാർത്ഥത്തിൽ നൂറ് ശതമാനവും നടപ്പിലാക്കുകയാണ് സപ്ലൈകോ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജനങ്ങളോട് പറഞ്ഞ ഒരു വാഗ്ദാനം സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം ഉൽപ്പന്നങ്ങൾക്ക് ഒരു നയാപൈസയുടെ വിലവർദ്ധനവ് ഉണ്ടാകില്ലെന്നാണ്. ആ തീരുമാനം പരിപൂർണ്ണമായും നടപ്പിലാക്കുകയാണ്. അതുകൂടാതെ എഫ്.സി.ഐ.-യിൽ നിന്നും കിട്ടുന്ന പുഴുക്കലരിയും പച്ചരിയും ഉൾപ്പെടെ

വിലകുറച്ച് വിൽക്കുകയാണ്. നോൺ സബ്സിഡി ഉൽപ്പന്നങ്ങൾക്കും വില കൂട്ടിയിട്ടില്ല. അതിൽ ചില ഐറ്റങ്ങൾക്ക് വില കുറഞ്ഞിട്ടേയുള്ളൂ. ഇതാണ് നമ്മുടെ സാഹചര്യം. പൊതുവിതരണ രംഗം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ച് അത് ഫലപ്രദമായി മുന്നോട്ട് പോകുന്നു. പൊതുവിതരണ സമ്പ്രദായത്തിൽ സപ്ലൈകോ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതും വളരെ ഫലപ്രദമാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായി ഈ രംഗങ്ങളെയെല്ലാം ഫലപ്രദമായി പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ പ്രവർത്തനങ്ങൾ ഇനിയും വളരെ നന്നായി മുന്നോട്ട് കൊണ്ടുപോകും. അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യം തന്നെ വിശദമായി മറുപടി നൽകുകയുണ്ടായി. സംസ്ഥാനത്ത് യാതൊരു സ്തംഭനാവസ്ഥയുമില്ലെന്ന് പറഞ്ഞതിലൂടെ അദ്ദേഹം യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിലെ റേഷൻ മേഖല സ്തംഭിച്ചുവെന്നത് വിസ്മരിക്കാൻ കഴിയില്ല. നവംബർ, ഡിസംബർ മാസങ്ങളിൽ ചില വിഷയങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടുണ്ടെന്നു കാര്യം അദ്ദേഹം തന്നെ ഇപ്പോൾ പറഞ്ഞു. ഇന്ന് അദ്ദേഹം 177-ാം നമ്പർ നക്ഷത്ര ചോദ്യത്തിന് നൽകിയ മറുപടിയിൽ പറഞ്ഞത് കേന്ദ്രം നൽകിയ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ കുറവാണ് സമീപകാലത്തുണ്ടായ അരിയുടെ വിലവർദ്ധനവിന് കാരണമായിട്ടുള്ളതെന്നാണ്. യഥാർത്ഥത്തിൽ അവർ നൽകിയ ഭക്ഷ്യധാന്യ വിഹിതം കുറഞ്ഞുവെന്നത് ഒരു ഭാഗത്ത് നിൽക്കുന്നു. അതുമാത്രമല്ല അരിയുടെ ശ്രുക്ഷമായ വിലക്കയറ്റത്തിന് ഇടയാക്കിയത്, അതൊരു വസ്തുതയായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നമ്മൾ ചർച്ച നടത്തിയിരുന്നു. റേഷൻ മേഖല സ്തംഭിച്ചതുകൊണ്ടാണ് കേരളത്തിലെ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച്, ചരിത്രത്തിൽ ആദ്യമായി അൻപത് രൂപയിൽ എത്തിച്ചേർന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീ. എം. ഉമ്മർ ഈ വിഷയം സംബന്ധിച്ച് അടിയന്തര പ്രമേയം ഉന്നയിക്കുകയുണ്ടായി. ആ അടിയന്തര പ്രമേയത്തിനുശേഷമാണ് ഇവിടെ അരിക്കടകൾ തുടങ്ങാൻ ഗവൺമെന്റ് തയ്യാറായത്. എന്തുകൊണ്ടാണ് കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിൽ റേഷൻ മേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടായതെന്ന് ചിന്തിക്കണം. ഇവിടെ തൊഴിൽ തർക്കം ഉടലെടുത്തു, ആ തൊഴിൽ തർക്കം പരിഹരിക്കുന്നതിൽ ഗവൺമെന്റ് സ്വീകരിച്ച മെല്ലെപ്പോക്ക് നയമാണ് ആ വിഷയത്തിലേയ്ക്ക് കൊണ്ടെത്തിച്ചത്. അരിക്കടകൾ തുടങ്ങി, വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു. പക്ഷേ നടപടികൾ സ്വീകരിച്ചത് മൂന്നുനാല് മാസങ്ങൾ പിന്നിട്ടതിനു ശേഷമാണ്. ആ മൂന്നുനാല് മാസങ്ങൾ പിന്നിട്ടപ്പോൾ ഇടനിലക്കാരുടെയും

കരിഞ്ചന്തക്കാരുടെയും മുന്നിലേയ്ക്ക് കേരളത്തിലെ സാധാരണക്കാരെ ഈ ഗവൺമെന്റ് തള്ളിവിട്ടിരുന്നു എന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അപ്പോൾ അങ്ങനെയൊരു അനുഭവം ഒരുഭാഗത്ത് നിൽക്കുന്നുണ്ട്. വിലക്കയറ്റമുണ്ടായപ്പോൾ ഈ സർക്കാരിന്റെ കൈ പൊള്ളിയില്ലേ? അൻപത് രൂപവരെ അരിക്ക് വിലകൂടിയെന്ന കാര്യം അങ്ങേയ്ക്കുമറിയാം. പ്രതിപക്ഷം വളരെ ശക്തമായി ഇക്കാര്യം ഉന്നയിച്ചതിനു ശേഷമാണ് അരിക്കടകൾ തുടങ്ങിയത്. ഇപ്പോൾ വീണ്ടും റേഷൻ മേഖല സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നു, അത് വ്യാപാരികളുടെ സമരത്തിന്റെ രൂപത്തിലാണെന്ന് മാത്രം. ഇന്നലെ അവരുമായി ചർച്ച നടത്തി, 20-ാം തീയതിവരെ സമരം താൽക്കാലികമായി നിർത്തിവച്ചുവെന്ന് പത്രവാർത്ത കളിലൂടെ കാണാനിടയായി. ഞാൻ വ്യാപാരികളുടെ സമരത്തെയൊന്നും ന്യായീകരിക്കുന്നില്ല. ഞാൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ അതിനെ എതിർത്തിട്ടുണ്ട്, ഇപ്പോഴും ഞാൻ അതിനെ എതിർക്കുന്നു. ഇവിടെ വ്യാപാരികൾ എന്തുകൊണ്ട് സമരത്തിലേയ്ക്ക് പോകുന്നു തുടങ്ങിയ വിഷയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. കെ. രാജൻ, താങ്കൾ ഇരിക്കൂ..പ്ലീസ്.....

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവിടെ സർക്കാർ കൊടുത്ത ഉറപ്പിൽനിന്നും .....(ബഹളം..)... അടിയന്തര പ്രമേയം അവതരിപ്പിച്ച് കഴിഞ്ഞതിനുശേഷം നിങ്ങൾക്ക് ബഹളം വയ്ക്കാമല്ലോ. അദ്ദേഹം സംസാരിച്ചത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നല്ലോ; എന്തിനാണ് സുഹൃത്തേ വെറുതെ ബഹളം വയ്ക്കുന്നത്?

മി. സ്പീക്കർ : അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.....

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവർ എന്തിനാണ് അസ്വസ്ഥരാകുന്നത്? ഞാൻ ഇതുവരെയായിട്ടും എന്തെങ്കിലും അനാവശ്യ വാക്കുകൾ പറഞ്ഞോ? ഇവർ വളരെ അസ്വസ്ഥരാകുകയാണ്. ശബ്ദംകൊണ്ട് യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കുവാൻ കഴിയില്ലെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം.

മി. സ്പീക്കർ : അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ..

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ സർക്കാർ കൊടുത്ത ഉറപ്പുകളിൽനിന്നും പിൻവാങ്ങുന്ന സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി റേഷൻ വ്യാപാരികളുമായി ചർച്ച നടത്തി, അദ്ദേഹം മുന്നോട്ടു വച്ച ഒരു സമീപനം അക്കാര്യത്തിൽ സ്വീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഓണറേറിയം, വേതനം, ഇൻസെന്റീവ് തുടങ്ങിയ അനവധി വിഷയങ്ങൾ അവർ മുന്നോട്ട് വച്ചു. അക്കാര്യത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ അൻപത് രൂപ ഇൻസെന്റീവ് നൽകാമെന്ന് ശിപാർശ ചെയ്യുവാനും തത്വത്തിൽ ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയുമുണ്ടായി. പിന്നീട് അക്കാര്യത്തിൽ

നിന്നും ഗവൺമെന്റ് പിന്നോട്ട് പോകുന്ന സാഹചര്യം വന്നു. അവർക്ക് ഇൻസെന്റീവ് അല്ലെങ്കിൽ ഓണറേറിയം കൊടുക്കുമ്പോഴുണ്ടാകുന്ന അധിക ബാദ്ധ്യതകളായിരിക്കും ഒരുപക്ഷേ ഗവൺമെന്റിനെ അതിൽനിന്നും പിന്നോട്ടടിച്ചത്. ഭക്ഷ്യമന്ത്രി അവിടെയൊരു വ്യക്തിയല്ല, അദ്ദേഹമൊരു മന്ത്രിയാണ്. മന്ത്രി ചർച്ചയിൽ ഒരു ഉറപ്പ് നൽകുമ്പോൾ അത് ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വമാണ്. ആ കൂട്ടുത്തരവാദിത്വം നടപ്പിലാക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. 430 കോടി രൂപ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് പറഞ്ഞ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അതിനെ എതിർത്തു വെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ കൊടുത്തിട്ടുണ്ടെങ്കിൽ അത് പാലിക്കുവാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കണം. ഇവിടെ സമരം ഒരിക്കലും ഭൂഷണമല്ല. റേഷൻ മേഖല വീണ്ടും സ്തംഭിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചെറുതായിരിക്കില്ല. അതിന്റെ അനുഭവം ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മൾ കണ്ടതാണ്. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

റേഷൻ കടകളുടെ എണ്ണം വെട്ടിച്ചുരുക്കുവാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കുന്നതായി കാണുന്നു. കേരളത്തിലെ റേഷൻ കടകളുടെ ഏറ്റവും വലിയ പ്രത്യേകതയെന്ന് പറയുന്നത് പൊതുവിതരണത്തിന്റെ റീച്ചബിലിറ്റിയാണ്. ഒരു വാർഡിൽത്തന്നെ രണ്ടും മൂന്നും അതിൽ കൂടുതലും റേഷൻ കടകളുണ്ട്. കടകൾ ചുരുക്കിക്കൊണ്ട് പോകുന്നതിലൂടെ അതുണ്ടാക്കാൻ പോകുന്ന ബുദ്ധിമുട്ടുകൾ എത്രയായിരിക്കും? അത്തരം പ്രതിസന്ധികൾ മുന്നിൽ നിൽക്കുമ്പോൾ അതിനെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സാഹചര്യം ഗവൺമെന്റ് ഒരുക്കുകയാണ്. ഇവിടെ പൊതുവിതരണവും പൊതുവിപണിയും എത്രമാത്രം യോജിച്ച് നിൽക്കുന്നുവെന്നതാണ് പൊതുവിതരണം തടസ്സപ്പെട്ടപ്പോൾ അരിയുടെ വിലക്കയറ്റത്തിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. സപ്ലൈകോയ്ക്ക് ആവശ്യമായ തുക വകയിരുത്താനുള്ള സാഹചര്യം ഉണ്ടാകുന്നുണ്ടോ? കൺസ്യൂമർഫെഡും സപ്ലൈകോയും അരിക്കടകൾ തുടങ്ങി. അരിക്കടകൾ തുടങ്ങുവാനുള്ള കൂടുതൽ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാൻ സർക്കാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല? ഈ കഴിഞ്ഞ ബജറ്റിൽ തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന് 200 കോടി രൂപയും കൺസ്യൂമർ ഫെഡിന് 150 കോടി രൂപയും നൽകി. കൺസ്യൂമർഫെഡിനേയും സപ്ലൈകോയെയും ഒരേ നിലയിലാണോ ഈ സർക്കാർ കാണുന്നത്? ഏറ്റവും കൂടുതൽ പൊതു വിതരണത്തിൽ ഇടപെടുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. അപ്പോൾ സപ്ലൈകോയ്ക്ക് ആവശ്യമായ തുക കൊടുക്കാതെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ ശ്വാസംമുട്ടിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളാണ് വരാൻ പോകുന്ന ദിവസങ്ങളിൽ നമ്മൾ അനുഭവിക്കേണ്ടത്. ഇത്തരത്തിലുള്ള വിഷയങ്ങൾ നിലനിൽക്കുമ്പോൾ പൊതുവിതരണത്തിൽ യാതൊരു പ്രശ്നവും പ്രതിസന്ധിയുമില്ല എന്ന നിലയിൽ പറഞ്ഞുപോകാൻ കഴിയില്ല.

ഇപ്പോൾ കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വിഹിതം കുറച്ചില്ലേ; അതിലൂടെ ഏകദേശം 9 ശതമാനത്തിന്റെ കുറവ് മണ്ണെണ്ണയ്ക്കുണ്ടായി എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് മണ്ണെണ്ണയുടെ വിഹിതം ഇലിടെ കുറയുന്നത്? കേന്ദ്രം എല്ലാ സംസ്ഥാനങ്ങൾക്കും മണ്ണെണ്ണയുടെ വിഹിതം കുറച്ചിട്ടില്ല. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞിട്ടില്ല. കേരളത്തിന് മണ്ണെണ്ണയുടെ വിഹിതം കുറയുന്നു. കൃത്യസമയത്ത് സംസ്ഥാന സർക്കാർ ഏറ്റെടുക്കാത്തതുകൊണ്ടോ ടേക്ക്അപ്പ് ചെയ്യാത്തതുകൊണ്ടോ അല്ലേ മണ്ണെണ്ണയുടെ വിഹിതം ഇപ്പോഴിവിടെ കുറയാനുള്ള സാഹചര്യം വന്നത്. (...ബഹളം...) മത്സ്യമേഖലയ്ക്ക് മണ്ണെണ്ണ വകമാറ്റി ചെലവഴിച്ചു എന്നാണ് അവർ ആരോപണമായി ഉന്നയിക്കുന്നതെങ്കിൽ അത് കാലാകാലങ്ങളായി സംസ്ഥാനത്ത് നടന്നുന്നൊരു കീഴ്വഴക്കമാണ്. അത് കേന്ദ്രത്തിനും മാറിമാറി വന്ന സർക്കാരുകൾക്കുമറിയാം. അക്കാര്യം എന്തുകൊണ്ട് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താൻ ഈ സർക്കാർ തയ്യാറാകുന്നില്ല? മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞു എന്നുള്ളത് ഇതിനുമുൻപും ഈ സഭയിൽ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് മറുപടി നൽകിയത് മത്സ്യമേഖലയ്ക്ക് വേറെ മണ്ണെണ്ണ കണ്ടെത്താമെന്നാണ്. ഇപ്പോൾ റേഷൻ കടയിലൂടെ മണ്ണെണ്ണയുടെ വിതരണം വളരെയേറെ കുറഞ്ഞിരിക്കുന്നു. മത്സ്യമേഖലയ്ക്കുകൂടി അത് വകമാറ്റി കൊടുക്കുമ്പോൾ സ്വാഭാവികമായും പിന്നീടുള്ള കാർഡ് ഉടമകൾക്ക് അത് കുറയും. മത്സ്യമേഖലയ്ക്ക് വേറെ മണ്ണെണ്ണ കണ്ടെത്തിക്കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് റേഷൻ മേഖലയിൽ പൊതുവിതരണത്തിലൂടെ കൂടുതൽ മണ്ണെണ്ണ ജനങ്ങൾക്ക് എത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ ഗവൺമെന്റിന് കഴിയണം. പഞ്ചസാര വിഹിതവും വെട്ടിക്കുറച്ചിരിക്കുന്നു. ഇതിലൂടെ ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും ഇന്ന് പൊതുവിതരണ രംഗത്തേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ വാതിൽപ്പടി വിതരണത്തിന്റെ ടെണ്ടർ ക്ഷണിച്ചപ്പോൾ അതിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ ആരെങ്കിലും കടന്നു കൂടിയിട്ടുണ്ടെങ്കിൽ അത് റദ്ദാക്കും, അതിനെതിരെ നടപടിയെടുക്കും എന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ എന്തുകൊണ്ട് സപ്ലൈകോയുടെ ടെണ്ടറുകളിൽ ഇത്തരത്തിലുള്ള ക്രിമിനൽ സ്വഭാവമുള്ളവർ കടന്നുകൂടി എന്നത് സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. (...ബഹളം...) സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുതന്നെ സാധനങ്ങൾ വാങ്ങുന്ന ടെണ്ടറിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ട ചില കരാറുകാർ കടന്നുകൂടി എന്നുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ചില ഉദ്യോഗസ്ഥരും കരിഞ്ചന്തക്കാരും തമ്മിലുള്ള ഒരു അവിശുദ്ധ കൂട്ടുകെട്ട് സപ്ലൈകോയിലുണ്ട് എന്നത് മനസ്സിലാക്കേണ്ടതുണ്ട്. അത്തരക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. അവരെ കണ്ടെത്തുവാനും അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനുമുള്ള ആർജ്ജവം സർക്കാർ കാണിക്കണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ഇത്തരത്തിൽ അനവധി വിഷയങ്ങൾ ഇന്ന് ഈ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടുകൊണ്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് അനിവാര്യവുമാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ മുന്നോട്ടു വയ്ക്കുമ്പോൾ പൊതുവിതരണ സമ്പ്രദായത്തിൽ നാളെ ഒരു രീതിയിലുള്ള പിഴവുകളും ഉണ്ടാകാതെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തയ്യാറാകണം. ഇവിടെ ബഹളംവച്ചതും ഒച്ചവച്ചതും കഴിഞ്ഞ സർക്കാരിന്റെ കാര്യങ്ങൾ വച്ചുകൊണ്ടായിരിക്കും. ഞാനൊരു കാര്യം അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ ഒരു ദിവസംപോലും റേഷൻ മുടങ്ങിയിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായി ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ള വിഷയങ്ങൾ, ഇപ്പോൾ സംജാതമായിരിക്കുന്ന അടിയന്തര പ്രശ്നങ്ങൾ, ഇതാണ് ഞങ്ങൾ സഭയുടെ മുൻപിൽ വയ്ക്കുന്നത്. ഈ വിഷയങ്ങളിലെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ സർക്കാർ തയ്യാറാകണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നത് മേയ് മാസം 25-നാണ്. ഇപ്പോൾ 11 മാസം പിന്നിടുകയാണ്. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ 11 മാസങ്ങൾക്കുള്ളിൽ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. എന്നാൽ 3 വർഷം ലഭിച്ചിട്ട് ആ സമയം ഫലപ്രദമായി വിനിയോഗിക്കാതെ ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾ അധികാരത്തിൽ വന്നശേഷം എൻ.എഫ്.എസ്.എ. നടപ്പാക്കണമെന്ന് കേന്ദ്രം പറഞ്ഞു. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് പഴയ സിസ്റ്റം തുടരാൻ 6 മാസത്തെ സാവകാശം ചോദിച്ചു. അതിനായി നല്ലപോലെ പ്രവർത്തിച്ചു. പക്ഷേ സമ്മതിച്ചില്ല. നമ്മുടെ അഡ്ഹോക്ക് അലോട്ട്മെന്റ് വെട്ടിച്ചുരുക്കി. എ.പി.എൽ.കാർക്കുള്ള അരി വില 8.30 രൂപ എന്നുള്ളത് 22 രൂപയാക്കി വർദ്ധിപ്പിച്ചു. ഇങ്ങനെ വലിയ സമ്മർദ്ദം ചെലുത്തി റേഷൻ വിതരണത്തിന് അരി ലഭിക്കില്ല എന്ന അവസ്ഥ സൃഷ്ടിച്ച സാഹചര്യത്തിലാണ് നമ്മൾ അതിലേയ്ക്ക് ഇറങ്ങിത്തിരിക്കുന്നത്. "ഉലക്ക വിഴുങ്ങണം പക്ഷെ വട്ടം വിഴുങ്ങണം" എന്നാണ് കേന്ദ്രം പറഞ്ഞത്. വേറെ ഒരു നിവൃത്തിയുമില്ലാതെ നമ്മളതിലേയ്ക്ക് ഇറങ്ങിത്തിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് നവംബർ, ഡിസംബർ മാസങ്ങളിൽ നമുക്ക് കുറച്ചു പ്രയാസമുണ്ടായി. എന്നാലും ആ പ്രയാസത്തെയെല്ലാം അതിജീവിച്ചു കൊണ്ട് എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന കാര്യത്തിൽ വളരെ കാര്യക്ഷമമായി മുന്നോട്ടു പോകുകയാണ്. അതിന് നിങ്ങളുടെകൂടി പിന്തുണവേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഒട്ടേറെ കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പ്പുകാരുമൊക്കെ ഈ രംഗത്ത് ഉണ്ടായിരുന്നു എന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. ഏതായാലും അവരുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ല. കരിഞ്ചന്തക്കാരനെയോ പൂഴ്ത്തിവയ്പ്പുകാരനെയോ ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവനേയോ ഒരുതരത്തിലും ബന്ധിപ്പിക്കുന്ന ഒരു നടപടിയും ഈ സർക്കാർ സ്വീകരിക്കുന്ന പ്രശ്നമേയില്ല. അത് ട്രാൻസ്പോർട്ടേഷൻ രംഗത്താണെങ്കിലും ധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലാണെങ്കിലും മറ്റേത് ഉൽപ്പന്നങ്ങൾ കൊടുക്കുന്ന കാര്യത്തിലാണെങ്കിലും ഞങ്ങൾ കർശനമായി അക്കാര്യങ്ങൾ നിരീക്ഷിക്കും എന്നു പറയാൻ എനിക്ക് യാതൊരു പ്രയാസവുമില്ല. അതിവിടെ ഞാൻ അസന്നിഗ്ധമായി പറയുകയാണ്.

വ്യാപാരികൾ അവരുടെ സമരം പിൻവലിച്ചു. അവരുടെ പ്രശ്നങ്ങൾ ഇപ്പോൾ തുടങ്ങിയതല്ലല്ലോ. ധാന്യവിതരണം തുടങ്ങിയ കാലം മുതൽ അവരുടെ പ്രശ്നങ്ങളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണത്തെ കുറിച്ച് പഠിച്ച എല്ലാ കമ്മിറ്റികളും പറഞ്ഞത് ഈ രംഗത്ത് വ്യാപാരികളുടെ വരുമാനം വളരെ പരിമിതമാണ് എന്നാണ്. അതുകൊണ്ട് സംഭവിക്കുന്നതെന്താണ്; കേന്ദ്രം തരുന്ന ധാന്യത്തിന്റെ 60 ശതമാനമാണ് ജനങ്ങളുടെ കയ്യിൽ എത്തുന്നത്. 40 ശതമാനവും ഇതിനിടയിൽ ചോർന്നു പോകുകയാണ്. ആ ചോർച്ച ഒഴിവാക്കാനുള്ള പരിശ്രമമാണ് ഞങ്ങളിപ്പോൾ നടത്തുന്നത്. അതിലൂടെ തടിച്ചു കൊഴുക്കുന്നവർ ധാരാളമുണ്ട്. ഇത്തരം ക്രമക്കേടുകൾ നടത്തുന്നവർ ഫലപ്രദമായി ഈ സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന ഘട്ടത്തിൽ റേഷൻ വ്യാപാരികൾക്ക് ഒരാശങ്കയുണ്ട്. അവരുടെ വരുമാനത്തിൽ കുറവ് സംഭവിക്കുമോ? ഞങ്ങൾ അതിനെക്കുറിച്ച് പഠിക്കാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി ഒരു പാക്കേജ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻസെന്റീവിന്റെ വിഷയത്തിലാണെങ്കിലും വരുമാനം ലഭിക്കുന്ന വിഷയത്തിലാണെങ്കിലും റേഷൻ വ്യാപാരികളുടെ സംഘടനാ പ്രതിനിധികൾ ഉൾപ്പെടെ ഉണ്ടായിരുന്ന ആ കമ്മിറ്റി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി തന്നത് സർക്കാരിന്റെ കൈവശമുണ്ട്. ആ റിപ്പോർട്ട് ചർച്ച ചെയ്ത് അതിന്മേൽ തീരുമാനമെടുക്കും. അതിൽ യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല. പല റൗണ്ട് ചർച്ച കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത് കഴിഞ്ഞ ദിവസവും യോഗം കൂടി. ഇനി മേയ് 20-ന് അദ്ദേഹം തീയതി നിശ്ചയിച്ചിരിക്കുകയാണ്. ആ തീയതിയിൽ വ്യാപാരികളുടെ പ്രശ്നത്തിൽ തീരുമാനമുണ്ടാകും എന്നുള്ള കാര്യം ഉറപ്പാണ്. ആ കമ്മിറ്റി തന്നെ ചില കാര്യങ്ങൾ സർക്കാരിന്റെ മുന്നിൽ കൊണ്ടുവന്നിരുന്നു. 1000, 1500 കാർഡുകളുള്ള റേഷൻ കടകളുണ്ട്. 350-ന് താഴെയുള്ള റേഷൻ കടകളുമുണ്ട്. അതുകൊണ്ട് 300-350 റേഷൻ കാർഡുകളുള്ള റേഷൻ കട സാമ്പത്തികമായി നടത്തിക്കൊണ്ട്

പോകുന്നത് ലാഭകരമല്ല. അത്തരം റേഷൻ കടകളെ സമന്വയിപ്പിക്കണം എന്ന് ആ കമ്മിറ്റി തന്നെ ശിപാർശ ചെയ്തിരിക്കുകയാണ്. അതല്ലാതെ റേഷൻ കടകളെ വെട്ടിച്ചുരുക്കാനോ നമ്പർ കുറയ്ക്കാനോ ഒന്നും സർക്കാർ തീരുമാനിച്ചിട്ടില്ല.

മണ്ണെണ്ണ കുറച്ചത് സംസ്ഥാന സർക്കാരാണോ? കേന്ദ്രം മണ്ണെണ്ണ വെട്ടിക്കുറച്ചു. അത് ഇന്ന് തുടങ്ങിയ പ്രതിഭാസമല്ല. പണ്ടുകാലം മുതലുള്ള കാര്യമാണ്. നമുക്ക് അർഹതപ്പെട്ട മണ്ണെണ്ണ വെട്ടിക്കുറച്ചു. ഇപ്പോൾ ബി.ജെ.പി. സർക്കാർ രണ്ടുമൂന്ന് ഘട്ടങ്ങളിലായി വെട്ടിക്കുറച്ചു. നമുക്ക് പാചകം ചെയ്യാനും വെളിച്ചം കിട്ടാനുമാണ് കേന്ദ്രം റേഷൻ മണ്ണെണ്ണ തരുന്നത്. എന്നാൽ വർഷങ്ങളായി നമ്മൾ അതിലൊരു ഭാഗം പങ്കുവച്ച് പാവപ്പെട്ട തീരദേശത്തെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാറുണ്ടായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ സംസ്ഥാനം ചെയ്തു പോരുന്ന ഒരു നടപടി ക്രമമാണിത്. കേന്ദ്രം മണ്ണെണ്ണ വെട്ടിക്കുറച്ചപ്പോൾ പരാതിയുമായി ചെന്ന ഞങ്ങളോട് കേന്ദ്ര സർക്കാർ പറഞ്ഞത് മത്സ്യത്തൊഴിലാളികൾക്കു വേണ്ടി മണ്ണെണ്ണ കൈമാറ്റം ചെയ്യുന്നതിനോട് ഞങ്ങൾ യോജിക്കുന്നില്ല എന്നാണ്. വകമാറ്റിയ അത്രയും അളവാണ് വെട്ടിക്കുറച്ചത്. ഞങ്ങൾ എന്തുകൊണ്ടാണ് മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കേണ്ടിവരുന്നത് എന്നുള്ള കാര്യങ്ങളെല്ലാം പറഞ്ഞു. പണ്ടുകാലം മുതൽ കൊടുക്കുന്ന കാര്യമാണിത്. പരമ്പരാഗത മത്സ്യമേഖലയിലെ തൊഴിലാളികളെ സഹായിക്കാൻവേണ്ടി ചെയ്യുന്നതാണ്. അപ്പോൾ അവർക്ക് പ്രത്യേക സ്കീം ഏർപ്പെടുത്താമെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനുമാണ് കേന്ദ്രം നിർദ്ദേശിച്ചത്. മണ്ണെണ്ണ നമുക്ക് തരുന്നത് പാചകം ചെയ്യാനും വെളിച്ചം കാണാനുമാണ്. സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ഒരു സംസ്ഥാനമാകാൻ പോകുന്ന കേരളത്തിന് മണ്ണെണ്ണയുടെ വെളിച്ചം എന്തിനാണ് എന്നാണ് കേന്ദ്രം ചോദിക്കുന്നത്. കേരളത്തിലെ മിക്കവാറും ആളുകൾ പാചകത്തിന് പാചകവാതകം ഉപയോഗിക്കുമ്പോൾ എന്തിനാണ് മണ്ണെണ്ണ? രണ്ടുതരത്തിലുള്ള സബ്സിഡി പാടില്ല. 111 കോടി രൂപ അധിക സബ്സിഡി ഞങ്ങൾ തരികയാണ്. അത് സാദ്ധ്യമല്ല എന്നുള്ളതാണ് കേന്ദ്രത്തിന്റെ നിലപാട്.

10.00 AM]

നമ്മുടെ ആവശ്യങ്ങളും ആവലാതികളും കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിക്കുന്നുണ്ട്. മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിന് ആനുപാതികമായി മത്സ്യ മേഖലയ്ക്ക് കൊടുത്തതും കുറഞ്ഞു, എന്നാലും അര ലിറ്റർ മണ്ണെണ്ണയെങ്കിലും റേഷൻ കാർഡ് വിതരണത്തിലൂടെ കൊടുക്കാനാവശ്യമായ തീരുമാനമെടുത്തുകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. പഞ്ചസാര വെട്ടിക്കുറച്ചതല്ല, നിർത്തലാക്കിയിരിക്കുകയാണ്.

കഴിഞ്ഞ ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് പഞ്ചസാരയുടെ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ ഞങ്ങൾ നിവേദനവുമായി പോയപ്പോൾ ഇത്തവണ കൊണ്ട് ഇത് അവസാനിച്ചു എന്നാണ് ഉദ്യോഗസ്ഥരംഗത്തെ പ്രമാണിമാർ ഞങ്ങളോട് പറഞ്ഞത്. 97 ലക്ഷം പേർക്ക് കൊടുക്കാനുള്ള പഞ്ചസാരയാണ് കേന്ദ്രം നമുക്ക് തന്നിരുന്നത്. എന്നാൽ ഇവിടെ 154 ലക്ഷം ആളുകൾ മുൻഗണനാ പട്ടികയിലുണ്ട്. 97 ലക്ഷം പേർക്ക് തരുന്ന പഞ്ചസാര 154 ലക്ഷം പേർക്ക് കൊടുക്കാൻ തികയാത്തതിനാൽ ശേഷിക്കുന്നവർക്ക് കൊടുക്കാൻ പഞ്ചസാര തരണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. എന്നാൽ കേന്ദ്രം ഇത്തവണ അവതരിപ്പിച്ച ബജറ്റിൽ 200 കോടി രൂപ മാത്രമാണ് പഞ്ചസാരയ്ക്ക് നീക്കിവച്ചത്. അതുസംബന്ധിച്ച് ഔദ്യോഗികമായ യാതൊരു അറിയിപ്പും നമുക്ക് കിട്ടിയിട്ടില്ല, നമുക്ക് പണവും തരുന്നില്ല. നമ്മൾ ഓപ്പൺ മാർക്കറ്റിൽ ടെണ്ടറിൽ പങ്കെടുത്ത് പഞ്ചസാര വാങ്ങി ഒരു കിലോയ്ക്ക് 22 രൂപ വീതം സപ്ലൈകോ വഴി കൊടുക്കുകയാണ്. ട്രാൻസ്പോർട്ടേഷൻ ടെണ്ടറുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ്സുണ്ടായി. കോടതി തന്ന ഡയറക്ടീവ് നമ്മുടെ മുമ്പിലുണ്ട്. ആ ഡയറക്ടീവ് അനുസരിച്ച് ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുകയും അക്കാര്യത്തിൽ തീരുമാനമുണ്ടാകുകയും ചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. അനൂപ് ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ച വിഷയങ്ങളെല്ലാം പഴയ കാര്യങ്ങളാണ്. ഇപ്പോൾ അതൊന്നും നിലനിൽക്കുന്നില്ല. ഈ സംസ്ഥാനത്തെ പൊതുവിതരണരംഗം ശുദ്ധീകരിക്കാൻ പോകുകയാണ്. ഒരു മാലിന്യവുമില്ലാത്ത, കറയുമില്ലാത്ത രംഗമായി പൊതുവിതരണ രംഗത്തെ മാറ്റാൻ പോകുകയാണ്. സപ്ലൈകോയുടെ രംഗത്തും മാറ്റം വരുത്താൻ പോകുകയാണ്. അതുകൊണ്ട് ഒരാശങ്കയും വേണ്ട, കേരളത്തിലെ പൊതുവിതരണ രംഗം ഏതു കാലത്തേക്കാളും വളരെ ഭംഗിയായി നടക്കുമെന്ന കാര്യം ഉറപ്പാണ്. അതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇച്ഛാശക്തിയില്ലാത്ത ഗവൺമെന്റിന്റെ യഥാർത്ഥ രൂപമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പണി തീർത്തിട്ടും തീർത്തിട്ടും തീരുന്നില്ല എന്നു പറഞ്ഞതുപോലെയാണ് സംസ്ഥാനത്തെ ഇടതു സർക്കാരിന്റെ റേഷൻ വിതരണം ശരിയാക്കൽ. 2016 നവംബർ മാസത്തിലാണ് സംസ്ഥാനത്ത് റേഷൻ വിതരണം കുറഞ്ഞത്. ഇപ്പോൾ അഞ്ച്

മാസമാകുന്നു. റേഷൻ വിതരണം ഇതുവരെ ശരിയാക്കാൻ മന്ത്രിക്കും ഗവൺമെന്റിനും സാധിക്കുന്നില്ല. 'വെള്ളാനകളുടെ നാട്' എന്ന ചലചിത്രത്തിൽ കുതിരവട്ടം പപ്പു 'ഇപ്പ ശരിയാക്കിത്തരാം' എന്നുപറയുന്ന ഒരു ഡയലോഗുണ്ട്. അതുപോലെയാണ് ഭക്ഷ്യ വകുപ്പുമന്ത്രി എന്തു ചോദിച്ചാലും 'ഇപ്പ ശരിയാക്കിത്തരാം' എന്നുപറയുന്നത്, മാസം 11 ആയി.

<u>മി. സ്പീക്കർ</u>: ഇപ്പോൾ ശരിയായി എന്നാണ് അദ്ദേഹം പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇവിടെ അദ്ദേഹം കുറ്റപ്പെടുത്തുന്നത് കാലവസ്ഥയെയും മുൻ സർക്കാരിനെയും കേന്ദ്ര സർക്കാരിനെയുമാണ്. കേന്ദ്രം തെറ്റ് ചെയ്തിട്ടുണ്ടെന്ന് ഞങ്ങളും സമ്മതിക്കുന്നു. അതിന് നമ്മളൊരുമിച്ച് ഡൽഹിയിൽ പോകാമെന്ന് പറഞ്ഞു. എന്നാൽ പ്രധാനമന്ത്രി സമയം തന്നില്ല എന്നുള്ളത് മറ്റൊരു കാര്യം.

<u>ശ്രീ. കെ. രാജൻ</u>: സർ, കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് കുറ്റം ചെയ്യുവെന്നാണ് പറഞ്ഞത്. ഒരു കോടി 54 ലക്ഷം എന്ന നിലവാരത്തിൽ മുൻഗണനാ ലിസ്റ്റ് തീരുമാനിച്ചത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. നഗര പ്രദേശങ്ങളിൽ 35.85 ശതമാനവും ഗ്രാമ പ്രദേശങ്ങളിൽ 50.15 ശതമാനവും ആളുകളെ മാത്രമേ മുൻഗണനാ ലിസ്റ്റിൽപ്പെടുത്താവൂ എന്ന് പറയുമ്പോൾ കേരളം എവിടെയായിരുന്നു? ബംഗാളിലും, ത്രിപുരയിലും അതല്ലായിരുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ശ്രീ. കെ. രാജൻ ബഹളമുണ്ടാക്കുന്നതുകൊണ്ടാണ് ഞാൻ ചോദ്യം ചോദിക്കാൻ അനുവദിച്ചത്, എപ്പോഴും ബഹളം ഉണ്ടാക്കണ്ടല്ലോ. ശ്രീ. കെ. രാജൻ പറഞ്ഞത് വസ്തുതയാണ്, അദ്ദേഹം പറഞ്ഞ പ്രകാരം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ നിർബന്ധം കൊണ്ടുതന്നെയാണ് 10 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്ന അരി 12 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തിയത്. മാത്രമല്ല, എല്ലാ വർഷവും രണ്ടര ലക്ഷം ടൺ അരി അഡീഷണൽ അലോട്ട്മെന്റായി വാങ്ങിയെടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ള കാര്യം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു, അത് നമ്മൾ ധാരാളം ചർച്ച ചെയ്ത കാര്യമാണ്. കേന്ദ്രം കൂടുതൽ അരി വിഹിതം തരണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. മുഖ്യമന്ത്രിയും പ്രതിപക്ഷവും ഒരുമിച്ച് ഡൽഹിയിൽ പോകാമെന്ന് പറഞ്ഞിട്ടും പ്രധാനമന്ത്രി അനുവാദം നൽകിയില്ല. അത് തെറ്റായ നടപടിയായിപ്പോയി, അതിനെ ഞങ്ങൾ അപലപിക്കുന്നു. പക്ഷേ ശ്രീ. പി. തിലോത്തമൻ, അങ്ങ് എത്ര നാൾ കാലാവസ്ഥയെയും മുൻ ഗവൺമെന്റിനെയും കേന്ദ്ര സർക്കാരിനെയും കുറ്റം പറയും; നമുക്ക് ചെയ്യാനുള്ള കാര്യങ്ങൾ നമ്മൾ ചെയ്യണ്ടേ? മേയ് മാസത്തെ റേഷൻ എടുത്തില്ലെങ്കിൽ സംസ്ഥാനത്തിനുള്ള അരി വിഹിതം നിർത്തിവയ്ക്കുമെന്ന് കേന്ദ്രം മുന്നറിയിപ്പു നൽകിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ? മുൻഗണനാ പട്ടിക പ്രകാരം

മേയ് 1 -ന് റേഷൻ വിതരണം തുടങ്ങുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. ഇന്ന് മേയ് 3 ആണ്. ഈ മാസത്തെ റേഷൻ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് എടുക്കാൻപോലും അങ്ങയുടെ ഡിപ്പാർട്ട്മെന്റിന് കഴിഞ്ഞില്ലെന്നുള്ള കാര്യം അങ്ങ് മറക്കരുത്.

ശ്രീ. പി. തിലോത്തമൻ: സർ, മേയ് മാസത്തിൽ വിതരണം ചെയ്യേണ്ട അരി ഏപ്രിൽ മാസത്തിൽ എടുക്കണം. ഏപ്രിൽ മാസം നമുക്ക് പത്തോ, ഇരുപതോ ദിവസമാണ് കിട്ടുന്നത്. ചില മാസങ്ങളിൽ അരി ആ മാസം എടുക്കാൻ സാധിച്ചില്ലെങ്കിൽ 15 ദിവസം കൂടി എക്സ്റ്റെൻഷൻ നൽകാറുണ്ട്. അതുകൊണ്ട് പ്രയാസമൊന്നുമില്ല. ഇത് എല്ലാ കാലവും ഉണ്ടായിരുന്ന കാര്യമാണ്. അതുകൊണ്ട് അരി നമ്മൾ എടുക്കുകയും വിതരണം ചെയ്യുകയും ചെയ്യും. വിതരണത്തിന് ഒരു തകരാറുമുണ്ടാകുകയില്ല. മേയ് മാസത്തെ അരി വിതരണം എല്ലായിടത്തും എത്തി കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും അരി എടുത്തില്ലെങ്കിൽ കേന്ദ്രം ഇനി അരി തരില്ലെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്; അത് വിശദീകരിക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. പി. തിലോത്തമൻ: സർ, അത് കേന്ദ്രത്തോട് ചോദിക്കേണ്ട കാര്യമാണ്, എന്നോട് ചോദിക്കേണ്ട കാര്യമല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയല്ല. സമയാസമയങ്ങളിൽ നമ്മൾ എഫ്.സി.ഐ. ഗോഡൗണിൽ നിന്ന് അരി എടുക്കാത്തതുകൊണ്ടാണ് കേന്ദ്രം അങ്ങനെയൊരു നിലപാട് സ്വീകരിച്ചതെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവിടെ റേഷൻ കാർഡുകളുടെ കാര്യം അതിനേക്കാൾ രസകരമാണ്. മാർച്ച് മാസത്തിൽ കൊല്ലത്തും, ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തെ മറ്റ് എല്ലാ ജില്ലകളിലും റേഷൻ കാർഡ് വിതരണം നടത്തുമെന്ന് പ്രഖ്യാപിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് 4 പേർക്ക് റേഷൻ കാർഡ് കൊടുത്തു, പിന്നീട് അഞ്ചാമത് ഒരാൾക്ക് റേഷൻ കാർഡ് കിട്ടിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. റേഷൻ കാർഡുകൾ വേറെ എവിടെയെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ? മന്ത്രി ഇപ്പോഴും യു.ഡി.എഫ്. സർക്കാരിനെ കുറ്റപ്പെടുത്തുകയാണ്. പതിനൊന്ന് മാസമായിട്ടും എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന നിങ്ങൾ ഇപ്പോൾ ജനങ്ങളെ ശരിയാക്കിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതല്ലേ യാഥാർത്ഥ്യം.

ശ്രീ. പി. തിലോത്തമൻ: സർ, ജനങ്ങളുടെ കൈവശമുള്ള റേഷൻ കാർഡ് 2007-ൽ വിതരണം ചെയ്തതാണ്, 5 വർഷം കഴിയുമ്പോൾ റേഷൻ കാർഡ് പുതുക്കി കൊടുക്കേണ്ടതായിരുന്നു. 2012-13, 2013-14, 2014-15, 2015-16 ഇതൊക്കെ നിങ്ങളുടെ കാലയളവായിരുന്നു. നിങ്ങൾ അത് ചെയ്യാത്തതു കൊണ്ട് ഞങ്ങൾ ഇപ്പോൾ റേഷൻ കാർഡ് എല്ലാ ജില്ലകളിലേയ്ക്കും എത്തിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ വിഷയം നിയമസഭയിൽ മുമ്പ് ചർച്ച ചെയ്തതാണ്. 2012-ൽ റേഷൻ കാർഡിന്റെ കാലാവധി കഴിഞ്ഞു എന്നുള്ളത് വസ്തുതയാണ്. 2013-ലാണ് ഭക്ഷ്യ ഭദ്രതാ നിയമം വരുന്നത്. നിയമം വന്നതിനുശേഷം കാർഡുകൾ പുതുക്കിയാൽ മതിയെന്ന തീരുമാനമനുസരിച്ചാണ് 2014-ൽ കാർഡ് പുതുക്കാനുള്ള നടപടി കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. ഇതൊക്കെ അങ്ങേയ്ക്ക് അറിവുള്ളതാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം റേഷൻ കാർഡുകളുടെ വിതരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. റാങ്കിംഗ് സിസ്റ്റത്തിൽ മാറ്റം കൊണ്ടുവന്നു, സോഷ്യൽ ഓഡിറ്റ് നടത്തിയില്ല. ഈ രണ്ട് കാര്യങ്ങളാണ് റേഷൻ കാർഡ് വിതരണത്തിൽ കാലതാമസമുണ്ടാകാൻ കാരണം.

<u>മി. സ്പീക്കർ</u>: ഇതെന്താണ് നടക്കുന്നത്; പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗമാണ് നടക്കുന്നത്, അതിനിടയിൽ ആരൊക്കെയാണ് സംസാരിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എനിക്ക് ചോദിക്കാനുള്ളത്, ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് 4 റേഷൻ കാർഡുകൾ വിതരണം ചെയ്തു, അഞ്ചാമത് ഒരെണ്ണം കിട്ടിയില്ല എന്ന് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചില്ലല്ലോ? സംസ്ഥാനത്തെ ജനങ്ങൾക്ക് റേഷൻ കാർഡ് കിട്ടുന്നില്ല. മുൻഗണനാ പട്ടികയിലെ തെറ്റുതിരുത്തൽ വെള്ളത്തിലായിട്ടുണ്ട്. 12 ലക്ഷം പരാതികളാണ് ലഭിച്ചത്. തെറ്റുതിരുത്താൻ ഗ്രാമസഭകളെ ഏൽപ്പിച്ചത് നടന്നോ; സോഷ്യൽ ഓഡിറ്റ് നടന്നോ? പഞ്ചായത്തുകളെ സഹകരിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർ പിന്നീട് തെറ്റുതിരുത്തി. അവർക്ക് സൗകര്യമുള്ളതുപോലെ എ.പി.എൽ./ബി.പി.എൽ. അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയുണ്ടാക്കി. നല്ല വീടും കാറുമുള്ള സമ്പന്നർ ഇപ്പോൾ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടു എന്നാണ് പരാതി വരുന്നത്. ക്യാൻസർ ബാധിച്ച് കിടപ്പാടം പോലുമില്ലാത്തവർ എ.പി.എൽ. പട്ടികയിലാണ്. ഇതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് റേഷൻ കാർഡിന്റെ കാര്യത്തിൽ സ്വീകരിച്ചത്. കരട് പട്ടികയിൽ നിന്ന് 8 ലക്ഷം പേരെ ഒഴിവാക്കി, പകരം 8 ലക്ഷം പേരെ കൂട്ടിച്ചേർത്തുവെന്ന് പറയുന്നു. എന്ത് മാനദണ്ഡമാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്? പുതിയ കാർഡിന് യു.ഡി.എഫ്. സർക്കാർ എ.പി.എൽ.-ന് 50 രൂപയും ബി.പി.എൽ.-ന് 30 രൂപയുമായിരുന്നു നിശ്ചയിച്ചിരുന്നത്. റേഷൻ കാർഡിന് പോലും വില കൂട്ടിയ സർക്കാരാണ് ഈ സർക്കാർ. എ.പി.എൽ. വിഭാഗകാർക്ക് 100 രൂപയും ബി.പി.എൽ. വിഭാഗക്കാർക്ക് 50 രൂപയുമായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ പാവപ്പെട്ടവരെ സേവിക്കാൻ വന്ന ഗവൺമെന്റാണോ ഇത്; ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഇവിടെ എന്തു നടന്നു? മാവേലി സ്റ്റോറുകളിൽ ഒരു സാധനവും കിട്ടാനില്ല. സി.പി.ഐ.-യോട് വിരോധമുണ്ടെങ്കിലും കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടേണ്ട കാര്യമുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി

ആവശ്യത്തിന് പണം കൊടുക്കാതെ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമന് എന്ത് ചെയ്യാൻ കഴിയും? ധനകാര്യ വകുപ്പ് വേണ്ടത്ര പണം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാത്തതുകൊണ്ടാണ് മാവേലി സ്റ്റോറുകളിൽ സാധനമില്ലാത്തതും ജനങ്ങൾ പ്രയാസപ്പെടുന്നതും. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ചിറ്റമ്മ നയം സി.പി.ഐ.- യോട് കാണിക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ശ്രീ. പി. തിലോത്തമന് ഒന്നും പറയാൻ കഴിയില്ല. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, ഇരിക്കൂ... അദ്ദേഹം ഒന്ന് സംസാരിച്ചോട്ടെ .....സംസാരിച്ച് അവസാനിപ്പിക്കട്ടെ....പ്ലീസ്... ശ്രീ. കെ. രാജൻ ഇരിക്കൂ.... (.....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ പൊതുവിതരണ മേഖല ആകെ തകർന്നിരിക്കുന്നു. ഇന്നലെ നടന്ന റേഷൻ കടക്കാരുടെ സമരത്തിൽ ഞാൻ പങ്കെടുത്തിരുന്നു. റേഷൻ കടകൾ അടച്ചിടരുത്, അത് സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളെയാണ് ബാധിക്കുന്നത്, നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രതിപക്ഷം മുൻകയ്യെടുക്കാൻ തയ്യാറാണെന്നാണ് ഞാൻ അവരോട് പറഞ്ഞത്. റേഷൻ കടകൾ അടച്ചിടാൻ ഞങ്ങൾ പറഞ്ഞിട്ടില്ല. ഭക്ഷ്യ വകുപ്പുമന്ത്രി അവർക്ക് ഉറപ്പു കൊടുത്തു, എന്നാൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ആ ഉറപ്പ് ബാധകമല്ലെന്നാണ് പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വസ്തുതാപരമായി തീർത്തും തെറ്റായ കാര്യമാണ് പ്രതിപക്ഷനേതാവ് പറയുന്നത്. നിങ്ങൾ അവിടെ പോയതിന് ശേഷം ശ്രീ. ജോണി നെല്ലൂരടക്കം എല്ലാവരും എന്നെ വന്ന് കണ്ടിരുന്നു. അടുത്ത മാസത്തിനുള്ളിൽ എല്ലാം തീർക്കാമെന്നും ബാക്കിയുള്ള പ്രശ്നങ്ങൾ പരിശോധിക്കാമെന്നും പറഞ്ഞാണ് അവർ പോയത്, ഒരു അത്യപ്തിയും പറയാതെയാണ് അവർ പോയത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നാൽ എന്തിനാണ് അവർ സമരം ചെയ്തത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഇപ്പോൾ പറഞ്ഞത് അവർക്ക് പണം കൊടുക്കാതിരിക്കുന്നതുകൊണ്ടാണ് അവർ സമരം ചെയ്തതെന്നാണ്. എന്നാൽ അങ്ങനെയില്ല. അവർ വന്ന് സംസാരിച്ച്, ഒരു ധാരണയിലെത്തിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഇക്കാര്യം അറിയാവുന്നതാണ്, എല്ലാ മാധ്യമങ്ങളിലൂടെയും വന്നതുമാണ്. ഇന്നുമുതൽ റേഷൻ കടകൾ അടച്ചിടുമെന്ന് പറഞ്ഞ് അവർ ഇന്നലെ സമരം ചെയ്തതാണ്, ആ സമരത്തെ

ഞാനും ഡോ. എം. കെ. മുനീറും അഭിസംബോധന ചെയ്തതാണ്. നിങ്ങൾ കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്, നിങ്ങളുടെ പ്രശ്നങ്ങൾ പ്രതിപക്ഷം നിയമസഭയിൽ ഉന്നയിക്കും, മുഖ്യമന്ത്രിയോട് പറയാം എന്നൊക്കെയാണ് ഞങ്ങൾ അവരോട് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇങ്ങനെ പറഞ്ഞ് പോകുന്നതുകൊണ്ട് ഒരു കാര്യം വ്യക്തമാക്കുകയാണ്. സമരക്കാർ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് ഞങ്ങളെല്ലാവരും പങ്കെടുത്തുകൊണ്ട് ഒരു ചർച്ച അവരുമായി നടത്തിയിരുന്നു. റേഷൻ വ്യാപാരികളുടെ വ്യത്യസ്ത സംഘടനകൾ അതിൽ പങ്കെടുത്തിരുന്നു. നിലവിലുള്ള പ്രശ്നം റേഷൻ കടകൾക്ക് നേരത്തെ കൃത്യമായ ഒരു വരുമാനമുണ്ടായിരുന്നില്ല, പല വഴിക്കുള്ള വരുമാനമാണ് അവർക്ക് ഉറപ്പുവരുത്തിയിരുന്നത്. ആ സമ്പ്രദായം മാറുകയാണ്. അത് മാറുമ്പോൾ പുറം വരുമാനം അവർക്കുണ്ടാകില്ല. അപ്പോൾ ഒരു നിശ്ചിത വരുമാനം അവർക്ക് ഉറപ്പ് വരുത്തണം. എത്രയാണ് അവർക്ക് കൊടുക്കാനുള്ള കമ്മീഷൻ എന്നതുമായി ബന്ധപ്പെട്ട ഒരു ധാരണയുണ്ടാകണം. കുറച്ച് അഭിപ്രായങ്ങൾ വന്നു, അതിനെപ്പറ്റി പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കാമെന്ന് പറഞ്ഞു. ആ സമിതി പരിശോധിക്കുന്നത് അനന്തമായിട്ടല്ല. അടുത്ത മാസം ഇന്ന തീയതിയിൽ ചർച്ച ചെയ്യാം, അപ്പോഴേയ്ക്കും റിപ്പോർട്ട് വരും, അതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും എടുക്കാൻ കഴിയുമെന്ന് ആ യോഗത്തിൽ തീരുമാനിച്ചിരുന്നു. നല്ല സൗഹൃദാന്തരീക്ഷത്തിലാണ് പിരിയുന്നത്, ഒരു പ്രശ്നവും അതിലുണ്ടായില്ല. സംഘടനകൾ ചില ഘട്ടങ്ങളിൽ പ്രക്ഷോഭം നടത്തും, അത് ആ നിലയിൽ കണ്ടാൽ മതി. കാര്യങ്ങൾ വിശദമായി ചർച്ചചെയ്ത്, അവരത് അംഗീകരിച്ചതിന്റെ ഭാഗമായി അടുത്ത മാസം ഇന്ന തീയതിയിൽ യോഗം ചേരാമെന്ന് തീരുമാനിച്ചതുമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റേഷൻ കടക്കാരുടെ പ്രശ്നം പരിഹരിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്കും അഭിപ്രായ വ്യത്യാസമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അവർ സമരം ചെയ്തപ്പോൾ ഞങ്ങൾ അവിടെപ്പോയി സംസാരിച്ചതും ഇതുതന്നെയാണ്. ഞങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽ പറയാം എന്ന് അവരോടു പറഞ്ഞു. എന്നാൽ ഭക്ഷ്യ വകുപ്പുമന്ത്രി നൽകിയ ഉറപ്പ് ധനകാര്യ വകുപ്പുമന്ത്രി പാലിക്കുന്നില്ലെന്നാണ് അവർ പറഞ്ഞത്.

ശ്രീ. പി. തിലോത്തമൻ: സർ, അത്തരത്തിൽ അവർ അങ്ങയോട് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിയല്ല. അവർ ചില വിഷയങ്ങൾ ഉന്നയിച്ചു, അതോടൊപ്പം തന്നെ, സമഗ്രമായ ഈ മാറ്റത്തെ സംബന്ധിച്ച് പഠിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ, ഇവരുടെ പ്രതിനിധികൾ എല്ലാവരുമടങ്ങിയ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കലുണ്ട്, അതിന്മേൽ തീരുമാനമെടുക്കാൻ പോകുന്നതേയുള്ളൂ. ഞങ്ങൾ ഇതിനിടയ്ക്ക് മറ്റൊരു സംസാരവും നടത്തിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ റേഷൻ കടകൾ അടച്ചിടണമെന്ന കാര്യത്തിൽ ഞങ്ങൾക്കെന്താണ് നിർബന്ധം? ഞങ്ങൾക്കതിൽ താല്പര്യമില്ല. കേരളത്തിലെ പാവപ്പെട്ടവർക്ക് അരി കൊടുക്കണം, പൊതുവിതരണ മേഖല ശക്തിപ്പെടണം, മാവേലി സ്റ്റോറുകൾ ശക്തിപ്പെടണം. ധനകാര്യ വകുപ്പുമന്ത്രി പണം തരാത്ത പ്രശ്നത്തിൽ അങ്ങയെ ഞങ്ങൾ സഹായിക്കുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വേണ്ടത്ര പണം കൊടുക്കാതെ സിവിൽ സപ്ലൈസ് വകുപ്പിനെ ശ്വാസം മുട്ടിക്കുന്നതിന് എതിരായിട്ടുള്ള നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്, ആ വസ്തുത മനസ്സിലാക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്, 'ഓരോ മണി അരിയിലും അത് കഴിക്കുന്നയാളിന്റെ പേര് ദൈവം രേഖപ്പെടുത്തിയിട്ടുണ്ട് ' എന്ന് കവി പറഞ്ഞിട്ടുണ്ട്. അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള അരി ദയവായി സംസ്ഥാന ഗവൺമെന്റ് നിഷേധിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് ചർച്ച ചെയ്യാൻ മടിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, പഴയൊരു ചൊല്ലുണ്ട്, 'അരിമണിയൊട്ട് കൊറിക്കാനില്ല, പക്ഷേ തരിവളയിട്ടു കിലുക്കാൻ മോഹം' ആ അവസ്ഥയിലാണ് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ മറുപടി ഞങ്ങൾ കേട്ടത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്രം അരി വിഹിതം കുറച്ചിട്ടും, നേരത്തെ 16 ലക്ഷം മെട്രിക് ടൺ അരി കിട്ടിയപ്പോൾ മലപ്പുറത്തിനും കോഴിക്കോടിനും കൊടുത്തതിനേക്കാൾ കൂടുതൽ വിഹിതം ഇപ്പോൾ കൊടുക്കുന്നുണ്ട്.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് പറഞ്ഞത് ഇവിടെ സ്തംഭനാവസ്ഥയില്ല എന്നാണല്ലോ, സ്തംഭനാവസ്ഥയില്ലാതെ 12000- ത്തോളം വരുന്ന റേഷൻ കടകൾ പൂട്ടിയിട്ടിട്ട് റേഷൻ കടയുടമകൾ എന്തിനാണ് ഇവിടെ വന്നത്. സ്തംഭനാവസ്ഥ ഉണ്ടോ ഇല്ലയോ എന്നതിന്റെ ഏറ്റവും വലിയ നിദർശനമാണ് ഈ സമരം. അതിൽ അവർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അവർക്ക് അർഹതയുള്ള ഇൻസെന്റീവ് അല്ലെങ്കിൽ കോമ്പൻസേഷൻ കൊടുക്കാമെന്ന് പറഞ്ഞിരുന്നു. റേഷൻ കടക്കാർ തന്നെ മുന്നോട്ടു വച്ച തുകയാണ് 50 രൂപ എന്നത്. ആ തുക കൊടുക്കാമെന്ന് പറഞ്ഞിട്ട് എന്തുകൊണ്ട് ഇതുവരെ കൊടുത്തില്ല എന്ന ചോദ്യത്തിനാണ് ഞങ്ങൾ മറുപടി ചോദിച്ചത്. തുക ഇന്ന് കിട്ടും, നാളെ കിട്ടും എന്ന് പറഞ്ഞ് നീണ്ടുപോകുമ്പോൾ, നിങ്ങൾ എപ്പോഴും പറയുന്നതുപോലെ, അത്

വിശ്വാസയോഗ്യമല്ലെന്ന് തോന്നിയതുകൊണ്ടാണ് അവർ സമരത്തിലേയ്ക്കിറങ്ങിയത്. 20-ാം തീയതി ചർച്ച ചെയ്യുമെന്ന് പറഞ്ഞു, കാര്യങ്ങൾക്ക് പരിഹാരമുണ്ടാവുകയും റേഷൻ കടകൾ തുറക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ റേഷൻ കടക്കാരുടേതല്ലാത്ത പ്രശ്നമാണ് ജനങ്ങളുടെ പ്രശ്നം, അതാണ് ഞങ്ങൾക്ക് റേഷൻ കാർഡുമായി ബന്ധപ്പെട്ട് പറയാനുള്ളത്. റേഷൻ കാർഡിൽ നേരത്തെയുള്ള ബി.പി.എൽ./എ.പി.എൽ. പോയതോടെ, മുൻഗണന/മുൻഗണനേതരം എന്ന രണ്ട് വിഭാഗമായി മാറി. അതിനായി ആദ്യം നിങ്ങൾ റാങ്കിംഗ് തീരുമാനിച്ചത് താലൂക്ക് തലത്തിലായിരുന്നു. താലൂക്ക് ലെവലിൽ നിന്നും പിന്നീട് സെൻട്രലൈസ്ഡാക്കിയത് എന്തിനാണ്; നമുക്ക് ശരിയായ ചിത്രം കിട്ടണമെങ്കിൽ താഴെത്തട്ടിൽ നിന്നും നോക്കണ്ടേ; അങ്ങനെ ചെയ്യാത്തതിന്റെ ഫലമായിട്ടല്ലേ 12 ലക്ഷത്തോളം പരാതികൾ വന്നിട്ടുള്ളത്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് താലൂക്ക് അടിസ്ഥാനത്തിൽ ഒരു റാങ്കിംഗ് നടത്തി. അതിനുശേഷം കൊടുങ്ങല്ലൂർ, എറണാകുളം എന്നിവിടങ്ങളിൽ പട്ടിക പ്രസിദ്ധീകരിച്ചു. അതുസംബന്ധിച്ച് വലിയ ചർച്ചയായിരുന്ന ഈ സഭയിൽ നടന്നിരുന്നത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഈ വിഷയം അന്ന് ചർച്ച ചെയ്ത് അവസാനിപ്പിച്ചതായിരുന്നു. 14000-ത്തിൽപ്പരം ആക്ഷേപങ്ങൾ കൊടുങ്ങല്ലൂരിലും നൂറിൽപ്പരം ആക്ഷേപങ്ങൾ എറണാകുളത്തുമുണ്ടായി. ആ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ട ആളുകളും ഈ പട്ടികയിൽ വരണമെന്ന കാഴ്ച്ചപ്പാടോടുകൂടി റാങ്കിംഗ് പട്ടിക സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയത്. അതാണ് ശരിയായ നടപടി.

<u>ഡോ. എം. കെ. മുനീർ</u>: സർ, അന്ന് 14000 എന്നുള്ളത് ഇന്ന് 12 ലക്ഷം ആയി. അങ്ങനെ വരുമ്പോൾ സ്റ്റേറ്റ് തലത്തിലുള്ള റാങ്കിംഗ് പട്ടികയിലും അപാകതയുണ്ട് എന്നാണല്ലോ സൂചിപ്പിക്കുന്നത്. ഇനി കാർഡുകൾ വിതരണം ചെയ്ത് തുടങ്ങുമ്പോൾ ഈ 12 ലക്ഷത്തെ മാറ്റി നിർത്തിക്കൊണ്ടാണോ അതോ ആ പരാതികൾ പരിഹരിച്ച ശേഷമാണോ ഇത് ചെയ്യാൻ പോകുന്നത്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് കരട് പട്ടികയിന്മേൽ 16 ലക്ഷം ആക്ഷേപങ്ങളാണ് ഉയർന്നുവന്നത്. ആ 16 ലക്ഷം ആക്ഷേപങ്ങളും പ്രോസസ്സ് ചെയ്യുമ്പോൾ 12 ലക്ഷം പേരും അർഹരാണെന്ന് കണ്ടെത്തി. അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പിന്നീട് ആ പട്ടിക പ്രസിദ്ധീകരിച്ചത്. ആ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതിന്മേൽ കമന്റ്സ് രേഖപ്പെടുത്തിയും അല്ലാതെയും നമുക്ക് തന്നിട്ടുമുണ്ട്. അതിനുശേഷവും കുറച്ച്

ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്. ഇപ്പോൾ പട്ടികയിലുള്ള അനർഹരെ കണ്ടെത്താൻ ഡിപ്പാർട്ട്മെന്റൽ നടപടികൾ സ്വീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ഹൗസ് ടു ഹൗസ് ക്യാമ്പയിൻ നടത്തി ലഭിച്ച വിവരങ്ങളും നമ്മുടെ മുന്നിൽ വരും. അങ്ങനെ ഇതിനെ പടിപടിയായി റെക്റ്റിഫൈ ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. അതിന് കുറച്ച് സമയമെടുക്കും. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം കഴിഞ്ഞ സർക്കാർ തയ്യാറാക്കി വച്ച വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കരട് പട്ടിക തയ്യാറാക്കിയത് എന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ലെങ്കിലും ചർച്ച നടക്കുന്നതിലുള്ള സന്തോഷം ഞാൻ അങ്ങയെ അറിയിക്കുകയാണ്. 'വാതിൽപ്പടി വിതരണം' എന്ന സംവിധാനം കൊല്ലത്ത് നടത്തുകയുണ്ടായി. അതിലും പല പരാതികളുണ്ടായി. ഈ സംവിധാനത്തിൽ കരിമ്പട്ടികയിൽപ്പെട്ടവരും ഇതിലൊന്നും ഉൾപ്പെടാത്തവരുമൊക്കെ കയറിക്കൂടി. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സൂചിപ്പിച്ചതുപോലെ, വികസനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ അധീനതയിലുള്ള പി.ഡബ്ല്യു.ഡി.-യുടെ ഓക്സ്ബോ എന്നൊക്കെ പറയുന്ന സ്ഥലങ്ങൾ ഉപയോഗിച്ച് അവിടെ ഗോഡൗണുകളുണ്ടാക്കുന്ന ഒരു സിസ്റ്റം കൊണ്ടുവരികയാണെങ്കിൽ ഇടത്തട്ടുകാരെ ഒഴിവാക്കി നല്ല രീതിയിൽ വാതിൽപ്പടി സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അളവും തൂക്കവും കൃത്യമായി നോക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളൊക്കെ ചെയ്യേണ്ടതായിരുന്നു. പക്ഷേ അതൊന്നും ചെയ്യാതെ ആളുകൾക്ക് സ്വപ്നം മാത്രം നൽകിക്കൊണ്ട് ഇത് യാഥാർത്ഥ്യമാക്കുന്നതിൽ പരാജയപ്പെടുകയാണ് ചെയ്തത്. ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, പൊതുവിതരണ മേഖല ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് റേഷൻ കടകളെയാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ കടന്നുവരുന്നതും ഏറ്റവും ശ്രദ്ധ കൊടുക്കേണ്ടതുമായ ഒരു മേഖലയിലാണ് വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചകൾ നമുക്കെല്ലാം മനസ്സിലാക്കാൻ കഴിയും. അതൊന്നും ഇവിടെ ആരും നിരസിക്കുന്നില്ല. പക്ഷേ സംസ്ഥാനത്ത് ഈ പ്രതിസന്ധി പരിഹരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. അത് ഞങ്ങളെല്ലാവരും ഉൾക്കൊള്ളുന്നു. ഒരു പ്രതിസന്ധി നിലനിൽക്കുന്നു എന്നുള്ളത് വസ്തുതയാണ്. റേഷൻ വിതരണം

സുഗമമായി നടക്കുന്നില്ലെന്നത് എല്ലാവരും ആശങ്കയോടെ കാണുന്ന ഒരു കാര്യമാണ്. കേരളത്തിന്റെ പൊതുവിതരണ മേഖല കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ട സാഹചര്യങ്ങൾ കണക്കിലെടുത്ത് ഗവൺമെന്റ് ഇവിടെ ചർച്ചയ്ക്ക് തയ്യാറായാൽ അത് ഗവൺമെന്റിന് തന്നെയായിരുന്നു ഏറ്റവും കൂടുതൽ ഗുണകരമായി തീരുന്നത്. ഈ പ്രശ്നത്തിൽ ഗവൺമെന്റിന്റെ സമീപനം ജനവികാരത്തെ കണക്കിലെടുത്തു കൊണ്ട് തിരുത്താൻ തയ്യാറാകണം. റേഷൻ കാർഡ് വിതരണത്തിൽ വന്നിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകണം. അതോടൊപ്പം റേഷൻ വിതരണം കാര്യക്ഷമമായി നടത്തണം. ഈ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി അംഗങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

V ശ്രദ്ധ ക്ഷണിക്കൽ

(1) കള്ളുഷാപ്പ് തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. കെ. ദാസൻ: സർ, ദേശീയ സംസ്ഥാന പാതയോരങ്ങളിൽ നിന്ന് 500 മീറ്റർ ദൂരപരിധിയിൽ വരുന്ന 557 ബിയർ/വൈൻ പാർലറുകൾ, 1080 കള്ളുഷാപ്പുകൾ, ക്ലബ്ബിന്റെ ഭാഗമായി പ്രവർത്തിക്കുന്ന 18 ബാറുകൾ, പഞ്ചനക്ഷത്ര ഹോട്ടലുകൾ ഉൾപ്പെടെയുള്ള 11 ബാറുകൾ തുടങ്ങിയവയെല്ലാം പൂട്ടുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടത് കേരളത്തിലെ വലിയൊരു പ്രശ്നമായി ഇന്ന് മാറിയിരിക്കുകയാണ്. 2200 കോടി രൂപയുടെ ധനനഷ്ടമുണ്ടാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. മാത്രമല്ല, ഇതുമൂലം സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിനും വലിയ ബാദ്ധ്യതയാണുണ്ടാകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 712 ബാറുകൾ പൂട്ടേണ്ട സാഹചര്യമുണ്ടായി. എന്നാൽ ഇതുവഴി മദ്യ ഉപഭോഗത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. ഇപ്പോൾ ബാറുകൾ പൂട്ടിയതിനുശേഷം വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽനിന്ന് മാത്രം 3000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വൻകിട കമ്പനികളുടെ യോഗങ്ങളും സെമിനാറുകളും ഇപ്പോൾ ഗോവ മുതലായ സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്ന അവസ്ഥയാണുള്ളത്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2014-ൽ 8.2 ശതമാനത്തിൽനിന്ന് 2015-ൽ 5.9 ശതമാനമായി കുറഞ്ഞു.

ഇപ്പോൾ അത് കൂടിവരികയാണ്. ബാറുകൾ പൂട്ടിയതിനുശേഷം കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകളിൽ വൻതോതിൽ വർദ്ധനയുണ്ടായി. മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിയ 712 ബാറുകളിൽ 674 എണ്ണം ബിയർ/വൈൻ പാർലറുകളാക്കി മാറ്റിയതുവഴി മദ്യവർജ്ജനമെന്ന ലക്ഷ്യം സാധിച്ചില്ല. വരുമാന നഷ്ടവും തൊഴിൽനഷ്ടവും വിനോദസഞ്ചാര മേഖലയിലെ മാന്ദ്യവും ബാർ തൊഴിലാളികളുടെ തൊഴിൽനഷ്ടവും സർക്കാർ കാണാതിരുന്നുകൂടാ. വ്യാജമദ്യം, സ്പിരിറ്റ് തുടങ്ങിയവ ഒഴുകുന്ന സ്ഥിതി വരാനുള്ള സാധ്യതയുണ്ട്. വ്യാജ മദ്യദുരന്തത്തിനും സാധ്യത ഏറുകയാണ്. സംസ്ഥാനത്തെ ഇന്റലിജൻസ് വകുപ്പും എക്സൈസ് വകുപ്പും ഈ മുന്നറിയിപ്പുകളാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. കടലിലും കരയിലും ഒരുപോലെ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും നടക്കാൻ സാധ്യതയേറെയാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് യഥേഷ്ടം മദ്യം കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന അധോലോക കേന്ദ്രം സംസ്ഥാനത്ത് വളർന്നുവരാൻ സാധ്യതയുണ്ട്. യുവതലമുറയെ മയക്കുമരുന്നിന് അടിമയാക്കാനുള്ള കുറ്റകൃത്യങ്ങൾ പെരുകി സാമൂഹ്യമായ അധഃപതനത്തിലേയ്ക്ക് നമ്മുടെ നാട് നീങ്ങുമെന്ന കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതാണ്.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കള്ളുചെത്ത് വ്യവസായമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഈ വ്യവസായം വളരെയേറെ പ്രയാസകരമായ സാഹചര്യത്തെ അഭിമുഖീകരിച്ചാണ് മുന്നോട്ടുപോകുന്നത് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് അറിവുള്ളതാണ്. ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലും കുടുംബ ജീവിതവും വഴിമുട്ടിനിൽക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ കള്ളുചെത്ത് വ്യവസായ സംരക്ഷണം സാമൂഹ്യബാധ്യതയായി മാറിയിരിക്കുന്നു. സുപ്രീംകോടതി വിധിയെത്തുടർന്ന് 1132 കള്ളുഷാപ്പുകൾ കഴിഞ്ഞ ഏപ്രിൽ ഒന്നാം തീയതി മുതൽ അടഞ്ഞുകിടക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് ഒരു മാസം പൂർത്തിയാകുന്നു. അബ്കാരി ചട്ടപ്രകാരം ആരാധനാലയങ്ങൾ, പള്ളിക്കൂടങ്ങൾ, എസ്.സി./എസ്.ടി. കോളനികൾ, ശ്മശാനങ്ങൾ തുടങ്ങിയവയുടെ 400 മീറ്റർ അകലത്തിൽ മാത്രമേ കള്ളുഷാപ്പുകൾ പാടുള്ളൂ എന്ന നിയമംമൂലം മാറ്റി സ്ഥാപിക്കാൻ കഴിയാതെ വരുന്നു. ആയതിനാൽ ദൂരപരിധിയിൽ പുനഃപരിശോധന നടത്തിക്കൊണ്ട് ആവശ്യമായ ക്രമീകരണമുണ്ടാക്കണം. കള്ളുവ്യവസായത്തിന്റെ വികസനത്തിനും സംരക്ഷണത്തിനും ഈ രംഗത്തെ തൊഴിലാളി സംഘടനകൾ കാലാകാലങ്ങളായി ഉയർത്തിവരുന്ന പ്രധാന ആവശ്യങ്ങളിലൊന്നാണ് ടോഡി ബോർഡിന്റെ രൂപീകരണം. ഇക്കാര്യത്തിൽ സർക്കാർ നയമെന്താണെന്ന് പ്രഖ്യാപിക്കണം. കള്ളുചെത്ത് വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കള്ള് ഉൽപ്പാദനത്തിനായി അത്യുൽപ്പാദനശേഷിയുള്ള വൃക്ഷങ്ങൾ

തോട്ടമടിസ്ഥാനത്തിൽ വച്ച് പിടിപ്പിക്കുക, കായൽ പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, റവന്യൂ പുറമ്പോക്ക്, മറ്റ് ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, കള്ളുഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി സംഘടനകളെ ഏൽപ്പിക്കുക, പ്രാദേശിക സംഘങ്ങളെ സഹായിക്കാൻ സംസ്ഥാന തലത്തിൽ അപ്പെക്സ് സംഘം രൂപീകരിക്കുക, കള്ളുചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുക, മിനിമം പെൻഷൻ ആയിരം രൂപയായി നിജപ്പെടുത്തുക, മിനിമം കൂലി പുതുക്കി നിശ്ചയിക്കുക എന്നിങ്ങനെ ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൂട്ടിയ ഷാപ്പുകൾ തുറക്കുന്നതിൽ വലിയ എതിർപ്പുകളാണ് ഓരോ പ്രദേശത്തും ഉണ്ടാകുന്നത്. ജനങ്ങൾ അതിനെ എതിർത്തുകൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക്, തൊഴിൽ നഷ്ടപ്പെട്ട കാലയളവിലെ വേതനം നൽകാനാവശ്യമായ നടപടിയും ജോലി പുനഃസ്ഥാപിക്കാനുള്ള അടിയന്തര നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം മുൻകൂട്ടി നൽകിയ നോട്ടീസിൽ കള്ള് ചെത്ത് വ്യവസായത്തിലെ പ്രശ്നങ്ങളെ കുറിച്ചാണ് പ്രധാനമായും പരാമർശിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15-12-2016, 31-3-2017 തീയതികളിലെ സി.എ. നമ്പർ 12164-12166/2016 കേസ്സിലെ വിധികളുടെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ 1126 കള്ളുഷാപ്പുകൾക്ക് 31-3-2017-ന് ശേഷം പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയുടെ വിവിധ ഉത്തരവുകളുടെയും തുടർന്നുള്ള വിശദമായ പരിശോധനകളുടെയും അടിസ്ഥാനത്തിൽ 66 കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സുപ്രീംകോടതി വിധിയനുസരിച്ച് പൂട്ടിയ കള്ളുഷാപ്പുകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പ്രത്യക്ഷമായി തൊഴിൽ നഷ്ടപ്പെടാൻ ഇടയുള്ളതായി കണക്കാക്കുന്നു. നിലവിൽ കള്ളുഷാപ്പുകൾ പ്രവർത്തിച്ചിരുന്ന ഇടങ്ങളിൽനിന്നും നിയമവിധേയമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ശ്രമം നടത്തിവരികയാണ്. കള്ളുഷാപ്പുകളുടെ എല്ലുക മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളെ കഴിയുന്നത്ര സഹായിക്കുന്ന നിലപാടായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. അവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ പരിശോധിച്ച്

ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ച മറ്റ് ചില പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്തിന് ലഭ്യമാകുന്ന വരുമാനം, സംസ്ഥാനം നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ, ടൂറിസം മേഖല നേരിടുന്ന പ്രശ്നങ്ങൾ, അബ്കാരി ആക്ടിൽ മാറ്റം വരുത്തേണ്ടതായ ചില പ്രശ്നങ്ങൾ, ടോഡി ബോർഡിന്റെ രൂപീകരണം, ക്ഷേമനിധി വഴിയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റ് തൊഴിലാളികൾക്ക് അനുകൂലമായ സമീപനമാണ് സ്വീകരിക്കുന്നത്. ഈ പ്രശ്നങ്ങളെല്ലാം ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യങ്ങളാണ്.

<u>ശ്രീ. കെ. ദാസൻ</u>: സർ, അങ്ങ് പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട പതിനായിരക്കണക്കിന് തൊഴിലാളികൾ ഉണ്ടെന്നുള്ളതാണ്. അവർക്ക് ജോലി ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് താൽക്കാലികമായി ചെറിയ വേതനം നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ ജോലി എങ്ങനെ സംരക്ഷിക്കാമെന്ന പ്രശ്നത്തിൽ ഗവൺമെന്റ് സജീവമായി ഇടപെട്ടുവരികയാണ്. കള്ള്ഷാപ്പ് വ്യവസായത്തിലെ ഉടമകളുടെയും സംഘടനകളുടെയും ഒരു യോഗം ഇതിനകം ചേർന്നിട്ടുണ്ട്. ഇന്ന് തൊഴിലാളി സംഘടനകളെക്കൂടി പ്രശ്നങ്ങൾ പരിശോധിക്കാൻ വിളിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെയും ഉടമകളുടെയും അഭിപ്രായം കേട്ട്, തൊഴിലാളികളുടെ ജോലി പരമാവധി സംരക്ഷിക്കാനും കള്ള്ഷാപ്പുകൾ നിയമവിധേയമായി മാറ്റി സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ പരിശ്രമത്തിലൂടെ കഴിയുന്നത്ര വേഗത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(2) <u>ജില്ലാപാതയായി തരം താഴ്ത്തൽ</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും വശങ്ങളിലുള്ള മദ്യശാലകൾ അടച്ചുപൂട്ടണമെന്ന് ഉത്തരവിടുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാതയുടെ വശങ്ങളിൽ ഉണ്ടായിരുന്ന മദ്യശാലകൾ അടച്ചുപൂട്ടി. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത പാത സംസ്ഥാന പാതയല്ലെന്ന് കണ്ടെത്തിയത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. ബാറുടമകൾ കോടതിയിൽ ഇത്തരത്തിലൊരു കേസ് ഫയൽ ചെയ്തപ്പോൾ, സംസ്ഥാന പാതയോ ദേശീയ പാതയോ അല്ലെന്ന നിരീക്ഷണത്തിലേയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി

എത്തുന്നത് ഗവൺമെന്റും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറും ആ നിലയ്ക്കുള്ള ഡിക്ലറേഷൻ ഹൈക്കോടതിയിൽ നൽകിയതുകൊണ്ടുമാത്രമാണ്. പുരാതനവും ചരിത്രം ഉറങ്ങുന്നതുമായ പാതയാണിത്. പത്മനാഭപുരം ആയിരുന്ന തിരുവിതാംകൂറിന്റെ തലസ്ഥാനം. അത് അനന്തപുരിയിലേക്ക് മാറ്റുമ്പോഴാണ് ഈ പാത ആദ്യമായി നിർമ്മിക്കുന്നത്. പിന്നീട് 1938-ൽ സർ സി.പി.-യുടെ കാലത്താണ് ഈ പാത 54 കിലോമീറ്ററുള്ള സിമന്റ് പാതയായി നിർമ്മിച്ചത്. അന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സിമന്റ് പാതയായിരുന്ന അത്. തലസ്ഥാന നഗരിയെയും തമിഴ്നാടിനെയും ബന്ധപ്പെടുത്തുന്ന ഈ റോഡ് സംസ്ഥാന പാത പോലുമല്ലാതായി മാറിയത് അതിശയിപ്പിക്കുന്നതാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. തലസ്ഥാന നഗരിയെ ബന്ധപ്പെടുത്തുന്നുവെന്ന് മാത്രമല്ല, ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മുന്നിലൂടെ പോകുന്ന പാത എങ്ങനെയാണ് ജില്ലാ പാതയായി തരംതാഴ്ത്തപ്പെട്ടത്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ പ്രതികരണം ഒരു ചാനലിൽ കാണാനിടയായി. സർക്കാർ ഒരു ഉത്തരവും ഇറക്കിയിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. സർക്കാർ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ലെങ്കിൽ ഹൈക്കോടതിക്ക് എങ്ങനെയാണ് ഇത്തരത്തിലൊരു നിരീക്ഷണത്തിൽ എത്താൻ സാധിക്കുന്നത്? ഒരു സംസ്ഥാനത്തുകൂടി പോകുന്ന ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്നതോ, മറ്റൊരു സംസ്ഥാനത്തെ ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്നതോ ആയ റോഡാണെങ്കിൽ അത് ഒരു സ്റ്റേറ്റ് ഹൈവേയായി കണക്കാക്കുമെന്നാണ് 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പറയുന്നത്. എന്നിട്ടും ഈ റോഡ് എങ്ങനെയാണ് ജില്ലാ പാതയായി മാറിയത്? പതിനായിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പ്രമുഖമായ റോഡ് ജില്ലാ പാതയായി കോടതിയുടെ മുമ്പിൽ അവതരിപ്പിച്ച സംസ്ഥാന സർക്കാരിന്റെ തെറ്റായ നടപടി തിരുത്തുകയും പഴയതുപോലെ സ്റ്റേറ്റ് ഹൈവേയുടെ സ്റ്റാറ്റസിൽ ഇതിനെ നിലനിർത്തുകയും വേണം. ജില്ലാ പാതയായി മാറ്റുമ്പോൾ റോഡിന്റെ എല്ലാതരത്തിലുള്ള വികസനവും തടസ്സപ്പെടുകയാണ്. സ്റ്റേറ്റ്-നാഷണൽ ഹൈവേകൾ 40mm കനത്തിലാണ് ടാർ ചെയ്യുന്നത്. ജില്ലാ റോഡ് ആക്കുന്നതോടുകൂടി 20mm കനത്തിലേയ്ക്ക് തരംതാഴുകയാണ്. സുപ്രധാനമായതും കേരളത്തിന്റെ തലസ്ഥാന നഗരിയിലൂടെ കടന്നുപോകുന്നതും ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന് മുന്നിലൂടെ കടന്നുപോകുന്നതുമായ ഈ റോഡ് തരംതാഴ്ത്തിയത് ഏതാനും ബാറുടമകളുടെ ഹർജിക്ക് അനുകൂല വിധിയുണ്ടാകുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഈ റോഡ് സംസ്ഥാന പാതയായി നിലനിർത്താനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാഷണൽ ഹൈവേ സ്ഥലം മാറി വേറൊരു ഭാഗത്തുകൂടി പോകുമ്പോൾ നേരത്തെ ഉണ്ടായിരുന്ന സ്ഥലം എങ്ങനെയാകുമെന്ന് തീരുമാനിക്കുന്നത് നാഷണൽ ഹൈവേ

അതോറിറ്റി ഓഫ് ഇന്ത്യയാണ്. അതുസംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ ഇറങ്ങിയത് 1977 നവംബർ 30-ാം തീയതിയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഈ സ്ഥലത്തിന്റെ നോട്ടിഫിക്കേഷൻ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ ഇറക്കിയത് 2015 ആഗസ്റ്റ് 25, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അതുവരെ ഈ പാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കയ്യിൽ തന്നെയായിരുന്നു. ആ നോട്ടിഫിക്കേഷൻ ഇങ്ങനെയാണ് - 'Central Government hereby entrust the stretch of National Highways as specified in column 3 … Section of National Highways NH -47- Thiruvananthapuram, Kerala-Tamilnadu border,..... kilometre from 0-43km;' സ്റ്റേറ്റ് ഗവൺമെന്റിനെയാണ് ചുമതലപ്പെടുത്തിയത്. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. പി.ഡബ്ല്യു.ഡി./ ലോക്കൽ ബോഡീസിന് വിട്ടുകൊടുക്കുകയോ ചെയ്യാം. കുറ്റപ്പെടുത്തുന്നതല്ല. ഈ ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ല. ഈ റോഡ് സെൻട്രൽ ഗവൺമെന്റിന്റേതല്ലാതായെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ കസ്റ്റഡിയിലിരിക്കുകയാണ്. അതിപ്പോൾ സ്റ്റേറ്റ് ഹൈവേയുമല്ല, ഡിസ്ട്രിക്ട് റോഡുമല്ല, അതാണ് സ്ഥിതി. എന്തുവേണമെന്ന് ആലോചിക്കാം. അങ്ങ് ആരോപിച്ചതുപോലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുണ്ടായ കാര്യമൊന്നുമല്ല ഇത്. എന്റെ വകുപ്പിൽനിന്ന് ഞാൻ ഉത്തരവാദപ്പെടുത്തിയ ആരും ഒരു അഫിഡവിറ്റും കൊടുത്തിട്ടില്ല. ഞാൻ പരിശോധിച്ചു. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), ചീഫ് എഞ്ചിനീയർ (ഹൈവേ) എന്നിവരോട് അന്വേഷിച്ചു. അവരാരും അഫിഡവിറ്റ് കൊടുത്തിട്ടില്ല. സംസ്ഥാന ഗവൺമെന്റ് പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചിട്ടില്ല. ഇപ്പോൾ നടക്കുന്ന മദ്യനിരോധനം ഇല്ലെങ്കിലും എല്ലാം നിരോധിക്കണം എന്ന മട്ടിൽ നടക്കുന്ന ചില പ്രക്ഷോഭങ്ങൾ, കമ്മിറ്റി എന്നിവ ഉണ്ട്. ഞാനവരെ കുറ്റപ്പെടുത്തുകയല്ല. അതൊന്നുമായി ഇക്കാര്യത്തിന് യാതൊരു ബന്ധവുമില്ല. അതുകൊണ്ടാണ് കോടതി വിധിയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചത് കൊണ്ടൊന്നുമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നു. എക്സൈസ് മിനിസ്റ്റർ അവധിയിലായിരുന്നപ്പോൾ ചാർജ് എനിക്കായതിനാൽ ഞാനും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ആഭ്യന്തരവകുപ്പ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ, ബിവറേജസ് കോർപ്പറേഷന്റെ എം.ഡി. എന്നിവർ ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ഞങ്ങൾ തീരുമാനിച്ചത് ഒരു സ്റ്റേറ്റ് ഹൈവേയും ഒരു നാഷണൽ ഹൈവേയും കേരളത്തിൽ ഡീനോട്ടിഫൈ ചെയ്യേണ്ടതില്ല എന്നാണ്. അതാരും പറയുന്നില്ലല്ലോ; അതല്ലേ പ്രധാനം. അങ്ങനെ തീരുമാനിച്ച ധൈര്യമുള്ള ഒരു ഗവൺമെന്റാണിത്. കർണ്ണാടക, മുംബൈ, ബംഗാൾ - ബി.ജെ.പി. ഗവണ്മെന്റുകളെല്ലാം ഡീനോട്ടിഫൈ ചെയ്തു. ലോക പ്രശസ്തമായ മുംബൈയിലെ റോഡ് മുഴുവൻ നാടൻ റോഡാക്കി എന്ന വിവരം പത്രത്തിൽ

വായിച്ചില്ലേ; ഞങ്ങളത് ചെയ്തില്ല. പിന്നെ ഞങ്ങളുടെ നേരെ എന്തിന് ഇതൊക്കെ പറയുന്നു? ഞാനാണെങ്കിൽ മദ്യപിക്കില്ല, മുഖ്യമന്ത്രി, എക്സൈസ് വകുപ്പുമന്ത്രി ഉൾപ്പെടെ ഞങ്ങളാരും മദ്യപിക്കാറില്ല. നിങ്ങളും മദ്യപിക്കുന്നുണ്ടാകില്ല. ഞങ്ങളൊന്നും ഇതിന്റെ ആൾക്കാരല്ല. എന്തിനാണ് കള്ളുഷാപ്പിലേയ്ക്ക് പോകുന്നത്? ആരെങ്കിലും പറഞ്ഞോ; പോകേണ്ടതില്ല. മദ്യപിക്കുന്നതിനെതിരായി ഗവൺമെന്റിന്റെ ബേസിക് പ്രോഗ്രാം വരുന്നുണ്ട്. നമ്മളാരും പരസ്പരം തർക്കിക്കേണ്ട കാര്യമില്ല. നമ്മളൊന്നും ഡീനോട്ടിഫൈ ചെയ്യുന്നില്ല. ഇത് ഡീനോട്ടിഫൈ ചെയ്യേണ്ട, കാരണം ഗവൺമെന്റിനെ എൻഡസ്റ്റ് ചെയ്ത് ഗവൺമെന്റ് ആരെയും ഏൽപ്പിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കട്ടെ, അപ്പോൾ നമുക്ക് ആലോചിക്കാം. അതുയേയുള്ളൂ. ഇതാണ് അതിന്റെ മറുപടി. എന്റെ ഭാഗത്തു നിന്നും കൂടുതൽ സംസാരിക്കേണ്ടതായിട്ടില്ല. അങ്ങ് ഇവിടെ ഉന്നയിച്ചത് കേട്ടുകേഴ്വിയാണ്. നമ്മുടെ നാട്ടിൽ മദ്യപിക്കാനുള്ള ടെൻഡൻസിയുള്ള അഞ്ചോ പത്തോ ശതമാനം ആളുകളുണ്ടാകും. അതുകൊണ്ട് വിഷമില്ലാത്ത നല്ല സാധനം കൊടുക്കുന്നില്ലെങ്കിൽ... സുപ്രീംകോടതി തന്നെ പറഞ്ഞു 'മലയുടെ മുകളിലാണെങ്കിലും പോയി കുടിക്കുമെന്ന്'. ഞാൻ ചിന്നക്കടയിൽ പറഞ്ഞത് 'കള്ളുസിലായാലും നക്കികുടിക്കും' എന്നാണ്. അതാണ് ആളുകളുടെ സ്വഭാവം. നാഷണൽ ഹൈവേയിൽ ആളുകൾ കൃ നിൽക്കുകയല്ലേ; ഈ ലോകത്തെവിടെയെങ്കിലുമുണ്ടോ ഇത്? അതാണ് ഒരു വിഭാഗം ആളുകൾ ചെയ്യുന്നത്. നിങ്ങൾ കൊടുത്തില്ലെങ്കിൽ വിഷമദ്യം കഴിച്ച് മരിക്കും. അപ്പോൾ ഭരണഘടനാപരമായി ഏത് ഗവൺമെന്റായാലും നിർവ്വഹിക്കേണ്ട കാര്യം മാത്രമേ നിർവ്വഹിക്കുന്നുള്ളൂ. ഈ കാര്യത്തിൽ ഗവൺമെന്റ് റോഡിനെ സംബന്ധിച്ച് പി.ഡബ്ല്യു.ഡി. എൻഡസ്റ്റ് ചെയ്യുന്ന മുറയ്ക്ക് ന്യായമായി തീരുമാനിക്കാം. നമ്മളാരും ഒന്നും ചെയ്തിട്ടില്ല. അതേ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ഉന്നയിച്ച വിഷയം കള്ളുസിലാണോ കൊട്ടാരത്തിലാണോ പോയി മദ്യപിക്കേണ്ടത് എന്നതല്ല. ഇതിലെ പ്രധാനപ്പെട്ട വിഷയം നിരവധി കോടതിവിധികൾ ഇവിടെ വന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങളെ ആരും ഏൽപ്പിച്ചിട്ടില്ല എന്നുപറഞ്ഞുകൊണ്ട് സർക്കാർ കയ്യുംകെട്ടി ഇരിക്കുന്നത് ശരിയാണോ; ഇവിടെ ഏറ്റവും സുപ്രധാനമായ ഒരു പാത, ജില്ലാ പാതയോ സ്റ്റേറ്റ് പാതയോ ആണെന്ന് അറിയില്ല എന്നുപറഞ്ഞുകൊണ്ടുള്ള ഒരു നിലപാട് സർക്കാർ സ്വീകരിച്ചതുകൊണ്ടാണ് മദ്യശാലകൾക്ക് അനുയോജ്യമായിട്ടുള്ള വിധി കോടതിയിൽനിന്ന് ഉണ്ടായത്. ഇങ്ങനെയുള്ള വിധി തിരുത്താൻ തയ്യാറാകുമോ; ഏറ്റവും സുപ്രധാനമായ, തലസ്ഥാന നഗരിയുമായി ബന്ധപ്പെട്ട ഒരു റോഡിനെ, അതിപുരാതനമായ, മറ്റൊരു സംസ്ഥാനവുമായി ബന്ധപ്പെടുന്ന ഒരു റോഡിന് സ്റ്റേറ്റ് സ്റ്റാറ്റസുപോലുമില്ലായെന്ന ഒരു നിരീക്ഷണത്തിലേയ്ക്ക് കോടതി എത്തുമ്പോൾ ആ നിരീക്ഷണം തിരുത്തിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഇവിടെ ഈ റോഡിന്റെ സ്റ്റാറ്റസ് നിലനിർത്തണമെന്നുള്ളതാണ് വിഷയം. അല്ലാതെ മദ്യശാലകൾ അടച്ചുപൂട്ടുകയും തുറക്കുകയും ചെയ്യുന്നത് ഗവൺമെന്റ് തീരുമാനിക്കേണ്ട കാര്യമാണ്. ഇത്രയും സുപ്രധാനമായ ഒരു റോഡ് ഇങ്ങനെയൊരു ജില്ലാപാതയായി തരംതാഴ്ത്തുന്ന ഒരു സാഹചര്യത്തിൽ ഈ റോഡിന്റെ വികസനത്തെയും അത് ബാധിക്കും. രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റോഡിന്റെ വികസനത്തെത്തന്നെ തടസ്സപ്പെടുത്തുന്ന സുപ്രധാനമായ വിഷയമാണ് ഞാൻ ഉന്നയിച്ചത്. മദ്യപിക്കുന്ന ആളുകളോ, ശ്രദ്ധമദ്യം കൊടുക്കണോ എന്നതൊക്കെ മറ്റൊരു വിഷയമാണ്. ഇതിനെ സംബന്ധിച്ച വിധികൾക്കെതിരായി സർക്കാർ കോടതിയിൽ പോകുമോ; ഇത് സർക്കാരിനെ ഏൽപ്പിച്ചിട്ടില്ലെന്ന് അങ്ങ് പറയുന്നു. ഒരു വർഷമായി, ഈ റോഡ് സംസ്ഥാനത്തെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് അങ്ങ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുപറയണം.

ശ്രീ. ജി. സുധാകരൻ: സർ, ഇതിപ്പോൾ എത്ര ചോദ്യമാണ് ചോദിച്ചത്. ഒരു ചോദ്യമല്ലേ ചോദിക്കാൻ പറ്റുകയുള്ളൂ. എല്ലാം ഒന്നുതന്നെയാണ്. ഒരു തീരുമാനവും സർക്കാരെടുത്തിട്ടില്ല. ഞങ്ങളല്ല, 2015-ൽ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്താണ് വന്നതെന്ന് ഞാൻ വായിച്ചത് കേട്ടില്ലേ; നിങ്ങൾ നടപടി എടുത്തോ? കുറ്റപ്പെടുത്തുകയല്ലല്ലോ; അങ്ങനെയൊക്കെ സംഭവിക്കും. ഇതാർക്കും വിട്ടുകൊടുത്തിട്ടില്ല. ഗവൺമെന്റ് വിട്ടുകൊടുക്കട്ടെ. പിന്നെ ഹൈക്കോടതിക്കെതിരായി അപ്പീൽ പോകുന്നതെന്തിനാണ്? ഈ ഗവൺമെന്റ് ഒരു റോഡുപോലും ഡീനോട്ടിഫൈ ചെയ്തില്ല, അത് അങ്ങെന്താണ് അപ്രീഷിയേറ്റ് ചെയ്യാത്തത്? മുംബൈ, കർണാടക ഉൾപ്പെടെ മിക്ക സംസ്ഥാനങ്ങളിലും ചെയ്തതല്ലേ? ഈ റോഡ് സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റും ഇത് ശ്രദ്ധിച്ചില്ല. എനിക്ക് ഇക്കാര്യം അറിയില്ലായിരുന്നു. പി.ഡബ്ല്യു.ഡി. ആരെയും അഫിഡവിറ്റ് കൊടുക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. ആരെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അത് ഞങ്ങളുടെ അറിവോടുകൂടിയല്ല. ഉണ്ടെന്നതിന് അങ്ങയുടെ കയ്യിൽ തെളിവൊന്നുമില്ലല്ലോ; ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. ആ ഒരു സാഹചര്യത്തിൽ ഇങ്ങനെയൊരു വിധിയുണ്ടാകാം. ഇതുപോലുള്ള എല്ലാ സ്ഥലത്തും അവർക്ക് കൊടുക്കാം. ഒന്നുകിൽ സംസ്ഥാന പാതയോ നാഷണൽ ഹൈവേയോ ആയിരിക്കണം. എം.ഡി.ആർ. റോഡിൽ ഈ പ്രശ്നമില്ല. ഇതിപ്പോൾ എം.ഡി.ആർ. റോഡും ആയിട്ടില്ല. ഈ കാര്യത്തിൽ ഒരു കോലാഹലത്തിന്റെ ആവശ്യമില്ല. എന്താണെന്ന് ആലോചിച്ച് ചെയ്യാം.

VI സബ്മിഷൻ

(1) മൂവാറ്റുപുഴ ആറിന്റെ സംരക്ഷണം

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാനിവിടെ ഉന്നയിക്കുന്നത് മൂവാറ്റുപുഴ ആറുമായി ബന്ധപ്പെട്ട വിഷയമാണ്. ഇന്ന് നമ്മുടെ നദികൾ, ജല സ്രോതസ്സുകൾ, പുഴ എന്നിവയെല്ലാം വളരെയേറെ മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയ ഒരു പ്രതിഭാസമല്ല. കഴിഞ്ഞ ഏതാനും വർഷങ്ങളായി മലിനീകരണ തോത് വിവിധ നദികളിലും പുഴകളിലും ക്രമാതീതമായി വർദ്ധിക്കുന്നുവെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് കരുതുകയാണ്. ഇന്ന് മൂവാറ്റുപുഴ ആറ് എല്ലാ അർത്ഥത്തിലും മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കക്കൂസ് മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, അറവു മാലിന്യങ്ങൾ എന്നിവ നദികളിൽ നിക്ഷേപിക്കുന്നു, കയ്യേറ്റങ്ങൾ നടക്കുന്നു, തീരം ഇടിയുന്നു എന്നിങ്ങനെ മണൽവാരൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ മൂവാറ്റുപുഴ ആറിനെ അപകടകരമായ ഒരു സാഹചര്യത്തിലേയ്ക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുള്ളതുപോലെ 121 കിലോമീറ്റർ ദൈർഘ്യമുള്ള മൂവാറ്റുപുഴ ആറുമായി ബന്ധപ്പെട്ട് വലുതും ചെറുതുമായ ഏകദേശം ഇരുപതോളം കുടിവെള്ള പദ്ധതികളുണ്ട്. അതിനേക്കാൾ പതിന്മടങ്ങ് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകളുണ്ട്. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലകളിലേയ്ക്കും പശ്ചിമ കൊച്ചിയിലേയ്ക്കും ആലപ്പുഴ ജില്ലയിലേയ്ക്കും കുടിവെള്ളം കൊണ്ടുപോകുന്നത് ഈ പ്രദേശത്തുനിന്നാണ്. 360 മില്യൻ ലിറ്റർ ജലം ഒരു ദിവസം ഇവിടെനിന്ന് പമ്പ് ചെയ്യുന്നതായാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ വ്യാപ്തി അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയും. ഇത് സംരക്ഷിക്കപ്പെടേണ്ടതും മാലിന്യ വിമുക്തമാക്കി ഈ പുഴയെ നിലനിർത്താൻ കഴിയുന്ന ഒരു സാഹചര്യം ഒരുക്കേണ്ടതും അത്യാവശ്യമാണ്. എന്റെ മണ്ഡലമായ പിറവവുമായി ബന്ധപ്പെട്ട് നാല് പഞ്ചായത്തുകളിലൂടെ ഈ പുഴ കടന്നുപോകുകയാണ്. ഇവിടെ ധാരാളം നിയമങ്ങൾ നമുക്കുണ്ട്. 1974-ലെ Water (Prevention and Control of Pollution) Act ഉൾപ്പെടെ മാലിന്യങ്ങൾ നിയന്ത്രിക്കാനുള്ള നിയമങ്ങൾ വരെ നിലവിലുണ്ട്. അതൊക്കെ ഫലപ്രദമായി നടപ്പിലാകുന്നുണ്ടോ; അല്ലെങ്കിൽ അത്തരത്തിലുള്ള നിയമങ്ങൾക്ക് എന്തെങ്കിലും പോരായ്മകളുണ്ടായിട്ടാണോ; എന്തായാലും വിഷയങ്ങൾ കൂടുതൽ ഗുരുതരമായി വരികയാണ്. അതുകൊണ്ട് ഈ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത്തരത്തിൽ അതോറിറ്റി രൂപീകരിച്ചുക്കഴിഞ്ഞാൽ ഗവൺമെന്റിന് ഇക്കാര്യങ്ങളിൽ ആധികാരികമായ ഇടപെടൽ നടത്തുവാനും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും മലിനീകരണം തടയുവാനും തീരം ഇടിയുന്നതടക്കമുള്ള വിഷയങ്ങൾ പരിഹരിക്കാനും കഴിയും. ജനങ്ങളുടെ കൃഷിക്കും കുടിവെള്ളത്തിനുമായി ഈ പുഴയെ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മൂവാറ്റുപുഴ ആറിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. നിയമപ്രകാരമല്ലാതെ മലിനജലം പുറംതള്ളുന്ന സ്ഥാപനങ്ങളെ കുറിച്ച് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവർക്ക് ബോർഡിൽനിന്നും നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. ജല-വായു നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചായത്തുകൾ അനുമതി നൽകുന്നതിനുമുമ്പായി ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നദികൾ സംരക്ഷിക്കുക യെന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 2013 ലാപ്സായതിനെത്തുടർന്ന് പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നദീതടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഒരു സംസ്ഥാന നദീതട അതോറിറ്റിയും അതിനുകീഴിൽ വിവിധ നദീതട ബോർഡുകളും രൂപീകരിക്കുവാൻ പ്രസ്തുത ബിൽ വിഭാവന ചെയ്യുന്നു. പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ നദികളിൽ മലിനീകരണം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കും. കേരളത്തിലെ നദികൾക്ക് പ്രത്യേകം അതോറിറ്റി എന്നതിനെക്കാൾ അനുയോജ്യം കേരളത്തിലെ നദികൾ ചേർന്ന നദീതട അതോറിറ്റി രൂപീകരിക്കുന്നതാണ്. നദികളിലെ നീരൊഴുക്ക്, ജൈവവൈവിദ്ധ്യം എന്നിവ നിലനിർത്താൻ ഉതകുന്ന തരത്തിൽ നദീതട മാസ്റ്റർ പ്ലാനുകൾക്ക് രൂപംകൊടുക്കാനും സംയോജിത നദീതട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാനും പ്രസ്തുത അതോറിറ്റിക്ക് കഴിയും. ഇക്കാരണത്താൽ മലിനീകരണത്തിന് പരിഹാരമായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല. സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ വരുന്ന നദീതട ബോർഡുകളുടേയും രൂപീകരണമായിരിക്കും ഉചിതമെന്നാണ് സർക്കാർ കരുതുന്നത്.

(2) കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ : സർ, കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ട് ഏകദേശം പതിനാറ് വർഷമായി. ഇപ്പോൾ അതിന്റെ പ്രവർത്തനം സാമാന്യം വേഗത്തിലാണ് നടക്കുന്നത്. നാദാപുരം മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയാണിത്. കഴിഞ്ഞ വർഷമാണ്

കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കൂടി അതിൽ ഉൾപ്പെടുത്തിയത്. ഇത്തരമൊരു പദ്ധതിയുള്ളതുകൊണ്ടുതന്നെ മറ്റ് കുടിവെള്ള പദ്ധതികൾക്ക് തുടക്കം കുറിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ സബ്മിഷൻ ഉന്നയിച്ചപ്പോൾ മാർച്ച് 31-നകം ഇത് കമ്മീഷൻ ചെയ്യാൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി തന്നിരുന്നു. എന്നാൽ ഈ പ്രവർത്തനം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇന്നത്തെ ഈ വരൾച്ചയെ നേരിടുന്ന സാഹചര്യം അനിവാര്യമാണ് എന്നുള്ളതുകൊണ്ട് ആ മേഖലയിലെ ഏകദേശം രണ്ട് ലക്ഷത്തോളം ആളുകൾക്ക് ഉപയോഗപ്പെടുന്ന ഈ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തെ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, കുന്നുമ്മലിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി നാദാപുരം മണ്ഡലത്തിലെ ആറ് വില്ലേജുകളായ വളയം, വാണിമേൽ, ഇരുണേരി, നരിപ്പറ്റ, കായക്കൊടി, നാദാപുരം, കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജ് എന്നീ ഏഴ് വില്ലേജുകൾക്കുവേണ്ടിയുള്ളതാണ്. ഈ പദ്ധതിയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഏഴ വില്ലേജുകളിൽ വളയം, വാണിമേൽ, നരിപ്പറ്റ, ഇരുണേരി, കായക്കൊടി എന്നിവ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലും നാദാപുരം, കുറ്റ്യാടി എന്നീ വില്ലേജുകൾക്ക് നബാർഡ് ധനസഹായത്തിലുള്ള പദ്ധതിയിലും ഉൾപ്പെടുത്തിയാണ് അംഗീകാരം നേടി നടപ്പാക്കിവരുന്നത്. പദ്ധതിയുടെ പ്രധാന ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി ഒഴിച്ച് മറ്റ് ഘടകങ്ങളുടെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 18 കി.മീറ്റർ ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനിൽ ഒരു കി.മീറ്റർ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർക്ക് കുടിശ്ശിക ബിൽ പാസ്സായി കിട്ടാത്തതിനാൽ നിർത്തിവച്ചിരിക്കുകയായിരുന്ന പ്രവൃത്തി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇവിടെ ഗൗരവമായി കാണേണ്ട കാര്യം നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിൽ (എൻ.ആർ.ഡി.ഡബ്ല്യു.പി.) പ്രതിവർഷം കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന 200 കോടി രൂപ 50 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുകയാണ്. അതുകൊണ്ട് പല പദ്ധതികളും മുന്നോട്ടു നീങ്ങുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതാണ് പ്രതീക്ഷിക്കാതെ കാല താമസമുണ്ടായത്. പി.ഡബ്ല്യു.ഡി. ഓഫീസിൽ റോഡ് കട്ടിംഗ് പെർമിഷനുവേണ്ടി അടയ്ക്കേണ്ട തുക അടയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതേസമയം തന്നെ റോഡ് കുഴിച്ച് പൈപ്പിടുന്നതിനെതിരെ നാട്ടുകാരുടെ പ്രതിഷേധവും ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഈ പദ്ധതിയുടെ റോ വാട്ടർ പമ്പ് ഹൗസിൽ 1-3-2017-ൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. നിലവിൽ പമ്പ് സെറ്റുകൾ,

ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ എന്നിവയുടെ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയ ശേഷം പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് കായക്കൊടി, കുറ്റ്യാടി എന്നീ പഞ്ചായത്തുകളിൽ 2017 മേയ് മാസത്തോടെ ജലവിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രാവിറ്റി പൈപ്പ്ലൈൻ പൂർത്തീകരിക്കാനുള്ള ബാക്കി ഭാഗവും ഇന്റർകണക്ഷനുകളുടെ പ്രവൃത്തിയും പൂർത്തീകരിച്ച് ഉടൻതന്നെ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്ത് നാദാപുരം, നരിപ്പറ്റ, വളയം, വാണിമേൽ, തൂണേരി എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക പരിമിതികൾ ഒരു പ്രശ്നമാണ്. എങ്കിൽപ്പോലും വേഗതയിൽ ആ പണികൾ നടത്താൻവേണ്ട മോണിറ്ററിംഗ് നടത്തുന്നതാണ്.

(3) റോഡ് വികസനം

ശ്രീ. ഹൈബി ഈഡൻ : സർ, എറണാകുളം നഗരത്തിന്റെ വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഒരു പദ്ധതിയാണ് തമ്മനം-പുല്ലേപ്പടി റോഡ്. കുറേ നാളുകളായി ചർച്ച ചെയ്യപ്പെടുകയും അതിന്റെ വികസനം തുടങ്ങിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ലാൻഡ് അക്വിസിഷൻ കോസ്റ്റ് വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് എറണാകുളത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി. ഭൂമിയുടെ വില വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ, പ്രത്യേകിച്ച് കൊച്ചി മെട്രോ റെയിൽ വന്നതിനുശേഷം, വലിയ സംഖ്യ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്കുവേണ്ടി നീക്കിവയ്ക്കേണ്ട സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ ഈ റോഡിന്റെ വികസനം അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. കുറേ ആളുകൾ ഫ്രീ-സറണ്ടർ ചെയ്ത ഭൂമി കൊച്ചി നഗരസഭയ്ക്കുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 കോടി രൂപ നൽകുകയും ട്രാഫിക് പോലീസിന്റെയും മറ്റും നിർദ്ദേശപ്രകാരം കത്രിക്കടവ് ജംഗ്ഷൻ മുതൽ കാരണക്കോടം വരെ, അതായത് ഇന്റർനാഷണൽ സ്റ്റേഡിയത്തിന്റെ പിൻവശത്ത് ഏറ്റവും ഗതാഗതക്കുരുക്കുള്ള ഒരു റീച്ചിൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുകയാണ്. ഇനി എട്ടുപേരുടെ ഭൂമി കൂടിമാത്രം ഏറ്റെടുത്താൽ മതി. റോഡിന്റെ വികസനം തുടങ്ങിയിട്ടുണ്ട്. ഇത് ആദ്യഘട്ടമെന്ന നിലയിൽ സർക്കാരും പോലീസും നിർദ്ദേശിച്ചതനുസരിച്ച് ചെയ്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബജറ്റിൽ നൂറ്കോടി രൂപ കിഫ്ബിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഒരു പ്രതിസന്ധി എന്നുപറയുന്നത് 25 കോടി രൂപ ഗവൺമെന്റ് ഡിസ്പോസ് ചെയ്യുമ്പോൾ 11% തുക രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ നൽകണമെന്നുള്ളതാണ്. കൊച്ചി നഗരസഭ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ഒരു യോഗത്തിൽ പറഞ്ഞത്, നഗരസഭ ഈ റോഡിന്റെ ഓണർഷിപ്പ് ഗവൺമെന്റിന് വിട്ടുകൊടുക്കണമെന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് തത്വത്തിൽ അംഗീകരിച്ചുവെങ്കിലും അതിന്റെ

പ്രോസസ്സൊന്നും നടന്നിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കൗൺസിൽ ഒരു റെസല്യൂഷൻ എൽ.എസ്.ജി.ഡി. ഡിപ്പാർട്ട്മെന്റിനും പി.ഡബ്ല്യൂ.ഡി.-ക്കും നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ Under 17 World Cup നടക്കാൻ പോകുന്ന സാഹചര്യത്തിൽ, ഈ പാരലൽ റോഡ് വളരെയധികം ഗുണം ചെയ്യുമെന്നുള്ളതാണ് വിദഗ്ദ്ധരുടെയെല്ലാം വിലയിരുത്തൽ. അതുകൊണ്ടുതന്നെ പി.ഡബ്ല്യൂ.ഡി. ഇത് ഏറ്റെടുക്കാനുള്ള പ്രക്രിയ നടത്തണം. രണ്ട് റെസല്യൂഷൻസും എൽ.എസ്.ജി.ഡി.-യിലും പി.ഡബ്ല്യൂ.ഡി.-യിലുമുണ്ട്. അതുപോലെ പതിനൊന്നു ശതമാനം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിനുള്ള ഒരപേക്ഷ കൂടി കൗൺസിൽ പാസ്സാക്കി മന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. നൽകിയാലേ കൂടുതൽ കാര്യക്ഷമമായി ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. മെട്രോ റെയിൽ പൂർത്തിയാകുമ്പോഴേയ്ക്കും മറ്റൊരു പാരലൽ റോഡായി എം.ജി.റോഡ് മുതൽ സ്റ്റേഡിയം വരെയും തമ്മനം വരെയും തുടർന്ന് ഹൈവേ വരേയും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് കിഫ്ബിയിൽ അനുവദിച്ച നൂറ്കോടി രൂപകൂടി ഈ റോഡ് വികസനത്തിനുവേണ്ടി വേഗത്തിൽ ഏറ്റെടുക്കണം. Under 17 World Cup നടക്കുന്ന സാഹചര്യത്തിൽ, പി.ഡബ്ല്യൂ.ഡി. എത്രയും വേഗത്തിൽ ഇതിന്റെ വികസനം, ആദ്യഘട്ടമെങ്കിലും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ റോഡിന്റെ പ്രശ്നം അങ്ങ് മുമ്പും സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അത് വീണ്ടും ഉന്നയിച്ചിരിക്കുകയാണ്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. പക്ഷേ, ഇത് ഇപ്പോഴും ഗവൺമെന്റിന്റെ റോഡായി മാറിയിട്ടില്ല. തമ്മനം-പുല്ലേപ്പടി റോഡ് ഗവൺമെന്റ് റോഡായി മാറ്റാതെയാണ് 2015 ജൂൺ 10-ന് District Flagship Infrastructural Project-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ആ പദ്ധതി നടപ്പിലാക്കിയില്ല. ഇത് പൊതുമരാമത്ത് വകുപ്പിന്റെ റോഡല്ലെങ്കിൽപ്പോലും രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരുന്നു. അത് സാങ്കേതികമായി തെറ്റായ രീതിയായിരുന്നു. അതിനുശേഷം എം.എൽ.എ. എന്ന നിലയിൽ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് 7-3-2017-ൽ ഒരു യോഗം ഞാൻ അവിടെ വിളിച്ചുകൂട്ടുകയുണ്ടായി. 2016-17-ലെ ബജറ്റിൽ ബഡ്ജറ്റിനുപുറത്തുനിന്ന് പണം ശേഖരിച്ച് ചെയ്യുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തുകയും റോഡുകളുടെ മൊത്തത്തിലുള്ള ബജറ്റിൽ ഇതിന് പത്ത്കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗം ഈ റോഡ് ഏറ്റെടുക്കുന്നതിനുള്ള പ്രമേയം കോർപ്പറേഷൻ പാസ്സാക്കിത്തരണമെന്നതാണ് അന്ന് നടന്ന യോഗത്തിലെടുത്ത തീരുമാനം. ഇതിനായി പത്ത് ഏക്കർ (4.163 ഹെക്ടർ) സ്ഥലം ആവശ്യമുണ്ട്.

അതിൽ മൂന്ന് ഏക്കർ സ്ഥലം ഇപ്പോൾ സൗജന്യമായി ലഭിച്ചിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുത്ത് നൽകിയെങ്കിൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയൂ. ആ നടപടികൾ അവിടെ പുരോഗമിക്കുന്നുണ്ടാകും. ഈ റോഡുകൾ ഏറ്റെടുക്കുന്നതുപോലെ മറ്റ് റോഡുകളും വന്നിട്ടുണ്ട്. ഇതെല്ലാം ക്യാബിനറ്റാണ് ഏറ്റെടുത്ത് തരേണ്ടത്. ഇതുവരെ വന്നിട്ടുള്ള റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി വച്ചതിൽ പ്രസ്തുത റോഡും ഉൾപ്പെടുന്നുണ്ട്. ഭൂമി ഏറ്റെടുത്ത് കിട്ടുക, ക്യാബിനറ്റ് അന്തിമമായിത്തന്നെ ഇത് ഗവൺമെന്റ് റോഡാക്കി മാറ്റുക തുടങ്ങിയ നടപടിക്രമങ്ങൾ ഇനിയുമുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് ചെയ്യാവുന്നതാണ്. അവിടെ നടക്കുന്ന കായികമേളയുമായി ബന്ധപ്പെട്ട് ഇപ്പോൾ ചർച്ച ചെയ്താൽ ശരിയാകുമെന്ന് തോന്നുന്നില്ല. അത് പെട്ടെന്ന് നടക്കുന്ന കാര്യമല്ല. എന്തായാലും അത് പകുതിവഴിയിൽ എത്തിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ഉത്സാഹപൂർവ്വം എല്ലാവരുംകൂടി ചെയ്യണം.

11.00 AM]

(4) <u>തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, സംസ്ഥാനത്തെ തോട്ടം മേഖലയുടെ ഉന്നമനത്തിനുവേണ്ടി 2016-17 ബജറ്റിൽ തോട്ടം പാക്കേജ് പ്രഖ്യാപിച്ചിരുന്നതാണ്. നാളിതുവരെ ഇതിന്റെ ഒരു പ്രവർത്തനവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വർഷങ്ങൾ പഴക്കമുള്ള ഭവനം പാക്കേജിനുവേണ്ടി 20 കോടിയോളം രൂപ മാറ്റിവച്ചിട്ടുണ്ട്. നിരവധി ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയുമുണ്ടായിട്ടില്ല. പീരുമേട് താലൂക്കിൽമാത്രം നാലോളം തോട്ടങ്ങൾ (പീരുമേട് ടി കമ്പനിയുടെ രണ്ട് തോട്ടങ്ങളും എം.എം.ജെ. കമ്പനിയുടെ രണ്ട് തോട്ടങ്ങളും) പൂട്ടിക്കിടക്കുന്ന സാഹചര്യമുണ്ട്. കൂടുതൽ തോട്ടങ്ങൾ പ്രതിസന്ധിയിലായി കൊണ്ടിരിക്കുന്നു. ചെറുകിട തേയില കർഷകരുടെ ലീഫ് ഈ ഫാക്ടറികളാണ് ഏറ്റെടുത്തുകൊണ്ടിരുന്നത്. കൊളുന്തിന് വലിയ ക്ഷാമം വന്നപ്പോൾ ഏതാണ്ട് അഞ്ച് ലക്ഷം കിലോ കൊളുന്ത് ഇതിനോടകംതന്നെ അവിടെ നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായി. ഇന്നലെ അവിടെ ഒരു ഫാക്ടറിക്ക് തീപിടിച്ചു. 40000 കിലോ തേയില അരച്ചുകൊണ്ടിരുന്ന ഫാക്ടറിയാണ്. അപ്പോൾ സ്വാഭാവികമായും വീണ്ടും തേയില എടുക്കാൻ സാധിക്കാത്ത സാഹചര്യത്തിലേയ്ക്ക് വന്നു. പ്ലാന്റേഷൻ ടാക്സ്, അഗ്രികൾച്ചർ ടാക്സ്, ഇൻകം ടാക്സ് തുടങ്ങിയ ടാക്സുകളുടെ പേരിൽ ഈ പ്ലാന്റേഷൻ മാനേജ്മെന്റിനെ ബുദ്ധിമുട്ടിക്കുകയും ആർ.ആർ.-ലേയ്ക്ക് പോകുകയും ചെയ്തതിനാൽ അവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. തോട്ടം പൂട്ടേണ്ട ഘട്ടത്തിൽ അവർ നിൽക്കുകയാണ്. തോട്ടം മേഖലയിലെ പ്രതിസന്ധി പഠിക്കുന്നതിനുവേണ്ടി ഏതാണ്ട് ഒമ്പതോളം കമ്മിറ്റികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ

മുന്നിലുണ്ട്. ഏറ്റവും അവസാനത്തെ റിപ്പോർട്ട് അടക്കമുള്ള വിഷയങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ ഒരു വർഷമായി തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനോ ആ വിഷയങ്ങളിൽ ഗൗരവതരമായി ഇടപെടാനോ കഴിയുന്നില്ല എന്നുള്ളതാണ് പരാതി. ഈ തോട്ടം തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വീട്ടിലേയ്ക്കാണ് ബി.ജെ.പി.-ക്കാരുടെ മാർച്ച് വന്നത്. തോട്ടം എങ്ങനെയാണ് ഒരു എം.എൽ.എ.-യ്ക്ക് ചർച്ച ചെയ്ത് തുറപ്പിക്കാൻ കഴിയുന്നതെന്ന് എനിക്കറിയില്ല. ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് ഈ വിഷയങ്ങൾ കൊണ്ടുവരിക എന്നുള്ളതാണ് എനിക്ക് ചെയ്യാൻ കഴിയുന്ന കാര്യം. പ്ലാന്റേഷൻ മേഖലയിലെ ഭവന നിർമ്മാണം, തൊഴിലാളികളുടെ ക്ഷേമം, തോട്ടം മേഖലയുടെ പ്രതിസന്ധി, പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ പ്ലാന്റേഷൻ മേഖല അതീവ ഗൗരവമായ സ്ഥിതിവിശേഷമാണ് നേരിടുന്നത്. എല്ലാവരുടേയും ഗൗരവമായ ശ്രദ്ധ പതിയേണ്ട വിഷയം തന്നെയാണിത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റ് പരമാവധി ശ്രമിച്ചുവരികയാണ്. പ്ലാന്റേഷൻ മേഖലയിൽ നേരിടുന്ന നാനാതരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ട് നടപടികൾ തുടരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 2016-17 വർഷത്തെ ബജറ്റിൽ തോട്ടം മേഖലയുടെ ഉന്നമനത്തിനായുള്ള പാക്കേജ് എന്ന നിലയിൽ 200 കോടി രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ പ്ലാന്റേഷൻ മേഖലയിൽ ഒരു പാക്കേജ് വേണമെന്ന് ഡിമാന്റ് ചർച്ചകളിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ പാക്കേജിന് രൂപം നൽകുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. 2016-17 വർഷത്തിൽ പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള 'ആശ്വാസനിധി' എന്ന ശീർഷകത്തിൽ 1.10 കോടി രൂപയും തോട്ടം തൊഴിലാളികളുടെ ഭവനപദ്ധതിക്കായി 2230-01-103-15 എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ പാർപ്പിട പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ മുഖേന Own your own Housing Scheme എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് സെന്റ് ഭൂമി സ്വന്തമായുള്ളവർക്കും സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്കും വീടുവച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നടത്തിയ സർവ്വേ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇടുക്കി ജില്ലയിലെ പീരുമേട് ടി കമ്പനി വക ലോൺടി, ചീന്തലാർ എസ്റ്റേറ്റുകൾ 13 വർഷത്തിനുശേഷം 30-9-2013-ൽ ഉണ്ടാക്കിയ ഒത്തുതീർപ്പ്

വ്യവസ്ഥ പ്രകാരം തുറന്ന് പ്രവർത്തിപ്പിച്ചുവെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം 1-4-2016 മുതൽ പൂട്ടിക്കിടക്കുകയാണ്. പ്രസ്തുത സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി 5-5-2016, 20-1-2017 എന്നീ തീയതികളിൽ ലേബർ കമ്മീഷണർ തലത്തിൽ അനുരഞ്ജന ചർച്ചകൾ ക്രമീകരിച്ചിരുന്നെങ്കിലും പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ല. എം.എം.ജെ. പ്ലാന്റേഷൻസിന്റെ കോട്ടമല, ബോണാമി എന്നീ എസ്റ്റേറ്റുകൾ യഥാക്രമം 23-12-2013, 11-10-2014 തീയതികളിൽ ഉടമ ഉപേക്ഷിച്ചുപോയതിനാൽ നിലവിൽ തോട്ടം പ്രവർത്തനക്ഷമമല്ല. ഈ എസ്റ്റേറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 19-6-2014, 16-7-2014, 19-11-2014, 30-11-2014, 8-12-2014, 18-12-2014 എന്നീ തീയതികളിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടന്നുവെങ്കിലും പ്രശ്നപരിഹാരമായിട്ടില്ല. തുടർന്ന് 20-1-2017-ന് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ചുനടന്ന യോഗത്തിൽ മാനേജ്മെന്റ് പ്രതിനിധികൾ പങ്കെടുക്കാതിരുന്നതിനാൽ ഈ വിഷയത്തിലുള്ള ചർച്ച നടത്താൻ കഴിഞ്ഞില്ല. ഇവിടെ ഉന്നയിക്കപ്പെട്ട തോട്ടം മേഖലയിലെ എല്ലാ പ്രശ്നങ്ങളിലും ഇടപെട്ട് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് തുടർന്നുവരികയാണ്.

(5) കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബാലുശ്ശേരി മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റൈൽസ് ലിക്വിഡേറ്റ് ചെയ്ത അവസ്ഥയിലാണ്. ദശാബ്ദങ്ങൾക്കു മുമ്പ് തൊഴിൽരഹിതരായ യുവാക്കളുടെ സംരംഭമാണ് ഈ കമ്പനി. കോടികൾ വിലയുള്ള 12 ഏക്കർ ഭൂമിയും കെട്ടിടസമുച്ചയവും യന്ത്രസാമഗ്രികളും ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലാണ്. എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, നാഷണൽ ഹൈവേ തുടങ്ങിയ ഗതാഗത സൗകര്യങ്ങളുള്ള 12 ഏക്കർ സ്ഥലം സർക്കാരിന് വലിയ മുതൽക്കൂട്ടാണ്. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും മറ്റ് സ്വത്തുക്കളും കോടതി നടപടിയിലൂടെ അന്യാധീനപ്പെട്ടുപോകാനുള്ള സാധ്യതയുണ്ട്. സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ആധുനിക വ്യവസായ സാധ്യതകൾക്കായി പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1975-ൽ സ്ഥാപിച്ച് 1978-ൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങിയ സ്ഥാപനമാണ് കുന്നത്തറ ടെക്സ്റ്റൈൽസ്. 600-ലേറെ തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ കമ്പനി 1982-ഓടുകൂടി നഷ്ടത്തിലായതിനെ തുടർന്ന് 2001-ൽ ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം പൂട്ടുകയും ആസ്തികൾ ഏറ്റെടുക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ

ആസ്തിയും ഭൂമിയും ഉപയോഗപ്പെടുത്തി ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ മില്ലിന്റെ കെട്ടിടങ്ങളും മറ്റ് ഉപഭാഗങ്ങളും ജീർണ്ണാവസ്ഥയിലായതിനാലും സ്ഥലപരിമിതിമൂലവും വ്യവസായ പാർക്ക് തുടങ്ങാൻ കുറഞ്ഞത് 50 ഏക്കർ സ്ഥലമെങ്കിലും ആവശ്യമുള്ളതിനാലും കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കാൻ സാധിക്കില്ലെന്ന് കിൻഫ്ര അഭിപ്രായപ്പെട്ടിരുന്നു. കമ്പനിയുടെ പുനരുദ്ധാരണം സംബന്ധിച്ച് തീരുമാനമെടുക്കാനായി അതിന്റെ ആസ്തികളും ബാധ്യതകളും തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെ മൂല്യനിർണ്ണയം 2001-ലാണ് നടന്നിട്ടുള്ളത്. 16 വർഷത്തിനുശേഷം സ്ഥലത്തിന്റെ വിലയിൽ വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഇപ്പോഴത്തെ യഥാർത്ഥ ആസ്തി അറിയുന്നതിന് സ്ഥലത്തിന്റെ പുനർമൂല്യനിർണ്ണയം നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി 19-4-2017-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണം സംബന്ധിച്ച് മന്ത്രിസഭാതലത്തിൽ തീരുമാനമെടുക്കുന്നതിന് ആറ് മാസത്തെ സമയമാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ 27-4-2017-ന് ഇടക്കാല സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിനുകൂടി വിധേയമായി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

(6) ചെല്ലാനം ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ജെ. മാക്സി: സർ, ചെല്ലാനം എന്ന മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മുടങ്ങിക്കിടക്കുന്ന ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2007-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് G.O.(Rt) 579/2007/F&PD ഉത്തരവ് മുഖേനയാണ് എറണാകുളം ജില്ലയിലെ ചെല്ലാനത്ത് ആദ്യമായി ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഉത്തരവായത്. ചെറിയ ഒരു ലേലഹാൾ, രണ്ടുവശവും സീവേഡ് ആന്റ് ലീവേഡ്, 120 മീറ്റർ നീളത്തിലുള്ള പുലിമുട്ടും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചത്. അതനുസരിച്ച് പ്രസ്തുത നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഉണംചെയ്യുന്ന ഈ പ്രദേശത്ത് ഒരു ഫിഷിംഗ് ഹാർബറിന്റെ ആവശ്യകത അന്നത്തെ ഇടതുപക്ഷ സർക്കാർ മനസ്സിലാക്കിയിരുന്നു. 600-ൽപ്പരം നാടൻ തോണികളും 120 യന്ത്രവൽകൃത ബോട്ടുകളും ഈ മേഖലയിലുണ്ടെന്നാണ് കണക്കുകൾ വിലയിരുത്തുന്നത്. തുടർന്ന് 2009-ലെ G.O.(Rt) 317/2009/F&PD ഉത്തരവ് പ്രകാരം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അന്നത്തെ ഇടതുപക്ഷ സർക്കാർ ഉത്തരവ് നൽകി. 30 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയത്. നിലവിലുള്ള പുലിമുട്ടുകൾ (ഒരെണ്ണം 500 മീറ്റർ, മറ്റൊരെണ്ണം 30 മീറ്റർ)

ദീർഘിപ്പിക്കുകയും വാർഫ്, ലേലം ചെയ്യുന്ന ഹാൾ, വല നന്നാക്കുന്നതിനുള്ള ഹാൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം ഉൾപ്പെടെ ഇതിൽ വിഭാവന ചെയ്തിരുന്നു. 2009-ൽത്തന്നെ സ്ഥലമെടുപ്പ് ആരംഭിച്ചെങ്കിലും നാളിതുവരെ സ്ഥലമുടമകൾക്ക് പൂർണ്ണമായി തുക ലഭിച്ചിട്ടില്ല. മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായ ഹാർബർ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മത്സ്യ തൊഴിലാളികൾക്ക് തങ്ങളുടെ വലയിൽ കുടുങ്ങിയ മത്സ്യത്തെ സുരക്ഷിതമായി ലാന്റ് ചെയ്യിക്കുന്നതിനും വിൽക്കുന്നതിനും കഴിയുന്ന ഈ ഹാർബർ കമ്മീഷൻ ചെയ്താൽ ചെല്ലാനം പ്രദേശത്തെ തൊഴിലില്ലായ്മയ്ക്ക് ഏറെക്കുറെ പരിഹാരമാകും. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നബാർഡ് അനുവദിച്ച 30 കോടി രൂപ ലാപ്സാക്കിയതുകാരണം ആ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഹാർബറിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമെടുത്തവർക്ക് സർക്കാർ നിശ്ചയിച്ച തുക കൊടുത്തുതീർക്കുന്നതിനും അതിനാവശ്യമായ തുക സർക്കാർ ഫണ്ടിൽനിന്ന് അനുവദിച്ച് ചെല്ലാനം ഫിഷിംഗ് ഹാർബർ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ എത്രയുംവേഗം സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2007-ലാണ് ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ പണി തുടങ്ങിയത്. എന്നാൽ അന്ന് ഹാർബറായിട്ടല്ല, ഒരു ലാന്റിംഗ് സെന്ററായിട്ടാണ് തുടങ്ങിയത്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 500 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കാണ് അന്ന് തുടക്കം കുറിച്ചത്. 120 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകൾ 2009-ൽ പൂർത്തീകരിച്ചു. എന്നാൽ അതുകൊണ്ടുമാത്രം വർദ്ധിച്ച തൊഴിലാളികളുടെ സൗകര്യങ്ങൾക്ക് പര്യാപ്തമല്ല എന്നുകണ്ടുകൊണ്ടാണ് 2010-ൽ നബാർഡിന്റെ RIDF-XV-ൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെ പ്രോജക്ട് രണ്ടാമത് വീണ്ടും അനുവദിപ്പിച്ചു. അതിന്റെ ഭാഗമായി വടക്കേ പുലിമുട്ട് 500 മീറ്റർ നീളവും തെക്കേ പുലിമുട്ട് 30 മീറ്റർ നീളത്തിലും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ അതിനോടനുബന്ധമായിട്ടുള്ള 100 മീറ്റർ വാർഫ്, ലേലഹാൾ, ലോക്കർ റൂം, നെറ്റ്മെയ്ക്കിംഗ് ഷെഡ്, ടോയ്ലെറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമെട്രി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഡ്രെഡ്ജിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് 130.23 ആർ ഭൂമി ആവശ്യമുണ്ട്. ആ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ വരുന്ന കാലതാമസമാണ് ഇതുവരെയും ആ പദ്ധതി പൂർത്തീകരിക്കാനാവാത്തത്. സ്ഥലമേറ്റെടുപ്പിനുള്ള നടപടിക്രമം 2009-ൽ തുടങ്ങിയതാണ്. 2012-ൽ ഗവൺമെന്റ് ഭരണാനുമതി കൊടുത്തു. 9 ഭൂവുടമകൾ അനുമതി നൽകാത്തതുകൊണ്ടാണ് ഇതുവരെയായി ഭൂമി ഏറ്റെടുക്കാൻ കഴിയാത്തത്, പൈസ കൊടുക്കാത്തതുകൊണ്ടല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും ഈ

പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും റോഡിന്റെ അലൈന്റ്മെന്റിൽ മാറ്റം വരുത്തുകയും ചെയ്യു. ഇനി ഒരാളുടെ ഭൂമി മാത്രം ഏറ്റെടുത്താൽ മതിയെന്ന തരത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി 11-1-2017-ൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് സ്ഥലം എം.എൽ.എ., പഞ്ചായത്ത് വൈസ് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ തെക്കുഭാഗത്തുകൂടിയുള്ള പുതിയ പ്രവേശനപാതയ്ക്കവേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയും ആയതിൻപ്രകാരം പ്രവേശന പാതയ്ക്കവേണ്ടി പുതുതായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, ജി.സി.ഡി.എ., (എറണാകുളം) യെ ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുണ്ട്. അത്യാവശ്യമുള്ള ആളുകളെ കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനിയിപ്പോൾ അതിനുള്ള വില നിശ്ചയിക്കാനാണ് കളക്ടറെ ചുമതലപ്പെടുത്തിയത്. RIDF-XV-ൽ 2010-ൽ അപ്രൂവ് ചെയ്ത പ്രോജക്ട് 31-12-2016 ആയപ്പോഴേയ്ക്കും അതിന്റെ കാലാവധി കഴിഞ്ഞു. നബാർഡ് എക്സ്റ്റെൻഷൻ തന്നിട്ടുമില്ല. ഇപ്പോഴുള്ള പ്രശ്നം, ലാന്റ് അക്വിസിഷൻ നടപടി പൂർത്തീകരിച്ചുക്കഴിഞ്ഞാൽ ഈ പ്രവൃത്തി പൂർത്തീകരിക്കണമെങ്കിൽ പുതുതായി പദ്ധതി അംഗീകരിക്കേണ്ടതുണ്ട്. ഒന്നുകിൽ സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിലോ അല്ലെങ്കിൽ ഈ വർഷത്തെ നബാർഡിന്റെ സ്കീമിലോ ഉൾപ്പെടുത്താനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്തായാലും എം.എൽ.എ. പറഞ്ഞതുപോലെ ഇത് അടിയന്തരമായി, മുൻഗണനാക്രമത്തിൽ തന്നെ ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഡ്രെഡ്ജിംഗ് ഒരാഴ്ച കൊണ്ട് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. അവിടെ അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്തിയാൽ തന്നെ റഫ് സീസൺ വരുമ്പോഴേയ്ക്കും തൊഴിലാളികൾക്ക് വള്ളം അടുപ്പിക്കാൻ പറ്റും. മറ്റുള്ള വർക്കുകളായ വാർഫ്, മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും കാര്യത്തിൽ പുതുതായി ഒരു പദ്ധതി അനുവദിച്ചുചെയ്യേണ്ട കാര്യമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കും.

(7) പാഠപുസ്തക വിതരണം

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് ഓണപ്പരീക്ഷയ്ക്ക് മുമ്പുതന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും മുൻകാലങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതോടൊപ്പം പാഠപുസ്തക വിതരണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. പേപ്പർ പർച്ചേസ് നടപടികളിലുണ്ടാകുന്ന കാലതാമസം, യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ പാഠപുസ്തക അച്ചടിയിലും വിതരണത്തിലും നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ പൂർത്തീകരിക്കാൻ കഴിയാത്തത് കണക്കിലെടുത്ത്, മുൻകാല അനുഭവങ്ങളെ മുൻനിർത്തി സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ

നടപടി സ്വീകരിക്കണം. കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വസ്തുതയാണ്. നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ 2016 മേയ് 31-ന് മുമ്പ് പ്ലസ് ടു പാഠപുസ്തകങ്ങൾ 80 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങൾ 60 ശതമാനവും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നാണ് പറയുന്നത്. എന്ന് പറഞ്ഞാൽ ബാക്കിയുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലാണ് എല്ലാവർഷവും കാലതാമസമുണ്ടാകുന്നത്. ഇവിടെ പ്ലസ് ടു പാഠപുസ്തകത്തിന്റെ ശേഷിക്കുന്ന 20 ശതമാനവും പ്ലസ് വൺ പാഠപുസ്തകത്തിന്റെ ശേഷിക്കുന്ന 40 ശതമാനവും വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. മാത്രമല്ല 2016-17 അദ്ധ്യയന വർഷത്തിൽ 28892200 പാഠപുസ്തകങ്ങൾ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് അച്ചടിക്കാൻ ഓർഡർ നൽകി. എന്നാൽ സ്കൂൾ തുറക്കുന്നതിനുമുമ്പ് ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ 19221029 പാഠപുസ്തകങ്ങൾ മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. അതായത് അച്ചടിക്കാൻ ഓർഡർ നൽകിയ പാഠപുസ്തകത്തിന്റെയും വിതരണം ചെയ്ത പുസ്തകത്തിന്റെയും എണ്ണത്തിൽ 96 ലക്ഷത്തിന്റെ വ്യത്യാസമുണ്ട്. കൂടാതെ കഴിഞ്ഞ വർഷം 26-7-2016, 27-6-2016 തുടങ്ങിയ തീയതികളിൽ അങ്ങ് തന്നെ വിളിച്ചുകൂട്ടിയ ഡി.ഡി.ഇ.-മാരുടെ യോഗത്തിൽ പാഠപുസ്തകങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ ആവശ്യമില്ലാത്ത പല കേന്ദ്രങ്ങളിലും പാഠപുസ്തകങ്ങൾ കെട്ടിക്കിടക്കുന്നതായും ചില സ്ഥലങ്ങളിൽ പുസ്തകങ്ങൾ ഇല്ലാത്തതായിട്ടുള്ള റിപ്പോർട്ടുകൾ കാണാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ വിതരണത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാനുള്ള കർശനമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 2017-18 അദ്ധ്യയനവർഷം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ പേപ്പകളടിസ്ഥാനത്തിൽ ഒന്നു മുതൽ മൂന്ന് വോള്യങ്ങളായി അച്ചടിച്ചു നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത തീരുമാനം പ്രകാരം പാഠപുസ്തക അച്ചടി ആരംഭിക്കുന്നതിന് വേണ്ടി tentative print order 6-9-2016-ന് കെ.ബി.പി.എസ്.-ന് നൽകുകയും അവർ അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്കൂളുകളിൽനിന്ന് ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ശേഖരിച്ചതിൻപ്രകാരം താഴെപ്പറയുന്ന പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. ഒന്നാം വോള്യം -28669591 എണ്ണം, രണ്ടാം വോള്യം-24720262 എണ്ണം, മൂന്നാം വോള്യം-751475 എണ്ണം

പാഠപുസ്തകങ്ങളും അച്ചടിക്കേണ്ടതായിട്ടുണ്ട്. ഇതനുസരിച്ച് കെ.ബി.പി.എസ്.-ന് 27-12-2016-ന് അന്തിമ അച്ചടി ഉത്തരവ് നൽകിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തിലെ 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള ഒന്നാം വോള്യം പാഠപുസ്തകങ്ങൾ 2017 ഏപ്രിൽ 20-ന് മുമ്പും ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ 2017 മേയ് 20-ന് മുമ്പും അച്ചടിച്ച് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശമാണ് കെ.ബി.പി.എസ്.-ന് നൽകിയിട്ടുള്ളത്. നിലവിൽ ഒന്നാം വോള്യം പാഠപുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം നടത്തിവരുന്നത്. പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് വേണ്ടിയുള്ള പേപ്പർ വാങ്ങുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്.-ന് മുൻകൂറായി അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റരീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മേൽനോട്ടത്തിൽ അതാത് വിദ്യാഭ്യാസ ഓഫീസർമാർക്ക് പാഠപുസ്തക വിതരണ പരിശോധനയ്ക്കുള്ള നിർദ്ദേശം നൽകുകയും അവലോകനം നടത്തി പരാതികൾ പരിഹരിക്കുന്നതിനുവേണ്ട ചുമതലയും ഇ-മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുമുണ്ട്. 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയുടെ വിതരണം സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 12-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങളുടെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

(8) ധനസഹായം

ശ്രീ. കെ. വി. വിജയദാസ് : സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഇരുമ്പകച്ചോലയിൽ വട്ടവിനാൽ വീട്ടിൽ താമസിക്കുന്ന 58 വയസ്സുള്ള ടോമി ജോസഫ് 26-4-2017-ന് തന്റെ അച്ഛന്റെ പറമ്പിൽവച്ച് ആനയുടെ ചവിട്ടും കുത്തുമേറ്റ് മരണപ്പെട്ടു. മരണപ്പെട്ട ആൾക്ക് നാല് സഹോദരന്മാരും രണ്ട് സഹോദരിമാരും ഉണ്ട്. അച്ഛനും അമ്മയും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ചെറുകിട റബ്ബർ കർഷകനായ ടോമി ജോസഫിന് പരമാവധി ധനസഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ പാമ്പൻതോട്, കാഞ്ഞിരപ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ വരവിനെ തടയുന്ന കമ്പിവേലി കെട്ടുന്നത് ഇപ്പോൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. ഇത് പുനരാരംഭിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, മണ്ണാർക്കാട് താലൂക്ക്, ഫോറസ്റ്റ് ഡിവിഷനിൽ മണ്ണാർക്കാട് റേഞ്ചിൽപ്പെട്ട പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ഇരുമ്പകച്ചോല ചെള്ളിത്തോട് ഭാഗത്ത് 26-4-2017-ന് വട്ടവിനാൽ വീട്ടിൽ ടോമി ജോസഫ് കാട്ടാനയുടെ കുത്തേറ്റ് മരണപ്പെട്ടു. സംഭവം അറിഞ്ഞയുടൻ തന്നെ മണ്ണാർക്കാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ വനം വകുപ്പ് ജീവനക്കാർ സ്ഥലത്തെത്തി മൃതദേഹം പരിശോധിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പരേതന്റെ പിതാവിന്റെ പേരിലുള്ള കുടുംബസ്വത്തായ അഞ്ചേക്കറോളം വരുന്ന കൃഷിയിടത്താണ് മൃതദേഹം കാണപ്പെട്ടത്. പ്രസ്തുത സ്ഥലത്തുനിന്ന് തൊട്ടടുത്ത വനഭൂമിയായ ആനക്കരണം മലവാരത്തിലേയ്ക്ക് 500 മീറ്ററോളം ദൂരമുണ്ട്. വനഭൂമിക്കും മൃതദേഹം കാണപ്പെട്ട സ്ഥലത്തിനും ഇടയിലുള്ള സ്ഥലങ്ങൾ മുഴുവൻ വിവിധ ആളുകളുടെ കൈവശ ഭൂമിയാണെങ്കിലും ആൾപാർപ്പില്ലാത്ത റബ്ബർ തോട്ടങ്ങളാണ്. പരേതന്റെ തറവാട് വീട്ടിൽനിന്ന് 200 മീറ്റർ അകലെ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഭാഗത്താണ് മൃതദേഹം കാണപ്പെട്ടത്. പുലർച്ചെ ആറേകാൽ മണിക്ക് തൊട്ടടുത്ത റബ്ബർ തോട്ടത്തിൽ ടാപ്പിംഗിനായി പോയ ജോസാണ് മൃതദേഹം കണ്ടത്. മൃതദേഹത്തിൽ നെഞ്ചിന് താഴെ ഇടതുഭാഗത്തായി ആനയുടെ കൊമ്പ് കുത്തിയിറങ്ങിയ മുറിവുണ്ട്. പ്രസ്തുത മുറിവിലൂടെ ആന്തരാവയവങ്ങൾ പുറത്തേയ്ക്ക് വന്ന നിലയിലും രക്തം ഒഴുകി ഉണങ്ങിയ നിലയിലും കാണപ്പെട്ടു. കൂടാതെ ശരീരത്തിലും കൈ കാലുകളിലും അങ്ങിങ്ങായി ഉരഞ്ഞ പാടുകളും മുറിവുകളും കാണപ്പെട്ടു. മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടറും സംഘവും സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. പോസ്റ്റുമോർട്ടത്തിനും പ്രാഥമിക ചെലവുകൾക്കുമായി ടിയാന്റെ ബന്ധുക്കൾക്ക് 10,000 രൂപ ആശ്വാസ ധനസഹായമായി നൽകിയിട്ടുണ്ട്. വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് നിയമാനുസൃതം അഞ്ച് ലക്ഷം രൂപയാണ് ഇപ്പോൾ നഷ്ടപരിഹാരമായി നൽകിവരുന്നത്. 26-4-2017-ന് മരണപ്പെട്ട ടോമി ജോസഫ് വട്ടവിനാൽ എന്ന ആളിന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് അടിയന്തരമായി വാങ്ങുവാനും അത് ലഭിച്ചാൽ ഉടൻ തന്നെ ബാക്കി തുക ടിയാന്റെ അനന്തരാവകാശികൾക്ക് നൽകാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ കൃഷിക്കും ജനജീവിതത്തിനും വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതിനായി മണ്ണാർക്കാട് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഉം ബന്ധപ്പെട്ട സ്റ്റേഷൻ സ്റ്റാഫും നിരന്തരം പട്രോളിംഗും നടത്തിവരുന്നുണ്ട്. പ്രസ്തുത ഭാഗത്തുള്ള വനാതിർത്തിയിൽ വൈദ്യുതി വേലി നിർമ്മിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതി ആയിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തി ശിപാർശ സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻ വൈദ്യുതി വേലി നിർമ്മാണം ആരംഭിക്കുന്നതാണ്. വന്യമൃഗങ്ങൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി early warning, SMS alert system തുടങ്ങിയവ ഈ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

VII ക്രമപ്രശ്നം

രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

ശ്രീ. ഷാഫി പറമ്പിൽ : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ 20-ാം അദ്ധ്യായത്തിലെ സബോർഡിനേറ്റ് ലെജിസ്ലേഷനിലെ കാര്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. നമ്മൾ ഉണ്ടാക്കുന്ന റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്ടിലോ നിർദ്ദേശിക്കപ്പെട്ട കാലയളവിലേയ്ക്ക് നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. എന്നാൽ, വ്യവസ്ഥയില്ലാതിരിക്കുകയോ കാലയളവ് നിർദ്ദേശിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നിടത്ത് അങ്ങനെയുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം നിയമസഭ മുമ്പാകെ പതിനാല് ദിവസത്തെ കാലയളവിലേയ്ക്കാണ് വയ്ക്കേണ്ടത്. സഭയിൽ വയ്ക്കേണ്ടത് പതിനാല് ദിവസത്തേയ്ക്ക് ആണെന്ന് പറയുന്നുണ്ടെങ്കിലും സഭയിൽ ഇവ എത്താൻ അനന്തമായി വൈകുന്ന സാഹചര്യത്തിൽ 1998 ഏപ്രിൽ 8-ന് ജി.എ.ഡി. സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകളുടെ laying-നെ സംബന്ധിച്ച് ചില ഗൈഡ്ലൈനുകൾ പുറപ്പെടുവിച്ചിരുന്നു. മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ സഭയിൽ വയ്ക്കാൻ കാലതാമസം ഉണ്ടാകുമ്പോൾ ഗൈഡ്ലൈനിൽ reasons convincing to the house for delay shall be recorded in the statement എന്ന് വ്യക്തമായി പറയുന്നുണ്ട്. ഇതിൽ പിന്നീട് ബഹുമാനപ്പെട്ട ചെയറുകളുടെ റൂളിംഗ് ഉണ്ടായി. 1998 സെപ്റ്റംബർ 10-ന് ബഹുമാനപ്പെട്ട ചെയർ നൽകിയ റൂളിംഗിൽ പറയുന്നത്, All regulations, rules, sub rules, bye-laws etc. .....as required under Rule 166 (1) shall be made available for laying before the Assembly during the session immediately succeeding the issuance ..... or within two months of the issuance..... റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ Annexure 1-ൽ 17-ാമത്തെ ഡയറക്ഷനായി ബഹുമാനപ്പെട്ട ചെയർ പറയുന്നത്, In cases where there is a delay in laying on the Table .....the Minister concerned shall lay on the Table, a statement showing the reasons for such delay also..... ഈ കാലതാമസം വരികയാണെങ്കിൽ, ആ കാലതാമസത്തിനുള്ള കാരണം സഭയ്ക്ക് convincing ആയി പ്രകടമാകുന്ന കാലതാമസപത്രിക ഇതിനോടൊപ്പം മേശപ്പുറത്ത് വയ്ക്കണമെന്ന് വ്യക്തമായി ചെയറിന്റെ റൂളിംഗ് നിലനിൽക്കുകയാണ്. എന്നാൽ പല എസ്.ആർ.ഒ.-കളും സഭയിൽ വരുമ്പോൾ അനന്തമായ കാലതാമസം ഉണ്ടായിട്ടുപോലും കാലതാമസപത്രിക ഇതിനകത്ത് വരുന്നില്ല എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് ഇങ്ങനെ കാലതാമസപത്രിക സമർപ്പിക്കാതെ ഡിലേ ഉണ്ടായി മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകളെ സംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്ന് ഒരു റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റൂളിംഗ്

മി. സ്പീക്കർ: സഭാ നടപടിക്രമങ്ങൾ സൂക്ഷ്മമായി പരിശോധനയ്ക്ക് വിധേയമാക്കാനും സഭയിൽ ഉന്നയിക്കാനും താരതമ്യേന പുതിയ ഒരംഗമെന്ന നിലയിൽ അങ്ങ് കാണിക്കുന്ന ഔത്സുക്യത്തെ അഭിനന്ദിക്കുന്നു. ഇത് മാതൃകയാക്കി മറ്റ് അംഗങ്ങളുംകൂടി ഇത്തരം നിലപാട് സ്വീകരിക്കുന്നത് നന്നായിരിക്കും.

26-4-2017-ന് സഭയുടെ മേശപ്പുറത്തുവച്ച 8 രേഖകൾ, അവ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നത് സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമല്ല വച്ചത് എന്നാണ് ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ച ക്രമപ്രശ്നത്തിലെ വിഷയം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14-7-2015 മുതൽ 25-10-2016 വരെ പ്രസിദ്ധീകരിക്കപ്പെട്ട 8 എസ്.ആർ.ഒ.-കൾ 26-4-2017-ന് മാത്രമാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. ഈ എസ്.ആർ.ഒ.-കളുടെ കാര്യത്തിൽ അവ പുറപ്പെടുവിച്ചതും മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയതും സഭാസമ്മേളന കാലയളവിലാണോ, കാലതാമസ പത്രിക വേണ്ടതാണോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കത്തിടപാടുകൾ നടത്തിയിരുന്നു.

ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാൻ വന്ന കാലതാമസം മൂലമാണ് അവ മേശപ്പുറത്ത് വയ്ക്കാൻ അധിക സമയം ആവശ്യമായി വന്നത്. വകുപ്പുകളിൽനിന്നും യഥാസമയം രേഖകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായിരുന്നുവെങ്കിലും ചില സാങ്കേതിക കാര്യങ്ങളിലുണ്ടായ സംശയങ്ങൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് കാലതാമസമുണ്ടായതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും കാണുന്നു.

എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ സാങ്കേതിക കാരണങ്ങളുടെ പേരിൽ കാലതാമസം വരുത്തി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.

VIII ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ

ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബജറ്റ് എസ്റ്റിമേറ്റ് 2017-2018				
		14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(4)	(5)	(6)	(7)	(8)
XXXVII	വ്യവസായങ്ങൾ	131,52,10,000	227,33,38,000	394,56,30,000	682,00,14,000.	1076,56,44,000
XXXIX	വൈദ്യുത പദ്ധതികൾ	36,18,75,000	10,52,50,000	108,56,26,000	31,57,50,000	140,13,76,000

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ഡോ. എം. കെ. മുനീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമന്റ് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ തക്കവിധം സംസ്ഥാനത്തിന്റെ സിമന്റ് ഉൽപ്പാദന മേഖലയെ സജ്ജമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമേഖലാസ്ഥാപനങ്ങളുടെ നിയമനങ്ങൾ ആർ.ഐ.എ.ബി. വഴി നടത്തണമെന്ന തീരുമാനം നടപ്പിലാക്കാതെ ബന്ധുക്കളെയും സ്വന്തക്കാരേയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത സ്ഥാനങ്ങളിൽ നിയമിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സൂചക വെട്ടിക്കുറയ്ക്കൽ)

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. ടി. വി. ഇബ്രാഹിം

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർലമെന്ററി നടപടിക്രമത്തിൽ കട്ട്മോഷൻസ് തന്നെ ഒരു സെൻസറിംഗ് മോഷൻ പോലെയാണ്. അതാണല്ലോ ഭരണപക്ഷത്തുനിന്ന് കട്ട്മോഷൻസ് അവതരിപ്പിക്കാത്തത്. കട്ട്മോഷന് നോട്ടീസ് കൊടുത്തിട്ട് പിന്നെ മൂവ് ചെയ്യുന്നില്ലായെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? അത് മന്ത്രിയോടോ അല്ലെങ്കിൽ മറ്റാരോടെങ്കിലും പ്രതിഷേധിച്ച് മൂവ് ചെയ്യുന്നില്ലായെന്ന് പറയുന്നത് ഏത് നടപടിക്രമമാണ്?

മി. സ്പീക്കർ: അങ്ങയുടെ സമയം പോകും. വെറുതെ വഴങ്ങേണ്ട.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അത് എന്ത് അർത്ഥത്തിലാണ്? ഫലത്തിൽ അത് ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതാണെന്ന് ഞാൻ പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുകയാണ്. വ്യവസായവും വൈദ്യുതിയും എന്ന വളരെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ രണ്ട് വകുപ്പുകളും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നവയാണ്. വൈദ്യുതി ഇല്ലെങ്കിൽ വ്യവസായമില്ല എന്ന് നമുക്കറിയാം. വ്യവസായ വളർച്ചയ്ക്ക് പ്രാഥമികമായി വേണ്ടത് വൈദ്യുതിയാണ്. വൈദ്യുതിയും വ്യവസായവുമാണ് വികസനത്തിന്റെ അടിത്തറ. അത് ഇവിടെ മാത്രമല്ല, ലോകത്ത് വികസനം പ്രാപിച്ച എല്ലാ രാജ്യങ്ങളിലും ഈ രണ്ട് കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് വികസനം ഉണ്ടാക്കിയിട്ടുള്ളതെന്ന് ചരിത്രം നോക്കിയാൽ അറിയാം.

കേരളത്തിലെ വ്യവസായ വികസനത്തിന് അടിത്തറ പാകിയത് 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റാണ്. പൊതുമേഖലയെ സംരക്ഷിക്കുകയും സ്വകാര്യമേഖലയ്ക്ക് ഇവിടെ കടന്നുവരാനുള്ള എല്ലാ ഭൗതികസാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തത് ആദ്യത്തെ ഇ.എം.എസ്. ഗവൺമെന്റാണ്. മാവൂർ ഗ്വാളിയർ റയോൺസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കേരളത്തിൽ തുടങ്ങാനുള്ള സാഹചര്യങ്ങൾ അന്ന് ഈ ഗവൺമെന്റ് ഉണ്ടാക്കിയെന്നുള്ളതാണ് പിന്നീട് കേരളത്തിൽ വന്ന പല വ്യവസായങ്ങളുടെയും അടിത്തറയായിട്ടുള്ളത്. കേരളത്തിൽ എപ്പോഴെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നോ അപ്പോഴെല്ലാം നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടുകയും അത് ലാഭത്തിലാക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അത് ഒരു തുടർക്കഥപോലെ ഏത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാലും കാണാവുന്നതാണ്.

അതേസമയം കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെല്ലാം നമ്മുടെ പ്രധാനപ്പെട്ട പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി. അത് സംരക്ഷിക്കുന്നതിനോ തൊഴിലാളി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ യാതൊരു തരത്തിലുമുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും യു.ഡി.എഫ്. ഗവൺമെന്റ് കാണിച്ചിട്ടില്ല എന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത. അതേ കാര്യം വീണ്ടും കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിൽ ആവർത്തിച്ചു. കേരളത്തിൽ നഷ്ടത്തിലായിരുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ കെ.എസ്.ഐ.ഡി.സി, ടി.ടി.പി.എൽ, ടി.സി.സി.എൽ. തുടങ്ങി 17-ഓളം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം ലാഭത്തിലേയ്ക്ക് വന്നുവെന്നുള്ളതും ചവറ കെ.എം.എം.എൽ.-ന്റെ പ്രവർത്തനം

വിപുലീകരിക്കുകയും കൂടുതൽ ലാഭത്തിലേക്ക് വന്നതും നമുക്ക് കാണാവുന്ന വസ്തുതയാണ്. കഴിഞ്ഞ ദിവസമെല്ലാം ഈ നിയമസഭയിൽ പരാമർശിക്കപ്പെട്ടതുപോലെ ഏറ്റവുമധികം അഴിമതി കുറഞ്ഞ ഒരു സംസ്ഥാനമായി കേരളം മാറി. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളും അങ്ങനെ മാറിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് യു.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് നടന്ന അഴിമതിയും അവിടത്തെ പ്രൊഫഷണലായ മാനേജ്മെന്റ് സംവിധാനം നശിപ്പിച്ചതുമാണ് ഈ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാകാനുണ്ടായ കാരണം. ഈ രണ്ടുകാര്യങ്ങളിലും നിർണ്ണായകമായ ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയെന്നത് ഈ നാടിന്റെ മുൻപിൽ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ അഴിമതി രഹിതമായ ഒരു പ്രൊഫഷണൽ ഭരണം കൊണ്ടുവരുന്നതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിച്ചതാണ് അവ നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് വന്നതിന്റെ പ്രധാന കാരണം. ഇതിനൊരു രാഷ്ട്രീയ മുഖമുണ്ട്. കേന്ദ്രത്തിൽ ലാഭത്തിലോടുന്നതും നഷ്ടത്തിലായതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ഷിപ്പ് യാർഡ് ഉൾപ്പെടെയുള്ളവ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നിർബാധം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇന്ത്യയ്ക്കാകെ മാതൃകയായിക്കൊണ്ട് ഈ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനും ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും നമ്മുടെ ഗവൺമെന്റ് നടപടിയെടുത്തതെന്നത് അഭിമാനകരമായ കാര്യമാണ്. വ്യവസായ പുരോഗതിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വലിയ പ്രാധാന്യമാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളതെന്ന് കഴിഞ്ഞ രണ്ട് ബജറ്റുകൾ നോക്കിയാൽ കാണാൻ സാധിക്കും. വ്യവസായ വികസനത്തിന് ആവശ്യമായ റോഡുകൾക്കും വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. വ്യവസായ നിക്ഷേപത്തിന് അനുകൂലമായ കാലാവസ്ഥ കേരളത്തിൽ ഇന്ന് നിലനിൽക്കുന്നു. അതിന് ആവശ്യമായ സാഹചര്യങ്ങളും എൽ.ഡി.എഫ്. ഗവൺമെന്റ് ഇന്ന് കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. വ്യവസായ അന്തരീക്ഷം അനുകൂലമാക്കുവാനും സങ്കീർണ്ണമായ നടപടിക്രമങ്ങളെല്ലാം ലഘൂകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുന്നതിനും മന്ത്രിസഭ സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഏതാണ്ട് 10 നിയമങ്ങൾ പുനഃപരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കാനാണ് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് കൊണ്ടുവരാൻ തീരുമാനിച്ചു. ഇതുരണ്ടും സ്വാഗതാർഹമായ നടപടികളാണ്. ഇത് കേരളത്തിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കാനും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് മറ്റുള്ളവർക്ക് വളരെ എളുപ്പത്തിൽ മനസ്സിലാക്കാനുതകുന്ന

സാഹചര്യം സ്വീകരിച്ചതിന്റെ ഫലം വരുംവർഷങ്ങളിൽ കേരളത്തിൽ പ്രകടമായി കാണാൻ പോകുന്നുവെന്നും നമുക്ക് മനസ്സിലാകും. ഈയൊരു വർഷക്കാലത്തിനുള്ളിൽ ഗവൺമെന്റിന്റെ കടുത്ത വിമർശകർക്കുപോലും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നിൽപോലും ഒരു ചെറിയ അഴിമതിയോ ആരോപണമോ ചൂണ്ടിക്കാണിക്കാൻ എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ലെന്നതും ശ്രദ്ധേയമാണ്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ പെട്രോ കെമിക്കൽസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള തീരുമാനമായി. അതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇത് കേരളത്തിൽ വലിയ വ്യവസായ കുതിപ്പിന് വഴിയൊരുക്കും. ഇത്രയും കാലം ഒട്ടനവധി കുരുക്കുകളിൽ കിടന്നിരുന്ന ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ നിശ്ചയ ദാർഢ്യത്തോടെ ഏറ്റെടുക്കുന്നതിനും ഈ ഗവൺമെന്റ് തയ്യാറായി. കേരളത്തിൽ പൊതുമേഖലയെ ശക്തിപ്പെടുത്തിയും വ്യവസായ നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച് സംരംഭകരെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയെന്ന നയമാണ് മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റേതുപോലെ തന്നെ ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. ഇത് കേരളത്തിന്റെ വ്യവസായകുതിപ്പിന് അടിത്തറയേകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയ്ക്കാകെ മാതൃകയായി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ യത്നിച്ച ബഹുമാനപ്പെട്ട മന്ത്രിയേയും ഈ ഗവൺമെന്റിനേയും ഈ നാടിനുവേണ്ടി ഈയവസരത്തിൽ ഞാൻ കലവറയില്ലാതെ അഭിനന്ദിക്കുകയാണ്.

കേരളത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചുവെന്നതാണ് വൈദ്യുതി വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം. കേരളം ഒരു സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റി ഇന്ത്യയ്ക്കാകെ നമ്മുടെ നാട് മാതൃകയായിയെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട വസ്തുത. ഇക്കാര്യത്തിൽ എല്ലാവിഭാഗം ആളുകളും സഹകരിച്ചു. വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രവർത്തനം ഈ അവസരത്തിൽ ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനും വീടുകളിൽ വയറിംഗ് നടത്തുന്നതിന് 5000, 6000 രൂപ ഇല്ലാതെ വൈദ്യുതി വേണ്ടായെന്ന് വച്ചിരുന്ന സാധാരണക്കാരായ ആളുകൾക്ക് വൈദ്യുതി ബോർഡ് ജീവനക്കാർ വയറിംഗ് നടത്തുന്നതിനുള്ള പൈസ സ്വരൂപിച്ചു കൊടുത്തു. എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ കേരളത്തിന്റെ മിക്കവാറും എല്ലാ സ്ഥലത്തും അവരോട് ആവശ്യപ്പെട്ട എല്ലാ സ്ഥലങ്ങളിലും അവർ മുൻകൈ എടുത്ത് ചെയ്തുവെന്ന കാര്യം എനിക്ക് നേരിട്ടറിയാം. അതിന് ഈ അവസരത്തിൽ അവരോട് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ വരൾച്ച നേരിടുന്ന ഈ സന്ദർഭത്തിലും കേരളത്തിൽ വൈദ്യുതിക്ഷാമം ഇല്ലാതെ മുന്നോട്ട് പോകുകയാണ്. അതിനുവേണ്ടി നടപടിയെടുത്ത ഈ ഗവൺമെന്റിനേയും മന്ത്രിയേയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. വൈദ്യുതി ഉൽപ്പാദനം

വർദ്ധിപ്പിക്കുകയെന്നതാണ് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ ജല വൈദ്യുത പദ്ധതികൾ ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദനം നടത്തുന്നതാണെന്ന് നമുക്കറിയാം. പക്ഷെ ജലവൈദ്യുത പദ്ധതികളെല്ലാം ഒട്ടനവധി വിവാദങ്ങൾ ക്ഷണിച്ചുവരുത്തുന്നുണ്ടെന്നും നമുക്കറിയാം. പരിസ്ഥിതി സംബന്ധിച്ച് ഒട്ടനവധി പ്രശ്നങ്ങൾ ഉയർത്തുന്നുവെന്നുള്ളതുകൊണ്ട് നമ്മുടെ പല പദ്ധതികളും തടസ്സപ്പെട്ടുകിടക്കുന്ന സന്ദർഭത്തിൽ മറ്റ സോഴ്സുകൾ ഉപയോഗിക്കാം. പ്രധാനമായിട്ടും സോളാർ എനർജി. കായംകുളം എൻ.ടി.പി.സി.-യുടെ പ്ലാന്റുകൾ ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ വൻതോതിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിയെടുത്ത് പല സ്ഥലങ്ങളിലും വൈദ്യുതി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. അത് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കായംകുളത്ത് തുറസ്സായി കിടന്ന ഭൂമിയിലാണ് സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിയെടുത്തത്. കേരളത്തിൽ പഞ്ചായത്തുകൾതോറും വികേന്ദ്രീകൃതമായി സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. പഞ്ചായത്തുകളിൽ തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ നമ്മൾ ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്ത തമിഴ്നാട്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങൾ ഇപ്പോൾ തന്നെ പരീക്ഷിച്ച് വലിയ വിജയം കണ്ടെത്തിയ പമ്പ്ഡ് സ്റ്റോറേജിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നുതന്നെ വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷമുള്ള വെള്ളം പമ്പ് ചെയ്ത് ഉയർന്ന റിസർവ്വോയറിൽ എത്തിക്കുകയും വീണ്ടും അതേ പ്രോസസ്സിൽക്കൂടി വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്. മൂഴിയാർ, കക്കാട്, കല്ലാർകുറ്റി, പൊന്മുടി തുടങ്ങിയ സ്ഥലങ്ങളിൽ ലോവർ റിസർവ്വോയറും ഉയർന്ന റിസർവ്വോയറും ഉണ്ട്. അതുകൊണ്ട് ഈ പ്രക്രിയ ഫലപ്രദമായി കേരളത്തിൽ ഉപയോഗിക്കാൻ കഴിയും. കേരളത്തിൽ ഏതാണ്ട് 5000 മെഗാ വാട്ട് വൈദ്യുതി പമ്പ്ഡ് സ്റ്റോറേജിൽ നിന്നും ഉൽപ്പാദിപ്പിക്കാമെന്നാണ് വിദഗ്ധരായിട്ടുള്ളവർ കണക്കാക്കിയിട്ടുള്ളത്. ഇതുവരെ നമ്മൾ അത് ഉപയോഗിച്ചിട്ടില്ല. ഇന്ന് പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനും മറ്റും ഒട്ടേറെ തടസ്സങ്ങളുള്ളപ്പോൾ പമ്പ്ഡ് സ്റ്റോറേജ് പ്രക്രിയയിൽ കൂടി കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നത് ഗൗരവമായി എടുക്കുകയും അത് നടപ്പാക്കുകയും ചെയ്യണം. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് നടപ്പിലാക്കി രാജ്യത്തിന് മാതൃക കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിൽ ഗുജറാത്തിലും തമിഴ്നാട്ടിലും ഈ സംവിധാനം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, അതിലെ ദുർമേദസ്സെല്ലാം മാറ്റി ഏറ്റവും ഭംഗിയായി ഈ രണ്ട് വകുപ്പുകളും മുന്നോട്ടുകൊണ്ടുപോകുന്ന കാഴ്ചയാണ്

നമുക്ക് ഇപ്പോൾ കാണാൻ കഴിയുന്നത്. വൈദ്യുതി വകുപ്പിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും ഈ കനത്ത വേനലിലും ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ കേരളത്തിൽ വൈദ്യുതി ദൗർലഭ്യം ഉണ്ടെന്നുള്ള വസ്തുത ജനങ്ങളെ അറിയിക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അഴിമതിയുടെ തുടർക്കഥയായിരുന്ന വ്യവസായ വകുപ്പിൽ ഉണ്ടായിരുന്നത്. ഒരു അഴിമതി പോലും ചൂണ്ടിക്കാണിക്കാനില്ലാതെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി കൊണ്ടുപോയി ഇന്ത്യയ്ക്കാകെ ഒരു ഇടതുപക്ഷ മാതൃക കാണിച്ചുകൊടുക്കുന്നുവെന്നതുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്രയായിട്ടുള്ളതെന്ന് എടുത്തുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

ശ്രീ. അട്ടൂർ പ്രകാശ്: സർ, വ്യവസായം, വൈദ്യുതി എന്നീ വകുപ്പുകൾക്ക് വേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

വൈദ്യുതി വകുപ്പിനെ സംബന്ധിച്ചിടത്തോളം എതിർക്കാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല. കാരണം, വൈദ്യുതി വകുപ്പുമന്ത്രി കേരളത്തിലെ സ്ത്രീകളെ മുഴുവൻ അപമാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നടത്തിയിരിക്കുകയാണ്. ആ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ള ആളുകൾ പ്രതികരിച്ചു. അങ്ങ് ഉൾപ്പെടെ, ശ്രീ. എ. കെ. ബാലനും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ശ്രീമതി കെ.കെ. ശൈലജ ടീച്ചറും ശ്രീമതി ശ്രീമതി ടീച്ചറും സ്ത്രീകൾക്കെതിരെയുള്ള പരാമർശം ശരിയായില്ലായെന്ന് വൈദ്യുതി വകുപ്പുമന്ത്രിയെ കുറിച്ച് പറയുകയുണ്ടായി. ഏറ്റവും അവസാനം, സി.പി.ഐ.(എം)ന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് കൂടി അദ്ദേഹത്തെ പരസ്യമായി ശാസിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. ഇങ്ങനെയൊരു മന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പിനുവേണ്ടി അവതരിപ്പിച്ച ഡിമാന്റുകളെ ഞങ്ങൾക്ക് എങ്ങനെ അനുകൂലിക്കാൻ സാധിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വൈദ്യുതി വകുപ്പിന്റെ ചർച്ചയിൽ ഇടപെടാൻ അനുകൂലമായ സാഹചര്യമാണ് ഇവിടെയുള്ളത്. അങ്ങ് ഉദ്ദേശിക്കുന്നതുപോലെയോ മാധ്യമങ്ങൾ പറയുന്നതുപോലെയോ മറ്റ് പരാമർശങ്ങൾ പോലെയോ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്ത്രീകളെ സംബന്ധിച്ച് ഒരു അപമാനവാക്കും പറഞ്ഞിട്ടില്ല. അക്കാര്യത്തിൽ ..... (മൈക്ക് ഓഫ്).....

ശ്രീ. അട്ടൂർ പ്രകാശ്: ബഹുമാനപ്പെട്ട രാജേന്ദ്രൻ, അങ്ങേയ്ക്ക് ഇത് പറയാതിരിക്കാൻ പറ്റുകയില്ല. അതിന്റെ കാരണമെന്താണെന്ന് പറയാൻ സമയമില്ല, എനിക്ക് ഇത് പറഞ്ഞ് അവസാനിപ്പിക്കണം. അതിന്റെ കാരണമെന്താണെന്ന് ചോദിച്ചാൽ വൈദ്യുതി വകുപ്പ്.....

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307 വാസ്തവവിരുദ്ധമായ ഒരു വിഷയം സഭയിൽ അവതരിപ്പിക്കരുത്. ടി.വി. യിൽ വന്ന പരാമർശങ്ങൾ നമ്മൾ കണ്ടു, സഭയിൽ എല്ലാവർക്കും വീണ്ടും അത് കാണാം. ബോധ്യപ്പെടാത്തവരെ ബോധ്യപ്പെടുത്താം. അതിൽ സ്ത്രീ എന്ന വാക്ക് ഏതെങ്കിലും നിലയിൽ വന്നിട്ടുണ്ടെങ്കിൽ സഭയിൽ നിലപാട് സ്വീകരിക്കാം. അല്ലാതെ പെൺകൾ ഒരുമൈ എന്ന വാക്ക് ഉപയോഗിച്ചു. അത് ഒരു സമരത്തെ സംബന്ധിച്ചാണ്, ഏതെങ്കിലും ഒരു സ്ത്രീയെ സംബന്ധിച്ചല്ല. എല്ലാ കാര്യങ്ങളും മനസ്സിലാക്കുകയും പക്വത കാണിക്കുകയും നല്ല നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന ബഹുമാന്യരായ നിങ്ങളെല്ലാവരോടും അഭ്യർത്ഥിക്കുന്നത് ഇല്ലാത്ത വിഷയം ഉണ്ട് എന്ന് സ്ഥാപിക്കുന്ന നിലയിലുള്ള സമീപനം സ്വീകരിക്കരുത്. അതുകൊണ്ട് നിങ്ങൾ എല്ലാവരും ചർച്ചയിൽ പങ്കെടുക്കണം.

മി. ചെയർമാൻ: ഇതിൽ എന്താണ് പോയിന്റ് ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, സ്ത്രീകളെ സംബന്ധിച്ച് പരാമർശം നടത്തിയിട്ടില്ല. എന്നാൽ ചർച്ചയിൽ അത്തരം പരാമർശം നടത്തിയിട്ടുണ്ടെന്ന് സ്ഥാപിക്കുന്നു. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: രേഖ പരിശോധിച്ച് നടപടി സ്വീകരിക്കാം.*

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞതെല്ലാം ഞാൻ കേട്ടു. അദ്ദേഹത്തിന് അത് പറയാതിരിക്കാൻ സാധിക്കുമോ? കാരണം അതിന്റെ ഗുണഭോക്താവാണ് ശ്രീ. എസ്. രാജേന്ദ്രൻ. അദ്ദേഹം ഇത് പറഞ്ഞില്ലെങ്കിൽ വേറെ ആരാണ് വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പറയുന്നത്. ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട എ. കെ. ബാലനും ശ്രീമതി കെ.കെ.ശൈലജ ടീച്ചറും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ശ്രീമതി ശ്രീമതി ടീച്ചറും ഉൾപ്പെടെയുള്ളവർ ഇതിനെതിരെ പ്രതികരിച്ചു. അവർക്ക് എന്തെങ്കിലും അസുഖമുണ്ടോ? അവർ വെറുതെ പ്രതികരിച്ചതാണോ? എന്തായാലും ഇത് വളരെ ശ്രദ്ധമായ ഒരു പ്രശ്നമായി നിൽക്കുന്നു. കോടതി തന്നെ എന്താണ് ചോദിച്ചത്? മാതൃഭൂമി പത്രത്തിൽ വാർത്ത വന്നതാണ്. സംസ്ഥാനത്ത് എന്താണ് സംഭവിക്കുന്നത്, സംസ്ഥാനത്തെ പോലീസ് മേധാവി ഇതൊന്നും കാണുന്നില്ലേയെന്നും അതിനെതിരെ കേസ്സെടുത്തോ എന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്. അത് ഇപ്പോൾ പരിഗണനയ്ക്ക് വച്ചിരിക്കുന്നതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അങ്ങനെയുള്ള ഒരു അവസരത്തിൽ വൈദ്യുതി വകുപ്പിനുവേണ്ടി എന്ത് കാര്യം പറയാൻ സാധിക്കും.

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1993/ഇ.ബി./2017/നി.സെ.തീയതി.4-5-2017) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

വൻകിട-ചെറുകിട വ്യവസായം ഒരു പ്രതിസന്ധിയുമില്ലാതെ കഴിഞ്ഞ 11 മാസക്കാലമായി പോകുന്നുവെന്നും അഴിമതി രഹിതമായ പ്രൊഫഷണൽ ടച്ച് ഈ ഗവൺമെന്റ് കൊണ്ടുവന്നുവെന്നുമാണ് ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ഇവിടെ പ്രസംഗിച്ചത്. പ്രൊഫഷണൽ ടച്ച് കൊണ്ടുവരുന്നതിന് ഞങ്ങളാരും എതിരല്ല. അങ്ങനെ കൊണ്ടുവന്നുവെങ്കിൽ ഞങ്ങൾ അതിനെ അനുകൂലിക്കുന്നു.

നിക്ഷേപ സൗഹൃദ കേന്ദ്രമാക്കി കേരളത്തെ പതിനൊന്ന് മാസക്കാലം കൊണ്ട് മാറ്റിയിരിക്കുന്നു. കേരള ആട്ടോമൊബൈൽസ് പ്രതിസന്ധിയിലേയ്ക്ക്, 17-2-2017-ന് വാർത്ത വന്നതാണ്. നാല് മാസമായി മാനേജിംഗ് ഡയറക്ടറില്ല. ജീവനക്കാർക്ക് മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ല. മുന്നൂറോളം ആട്ടോകൾക്ക് ഓർഡർ ലഭിച്ചിട്ടും ഓരോ മാസവും പുറത്തിറങ്ങുന്നത് 50 എണ്ണത്തിൽ താഴെ മാത്രമാണ്. തുടക്കത്തിലുള്ള പ്രശ്നങ്ങളിൽ നിന്ന് കരകയറിയ KAL മാസംതോറും 700 ആട്ടോറിക്ഷകൾ പുറത്തിറക്കിക്കൊണ്ടിരുന്നതാണ്. ഇതാണോ പ്രൊഫഷണൽ ടച്ച്? എം.ഡി. യെ നിയമിക്കാതെ ആ സ്ഥാപനം കൊണ്ടുനടക്കുന്നതാണ് പ്രൊഫഷണൽ ടച്ച് എന്നാണ് ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞത്.

പട്ട് വ്യവസായ പുനഃസംഘടനാ പദ്ധതി അട്ടിമറിക്കപ്പെടുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച 113 കോടി രൂപ വിനിയോഗിക്കാതെ പോകുന്നു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്ന് ചോദിച്ചാൽ, സംസ്ഥാന ഗവൺമെന്റ് അതിന്റെ ഇരുപത് ശതമാനം ഇവിടെ വിനിയോഗിക്കണം. സംസ്ഥാന ഗവൺമെന്റ് ഇരുപത് ശതമാനം വിനിയോഗിക്കാൻ ഡോ. തോമസ് ഐസക് അനുവദിച്ചുകൊടുത്തിട്ടില്ല. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോടുള്ള വിരോധമാണോയെന്ന് എനിക്കറിയില്ല. ഞാൻ അങ്ങനെ പറയുന്നില്ല. പക്ഷേ ആവശ്യമായ പണം ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചുതരുന്ന പ്രശ്നമുണ്ടാകില്ലായെന്നതു കൊണ്ട് അത് അങ്ങനെ പോകുന്നു. കഞ്ചിക്കോട് വ്യവസായ മേഖല സ്തംഭിച്ചു. മുതലെടുപ്പിന്, പാവപ്പെട്ട തൊഴിലാളികളെ അപ്പുറത്തുകൊണ്ടുപോയി തൊഴിലെടുപ്പിക്കാൻവേണ്ടി തമിഴ്നാട് ലോബി നിൽക്കുകയാണ്. ബാലരാമപുരം സ്പിന്നിംഗ് മിൽ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങളുണ്ടാക്കാൻ കഴിഞ്ഞോ? ഹാന്റെക്സ് പ്രോസസ്സിംഗ് ഹൗസ് താഴെ വീണിട്ട് ഒരു പതിറ്റാണ്ടായി. കൂലത്തൊഴിൽ വേരറ്റുപോകുന്നു. കരിമണൽ രാജാവുമായി ഒത്തുകളി, ടൈറ്റാനിയം മാനേജരെ പിരിച്ചുവിട്ടു. ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും നിലനിൽക്കുകയാണ്. കിൻഫ്രാ പാർക്കിലെ കുടിവെള്ള ഫാക്ടറി അടച്ചുപൂട്ടലിലേയ്ക്ക്; ഇതുപോലെയുള്ള വ്യവസായ സംരംഭങ്ങളെ അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ കഴിഞ്ഞ പതിനൊന്ന് മാസക്കാലം കൊണ്ട് എടുത്തിരിക്കുകയാണ്. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നതാണ് നിങ്ങളുടെ മുദ്രാവാക്യം.

ഇതാണോ എൽ.ഡി.എഫ്. വന്നതിനുശേഷമുള്ള പതിനൊന്ന് മാസക്കാലം കൊണ്ട് നിങ്ങൾ ശരിയാക്കിയതെന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭം കുറിച്ച നമ്മുടെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ തൊഴിലാളികൾക്ക് 2010-11 വരെയുള്ള കാലയളവിൽ കൊടുത്തിരിക്കുന്ന വേതനം എത്രയാണെന്ന് അറിയുമോ? 100 രൂപയും 110 രൂപയും മാത്രമാണ്. 2011 ജനുവരി മാസത്തോടുകൂടി നിങ്ങൾ ഇൻകം സപ്പോർട്ട് സ്കീം ഇവിടെ നടപ്പാക്കി അൻപത് രൂപകൂടി വർദ്ധിപ്പിച്ചുകൊടുത്തു. കയർ മേഖലയിൽ നിന്നും വരുന്ന മന്ത്രിയായ ബഹുമാന്യനായ പി. തിലോത്തമൻ ഇവിടെ ഇരിക്കുന്നുണ്ട്, അദ്ദേഹത്തിന് ഇതിനെക്കുറിച്ച് നന്നായി അറിയാം. 100 രൂപയും 150 രൂപയും മാത്രം വേതനം കൊടുത്തു കൊണ്ടിരുന്ന സ്ഥാനത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർപിരിമേഖലയിൽ 300 രൂപയായും കയർ ഉല്പാദന മേഖലയിൽ 500 രൂപയായും വേതനമുയർത്തി. ഇത് കൂടുതലാണെന്നെനിക്ക് അഭിപ്രായമില്ല. പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം. പാവപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ വേതനം കൊടുക്കണമെന്നതന്നെയാണ് എനിക്ക് ഈ ഗവൺമെന്റിന് മുമ്പിൽ പറയുവാനുള്ളത്. ഇപ്പോൾ കയർ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ വേണ്ടി പല പ്രവർത്തനങ്ങളും നടത്തി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. ജി. സുധാകരന്റെ പേര് പറയുന്നു എന്നതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്കിന് ഇഷ്ടപ്പെടില്ല എന്നെനിക്കറിയാം. 2011 ഫെബ്രുവരി മാസം 1-ാം തീയതി മുതൽ ഫെബ്രുവരി മാസം 5-ാം തീയതിവരെ 'കയർ കേരള' നടത്താൻ തീരുമാനിച്ചത് ശ്രീ. ജി. സുധാകരനാണ്. ആ കയർ കേരള കഴിഞ്ഞ 5 വർഷക്കാലം ഞങ്ങൾ തുടർന്ന് നടത്തിക്കൊണ്ടിരുന്നു. 2010-11 കാലഘട്ടത്തിൽ 807 കോടി രൂപയുടെ എക്സ്പോർട്ട് ഉണ്ടായിരുന്ന സ്ഥാനത്ത് 2015-16 ആയപ്പോൾ 1901 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിരിക്കുകയാണ്. പല രാജ്യങ്ങളിൽ നിന്നും ആളുകൾ കയർ കേരളയിൽ പങ്കെടുക്കാൻ ഇവിടെ വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ മാത്രമല്ല, ആഭ്യന്തര വിപണയിൽ നിന്നും ആളുകൾ പങ്കെടുക്കുന്നു. അതുകൊണ്ട് കയറിന്റെ വിപണി വർദ്ധിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതൊന്നും അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. വിദേശരാജ്യത്തെക്കുറിച്ച് ശ്രീ. രാജു എബ്രഹാം ആണോ ചോദിച്ചത്; ആരാണ് ചോദിച്ചത്; ചോദിക്കുന്ന ആൾ എഴുന്നേറ്റ് ചോദിക്കണം. അല്ലാതെ രഹസ്യമായി ചോദിക്കേണ്ട.

<u>ശ്രീ. വി. ജോയി</u>: സർ, ... (മൈക്ക് ഓഫ്).....വച്ച പൈസ എടുത്താണോ പോയതെന്നതിനെ സംബന്ധിച്ച് സംശയമുണ്ടായിരുന്നു. ഒറ്റയ്ക്കല്ല...

12.00 Noon]

ശ്രീ. അടൂർ പ്രകാശ്: സർ, കയർ വ്യവസായ രംഗത്തെ സെക്രട്ടറി അടക്കമുള്ളവർ ആ മേഖലയിലെ വിപണി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പോയിട്ടുണ്ട്. അങ്ങനെ പോയതിന്റെ അടിസ്ഥാനത്തിൽ 2010-11 കാലഘട്ടത്തിൽ ഉണ്ടായിരുന്ന 10,42,000 രൂപയുടെ എക്സ്പോർട്ട് 2016-17 ആയപ്പോൾ 10,18,00,000 രൂപയായി വർദ്ധിപ്പിച്ചു. നിങ്ങൾ ചിന്തിക്കുന്നതുപോലെയുള്ള കാര്യങ്ങളല്ല ഇവിടെയുള്ളത്. കയർ മേഖലയിൽ വലിയ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിരുന്നു. കഴിഞ്ഞ ഗവൺമെന്റ് പലകാര്യങ്ങളും ചെയ്തിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടത്തിയെങ്കിലും എന്തെങ്കിലും ക്രമക്കേട് നിങ്ങൾക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അന്വേഷണം നടത്തി എന്തെങ്കിലും കണ്ടുപിടിക്കണം. അല്ലാതെ വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. ആരെയെങ്കിലും മോശക്കാരാക്കുന്നതിനുവേണ്ടി എന്തും പറയാമെന്നുള്ള ഒരു ചിന്താഗതിയുമായി പോകുന്നത് നിങ്ങൾക്ക് ഭ്രഷണമല്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....., അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, കയർ മേഖലയിൽ ഒരു പുതിയ സ്ഥാപനം പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏനാദിമംഗലത്ത് കിൻഫ്രയുടെ സ്ഥലത്ത് ആരംഭിച്ചു. അവിടെ PVC tufted mat ആരംഭിക്കുവാൻ വേണ്ടി ഞങ്ങൾ തീരുമാനമെടുത്തു. അതിന്റെയടിസ്ഥാനത്തിൽ അവിടെ പണം മുടക്കി 2015-16 സെപ്റ്റംബർ മാസത്തിൽ ഉദ്ഘാടനവും നടത്തി. 60 ശതമാനവും ബൈബാക്ക് അറേഞ്ച്മെന്റ് ഉണ്ടാക്കിക്കൊണ്ടാണ് ഞങ്ങൾ അതിന് മുൻകൈ എടുത്തത്. അല്ലാതെ നിങ്ങൾ ചിന്തിക്കുന്നതുപോലെയല്ല ഞങ്ങൾ ഈ വ്യവസായത്തെ കൊണ്ടുപോയത്. ഇന്ന് കയർ വ്യവസായ രംഗത്ത് കയർ കോർപ്പറേഷന് പി.പി.എസ്. സ്കീം നടപ്പാക്കുന്നതിനുവേണ്ടി ഇപ്പോൾ കൊടുത്തിരിക്കുന്നത് എത്ര രൂപയാണെന്ന് അറിയാമോ; കഴിഞ്ഞ വർഷം 2016-17-ൽ 49 കോടി രൂപ കൊടുത്തു. 49 കോടി രൂപ കൊടുത്തിട്ടും അവിടത്തെ ടേൺ ഓവർ 105 കോടി രൂപ മാത്രമാണ്. അതേസമയം 2015-16-ൽ ഞങ്ങൾ 10 കോടി രൂപ കൊടുത്തു. അന്ന് വന്നിട്ടുള്ളത് 102 കോടി രൂപയുടെ ടേൺ ഓവറാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....പ്ലീസ് കൺക്ലൂഡ്.... ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: സർ, കയർ വ്യവസായത്തെക്കുറിച്ച് മനസ്സിലാക്കാതെ അങ്ങ് സംസാരിക്കരുത്. ഞങ്ങൾ പല മേഖലയിലും പണം അനുവദിച്ചു. ഡെപ്യൂട്ടി സ്പീക്കർ ഒരു പ്രോജക്ട് തന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ മണ്ഡലമായ

ചിറയിൻകീഴിൽ 2 കോടി രൂപ കൊടുത്തെങ്കിലും ഇതുവരെയും ചെലവഴിച്ചിട്ടില്ല. ഇത് ചിറയിൻകീഴിലുള്ള ഒരു പ്രത്യേകതയാണ്. ഞാൻ തന്നെ പല സഹകരണ സംഘങ്ങളിലും പോയതാണ്. സംഘങ്ങൾ പണം വാങ്ങി വയ്ക്കുന്ന ഏർപ്പാട് മാത്രമാണ് അവിടെയുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. വ്യവസായ രംഗമെന്നത് വൻകിട വ്യവസായമോ ചെറുകിട വ്യവസായമോ പരമ്പരാഗത വ്യവസായമോ ആയിക്കൊള്ളട്ടെ, തകർത്ത് തരിപ്പണമാക്കി മുമ്പോട്ട് പോകുന്ന ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുകയാണ്. എന്റെ ബഹുമാന്യ സുഹൃത്ത് അടൂർ പ്രകാശ് അൽപ്പംകൂടി ക്ഷമകാണിക്കാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകുമെന്നുള്ളത് എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപനമാണ്. അത് പ്രാവർത്തികമാകാൻ പോകുന്ന കാര്യമാണ്. ഒരു സംശയവും വേണ്ട. പതിനൊന്ന് മാസമല്ലേ ആയുള്ളൂ. ഈ പതിനൊന്ന് മാസത്തിനുള്ളിൽ നിങ്ങൾ കാട്ടിക്കൂട്ടിയ എല്ലാ വിക്രിയകൾക്കും പരിഹാരം കാണാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. ആദ്യം പ്രതലം ഒന്ന് ശരിയാക്കട്ടെ. എന്നിട്ടാകാം ബാക്കി കാര്യങ്ങൾ. ദീർഘമായ 49 മാസങ്ങൾ ബാക്കിയുണ്ട്. എല്ലാം ശരിയാകുമോ ഇല്ലയോ എന്നുള്ളകാര്യം അപ്പോൾ നിങ്ങൾക്ക് വിലയിരുത്താൻ കഴിയും. എൽ.ഡി.എഫ്. ഇച്ഛാശക്തിയോടെ ഭരണം നടത്തുന്ന ഒരു രാഷ്ട്രീയ കൂട്ടുകെട്ടാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയിൽ വ്യാവസായിക പുരോഗതി നിർണ്ണായകമാണ്. കാർഷികമേഖലയുടെ ആധുനികവൽക്കരണം, ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മയുടെ പരിഹാരം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിന് ശക്തമായ വ്യാവസായിക അടിത്തറ അനിവാര്യമാണ്. രാജ്യത്തെ ജനങ്ങളുടെ പ്രതിശീർഷ വരുമാനവും അതുവഴി ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിന് വ്യാവസായിക പുരോഗതി നിർണ്ണായകമാണ്. കേരളത്തിന്റെ വ്യാവസായിക അടിത്തറയെ ശക്തിപ്പെടുത്തുന്നതിന് പര്യാപ്തമായ ഭാവനാപൂർണ്ണമായ പദ്ധതികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബജറ്റ് ജനഹൃദയങ്ങളിൽ ഏറ്റുവാങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ പൊതുമേഖലാ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ സമഗ്ര പുരോഗതി എന്നിവ ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. കേരളത്തിന്റെ വ്യാവസായിക പുരോഗതിയെ തകർക്കുംവിധം പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ട കേന്ദ്രങ്ങളാക്കിയ ആളുകളാണ് യു.ഡി.എഫ്. എന്നത് നാം വിസ്മരിക്കാൻ പാടില്ല. കേരളത്തിലെ വ്യാവസായിക വളർച്ചാ നിരക്ക്

2014-15-ൽ 2.46 ശതമാനം മാത്രമായിരുന്നു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിലേറിയശേഷം പതിനൊന്ന് മാസങ്ങൾക്കുള്ളിൽ അത് 12.65 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് വിസ്മരിക്കാൻ പാടില്ല. പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും യു.ഡി.എഫ്. ഭരണകാലത്ത് ഏറ്റവുമധികം തകർന്ന നിലയിലായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് അഴിമതിക്കാരെയും ധൂർത്ത് നടത്തുന്നവരെയും നിയമിച്ച് അഴിമതിയുടെ വിളനിലങ്ങളാക്കിയ പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയായിരുന്നു. പരമ്പരാഗത മേഖലയിൽ ഉൾപ്പെട്ട വ്യവസായങ്ങൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഏറ്റവും തകർച്ച നേരിട്ട കാലമായിരുന്നു. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവരും തൊഴിലെടുക്കുന്ന ഈ മേഖലയുടെ ഉന്നമനം കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ പ്രധാന സ്രോതസ്സ് കൂടിയാണ്. ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നത് വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ല.

ഞാൻ കൊല്ലം ജില്ലയുടെ പ്രതിനിധിയാണ്. കൊല്ലത്തെ സുപ്രധാനമായ ഒരു പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം. ആ വ്യവസായം യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ 5 വർഷക്കാലം എത്ര ദയനീയമായിരുന്നു. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ, സഹകരണ മേഖലയിലുള്ള കാപ്പെക്സ് ഇവ രണ്ടും അടച്ചുപൂട്ടപ്പെട്ടതാണ്. അത് തുറക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. മാതൃകാപരമായി പ്രവൃത്തിക്കാൻ നിയോഗിക്കപ്പെട്ട ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടതിന്റെ ഫലമായി സ്വകാര്യ മേഖല യഥേഷ്ടം തൊഴിലാളി വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ച് ആ വ്യവസായത്തെ തകർക്കുന്നതിനുള്ള സർവ്വ നടപടികളും ആരംഭിച്ചു. കണ്ണുംപൂട്ടി ഇരിക്കുകയായിരുന്നു യു.ഡി.എഫ്. യാതൊരു നടപടിയും സ്വീകരിച്ചില്ല. അഴിമതിക്കാരെക്കൊണ്ട് നിറഞ്ഞതായിരുന്നു കാഷ്യൂ കോർപ്പറേഷൻ. എത്ര കഥകളാണ് പുറത്തുവന്നിട്ടുള്ളത്. എന്ത് നടപടിയാണ് യു.ഡി.എഫ്. സ്വീകരിച്ചത്?

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കശുവണ്ടി ഫാക്ടറികൾ തുറക്കുമെന്ന് പറഞ്ഞിരുന്നു. കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ നൽകി. അവരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കാനുള്ള നടപടികൾ സ്വീകരിച്ചു. 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആർക്കാണ് ഗ്രാറ്റുവിറ്റി കൊടുത്തത്. ഒരു തൊഴിലാളിക്കെങ്കിലും ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിഞ്ഞോ? ആർക്കും കൊടുത്തില്ല. ആ കുടിശ്ശിക തീർക്കാനുള്ള ബാദ്ധ്യത എൽ.ഡി.എഫ്.-ൽ നിക്ഷിപ്തമാകുകയായിരുന്നു.

എന്തൊരു ദുരവസ്ഥയായിരുന്നു. സ്വകാര്യ മേഖലയിൽ ഏകദേശം 800-ഓളം കശുവണ്ടി ഫാക്ടറികളുണ്ട്. അതിൽ 462 ഫാക്ടറികൾ എൽ.ഡി.എഫ്. വന്നതിനുശേഷം തുറന്നുപ്രവർത്തിപ്പിച്ചു. ബാക്കിയുള്ളത് തുറക്കാനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. ആ രംഗത്ത് കശുവണ്ടിയുടെ കുറവുണ്ടെന്നത് ഒരു വസ്തുതയാണ്. ആ വസ്തുത ബോദ്ധ്യപ്പെട്ടുകൊണ്ട് അത് പരിഹരിക്കാനാവശ്യമായ നടപടികൾ ഇച്ഛാശക്തിയോടുകൂടി ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കേരളത്തിന്റെ അഭിമാന സ്ഥാപനമാണ് കരിമണൽ മേഖലയിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ. എന്ന സ്ഥാപനം. അവിടെ എം.ഡി.-മാരെ നിയമിക്കുന്നതിനെ കുറിച്ച് ശ്രീ. അടൂർ പ്രകാശ് ഇവിടെ ചോദിച്ചുവല്ലോ; സുപ്രധാനമായ ആ വ്യവസായ സ്ഥാപനത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു സ്ഥിരം എം.ഡി. ഉണ്ടായിരുന്നോ; അവസാന നാളുകളിലാണ് ഒരു സ്ഥിരം എം.ഡി.-യെ നിയമിക്കാൻ കഴിഞ്ഞത്. ഏകദേശം 4 വർഷത്തിലധികം കാലം എം.ഡി.-യില്ലാത്ത അനാഥാവസ്ഥ യായിരുന്നു കെ.എം.എം.എൽ. എന്ന സ്ഥാപനത്തിനുണ്ടായിരുന്നത്. അതിന്റെ ഫലമായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആ സ്ഥാപനം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി, പ്രതിസന്ധിയിലായി. കരിമണൽ മേഖലയിലെ ഖനനം പൂർണ്ണമായും നിന്നുപോകുന്ന ഒരവസ്ഥയുണ്ടായി. അസംസ്കൃത വസ്തുവിന്റെ അഭാവം ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇന്ന് സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. മൈനിംഗ് മേഖല വീണ്ടും സജീവമാകാൻ പോകുകയാണ്. അതിനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എം.എം.എൽ. വീണ്ടും ലാഭത്തിലേയ്ക്കായി. ഞാൻ ചോദിക്കട്ടെ, എന്താണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. യു.ഡി.എഫ്. വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങനെ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്നു? എൽ.ഡി.എഫ്. വരുമ്പോൾ എങ്ങനെയാണ് അത് തിരിച്ചുവരുന്നത്; അത് ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമല്ലേ? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ പുറംവാതിൽ നിയമനങ്ങൾ നടത്തി പാർശ്വവർത്തികളെ, ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ ശ്രമിച്ചതിന്റെ ഫലമെന്തായിരുന്നു; ആ സ്ഥാപനങ്ങളുടെ വരുമാനത്തിൽ കവിഞ്ഞ തുക ശമ്പളം നൽകുന്നതിന് വിനിയോഗിക്കേണ്ട അവസ്ഥയായി. ഈ പുറംവാതിൽ നിയമനം ഇഷ്ടംകൊണ്ട് മാത്രം നടത്തിയതായിരുന്നോ; ലക്ഷക്കണക്കിന് രൂപയുടെ കോഴയുടെ കഥകൾ അതിന് പിന്നിലില്ലേ; നിഷേധിക്കാൻ കഴിയുന്നതാണോ; അവരെല്ലാം ഇപ്പോൾ അഴിമതി ആരോപണങ്ങൾക്ക് വിധേയമായി വിചാരണ നേരിടുകയാണ്. ഈ ദുരവസ്ഥയിൽ നിന്ന് കേരളത്തെ മോചിപ്പിക്കാനുള്ള കഠിനമായ പരിശ്രമമാണ് എൽ.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു പരിധിവരെ അതിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നത് ഞങ്ങൾക്ക് ആത്മവിശ്വാസം

നൽകുന്ന കാര്യമാണ്. ആ ആത്മവിശ്വാസത്തിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമ്പോൾ കേരളത്തെ ഒരു പുതിയ കേരളമാക്കി തീർക്കുക തന്നെ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ പ്രതിപക്ഷം യഥാർത്ഥത്തിൽ ഈ ഗവൺമെന്റിനെ വിമർശിക്കാൻ വിഷയ ദാരിദ്ര്യംകൊണ്ട് നട്ടംതിരിയുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ ഒരവസ്ഥയിലേയ്ക്ക് എങ്ങനെയാണ് അവർ എത്തിയത്? ഇന്ന് ഇവിടെയൊരു അടിയന്തര പ്രമേയം അവതരിപ്പിച്ചു. എന്ത് ആവശ്യത്തിനുവേണ്ടിയായിരുന്നു? എന്താണ് അതിൽനിന്ന് നേടിയത്? ആ അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ പ്രതിപക്ഷ നേതാവിന്റെ വാക്കുകളിൽ വിഷയ ദാരിദ്ര്യം പ്രകടമായിരുന്നു. ഈ സഭ കണ്ടതും കേട്ടതുമാണ്. ഇങ്ങനെയൊരു ദുരവസ്ഥയിൽ ഈ പ്രതിപക്ഷം പോയി പെട്ടിട്ടുള്ള അനുഭവം ചെറുതാണോ, ഒറ്റപ്പെട്ടതാണോ; ഇവിടെ ഈ സഭ തുടങ്ങിയ ദിവസം മുതൽ സ്ത്രീകളെ അപമാനിച്ചുവെന്ന ഒറ്റ കാര്യമാണ് അവർക്ക് പറയാനുള്ളത്. ഇവർക്കെന്നാണ് ഈ സ്ത്രീ സ്നേഹം തുടങ്ങിയത്. സ്ത്രീകൾക്കുപോലും ഇവരെ വിശ്വാസമില്ല. സ്ത്രീ സമൂഹം വെറുത്തവരാണിവർ. അവരുടെ വെറുപ്പ് ഏറ്റുവാങ്ങിയവരാണിവർ. അവരുടെ ശാപംകൊണ്ടാണ് ഒരു വനിതാമെമ്പറെപ്പോലും സഭയിൽ കൊണ്ടുവരാൻ കഴിയാതെ പോയത്. ഒറ്റയാളിനെ മത്സരിപ്പിക്കാൻ കൊണ്ടുവരാൻ കഴിയാത്ത യു.ഡി.എഫ്.ആണ് സ്ത്രീകളെക്കുറിച്ച് പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ചില സ്ത്രീകൾക്ക് ഉറങ്ങാൻ സമയമില്ലായിരുന്നു. അവർക്ക് ഫോൺ അറ്റന്റ് ചെയ്യാനേ സമയമുള്ളൂ. ആ സമയത്തെ ഈ സ്ത്രീസ്നേഹം മറ്റൊരു തരത്തിലുള്ള സ്നേഹമായിരുന്നു. ഇവിടെ പ്രകടിപ്പിച്ച സ്നേഹമായിരുന്നില്ല അത്. അത് ഒരു സംസ്കാരത്തിന്റെ വിഷയമാണ്. ആ സംസ്കാരം എൽ.ഡി.എഫ്.-ന്റെമേൽ കെട്ടിച്ചമയ്ക്കാൻ ആരും ശ്രമിച്ചിട്ടു കാര്യമില്ല. എൽ.ഡി.എഫ്. വേറിട്ട ഒരു രാഷ്ട്രീയ മുന്നണിയാണ്. ആ യാഥാർത്ഥ്യം തിരിച്ചറിയണം. എൽ.ഡി.എഫ്.-ന് മറച്ചുവയ്ക്കാനായി ഒന്നുമില്ല. തുറന്ന പുസ്തകമാണ് എൽ.ഡി.എഫ്.-ന്റെയും ഈ ഗവൺമെന്റിന്റേയും പ്രവർത്തനങ്ങൾ. അഴിമതിരഹിതമായ ഒരു ഭരണം ഈ കേരളത്തിന് പ്രദാനം ചെയ്യാൻ എൽ.ഡി.എഫ്.-ന് കഴിയുന്നുവെന്നതുതന്നെ പ്രഥമ നേട്ടമായി ചൂണ്ടിക്കാണിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് 10 മാസം മുമ്പ് സംഭവിച്ച ഒരു കയ്യബദ്ധത്തിന് പ്രായശ്ചിത്തം ചെയ്യാൻ കിട്ടുന്ന ഏത് അവസരത്തെയും അവർ കാത്തിരിക്കുകയാണ്. ആ അവസരം മലപ്പുറത്തുകാർക്ക് ആദ്യം കിട്ടി. അവർ അത് നന്നായി വിനിയോഗിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മലപ്പുറത്തെ 7 മണ്ഡലങ്ങളിലായി 493275 വോട്ടാണ് യു.ഡി.എഫ്.-ന് ലഭിച്ചതെങ്കിൽ 10 മാസത്തെ ഇടത്

ഭരണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ആ ഭൂരിപക്ഷം 515330 ആയി ഉയർന്നു. കേരള ചരിത്രത്തിൽ ഒരാൾക്കും കിട്ടാത്ത ഭൂരിപക്ഷമാണ്. 5 ലക്ഷത്തിൽ കൂടുതൽ വോട്ട് കിട്ടുന്ന സാഹചര്യമുണ്ടായി. അതായത്, ഇരുപത്തിരണ്ടായിരത്തിൽപ്പരം വോട്ടിന്റെ വർദ്ധനവ്. അതേസമയം, അന്ന് എൽ.ഡി.എഫ്.-ന് 373879 വോട്ട് ലഭിച്ചപ്പോൾ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ചത് 344370 വോട്ടാണ്. ഏകദേശം 30,000 വോട്ടിന്റെ കുറവ്. ഭരണ കാലാവധിയുടെ ആദ്യത്തെ ഒരു വർഷം പിന്നിടുമ്പോൾ ഇടതു സർക്കാരിനോടുള്ള ജനങ്ങളുടെ മനോഭാവം ഈ തെരഞ്ഞെടുപ്പ് ഫലത്തിൽ തന്നെ പ്രകടമാണ്. ഭരണത്തിന്റെ വിലയിരുത്തലാകുമെന്ന് പാർട്ടി സെക്രട്ടറി, സി.പി.ഐ.(എം.) നേരത്തെ പ്രഖ്യാപിച്ചിരുന്നു. അപ്പോൾ ഭരണത്തിന്റെ വിലയിരുത്തൽ കൃത്യമായി ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഐക്യകേരളം രൂപീകരിച്ച ശേഷം പത്തോളം മുഖ്യമന്ത്രിമാർ കേരളം ഭരിച്ചിട്ടുണ്ട്, സഖാവ് ഇ.എം.എസ്. മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെ. ഈ കാലഘട്ടത്തിൽ ഒരിക്കൽപ്പോലും കാണാത്തവിധം ഇപ്പോഴത്തെ സംസ്ഥാനഭരണം നാണക്കേടിന്റെ പടുകുഴിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. കുത്തഴിഞ്ഞ അവസ്ഥയിലാണ് സംസ്ഥാന ഭരണം മുന്നോട്ടുപോകുന്നതെന്ന വിമർശനമാണ് സി.പി.ഐ.(എം.) നേതൃയോഗത്തിൽ വരെ ഉയർന്നുകേട്ടത്. ഫയൽ നീക്കം അസാധാരണമായി വൈകുന്നുവെന്ന് മാസങ്ങൾക്കുമുമ്പ് സർക്കാർ തന്നെ വിലയിരുത്തിയതാണ്. സമീപകാലത്ത് ചേർന്ന മന്ത്രിസഭാ യോഗങ്ങളെല്ലാം മന്ത്രിസഭയ്ക്കുള്ളിലെ തർക്കങ്ങൾ ചർച്ച ചെയ്യാനായിരുന്നു. അല്ലാതെ ജനജീവിതത്തെ ബാധിക്കുന്ന വികസനഗന്ധിയായ ഒരു വിഷയത്തിൽ തീരുമാനമെടുക്കാനോ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനോ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഭരിക്കാനുള്ള മികച്ച ഭൂരിപക്ഷമുണ്ടായിട്ടും ചക്കിൽ കെട്ടിയ കാളയെപ്പോലെ നിന്നിടത്തുനിന്ന് തിരിയുകയാണ് സംസ്ഥാന ഭരണം. 10 മാസത്തെ ഭരണത്തിൽ ഓരോ മന്ത്രിക്കും മാർക്കിട്ടാൽ ഓരോരുത്തർക്കും എത്ര കിട്ടുമെന്ന് അവർ തന്നെ സ്വയം വിലയിരുത്തണം. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും എതിർപ്പും വെറുപ്പും എങ്ങനെ ഒറ്റയടിക്ക് നേടിയെടുക്കാനാകുമെന്ന പരീക്ഷണത്തിൽ സർക്കാർ 100 ശതമാനം വിജയിച്ചിരിക്കുന്നുവെന്നുവേണം മനസ്സിലാക്കാൻ. സംസ്ഥാനം ജനാധിപത്യ ഭരണത്തിൽ നിന്ന് ഉപദേശക ഭരണത്തിലേയ്ക്ക് വഴി മാറുകയാണ്. വിവിധ വകുപ്പുകളിലായി മുഖ്യമന്ത്രിക്ക് മുക്കാൽ ഡസനോളം ഉപദേഷ്ടാക്കളുണ്ട്. ശ്രീ. എം. കെ. ദാമോദരനെ നിയമോപദേഷ്ടാവായി നിയമിച്ചുകൊണ്ടായിരുന്നു ഉപദേശകഭരണത്തിന്റെ തുടക്കം. ഏറെ വിവാദങ്ങൾ സൃഷ്ടിച്ച ഈ നിയമനത്തിൽ നിന്നും ശ്രീ. എം. കെ. ദാമോദരൻ സ്വമേധയാ പിൻമാറി. അവസാനമായി നിയമിച്ച പോലീസ് ഉപദേഷ്ടാവ് ശ്രീ. രമൺ ശ്രീവാസ്തവ ഒരു കാലത്ത് സി.പി.ഐ.(എം)-ന്റെ കടുത്ത പ്രതിയോഗിയും അനഭിമതനുമായിരുന്നെങ്കിൽ ഇന്നവർക്ക് ഏറെ അഭിമതനായിരിക്കുന്നു. ബി.ജെ.പി.-യുടെ അദ്ധ്യക്ഷനായിരുന്ന ശ്രീ. മുരളീ മനോഹർ ജോഷി

നയിച്ച രഥയാത്രയെ തുടർന്ന് പാലക്കാട്ടുണ്ടായ വെടിവയ്പിൽ സ്വന്തം വീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്ന സിറാജുന്നിസ എന്ന പതിനൊന്ന് വയസ്സുള്ള പെൺകുട്ടി വെടിയേറ്റ് മരിച്ചു. അന്ന് വെടിവയ്പിന് ആഹ്വാനം ചെയ്ത ശ്രീ. രമൺ ശ്രീവാസ്തവ പോലീസ് വയർലെസ് സെറ്റിലൂടെ നടത്തിയ ആക്രോശങ്ങൾ വലിയ വിവാദം സൃഷ്ടിച്ചിരുന്നു. സി.പി.ഐ.(എം) ആയിരുന്ന അതിന്റെ മുഖ്യപ്രചാരകർ. അതൊക്കെ വിഴുങ്ങിക്കൊണ്ടാണ് ഇപ്പോൾ ശ്രീ. രമൺ ശ്രീവാസ്തവയെ ഡി.ജി.പി.-ക്ക് മുകളിൽ ചീഫ് സെക്രട്ടറി കേഡറിൽ പോലീസ് ഉപദേഷ്ടാവായി നിയമിച്ചിട്ടുള്ളത്. ഒരു കൊലക്കേസ്സിൽ പ്രതി ചേർക്കപ്പെട്ട ഒരാൾ ഈ മന്ത്രിസഭയിൽ തന്നെ അംഗമാണ്.എന്തുതന്നെ ചെയ്താലും അതിനെ ന്യായീകരിച്ച് വെള്ളപൂശാനുള്ള ഇടതുപക്ഷ വൈഭവം ഇതിനുമുമ്പും കേരളം പല കാര്യത്തിലും കണ്ടതാണ്. എന്റെ നേതാവ് മഹാനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മൂന്ന് പതിറ്റാണ്ട് മുമ്പ് ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്, സി.പി.ഐ.(എം)-ന്റെ ഇത്തരം നിലപാടുകളെ "തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലോസ് തൊട്ടാലതു ശുദ്ധമാകും" എന്ന്. ഏത് വസ്തു അശുദ്ധമായാലും അത് സി.പി.ഐ.(എം) തൊട്ടാൽ ശുദ്ധമാകുന്ന ഒരു നിലപാടാണ് സാധാരണ ഈ കാര്യങ്ങളിലൊക്കെ സി.പി.ഐ.(എം) സ്വീകരിക്കുന്നത്.

കൊടും വരൾച്ചയും കുടിവെള്ള ക്ഷാമവും രൂക്ഷമായ വിലക്കയറ്റവും റേഷൻ ലഭ്യതയുടെ കുറവും ക്രമസമാധാനത്തകർച്ചയുംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നു. നാടുനീളെ പീഡന കഥകളാണ്. ഒരു വയസ്സുള്ള പിഞ്ചുകുഞ്ഞ് മുതൽ തൊണ്ണൂറ് വയസ്സുള്ള മുത്തുമുത്തശ്ശിവരെ നിഷ്ഠുരമായി പീഡിപ്പിക്കപ്പെടുന്നു, രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുന്നു, ആരാധനാലയങ്ങൾ പോലും കൊലക്കളമായി മാറുന്നു. കൊടിഞ്ഞിയിലെ ഫൈസൽ വധം, കാസർഗോഡ് ചെങ്കളയിലെ റിയാസുദ്ദീൻ മൗലവി വധം എന്നിവയുമായി ബന്ധപ്പെട്ട പോലീസ് നടപടികൾ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ കടുത്ത ആശങ്കയും ഉത്കണ്ഠയും ജനിപ്പിച്ചിരിക്കുകയാണ്. താനൂരിലെ കലാപ കേന്ദ്രങ്ങളിൽ പോലീസ് തന്നെ വേട്ടക്കാരുടെ വേഷം കെട്ടിയെന്ന് അവിടെ സന്ദർശിച്ച ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിരപരാധികൾക്കുണ്ടായ നഷ്ടം കണക്കാക്കാൻ ഒരു കമ്മീഷനെ വയ്ക്കാനും പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ട്. സംഘ്പരിവാർ സംരക്ഷകരായി പോലീസ് മാറുമ്പോൾ അവരെ തിരുത്തുവാൻ ന്യൂനപക്ഷ സംരക്ഷണം ഉറപ്പ് നൽകി ഭരണത്തിലെത്തിയ സർക്കാരിനാകുന്നില്ല. പകരം കൊടും കുറ്റവാളികളെള്ളടി ജയിലിൽനിന്നും ചുറന്നുവിട്ട് എരിതീയിൽ എണ്ണയൊഴിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. എന്റെ സമീപ പ്രദേശമായ വളയത്തെ ജിഷ്ണു പ്രണോയ് ദുരൂഹ സാചര്യത്തിൽ മരണപ്പെട്ടിട്ട് മൂന്ന് മാസം കഴിഞ്ഞെങ്കിലും കൺമുന്നിലുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ പോലീസും സർക്കാരും തയ്യാറാകുന്നില്ല. ഇതുമായി

ബന്ധപ്പെട്ട് പോലീസ് മേധാവിയെ കാണാൻ തിരുവനന്തപുരത്ത് വന്ന അമ്മയോടും കുടുംബത്തോടും ഏത് രീതിയിലാണ് പോലീസ് പെരുമാറിയതെന്ന് കേരളം മുഴുവൻ ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടതാണ്. എന്നിട്ടും അതിനെ ന്യായീകരിക്കാനും പത്രപ്പരസ്യം വഴി സാധൂകരിക്കാനും നടത്തുന്ന ശ്രമങ്ങൾ കേരള ജനത അവജ്ഞയോടും ലജ്ജയോടുംകൂടിയാണ് കണ്ടത്.

എന്റെ സമീപപ്രദേശമായ നാദാപുരത്ത് മുസ്ലീം ലീഗ് പ്രവർത്തകൻ മുഹമ്മദ് അസ്‌ലം കൊല ചെയ്യപ്പെട്ടത് 2016 ആഗസ്റ്റ് 12-ന് ആയിരുന്നു. എട്ട് മാസം പിന്നിട്ടു. പ്രതികളെ പൂർണ്ണമായും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സർക്കാർ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മലപ്പുറം തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന് മണിക്കൂറുകൾക്കകമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവുണ്ടായത്. വിലക്കയറ്റംകൊണ്ടും വറുതികൊണ്ടും ശ്വാസംമുട്ടുന്ന സാധാരണ ജനങ്ങൾക്ക് 'ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു' എന്ന് പറയുന്നതുപോലെയായി ഈ നടപടി. ചാർജ്ജ് വർദ്ധനവിലൂടെ 591 കോടി രൂപയുടെ വർദ്ധനവുണ്ടാകുമെന്നാണ് കെ.എസ്.ഇ.ബി.-യുടെ കണക്ക്. എന്നാൽ നഷ്ടക്കണക്ക് പറഞ്ഞ് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച കെ.എസ്.ഇ.ബി., തങ്ങൾക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകാനുള്ള വൻകിട ആശുപത്രികൾ, ഹോട്ടലുകളടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങളെ തൊടുന്നില്ല. വൻകിട സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് മാത്രം പലിശ കൂടാതെ 469.6 കോടി രൂപയാണ് കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ളത്. ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 127.42 കോടി രൂപയും ബോർഡിന് കുടിശ്ശികയായി കിട്ടാനുണ്ട്. ആകെ 596.48 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ബോർഡിന് കുടിശ്ശികയായി കിട്ടാനുള്ളത്. സ്വകാര്യ സ്ഥാപനങ്ങളെ കൂടാതെ വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് കെ.എസ്.ഇ.ബി.-ക്ക് 2044.78 കോടി രൂപ നൽകാനുണ്ട്. നിരക്ക് വർദ്ധനവ് വഴി പ്രതിവർഷം 550 കോടി രൂപ വരെ അധികം ലഭിക്കുമെന്നാണ് ബോർഡിന്റെ കണക്ക്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും കിട്ടാനുള്ള 596.48 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിച്ചാൽ നിരക്ക് വർദ്ധനയില്ലാതെ ബോർഡിന് ഇരുന്നൂറു കോടിയിലധികം രൂപ കണ്ടെത്താനാകുമായിരുന്നു. ഇതിന് തുനിയാതെ സാധാരണക്കാരന്റെ പിച്ചത്തൊട്ടിയിൽ കൈയിട്ടുവാരാനാണ് ബോർഡും റെഗുലേറ്ററി കമ്മീഷനും ശ്രമിക്കുന്നത്. കേന്ദ്ര പദ്ധതിയുടെ അനുബന്ധമായുള്ള ത്രികക്ഷി കരാറിൽ കേരള സർക്കാരും റെഗുലേറ്ററി ബോർഡും ഒപ്പ് വച്ചിട്ടുണ്ട്. അനിവാര്യത വ്യക്തമാകുന്നപക്ഷം 2019-ൽ മാത്രമേ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാവൂ എന്നാണ് കാരാറിലെ നിബന്ധന. ഗാർഹിക ഉപഭോക്താക്കളുടെ കാര്യത്തിൽ ഇത് ലംഘിക്കപ്പെട്ടിരിക്കു

കയാണ്. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനയില്ല. അതിന് കാരണം ഈ കരാർതന്നെയാണ്. സാമ്പത്തിക ശേഷിയുള്ള ഈ സംഘടിത വിഭാഗം കോടതിയിൽനിന്നും നിരോധന ഉത്തരവ് വാങ്ങുമെന്നറിയാവുന്ന ബോർഡും സർക്കാരും സാധാരണക്കാരുടെ കീശയിലാണ് കയ്യിട്ടത്. അതേസമയം ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അതിരപ്പിള്ളി സ്വപ്നത്തിനപ്പുറം ഒരു പുരോഗതിയുമില്ലാതെ കിടക്കുന്നു. വരൾച്ച രൂക്ഷമായതോടെ ജലവൈദ്യുത നിലയങ്ങളുടെ ഉൽപ്പാദനം 30 ശതമാനമായി കുറഞ്ഞു. കൂടംകുളം ആണവനിലയത്തിൽനിന്ന് വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി തുടങ്ങിയ കാര്യങ്ങളൊക്കെ അങ്ങനെ കിടക്കുകയാണ്. ഇതിനൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല.

വ്യവസായവുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ രണ്ട് പ്രധാന കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒട്ടേറെ കർഷകരുള്ള കുറ്റ്യാടിയിലും പരിസരത്തും തേങ്ങയുടെ ഉൽപ്പാദനം, വിപണനം, സംസ്കരണം എന്നിവ ലക്ഷ്യം വച്ച് ഒരു നാളികേര വികസന പാർക്ക് ആരംഭിക്കുവാൻ നേരത്തെ സർക്കാർ തീരുമാനിക്കുകയും അതിനായി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച 42 കോടി രൂപയുടെ പ്രൊപ്പോസലിന് കേരള സർക്കാർ ഭരണാനുമതി നൽകിയതുമാണ്. എന്നാൽ ഏറ്റെടുത്ത സ്ഥലത്തിന് ഉയർന്ന കോമ്പൻസേഷൻ ലഭിക്കാനായി സ്ഥലമുടമ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതി അത് അനുവദിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സി.-യും അഫിഡവിറ്റ് ഫയൽ ചെയ്തു. ഇതുകാരണം തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പദ്ധതി വഴിമുട്ടി നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കേസ് അവസാനിപ്പിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗമായി വളരെ കഷ്ടപ്പെട്ട് ജീവിതം തള്ളിനീക്കുന്നവരാണ്. മൺപാത്ര നിർമ്മാണത്തിന്റെ രണ്ട് പ്രധാന അസംസ്കൃത വസ്തുക്കളാണ് കളിമണ്ണും മണലും. പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഇവയുടെ ലഭ്യത കുറച്ചതോടെ മൺപാത്ര നിർമ്മാണവും കുറഞ്ഞു. കൂടാതെ ഈ രംഗത്തുള്ള ആധുനിക സാമഗ്രികളുടെ കടന്നുവരവും മൺപാത്ര നിർമ്മാണത്തിന് തടസ്സമായി. ഇതോടെ ഈ കുലത്തൊഴിൽ വേറിട്ട് പോകുകയും ഇതിനെ ആശ്രയിച്ച് ജീവിച്ചുവന്ന പാവപ്പെട്ട ജനവിഭാഗത്തിന്റെ ജീവിതം വഴിമുട്ടുകയും ചെയ്തിരിക്കുകയാണ്. ഈ സാഹര്യത്തിൽ ഈ കുലത്തൊഴിൽ സംരക്ഷിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഴക്കടൽ മണൽ ഖനനത്തിന് സർക്കാർ ഒരുങ്ങുന്നതായ വാർത്ത കണ്ടു. ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും സുനാമിപോലുള്ള പ്രകൃതി ദുരന്തങ്ങൾക്കും പദ്ധതി കാരണമാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കൂടാതെ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയേയും പദ്ധതി പ്രതികൂലമായി ബാധിക്കും. ഇതിൽനിന്നും സർക്കാർ പിൻതിരിയണമെന്ന് അഭ്യർത്ഥിക്കുന്നു.

കൈത്തറി വസ്ത്രങ്ങൾക്ക് പ്രിയമേറുമ്പോഴും കൈത്തറി വ്യവസായം കടുത്ത പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും പുതിയ തലമുറ ഈ മേഖലയിലേയ്ക്ക് കടന്നുവരാത്തതുമാണ് കൈത്തറി മേഖലയുടെ പ്രതിസന്ധിക്ക് കാരണം. ഈ മേഖലയെ സംരക്ഷിക്കാൻ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവണം. നെയ്ത്തുകാർക്ക് സർക്കാർ ആനുകൂല്യങ്ങളും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കണം. സർക്കാർ സബ്സിഡി, റിബേറ്റ് എന്നീ ഇനങ്ങളിൽ ചെലവാക്കുന്ന തുക തൊഴിലാളികൾക്ക് അധിക വേതനം നൽകാൻ ഉപയോഗിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഒരു വർഷം പൂർത്തിയാക്കാൻ പോകുന്ന സർക്കാർ ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് സംഘടിത വ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും ഏറെയില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 1957-1959 കാലഘട്ടത്തിലാണ് പൊതുമേഖലാ വ്യവസായങ്ങൾക്കും സ്വകാര്യമേഖലയിലെ ചില സംഘടിത വ്യവസായങ്ങൾക്കും തുടക്കം കുറിച്ചത്. പിൽക്കാലത്ത് കേന്ദ്ര ഗവൺമെന്റുകളുടെ തെറ്റായ നടപടികളുടെയും നയങ്ങളുടെയും ഫലമായി വ്യവസായ മേഖല ദുർബ്ബലപ്പെടുകയാണുണ്ടായത്. കേരളം അതിന്റെ ഒരു ദൃഷ്ടാന്തമാണ്. യു.ഡി.എഫ്. ഭരണത്തിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ ദുർബ്ബലമാകുകയാണുണ്ടായത്. എണ്ണപ്പെട്ട വ്യവസായങ്ങളെല്ലാം നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി. തകർന്ന വ്യവസായങ്ങൾ നിരവധിയാണ്. അതിൽ ഒരു വ്യവസായമാണ് തുടർച്ചയായ 24 വർഷം ലാഭകരമായി പ്രവർത്തിക്കുകയും സർക്കാരിലേയ്ക്ക് ലാഭവിഹിതം നൽകുകയും ചെയ്ത് വന്നിരുന്ന കണ്ണൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ക്ലേ ആന്റ് സിറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആ വ്യവസായത്തെ തകർത്തത്. പേരിനുമാത്രം അത് പ്രവർത്തിക്കുന്നു. 350-ൽപ്പരം തൊഴിലാളികൾക്ക് അവിടെ തൊഴിലില്ല, വരുമാനമില്ല. ആ വ്യവസായത്തെ പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അതിന് വേണ്ടിയുള്ള പരിശ്രമം നടത്തുമെന്നതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ വ്യവസായങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള ക്രിയാത്മകമായ നടപടികളുമായി വ്യവസായ വകുപ്പുമന്ത്രി മുന്നോട്ട് പോകുന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്.

സംസ്ഥാനത്ത് തൊഴിലാളികളിൽ കൂടുതലും ജോലി ചെയ്യുന്നത് പരമ്പരാഗത വ്യവസായങ്ങളിലാണ്. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും ഒഴിച്ചുകൂടാനാകാത്തതാണ്.എങ്കിൽ മാത്രമേ കേരളത്തിലെ ഇത്തരം വ്യവസായങ്ങളെ പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. അതിന് തുടക്കം കുറിച്ചതിന്റെ ഒന്നാമത്തെ ഉദാഹരണമാണ് വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിച്ചത്. അതിന്റെ ഭാഗമായി 3600 തറികളിൽ ഇപ്പോൾ തുണി ഉൽപ്പാദനം നടത്തിക്കൊണ്ടിരിക്കുകയാണ്. 19 ലക്ഷം മീറ്റർ തുണി ഉൽപ്പാദനമാണ് അതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ പ്രഖ്യാപിച്ചത് പോലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകാനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ ഏതാണ്ട് 10000 തറികളെങ്കിലും പ്രവർത്തിപ്പിക്കാൻ സാധിക്കും. കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പരമ്പരാഗത വ്യവസായങ്ങളിലൊന്നായ ഖാദി മേഖലയെ സഹായിക്കുന്നതിനായി സർക്കാർ പല പദ്ധതികളും മുന്നോട്ടുവച്ചിട്ടുണ്ട്. നമുക്ക് അറിയുന്നതുപോലെ Income Support Scheme പ്രകാരം ഏറ്റവും കൂടുതൽ തുക ഈ സാമ്പത്തിക വർഷമാണ് (2016-17) ഖാദി മേഖലയ്ക്ക് നൽകിയത്. ഏതാണ്ട് 30 കോടിയോളം രൂപ ഖാദിക്ക് സർക്കാർ നൽകിയത് ആ മേഖലയ്ക്ക് ആശ്വാസം പകരുന്ന ഒന്നാണ്. എന്നാൽ അതോടൊപ്പംതന്നെ ഖാദിയുടെ നവീകരണം എന്നത് ഒഴിച്ചു കൂടാനാകാത്തതാണ്. ഖാദി മേഖലയ്ക്ക് പഴയ രീതിയിൽ തുടർന്നുപോകാൻ സാധിക്കില്ല. പരമ്പരാഗത വ്യവസായ മേഖലകളിൽ വിപണിയുടെ പ്രശ്നമല്ല ഇപ്പോൾ നിലനിൽക്കുന്നത്. വിപണിയിൽ ആവശ്യമുള്ള ഉൽപ്പന്നങ്ങൾ ആ മേഖലയിൽനിന്ന് ലഭിക്കുന്നില്ല. കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല എന്നതാണ് ആ മേഖല ഇന്ന് നേരിടുകൊണ്ടിരിക്കുന്ന ഒരു വിഷയം. അതോടൊപ്പംതന്നെ വ്യവസായങ്ങൾ നവീകരിക്കുന്നതിലൂടെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കണം. ഒരു തൊഴിലാളിയുടെ പ്രതിദിന വരുമാനം 600 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുമെന്ന് സർക്കാർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിലേയ്ക്ക് എത്തിച്ചേരേണ്ടതായിട്ടുണ്ട്.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബീഡി വ്യവസായത്തിനുമേൽ നികുതി ചുമത്തി അതിനെ തകർക്കാൻ ശ്രമിച്ചു. ഈ സർക്കാർ വന്നതിനുശേഷം നികുതി വരുമാനത്തിലൂടെ ഉണ്ടാകുന്ന തുക അതേ സ്ഥാപനങ്ങൾക്കുതന്നെ തിരിച്ചു കൊടുക്കുന്നതിനു വേണ്ടിയുള്ള പ്രഖ്യാപനവും നടപടിയുമുണ്ടായി. എന്നാൽ ജി.എസ്.ടി.

നടപ്പിലാകുന്നതോടുകൂടി അതിന്മേൽ കൂടുതൽ ബാധ്യതകൾ വരാൻ പോവുകയാണ്. എങ്ങനെ അതിനെ സംരക്ഷിക്കാൻ സാധിക്കുമെന്ന് സർക്കാർ ആലോചിക്കേണ്ടതാണ്. കണക്ക് കൂട്ടിയപ്പോൾ ഒരു ബീഡിയുടെ വില രണ്ട് രൂപയിൽ എത്തുമെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ആളുകൾ ബീഡി ഉപയോഗിക്കില്ല. ആ വ്യവസായത്തെ സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ചില മേഖലകളിൽ ചില ബോർഡുകളും മറ്റും രൂപീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ്, ഖാദി ക്ഷേമനിധി വ്യവസായ വകുപ്പിന്റെ കീഴിലാണ്. മറ്റെല്ലാം തൊഴിൽ വകുപ്പാണെങ്കിൽ ഇത് വ്യവസായ വകുപ്പിന്റെ കീഴിലാണ്. ഒരു വർഷം പൂർത്തിയാകാറായിട്ടും ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ സാധിച്ചില്ല എന്നത് ആ മേഖലയിൽ പ്രയാസങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിന് അടിയന്തരമായി പരിഹാരം കാണേണ്ടതായിട്ടുണ്ട്. അവർക്ക് കൊടുക്കാനുള്ള പെൻഷൻ യഥാസമയം കൊടുക്കാൻ സാധിക്കുന്നില്ല. അടിയന്തരമായി അത് പുനഃസ്ഥാപിക്കേണ്ടതായിട്ടുണ്ട്.

കൈത്തറി, കയർ, കശുവണ്ടി, ഖാദി, ബീഡി, കള്ളുചെത്ത്, ആർട്ടിസൻസ്, ഈറ്റ-കാട്ടുവള്ളി തുടങ്ങിയ വ്യവസായങ്ങളെയാണ് ഇവിടെ പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയെ നവീകരിച്ചുകൊണ്ട് മാത്രമേ അതിൽ തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ നമുക്ക് സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ ഉൽപ്പന്നങ്ങൾ ആവശ്യത്തിന് കിട്ടാത്ത ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. വിപണി ഇല്ലാത്ത വിഷയം ഇവിടെ നിലനിൽക്കുന്നില്ല എന്നത് പ്രത്യേകമായും ശ്രദ്ധിക്കേണ്ടതാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് നിലനിൽക്കാൻ സാധിക്കണമെങ്കിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സാധിക്കണം. ഇത് സാധിക്കണമെങ്കിൽ ഈ മേഖലയിൽ നവീകരണം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഒട്ടേറെ നിർദ്ദേശങ്ങൾ ഇക്കാര്യത്തിലുണ്ട്. ആ നിർദ്ദേശങ്ങളാകെ നടപ്പിലാക്കാൻ സാധിക്കണമെങ്കിൽ ഈ പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആശയം നേരത്തെ മുൻപോട്ടു വച്ചിട്ടുണ്ട്. സർക്കാർ തന്നെ അത് പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം അടിയന്തരമായും നടപ്പിലാക്കാൻ സാധിക്കണം. ഈ വിധത്തിൽ കേരളത്തിലെ ദുർബ്ബലമാകുന്ന വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും സാധിക്കേണ്ടതായിട്ടുണ്ട്.

വൈദ്യുതി വകുപ്പ് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ഉണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച തീയതിക്ക് മുൻപുതന്നെ കണ്ണൂർ ജില്ലയിലെ 11 മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് അതിന്റെ പ്രഖ്യാപനം നടത്തുകയുമുണ്ടായി. ഈ വിധത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വൈദ്യുതി വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം വൻകിട വ്യവസായങ്ങൾ ഇവിടെയില്ല. എന്നാൽ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ സർക്കാർ മുൻകയ്യെടുക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഈ വിധത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിനെയും വൈദ്യുതി വകുപ്പിനെയും വ്യവസായ വകുപ്പിനെയും ബന്ധപ്പെട്ട മന്ത്രിമാരുടെയുമെല്ലാം പ്രവർത്തനങ്ങൾ ഇനിയും ശക്തിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള എല്ലാവിധ പിന്തുണയും സഹായവും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തിലെല്ലാം എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകും എന്ന മുദ്രാവാക്യമാണ്. അതെല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നത് നല്ലൊരു കാര്യമാണ്. കാരണം ഓരോ മേഖലയെയും ആ വിധത്തിൽ ദുർബ്ബലമാക്കിയ, തകർത്തെറിഞ്ഞവയെ നേരെയാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ആ വിധത്തിൽ ഒരു വർഷം പൂർത്തിയാക്കുന്നതിന് മുൻപുതന്നെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലുകളുമായി മുന്നോട്ടു പോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ ഭാഗമായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിൽ തൊഴിൽ ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ പ്രതീക്ഷയോടെ നോക്കുന്നത് വ്യവസായ വകുപ്പിനെയാണ്. ഇവിടെ പരമ്പരാഗത വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ ഉറപ്പാക്കുക എന്ന ഒരു ലക്ഷ്യമുണ്ട്. അതിനപ്പുറത്ത് പുതിയ അവസരങ്ങൾ ഉണ്ടാകണമെങ്കിൽ ചെറുകിട വ്യവസായ രംഗത്തും അതുപോലെ തന്നെ പുതിയ മേഖലകളിലുമെല്ലാം തൊഴിലവസരങ്ങളുണ്ടാകണം. പരമ്പരാഗതമായി നോക്കുമ്പോൾ കേരളം വ്യവസായ സംരംഭകർ വളരെ കുറവുള്ള

ഒരു സംസ്ഥാനമാണ്. മഹാരാഷ്ട്രയിലോ, ഗുജറാത്തിലോ, പഞ്ചാബിലോ ഉള്ളതുപോലെ ഇവിടെ സംരംഭങ്ങൾ വളരെ കുറവാണ്, പരമ്പരാഗതമായ രീതിയാണത്. മറ്റു സ്ഥലങ്ങളിൽ പോയി ജോലി ചെയ്യും, റിസ്കെടുത്ത് പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആളില്ല. അതിനാവശ്യമായ പരിശീലനം കൊടുക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു സുരക്ഷിതബോധം അവർക്കില്ല, അതുകൊണ്ടാണ് പലരും രംഗത്ത് വരാതിരിക്കുന്നത്. കേരളത്തിൽ ഇന്ന് നടക്കുന്ന ചില പ്രധാനപ്പെട്ട സെന്റേഴ്സ് ആയ ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി തുടങ്ങിയ മേഖലകളിലെ യൂണിറ്റുകളെല്ലാം വളരെ വിജയകരമായി മുന്നോട്ടുനീങ്ങുന്നുണ്ട്. അവർക്കവിടെ സുരക്ഷിതത്വബോധമുണ്ട്. അത്തരത്തിലുള്ള കൂടുതൽ സെന്റേഴ്സ് കേരളത്തിൽ തുടങ്ങി ഈ രംഗത്ത് മുന്നേറുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ ഒട്ടേറെ സ്ഥലങ്ങൾ ഏറ്റെടുത്തു കൊണ്ട് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. മട്ടന്നൂർ, പനയത്തു പറമ്പിൽ 1000 ഏക്കർ, തൊടുപുഴയിൽ 900 ഏക്കർ, മങ്കടയിൽ 700 ഏക്കർ, വിഴിഞ്ഞത്ത് 500 ഏക്കർ, കാസർഗോഡ് 500 ഏക്കർ; 5000 ഏക്കർ സ്ഥലം ഏറ്റെടുക്കും, 5100 കോടി രൂപ ചെലവ് ചെയ്ത് സ്ഥലങ്ങൾ ഏറ്റെടുക്കുമെന്നാണ് പറഞ്ഞത്. നടപ്പു വർഷം 1000 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്നു. നടപ്പ് വർഷത്തിൽ ഒന്നും സംഭവിച്ചില്ല. ഈ വർഷവും അതുതന്നെ ആവർത്തിച്ചിരിക്കുകയാണ്. വലിയ ഇടപെടലുകൾ വ്യവസായ മേഖലകളിലുണ്ടാകും, ഇൻഡസ്ട്രിയൽ ഇടനാഴി, ഇവിടെയും 5000 ഏക്കർ സ്ഥലം വീണ്ടും ഏറ്റെടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഒരു കണ്ടീഷൻ പറഞ്ഞിരിക്കുന്നു, ഭൂമി ഏറ്റെടുത്താൽ കിഫ്ബിയിൽ നിന്നും പണം നൽകുന്നതിന് തടസ്സമൊന്നും ഉണ്ടാകുകയില്ല. ഏറ്റെടുത്തിട്ടല്ലേ പണം നൽകാൻ. ഈ രംഗത്ത് പ്രഖ്യാപിച്ച ഒരു കാര്യവും നടന്നതായി ഞാൻ കാണുന്നില്ല. തൊടുപുഴയിലെ 900 ഏക്കർ സ്ഥലം, അവിടെ നടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകണമെങ്കിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിയേ പറ്റൂ. ആ ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കേണ്ടത് ഏറ്റവും അടിസ്ഥാനപരമായ കാര്യമാണ്. കിൻഫ്രയുടെ ഒട്ടേറെ പ്രോജക്ടുകൾ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഇപ്പോൾ ആ രംഗത്ത് കാര്യമായ പ്രവർത്തനം നടക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. നമുക്കുള്ള അസംസ്കൃത സാധനങ്ങൾ ശരിയായി വിനിയോഗിക്കേണ്ടത് ആവശ്യമാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട്, നാളികേരത്തിന്റെ വിലയിടിവിനെപ്പറ്റി നമ്മൾ പലപ്പോഴും സംസാരിക്കാറുണ്ട്. എന്നാൽ പോസ്റ്റ് ഹാർവെസ്റ്റ് ഓപ്പറേഷൻ, നാളികേര സംസ്കരണത്തിലൂടെ വെർജിൻ കോക്കനട്ട് ഓയിൽ പോലുള്ള ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെ വൻതോതിൽ നാളികേര മേഖലയ്ക്ക് ഒരു ഉണർവ് ഉണ്ടാക്കാൻ

കഴിയും. ഫിലിപ്പൈൻസാണ് നാളികേര ഉൽപ്പന്നങ്ങളുണ്ടാക്കി ലോക വിപണിയിലേയ്ക്ക് അയയ്ക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് ചില തുടക്കങ്ങൾ കുറിച്ചിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിലിന്റെ 22 യൂണിറ്റുകൾ കേരളത്തിലുണ്ട്. ഇന്ത്യയിലെ പല ഭാഗത്തുമുണ്ട്, അയൽ സംസ്ഥാനങ്ങളിലുമുണ്ട്. ഇതെല്ലാം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. രാജ്യത്തിനകത്തും പുറത്തും ഇതിന് വിപണിയുണ്ട്. എന്തുകൊണ്ട് നമുക്കിത് തുടങ്ങാൻ കഴിയുന്നില്ല? ഒരു യൂണിറ്റിന് രണ്ട് കോടിരൂപ മാത്രമേ മുതൽമുടക്ക് ഉണ്ടാകുന്നുള്ളൂ. അത്തരത്തിലുള്ള കുറേ യൂണിറ്റുകൾ തുടങ്ങിയാൽ തീർച്ചയായിട്ടും നാളികേരത്തിന്റെ വിലയിൽ വലിയ വർദ്ധനവുണ്ടാകും, ഒട്ടേറെ ആളുകൾക്ക് തൊഴിലുമുണ്ടാകും. കോക്കനട്ട് മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട് തുടങ്ങിയ ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട്. ഒരു ഇന്റഗ്രേറ്റഡ് യൂണിറ്റ് തുടങ്ങാൻ 10 കോടി രൂപയേ ചെലവാകുകയുള്ളൂ. നാളികേര സംഭരണം നടത്തിയാൽ അത് എന്തു ചെയ്യണമെന്നറിയാതെ ഇന്ന് കൃഷി വകുപ്പ് ബുദ്ധിമുട്ടുകയാണ്. ഈ സംഭരിക്കുന്ന നാളികേരം മുഴുവൻ അത്തരത്തിലുള്ള ഒരു ബൃഹത് യൂണിറ്റിൽ നിന്ന് ഉൽപ്പാദിപ്പിച്ച് ആ ഉൽപ്പന്നങ്ങൾ രാജ്യത്തിനകത്തും പുറത്തും വിൽക്കാൻ കഴിയും. അത്തരത്തിലുള്ള നീക്കങ്ങളൊന്നും ഈ രംഗത്ത് ഉണ്ടാകുന്നതായി കാണുന്നില്ല. പുതിയ മേഖലകളിലേയ്ക്ക് നാം കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

അടുത്തത് ഫുഡ് പ്രോസ്സസിംഗ് ആണ്. ഇന്ത്യയിൽ ഇന്ന് ഏറ്റവും കൂടുതൽ വളർന്നു വരുന്ന ഒരു മേഖലയാണിത്. ഏതാണ്ട് 26000 കോടി രൂപയുടെ ഉല്പന്നങ്ങൾ കഴിഞ്ഞ വർഷം കയറ്റുമതി ചെയ്തു. അതുപോലെ കേരളത്തിൽ ഫുഡ് പാർക്കുകൾ എന്ന പ്രഖ്യാപനവുമുണ്ട്. എത്ര പാർക്കുകൾ ഭംഗിയായി പ്രവർത്തിക്കുന്നു, അതെല്ലാം സമയബന്ധിതമായി നല്ലനിലയിൽ പ്രവർത്തിപ്പിക്കുവാനുള്ള ഒരു സംവിധാനമുണ്ടാകണം. ഓരോ മേഖലയ്ക്കുമുള്ള പ്രത്യേക പാർക്കുകളും അവിടെയുള്ള ഇൻഫ്രാസ്ട്രക്ചറും ഡെവലപ് ചെയ്തുകൊണ്ട് ഒട്ടേറെ പുതിയ സംരംഭകരെ ആ രംഗത്തേയ്ക്ക് കൊണ്ടുവരാൻ കഴിയും.

അതുപോലെ എന്റർപ്രണർ ട്രെയിനിംഗിനുള്ള ഒട്ടേറെ ആനുകൂല്യങ്ങൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഹ്യൂമൻ റിസോഴ്സ് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുള്ള സംവിധാനങ്ങൾ ഇവിടെ വ്യവസായ വകുപ്പുമായും യൂണിവേഴ്സിറ്റിയുമായും മറ്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളുമായും ബന്ധപ്പെട്ടുകൊണ്ട് അവരെ ട്രെയിൻ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു.

മിൽക്ക് പ്രോസസ്സിംഗ് പരീക്ഷണത്തിലൂടെ വിജയകരമായത് ഗുജറാത്തിലാണ്. എങ്ങനെയാണ് പാലിന് അവിടെ വില കൂടിയത്? പാലുൽപ്പന്നങ്ങൾ ഉണ്ടാക്കി അവർ വിപണിയിലിറക്കി. ആരുമായും മത്സരിക്കത്തക്ക വിധത്തിലുള്ള പാലുല്പന്നങ്ങൾ.

കേരളത്തിലും പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുള്ള മേഖലകളുണ്ട്. നമുക്കുള്ള അസംസ്കൃത സാധനങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുകയാണ് വേണ്ടത്. സംസ്ഥാനത്ത് കൊക്കോ സുലഭമായി ഉല്പാദിപ്പിക്കാൻ കഴിയും. പാലും കൊക്കോയും ഉണ്ടെങ്കിൽ ഒന്നാന്തരം ചോക്ലേറ്റായി. രാജ്യത്തിനകത്തും പുറത്തും അതിന് വിപണിയുണ്ട്. ഇത്തരത്തിലുള്ള മേഖലകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വ്യവസായ വകുപ്പിന് കഴിയണം. ആ നിലയിലുള്ള നീക്കങ്ങളൊന്നും ഉള്ളതായി കാണുന്നില്ല. അതിനാൽ ആ രംഗത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വൈദ്യുതി ചാർജ്ജ് കുറവുള്ള സംസ്ഥാനമായതുകൊണ്ടാണ് വ്യവസായത്തിന് അനുകൂലമായ ഒരു കാലാവസ്ഥ ഇവിടെ ഉണ്ടായിരുന്നത്. ഇന്നിപ്പോൾ അടിക്കടി വൈദ്യുതി ചാർജ്ജ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതെങ്ങനെ നമുക്ക് കുറയ്ക്കാൻ കഴിയും. കാർഷിക മേഖലയ്ക്കുള്ള വൈദ്യുതി ചില സംസ്ഥാനങ്ങളിൽ, തമിഴ്നാട്ടിൽ ഫ്രീയാണ്, ഇവിടെ കാർഷിക മേഖലയ്ക്കുള്ള വൈദ്യുതിക്ക് വൻതോതിലുള്ള റേറ്റാണ് വാങ്ങുന്നത്. ആ രംഗത്തെല്ലാം ഒരു പുനഃപരിശോധന നടത്താൻ കഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഇന്നുള്ള വ്യവസായ രംഗത്ത് ഒരു ചലനം സൃഷ്ടിക്കുവാനാവശ്യമായ നിലയിൽ ഇൻഫ്രാസ്ട്രക്ചർ ഒരുക്കുക, പരമാവധി പൊതുവായ സ്ഥലങ്ങൾ ഏറ്റെടുത്തുകൊണ്ട് അവിടെയെല്ലാം വൈദ്യുതിയും റോഡും വെള്ളവും മറ്റ സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ തീർച്ചയായിട്ടും കേരളത്തിലെ വ്യവസായ രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. പ്രഖ്യാപനം നടത്താൻ എളുപ്പമാണ്. വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാകുന്നുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പറഞ്ഞ കാര്യങ്ങൾ മിക്കതും നടപ്പായിട്ടില്ല എന്നുള്ളതാണ് വസ്തുത. ആ അനശ്ചിതാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുവാനും കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കാനുമുള്ള രീതിയിൽ വ്യവസായ വകുപ്പ് മുന്നോട്ട് പോകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ വർഷങ്ങളായി മണ്ണെണ്ണയുടെ വില വർദ്ധനവ് കാരണം രാത്രികാലത്ത് കേരളത്തിലെ പാവപ്പെട്ടവരുടെ കുട്ടികൾക്ക് പഠിക്കാൻ വെളിച്ചമില്ലാത്ത അവസ്ഥ ഉണ്ടായിരുന്നു. അതിൽ നിന്നുമാറി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചു. എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി വന്നാണ് അതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. കേരളത്തിലുടനീളം പാവപ്പെട്ട ആളുകളുടെ വീടുകളിൽ വൈദ്യുതി എത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത് കേരളത്തിലെ ജനങ്ങൾ വളരെ നന്ദിയോടുകൂടി ഓർക്കും. ഇവിടുത്തെ പ്രശ്നം വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കലാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വലിയ

വില ഇല്ലാതെ തന്നെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയും വേണം. ഓരോ ദിവസവും നമ്മൾ പറയുന്നത്, കേരളത്തിൽ ചൂട് വർദ്ധിച്ചു വരുന്നുവെന്നാണ്. ആ വർദ്ധിച്ചു വരുന്ന ചൂടിനെ ഉപയോഗിച്ച് നമ്മുടെ ആവശ്യത്തിന് സൗരോർജ്ജം ഉൽപ്പാദിപ്പിക്കാൻ സാധിക്കണം. ജലവൈദ്യുതി പുതുതായി ഉല്പാദിപ്പിക്കാനുള്ള വിഷമതകളുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗരോർജ്ജത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് എങ്ങനെ സാധിക്കുമെന്നത് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ആലോചിക്കേണ്ട വിഷയമാണ്. പല കമ്മിറ്റികളിലും നമ്മൾ പങ്കെടുക്കുമ്പോൾ അറിയാൻ സാധിക്കുന്നത് വൈദ്യുതി ഉൽപ്പാദനത്തിൽ കോടിക്കണക്കിന് രൂപ വൈദ്യുതി വകുപ്പിന് വർഷംതോറും കടമുണ്ടാകുന്നു എന്നാണ്. അതുകൊണ്ടാണ് ഇന്ന് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടി വരുന്നത്. അങ്ങനെ കടമായി പോകുന്ന ഒരു സ്ഥാപനത്തിന് നിലനിൽക്കാൻ സാധിക്കില്ല. അപ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കാൻ വൈദ്യുതി വകുപ്പ് നിർബന്ധിതമാകുന്നു. ഇതിന് പരിഹാരം കാണണമെങ്കിൽ നിശ്ചയമായും സൗരോർജ്ജം പോലെ കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന മേഖലകളെ സംബന്ധിച്ച് നമ്മൾ ആലോചിക്കണം.

കേരളത്തിന്റെ ഭരണരംഗത്ത് ശോഭിക്കാൻ സാധിക്കുന്നയാളാണ് വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീൻ. ഒരു ചെറുപ്പക്കാരനെന്ന നിലയ്ക്ക് കേരളത്തിന്റെ വ്യവസായ രംഗത്ത് തന്റെ വ്യക്തിത്വം കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിക്കും. എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത് മലബാർ ഭാഗത്ത്, ബ്രിട്ടീഷുകാരുടെ കാലത്തടക്കം ഉണ്ടായിരുന്ന വ്യവസായ മേഖലകൾ പലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് തൊഴിലില്ലാത്ത അവസ്ഥയാണ്.

ബഹുമാനപ്പെട്ട ശ്രീ. സി. കൃഷ്ണൻ സൂചിപ്പിച്ചതുപോലെ, ഈ ഗവൺമെന്റ് വന്നശേഷം കൈത്തറി മേഖല വളരെ സജീവമാണ്. എന്റെ നിയോജക മണ്ഡലത്തിൽ ധാരാളം കൈത്തറി സൊസൈറ്റികളുണ്ട്. ആദ്യം അവിടെയൊന്നും പണിയില്ലായിരുന്നു, ഇന്ന് അവിടെ വളരെ സന്തോഷത്തോടുകൂടി തൊഴിലാളികൾ ജോലി ചെയ്യുന്നു. സിന്തറ്റിക് വസ്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെ ഫലമായി ശരീരത്തിനുണ്ടാകുന്ന രോഗങ്ങളിൽ നിന്നും രക്ഷനേടാൻ ലോകം മുഴുവൻ നാച്വറൽ മേഖലയിലേയ്ക്ക് മാറുകയാണ്. അവിടെയാണ് കൈത്തറിയുടെയും അതിനേക്കാൾ പ്രാധാന്യമുള്ള ഖാദിയുടെയും പ്രസക്തി. ഖാദി വസ്ത്രങ്ങൾ ധരിക്കുന്നതിനും ഖാദിയുമായി ബന്ധപ്പെട്ട മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള അവബോധം സൃഷ്ടിക്കാൻ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട് സാധിക്കും. ഇതെല്ലാം ജനങ്ങൾ സ്വീകരിക്കുന്ന ഒരു ഘട്ടമാണ് ഇപ്പോഴുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ചെന്നാൽ മറ്റേതൊരു കച്ചവട സ്ഥാപനത്തേക്കാളും തിരക്കുള്ളതായി മാറിയിരിക്കുന്ന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ സ്ഥാപനങ്ങൾ. അതിന് പ്രോത്സാഹനം നൽകാൻ നമുക്ക് സാധിക്കും.

ഇപ്പോൾ വിദ്യാർത്ഥികളിൽ അധികവും ഐ.ടി. മേഖലയിലുള്ളവരാണ്. ഇപ്പോഴത്തേത് കൂട്ടുകുടുംബമല്ലല്ലോ, ഒരച്ഛനും, അമ്മയും അവരുടെ മക്കളും മാത്രം അടങ്ങുന്ന അണുകുടുംബമാണ്. ഇന്ന് ഐ.ടി. പാസ്സായാൽ, മക്കൾ അകലെ ജോലിചെയ്യുന്ന അവസ്ഥയാണുള്ളത്. കേരളത്തിനകത്തുനിന്നും പുറത്തു നിന്നും ഐ.ടി. പഠിച്ച് പാസ്സായിരിക്കുന്ന ഇഷ്ടംപോലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കേരളത്തിലുണ്ട്. അവർക്ക് നമ്മുടെ നാട്ടിൽ ജോലി ലഭിക്കുന്നതിനുള്ള അവസരമുണ്ടാക്കണം. മലബാർ ഭാഗത്ത് ഐ.ടി. വ്യവസായമെന്ന രീതിയിൽ കെട്ടിടം പൂർത്തിയായത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും അതിനടുത്തുള്ള സർക്കാർ ഐ.ടി. പാർക്കും മാത്രമാണ്. അതിൽത്തന്നെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സ്ഥലത്ത് കുറച്ച് ഐ.ടി. കമ്പനികൾ വന്നു എന്നതിൽ കവിഞ്ഞ് മലബാർ ശൂന്യമാണ്. അതിന് പരിഹാരമുണ്ടാകണം. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന, ഇനിയും ഭാവിയുണ്ട് എന്ന് പ്രതീക്ഷിക്കുന്ന ഐ.ടി. വ്യവസായ മേഖലയ്ക്ക്, സംസ്ഥാന ഗവൺമെന്റ് പരമാവധി പ്രോത്സാഹനം നൽകണം. ഐ.ടി. മേഖലയിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്കെല്ലാം ജോലി ലഭിക്കുന്ന രീതിയിൽ എങ്ങനെ ഈ മേഖലയെ വളർത്തിയെടുക്കാൻ സാധിക്കുമെന്ന കാര്യത്തെ സംബന്ധിച്ച് ഗൗരവമായ ആലോചന ആവശ്യമാണ്.

കാർഷിക മേഖലയിൽ നാളികേരത്തിന്റെ കാര്യം പരിശോധിച്ചാൽ, ഉല്പാദിപ്പിക്കാൻ കഴിയുന്നതിന്റെ പകുതി പോലും നാം ഇപ്പോൾ ഉല്പാദിപ്പിക്കുന്നില്ലെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ, നാളികേരത്തിന്റെ പല തരത്തിലുള്ള ഉല്പന്നങ്ങൾ വിദേശ മാർക്കറ്റുകൾ തേടുകയാണ്. ഞാൻ ഒരിക്കൽ എണ്ണയിൽ മണത്തിന് ചേർക്കുന്നതിനുവേണ്ടിയുള്ള ഒരു ഓയിൽ വാങ്ങുന്നതിനായി എറണാകുളത്ത് പോയിരുന്നു. അവിടെ റോസിന്റെ നാച്വറൽ ഓയിൽ ഉണ്ടാക്കുന്നുണ്ട്. അവിടെ വലിയ തോതിൽ റോസിന്റെ നേഴ്സറിയുണ്ട്. അവിടെ ഉല്പാദന മേഖലയിൽ ജോലിയെടുക്കുന്നവർക്കായി പ്രത്യേകം വീടുകൾ പോലും ഉടമസ്ഥർ ഉണ്ടാക്കിയിരിക്കുന്നു. നാച്വറൽ ഓയിൽ ഉണ്ടാക്കി വിദേശത്തേക്ക് അയയ്ക്കുന്നു. നമ്മുടെ നാട്ടിലും അങ്ങനെ ചെയ്യാം.

മലബാർ ഭാഗത്ത് കൂടുതൽ വ്യവസായ ശാലകൾ ആരംഭിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കളിമൺ വ്യവസായം തകർന്നിരിക്കുന്നു, അത് ഫാക്ടറിലായാലും വടകരയിലായാലും മലബാറിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിരുന്ന ആ വ്യവസായം തകർന്നിരിക്കുന്നു. അവിടത്തെ തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ ചില സൗകര്യങ്ങളൊക്കെ ലഭിച്ചതുകൊണ്ട് പലഭാഗങ്ങളിലായി കഷ്ടപ്പെട്ട് വേറെ തൊഴിലെടുക്കുകയാണ്. ഇന്ന് മലബാർ മേഖലയിൽ കോഴിക്കോട് നഗരത്തിലും മറ്റ് ഭാഗങ്ങളിലും വളർന്നു വരുന്നത് വലിയ ആശുപത്രികളാണ്.

പാവപ്പെട്ട ആളുകൾ, സർക്കാർ ജീവനക്കാരായിരുന്നാലും, റിട്ടയർ ചെയ്ത് കഴിഞ്ഞാൽ അവർക്കോ, ബന്ധത്തിലാർക്കെങ്കിലുമോ രോഗം വന്നാൽ അവർക്ക് ലഭിച്ച ഇക മുഴുവനും തികയാതെ ബാക്കി കടം വാങ്ങി ചെലവഴിക്കേണ്ടി വരുന്ന ശ്രുപത്തിലുള്ള വയാണ് ഈ സ്വകാര്യ ആശ്രുപത്രികൾ. അതിനെ ഞാൻ ആക്ഷേപിക്കുകയല്ല, അവിടെയും ആളുകൾ വരുന്നുണ്ടാവും, മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി സർക്കാരിന് വരുമാനമുണ്ടാകുമോ ഇല്ലയോ എന്നൊന്നും എനിക്കറിയില്ല. ഇതല്ലാതെ മറ്റൊരു വ്യവസായം നമ്മുടെ നാട്ടിൽ വളരുന്നില്ല. മലബാർ ഭാഗത്ത് പ്രധാനപ്പെട്ട വ്യവസായങ്ങൾ എങ്ങനെ വളർത്തിയെടുക്കാൻ സാധിക്കും, ഐ.ടി. മേഖല എങ്ങനെ വ്യാപിപ്പിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെപ്പറ്റി ആലോചിക്കണം. കേരളത്തിന്റെ വ്യവസായവൽക്കരണത്തിൽ തന്റേതായ വ്യക്തിത്വം പുലർത്താൻ ശ്രീ. എ. സി. മൊയ്തീന് സാധിക്കും എന്ന വിശ്വാസമുണ്ട്.

കേരളത്തിന് ആരംഭത്തിൽ വൈദ്യുതി നല്കിയ ഇടുക്കിയുടെ ആളാണ് വൈദ്യുതി വകുപ്പുമന്ത്രി. ജലവൈദ്യുതിയല്ലെങ്കിലും കാറ്റിനേയും മറ്റ് സ്രോതസ്സുകളേയും ഉപയോഗപ്പെടുത്തി കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ നേതൃത്വം നൽകുന്നതിന് അദ്ദേഹത്തിന് കഴിയും. മന്ത്രിയായ ശേഷം തനിക്ക് ലഭിച്ച മേഖലയിൽ തന്റേതായ വ്യക്തിത്വം പുലർത്താൻ അദ്ദേഹത്തിന് സാധിക്കും എന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പണ്ടേ മൊട്ടിട്ട പ്രണയങ്ങൾപോലും പൂക്കുന്ന നല്ല കാലമാണ് എൽ.ഡി.എഫ്.-ന്റെ ഭരണ കാലമെന്ന് പ്രതിപക്ഷ നിരയിലെ ശ്രീ. കെ. എസ്. ശബരീനാഥൻ തെളിയിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് മുൻകൂറായി എല്ലാ ആശംസകളും നേരുന്നു.

ഉറങ്ങുന്ന ആളെ ഉണർത്തുവാൻ ബുദ്ധിമുട്ടാണ്, എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്താൻ അതിലും ഏറെ ബുദ്ധിമുട്ടാണ്. പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ഇതാണ്. മറവിരോഗമായിരുന്നെങ്കിൽ നമുക്കത് പരിഹരിക്കാമായിരുന്നു, അതിന് പ്രതിവിധി പറഞ്ഞുകൊടുക്കാമായിരുന്നു. എന്നാൽ മറവിരോഗം അവർ അഭിനയിക്കുകയാണ്, പ്രിറ്റന്റഡ് അൽഷിമേഴ്സാണ് (Prittended Alzheimers) അവർക്കുള്ളത്. കേരളത്തിലെ ജനങ്ങൾക്കും ഈ രീതിയിലുള്ള മറവിരോഗം ബാധിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ധരിച്ചിരിക്കുന്നതെന്ന് തോന്നുന്നു.

ഇന്ന് ഇവിടെ അടിയന്തരപ്രമേയം അവതിരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ പിറവം മെമ്പർ ശ്രീ. അനൂപ് ജേക്കബ് പറഞ്ഞ കാര്യങ്ങൾ, അദ്ദേഹം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയായിരുന്ന കാലത്ത് നല്ലവണ്ണം പ്രവർത്തിച്ചിരുന്നുവെങ്കിൽ

അദ്ദേഹത്തിന് ഇക്കാര്യങ്ങളൊന്നും പറയേണ്ടി വരുമായിരുന്നില്ല. സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേദിവസം മണ്ണെണ്ണ വിതരണം നിർത്താനുള്ള നിർദ്ദേശം അദ്ദേഹത്തിന്റെ വകുപ്പ് കൊടുത്തു. ഞങ്ങളാരും ഇത് മറക്കില്ല. കേരളത്തിലെ മത്സ്യത്തൊഴിലാളികളും പാവപ്പെട്ടവരും ഇത് മറക്കില്ല. കേരളത്തിലെ ജനങ്ങൾക്ക് മറവിരോഗമുണ്ടെന്ന ധാരണ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തിരുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മൂന്നാറിന്റെ യഥാർത്ഥ വിഷയത്തിൽ നിന്ന് എന്തുകൊണ്ടാണ് നിങ്ങൾ അകന്ന് പോകുന്നത്? 2012-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം മൂന്നാറിലേയ്ക്ക് പോയി. അതിനുശേഷം രണ്ട് വർഷത്തിനുള്ളിൽ പട്ടയ വിതരണം പൂർത്തിയാക്കുമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പ്രഖ്യാപിച്ചു. അപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, രണ്ട് വർഷം ആവശ്യമില്ല, ഒരു വർഷം കൊണ്ട് പട്ടയവിതരണം പൂർത്തിയാക്കും എന്ന്. അപ്പോൾ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത്, അങ്ങനെയാണെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു പൊൻമോതിരം നൽകും എന്നാണ്. എവിടെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളേ ആ പൊൻമോതിരം? എൽ.ഡി.എഫ്. സർക്കാരിന്റെ നയം വളരെ കൃത്യമാണ്. കയ്യേറ്റത്തേയും കുടിയേറ്റത്തേയും രണ്ടായി കാണും. വൻകിട കയ്യേറ്റങ്ങളെ ഒഴിപ്പിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് cloud 9 ഉൾപ്പെടെയുള്ള റിസോർട്ടുകളെ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികളെ എതിർത്തുകൊണ്ട് അവർക്ക് 10 ലക്ഷം രൂപ കൊടുക്കുവാനുള്ള കോടതി വിധി സമ്പാദിച്ചവരാണ് നിങ്ങൾ. അതുകൊണ്ട് ഈ രീതിയിൽ എൽ.ഡി.എഫ്. സർക്കാരിനെ വിമർശിക്കുമ്പോൾ പണ്ട് നിങ്ങൾ ചെയ്തത് എന്താണെന്ന് ആലോചിക്കുന്നത് നല്ലതാണ്. വ്യവസായ രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വലിയ ഉണർവാണ് ഉണ്ടായിരിക്കുന്നത്. യു.ഡി.എഫ്. ഭരിച്ച കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പൂട്ടിപ്പോയവയും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയവയുമായ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 17-ഓളം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരിക്കുകയാണ്. ടി.സി.സി., ടി.ടി.പി., ടെൽക് അങ്കമാലി തുടങ്ങി നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അതിൽ ഒരു ഉദാഹരണം മാത്രമാണ് എറണാകുളം ജില്ലയിലെ ഏലൂരിൽ പ്രവർത്തിക്കുന്ന TCC.

1.00 PM]

2015-16 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 7.50 കോടി രൂപയുടെ നഷ്ടമാണ് TCC (Travancore Cochin Chemicals)-ക്ക് ഉണ്ടായിരുന്നത്. ഇത് പ്രധാനപ്പെട്ട കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം ഈ സാമ്പത്തിക വർഷം 5.50 കോടി രൂപയുടെ ലാഭമാണ് പ്രസ്തുത സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നത്. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന Caustic Soda വലിയ ഡിമാന്റുള്ള വസ്തുവാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് വിശദമായൊരു പഠനം 'റിയാബ്' മുഖേന നടത്തുകയുണ്ടായി. അതിനുശേഷം ഫലപ്രദമായ ഇടപെടലുകളുണ്ടായി. കുത്തഴിഞ്ഞ ഭരണവും അഴിമതിയും അവസാനിപ്പിച്ചു കൊണ്ട് കാര്യക്ഷമമായ ഇടപെടലും കൃത്യമായ മാനേജ്മെന്റും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായതിന്റെ ഫലമായാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. KSDP (Kerala State Drugs and Pharmaceuticals Limited) എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഒരു ഉദാഹരണം പറയാം. അവിടെ വലിയ രീതിയിലുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുകയാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപ്പാദനക്ഷമത 100 കോടി രൂപയായി മാറ്റുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുപോലും ഈ സ്ഥാപനത്തിലേയ്ക്ക് ഓർഡർ വരികയാണ് എന്ന സാഹചര്യത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഈ രീതിയിലുള്ള ഇടപെടലിന് വായ്പയും വായ്പാകുടിശ്ശികയും മൂലധനമാക്കി മാറ്റുകയാണ് ചെയ്തത്. ആ രീതിയിൽ കൃത്യമായ ഇടപെടൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്നു എന്നുള്ളതു നാം കാണാതിരിക്കരുത്. ഈ രീതിയിലുള്ള രാഷ്ട്രീയപശ്ചാത്തലം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടക്കുമ്പോൾ രാജ്യത്ത് എന്താണ് സംഭവിക്കുന്നത് എന്നുകൂടി നാം ആലോചിക്കണം. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ, ഇന്ത്യയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യമേഖലയ്ക്ക് തീറെഴുതുവാനുള്ള വലിയ ശ്രമങ്ങളാണ് നടക്കുന്നത്. രാജ്യസുരക്ഷയേയും സാമ്പത്തിക ഭദ്രതയേയും ബാധിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പ്രതിരോധ മേഖലയ്ക്ക് ഉപകരണങ്ങളും വാഹനങ്ങളും നൽകുന്ന BEML (Bharat Earth Movers Limited) എന്ന സ്ഥാപനം റിലയൻസിന് മൂലധനത്തിന്റെ പത്തിലൊന്ന് തുകയ്ക്ക് മാത്രം വിൽക്കാൻ തയ്യാറാവുകയാണ്. ആയിരം കോടി രൂപയ്ക്ക് റിലയൻസിന് BEML എന്ന സ്ഥാപനം ഉപകരണങ്ങളും വാഹനങ്ങളും വിൽക്കുകയാണ്. ഇങ്ങനെയുള്ള രാഷ്ട്രീയ സാഹചര്യത്തിലാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ റിവൈവ് ചെയ്യുവാനുള്ള പ്രതിജ്ഞാബദ്ധമായ ഇടപെടൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്നത്. എന്തുകൊണ്ടാണ് കേരളത്തിൽ ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളതാണ് നാം കാണേണ്ടത്. ബദൽ രാഷ്ട്രീയവും ബദൽ ഭരണവും സാധ്യമല്ല എന്ന് വരുത്തി തീർക്കേണ്ടത് വലതുപക്ഷ ശക്തികളുടെ ആവശ്യമാണ്. അതുകൊണ്ടാണ് റിയൽ ഇഷ്യൂസിൽ നിന്ന് മാറ്റി മറ്റു ചില വിഷയങ്ങളിലേയ്ക്ക് വാർത്തകളെ എത്തിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കൊപ്പം വൻകിട-

ചെറുകിട സംരംഭകരെ ആകർഷിക്കാനുള്ള എല്ലാവിധ ശ്രമങ്ങളും നടക്കുന്നുണ്ട്. 'Ease of doing business' പട്ടികയിൽ കേരളം വളരെ താഴെയാണ്. അതിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാനുള്ള വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇ-ഗവേണൻസ് ഉറപ്പാക്കാൻ വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മാത്രമല്ല, വൻകിട ഇടത്തരം സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം 482 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 100 കോടി രൂപയിൽ നിന്നും ഏതാണ്ട് മൂന്നിരട്ടിയായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം വർദ്ധിപ്പിച്ചിരിക്കുകയാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന റാ-മെറ്റീരിയലായ പരുത്തി ധാരാളമായി എത്തിച്ചു കൊടുക്കുകയാണ്. ആ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് വലിയ രീതിയിലുള്ള ഉണർവ്വുണ്ടായിരിക്കുകയാണ്.

വൈദ്യുതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ കുറേ മാസങ്ങളായി ആവേശകരമായ പ്രവർത്തനമാണ് എന്റെ മണ്ഡലത്തിലുൾപ്പെടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്നത്. പ്ലാസ്റ്റിക് മറയുള്ള, ഭിത്തിയില്ലാത്ത വീടുകളിൽപ്പോലും വൈദ്യുതി എത്തിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. ഇടമലക്കുടി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്ക് 27 കി.മീ. അണ്ടർഗ്രൗണ്ട് കേബിൾ ഉപയോഗിച്ചാണ് വൈദ്യുതി എത്തിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാട്ടിക്കൂട്ടിയ വികസന ശ്രമങ്ങളല്ല, പലയിടത്തും ഓടി നടന്ന് തറക്കല്ലുകൾ ഇടുന്നതു പോലെ ആയിരുന്നില്ല. ഈ സർക്കാർ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങി സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പ്രയോജനമുണ്ടാകുന്ന രീതിയിലുള്ള സാമൂഹ്യ ഇടപെടലുകളും വികസന പ്രവർത്തനങ്ങളുമാണ് നടത്തുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ സമ്പൂർണ്ണ വൈദ്യുതിവത്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഒരു പൊൻതൂവലായി സമ്പൂർണ്ണ വൈദ്യുതീകരണം മാറാൻ പോവുകയാണ്. സംസ്ഥാനത്ത് ജലക്ഷാമവും വരൾച്ചയും ഉണ്ടായിട്ടും പവർക്കട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഉണ്ടായിരുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങും അപ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങും ഉണ്ടായിരുന്നു. എപ്പോൾ കറണ്ട് പോകുമെന്ന് നമുക്ക് അറിയാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ വൈദ്യുതിവകുപ്പിൽ നിന്ന് ഉപഭോക്താക്കൾക്ക് ഇവിടെ പണി നടക്കുന്നതിനാൽ ഇന്ന സമയം മുതൽ ഇത്ര മണിക്കൂർ വരെ നിങ്ങളുടെ വീട്ടിൽ കറണ്ട് ഉണ്ടാകില്ലെന്നുള്ള സന്ദേശമാണ് മൊബൈലിലേയ്ക്ക് വരുന്നത്. ഊർജ്ജ ദൂത് പോലെ കൺസ്യൂമർ ഫ്രണ്ട്ലി ആയിട്ടുള്ള ധാരാളം പദ്ധതികൾ വൈദ്യുതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

വളരെ പ്രധാനപ്പെട്ടതും എടുത്തുപറയേണ്ടതുമായ ഒരു കാര്യമുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ മാസത്തിൽ കാലാവധി പൂർത്തിയാക്കാൻ പോകുന്ന മസ്ദൂർ തസ്തികയിൽ ഏതാണ്ട് ആയിരം പേർക്ക് നിയമനം നൽകുകയുണ്ടായി. ആ ഉദ്യോഗാർത്ഥികൾ ഈ സർക്കാരിന് നന്ദി പറയുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടക്കമിട്ട പല ജലവൈദ്യുത പദ്ധതികളും ഈ സർക്കാർ വന്നതിനുശേഷം കമ്മീഷൻ ചെയ്യുകയുണ്ടായി. ഊർജ്ജ രംഗത്ത് ബദൽ മാർഗ്ഗങ്ങൾ കൊണ്ടുവരികയാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ സോളാർ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഏതാണ്ട് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് സ്ഥാപിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. 30 മെഗാവാട്ടിന്റെ പദ്ധതി പൂർത്തിയായി. വിവിധ പദ്ധതികളിലായി 12 മെഗാവാട്ട് സോളാർ വൈദ്യുതി കൂടി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. വെള്ളത്തൂവൽ, പതംഗയം, പെരുന്തേനരുവി എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി. പതിനായിരം കോടി രൂപയുടെ ട്രാൻസ്മിറ്റ് പ്രസരണ പദ്ധതിക്കായി കിഫ്ബിയിൽ ആദ്യം തന്നെ 5200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആ രീതിയിൽ വൈദ്യുതി രംഗത്ത് ഇതുവരെ കേരളം കാണാത്ത രീതിയിലുള്ള ഇടപെടലാണ് ഉണ്ടായി കൊണ്ടിരിക്കുന്നത്.

വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കാനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് നടക്കുന്നത്. പലപ്പോഴും ചെറുകിട സംരംഭകരെ സംബന്ധിച്ചിടത്തോളം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി അനന്തമായി കാത്തുനിൽക്കേണ്ട ഒരു സാഹചര്യമുണ്ട്. ഇതിന് മാറ്റമുണ്ടാകണം. എന്റെ മണ്ഡലത്തിൽ ഇതുപോലെ ചെറിയ സംരംഭങ്ങൾ തുടങ്ങുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി, അവരുടെ നൂലാമാലകളിൽ കുരുങ്ങി, ഒടുവിൽ അവരുടെ ഈ ഉദ്യമം ഉപേക്ഷിച്ച് പോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അതിന് മാറ്റമുണ്ടാകണം. വൻകിട-ചെറുകിട സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി സിംഗിൾ വിൻഡോ ക്ലിയറൻസ് സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കുവാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി സംബന്ധിച്ച കാര്യങ്ങൾ എളുപ്പത്തിലാക്കുവാനുള്ള ഒരു സംവിധാനം സംസ്ഥാനത്ത് ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏതെങ്കിലും ഒരു സ്ഥാപനത്തെ സംബന്ധിച്ച് ഒരു പരാതി ലഭിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റോപ്പ് മെമ്മോ കൊടുക്കും. സ്റ്റോപ്പ് മെമ്മോ കൊടുക്കേണ്ട വിഷയമാണെങ്കിൽ അന്വേഷിച്ചശേഷം അതിന് സ്റ്റോപ്പ് മെമ്മോ കൊടുക്കാം. പക്ഷേ ആരെങ്കിലും ഒരു പരാതി ഉന്നയിച്ചാൽ ഉടനെ സ്റ്റോപ്പ് മെമ്മോ കൊടുത്ത് അതിനെ തടയുന്ന രീതി അവസാനിപ്പിക്കണം.

ഇപ്പോൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവകേരളാ മിഷന്റെ ഭാഗമായുള്ള ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ധാരാളം ജൈവകൃഷി കേരളത്തിൽ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ വിവിധ പച്ചക്കറി കൃഷി കൂടുതലായി നടത്തുന്നുണ്ട്. പക്ഷേ ഭക്ഷ്യസംസ്കരണ വ്യവസായ രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതായുണ്ട്. വരും വർഷങ്ങളിൽ ഈ രംഗത്ത് വലിയ രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുന്നതിനും കൂടുതൽ പേർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതിനും വലിയ പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ട്.

വിദേശത്ത് താമസിക്കുന്ന ഒരുപാട് ആളുകൾ എന്റെ മണ്ഡലത്തിലുണ്ട്. അവർ പലപ്പോഴും ഒരുമിച്ച് കറണ്ട് ചാർജ്ജ് അടച്ചശേഷം വിദേശത്ത് പോകുകയാണ് പതിവ്. അവർ തിരിച്ചു വന്നാൽ അവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നതായാണ് കാണുന്നത്. ഏതെങ്കിലും ഒരു മാസത്തെ തുക അടയ്ക്കാൻ സാധിക്കാതെ വന്നാൽ മീറ്റർ ഊരിക്കൊണ്ട് പോകുന്ന സ്ഥിതിയാണുള്ളത്. പിന്നീട് ഈ കണക്ഷൻ പുനഃസ്ഥാപിക്കണമെങ്കിൽ ആദ്യം മുതൽ കറണ്ട് കണക്ഷന് അപ്ലൈ ചെയ്യുന്ന രീതിയിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഊർജ്ജ ദൂത് പോലെയുള്ള പദ്ധതികൾ മുഖേന വൈദ്യുതി ബോർഡും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ കൺസ്യൂമർ ഫ്രണ്ട്ലിയായി വൈദ്യുതി വകുപ്പിനെ മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള ധാരാളം ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഉദാഹരണമായി, ഒരാൾ ഏതെങ്കിലും കാരണത്താൽ രോഗമായി ആശുപത്രിയിൽ ആയിരിക്കാം അല്ലെങ്കിൽ വിദേശത്തായിരിക്കാം. ആ രീതിയിലുള്ളവർക്ക് കറണ്ട് ചാർജ്ജ് യഥാസമയം അടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമ്പോൾ മീറ്റർ ഊരിക്കൊണ്ട് പോകുകയും പിന്നീട് ആദ്യം മുതലുള്ള നടപടികളിലേയ്ക്ക് പോകുകയും ചെയ്യുന്ന അവസ്ഥ ദയവായി ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്ജ്</u>: സർ, ശ്രീമതി വീണാ ജോർജ്ജിന്റെ പ്രസംഗം എനിക്കിഷ്ടപ്പെട്ടു. പക്ഷേ അത് കേൾക്കാൻ പിണറായി സഖാവ് ഇവിടെ ഇല്ലാതെ പോയി. ഡോ. ടി. എം. തോമസ് ഐസക് 4 മിനിട്ട് പ്രസംഗം കേൾക്കാൻ വന്നതിന് നന്ദി പറയുന്നു. കേരളത്തിലെ വ്യവസായം സംബന്ധിച്ച് സംസാരിച്ചാൽ, വ്യവസായങ്ങളുടെ ഒരു ശവപ്പറമ്പാണ് കേരളം എന്ന കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി 60 വർഷം കേരളം ഭരിച്ചില്ലേ? വളർത്തി നന്നാക്കിയ ഏതെങ്കിലും വ്യവസായത്തിന്റെ പേര് പറയാമോ? വ്യവസായ വകുപ്പ് ശ്രീ. എ. സി. മൊയ്തീനെ ഏൽപ്പിച്ചിട്ട് 4 മാസമേ ആയിട്ടുള്ളൂ. ഈ 4 മാസംകൊണ്ട് 10-14 വ്യവസായങ്ങൾ ലാഭത്തി

ലാക്കിയെന്ന് പറയുന്നു. അക്കാര്യം ശ്രീ. എ. സി. മൊയ്തീൻ പറയുമ്പോൾ ഞാൻ കേൾക്കാം. ശ്രീ. എ. സി. മൊയ്തീൻ ഭേദമാണെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ബാക്കി വ്യവസായങ്ങളെല്ലാം തകർന്നടിഞ്ഞില്ലേ; കേരളത്തിൽ എവിടെയാണ് വ്യവസായമുള്ളത്?

വൈദ്യുതിയുടെ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്നലെ ബ്രഹ്മോസിനെക്കുറിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ സഭയിൽ ഉന്നയിച്ച ഒരു ആരോപണമാണത്. ബ്രഹ്മപുത്ര, മിസോറി നദികളുടെ പേരുകൾ ചേർത്താണ് ബ്രഹ്മോസ് എന്ന് പേരിട്ടിരിക്കുന്നത്. ഞാൻ അന്ന് പറഞ്ഞ ഒരു കാര്യം ഇപ്പോൾ ഓർമ്മിക്കണം. ഉടൻ നടപടിയുണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇന്നുവരെ ആ സ്ഥാപനത്തിൽ ആർക്കും തൊഴിൽ കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, ഒരു പ്രവർത്തനവും നടക്കാതെ സ്ഥാപനം പൂട്ടിക്കിടക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ വാക്കിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനം കേന്ദ്രത്തിന് കൊടുത്തത്. 290 കിലോമീറ്റർ പോകുന്ന മിസൈൽ ഉണ്ടാക്കിയെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ ആ മിസൈലുമില്ല, നമ്മുടെ സ്ഥാപനം നഷ്ടപ്പെടുകയും ചെയ്തു. HMT എന്ന സ്ഥാപനത്തിനായി എറണാകുളത്ത് നല്ല വിലകിട്ടുന്ന എത്ര ഏക്കർ സ്ഥലമാണ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തത്? 13 വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുമെന്ന് കേന്ദ്രം പറഞ്ഞെങ്കിലും രണ്ടെണ്ണമാണ് തുടങ്ങിയത്. ആ സ്ഥലം തിരിച്ചെടുക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? വ്യവസായം നടത്തുന്നില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന് കൊടുത്ത സ്ഥലം തിരിച്ചെടുക്കണം. അതുപോലെ FACT-യിലെ തൊഴിലാളികളെല്ലാം ഗതികേടിലാണ്. FACT-ക്ക് കൊടുത്ത സ്ഥലവും തിരിച്ചുവാങ്ങി മറ്റെന്തെങ്കിലും വ്യവസായം ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കാത്തത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്): സർ, FACT-ക്കുവേണ്ടി കേന്ദ്ര സർക്കാരിന് കൊടുത്ത ഭൂമി തിരിച്ചുവാങ്ങാൻ കഴിയുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, കൊടുത്ത ഭൂമി തിരിച്ചുവാങ്ങാൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിലെ ജനങ്ങളോട് പറഞ്ഞാൽ ജനം കയ്യേറിക്കൊള്ളും. കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ മുട്ടുകുത്തി നിൽക്കേണ്ട; കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യം പറ്റിയല്ല നമ്മൾ ജീവിക്കുന്നത്. ഭരണ സംവിധാനമുള്ളതാണ്. വ്യവസായ സ്ഥാപനം തുടങ്ങാനായി കേരളം കൊടുത്ത സ്ഥലത്ത് വ്യവസായ സ്ഥാപനം ഉണ്ടാകാത്തിടത്തോളം കാലം ആ സ്ഥലം നമുക്ക് അർഹതപ്പെട്ടതാണ്. തിരികെ തന്നേ തീരൂവെന്ന് കേന്ദ്രത്തിനോട് പറയണം. ആരെയാണ് പേടിക്കുന്നത്? നമ്മൾ ആരുടെ മുന്നിലും മുട്ടുകുത്തി നിൽക്കേണ്ടവരല്ല. KMML ലാഭത്തിലാക്കിയിട്ടുണ്ടെന്നത് ഞാൻ അംഗീകരിക്കുന്നു, വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയും

ചെയ്യുന്നു. ഒരു വർഷം മാന്യമായി പ്രവർത്തിച്ചാൽ 20,000 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ കഴിയുന്ന മഹത്തായ സ്ഥാപനമാണ് KMML. ആ സ്ഥാപനത്തിൽ ഇപ്പോൾ ലാഭത്തിന്റെ കണക്ക് എഴുതിവച്ചിട്ടുണ്ടെങ്കിലും കേരളത്തിന്റെ ബജറ്റിന് ആവശ്യമായ തുക KMML കരിമണലിലൂടെ സമ്പാദിക്കാൻ നമുക്ക് കഴിയുമെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. എന്തുകൊണ്ട് നമ്മൾ ആ മേഖലയിലേയ്ക്ക് തിരിഞ്ഞു പോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ IRE യുടെ പ്രവർത്തനത്തിന്റെ 8 പോർഷനേ നമുക്ക് കിട്ടിയിട്ടുള്ളൂ. എന്തുകൊണ്ട് ആലപ്പുഴ വരെയുള്ള കരിമണൽ പൂർണ്ണമായി എക്സ്പ്ലോർ ചെയ്യാൻ നമുക്ക് കഴിയുന്നില്ല. കരിമണൽ പ്രശ്നം പരിശോധിക്കണമെന്നാണ് ഞാൻ പറഞ്ഞുവന്നത്.

സഭയിൽ രാഷ്ട്രീയം പറയുകയാണെന്ന് തെറ്റിദ്ധരിക്കരുത്. രാഷ്ട്രീയത്തിൽ വാക്കിന് വിലവേണം, വാക്ക് പാലിക്കുന്നവനായിരിക്കണം. ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിലുണ്ടായ നാണംകെട്ട നടപടികളിൽ ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ ഞാൻ ശിരസ്സ് കുനിക്കുന്നു. സി.പി.ഐ.(എം.)-ലെ ആറ് മെമ്പർമാർ മാണിഗ്രൂപ്പിന് വോട്ട് ചെയ്ത്, ശ്രീ. കെ. എം. മാണിയുടെ ആളിനെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാക്കിയത് എനിക്ക് അത്ഭുതമാണ്. സി.പി.ഐ.(എം.)ന് ശ്രീ. കെ. എം. മാണിയുമായി എന്താണ് ഇടപാട് ? ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. പിണറായി വിജയനും അറിഞ്ഞാണോ വോട്ട് കൊടുത്തത്? ശ്രീ. പിണറായി വിജയൻ ഒളിച്ചിരിക്കുകയാണോയെന്ന് എനിക്കറിയില്ല. നിങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് വോട്ട് കൊടുക്കുന്നതിൽ എനിക്ക് വിരോധമില്ല. ശ്രീ. കെ. എം. മാണിയുടെ വീട്ടിലെ നോട്ടെണ്ണുന്ന യന്ത്രത്തിൽ എണ്ണിയ നോട്ടുകൾ എവിടെ കിട്ടിയെന്നുകൂടി അന്വേഷിക്കുന്നത് നല്ലതാണ്. ഏതായാലും മോശമായിപ്പോയെന്ന് മാത്രം സൂചിപ്പിക്കുന്നു. കോൺഗ്രസ്സുകാരനുവേണ്ടി ഓശാന പാടാൻ എനിക്ക് സമയമില്ല. എന്റെ മെമ്പർ വോട്ട് അസാധുവാക്കുകയാണ് ചെയ്തത്. സി.പി.ഐ. വോട്ട് ചെയ്യാതെ മാറിനിന്നു. ഇടതുപക്ഷ തീരുമാനമാണെങ്കിൽ സി.പി.ഐ.-യും കൂടണ്ടെ? സി.പി.ഐ. കൂടാത്തതിന് കാരണമെന്താണെന്ന് ആലോചിക്കണം. ആറ് സി.പി.എം. മെമ്പർമാർ ചെയ്തത് ശരിയാണെന്ന് പറയുമെങ്കിലും നിങ്ങൾ കാലുവാരികളുടെ കൂട്ടത്തിലാണെന്ന് എനിക്ക് പറയേണ്ടിവരുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു, നന്ദി, നമസ്കാരം.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന് 11 മാസം പിന്നിടുമ്പോൾ കേരളത്തിന്റെ സമസ്ത മേഖലകളിലും മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ജനതയും പറയുന്ന കാര്യമാണ്. കേരളത്തിന്റെ വ്യവസായ, വിദ്യുച്ഛക്തി, കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ വലിയൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞ 11 മാസംകൊണ്ട്

എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളെ നേരിടുമ്പോൾ പ്രകടനപത്രികയിൽ പറഞ്ഞ നിരവധി നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും നടപ്പിലാക്കാൻ വേണ്ട കർമ്മപദ്ധതികൾ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിക്കൊണ്ടിരിക്കുയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള വിധിയെഴുത്തായിരുന്നു കഴിഞ്ഞ നിയമസഭാ തെരഞ്ഞടുപ്പ്. കഴിഞ്ഞ 11 മാസം ശുദ്ധികലശമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കും എന്നത് 2016 ജൂൺ മാസം ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നായിരുന്നു. 174 കോടി രൂപ ഇതിനായി ചെലവഴിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് നടപ്പാക്കിയ ഇടപെടലുകൾ ശ്രദ്ധേയമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി കേരളത്തിൽ അതിന്റെ അവസാനഘട്ടത്തിലേയ്ക്ക് എത്തുകയാണ്. ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുമെന്ന് കരുതുകയാണ്. 144722 വൈദ്യുതി കണക്ഷനുകൾ നൽകി കേരളത്തിൽ 95.62 ശതമാനം വൈദ്യുതീകരണം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടം തന്നെയാണ്. വനം, തദ്ദേശസ്വയംഭരണ വകുപ്പുകളും സർക്കാരിന്റെ ഇച്ഛാശക്തിയും കെ.എസ്.ഇ.ബി. തൊഴിലാളികളുടെ കഠിനാദ്ധ്വാനവും സന്നദ്ധ സംഘടനകളുടെ സഹായവും ക്ലബ്ബുകളുടെ സഹകരണവും മനുഷ്യസ്നേഹികളുടെ ഇടപെടലുകളും ചേർന്നപ്പോൾ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാകുന്നതിലേയ്ക്ക് നീങ്ങുകയാണ്. കേരളത്തിൽ പത്താം ക്ലാസ്, പ്ലസ് ടു, മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് തയ്യാറെടുത്തപ്പോൾ അവർക്ക് വെളിച്ചം പകർന്നു നൽകാൻ കഴിഞ്ഞുവെന്നുള്ളതാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ നേട്ടം.

മണ്ണെണ്ണ വിളക്കിന്റെ ചുവട്ടിൽ, മെഴുകുതിരിയുടെ വെളിച്ചം ലഭ്യമാക്കി പഠിക്കുകയും ജീവിതത്തിലെ ദൈനംദിന കാര്യങ്ങൾക്ക് ഭവനത്തിലേയ്ക്ക് ചെല്ലുമ്പോൾ അവിടെ വെളിച്ചമില്ലാതെ പരിമിതിക്കുള്ളിൽ ജീവിക്കുന്ന എത്രയോ പാവപ്പെട്ട മനുഷ്യർ കേരളത്തിലുണ്ട്. ഇവിടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രസക്തി. വൈദ്യുതിലൈൻ വലിച്ച് എത്തിക്കാൻ പോലും കഴിയാത്ത ഒരു സ്ഥിതിവിശേഷം വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമപ്രദേശങ്ങളിലുണ്ട്. എന്നാൽ കേരളം അതുല്യമായ നേട്ടത്തിലേയ്ക്കാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് മാറിയെങ്കിൽ വൈദ്യുതി മേഖലയിലും കേരളം വലിയൊരു നേട്ടമുണ്ടാക്കിയിരിക്കുകയാണ്.

ബൈബിളിൽ മത്തായിയുടെ സുവിശേഷം 5:15-ൽ പറയുന്നുണ്ട്, 'ആരും വിളക്ക് കത്തിച്ച് പറയുടെ കീഴിൽ വയ്ക്കില്ല, വിളക്ക് തണ്ടിന്മേലാണ് വയ്ക്കുക അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം പ്രദാനം ചെയ്യും'. യഥാർത്ഥത്തിൽ എൽ.ഡി.എഫ്.-ന് ഭരണം ലഭിച്ചാൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ ശേഷിയും ഇച്ഛാശക്തിയുമുള്ള ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ്. അഴിമതിരഹിതമായ ഭരണം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളതുകൊണ്ടു തന്നെയാണ് കേരളത്തിലെ പൊതുജനങ്ങളുടെ വലിയ പിന്തുണ ലഭ്യമാകുന്നത്.

2002-ൽ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പതിന്മടങ്ങ് വർദ്ധിപ്പിച്ചപ്പോൾ കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ വൈദ്യുതി ഭവനങ്ങൾക്കുമുന്നിൽ മാസ്മരിക പോരാട്ടങ്ങൾ നടന്നു. വൈദ്യുതിയുടെ ചാർജ്ജ് വർദ്ധിപ്പിക്കരുത്, വർദ്ധിപ്പിച്ച തുക വലുതാണ് എന്നുള്ളതുകൊണ്ടുതന്നെ കേരള സംസ്ഥാനത്ത് വലിയ പ്രക്ഷോഭം ഉയർന്നുവന്നു. ശ്രീ. എ. കെ. ആന്റണിക്കും യു.ഡി.എഫ്. ഗവൺമെന്റിനും ഒടുവിൽ മുട്ടുമടക്കേണ്ടതായി വന്നു. കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് ചൈതന്യമായിരുന്ന വെളിയം ഭാർഗവന്റെ "വെടിവച്ചാലും ശരി സമരത്തിൽ നിന്ന് പിന്നോട്ടില്ല" എന്നുള്ള പ്രഖ്യാപനം കേരളത്തിലെ കോടിക്കണക്കിന് മനുഷ്യർ വളരെ ശ്രദ്ധാപൂർവ്വമാണ് ശ്രദ്ധിച്ചത്. തീർച്ചയായും കേരളത്തിൽ അന്ന് നടത്തിയ സമരങ്ങളെ കോൺഗ്രസ്സിന്റെയോ യു.ഡി.എഫ്.-ന്റെയോ നേതാക്കൾ ഒന്ന് ഓർത്തെടുക്കണം. ജനവിരുദ്ധ നയങ്ങൾ എപ്പോൾ സ്വീകരിക്കുന്നുവോ ആ നയങ്ങൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം എന്നും ഇടതുപക്ഷം സ്വീകരിച്ചിട്ടുണ്ട്. അത്തരം പോരാട്ടങ്ങൾ നടത്തുമ്പോൾ, പോരാട്ടത്തെ പോലീസിന്റെ ശക്തി ഉപയോഗപ്പെടുത്തി തളർത്തുവാൻ ശ്രമിച്ചപ്പോൾ അതിനെയെല്ലാം തടുക്കുകയും നേരിടുകയും ചെയ്ത ചരിത്രമാണ് യഥാർത്ഥത്തിൽ ഈ രംഗവുമായി ബന്ധപ്പെട്ടുള്ളത്.

വൈദ്യുതി മേഖലയിലുണ്ടാക്കിയ നേട്ടങ്ങൾ പോലെതന്നെ വ്യാവസായിക മേഖലയിലും കേരളം വലിയ കുതിച്ചുചാട്ടത്തിലേയ്ക്ക് കടക്കുകയാണ്. കേവലം പതിനൊന്ന് മാസമെന്നുപറയുന്നത് ഒരു ഗവൺമെന്റിന്റെ പ്രാരംഭ ദശയാണ്. കേരളത്തിലെ വ്യാവസായിക മേഖലയെക്കുറിച്ച് പറയുമ്പോൾ കേന്ദ്രവുമായി യഥാർത്ഥത്തിൽ താരതമ്യം ചെയ്യേണ്ടതുണ്ട്. കേന്ദ്രത്തിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റാണെങ്കിലും 2004 മുതൽ 2014 വരെ രാജ്യത്ത് അധികാരത്തിലിരുന്ന യു.പി.എ. സർക്കാരാണെങ്കിലും അതിനുമുമ്പ് വാജ്പേയി നേതൃത്വം നൽകിയ ഗവൺമെന്റാണെങ്കിലും രാജ്യത്തെ സ്വകാര്യ മൂലധന ശക്തികൾക്കൊപ്പവും കോർപ്പറേറ്റുകൾക്കൊപ്പവും നിൽക്കുന്ന

കാഴ്ചയാണ് കണ്ടത്. നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും വിറ്റുതുലയ്ക്കാൻ തീരുമാനിച്ചു. എന്തിനേറെ പറയണം, നമ്മുടെ രാജ്യത്തെ നവരത്നങ്ങൾ എന്നുപറയാവുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ തീരുമാനിച്ചു. എറണാകുളം ജില്ലയിലെ മോഡേൺ ബ്രഡ് കമ്പനി, മോഡേൺ ബ്രഡ് എന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ മലയാളികളുടെ നാവിൻ തുമ്പിലെ സ്വാദ് മറക്കാൻ കഴിയുകയില്ല. മോഡേൺ ബ്രഡ് കമ്പനി ഹിന്ദുസ്ഥാൻ ലിവറിന് നൽകി. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുവാൻ വാജ്പേയി ഗവൺമെന്റ് ശ്രീ. അരുൺ ഷൂരിയെ വിൽപ്പനയ്ക്കവേണ്ടി മാത്രം നിയമിച്ചത് നമുക്ക് ഓർത്തെടുക്കാൻ കഴിയും. അങ്ങനെ രാജ്യത്തെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ. സംസ്ഥാനത്താണെങ്കിൽ FACT, റിഫൈനറി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുവാൻവേണ്ടി ശ്രമിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ അംഗം എസ്. ശർമ്മ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. നിരവധി വിഷയങ്ങളുണ്ട്. ഞാനതിന്റെ നാനാവശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ഈ ഗവൺമെന്റ് വന്നതിനുശേഷം ലാഭത്തിലാക്കി. ശ്രീനാരായണ ഗുരു 1910-ൽ പറഞ്ഞത് വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃദ്ധി ഉണ്ടാക്കാൻ ഒരു പ്രദേശത്തിന്, സംസ്ഥാനത്തിന് കഴിയില്ലെന്നാണ്. വ്യവസായം വളരെ പ്രധാനപ്പെട്ടത് തന്നെയാണ്. അതുകൊണ്ട് വ്യവസായികൾക്ക് സൗകര്യങ്ങളൊരുക്കുന്നതിനും കേരളത്തിലെ സംസ്ഥാന ഗവൺമെന്റിന്റെ പക്കലുള്ള വ്യവസായ സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുവാനും രക്ഷപ്പെടുത്താനുമുള്ള വലിയ പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ കൈത്തറി മേഖലയിൽ ഒരു ഘട്ടത്തിൽ 350000-ൽപ്പരം ആളുകൾ ജോലി ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ കണക്ക് പരിശോധിച്ചാൽ 126000-ൽ താഴെ ആളുകൾ മാത്രമാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് എട്ടാം ക്ലാസ്സുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യമായി കൈത്തറി വസ്ത്രം നൽകാൻ തീരുമാനിച്ചു. ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം മീറ്റർ കൈത്തറി തുണി ആവശ്യമായി വന്നു. യു.ഡി.എഫ്. ഭരണ കാലയളവിൽ കൈത്തറി മേഖലയിൽ പണിചെയ്തിരുന്ന പതിനായിരത്തിലധികം ആളുകൾ ജോലിയില്ലാതെ, കുടുംബം നോക്കാൻ മാർഗ്ഗമില്ലാതെ, വരുമാനമില്ലാതെ പട്ടിണിയിലേയ്ക്ക് പോകുകയും ഈ ജോലി തന്നെ ഉപേക്ഷിക്കുന്ന അവസ്ഥയുണ്ടായി. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലിലൂടെ 11000-ൽപ്പരം വരുന്ന തൊഴിലാളികൾക്ക് കൈത്തറി മേഖലയിൽ തൊഴിൽ നൽകാൻ കഴിഞ്ഞുവെന്നത് നല്ല ഒരു നാളെയെ നെയ്തെടുക്കാൻ കഴിഞ്ഞതിന്റെ

ഏറ്റവും വലിയ സൂചനയായി കാണാൻ കഴിയും. നഷ്ടത്തിലായ നിരവധി സ്ഥാപനങ്ങളെ കരകയറ്റുവാൻവേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചു. അതിൽ ചിലതാണ് ഇവിടെ അൽപ്പംമുമ്പ് ശ്രീമതി വീണാ ജോർജ്ജ് സൂചിപ്പിച്ച KMML, KSIDC, TTPL, TCCL, MCL, കെൽട്രോൺ, SIFL, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ടെൽക്, FITL, ഇലക്ട്രോ സെറാമിക് ലിമിറ്റഡ്, സിൽക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് വലിയ കാര്യമാണ്. KMML മാത്രം 40 കോടി രൂപയിൽ കവിഞ്ഞത് ശ്രദ്ധേയമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് KMML യഥാർത്ഥത്തിൽ വലിയ നഷ്ടത്തിലേയ്ക്ക് എത്തിയിരുന്നു. യു.ഡി.എഫ്. നഷ്ടത്തിലേയ്ക്ക് എത്തിക്കുന്ന സ്ഥാപനങ്ങളെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വരുമ്പോൾ തിരിച്ചുകൊണ്ടുവരുന്നതിനും പുതുജീവൻ നൽകുന്നതിനും കഴിയുന്നുവെന്നുള്ളത് തീർച്ചയായും ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ചുവടുവയ്പ്പുകളിലൊന്നാണ്. നൂതനമായ വ്യവസായ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ടെക്നോളജി ഇന്നവേഷൻ, സ്റ്റാർട്ടപ്പ് കാമ്പയിൻ, പാർട്ട്ണർ നെറ്റ്വർക്ക്, ഇന്നവേഷൻ ഫണ്ട്, ഫാബ്-ലാബ് പ്രോഗ്രാം എന്നിങ്ങനെ നൂതന സ്കീമുകൾ, വികസന പരിപാടിക്ക് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ഈ ഗവൺമെന്റിന് നടത്താൻ കഴിഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് 8 പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറക്കാൻ കഴിഞ്ഞു. സ്പിന്നിംഗ് മില്ലുകളെ പ്രോത്സാഹിപ്പിക്കാനും അവയ്ക്ക് ഫണ്ട് മാറ്റിവയ്ക്കാനും യഥാർത്ഥത്തിലുള്ള വ്യാവസായിക വികസനം കൊണ്ടുവരാൻ ഈ ഗവൺമെന്റ് കടുത്ത പരിശ്രമം നടത്തുന്ന വേളയിലാണ് ഈ ചർച്ച ഇവിടെ നടക്കുന്നത്. കഴിഞ്ഞ ഏപ്രിൽ മാസം 5-ാം തീയതി നമ്മുടെ സംസ്ഥാനത്തെ വ്യാവസായികരംഗത്ത് നടപടികൾ വേഗതയിലാക്കുവാൻ 11 നിയമങ്ങൾ ഭേദഗതി ചെയ്യുമെന്നുള്ള തീരുമാനമെടുത്തുവെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും ആ പറഞ്ഞിട്ടുള്ളവയിൽ വിയോജിപ്പുള്ള ഒരു വിഷയം, നമ്മുടെ നാട്ടിലെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ തുടങ്ങിയ പ്രാദേശിക ഗവൺമെന്റുകൾക്ക് നാട്ടിൽ ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന ഒരു സ്ഥാപന മുണ്ടെങ്കിൽ ആ സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ കൊടുക്കുന്നതിന് അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾ ഹാനികരമാണെങ്കിൽ അവയെ നിയന്ത്രിക്കാനുള്ള അവകാശം നിലനിർത്തുവാനുള്ള നടപടികൂടി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് വേണ്ടിയുള്ള വ്യവസായ-വൈദ്യുതി വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വളരെ വലിയ കാര്യങ്ങളും ജനവിരുദ്ധ നിലപാടുകളുമുള്ളതുകൊണ്ടാണ് ഇതിനെ

എതിർക്കാനുള്ള സാഹചര്യമുണ്ടായത്. കഴിഞ്ഞ ഒരു വർഷമായി വ്യവസായ വകുപ്പിൽ എന്തു നടക്കുന്നുവെന്ന് കേരളത്തിലെ ജനങ്ങൾക്കറിയില്ല. തന്നെ വ്യവസായ വകുപ്പിന്റെ ചുമതലയിൽനിന്ന് മാറ്റാനും രാജിവയ്പിക്കാനും ചില മാഫിയകളും നിക്ഷിപ്ത താൽപ്പര്യക്കാരും ശ്രമിച്ചുവെന്നാണ് മുൻ വ്യവസായ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ രാജി പ്രഖ്യാപനത്തോടുകൂടി പറഞ്ഞത്. ഈ മാഫിയയെക്കുറിച്ച് അന്വേഷിക്കാൻ ഇന്നത്തെ ഗവൺമെന്റ് അല്ലെങ്കിൽ ഇപ്പോഴത്തെ വ്യവസായ മന്ത്രിയോ വകുപ്പോ തയ്യാറാകണം, കാരണം ഇത് പറഞ്ഞത് സീനിയർ നേതാവാണ്. അദ്ദേഹം അതിനകത്ത് ക്രൂശിക്കപ്പെട്ട ഒരാളാണ്. സ്വാഭാവികമായും അതിനെക്കുറിച്ച് ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ? ഇങ്ങനെ മാഫിയകളുള്ള ഈ വകുപ്പിനെ ഇനിയും ശുദ്ധീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ള ഒരു പ്രധാന ആരോപണം ഇവിടെ നിലനിൽക്കുകയാണ്.

വൈദ്യുതി വകുപ്പ്, നമുക്കറിയാം മന്ത്രിയുടെ കാര്യം പറയണ്ട, കേരളമെമ്പാടും പാട്ടാണ്. മന്ത്രി ചെയ്ത പ്രവൃത്തികളും മന്ത്രിയുടെ വാക്കുകളുമൊക്കെ വീണ്ടും പറയുമ്പോൾ അരാജകത്വം സൃഷ്ടിക്കുന്നതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ എല്ലാം ശരിയാക്കി തരുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ ഗവൺമെന്റ്, ശരിയാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ജനങ്ങളെ അധികഭാരം അടിച്ചേൽപ്പിക്കുന്നതിന് തുല്യമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. പിന്നെ എങ്ങനെ നമുക്കിതിനെ അനുകൂലിക്കാൻ സാധിക്കും? രാഷ്ട്രീയമായി പല കാഴ്ചപ്പാടുകളും നമ്മുടെ നാട്ടിൽ മാറിക്കൊണ്ടിരിക്കുകയാണ്. സി.പി.ഐ.(എം)-ന്റെ നിലപാടിൽനിന്ന് വ്യതിയാനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ധനകാര്യ മന്ത്രിയായ കെ. എം. മാണി സാറിനെ ഇവിടെ എന്തൊക്കെയാണ് വിളിച്ചത്. നോട്ട് എണ്ണുന്ന മെഷീനുണ്ട് അദ്ദേഹം ബജറ്റ് അവതരിപ്പിച്ചപ്പോൾ ഇവിടെയുണ്ടായ കോലാഹലങ്ങളൊക്കെ പൊതുസമൂഹവും ലോകജനതയും കണ്ടതാണ്. കെ. എം. മാണി സാറിന്റെ പാർട്ടിയെ യാതൊരു രാഷ്ട്രീയ മര്യാദയുമില്ലാതെ, ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിൽ നടന്ന സംഭവം നമ്മളെല്ലാവരും അറിഞ്ഞതാണ്. ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിൽ നടന്നത് കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ വഞ്ചനയും കുതിരക്കച്ചവടവുമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ മകനും മാത്രമാണ് ഇതിനെ സപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഭൂരിപക്ഷം എം.എൽ.എ.-മാരും അവിടെയുള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാക്കന്മാരും ഇതിനെ എതിർത്തിട്ടുപോലും സി.പി.ഐ.(എം) ഈ രാഷ്ട്രീയ വഞ്ചനയ്ക്ക് കൂടപിടിച്ചു കൊടുക്കുകയാണ് ചെയ്തത്. സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നിലപാട് എന്നും ഇങ്ങനെയൊക്കെത്തന്നെയാണ്. പക്ഷെ സി.പി.ഐ., അവിടെ ആണത്തം കാണിച്ചു. അവർ രാഷ്ട്രീയ മര്യാദ കാണിച്ചു. സി.പി.ഐ. ഒരുകാരണവശാലും അതിന് കൂട്ടുനിന്നില്ല. .....

ശ്രീ. എം. സ്വരാജ് : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. സ്വരാജ്: സർ, അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ അദ്ദേഹം പറഞ്ഞത് ആണത്തം കാണിച്ചു എന്നാണ്. അതൊരു gender discrimination ഉള്ള വാക്കാണ്. ഇക്കാലത്ത് ആണത്തം, പെണ്ണത്തം, ഇതിൽ രണ്ടിലും പെടാത്ത മൂന്നാംലിംഗം ഇതെല്ലാം തുല്യമായി പരിഗണിക്കുന്ന ഒരു കാഴ്ചപ്പാടാണ് നമ്മുടെ സമൂഹത്തിലുള്ളത്. അതുകൊണ്ടുതന്നെ മെയിൽഷോവനിസത്തെ പ്രകടിപ്പിക്കുന്ന ആണത്തം പ്രകടിപ്പിക്കുകയെന്നുള്ള വാക്ക് രേഖയിലുണ്ടാകാൻ പാടില്ല. 307 പ്രകാരം ആണത്തം പ്രകടിപ്പിച്ചു എന്ന വാക്ക് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കാം.*

ശ്രീ. അൻവർ സാദത്ത് : സർ, ശ്രീ. എം. സ്വരാജ് അത് പറയും. കാരണം സി.പി.ഐ.-യെ ഏറ്റവും കൂടുതൽ ഈ രീതിയിൽ ആക്ഷേപിച്ചതിൽ ഒരാൾ അദ്ദേഹമാണ്. അതുകൊണ്ട് ശ്രീ. എം. സ്വരാജിന് സ്വാഭാവികമായും കൊള്ളും. ഞങ്ങൾ നല്ലതുകണ്ടാൽ നല്ലതെന്നുപറയും. യാതൊരു സംശയവുമില്ല. അതാണ് കോൺഗ്രസ്സിന്റെ നയം. അതാണ് ഞങ്ങളുടെ നേതാക്കൾ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് സി.പി.ഐ. ചെയ്തത് നല്ലകാര്യം തന്നെയാണ്. അവർ രാഷ്ട്രീയമര്യാദ കാണിച്ചു. അല്ലാതെ നിങ്ങളെപ്പോലെ കഴിഞ്ഞ ദിവസംവരെ നോട്ടിംഗ് യന്ത്രം, കാശ് അടിച്ചു, മലപ്പുറംകത്തി എന്നൊക്കെ പറഞ്ഞിട്ട് ..... (ബഹളം)..... നിങ്ങൾ പറഞ്ഞ ആരോപണമാണ് പറഞ്ഞത്. .....(ബഹളം)..... ഞാൻ ഇരിക്കാം. ഉണ്ടോ ഇല്ലയോ എന്നുപറയൂ.

ശ്രീ. ആർ. രാജേഷ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞങ്ങൾ ഉന്നയിച്ച ആക്ഷേപമാണ്. അന്നത്തെ യു.ഡി.എഫ്. മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രി നോട്ട് എണ്ണുന്ന യന്ത്രം ഉപയോഗിച്ചു. അതിൽ യു.ഡി.എഫ്. ഉറച്ചുനിൽക്കുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞങ്ങളുടെ നിലപാട് അന്ന് പറഞ്ഞതാണ്. ഇവിടെ പോലീസിലെ ഹാങ്ഓവർ മാറിയിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പോലീസുകാർക്ക് അരമണിക്കൂർ വ്യായാമം നടത്താൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. രാവിലെയാണല്ലോ സാധാരണ വ്യായാമം നടത്തുന്നത്. രാവിലെതന്നെ ഒരു ഗ്ലാസ് മോരുകൊടുത്താൽ ആ ഹാങ്ഓവർ മാറാനുള്ള സാധ്യതയുണ്ടെന്നാണ് എന്റെ അഭിപ്രായം. കാരണം,

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1994/ഇ.ബി./2017 തീയതി 4-5-2017) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ചില കാര്യങ്ങൾ ചെയ്യുമ്പോൾ ഒരു ഗ്ലാസ്സ് മോരുകൊടുത്താൽ ഹാങ്ങ്ഓവർ മാറുമെന്ന് നമ്മുടെ നാട്ടിൽ പറയാറുണ്ട്. അതുപോലെ മുഖ്യമന്ത്രി പറഞ്ഞ ഈ ഹാങ്ങ്ഓവർ മാറ്റുവാൻ എല്ലാ പോലീസുകാർക്കും ഒരു ഗ്ലാസ് മോരുകൊടുത്ത് ഒരു പരീക്ഷണം നടത്തി നോക്കണം. അതുപോലെ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന പലർക്കും കൊടുക്കാനുണ്ട്. നിങ്ങൾ അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയാറായി. എന്നിട്ടും ഹാങ്ങ്ഓവറാണ് എന്നൊക്കെ പറയാൻ നാണമില്ലേ? എല്ലാം ശരിയാക്കിത്തരുമെന്ന് പറഞ്ഞ് അധികാരത്തിലേറിയിട്ട് ഈ നാണക്കേട് വീണ്ടും പറയാൻ സാധിക്കുമോ? എല്ലാം ശരിയാക്കിത്തരുമെന്നുള്ള ക്യാപ്ഷൻ കൊടുത്ത ആളിനെ ജനങ്ങൾ അന്വേഷിച്ചുനടക്കുകയാണ്. നിങ്ങൾ ആ ആളിനെയൊന്ന് ജനങ്ങളുടെ മുന്നിലിട്ടുകൊടുത്തുകഴിഞ്ഞാൽ ഈ ഗവൺമെന്റിന്റെ അവസ്ഥയെന്താണെന്ന് ആ ആളിനെ കൈകാര്യം ചെയ്യുമ്പോൾ മനസ്സിലാകും. ആ രീതിയിലാണ് ഗവൺമെന്റിന്റെ മുന്നോട്ടുപോക്ക് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കട്ടപ്പ ബാഹുബലിയെ കൊന്നത് എന്തിനാണെന്ന് ലോകത്തിലെ മുഴുവൻ പേർക്കും മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇവിടത്തെ ഡി.ജി.പി. ആരാണെന്ന് പറയാൻ സാധിക്കുന്നില്ല. അതാണവസ്ഥ. ആ ഒരു സാഹചര്യത്തിലേയ്ക്ക് ഇന്ന് കേരളം മാറിയിരിക്കുന്നു.

യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിലെ വ്യവസായ വകുപ്പ് ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞു. ഞാൻ ഇവിടെ ചില കണക്കുകൾ പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുംകൂടി 2014-2015 സാമ്പത്തികവർഷം വരുത്തിവച്ച സഞ്ചിതനഷ്ടം 2,671.4 കോടി രൂപ ആയിരുന്നു. യു.ഡി.എഫ്.-ന്റെ അവസാന വർഷമായ 2015-2016-ൽ 1,975.3 കോടി രൂപയായി കുറഞ്ഞു. അതായത് 26 ശതമാനം നഷ്ടമാണ് മുൻവർഷത്തെ അപേക്ഷിച്ച് കുറയ്ക്കാൻ കഴിഞ്ഞത്. അതോടൊപ്പംതന്നെ 2015-16-ൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ചേർന്ന് നികുതിയിനത്തിൽ 1,075 കോടി രൂപയോളം നൽകുകയുണ്ടായി. മുൻവർഷത്തെക്കാൾ 17.15 ശതമാനം വർദ്ധനവാണ് ഈ കാര്യത്തിലുണ്ടായത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ നേട്ടങ്ങളാണ് ഞാൻ പറഞ്ഞത്. വ്യവസായ സ്ഥാപനങ്ങളെ തകർക്കുവാൻ ശക്തരായിട്ടുള്ള ചില കപട പരിസ്ഥിതി വാദികൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. അവരിൽ പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യണമെന്ന് വാദിക്കുന്നവരുമുണ്ട്. പക്ഷേ കപട പരിസ്ഥിതിവാദികളെ തിരിച്ചറിയുവാൻ കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ ശ്രദ്ധിക്കണം. ഈ സർക്കാരും അത് ശ്രദ്ധിക്കേണ്ടതാണ്.

അതുപോലെ കരിമണലിന്റെ കാര്യത്തിൽ വലിയ വിവാദങ്ങളും പ്രശ്നങ്ങളുമൊക്കെ ഉണ്ടാകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ കരിമണൽ ഖനനം നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ പ്രൈവറ്റ് മേഖലകൾക്കും അല്ലെങ്കിൽ ഗവൺമെന്റും പ്രൈവറ്റ് മേഖലകളും ചേർന്ന് കരിമണൽ ഖനനം ചെയ്യാനുള്ള സാഹചര്യമൊരുക്കണം. കാരണം, കരിമണൽ സ്വാഭാവികമായും തിരവന്ന് വീണ്ടുമൊലിച്ച് മറ്റുപ്രദേശങ്ങളിൽ പോകുമെന്ന് നമുക്കറിയാം. അത് നമുക്ക് ഉപയോഗപ്പെടുത്തണം. ഇന്ന് പലപ്പോഴും ഇൽമനൈറ്റ് ഇല്ലാത്തതിന്റെ ദൂഷ്യം പല വ്യവസായ സ്ഥാപനങ്ങൾക്കുമുണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അത് ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. വ്യവസായ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൊണ്ടുവന്ന് അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള സാഹചര്യം ഈ സർക്കാർ ഉണ്ടാക്കണം. വ്യവസായ മേഖലയെ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടുപോകരുത്. പുതിയ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്ത് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കണം. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള സമീപനരീതി വ്യവസായ ലോകത്തെ തകർക്കുന്ന തരത്തിലുള്ളതായിരുന്നു. കാരണം, സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സഹായകരമായ നടപടി സ്വീകരിക്കേണ്ട സംസ്ഥാന സർക്കാർ വകുപ്പിലെ ചില ഉദ്യോഗസ്ഥരെ മുൻനിർത്തി സി.പി.ഐ.(എം)ന് അനുകൂലമായ സംഘടനയുടെ യൂണിയനുകൾ ഉണ്ടാക്കി മറ്റുള്ളവരെ അടിച്ചമർത്തുന്ന നയമാണ് സ്വീകരിക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പ്രസിഡന്റായ ചെറുകിട വ്യവസായ സംഘടനയായ കെ.എസ്.എസ്.എം.ഇ.ഒ.-യുടെ (കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഓർഗനൈസേഷൻ) അംഗീകാരം റദ്ദാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുകയാണ്. സി.പി.ഐ (എം)-ന് അനുകൂലമായ ചില സംഘടനകളെ ഉയർത്തിക്കൊണ്ടുവരാൻവേണ്ടി ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത് ഈ വ്യവസായ മേഖലയെ സി.പി.ഐ. (എം) വൽക്കരിക്കുവാനുള്ള ഒരു ശ്രമമാണ് നടക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2017-18 ബജറ്റിലെ വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ അല്ലെങ്കിൽ ഇടതുപക്ഷ കക്ഷികളെല്ലാം വികസനത്തിന് എതിരാണെന്നും വ്യവസായങ്ങളെ തകർക്കുന്ന നയങ്ങളാണ് എല്ലാ സമയത്തും കൈക്കൊള്ളുന്നതെന്നുമുള്ള മുദ്രാവാക്യം യു.ഡി.എഫ്. സ്ഥിരമായി പറഞ്ഞുപരത്താറുണ്ട്. ഇലക്ഷൻ സമയത്തെല്ലാംതന്നെ ഇത്തരത്തിലുള്ള വ്യാജപ്രചരണങ്ങളാണ് സാധാരണക്കാരുടെ ഇടയിൽ ഇവർ നടത്തുന്നത്. പക്ഷെ ഇടതുപക്ഷ കക്ഷികൾ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളായാലും

മറ്റ് വ്യവസായ സ്ഥാപനങ്ങളായാലും കോടിക്കണക്കിന് രൂപയുടെ ലാഭം കൊയ്യുന്ന വ്യവസായങ്ങളായി മാറുന്നത് നമ്മൾ സ്ഥിരമായി കണ്ടുവരുന്നതാണ്. കേരളത്തിലെ തൊഴിലാളി വർഗ്ഗത്തേയും അതിന്റെ മാനേജ്മെന്റിനേയും കൃത്യമായി നിരീക്ഷിക്കുകയും അതോടൊപ്പംതന്നെ അവർക്കാവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നതുകൊണ്ടാണ് സ്വാഭാവികമായും ഇത്തരത്തിലൊരു മാറ്റമുണ്ടാകുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് യാതൊരു കണക്കുമില്ലാതെ ധൂർത്ത് നടത്തുന്നതും ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താനും തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കാനുമുള്ള മാനേജ്മെന്റിന്റെയും സർക്കാരിന്റെയും കഴിവുകേടും കാരണമാണ് ഇത്തരത്തിൽ നഷ്ടമുണ്ടാകുന്നതെന്ന് പറയാൻ ആദ്യമായി ഞാൻ ആഗ്രഹിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളും കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലായിരുന്നു. പക്ഷെ 11 മാസം പിന്നിടുമ്പോൾ പകുതിയിലധികം സ്ഥാപനങ്ങളും ഇന്ന് ലാഭം കൊയ്യുന്ന വ്യവസായങ്ങളായി മാറിയിരിക്കുകയാണ്. തീർച്ചയായും നല്ലൊരു പ്രവണതയാണ് ഇത് കാണിക്കുന്നത്. 18544 ഫാക്ടറികളിലായി 440085 തൊഴിലാളികൾ മുമ്പ് കേരളത്തിലുണ്ടായിരുന്നു. പക്ഷെ അതുമാറി 17876 ഫാക്ടറികളും നാല് ലക്ഷത്തിചില്വാനം വരുന്ന തൊഴിലാളികളുമുള്ള അവസ്ഥയിലേയ്ക്ക് ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളായാലും മറ്റ് വ്യവസായ സ്ഥാപനങ്ങളായാലും എന്തുകൊണ്ടാണ് കേരളത്തെ ഇഷ്ടപ്പെടാത്തതെന്ന് നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. വൈദ്യുതിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവാണ് അന്നുണ്ടായിരുന്നത്. പക്ഷെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ ഏറ്റവും മുൻപന്തിയിലാണ് ഈ സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാം പുറമേ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ശക്തമായ ശ്രമങ്ങളും നടക്കുന്നുണ്ട്. പക്ഷെ, കടിൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൻപുറങ്ങളിലെല്ലാം പാരമ്പര്യ വ്യവസായങ്ങൾ ധാരാളമുണ്ടായിരുന്നു. അന്ന് ആഴ്ച ചന്തകളടക്കമുള്ള വിപണന രീതി നിലവിലുണ്ടായിരുന്നു. ഉല്പന്നങ്ങൾ കൃത്യമായി വിറ്റഴിക്കാനുള്ള സൗകര്യമുണ്ടായിരുന്നതുകൊണ്ട് പാരമ്പര്യ വ്യവസായങ്ങൾ നിരവധികാലം തകരാതെ നിലനിന്നുവെന്നതാണ് സത്യം. കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് മാർക്കറ്റ് കണ്ടെത്തുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള വലിയൊരു കുറവ് അത്തരം വ്യവസായങ്ങൾ തകരുന്ന അവസ്ഥയുണ്ടാക്കി. കളിമണ്ണായാലും പായ പോലെയുള്ള ചെറുകിട ഉല്പന്നങ്ങളായാലും, ഇത്തരത്തിലുള്ള അപാകത നമുക്ക് സംഭവിച്ചിട്ടുണ്ട്. ഒരു കുടുംബത്തിൽ അല്ലെങ്കിൽ ഗ്രാമത്തിലുള്ള ഇത്തരം പാരമ്പര്യ വ്യവസായികളെയും

കടിൽ വ്യവസായികളെയും കണ്ടെത്തി അവർക്കാവശ്യമായ സഹായം ചെയ്തു കൊടുക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ മിഡിൽ ഈസ്റ്റ് അടക്കമുള്ള എല്ലാ രാജ്യങ്ങളിൽനിന്നും പ്രവാസികൾ ധാരാളമായി മടങ്ങിവരുന്ന അവസ്ഥയുണ്ട്. അങ്ങനെ വരുന്നവരിൽ കഴിവുള്ള തൊഴിലാളികളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഇത്തരം ചെറുകിട വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തി അവരെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്ന ഒരു നയം വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പദ്ധതികൾക്കായി വലിയ വിഹിതമാണ് മാറ്റിവച്ചിട്ടുള്ളത്. പക്ഷെ അതിന്റെ മാനേജ്മെന്റിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഏത് കാലത്തും ഏത് കമ്പനിയും എത്ര നഷ്ടമുണ്ടാക്കിയാലും അത് സർക്കാർ നികത്തുമെന്നുള്ള ഒരു ബോധം മാനേജ്മെന്റിന് ഉണ്ടാകാൻ പാടില്ല. ഇത്തവണ നമ്മൾ ധനസഹായം നൽകുമ്പോൾ തുടർന്ന് അത്തരത്തിലുള്ള നഷ്ടങ്ങളുണ്ടായാൽ അതിന്റെ ഉത്തരവാദികൾ ആ കമ്പനിയുടെ തൊഴിലാളികളും മാനേജ്മെന്റുമാണെന്ന് ബോധ്യപ്പെടുത്താനുള്ള ബാധ്യത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കാരണം ജനങ്ങളുടെ നികുതിപ്പണമെടുത്താണ് ഇത്തരം കമ്പനികളെ വീണ്ടും ലാഭത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതും അവയുടെ നഷ്ടം നികത്തുന്നതും. സ്വാഭാവികമായും ആ ബോധം പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളിലുണ്ടാക്കണം. ഇത്തരത്തിൽ നഷ്ടം നികത്തുന്ന സമയത്ത് നിർബന്ധമായും അവരെ അത് ബോധ്യപ്പെടുത്തേണ്ടതാണ്.

കേന്ദ്രത്തിലെ മോദി സർക്കാരിന്റെ വികസന നയങ്ങളെല്ലാം നമ്മൾ വളരെയധികം കണ്ടതാണ്. വലിയ പ്രചരണങ്ങളോടെ വികസന തന്ത്രങ്ങളെല്ലാം ഒരുക്കുമ്പോൾ യു.പി.എ. സർക്കാരിനെ വെല്ലുന്ന രീതിയിലാണ് ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനച്ചരക്കാക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാണ് വിൽക്കുന്നതെന്ന് പറയുന്നുണ്ടെങ്കിലും കൊച്ചിൻ ഷിപ്പിയാഡ് അടക്കമുള്ള കമ്പനികളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള തീരുമാനം ഒരുകാരണവശാലും അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ മുമ്പ് നിയമസഭ പ്രമേയം പാസ്സാക്കിയതാണ്. എന്നിരുന്നാലും കേരളത്തിൽ ഇത്രയും ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ വീണ്ടും ശബ്ദമുയർത്തേണ്ടതുണ്ട്. ഏകദേശം 3,39,84,000 രൂപയുടെ പത്ത് രൂപ മൂല്യമുള്ള ഓഹരി വിറ്റഴിക്കാനാണ് ഇപ്പോൾ ശ്രമം നടക്കുന്നത്. ഇതിനെതിരായി ശക്തമായ പ്രചരണങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

യു.ഡി.എഫ്.-ന്റെ കാലത്തെ വികസനം സംബന്ധിച്ച് പറയുകയാണെങ്കിൽ തമ്പാന്നൂരിലെ കെ.എസ്.ആർ.ടി.സി. കെട്ടിടം നോക്കിയാൽ കാണാൻ കഴിയും. മഴ പെയ്താൽ ആ ഭാഗത്തേയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥയാണ്. അതിന്റെ ഒന്നാംനില മുഴുവനും എലികളും പെരുച്ചാഴികളും കൂടി നശിപ്പിച്ചിരിക്കുകയാണ്. യാതൊരു മാനേജ്മെന്റുമില്ല, അതുതന്നെയായിരുന്നു അവരുടെ വികസന നയവും. ഒരു ഭാർഗ്ഗവീനിലയം പോലെ അതവിടെ കിടക്കുകയാണ്.

ബഹുമാന്യനായ എൻ. ഷംസുദ്ദീൻ മലപ്പുറത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയുകയുണ്ടായി. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ഇന്ത്യയിൽ ജയിക്കാൻ പറ്റുന്ന ഏക പാർലമെന്റ് മണ്ഡലം മലപ്പുറമാണെന്ന് ഇന്ത്യയിലെ എല്ലാവർക്കും അറിയാം. അവിടത്തെ വോട്ടിന്റെ കണക്കുവച്ച് ഇടതുപക്ഷത്തിന്റെ ജനപ്രീതി നഷ്ടപ്പെട്ടെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വോട്ടിന്റെ അടിസ്ഥാനത്തിൽ ജയിച്ചിട്ടുണ്ട്, ശരിയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ഒറ്റയ്ക്ക് നിന്നാലോ സഖ്യകക്ഷിയായി മത്സരിച്ചാലോ ജയിക്കാൻ പറ്റുന്ന ഏതെങ്കിലുമൊരു പാർലമെന്റ് മണ്ഡലം ഇന്ത്യയിലുണ്ടെന്ന് പറയാമോ? കഴിഞ്ഞ പ്രാവശ്യത്തെ വോട്ടിന്റെ കണക്കെല്ലാം പറഞ്ഞു, ഒരു ലക്ഷം വോട്ട് ഇടതുപക്ഷത്തിന് അധികം വന്നത് എങ്ങനെയാണ്; നിങ്ങൾ ചേർത്ത വോട്ടുകൾ എവിടെപ്പോയി? അത്തരം കണക്കുകളെല്ലാം ഒരു വാദത്തിനുവേണ്ടി പറയാമെന്നേയുള്ളൂ.

സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ കാര്യം ഇവിടെ പറഞ്ഞു. പക്ഷെ നമ്മുടെ പ്രദേശങ്ങളിലെല്ലാം വിദേശത്തുനിന്നും വന്ന പ്രവാസികൾ ഇന്നും ഒരു വ്യവസായം ആരംഭിക്കുന്നതിന് ബുദ്ധിമുട്ടുകയാണ്. തിരുർ നഗരസഭാ പരിധിയിൽ ഒരു അസംബ്ലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി ഒരു സംരംഭകൻ മൂന്ന് മാസം നഗരസഭയിൽ കയറിയിറങ്ങിയിട്ടും ക്ലിയറൻസ് കൊടുക്കാൻ അവർ തയ്യാറായില്ല. ഇത്തരം നിരവധി കേസ്സുകളുണ്ട്. അവസാനം ആ യൂണിറ്റ് കോയമ്പത്തൂരിൽ പോയി തുടങ്ങേണ്ട അവസ്ഥയുണ്ടായി. ഇത്തരത്തിൽ 15-ഓളം വിദേശ മലയാളികൾ എന്റെ ഓഫീസിൽ വന്നിട്ടുണ്ട്. ചൈന, ജപ്പാൻ പോലെയുള്ള രാജ്യങ്ങളിലെല്ലാംതന്നെ ചെറിയ ചെറിയ കുടിൽ വ്യവസായങ്ങളാണ് പിന്നീട് വലിയ വ്യവസായങ്ങളായി മാറിയത്. ചൈന പോലെയുള്ള വലിയ രാജ്യങ്ങൾ ഏറ്റവും വലിയ വ്യവസായ രാഷ്ട്രമായി വളർന്നതും ചെറിയ ചെറിയ വ്യവസായങ്ങളിൽ നിന്നാണ്. പഞ്ചായത്തുകളായാലും നഗരസഭകളായാലും ഇത്തരം ക്ലിയറൻസിന് സമയം വൈകിക്കാതെ സർക്കാർ നടത്തുന്ന സംവിധാനത്തിന് ആക്കം കൂട്ടാനും ഇത്തരത്തിലുള്ള ആളുകളെ പ്രോത്സാഹിപ്പിക്കാനുള്ള കൂടുതൽ ശ്രമങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ ചൈനയിൽ നിന്നെല്ലാം ഇറക്കുമതി ചെയ്യുന്ന ടോർച്ചും മറ്റുള്ള സാധനങ്ങളുമെല്ലാം ഇത്തരത്തിൽ അസംബിൾ ചെയ്ത് കൊണ്ടുവരുന്നതാണ്. അത്തരം

യൂണിറ്റുകൾ ഇവിടെ തുടങ്ങിയാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെല്ലാം ധാരാളം തൊഴിൽ ലഭിക്കുകയും ജനങ്ങൾക്ക് ധനം ലഭിക്കാൻ പറ്റുന്ന മാർഗ്ഗങ്ങളുണ്ടാവുകയും ചെയ്യും. അത്തരത്തിലുള്ള സംരംഭങ്ങൾക്ക് പൂർണ്ണ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വ്യവസായം എന്ത് എന്നറിയാത്ത ജില്ലയിൽനിന്ന് വരുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. അപ്പോൾ സ്വാഭാവികമായും നിങ്ങൾ ചോദിച്ചേയ്ക്കാം, യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും കാസർഗോഡിന് അവഗണനയുണ്ടായിട്ടുണ്ടോ എന്ന്? കാസർഗോഡ് ജില്ലയെ ആരെങ്കിലും പരിഗണിച്ചിട്ടുണ്ടെങ്കിൽ അത് യു.ഡി.എഫ്. ആണെന്ന് അഭിമാന ത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെൽ (KEL)-നെക്കുറിച്ച് നമുക്കറിയാം. 1986-ൽ മുസ്ലീം ലീഗിന്റെ പ്രിയങ്കരനായ നേതാവ് ദിവംഗതനായ ഇ. അഹമ്മദ് സാഹിബ് യു.ഡി.എഫ്. സർക്കാരിലെ വ്യവസായ മന്ത്രി ആയിരുന്നപ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന കാസർഗോഡ് മണ്ഡലത്തിലെ മൊഗ്രാൽ-പുത്തൂർ പഞ്ചായത്തിലെ കമ്പാർ എന്ന സ്ഥലത്താണ് കെ.ഇ.എൽ.ന് തറക്കല്ലിട്ടത്. 1990 -ൽ പ്രവർത്തനമാരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് KEL. 2011 മാർച്ച് 28 മുതൽ KEL, BHEL ആയി മാറി. കാസർഗോഡ് ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനത്തിന്റെ മരണമണി അതോടുകൂടി മുഴങ്ങാൻ തുടങ്ങിയെന്ന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിക്ക് നന്നായി അറിയാം. പൊന്നുംയിടുന്ന താറാവിനെ അറുത്ത അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ വിഡ്ഢിത്തമായിരുന്നു അതെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ സ്ഥാപനത്തിന്റെ 51 ശതമാനം ഓഹരി BHEL-നും 49 ശതമാനം കേരള സർക്കാരിനുമാണ് ഇപ്പോഴുള്ളത്. നാശത്തിന്റെയും തകർച്ചയുടെയും പടുകുഴിയിലാണ് ഇപ്പോൾ BHEL. ജീവനക്കാർക്ക് KEL-ൽ ലഭിച്ചിരുന്ന ആനുകൂല്യം ഇപ്പോൾ BHEL-ൽ ലഭിക്കുന്നില്ല. 175 ജീവനക്കാരും കുടുംബാംഗങ്ങളും ഇനി എന്ത് എന്ന ചിന്തയിൽ ഭാവിയെക്കുറിച്ച് ഓർത്ത് ആശങ്കയിലാണ്. 20 കോടിരൂപ മുതൽമുടക്കിൽ ആരംഭിച്ച സ്ഥാപനത്തിൽ തങ്ങളുടെ ഓഹരി പിൻവലിക്കുന്നു എന്ന് BHEL നാലുതവണ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയുമുണ്ടായിട്ടില്ല. 2017 ഏപ്രിൽ 26-ാം തീയതി ഈ സഭയിലെ എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടിയ ഉത്തരം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് BHEL യൂണിറ്റ് നേരിടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് കിട്ടിയിട്ടുള്ള ഉത്തരം 'ഇല്ല' എന്നാണ്. ഇല്ലെങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ

യോഗം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത യോഗത്തിൽ ആരെയെല്ലാമാണ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ള ചോദ്യത്തിന് കിട്ടിയ ഉത്തരം, 'യോഗം വിളിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല' എന്നാണ്. അപ്പോൾ അതിന്റെയർത്ഥം കാസർഗോഡ് BHEL തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് പോകുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിസ്സംഗതാ മനോഭാവമാണെന്നാണ് ഈ ഉത്തരത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങ് വളരെ പെട്ടെന്ന് തന്നെ ഇടപെടുകയും BHEL-നെ രക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കാസർഗോഡ് മേഖല ഒരു വ്യവസായ ലോ കോസ്റ്റ് റിജിയനാണ്. ആ സാധ്യത ഉപയോഗപ്പെടുത്തുവാൻ സർക്കാർ മുന്നോട്ടുവരണമെന്ന് കൂടി അപേക്ഷിക്കുകയാണ്. കാസർഗോഡിൽ സ്ഥലത്തിന് വളരെ വില കുറവാണ്. അതുപോലെ തന്നെ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് നമുക്ക് നല്ലതുപോലെ അറിയാം. മംഗലാപുരം സീപോർട്ടും എയർപോർട്ടുമൊക്കെ വളരെ അടുത്താണ്. ട്രാൻസ്പോർട്ട് സൗകര്യം ധാരാളമുണ്ട്. കശുവണ്ടി ഏറ്റവും കൂടുതൽ ലഭിക്കുന്ന സ്ഥലമാണ് കാസർഗോഡ്. വ്യവസായത്തിനോടുള്ള നമ്മുടെ കാഴ്ചപ്പാടിൽ ഒരു മാറ്റം അനിവാര്യമാണ്. ഇവിടെ മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപോലെ കാർഷിക ഉല്പന്നങ്ങളിൽ നിന്ന് വ്യവസായ ഉല്പന്നങ്ങളുണ്ടാക്കാൻ നമുക്ക് സാധിക്കണം. ഭക്ഷ്യസംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് കൂതിപ്പ് നൽകാൻ കഴിയണം. വെളിച്ചെണ്ണ എല്ലാവരുടെയും അവിഭാജ്യഘടകമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ വ്യാജ വെളിച്ചെണ്ണയെ തടയുവാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഓരോ വീട്ടിലും നമ്മുടേതായ വെളിച്ചെണ്ണ ഉപയോഗിക്കാൻ തുടങ്ങിയാൽ നാം ഉല്പാദിപ്പിക്കുന്ന തേങ്ങ അതിന് മതിയാകാതെ വരും. പക്ഷേ ഇവിടെ വ്യാജ വെളിച്ചെണ്ണ പല പേരിലും മാർക്കറ്റിലുണ്ട്. കേര ശുദ്ധ്, കേര ഗോൾഡ് തുടങ്ങിയ വ്യാജ വെളിച്ചെണ്ണകൾ മാർക്കറ്റിൽ സുലഭമാണ്. അതിനെ തടയാൻ നടപടി എടുക്കേണ്ടതായിട്ടുണ്ട്.

അതുപോലെ സംസ്ഥാനത്തെ ആക്രി സാധനങ്ങൾ കളക്ട് ചെയ്ത് തമിഴ്നാട്ടിലേയ്ക്കാണ് കൊണ്ടുപോകുന്നത്. അവിടെ കൊണ്ടുപോയി എന്താണ് അവർ ചെയ്യുന്നത്? നമുക്ക് ഇവിടെത്തന്നെ ഇത്തരം സാധനങ്ങളെ ഉപയോഗപ്പെടുത്തി അതിൽ നിന്ന് വൈദ്യുതിയോ മറ്റോ ഉല്പാദിപ്പിക്കുവാൻ സാധിക്കണം. ഇവിടെ നമുക്ക് സംരംഭകരെ നേരായി നയിക്കുന്ന ഒരു ടെക്നോളജി സപ്പോർട്ടില്ല എന്നതാണ് കാര്യം. സർക്കാർ അതിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചപോലെ കോടതികളെ ധിക്കരിക്കുകയും കോടതി തീരുമാനങ്ങൾക്ക് പുല്ലിന്റെ വില പോലും നൽകാതിരിക്കുകയും ചെയ്യുന്നതാണോ ഈ സർക്കാരിന്റെ നയമെന്ന് ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്.

കാരണം, മുൻ എം.എൽ.എ. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ നേതൃത്വത്തിലുള്ള കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഓർഗനൈസേഷനെ വ്യവസായ സംബന്ധിയായ യോഗങ്ങളിൽ ഉൾപ്പെടുത്തണമെന്നും സംഘടനയെ സർക്കാർ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ പാടില്ലെന്നും ഹൈക്കോടതി വിധിച്ചിരുന്നു. ഒരു മാസത്തിനുള്ളിൽ ഹൈക്കോടതി വിധി അംഗീകരിച്ച് ഉത്തരവ് നടപ്പിലാക്കിയതായുള്ള സർക്കാർ തീരുമാനം രേഖാമൂലം സംഘടനാ ഭാരവാഹികളെ അറിയിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചതാണ്. ഹൈക്കോടതി ഉത്തരവ് ലഭിച്ച് മാസങ്ങൾ കഴിഞ്ഞുവെങ്കിലും യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കയർ, കൈത്തറി, ഖാദി മേഖലകൾക്ക് 1000 കോടി, 500 കോടി, 150 കോടി രൂപ നൽകുമ്പോൾ കേരളത്തിന്റെ പ്രധാനപ്പെട്ട വ്യവസായമേഖലയായ കരകൗശലത്തിന് 6 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ഞാൻ ഈ സഭയുടെ മുമ്പാകെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അതുപോലെ വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല. 850 ഓളം വരുന്ന സംഘങ്ങൾക്ക് ആകെ അനുവദിച്ചിട്ടുള്ളത് 25 ലക്ഷം രൂപ മാത്രമാണ്.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇപ്പോൾ എന്റെ ഏറ്റവും അടുത്തയാളാണെന്ന് പറയുവാൻ ആഗ്രഹിക്കുന്നു. രണ്ടുമാസം മുമ്പ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കാസർഗോഡ് വന്നിരുന്നു. അദ്ദേഹത്തിന്റെ സാമീപ്യവും സാന്നിദ്ധ്യവും 4 മണിക്കൂറിലധികം അനുഭവിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. 4 മണിക്കൂർ കൊണ്ട് 4 വർഷത്തെ ബന്ധവും സ്നേഹവുമുണ്ടാക്കാൻ എനിക്ക് സാധിച്ചു. അതുകൊണ്ട് അദ്ദേഹത്തെ വിമർശിക്കുന്ന കാര്യത്തിൽ എനിക്ക് വളരെയധികം വിഷമമുണ്ട്. പക്ഷേ അദ്ദേഹം മലിനഭാഷയിൽ പ്രസംഗം നടത്തിയെന്ന് കേട്ടപ്പോൾ എനിക്ക് വല്ലാത്ത ഞെട്ടലും ദുഃഖവുമുണ്ടായി. സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി ബഹുമാനപ്പെട്ട മന്ത്രിയെ പരസ്യമായി ശാസിച്ചുവെന്നറിഞ്ഞപ്പോൾ എനിക്ക് അതിലധികം സങ്കടമുണ്ടായി. ശ്രീ. എം. എൻ. കാരശ്ശേരി, ഒരു പക്ഷത്തും നിൽക്കാത്ത എഴുത്തുകാരനാണ്. 2017 ഏപ്രിൽ 26-ലെ മലയാള മനോരമ ദിനപ്പത്രത്തിൽ, മണിക്ക് 'ലെയ്നസുണ്ട്' എന്ന തലക്കെട്ടിൽ അദ്ദേഹം ഒരു ലേഖനമെഴുതി. അതിൽ പറയുന്നത് 'ജനങ്ങളോട് തരിമ്പും ആദരവില്ലാത്തവർക്കു മാത്രമേ ഇത്തരത്തിൽ വാക്ക് പ്രയോഗിക്കുവാൻ സാധിക്കുകയുള്ളൂയെന്ന്. ദരിദ്രന്മാരെയും തൊഴിലാളികളെയും സ്ത്രീകളെയും പുച്ഛിച്ച് പ്രസംഗിക്കുവാൻ കഴിയുന്നത് അവരൊന്നും കൂട്ടിയാൽ ഒന്നും കൂടില്ല എന്ന ധിക്കാരത്തിൽ നിന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, മന്ത്രി ഒരു മാറ്റത്തിന് വിധേയനാകണം എന്നാണ്. ആ മാറ്റം കണ്ട് ശ്രീ. എം. എൻ. കാരശ്ശേരി പോലെയുള്ള ആളുകൾ അത്ഭുതപ്പെടണം.

അങ്ങയെ പ്രശംസിച്ച് കാരശ്ശേരിക്ക് വീണ്ടും ഒരു ലേഖനം എഴുതാനുള്ള അവസരം അങ്ങ് ഉണ്ടാക്കിക്കൊടുക്കണം. താങ്കളെ ശാസിച്ച സംസ്ഥാന കമ്മിറ്റി സെക്രട്ടറിയുടെ കസേരയിൽ അങ്ങ് ഇരുന്നു കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ഒരു മാറ്റം ഉണ്ടാക്കണം. അങ്ങയുടെ ശൈലിയിൽ, നിലപാടിൽ, സംസാരത്തിലൊക്കെ അത്തരത്തിലുള്ള ഒരു മാറ്റമുണ്ടാക്കി സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയുടെ കസേരയിൽ അങ്ങ് ഇരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയുള്ള ഒരു പ്രതികാരമാണ് ഇവരോടൊക്കെ അങ്ങ് ചെയ്യേണ്ടത്. സ്വയം മാറ്റം വരുത്തിക്കൊണ്ട് അങ്ങ് അത്തരത്തിലുള്ള ഒരു പ്രതികാരം ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

2.00 PM]

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതുവഴി സാധാരണക്കാരോടൊപ്പം ജീവിച്ചുവളർന്ന അങ്ങേയ്ക്ക്, ഈ ഷോക്ക് സാധാരണക്കാരായ ജനങ്ങൾക്ക് നൽകാൻ സാധിച്ചത് എങ്ങനെയാണെന്ന് ഞാൻ അത്ഭുതപ്പെടുന്നു. മഴയെ ആശ്രയിച്ച് മാത്രം എത്രകാലം നമുക്ക് ഇങ്ങനെ കഴിയാൻ സാധിക്കും. സോളാർ പദ്ധതികൾകൊണ്ട് പൂർണ്ണമായും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് ചിന്തിക്കണം. താപനിലയങ്ങൾ യാഥാർത്ഥ്യമാക്കണം. എന്റെ പ്രിയസുഹൃത്ത് ശ്രീ. എം. രാജഗോപാലന്റെ മണ്ഡലത്തിലാണ് ചീമേനി താപനിലയം ഉള്ളത്. ചീമേനി താപനിലയം യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ ആരാണ് തടസ്സം എന്നതിനെക്കുറിച്ച് ചിന്തിക്കണം. ആ തടസ്സങ്ങൾ നീക്കി അത്തരക്കാരുടെ മനോഗതിയിൽ മാറ്റങ്ങൾ ഉണ്ടാക്കി ചീമേനി താപനിലയം യാഥാർത്ഥ്യമാക്കാൻ സാധിച്ചാൽ കേരളത്തിനാകെയുള്ള വൈദ്യുതി അവിടെ നിന്ന് ഉത്പാദിപ്പിക്കാൻ സാധിക്കും. നമ്മുടെ ചിന്തയിലും മനോഗതിയിലുമൊക്കെ അത്തരത്തിലുള്ള മാറ്റം കൊണ്ടുവരണം. മഴക്കാലമായാൽ ശ്രദ്ധിക്കാനുള്ള കാര്യം, മെറ്റീരിയലിന്റെ ലഭ്യതയാണ്. വോൾട്ടേജ് ക്ഷാമംമൂലം പലയിടങ്ങളിലും ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്നു. ആ സമയത്ത് മെറ്റീരിയലിന്റെ ലഭ്യത ഉറപ്പുവരുത്തണം. പ്രസരണ വിതരണ ശൃംഖല വീക്കായ കാസർഗോഡ് പോലുള്ള പ്രദേശങ്ങളിൽ രാത്രിയും പകലും ഇരുട്ടാണ്. അതിനാൽ അത്തരം പ്രദേശങ്ങളിൽ ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയാൽ ഏത് സമയത്തും പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ സാധിക്കും. അതിന് മന്ത്രി മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ട്രാൻസ്ഫോർമർ മീറ്റർ റിപ്പെയർ യൂണിറ്റില്ലാത്ത കേരളത്തിലെ ഏക ജില്ല കാസർഗോഡ് മാത്രമാണ്. കാസർഗോഡിനെ അക്കാര്യത്തിലും പരിഗണിക്കണമെന്ന് മന്ത്രിയോട് അപേക്ഷിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നത് എന്തുപറഞ്ഞാണ് എന്നുള്ളത് നമുക്ക് എല്ലാവർക്കുമറിയാം. ജനങ്ങൾക്ക് മണിമേട തീർക്കുമെന്ന പ്രഖ്യാപനത്തോടെയാണ് അവർ വന്നത്. എന്നാൽ ഇപ്പോൾ കേരളത്തിന്റെ അവസ്ഥ എന്താണ്? ഇടതുപക്ഷക്കാരനായ കവി കടമ്മനിട്ട രാമകൃഷ്ണനെക്കുറിച്ച് ഞാൻ പറയേണ്ടതില്ലല്ലോ. ആറന്മുള എം.എൽ.എ.-യായി അദ്ദേഹം ഈ സഭയിൽ ഉണ്ടായിരുന്നു. കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയ വരികളിൽ..

പൂ പൂത്തപ്പൊഴെനിക്ക് ലഭിച്ചത് കൊഴിയും പോളകൾ മാത്രം

കാ കായ്ച്ചപ്പൊഴെനിക്ക് ലഭിച്ചത് തൊണ്ടും തൊലിയും മാത്രം.

ഇടതുപക്ഷക്കാരനായ ഒരു കവിയുടെ ഈ വരികൾ പാവം ജനങ്ങളെ സാക്ഷിയാക്കി നമുക്ക് ആവർത്തിച്ച് പാടാം.

നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി സഭയിലില്ല. അനാരോഗ്യം മൂലമാണ് സഭയിൽ വരാത്തതെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരോഗ്യം വീണ്ടെടുത്ത് അവർക്ക് ഈ സഭയിൽ വരാൻ സാധിക്കട്ടെ. എനിക്ക് ആരോഗ്യ വകുപ്പുമന്ത്രിയോട് വളരെയധികം ബഹുമാനമുണ്ട്. എല്ലാ കാര്യങ്ങൾക്കും നന്നായി പ്രതികരിക്കും. ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ ഒരു സംഭവവികാസങ്ങളും ഈ സർക്കാരിന്റെ ഇമേജിനെ ബാധിച്ചിട്ടില്ലായെന്ന് പറഞ്ഞതിനാലാണ് എനിക്ക് അവരോട് ബഹുമാനം കൂടാനുള്ള കാരണം. ഒരു സത്യം പറഞ്ഞ മന്ത്രിയാണ്. ഇമേജ് ഈ സർക്കാരിന് ഉണ്ടെങ്കിൽ മാത്രമല്ലേ ബാധിക്കുകയുള്ളൂ. അതുകൊണ്ട് സത്യം പറഞ്ഞ മന്ത്രിയെന്ന നിലയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ അസാന്നിദ്ധ്യത്തിൽ അവരെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ വളരെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, വ്യവസായം കൊണ്ട് അഭിവൃദ്ധി നേടുക' എന്നത് കേരളീയ നവോത്ഥാന ശിൽപ്പിയായ ശ്രീനാരായണ ഗുരുദേവന്റെ വചനങ്ങളാണ്.

വ്യാവസായിക അഭിവൃദ്ധിയിലേയ്ക്ക് കേരളത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമായ സമഗ്ര വികസന പദ്ധതികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഭാവനാപൂർണ്ണമായിട്ടുള്ള ആസൂത്രണം, അതിലേയ്ക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാശക്തി, പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനം ഇതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ഇത് പ്രതിഫലിപ്പിക്കുന്ന ബഹുമുഖമായിട്ടുള്ള ഇടപെടലുകളാണ് കേരളത്തിന്റെ വ്യാവസായിക വൈദ്യുതി മേഖലയിൽ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരുകാലത്ത് കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ ഏറ്റവും ദുർബ്ബലമായ

കണ്ണി വ്യാവസായിക പിന്നോക്ക അവസ്ഥയായിരുന്നു. കേരളത്തിലെ വ്യാവസായിക പിന്നോക്ക അവസ്ഥയുടെ വേരുകൾ ഭൂതകാലത്തുനിന്ന് തുടങ്ങണം. ബ്രിട്ടീഷ് ഭരണം കേരളത്തെ അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി പ്രദേശമായി രൂപാന്തരപ്പെടുത്തുകയായിരുന്നു. 1960-കളുടെ മദ്ധ്യം വരെയും കാര്യമായ വ്യവസായശാലകളൊന്നും തന്നെ കേരളത്തിൽ തുറക്കപ്പെട്ടില്ല. തിരുവിതാംകൂർ പ്രദേശത്ത് വളർന്നുവരുന്ന ഒറ്റപ്പെട്ട ആധുനിക വ്യവസായങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഇക്കാര്യം പറയുന്നത്. കേരളത്തിലെ സാമൂഹിക സാമ്പത്തിക ഘടനയിലെ സവിശേഷ ദൗർബ്ബല്യങ്ങൾ സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിൽ പൊതുവായി ഉണ്ടായ പരിമിതങ്ങളായ നേട്ടങ്ങളിൽ പോലും പങ്കാളികളാകുന്നതിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തി. 1960-കളിൽ വ്യവസായവത്കരണത്തിനായി നടത്തിയ തീവ്രയത്നങ്ങൾ കുറച്ചൊക്കെ ഫലം കണ്ടു. വിഭവ ദാരിദ്ര്യംമൂലം സംസ്ഥാനത്തിന് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടി കഴിഞ്ഞില്ല. മൻകാലങ്ങളിൽ ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സ്വകാര്യ മേഖലയിലെ മൂലധനത്തെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല. തൊഴിൽ പ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, ഊർജ്ജപ്രധാനമായ രാസ വ്യവസായങ്ങൾ എന്നീ രണ്ട് മേഖലകളിലായിരുന്ന കേരളത്തിന്റെ ഊന്നൽ. വ്യവസായ വളർച്ചയ്ക്കായി കേരളം തെരഞ്ഞെടുത്ത പാത വഴിമുട്ടുകയായിരുന്നു. കേരളത്തിലെ വ്യവസായ ഘടനയുടെ ദൗർബ്ബല്യം പരിഹാരത്തെ കൂടുതൽ ദുർഘടമാക്കുകയായിരുന്നു. പരമ്പരാഗത വ്യവസായങ്ങളെ പ്രത്യേകിച്ചും കാർഷിക പ്രധാനമായവയെ ആശ്രയിച്ചാണ് 19-ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ വ്യവസായ വളർച്ചയുണ്ടായത്. കാലഘട്ടത്തിന് അനുസരിച്ചുള്ള സാമൂഹിക-സാമ്പത്തിക മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യകതയും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെയുംകുറിച്ച് പുനർചിന്തനം നടത്തുകയാണ് നാം ഇവിടെ ഇപ്പോൾ ചെയ്യുന്നത്. പൊതുമേഖലാ വ്യവസായം അതിന്റെ ഉത്പന്നത്തിനും വിപണിക്കും ഉപരിയായി നിലകൊള്ളുന്ന സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടതുണ്ടെന്ന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. ഇവിടെയാണ് വഴിമാറി ചിന്തിക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത്. വിദ്യാസമ്പന്നരായ ജനങ്ങൾക്ക് അനുയോജ്യമായ വ്യവസായങ്ങൾ ഇവിടെ വേണം. അവ ഉയർന്ന കൂലി നൽകാൻ കഴിയുന്ന മൂല്യവർദ്ധിത വ്യവസായങ്ങളായിരിക്കണം, മലിനീകരണം സൃഷ്ടിക്കാത്തവയായിരിക്കണം, തദ്ദേശീയവിഭവങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കാൻ സഹായിക്കുന്നവയായിരിക്കണം. ഓരോ വ്യവസായത്തിനും ആവശ്യമുള്ള അസംസ്കൃത വിഭവങ്ങൾ, വൈദ്യുതി, മൂലധനം തുടങ്ങിയവ വ്യത്യസ്തമാണ്. ഉത്പന്നങ്ങളുടെ വിപണന സാധ്യതകളിലും അന്തരമുണ്ടാകും. പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാവുന്ന തൊഴിലവസരങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. പാരിസ്ഥിതിക പ്രത്യാഘാതങ്ങളും വ്യത്യസ്തമായിരിക്കും. ഇവയെല്ലാം സമഗ്രമായി കണക്കിലെടുത്ത് സാമ്പത്തിക

വളർച്ചയെ സഹായിക്കുന്നതും ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെ അനുയോജ്യ വ്യവസായവത്കരണമെന്ന് വിളിക്കാം. ഒന്ന്, വിവര സാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, നാനോ സാങ്കേതിക വിദ്യ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ. രണ്ട്, ടൂറിസം പോലെയുള്ള സേവന പ്രധാനമായിട്ടുള്ള വ്യവസായങ്ങൾ. മൂന്ന്, ലഘു എഞ്ചിനീയറിംഗ് പോലെയുള്ള സാങ്കേതിക വൈദഗ്ധ്യാധിഷ്ഠിതമായിട്ടുള്ള വ്യവസായങ്ങൾ. നാല്, റബ്ബർ, കാർഷിക വിഭവങ്ങൾ, ധാതുമണൽ തുടങ്ങിയ വിഭവങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്ന വ്യവസായങ്ങൾ. മറ്റ് വ്യവസായങ്ങളെ കാണാതിരുന്നിട്ടല്ല. ഈ മേഖലയിലേയ്ക്ക് വലിയ തോതിൽ സ്വകാര്യ മൂലധനത്തെ ആകർഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇനിയും നമുക്ക് ശക്തമാക്കേണ്ടതുണ്ട്. ഈ നാല് പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഇടതുപക്ഷത്തിന് ഒരു ബദൽ സമീപനമുണ്ട്. ഒന്ന്, ലക്ഷക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കണമെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്.-നുള്ളത്. ഈ മേഖലയിൽ ആധുനികവൽക്കരണം അനിവാര്യമാണ്. രണ്ട്, ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കലും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തലുമാണ്. മൂന്ന്, പൊതുമേഖലയുടെ സ്വകാര്യവത്കരണം പാടെ തള്ളിക്കളയുന്നു എന്നാണ്. നിലവിലുള്ള പൊതുമേഖലയെ സംരക്ഷിച്ച് വികസിപ്പിക്കുക എന്നതാണ് നമ്മുടെ തന്ത്രം. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് കാഴ്ചപ്പാട്. നാല്, സ്വകാര്യ മൂലധനം ആകർഷിക്കുന്നതിനുവേണ്ടി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനും സർക്കാർ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. തൊഴിൽ നിയമങ്ങളും പാരിസ്ഥിതിക നിയമങ്ങളും തൊഴിൽ ഉടമകൾ പാലിച്ചേ പറ്റൂ. മറ്റ് സംസ്ഥാനങ്ങളുമായി മത്സരിക്കാൻ ഈ നിയമങ്ങളിൽ ഒരിക്കലും ഇളവ് ചെയ്യാൻ നമുക്ക് കഴിയില്ല. പരമ്പരാഗത വ്യവസായ പുനരുദ്ധാരണത്തിനായി എൽ.ഡി.എഫ്.-ന്റെ ശക്തമായ ഇടപെടൽ ഇനിയും വേണ്ടിവരും. വൈവിദ്ധ്യവത്കരണവും ആധുനികവത്കരണവും പൊതു മേഖലയുടെയും സഹകരണ സംഘങ്ങളുടെയും പുനഃസംഘാടനത്തിനും പുനരു ജ്ജീവനത്തിനും പ്രത്യേക പ്രാധാന്യം, പരമ്പരാഗത മേഖലകളിൽ ക്ലസ്റ്റർ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുക, സഹകരണ സംഘങ്ങൾക്ക് വേണമെങ്കിൽ ക്ലസ്റ്റർ കേന്ദ്രമായി മാറി പ്രവർത്തിക്കാവുന്നതാണ്, പരിശീലനം, വിപണന സഹായം, തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ സംവിധാനം, പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘാടനത്തിൽ ഫലപ്രദമായി ഇടപെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം, ഇവയുടെ നടത്തിപ്പിലും മാനേജ്മെന്റിലും വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ, ഉത്പന്നങ്ങളുടെ

വില കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ തുടങ്ങിയ ഇത്തരം കാഴ്ചപ്പാടുകൾ എൽ.ഡി.എഫ്. മുന്നോട്ട് വച്ചുകൊണ്ടാണ് ചില പദ്ധതികൾക്ക് തുടക്കം കുറിച്ചത്. ഉദ്യോഗസ്ഥ നിയമനത്തിലെ സുതാര്യത വിളിച്ചോതിക്കൊണ്ട് പൊതുമേഖലാ സ്ഥാപന തലപ്പത്തേയ്ക്ക് ഉദ്യോഗസ്ഥന്മാരുടെ തെരഞ്ഞെടുപ്പ്, പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് സ്ഥാപിക്കാനുള്ള തീരുമാനം തുടങ്ങിയവ അങ്ങേയറ്റം സ്വാഗതാർഹമാണ്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി 1994-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായനഗര പ്രദേശ വികസനവും ആക്ട് ഭേദഗതി ചെയ്യാനുള്ള തീരുമാനവും സംസ്ഥാനത്തിന് ഗുണം ചെയ്യുന്നതാണ്. പ്രതിസന്ധികളിൽ നിശ്ചലമായ കൈത്തറി തറികൾ ചലിച്ചുതുടങ്ങിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ തീരുമാനമാണ് മരണാസന്നമായ വ്യവസായത്തിന് പുതുജീവൻ നൽകിയത്. ഇവിടെ ഫാക്ടറിയുടെ അടച്ചിട്ട വാതിലുകൾ ഒന്നൊന്നായി തുറക്കപ്പെടുകയാണ്. പൂട്ടികിടന്നിരുന്ന എട്ട് പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിച്ചു. ചെങ്ങന്നൂരിലെ പ്രഭ്വറാം മിൽസ്, ഏറ്റുമാനൂരിലെ മിൽ, മലപ്പുറത്തെ എടരിക്കോട് മിൽ, കോഴിക്കോട് മലബാർ സ്പിന്നിംഗ് മിൽ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, തൃശ്ശൂരിലെ സീതാറാം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ബാലരാമപുരത്തെ സ്പിന്നിംഗ് മിൽ ഉൾപ്പെടെ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ ഈ മില്ലുകളെയെല്ലാം പരിരക്ഷിച്ച് സംരക്ഷിച്ചെടുക്കുകയായിരുന്നു. തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ ചവറ കെ.എം.എം.എൽ. കരകയറുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കം 12 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് സ്വകാര്യവത്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയത് ഈ സന്ദർഭത്തിലാണെന്ന് നാം ഓർക്കണം. എഫ്.എ.സി.റ്റി. അടക്കം 32 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് നീതി ആയോഗ് കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്തിരിക്കുകയാണ്. ആദ്യഘട്ടം എന്ന നിലയിൽ 12 എണ്ണത്തിന്റെ തീരുമാനമാണ് എടുത്തിരിക്കുന്നത്. നഷ്ടത്തിലുള്ള 26 പൊതുമേഖലാ സ്ഥാപനങ്ങൾ അടിയന്തരമായി അടച്ചുപൂട്ടാനുള്ള ശിപാർശയാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിലാണ് ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകൾ കേരളത്തിലെ ഗവൺമെന്റ് വ്യാവസായിക മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

വൈദ്യുത മേഖലയെ സംബന്ധിച്ചിടത്തോളം, വജ്ര ജൂബിലി വർഷത്തിൽ വീടുകളിൽ ഇനി വജ്രത്തിളക്കമാണ്. കേരളം സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്.

ഒന്നരലക്ഷത്തോളം വീടുകളിലാണ് വൈദ്യുതി എത്തിയത്. 2006-2011-ലെ എൽ.ഡി.എഫ്.-ന്റെ ഭരണകാലയളവിൽ 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഇന്ത്യയിൽ ആദ്യമായി പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രി ശ്രീ. സുശീൽ കുമാർ ഷിൻഡെയാണ് പ്രഖ്യാപനത്തിനായി എത്തിയത്. ശ്രീ. സുശീൽ കുമാർ ഷിൻഡെ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനെ ഹസ്തദാനം ചെയ്തുകൊണ്ട് 'Congratulations' എന്ന് വേദിയിൽ വച്ച് പറഞ്ഞു. അന്നത്തെ സർക്കാരിനെയും പ്രത്യേകിച്ച് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനെയും അനുമോദിക്കുമ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി സാറും ആ വേദിയിലുണ്ടായിരുന്നു. അദ്ദേഹം ഇതുകേട്ട് തലയാട്ടുകയായിരുന്നു. കാരണം ദീർഘമേറിയ 45 വർഷക്കാലം പുതുപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിച്ച വ്യക്തിയാണ് ഉമ്മൻ ചാണ്ടി സാർ. എന്നിട്ടും ആ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത് അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനായിരുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ചയെന്നുള്ള രീതിയിൽ ഇന്ന് അതിന്റെ എല്ലാ തലത്തിലേയ്ക്കും അതിവേഗം മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വിവിധ പദ്ധതികളിലായി കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക്, അതിൽ 30 മെഗാവാട്ട് ഇതിനകം പൂർത്തിയായിരിക്കുകയാണ്. കൂടാതെ വിവിധ പദ്ധതികളിലായി 12 മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിച്ചു. വെള്ളത്തുവൽ, പെരുന്തേനരുവി ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. 1000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പ്രസരണ പദ്ധതി, അതുപോലെതന്നെ അപേക്ഷകർക്ക് അനുകൂലമായിട്ടുള്ള ഒട്ടനവധി ആനുകൂല്യങ്ങളും തുടങ്ങി 355000-ത്തോളം വൈദ്യുതി കണക്ഷനുകൾ, 1300 കിലോമീറ്ററോളം 11 കെ.വി. ലൈൻ, 3700 കിലോമീറ്റർ എൽ.റ്റി. ലൈൻ, 1800 വിതരണ ട്രാൻസ്ഫോർമറുകൾ എന്നിവയും സ്ഥാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേരളത്തിന്റെ പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായുള്ള ശ്രദ്ധേയമായ പദ്ധതികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത്. 1000 സ്ക്വയർ ഫീറ്റിൽ കുറഞ്ഞ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് വീട്ടുനമ്പരോ കൈവശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം അങ്ങേയറ്റം പ്രശംസാർഹമായിരുന്നു. വീട് വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് നേരിട്ട് ഏറ്റെടുക്കുന്ന നടപടി ഒരുപക്ഷെ കേരളത്തിൽ ആദ്യമായിട്ടായിരിക്കും. മൂവായിരത്തോളം വീടുകളുടെ വയറിംഗാണ് വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തിയത്. ഈ ഘട്ടത്തിൽ സാമൂഹ്യ പ്രതിബദ്ധതയോടെ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാൻ

മുൻകയ്യെടുത്ത അതിൽ പങ്കാളികളായിട്ടുള്ള കേരളത്തിലെ വൈദ്യുതി ബോർഡ് ജീവനക്കാർക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ട് അർപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് ഉദ്ദേശിക്കുന്ന തിരുനെൽവേലി-കൊച്ചി 400 കെ.വി. ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്ത് മുടങ്ങിക്കിടന്ന ലൈൻ നിർമ്മാണ ജോലികൾ ഈ സർക്കാരിന്റെ കാലത്താണ് പുനരാരംഭിച്ചിരിക്കുന്നത്. നഷ്ടപരിഹാരത്തുക പ്രഖ്യാപിച്ച് വ്യക്തമായ ഉത്തരവിറക്കി, പ്രാദേശിക എതിർപ്പ് പരിഹരിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്ന പള്ളിവാസൽ, തോടിയാർ, ചാത്തൻകോട് എന്നീ പദ്ധതികൾ പുനരാരംഭിക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിക്കുകയായിരുന്നു. സംസ്ഥാനത്തെ മുഴുവൻ തെരുവു വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി., കാര്യക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചു. അങ്ങനെ വളരെ ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ജനക്ഷേമകരമായ പ്രവർത്തന പദ്ധതികളുമായി നാടിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി മുന്നോട്ടുകുതിക്കുന്ന ഈ സർക്കാരിനെതിരെയാണ് യു.ഡി.എഫ്. ഇപ്പോൾ പ്രചണ്ഡമായ അപവാദ പ്രചരണത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിടുന്നത്.

'യഥാർത്ഥ ജ്ഞാനത്തിലേക്കുള്ള ആദ്യപടി നമ്മുടെ അജ്ഞതയെക്കുറിച്ചുള്ള ബോധം വരികയെന്നതാണ്' - മഹാനായ തത്വചിന്തകൻ സോക്രട്ടീസിന്റേതാണ് ഈ വാക്കുകൾ. ഇവിടെ യു.ഡി.എഫ്.-ന് തീരെ ഇല്ലാതെ പോകുന്നതും അതാണ്. ആശയ ദാരിദ്ര്യവും അസഹിഷ്ണുതയുമെല്ലാം പ്രതിഫലിക്കുന്ന ദയനീയ പ്രകടനങ്ങളാണ് ഇപ്പോൾ ഈ സഭാതലത്തിൽ അനുദിനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഈ സർക്കാരിനെ ഒന്നും ചെയ്യാൻ കഴിയില്ല. കാരണം സത്യം, ഹൃദയശുദ്ധി, നിസ്വാർത്ഥത എന്നീ ഗുണങ്ങളുള്ള മനുഷ്യനെ പരാജയപ്പെടുത്താൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. ഈ വാക്കുകൾ എന്റേതല്ല, സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകളാണ്; ഇത് കടമെടുക്കുകയാണ്. സത്യവും ഹൃദയശുദ്ധിയും നിസ്വാർത്ഥതയുമെല്ലാം ഒത്തിണങ്ങിയ ഒരു മുഖ്യമന്ത്രിയും ഒരു സർക്കാരുമാണ് ഈ നാട് ഭരിക്കുന്നത്. മലയാളിയുടെ ജീവിതത്തേയും സംസ്കാരത്തേയും എന്നും മുന്നോട്ടുനയിച്ചത് അവരുടെ ഉയർന്ന മൂല്യബോധമാണ്. അത് സംരക്ഷിക്കുന്ന സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ.

എന്റെ സുഹൃത്തും കാസർഗോഡ് എം.എൽ.എ.യുമായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചീമേനി കൽക്കരി നിലയത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ചീമേനി കൽക്കരി നിലയത്തിനെതിരായിട്ടുള്ള സമീപനമായിരുന്നു അവിടത്തെ ജനങ്ങൾ സ്വീകരിച്ചത്. ഏത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനെയും ഇടതുപക്ഷ ജനാധിപത്യമുന്നണി എപ്പോഴും സ്വാഗതം ചെയ്യാറുണ്ട്; നടപ്പിലാക്കാറുമുണ്ട്. വാതകാധിഷ്ഠിത നിലയം വരുന്നതിൽ അവിടത്തെ ജനങ്ങൾക്ക് എതിർപ്പില്ല. അതുപോലെ കാസർഗോഡ് വിവിധ മേഖലകളിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ ഏതു നടപടി സർക്കാർ സ്വീകരിച്ചാലും അവിടത്തെ ജനങ്ങൾ അതിനെ സ്വാഗതം ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എന്നാൽ പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ പുതിയ മുന്നണിയെക്കുറിച്ചും ചില അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ചുമെല്ലാം എന്റെ സുഹൃത്ത് സൂചിപ്പിക്കുകയുണ്ടായി. കോൺഗ്രസ്സിന് അതിനെക്കുറിച്ച് പറയാൻ എന്ത് അർഹതയാണുള്ളത്; ഗാന്ധി ശിഷ്യരും ഗാന്ധി ഘാതകരും ഒന്നിച്ചു നിൽക്കുകയല്ലേ? ബഹുമാന്യനായ പി. ടി. തോമസ് പലപ്പോഴും ഇ.എം.എസ്.-ന്റെ ഉദ്ധരണികളെല്ലാം ഉന്നയിച്ച് ഇവിടെ പറയാറുണ്ടല്ലോ? കാസർഗോഡ് ജില്ലയിൽ കറ്റിക്കോൽ ഗ്രാമപഞ്ചായത്തിലും പൈവളികെ ഗ്രാമപഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്കിലും കോൺഗ്രസ്സും ലീഗും ബി.ജെ.പി.-യും മുന്നണിയാണ്. കാസർഗോഡ് ജില്ലാ സഹകരണബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതുവരെ നിങ്ങൾ ആരോടൊപ്പമായിരുന്നു; എന്നിട്ട് നിങ്ങളാണോ അവിശുദ്ധ ബന്ധത്തെക്കുറിച്ച് ഇവിടെ പ്രതികരിക്കുന്നത്?

ഇന്നലെ പോലീസ് അതിക്രമവും ക്രമസമാധാന തകർച്ചയും ചൂണ്ടിക്കാട്ടി ഇവിടെ നിറഞ്ഞാടുവാൻ ശ്രമിക്കുകയായിരുന്നല്ലോ; എന്തായിരുന്നു കേരളത്തിന്റെ പൂർവ്വകാല ചരിത്രം? നിങ്ങൾ ഓർക്കുന്നില്ലേ, ഇന്ത്യയുടെ ഭരണാധികാരത്തിന്റെ കിരീടവും ചെങ്കോലും കയ്യാളിയിരുന്ന മൻപ്രധാനമന്ത്രി 1975-ൽ ജനാധിപത്യ വഴിത്താരയിൽ നിന്ന് വിട്ടുമാറി ഇന്ത്യയെ നിന്ദ്യമായ സ്വേച്ഛാധിപത്യത്തിന്റെ വഴിയിലൂടെ മുന്നോട്ടു നയിച്ചപ്പോൾ അടിയന്തരാവസ്ഥയുടെ ഭീകരയാമങ്ങളിൽ കേരളത്തിലെ പോലീസ് സ്റ്റേഷനുകളെല്ലാം കോൺസെൻട്രേഷൻ ക്യാമ്പുകളായി മാറുകയായിരുന്നു; കൊലക്കളമായി മാറുകയായിരുന്നു. ആ സന്ദർഭത്തിൽ നിങ്ങൾ അന്നത്തെ മർദ്ദനമുറകൾക്കിട്ടത് എന്തെല്ലാം ഓമനപ്പേരുകളാണ്? ഉരുട്ടൽ, പമ്പാവാസൻ, ഗരുഡൻ തൂക്ക്, കാവടിയാട്ടം ഇതെല്ലാമായിരുന്നു അന്ന് മർദ്ദനമുറകൾക്ക് പേര്

ചൊല്ലി വിളിച്ചിരുന്നത്. അങ്ങനെ കേരളത്തിലെ ജനാധിപത്യ വ്യവസ്ഥയാകെ തകർത്ത് പൗരാവകാശമെല്ലാം ഇല്ലാതാക്കി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുകൊണ്ട് ഈ അപകടകരമായ അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു ഭരണ സംവിധാനമായിരുന്നില്ലേ നിങ്ങളുടെ കാലത്ത് കേരളം കണ്ടത്? എന്നിട്ട് ഇപ്പോൾ നിങ്ങൾ ഏത് അർത്ഥത്തിലാണ് ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിമർശിക്കാൻ വരുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വ്യക്തമായ ഒരു പോലീസ് നയമുണ്ടെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചു, ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ജനങ്ങളുമായി സൗഹൃദം വച്ചുപുലർത്തുന്ന പോലീസ്, ജനങ്ങളെ ആക്രമിക്കാനും കൊന്നൊടുക്കാനും അകാരണമായി മർദ്ദിക്കാനുമല്ല മറിച്ച്, അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ നാടിന്റെ ക്രമസമാധാന പരിപാലനം ഉറപ്പുവരുത്താൻ നാടിന്റെയും അതുവഴി ജനങ്ങളുടെയും കാവലാളായിട്ടുള്ള പ്രവർത്തനമാണ് കേരളത്തിലെ പോലീസ് നടത്തേണ്ടതെന്നാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത കാഴ്ചപ്പാട്. അതിൽ ഉറച്ചുനിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. സാധാരണക്കാരന്റെ താല്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, അവന്റെ ഹൃദയസ്പന്ദനം ഉൾക്കൊള്ളാൻ കഴിയുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ച് വളരെ കൃത്യതയോടുകൂടി ഇവിടെ പ്രശ്നപരിഹാരമുണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കാരണം മണ്ണിന്റെ ഗന്ധമറിയുന്ന സർക്കാരാണിത്; തൊഴിലാളിയുടെ ഹൃദയത്തുടിപ്പ് മനസ്സിലാക്കുന്ന സർക്കാരാണിത്.

"ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ

പാരിൽ പരക്ലേശവിവേകമുള്ളൂ"

എന്ന് പാടിയത് കുഞ്ചൻനമ്പ്യാരാണ്. അങ്ങനെ മണ്ണിൽ കഷ്ടതയനുഭവിക്കുന്ന അവശവിഭാഗത്തിന്റെ ഹൃദയസ്പന്ദനം ഉൾക്കൊണ്ട് വരുംനാളുകളിൽ അവരോടൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കാൻ ഈ സർക്കാരിന് കഴിയും. എവിടെ ജനങ്ങൾ വിമോചനത്തിനുവേണ്ടി സ്വാതന്ത്ര്യത്തിനുവേണ്ടി അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടുന്നുവോ അവരോടൊപ്പം നിൽക്കാൻ ഈ ഗവൺമെന്റിന് കഴിയും.

"എങ്ങു മനുഷ്യന് ചങ്ങല കൈകളിലങ്ങെൻ

കൈയുകൾ നൊന്തീടുകയാണെങ്ങോ മർദ്ദന

മവിടെ പ്രഹരം വീഴുമതെന്റെ പുറത്താകുന്നു."

ഇത് എൻ. വി. കൃഷ്ണവാര്യരുടെ വരികളാണ്.

മി. സ്പീക്കർ: .....പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. രാജഗോപാലൻ: സർ, പാവപ്പെട്ട മനുഷ്യർ, അവശവിഭാഗം, പാർശ്വവൽക്കരിക്കപ്പെട്ടവർ പീഡനമനുഭവിക്കുന്ന ഘട്ടത്തിൽ അതിനെ പ്രതിരോധിക്കാൻ അവരോടൊപ്പം നിൽക്കാൻ അവരുടെ കണ്ണീരൊപ്പാൻ ഈ സർക്കാർ എന്നുമുണ്ടാകും. പണിയെടുക്കുന്ന തൊഴിലാളികളുടെയും കൃഷിക്കാരുടെയും സമൂഹത്തിലെ സമസ്ത വിഭാഗം ജനങ്ങളുടെയും ഹൃദയസ്പന്ദനം ഉൾക്കൊണ്ട് നാടിന്റെ സമഗ്ര വികസനവും ജനക്ഷേമവും മുൻനിർത്തി ഈ സർക്കാർ മുന്നോട്ട് പോകും. 'എൽ.ഡി.എഫ്.' എന്ന ഈ ജനകീയ അശ്വത്തെ പിടിച്ചുകെട്ടാൻ ആരുണ്ടിവിടെ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഈ സർക്കാർ മുന്നോട്ടു കുതിക്കുക തന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇപ്പോൾ ചെന്ന് നോക്കിയാൽ ഭാർഗ്ഗവീനിലയമാണെന്നും രണ്ടാം നിലയിൽ മുഴുവൻ എലികളുമാണെന്ന് ശ്രീ. വി. അബ്ദുറഹിമാൻ സംസാരിച്ചപ്പോൾ പറഞ്ഞു. ഈ എലികളെല്ലാം ഒരു വർഷംകൊണ്ട് ഉണ്ടായതാണ്. സ്വർഗ്ഗാലയമായിരുന്ന തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇന്ന് ഭാർഗ്ഗവീനിലയമാക്കി മാറ്റിയെന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ ഏറ്റവും വലിയ നേട്ടം. അതുതന്നെയാണ് യു.ഡി.എഫ്.-ഉം, എൽ.ഡി.എഫ്.-ഉം തമ്മിലുള്ള നേട്ടത്തിന്റെ വ്യത്യാസം. സി.പി.ഐ.(എം)-ന്റെ നവ കേരള മാർച്ച് 2016 ഫെബ്രുവരി 15-ന് തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ അവസാനിച്ചപ്പോൾ ജാഥാ ക്യാപ്റ്റൻ സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോ അംഗം സഖാവ് പിണറായി വിജയൻ യാത്രാവിജയത്തിന്റെ ലഹരിയിൽ ഒരു പ്രാവിനെ പറത്തി. ആ പ്രാവ് ഒരടിപോലും കുതിക്കാനാകാതെ നിലംപൊത്തി. വരാൻ പോകുന്ന ദുരന്തത്തിന്റെ ദുസ്സൂചനയാണെന്ന് എല്ലാവരും അതിനെ പ്രവചിച്ചു. അതെ, എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറത്തിയ ആ പ്രാവാണ് ഈ ഗവൺമെന്റ്. ദുസ്സൂചന പോലെ ഈ ഗവൺമെന്റ് മേയ് 25-ന് ഒരു വർഷം തികയുമ്പോൾ ഒരടി പോലും പറക്കുവാനും കുതിക്കുവാനുമാകാതെ തറയിൽ കൂപ്പുകുത്തികിടക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ആ പ്രാവിന് പറക്കാൻ കഴിയാത്തതെന്ന് അറിയാമോ? അതിനെക്കുറിച്ച് ഞാൻ പറയാം. പ്രാവിന്റെ കാലുകൾ ആരോ ബന്ധിച്ചിരിക്കുന്നു. അതിന്റെ ചിറകുകൾ അങ്ങയുടെ കൈകളിൽ അമർന്നു തളർന്നിരുന്നു. ഈ ഗവൺമെന്റിന് പറ്റിയ വീഴ്ചയും അതുതന്നെയാണ്. അങ്ങ് മന്ത്രിമാരുടെ കാലുകൾ കൂട്ടിക്കെട്ടി, ഉദ്യോഗസ്ഥരുടെ ചിറകുകൾ തളർത്തി, ഏകാധിപത്യ ശൈലിയിൽ വാക്കുകൾ കൊണ്ട് അസ്ത്രം തൊടുത്തു, കൈതൊടുന്നതൊക്കെയും നിലം പൊത്തുകയും നിലവിടുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് കണ്ടകശനിയാണെന്നാണ് എനിക്ക് തോന്നുന്നത്. കണ്ടക ശനി കൊണ്ടേപോകൂവെന്നാണ് ജ്യോത്സ്യന്മാർ

പറയുന്നത്. ഇതുമൂലം താഴെപ്പറയുന്ന ദോഷങ്ങൾ ഉളവാകുമെന്നുള്ളത് ഉറപ്പല്ലേ? വീഴ്ച, മനോവേദന, തൊഴിൽ വിട്ടുനിൽക്കുക, ധനനഷ്ടം, തോൽവി, ഭരണ പരാജയം, മാനഹാനി, സ്ത്രീകൾക്കും കുട്ടികൾക്കും നാട്ടിൽ ജീവിക്കാൻ പറ്റാത്ത അവസ്ഥ, കൊടിയ ജല ദൗർലഭ്യം, ക്രിമിനൽ കേസ്സുകൾ പെരുകൽ, മന്ത്രിമാർ അലസന്മാരാകുക, മണി കെണിയാകുക, ബെഹ്റ രാജി വയ്ക്കാതിരിക്കുക, ഡി.ജി.പി. ഇല്ലാതിരിക്കുക, സുപ്രീംകോടിതിയിൽ കേസ് തോൽക്കുക, ജനം സർക്കാരിന് എതിരാകുക, മുഖ്യമന്ത്രി തോന്നിയത് പറയുക, എടാ പോടോ വിളി ഉണ്ടാകുക, ചിരിക്കാൻ കഴിയാതെ വരുന്ന അവസ്ഥ, അലസത, അഹങ്കാരം എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷണങ്ങൾ. ഇതിന് പ്രതിവിധിയുണ്ട്. ഇതൊക്കെ തൽക്കാലത്തേക്കെങ്കിലും തരണം ചെയ്യണമെങ്കിൽ ചില പ്രതിവിധികൾ കൂടി പറയുകയാണ്. ശനിയാഴ്ച ഉപവസിക്കണം, ഇരുമ്പിന്റെ മോതിരം കയ്യിൽ ധരിക്കണം, മന്ത്രി മണിക്ക് അതിന്റെ ആവശ്യമില്ല ഇരുമ്പിന്റെ താക്കോൽ കൂട്ടം കയ്യിൽ പിടിച്ചാൽ മതി, പ്രതിപക്ഷത്തെ കേൾക്കുക. ചോദ്യങ്ങൾക്ക് വഴങ്ങുക, ഭരണ കാര്യങ്ങളിൽ ശ്രദ്ധിക്കുക, കോടതി വിധി മാനിക്കുക, നല്ലത് ചിന്തിക്കുക, കെഎസ്.യു./യൂത്ത് കോൺഗ്രസ്/ യു.ഡി.എഫ്. സമരങ്ങളെ അടിച്ചമർത്താതിരിക്കുക, ഉദ്യോഗസ്ഥന്മാരെ മുഖവിലയ്ക്കെടുക്കുക തുടങ്ങിയവയാണ്. നാട്ടുഭോഷയുടെ ആധുനിക പിതാവായ ശ്രീ. എം. എം. മണിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമക്കുന്നത് ഈ കണ്ടകശനി കൊണ്ടാണ്. സുപ്രീംകോടതി തള്ളിപ്പറഞ്ഞ ശ്രീ. ലോക്നാഥ് ബെഹ്റയെ മുഖ്യമന്ത്രി താങ്ങുന്നതും ശ്രീ. ടി. പി. സെൻകുമാറിനെ തൽസ്ഥാനത്ത് നിയമിക്കാത്തതും ഈ കണ്ടകശനി കൊണ്ടാണ്. മറ്റു മന്ത്രിമാരുടെ ഉപദേശം തേടാതെ കൂടുതൽ ഉപദേശകന്മാരെ വയ്ക്കുന്നതും ഈ കണ്ടകശനികൊണ്ടാണ്. ഡി.ജി.പി. ആരാണെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറയാത്തത് ഈ കണ്ടകശനികൊണ്ടാണ്. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ ഡി.ജി.പി. ഓഫീസിന് സമീപം വലിച്ചിഴച്ചത് ഈ കണ്ടകശനികൊണ്ടാണ്. മൂന്നാർ ഒഴിപ്പിക്കലിൽ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട മന്ത്രിസഭയിൽ ഭിന്നാഭിപ്രായം ഉണ്ടായത് ഈ കണ്ടകശനികൊണ്ടാണ്. സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബഹുമാന്യനായ കാനം രാജേന്ദ്രൻ കറക്കിയെറിഞ്ഞ മുതലാളിത്ത ശൈലി തകർക്കൽ സുദർശന ചക്രത്തിൽ മുഖ്യമന്ത്രി നിലംപരിശായതും ഈ കണ്ടകശനികൊണ്ടാണ്. വ്യവസായ വകുപ്പിലാണ് ആദ്യമായി ഈ കണ്ടകശനി പിടിപെട്ടത്. ഒരു വർഷം കൊണ്ട് വ്യവസായ വകുപ്പിന് എന്ത് നേട്ടമാണുണ്ടാക്കിയത്? വ്യവസായ വകുപ്പിന് ആകെക്കൂടി ഉണ്ടായ നേട്ടം ഒരു വർഷത്തിനുള്ളിൽ ശ്രീ. ഇ. പി. ജയരാജൻ രാജി വച്ചുവെന്നതുമാത്രമാണ്. തന്നെ വ്യവസായ വകുപ്പിൽ നിന്നും മാറ്റണമെന്ന് ചില മാഫിയകൾ ആവശ്യം ഉന്നയിച്ചിരുന്നുവെന്നാണ് ശ്രീ. ഇ. പി. ജയരാജൻ അന്ന് ഇവിടെ പറഞ്ഞത്. ആരാണ് ഈ മാഫിയയെന്ന് അറിയണ്ടെ? ശ്രീ. ഇ. പി.

ജയരാജനോട് രാജി വയ്ക്കാൻ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ശ്രീ. ഇ. പി. ജയരാജൻ കുറ്റസമ്മതം നടത്തിയെന്ന് പറഞ്ഞത് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനുമാണോ ഈ മാഫിയാക്കാർ. പക്ഷെ ശ്രീ. ഇ. പി. ജയരാജനോട് ചെയ്തത് നീതികേടാണ്. എനിക്ക് വളരെ ഇഷ്ടമുള്ള ഒരാളാണ് ശ്രീ. ഇ. പി. ജയരാജൻ. കാരണം പതിനഞ്ച് വർഷമായി പൂട്ടിക്കിടന്ന പെരുമ്പാവൂർ റയോൺസിലെ തൊഴിലാളികളുടെ കടിശ്ശിക കൊടുത്തുതീർക്കാമെന്ന് പറഞ്ഞ് ഉറപ്പുനൽകിയ ആളായിരുന്നു പാവം ജയരാജൻ സഖാവ്. ബന്ധുക്കളെ നിയമിച്ചതിന് ശ്രീ. ഇ. പി. ജയരാജന് മാത്രമേ കുറ്റമുള്ളൂ. അന്ന് പതിനഞ്ചോളം ബന്ധുക്കളെയാണ് സി.പി.ഐ. (എം) നേതാക്കൾ നിയമിച്ചത്. ശ്രീ. ഇ.പി. ജയരാജന്റെ ബന്ധുക്കളൊഴികെ എല്ലാവരും ഇപ്പോൾ തുടരുന്നത് നീതീകരിക്കാമോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 വ്യവസായങ്ങൾ ലാഭത്തിലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഒരു വർഷത്തെ ഓഡിറ്റ് പോലും നടത്തിയിട്ടില്ലാത്ത സ്ഥാപനത്തിൽ കണക്കിലെ കള്ളക്കളികൾ കൊണ്ടുമാത്രമാണ് ലാഭത്തിലാണെന്ന് പറയുന്നത്. കയർ മേഖല തകർന്നടിഞ്ഞു കിടക്കുകയാണ്. വാചകമടി മാത്രമാണ് കയർ മേഖലയിൽ നടക്കുന്നത്. വർഷം മുഴുവൻ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചത്. പക്ഷെ ഇപ്പോൾ അത് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ 10.34 കോടി രൂപയുടെ അഴിമതി കേസ്സാണ് ഉണ്ടായത്. സഭയിൽ ബഹുമാനപ്പെട്ട വി. ഡി. സതീശനാണ് ആരോപണം ഉന്നയിച്ചത്. വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിച്ച് ശ്രീമതി മേഴ്സിക്കുട്ടി അമ്മയെ രക്ഷിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ചെറുകിട വ്യവസായ സംഘടനയായ കേരള സ്റ്റേറ്റ് എസ്.എം.ഇ.ഒ.-യെ അട്ടിമറിച്ച് ശ്രീ. വി.കെ.സി. മമ്മത് കോയയുടെ നേതൃത്വത്തിലുള്ള കെ.എസ്.എസ്.ഐ.-യെ കുടിയിരുത്തുവാൻ നടത്തുന്ന ശ്രമം അഴിമതി ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. അതിനെക്കുറിച്ച് മുൻപുള്ളവർ സംസാരിച്ചുവെന്നുള്ളതുകൊണ്ട് ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയെക്കുറിച്ചും വൈദ്യുതി വകുപ്പിനെക്കുറിച്ചും ഒന്നും പറയുന്നില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, നാടും മേടും വൃക്ഷങ്ങളും മൃഗങ്ങളും ഒന്നും വേണ്ടായെന്നും കാട്ടിൽ മറ്റേ പണിയാണെന്നും പറയുന്ന ഈ ഗ്രാമവാസി അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുമെന്ന് പറയുമ്പോൾ മന്ത്രിസഭയിലെ സി.പി.ഐ. മന്ത്രിമാർ അതിനെതിരല്ലേ? കൂട്ടുത്തരവാദിത്തമില്ലാതെയും വായിൽ തോന്നിയത് വിളിച്ചു

പറയുകയും ചെയ്യുന്ന ശ്രീ. എം. എം. മണിക്ക് മൂക്കുകയർ ഇടാനുള്ള സമയം അതിക്രമിച്ചു. സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടേറിയറ്റ് താക്കീത് നൽകിയെങ്കിലും അതിനുശേഷമുള്ള ശ്രീ. എം. എം. മണിയുടെ പ്രസ്താവനകൾ സംസ്കാരമില്ലാത്തതും പദവിക്ക് യോജിച്ചതുമല്ലായെന്ന് തെളിയിക്കുകയാണ്. വൈദ്യുതി വകുപ്പുമന്ത്രി മണിയാശാനോട് വ്യക്തിപരമായ എതിർപ്പ് നമുക്കാർക്കും ഇല്ല. അങ്ങയുടെ സംസ്കാര ശൂന്യമായ വാക്കുകളോടാണ് എതിർപ്പ്. അതുകൊണ്ട് മാത്രമാണ് അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായിരിക്കുമ്പോഴും വൈദ്യുതിയുടെ ഉപഭോക്താക്കളായി ഞങ്ങൾ തുടരുന്നത്. നിയമസഭയുടെ അറുപതാം വാർഷികത്തോടനുബന്ധമായി ചരിത്രമുറങ്ങുന്ന പഴയ നിയമസഭാ ഹാളിൽ പൊരിഞ്ഞ ചൂടിലും ആവിയിലും ഒരു ശീതീകരണ യന്ത്രംപോലും ഇല്ലാതെ സഭ ഒന്നടങ്കം ഇരുന്നത് അങ്ങയോടുള്ള പ്രതിഷേധമായിട്ടുകൂടിയാണെന്നുള്ളത് അങ്ങ് മനസ്സിലാക്കണം. ഞാൻ ചുരുക്കുകയാണ്. വൈദ്യുതി വകുപ്പുമന്ത്രിക്ക് ഒരു ഉപദേശം കൂടി, വൈദ്യുതി മൂലമുണ്ടാകുന്ന തീയിൽ വെള്ളം ഒഴിച്ച് അണയ്ക്കാൻ ശ്രമിക്കരുത്. അത് വൻ അപകടത്തിനും അവനവന്റെ തന്നെ നാശത്തിനും ഇടയാക്കും. അങ്ങയുടെ നാവിനും കൂടിവേണ്ടി പറയുകയാണ്. രാമായണം എഴുതിയത് വാല്മീകിയാണ്. വാല്മീകി സന്യാസിയാകുന്നതിനുമുൻപ് ഒരു വേടനായിരുന്നു. ദിവസവും വേട്ടയ്ക്കുപോയി മാനിനെയും മൃഗങ്ങളെയും പിടിച്ചു കൊണ്ടുവരും. ഇതിന്റെ പാപഭാരമെല്ലാം നീ കൂടി പങ്ക് വയ്ക്കില്ലേയെന്ന് ഒരു ദിവസം ഭാര്യയോട് ചോദിച്ചു. ഭാര്യ പറഞ്ഞു 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ തന്നെ അനുഭവിച്ചീടണം'. ഇവിടെ മന്ത്രിമാരും മന്ത്രിസഭയും ചെയ്യുന്ന പാപങ്ങൾ അനുഭവിക്കേണ്ടത് പാവപ്പെട്ട ജനങ്ങളാണ്. അതുകൊണ്ട് ഈ ശ്ലോകത്തിൽ ഒരു മാറ്റമുണ്ട്. 'ഗവൺമെന്റ് നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ പാവം ജനങ്ങൾ തന്നെ അനുഭവിച്ചീടണം'. ഞാൻ ചുരുക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട പതിനഞ്ച് അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയിൽ ഉന്നയിച്ച ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ വ്യവസായ മേഖല അഭിവൃദ്ധിപ്പെടണമെന്നുള്ള പൊതുകാഴ്ചപ്പാട് ഈ ചർച്ചയിൽ എല്ലാ അംഗങ്ങളും ഉയർത്തുകയുണ്ടായി. ഇടത്തരം-വൻകിട വ്യവസായങ്ങളും സൂക്ഷ്മ ചെറുകിട സംരംഭങ്ങളും പരമ്പരാഗത വ്യവസായങ്ങളുമടങ്ങുന്നതാണ് കേരളത്തിന്റെ വ്യവസായ സംരംഭങ്ങൾ. ഈ വ്യവസായ സംരംഭങ്ങളെ ആധുനികവൽക്കരിക്കാനും സുതാര്യമായും അഴിമതിരഹിതമായും മുന്നോട്ടുകൊണ്ടുപോകാനും പ്രതികൂലകാലാവസ്ഥയിലും സാമ്പത്തികമായും ടെക്നോളജി നൽകിയും സഹായിക്കാനും അതിന്റെ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്താനുമാണ് ഗവൺമെന്റ് ശ്രമിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളോട് കേന്ദ്രഗവൺമെന്റ്

സ്വീകരിക്കുന്ന സമീപനം ഇവിടെ മിക്കവാറും അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ യൂണിറ്റുകൾ വിറ്റഴിക്കാനുള്ള സമീപനം സ്വീകരിക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായി പൊതുമേഖലയെ സംരക്ഷിക്കാനുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. അത്തരമൊരു ബദൽ സമീപനം സ്വീകരിച്ചതിനെത്തുടർന്നാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പടിപടിയായി വളർന്നുകൊണ്ടിരിക്കുന്നത്. നാൽപ്പത് പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമായി എന്നൊരു അവകാശവാദം ഇവിടെ ആരും ഉന്നയിച്ചില്ല. പക്ഷേ മുൻകാലത്തുണ്ടായിരുന്ന പ്രവണതകളെ തിരുത്താൻ, തെറ്റായ കീഴ്വഴക്കങ്ങൾ ഇല്ലാതാക്കാൻ, തെറ്റായ നടപടികൾ തിരുത്താൻ, വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരിശോധിക്കാൻ, വ്യവസായ പുനരുദ്ധാരണ ബോർഡിനെക്കൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാക്കിക്കാൻ, വ്യവസായ വികസനത്തിനാവശ്യമായ സൗകര്യമുണ്ടാക്കിക്കൊടുക്കാനുള്ള ഒരു ബദൽ ഈ ഗവൺമെന്റ് മുന്നോട്ടുവച്ചതിന്റെ ഭാഗമായിട്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ അഭിവൃദ്ധി കണ്ടുവരുന്നത്. റിയാബ് മുഖേനയുള്ള പരിശ്രമങ്ങൾ ഇപ്പോഴും തുടരുകയാണ്. ലാഭത്തിലായി എന്നുമാത്രമല്ല, 131 കോടി രൂപ നഷ്ടമുണ്ടായിരുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം ഈ വർഷം 71 കോടി രൂപയായി അതായത് നേർ പകുതിയായി കുറഞ്ഞു. അത് എങ്ങനെയാണ് കണക്കാക്കിയത്? ഓഡിറ്റ് കഴിഞ്ഞിട്ടില്ലല്ലോയെന്ന് ബഹുമാനപ്പെട്ട ഒരംഗം ചോദിച്ചു. ഇന്റേണൽ ഓഡിറ്റില്ലേ? അതുണ്ടാകാത്തതിന്റെ പ്രശ്നങ്ങൾ കേരളത്തിലുണ്ട്, അതുൾപ്പെടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണം. ഓഡിറ്റ് കഴിയുമ്പോൾ കുറച്ചുകൂടി സ്ഥാപനങ്ങൾ ലാഭകരമായ അവസ്ഥയിലേയ്ക്ക് വരുന്നതിന്റെ ചിത്രം അസംബ്ലിക്കുമുന്നിൽ വയ്ക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ പതിനേഴ് സ്ഥാപനങ്ങൾ കഴിഞ്ഞ തവണത്തെക്കാൾ നഷ്ടം കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. എന്നാലും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കൂടുതൽ സൂക്ഷ്മതയും ആസൂത്രണവും ആവശ്യമുണ്ടെന്നതുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതിന്റെ ഭാഗമായിട്ടുള്ള സപ്പോർട്ടാണ് ഈ ബജറ്റിലൂടെ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം 100 കോടി രൂപയായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പുനരുദ്ധരിക്കാൻ, അതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ, കൃത്യമായി സഹായം നൽകാൻ ഗവൺമെന്റ് തയ്യാറായതിന്റെ ഭാഗമായിട്ടാണ് 270 കോടി രൂപ നൽകി പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ആശയം ഈ ഗവൺമെന്റ് മുന്നോട്ടുവച്ചത്. ഒരുകാലത്തുമില്ലാത്ത വർദ്ധനവാണ് വരുത്തിയത്.

ഇവിടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഷയം ചില ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. TELK NTPC-യുമായി ജോയിന്റ് വെഞ്ചറായിരുന്നു. NTPC-യുടെ നല്ല പേര് നമുക്ക് ഗുണം ചെയ്യുമെന്ന് കണക്കാക്കിയാണ് അന്നത്തെ കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് അത്തരമൊരു സമീപനം സ്വീകരിച്ചത്. അതിനെ ഇടതുപക്ഷം കാണിച്ച ഒരു അബദ്ധമാണെന്നൊക്കെ വിശേഷിപ്പിക്കണമോ? അന്ന് ആരായിരുന്നു ഭരിച്ചിരുന്നതെന്ന് കാണണ്ടേ? കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുക എന്ന പുതിയ നയത്തിന്റെ കെടുതികളാണെന്ന് കണ്ട്, അതിനെതിരെ ഒരുമിച്ച് നിൽക്കാൻ ഈ സഭയ്ക്ക് കഴിയണ്ടേ; അത് കേരളത്തിന്റെ പൊതുവികാരമായി മാറുകയല്ലേ വേണ്ടത്; അത്തരമൊരു സമീപനത്തിലേയ്ക്ക് നമ്മൾ പോകണം. ടെൽക്കിന് ഒരു പൈസപോലും ഇപ്പോൾ NTPC മുടക്കുന്നില്ല. ടെൽക്കിനെ സഹായിക്കാൻ ഈ ഗവൺമെന്റ് നിൽക്കുകയാണ്. ടെൽക്ക് കുറേ വർഷങ്ങൾക്കുശേഷം ഈ വർഷം ലാഭത്തിലായി. അത് അവിടത്തെ തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും ആസൂത്രണത്തിന്റെ ഭാഗമായിട്ടാണ്. നല്ല പങ്ക് വഹിച്ചത് തൊഴിലാളികളാണ്. അത്തരമൊരു സമീപനം ടെൽക്കിന്റെ കാര്യത്തിലുണ്ടായി. കോഴിക്കോട്ടുള്ള സ്റ്റീൽ കമ്പനിയായ SAIL (Steel Authority of India Limited) -ഉം ആയി ജോയിന്റ് വെഞ്ചറാണ്. SAIL ഒഴിയാൻ നിൽക്കുകയാണ്. അതിന്റെ ഭാഗമായി ഉൽപ്പാദനം നടക്കുന്നില്ല. അത് തുടങ്ങുമ്പോൾ എന്തായിരുന്നു നമ്മുടെ പ്രതീക്ഷ? ഇങ്ങനെ ജോയിന്റ് വെഞ്ചർ സംരംഭങ്ങൾ തുടങ്ങാൻ എനിക്ക് ആത്മവിശ്വാസമുണ്ടെന്ന് അന്നത്തെ കേന്ദ്രമന്ത്രിയായ ബഹുമാന്യനായ എ. കെ. ആന്റണി പ്രസംഗിച്ചത് നമ്മുടെ ഓർമ്മയിലുണ്ട്. അത്തരമൊരു സന്ദർഭത്തിലാണ് കൂടുതൽ വികസനത്തിനുവേണ്ടി ഇത്തരം ജോയിന്റ് വെഞ്ചറുകൾ ആരംഭിച്ചത്. ഇപ്പോൾ അതിൽനിന്നും പിൻവലിക്കുകയാണ് SAIL ചെയ്യുന്നത്. മാത്രമല്ല, പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ജോയിന്റ് വെഞ്ചറിൽ നിന്നും ഒഴിവാക്കി വിൽക്കാൻ തീരുമാനിച്ചു. സംസ്ഥാന ഗവൺമെന്റ് ചർച്ച ചെയ്ത് അത് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. BHEL-ന്റെ യൂണിറ്റ് അടച്ചുപൂട്ടാനും വിൽക്കാനും അവർ നടത്തുന്ന പരിശ്രമങ്ങളെക്കുറിച്ച് കാസർഗോഡ് എം.എൽ.എ. സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാസർഗോഡ് എം.പി.യും എം.പി. മാരുടെ കോൺഫറൻസിൽ ഈ വിഷയം നേരിട്ട് ഉന്നയിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കുന്ന എല്ലാ സ്ഥാപനങ്ങളും പണം കൊടുത്ത് തിരിച്ചെടുക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി നമുക്കുണ്ടോ? അക്കാര്യംകൂടി പരിശോധിക്കണം. അതിനോട് ഒരവഗണനയുമില്ല. ആ സ്ഥാപനം പൊതുമേഖലാ സ്ഥാപനമായി തന്നെ തുടരണമെന്നുള്ള സമീപനമാണ് നമ്മൾ സ്വീകരിക്കുന്നത്.

Hindustan Newsprint Limited-നെക്കുറിച്ച് ഈ സഭയ്ക്കത്ത് പറഞ്ഞല്ലോ? HNL-ന് എല്ലാ സൗകര്യവും സ്റ്റേറ്റ് ഗവൺമെന്റ് ചെയ്തുകൊടുക്കുകയല്ലേ? അസംസ്കൃതവസ്തുക്കൾ, ഭൂമി, വെള്ളം തുടങ്ങിയ മറ്റ് സൗകര്യങ്ങൾ. പക്ഷേ

HNL വിൽക്കണമെന്നുള്ള തീരുമാനമെടുത്തുവരുന്നു. അതിനെതിരെ ഇവിടെ യോജിപ്പുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയം നമ്മുടെ സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അപകടത്തിലാക്കുന്ന ഒരു ഘട്ടത്തിലാണ് അതിനെതിരായ പൊതുവികാരം എല്ലാ വിഭാഗം തൊഴിലാളി സംഘടനകളിൽനിന്നും ഉയർന്നുവരേണ്ടത്. ആ അർത്ഥത്തിൽ ഈ പ്രശ്നങ്ങളെ കാണണമെന്നാണ് വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ഇവിടെ പ്രമേയം അവതരിപ്പിച്ചതും സബ്മിഷൻ ഉന്നയിച്ചതും ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ തന്നെയാണ്. ഇത്തരമൊരു സമീപനം തുടർച്ചയായി സ്വീകരിക്കണം. രാജ്യരക്ഷാ ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾപോലും വിറ്റഴിക്കാൻ കേന്ദ്രഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. അത്തരത്തിലുള്ള സമീപ നത്തിനോട് ഈ സഭയ്ക്കുള്ള ആർക്കും യോജിപ്പുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അത് കേരളത്തിന്റെ ഒരു പൊതുവികാരമായി ഉയർത്തിക്കൊണ്ടുവരാനാകണം. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച ഈ നേട്ടങ്ങളെ കാണാൻ എന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഞാൻ കഴിഞ്ഞ കാലത്തിന്റെ പോസ്റ്റ്മോർട്ടത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. അത്തരമൊരു വേദിയാക്കി ഇവിടം മാറ്റണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്താണ് അന്ന് നടന്നിരുന്നതെന്ന് എല്ലാവർക്കുമറിയാം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് നമ്മൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്.

മലബാർ സിമന്റ്സിന്റെ അവസ്ഥ നമുക്കറിയാമായിരുന്നല്ലോ? നല്ല ലാഭമുണ്ടാക്കാൻ കഴിയുന്ന സ്ഥാപനമാണ്. നല്ല ബ്രാൻഡാണ്. പക്ഷേ ഇടക്കാലത്തുണ്ടായ വിജിലൻസ് കേസ്സുകൾ ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ മലബാർ സിമന്റ്സിനെ ആവശ്യത്തിന് അസംസ്കൃതവസ്തുക്കൾ സംഭരിക്കാൻ കഴിയാത്ത പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോയി. രണ്ടുമൂന്ന് മാസം മലബാർ സിമന്റ്സ് അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടായി. അത് നമുക്ക് നഷ്ടമുണ്ടാക്കി. അത് ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുകയാണ്. ദിനംപ്രതി 2000 ടൺ ഉൽപ്പാദനം മലബാർ സിമന്റ്സിൽ നടക്കുന്നു. അത് നേരെ ഇരട്ടിയാക്കാനുള്ള പദ്ധതിയാണ് മലബാർ സിമന്റ്സ് ഇപ്പോൾ ആലോചിക്കുന്നത്. 4000 ടൺ ഉൽപ്പാദനശേഷിയാക്കി കേരളത്തിന്റെ മാർക്കറ്റിൽ സജീവമായി ഇടപെടുന്ന, സിമന്റിന്റെ വില വൻതോതിൽ വർദ്ധിക്കുമ്പോൾ അതിൽ ഇടപെടുന്ന ശക്തിയായി മലബാർ സിമന്റ്സ് മാറാൻ പോകുകയാണ്.

ഇതിനുപുറമെ, KMML-ന്റെ ലാഭത്തിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. KMML-ന്റെ പിഗ്മെന്റ് ഉൽപ്പാദനശേഷി ഇപ്പോൾ 40,000 ടൺ ആണ്. അത് 60000 ടണ്ണാക്കി വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും. അതിന്റെ ഭാഗമായി

ഉണ്ടാകുന്ന കമ്പനിയുടെ ലാഭം മാത്രമല്ല, തൊഴിലവസരങ്ങളും പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമ്മുടെ ധാതുമണൽ ഉപയോഗിച്ച് പൊതുമേഖലയിൽ ഒരു സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിക്കുകയാണ്. അതിൽ നമ്മൾ അഭിമാനം കൊള്ളണം. അതിന്റെ ഉൽപ്പാദനശേഷി 6000 ടണ്ണായി വർദ്ധിപ്പിക്കാൻ സാധിക്കുന്ന രീതിയിൽ 450 കോടി രൂപയെങ്കിലും ചെലവ് വരുന്ന ഒരു പ്രോജക്ട് നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്കുവേണ്ടി 64 കോടി രൂപയുടെ പ്രോജക്ടിനായുള്ള ഡി.പി.ആർ. തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ, ഇപ്പോൾ എൽ.പി.ജി.-യിൽ പ്രവർത്തിക്കുന്ന പ്ലാന്റ് എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന് ആറേകാൽ കോടി രൂപയുടെ മറ്റൊരു പ്രോജക്ടും കെ.എം.എം.എൽ.-ൽ നടപ്പാക്കുകയാണ്. കെ.എം.എം.എൽ. അഭിവൃദ്ധിയിലേയ്ക്ക് വീണ്ടും പോകാൻ കഴിയുന്ന അഭിമാനകരമായ സ്ഥാപനമായി മാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ടൈറ്റാനിയം ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിച്ചുവരികയാണ്. അതിന് കയറ്റുമതി സാധ്യതയുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ടൈറ്റാനിയം ലോഹം, ലോഹസങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ തുടങ്ങിയവ ധാതുമണലിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള ടൈറ്റാനിയം കോംപ്ലെക്സ് സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കേരളത്തിന്റെ ഭാവി വികസനത്തിന്റെ വാതായനമായി ധാതുമണലിനെ പ്രയോജനപ്പെടുത്താൻ കഴിയണം. ആ രംഗത്ത് എല്ലാവരുടേയും യോജിപ്പുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അമൂല്യ സമ്പത്തായ ധാതുമണലിന്റെ ഖനനത്തിൽ വന്നുപെടുന്ന പ്രശ്നങ്ങളിൽ പ്രാദേശിക പ്രശ്നങ്ങളെ അഡ്രസ് ചെയ്യണം. അതോടൊപ്പം അമൂല്യ സമ്പത്ത് പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതിയുണ്ടാകണം. അതിനുള്ള യോജിപ്പുണ്ടാകണം. ധാതുമണലിനെ പ്രയോജനപ്പെടുത്തി കേരളത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന സമീപനം എല്ലാവരുടേയും ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മലബാർ സിമന്റ്സിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. കൊച്ചിൻ പോർട്ടിൽ നിന്നും പാട്ടത്തിനെടുത്ത ഏഴ് ഏക്കർ സ്ഥലം നമുക്കവിടെയുണ്ട്. അവിടെ സിമന്റും സിമന്റുൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും നിർമ്മാണ മേഖലയ്ക്കാവശ്യമായ സാധനങ്ങളും കൈകാര്യം ചെയ്യാൻ 160 കോടി രൂപയുടെ ഒരു പ്രോജക്ടാണ് തയ്യാറാക്കാൻ പോകുന്നത്.

വാളയാർ യൂണിറ്റിലെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് കോപ്പർ റിക്കവറി പ്ലാന്റ് സ്ഥാപിക്കാൻ 16 കോടി രൂപ ഇത്തവണത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുന്ന പ്ലാന്റിൽ ഉപയോഗി

ക്കുന്നത് കാലപ്പഴക്കം ചെന്ന മെഷിനറിയാണെന്ന് അവിടെ പോയി കണ്ടവർക്കറിയാം. അപകടകരമായ സാഹചര്യത്തിൽ തൊഴിലാളികൾ ജോലി ചെയ്യുകയാണ്. അവ മാറ്റി സ്ഥാപിക്കൽ അത്യാവശ്യമാണ്. അതുപോലെ വളരെ ഡിമാന്റുള്ള സാധനമാണ് സൾഫ്യൂറിക് ആസിഡ്. അതിന്റെ പ്ലാന്റ് നവീകരണത്തിന് 10 കോടി രൂപ ഉൾപ്പെടെ വകയിരുത്തി പണികൾ ആരംഭിച്ചുകഴിഞ്ഞു. ട്രാവൻകൂർ ടൈറ്റാനിയം മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

TCCL-നെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ 12 വർഷക്കാലമായി TCCL നഷ്ടത്തിലാണ്. അതിന് ആരെയും കുറ്റപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നില്ല. പക്ഷേ കഴിഞ്ഞവർഷം 6-7 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്ന ആ സ്ഥാപനം ലാഭത്തിലേയ്ക്കെത്തി. അതിൽ അവിടത്തെ തൊഴിലാളികൾക്കും മാനേജ്മെന്റിനും പങ്കുണ്ട്. സർക്കാരിന്റെ ഇടപെടലുമുണ്ട്. അത്തരമൊരു സമീപനമാണ് അതിൽ സ്വീകരിച്ചത്. അവിടെ റാ മെറ്റീരിയലായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. വൈദ്യുതി ഓപ്പൺ ആക്സസിൽ ലഭിച്ചാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. വൈദ്യുതിക്ക് കൊടുക്കേണ്ട ചെലവ് വളരെ കൂടുതലാണ്. ഉൽപ്പാദനത്തിൽ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് വൈദ്യുതിക്കാണ്. വൈദ്യുതി ഓപ്പൺ ആക്സസിൽ ലഭിച്ചാൽ ഇപ്പോഴത്തെ കാലാവസ്ഥയിൽ അവർക്ക് ലാഭകരമായി പ്രവർത്തിക്കാനാകും എന്നുപറഞ്ഞു. വ്യവസായവും ഇലക്ട്രിസിറ്റിയും തമ്മിൽ ബന്ധമുണ്ട് എന്നുപറയുന്നത് വളരെ ശരിയാണ്. അതിനാവശ്യമായ സൗകര്യങ്ങൾക്കായി ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുമായി സംയുക്തമായി ചില കൂടിയാലോചനകൾ നടത്തി. ഇലക്ട്രിക്കൽ കമ്പനികളുടെ ഉൽപ്പന്നത്തിന് 15% പ്രൈസ് പ്രിഫറൻസ് നൽകാനും കെ.എസ്.ഇ.ബി.-യുടെ ഓർഡറിൽ ഒരു വലിയ ശതമാനം ഇലക്ട്രിക്കൽ കമ്പനികൾക്ക് നൽകാനും വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അതിന് വൈദ്യുതി വകുപ്പുമന്ത്രിയോട് നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുകയാണ്. വൻകിട വ്യവസായങ്ങളുടെ ഭാഗമായി വൈദ്യുതി ബോർഡിനുള്ള ബാദ്ധ്യത ഒഴിവാക്കി TCCL-ന് ഓപ്പൺ ആക്സസിൽ കുറച്ചുകൂടി വൈദ്യുതി ലഭിച്ചാൽ കടം കുറച്ചുകൊണ്ടുവരാൻ കഴിയുന്ന കാര്യത്തിൽ സർക്കാർ ഇടപെടുന്നുണ്ട്. പുതിയ പ്രോജക്ടുകൾക്കും അതിന്റെ ശേഷി വർദ്ധിപ്പിക്കാനും സർക്കാരിന്റെ മുതലും പലിശയും ഇക്വിറ്റിയാക്കാനും കഴിഞ്ഞാൽ സ്ഥാപനം ലാഭത്തിലാക്കാൻ സാധിക്കും. അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞാൽ TCCL വലിയ മാറ്റം ഉണ്ടാക്കാൻ കഴിയുന്ന സ്ഥാപനമാണ്. ഇവിടത്തെ ഉൽപ്പന്നങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ വെള്ളമില്ലാത്തതിനാൽ നമുക്ക് അനുകൂലമായ ഘടകം കൂടിയായി വന്നിട്ടുണ്ടെന്ന്

ഞാൻ സമ്മതിക്കുകയാണ്. പക്ഷേ ഇവിടത്തെ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന ദക്ഷിണേന്ത്യയിലെ മിക്കവാറും വൻകിട വ്യവസായ സ്ഥാപനങ്ങൾ കാസ്റ്റിക് സോഡയും ക്ലോറിനും നമ്മുടെ സ്ഥാപനത്തിന്റെ ഏറ്റവും വിശ്വസ്തതയുള്ള ഉൽപ്പന്നം എന്നനിലയ്ക്ക് ആവശ്യപ്പെടുന്ന സ്ഥിതിയുണ്ട്. അതിനാൽ നമുക്ക് ഗുണകരമായ ഒരന്തരീക്ഷം TCCL-നെ സംബന്ധിച്ചുണ്ട്.

കെ.എസ്.ഡി.പി.-യുടെ സ്ഥിതി മുൻകാലത്ത് അറിയാമായിരുന്നല്ലോ; കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കെ.എസ്.ഡി.പി. മെച്ചപ്പെട്ട ഒരവസ്ഥയിലേയ്ക്ക് വന്നത്; ലാഭകരമായി വന്നത്. അവിടെ ഉൽപ്പാദിപ്പിക്കുന്ന മരുന്നിന്റെ സിംഹഭാഗവും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രിയിലേയ്ക്കെടുത്തു. ആരോഗ്യവകുപ്പിന്റെ സഹായംകൂടി അതിന് ലഭിക്കുകയുണ്ടായി. പൂട്ടിക്കിടന്ന സ്ഥാപനം നമ്മൾ അങ്ങനെയാണ് തുറന്നത്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം പുറകോട്ട് പോയില്ലേ; അതിന് കാരണമെന്താണെന്ന് നമ്മൾ സ്വയം പരിശോധിക്കണം. ഇപ്പോൾ ആ ഫാക്ടറി നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. 60 കോടി രൂപയുടെ ഓർഡറാണ് ആരോഗ്യവകുപ്പ് ഈ സ്ഥാപനത്തിന് നൽകിയത്. മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും 40 കോടി രൂപയുടെ മരുന്നിന്റെ ഓർഡർ നൽകിയിട്ടുണ്ട്. 100 കോടി രൂപയുടെ ഉൽപ്പാദനശേഷിയാണ് നമുക്കുള്ളത്. അത് പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായുള്ള വിജയമാണത്. പരസ്പര സഹകരണത്തിന്റെ പുതിയ അന്തരീക്ഷമാണ് ഇന്നുള്ളത്. അവിടെ പുതിയ വികസന പദ്ധതികൾ ആരംഭിക്കുകയാണ്. മരുന്നുകൾ പരിശോധിക്കാൻ കഴിയുന്ന പുതിയ തരത്തിലുള്ള ലാബിന് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചു. അംഗീകാരം ലഭിച്ച ലാബ് പ്രവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആലപ്പുഴയിലെ മന്ത്രിമാരും ചേർന്ന് അവിടെയുള്ള പുതിയ പ്ലാന്റ്, നോൺ ബീറ്റാ ലാക്ടം പ്ലാന്റ്, ഇൻജക്ഷൻ മരുന്നുകൾ, ഹോസ്പിറ്റൽ ഡിസ്പോസിബിൾ പ്ലാന്റ് എന്നിവ നിർമ്മിക്കാനുള്ള പുതിയ പ്ലാന്റിന്റെ ഉദ്ഘാടനച്ചടങ്ങ് ഈ ആറാം തീയതി നിർവ്വഹിക്കും. അഭിമാനകരമായ അന്തരീക്ഷമുള്ള, ഏറ്റവും തൊഴിലവസരമുണ്ടാക്കുന്ന നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സ്ഥാപനമായി അത് മാറും.

TELK -നെ NTPC ഉപേക്ഷിക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ടി സ്ഥാപനത്തിനുവേണ്ടി 10 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ത്രീ ഫേസ് ഹൈ ഫ്രീക്വൻസി ജനറേറ്റർ, 270 ടൺ ഭാരമുള്ള ഒരു ക്രെയിൻ എന്നിവ അവർക്ക് വേണം. അതിനാണ് ആ തുക വിനിയോഗിക്കുന്നത്. ആ സ്ഥാപനത്തിന് ഇലക്ട്രിസിറ്റി ബോർഡിന്റെ സഹായംകൂടി ഉണ്ടാകുമ്പോൾ കുറെക്കൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകുമെന്ന് കരുതുന്നു.

കെൽട്രോൺ കേരളത്തിന് അഭിമാനിക്കാവുന്ന തരത്തിൽ രാജ്യത്തുണ്ടായ സ്ഥാപനമാണ്. കെൽട്രോണിന്റെ ദയനീയാവസ്ഥ തുടരുകയായിരുന്നു. ഭാവിയിലെ പ്രമുഖ ഇലക്ട്രോണിക്സ് ഹാർഡ്വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗകര്യങ്ങളും അവിടെയുണ്ട്. അവയെ നമുക്ക് പ്രയോജന പ്പെടുത്തണം. സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാന്റുകൾ, സ്മാർട്ട് എനർജി മീറ്ററുകൾ, ഡിഫൻസ് എക്യൂപ്മെന്റ് എന്നിവയുടെ ഓർഡറുകളുണ്ട്. നമുക്കത് ചെയ്യാനാകും. തൊഴിലാളികളെയും സാങ്കേതിക വൈദഗ്ധ്യമുള്ളവരെയും ആവശ്യമുണ്ട്. അവരെയൊക്കെ പ്രയോജനപ്പെടുത്തി നമുക്കത് ചെയ്യാം. ഈ വർഷം 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒരു പുതിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാക്കാൻ 100 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ണൂരുള്ള കെൽട്രോൺ കമ്പോണന്റ്സ് ലിമിറ്റഡ് ലാഭത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. ഈ വർഷം അതിന് 10 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം കപ്പാസിറ്റർ ഉൽപ്പാദനത്തിന് നൽകിയ 10 കോടി രൂപ ഉപയോഗിച്ച് ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ സ്റ്റീൽ കാസ്റ്റിംഗ് തകർച്ചയിലും പ്രതിസന്ധിയിലും പ്രയാസത്തിലുമാണ്. ആ സ്ഥാപനത്തെ രക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ആട്ടോകാസ്റ്റിൽ വച്ചിരുന്ന മെഷീനറിപോലും കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സാൻഡ് റിക്ലമേഷൻ പദ്ധതിയ്ക്കുള്ള യന്ത്ര സംവിധാനം ഇറ്റലിയിലെ ഒരു കമ്പനിയിൽ നിന്ന് ഇറക്കിയതാണ്. ആ കമ്പനിപോലും ഇപ്പോൾ ലോകത്തില്ല. അതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ളവരെ കണ്ടെത്തി പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് 10 കോടി രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്.

കണ്ടറ കേരള സിറാമിക്സ് ലിമിറ്റഡിന്റെ നവീകരണത്തിനും ഭൂമി വാങ്ങുന്നതിനും വേണ്ടി 15 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. വ്യവസായ സ്ഥാപനത്തെ സംരക്ഷിക്കേണ്ടത് ഇങ്ങനെയൊക്കെയാണ്.

കൊല്ലത്തെ മീറ്റർ കമ്പനിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ലിമിറ്റഡിന് വൈവിദ്ധ്യവൽക്കരണം ആവശ്യമാണ്. അവർ നിർമ്മിക്കുന്ന മീറ്റർ ബോർഡുകൾ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനാവില്ല. അവർക്ക് പുതിയ തലമുറ മീറ്ററുകളാണ് വേണ്ടത്. അത് പുതുതായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന രീതിയിൽ സാങ്കേതികവിദ്യാ നവീകരണത്തിനായി 4 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് നമുക്ക് അഭിമാനകരമായ ബ്രാൻഡായിരുന്നു. പക്ഷേ കക്ക വാരാൻ കഴിയില്ല. പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട് കേസ്സുകൾ വന്നതിന്റെ ഭാഗമായി ഉൽപ്പാദനം നിലച്ചിരിക്കുകയാണ്.

അവിടെ ഒരു വർഷം 10 ലക്ഷം ടൺ ഗ്രേ സിമന്റ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ തെക്കൻ കേരളത്തിലേയ്ക്കുള്ള സിമന്റിന്റെ ലഭ്യത ഉറപ്പുവരുത്താൻ കഴിയും. അതിനുവേണ്ടിയുള്ള ഒരു പ്ലാന്റിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഈ വർഷത്തെ ബജറ്റിൽ അതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പുതിയ പ്രോജക്ട് തയ്യാറാക്കുകയാണെങ്കിൽ സഹായിക്കാൻ കിഫ്ബിയിൽ നിന്നും പണം കണ്ടെത്താൻ കഴിയുമെന്ന് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുണ്ട്.

Steel and Industrial Forgings Ltd (SIFL) കഴിഞ്ഞ മൂന്നുവർഷമായി നഷ്ടത്തിലായിരുന്നു. അവിടെ ഉൽപ്പാദിപ്പിച്ച പ്രതിരോധ ഉൽപ്പന്നങ്ങൾക്ക് നല്ല ഓർഡറുണ്ടായിരുന്നു. ഇടക്കാലത്ത് നമ്മൾ ആക്ഷേപം കേട്ടിരുന്നു. ഒരു ഇടനിലക്കാരിയായ സ്ത്രീ രാജ്യരക്ഷാ ഓർഡറുകളുടെ കാര്യത്തിൽ അഴിമതി നടത്താൻ പ്രേരിപ്പിച്ചുവെന്ന് പറഞ്ഞ് വിജിലൻസ് കേസ് ഉൾപ്പെടെ വന്ന ഒരു നല്ല സ്ഥാപനമാണ്. ആറേഴ് വർഷം നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. വലിയ പ്രതിസന്ധിയിലായിരുന്നു. ഈ വർഷം ലാഭത്തിലെത്തി. അതിന്റെ വികസനത്തിനും ബജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വിദഗ്ധമായ മാനേജ്മെന്റ് സംവിധാനവും മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തി അഴിമതി വിമുക്തമായ നടപടി സ്വീകരിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതാണെന്ന് കാണുന്നു. അതിനോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നതിന്റെ പ്രയോജനം പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടാകും. പൊതുമേഖലാ സ്ഥാപനങ്ങൾ അതിന്റെ ഭാഗമായി അഭിവൃദ്ധിയിലേയ്ക്ക് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ടെക്സ്റ്റൈൽസ് മേഖലയെക്കുറിച്ച് അംഗങ്ങൾ സംസാരിച്ചു. അത് വലിയ പ്രതിസന്ധിയിലാണ്. ഒന്നാമത്തെ വിഷയം പ്രവർത്തന മൂലധനമില്ലായ്മയാണ്. രണ്ടാമതായി, വൈദ്യുതി കുടിശ്ശിക വലിയ തോതിലുണ്ടായിരുന്നു. അതുപോലെ പി.എഫ്. ഉൾപ്പെടെ തിരിച്ചടയ്ക്കാനുള്ള തുക ഇല്ലായ്മ, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നീ പ്രതിസന്ധികളുമായി നിൽക്കുമ്പോഴാണ് വൈദ്യുതി വകുപ്പുമായി ചർച്ച ചെയ്തത്. തൽക്കാലത്തേയ്ക്ക് കൊടുക്കാനുള്ള കുടിശ്ശിക നിർത്തി വച്ച് തുടർന്നുള്ള മാസങ്ങളിലേയ്ക്ക് വൈദ്യുതി കൊടുക്കാൻ കെ.എസ്.ഇ.ബി. തയ്യാറായി. അവർക്കാവശ്യമായ തുക ബജറ്റിൽ നീക്കിവച്ചതിനുപുറമെ 15 കോടി രൂപ അഡീഷണലായി അനുവദിക്കുകയുണ്ടായി. സെൻട്രലൈസ് പർച്ചേസ് വഴി കോട്ടൺ വാങ്ങി. ഇപ്പോൾ എല്ലാ മില്ലുകളും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞുവെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്നത് ഈ ഗവൺമെന്റിന്റെ ഇടപെടലിലൂടെയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ത്യയിലൊട്ടാകെ ചെറുപ്പക്കാരായ, അഭ്യസ്തവിദ്യരായ ആളുകൾക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത അവർ തന്നെ കണ്ടെത്തുന്ന ഒരു സംരംഭമുണ്ട്. സ്റ്റാർട്ട് അപ് വില്ലേജുകൾ. അതിന് സഹായകരമായ നിലയിൽ വ്യവസായ വകുപ്പുകൂടി ചേർന്നാൽ കുറേ നല്ല കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. കർണ്ണാടക പോലുള്ള മറ്റ് പല സംസ്ഥാനങ്ങളും ഈ രംഗത്ത് ഇന്ന് വലിയ പുരോഗതി കൈവരിക്കുകയാണ്. സ്റ്റാർട്ടപ്പ് വില്ലേജുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് പറയാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിൽ അതിന് തുടക്കം കുറിച്ചിരിക്കുകയാണ്. സ്റ്റാർട്ടപ്പ് വില്ലേജുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അത് ക്രിയാത്മകമായി മറ്റ് സംസ്ഥാനങ്ങളിലൊക്കെ സ്വീകരിക്കുന്ന നല്ല സംരംഭമാണ്. കേരളത്തിൽ നമുക്കത് സ്വീകരിക്കണം. അഭ്യസ്തവിദ്യർ ഉൾപ്പെടെയുള്ള ആളുകളെ ഇതിൽ പങ്കാളികളാക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകണം. ഇതിനൊക്കെ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കുകയാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്. പുതിയ നിക്ഷേപം ആകർഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫ് നാടുകളിലൊക്കെ പോയപ്പോഴുണ്ടായ അനുഭവം പത്രങ്ങളിലൊക്കെ കണ്ടതാണ്. നിക്ഷേപത്തിന് തയ്യാറാണ് എന്ന അനുകൂലമായ സാഹചര്യമുണ്ട്. ആ നിക്ഷേപ അനുകൂല സാഹചര്യത്തെ പ്രയോജനപ്പെടുത്താൻ നമ്മുടെ നിയമങ്ങളിൽ ഉൾപ്പെടെ, നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന മാറ്റങ്ങളുണ്ടാകണം. Ease of doing business-ന്റെ ഭാഗമായി വച്ചിട്ടുള്ള നിർദ്ദേശത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സിംഗിൾ വിൻഡോ ക്ലിയറൻസ് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ നടപടി എപ്പോഴാണുണ്ടാകുക? അതിനുള്ള നടപടി ആയിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സിംഗിൾ വിൻഡോ ക്ലിയറൻസിനുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സിംഗിൾ വിൻഡോ ക്ലിയറൻസിനുള്ള 6 പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കഴിഞ്ഞ ക്യാബിനറ്റ് മീറ്റിംഗിൽ എടുത്തുകഴിഞ്ഞു. അതിനുപുറമെയാണ് ഞാൻ പറയുന്നത്. Ease of doing business എന്നുപറഞ്ഞാൽ നിക്ഷേപങ്ങൾ. ഒരു വ്യവസായ നിക്ഷേപം ഇവിടെ ആരംഭിച്ചുകഴിഞ്ഞാൽ അതിന് നേരെയുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് നേരത്തേ ശ്രീമതി വീണാ ജോർജ്ജാണ് സൂചിപ്പിച്ചത്. നിക്ഷേപം തുടങ്ങാൻ തന്നെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, നിരവധി

സ്ഥലങ്ങളിൽ നിന്നും ഇതിനുള്ള അനുമതി ലഭിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ, ഫയർ ആന്റ് റെസ്ക്യൂ, ഡി.എം.ഒ., മെഡിക്കൽ, തൊഴിൽ വകുപ്പ് അങ്ങനെ അനേകം കടമ്പകൾ കടന്നുവരേണ്ട ഒരു സ്ഥിതിയുണ്ട്. അതിന് സഹായകരമായ രീതിയിൽ ഈ നിയമങ്ങളിൽ ഇതിനനുകൂലമായ മാറ്റങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള ഒരു ആക്ട് നടപ്പിലായി വരികയാണ്. അത് ക്യാബിനറ്റ് അംഗീകരിച്ചു. ഇപ്പോൾ നിയമവകുപ്പിന്റെ പരിശോധനയിലാണ്.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചാണ് ഇതുവരെ സംസാരിച്ചത്. മാവൂർ ഗ്വാളിയോർ റെയോൺസിന്റെ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. അതിനെ സംബന്ധിച്ച് എന്ത് പുരോഗതിയാണ് ഉണ്ടായത്?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, അതിന്റെ ഒരു പരിശോധനയും അതുമായി ബന്ധപ്പെട്ട് ബിർള ഗ്രൂപ്പുമായി ചർച്ചയും നടന്നിരുന്നു. അതിന്റെ ഒരു പ്രൊപ്പോസലും വന്നിട്ടുണ്ട്. ആ പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ, ആ പ്രൊപ്പോസലിലുള്ള ഒരു പ്രശ്നം, ഭൂമിയുടെ സിംഹഭാഗവും മറ്റ് ആവശ്യങ്ങൾക്കും വ്യവസായത്തിന് കുറവുമാണെന്നുള്ള സ്ഥിതിയിലാണ്. അത് ചർച്ച ചെയ്യണം. ആ ഭൂമി പ്രയോജനപ്പെടുത്തി അവിടെ സംരംഭങ്ങൾ ആരംഭിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

ഞാൻ ചൂണ്ടിക്കാട്ടുകയാണ്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഉൾപ്പടെയുള്ള ആളുകൾ ഇവിടെ സൂചിപ്പിച്ചു. നേരത്തെ ധനകാര്യ വകുപ്പുമന്ത്രി ഇടപെടുകൊണ്ട് സംസാരിക്കുമ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഫാക്ടിന്റെ 600 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടിയായിട്ടുണ്ട്. അത് പെട്രോ-കെമിക്കൽ വ്യവസായമാണ്. കൊച്ചിയിലെ പുതിയ സൗകര്യവും നിക്ഷേപവുമൊക്കെ പ്രയോജനപ്പെടുത്തി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കാൻ കഴിയുന്ന സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കാൻ 600 ഏക്കർ ഭൂമി ഏറ്റെടുക്കുകയാണ്. മറ്റുള്ള 1323 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നുണ്ട്. അതിലുള്ള കിൻഫ്രയുടെ സംരംഭങ്ങളും ആരംഭിക്കുകയാണ്. നേരത്തെ പറഞ്ഞ 4000 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള എ.എസ്. ഉണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമം പൂർത്തീകരിക്കണ്ടേ; ആ സ്റ്റേജിലാണ് അത്തരം കാര്യങ്ങളുള്ളത്. ഇത് സുതാര്യമായി ചെയ്യണം, അഴിമതി രഹിതമായി ചെയ്യണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പുതിയ സംരംഭങ്ങളുണ്ട്. ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്കിനെ സംബന്ധിച്ച് ഇവിടെ

ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിച്ചതാണ്. ആമ്പല്ലൂരിലെ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കി അത് ഏറ്റെടുത്തു. 5000 പേർക്കെങ്കിലും തൊഴിൽ കൊടുക്കുന്ന പുതിയ ആധുനിക വ്യവസായമാണ്. കെ.എസ്.ഐ.ഡി.സി.-യുടെ ലൈഫ് സയൻസ് പാർക്കിനുവേണ്ടി തോന്നയ്ക്കലിൽ 149 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചു. കിഫ്ബിയിൽ നിന്ന് അതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 3 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം പണിത് ആവശ്യമുള്ള വ്യവസായികൾക്ക് (മൾട്ടി സ്റ്റോറേജ് ബിൽഡിംഗ് ഉൾപ്പെടെയാണ് ഇപ്പോൾ മിക്കവാറും ചെയ്യുന്നത്) നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണ്. ചേർത്തല മെഗാ ഫുഡ് പാർക്കും വലിയവെളിച്ചത്തെ വ്യവസായ വളർച്ചാ കേന്ദ്രവും പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കുമുണ്ട്. അങ്കമാലിയിൽ 13 കോടി രൂപ ചെലവിൽ കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്ത 42000 സ്ക്വയർ ഫീറ്റ് സ്ഥലത്തെ അപ്പാരൽ പാർക്ക് വനിതകൾക്ക് മാത്രമുള്ളതാണ്. 20 ശതമാനമെങ്കിലും നിർബന്ധമായും വനിതാ സംരംഭകരാകണമെന്ന് വ്യവസായ വകുപ്പും കെ.എസ്.ഐ.ഡി.സി.-യും തീരുമാനിച്ചതിനെത്തുടർന്നാണ് ഇത്തരം സംരംഭങ്ങൾ ആരംഭിച്ചത്. വനിതാ സംരംഭകർ നല്ലതുപോലെ മുന്നോട്ടുവരുന്നുണ്ട്. അത് നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. വലിയവെളിച്ചത്തെ വനിതാ ഹോസ്റ്റൽ മുഖ്യമന്ത്രിയാണ് രണ്ടാഴ്ച മുമ്പ് ഉദ്ഘാടനം ചെയ്തത്. വ്യവസായ പാർക്കുകൾ ഒഴിഞ്ഞ സ്ഥലത്താകുമ്പോൾ അവിടെ വരുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വമില്ല, താമസിക്കാൻ സൗകര്യമില്ലായെന്ന ആശയത്തിൽനിന്നാണ് കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്തോടെ ആ പദ്ധതി പൂർത്തീകരിച്ചത്. 400 സ്ത്രീകൾക്ക് താമസിക്കാൻ കഴിയുന്ന ഹോസ്റ്റലാണ് അവിടെ ആരംഭിച്ചത്.

പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങളുന്നയിച്ചു. പരമ്പരാഗത വ്യവസായങ്ങളിൽ കൈത്തറിയുടെ സ്ഥിതി പറഞ്ഞു. 3000 ലൂമുകൾ നമുക്ക് ഈ കാര്യത്തിന് ഉപയോഗിക്കാനായി. അൽപ്പം വൈകിയാണ് ആലോചിച്ചതെന്ന പ്രശ്നങ്ങളൊക്കെയുണ്ട്. 9000 തൊഴിലാളികൾക്ക് അതിന്റെ ഭാഗമായി ജോലി കൊടുക്കാൻ സാധിച്ചു. 200 രൂപയും 150 രൂപയുമായിരുന്ന അവരുടെ പ്രതിദിന വരുമാനം. ഇപ്പോൾ 400 രൂപയും 600 രൂപയുമിടയ്ക്കാണ്. ഈ വരുമാനവർദ്ധനവ് ഈ ഒരൊറ്റ തീരുമാനത്തിന്റെ ഭാഗമായി ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. ഈ വർഷം 1000 ലൂമുകളെങ്കിലും പുതുതായി സ്ഥാപിക്കാനും അതിനാവശ്യമായ തൊഴിലാളികളെ നമുക്ക് ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനും കഴിയണം. കാരണം, ഇപ്പോഴുള്ള തൊഴിലാളികളുടെ ഒരു ആവറേജ് പ്രായം നോക്കുമ്പോൾ 45-നും 50-നുമിടയ്ക്കാണ്. പുതിയ തൊഴിലാളികൾ വരുമാനമില്ലാത്തതിന്റെ ഭാഗമായി ഇതിലേയ്ക്ക് വരുന്നില്ലെന്നതുൾപ്പെടെയുള്ള പ്രശ്നവുമുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭ മേഖലയിൽ

അടുത്തവർഷം 17500 പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ പ്രോജക്ടുകൾ അതിന്റെ ഭാഗമായുണ്ട്. 2000 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 75000 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായുണ്ടാകും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ ഉത്പാദന മേഖലയ്ക്കായി ഒരുപാട് സ്ഥലം വാങ്ങിയിട്ടുണ്ട്. പക്ഷെ, പലയിടത്തും വ്യവസായമില്ല. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥലം വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തുല്യ പങ്കാളികളായി വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുന്ന രീതിയിൽ മാറ്റണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. അഴിമതിരഹിത സംവിധാനം ഉറപ്പാക്കാൻ വേണ്ടിയാണ് ആലോചിച്ചിട്ടുള്ളത്. വ്യവസായ മേഖലയ്ക്ക് സഹായകമാകുന്ന നൂതന ആശയങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പഠനം നടത്തുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജിലുള്ളതുപോലെ ഇന്റർ വാഴ്സിറ്റി ലിങ്കേജ് സ്കീം എന്ന പേരിൽ സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പുതിയ സ്കീം നടപ്പിലാക്കണം. അത് സംരംഭകർക്ക് സാങ്കേതിക സഹായം നൽകാനും വ്യവസായ സംരംഭത്തിന് മുന്നോട്ടുപോകാനും സഹായകമാകുമെന്ന് കരുതുകയാണ്. അഭ്യസ്തവിദ്യരായവരുടെ തൊഴിൽ നൈപുണ്യ വികസനത്തിനു വേണ്ടിയുള്ള ടെക്നിക്കൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നുള്ള രീതിയിൽ മറ്റൊന്ന് നടത്തുന്നുണ്ട്. ചെറുകിട വ്യവസായികൾ അഭിമുഖീകരിക്കുന്ന പ്രശ്നം, അവരുടെ കുടിശ്ശിക വരുന്നതാണ്. അതിന് OTS സംവിധാനമുണ്ട്. അതിനോട് നല്ല പ്രതികരണമാണ്. അത് ഗവൺമെന്റ് തുടരുകയാണ് ചെയ്യുന്നത്. മുടപടിയില്ലാത്ത നിരവധി കേസുകളിലെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അദാലത്തുകൾ സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ഇന്ന് കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെ രൂക്ഷമായ വരൾച്ചയുടെ ഭാഗമായുള്ള പ്രശ്നങ്ങൾക്ക് ഹരിത കേരളം മിഷന്റെ ഭാഗമായി മഴവെള്ള സംഭരണത്തിന് വേണ്ടിയുള്ള തീരുമാനമെടുത്ത് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഒറ്റ വർഷത്തിനുള്ളിൽ ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടിയുള്ള പ്രവർത്തനംകൂടി സംഘടിപ്പിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്. എല്ലാ പൊതുമേഖലാ സംരംഭങ്ങളിലും അതുണ്ടാകും.

ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സ്പെഷ്യൽ എംപ്ലോയ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 400 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. 1000 തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. പുതിയ 600 ചർക്കയും 400 തറികളും ഉൾപ്പെടെ തയ്യാറാക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കൃഷ്ണൻ വിപണനത്തിനെ കുറിച്ചുള്ള നിർദ്ദേശം വച്ചത് ആലോചിക്കുകയാണ്.

കരകൗശല മേഖലയിലുള്ള എച്ച്.ഡി.സി., സുരഭി, കാഡ്കോ, ബാംബൂ കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. നഷ്ടത്തിലുള്ള സ്ഥാപനമായ കെൽപാം പുതിയ മേഖലയിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നുണ്ട്. 11 കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിച്ച് കരകൗശല രംഗത്തുള്ള ശിൽപ്പികളെ പ്രോത്സാഹിപ്പിക്കാൻ, അവർക്ക് അവാർഡ് കൊടുക്കുന്ന പദ്ധതികളൊക്കെ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിശദീകരണത്തിലേയ്ക്ക് സമയക്കുറവുകൊണ്ട് ഞാൻ പോകുന്നില്ല. പുതിയ ക്ലസ്റ്ററുകൾ ആരംഭിച്ച് കരകൗശല രംഗത്തെ ഇടത്തട്ടുകാരെ ഒഴിവാക്കി ഈ സ്ഥാപനങ്ങൾ വഴി സംഭരിച്ച് വിതരണം ചെയ്യാനുള്ള പുതിയ കാര്യങ്ങളാണ്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഈ ഉൽപ്പന്നങ്ങൾ നമുക്ക് സുവനീറുകളാക്കാം. 50 പുതിയ സുവനീറുകളെങ്കിലും ആവശ്യമുണ്ട്. ആറന്മുള കണ്ണാടിയും അതുപോലുള്ള അപൂർവ്വ വസ്തുക്കളുമാണ് ഒരു ടൂറിസ്റ്റ് വന്നാൽ നമുക്ക് കൊടുക്കാനുള്ളത്. നേരെമറിച്ച് നമ്മുടെ കരകൗശല മേഖലയിൽ നല്ല ശേഷിയുള്ള ആളുകളുണ്ട്. അവരെ പ്രയോജനപ്പെടുത്തി ടെയിനിംഗ് കൊടുത്ത് അവരുടെ കയ്യിൽനിന്നും 50 പുതിയ സുവനീർ പ്രോഡക്ടുകളുണ്ടാക്കണം. അത് ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട് നമുക്ക് ചെയ്യാൻ കഴിയണമെന്നുള്ള രീതിയിൽ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായോ ടൂറിസം സെന്ററുകളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലുൾപ്പെടെ ഇവർ വരുമ്പോൾ കിട്ടാനും ആകർഷകമായി പ്രദർശിപ്പിക്കാനും അവർക്ക് വാങ്ങിക്കൊണ്ടുപോകാനും ഓർമ്മയ്ക്കായി സൂക്ഷിക്കാനും കഴിയുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. അതിന്റെ ഭാഗമായി ആ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ നല്ലപോലെ ഉണ്ടാകുമെന്നാണ് കരുതുന്നത്.

ഇവിടെ ബഹുമാന്യരായ 1-2 അംഗങ്ങൾ പറഞ്ഞ സംശയങ്ങൾക്കുകൂടി മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. അതിലൊന്ന്, കോഴിക്കോട് കറ്റ്യാടി പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രീ. പാറക്കൽ അബ്ദുല്ല ഒരു നിർദ്ദേശം വച്ചിരുന്നു. അവിടെ കെ.എസ്.ഐ.ഡി.സി.-യുടെ പ്രോജക്ടിലുണ്ടായ തടസ്സം, വസ്തു ഉടമ ഒരു പരാതി നൽകിയിരുന്നതാണ്. അവിടെയുണ്ടായിരുന്ന റബ്ബർ മരങ്ങൾക്ക് വില നിശ്ചയിക്കേണ്ടിയിരുന്നു. ഇപ്പോൾ അത് നിശ്ചയിച്ച് കിട്ടി. അതിനാവശ്യമായ സംഖ്യ അടച്ചിട്ടുണ്ട്. കാലവിളംബമില്ലാതെ ആ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ഐ.ഡി.സി. വേഗത്തിൽ ആരംഭിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഈ മാസം അവസാനത്തോടെ കൺസൾട്ടന്റിനെ നിയമിക്കാൻ കഴിയും. പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിന്റെ സഹായവും അഭ്യർത്ഥിക്കുന്നുണ്ട്. ഇത്തരം ക്രിയാത്മകമായ നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ ചുരുങ്ങിയ കാലം കൊണ്ട് കഴിയാവുന്ന രീതിയിൽ നിലപാടുകളും നടപടികളും സ്വീകരിക്കുകയാണ്.

കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മണ്ണ് കിട്ടാനുള്ള പ്രശ്നം വലിയപ്രശ്നം തന്നെയാണ്. പാരിസ്ഥിതിക അനുമതി വേണ്ടതിന്റെ സുപ്രീംകോടതി വിധി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾ എന്നിവയുടെയൊക്കെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള യോഗം ചേർന്നു. നടപടിക്രമങ്ങൾ ലഘൂകരിക്കാനും വളരെ പെട്ടെന്ന് പാരിസ്ഥിതിക അനുമതി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ജില്ലാ തലങ്ങളിലുൾപ്പെടെ അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാരമ്പര്യ തൊഴിൽ ചെയ്യുന്നവർക്ക് കളിമണ്ണ് സംഭരിക്കാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ എല്ലാ ജില്ലകളിലും അതിനുള്ള ക്രമീകരണം കളക്ടർമാരുമായി ചേർന്നുണ്ടാക്കിയിട്ടുണ്ട്. അത് അവരുടെ ആവശ്യത്തിനാകണം. അവർക്ക് ലൈസൻസ് കൊടുത്തിരിക്കുന്നത് പാത്രമുണ്ടാക്കാനാണ്. മണ്ണ് മറ്റ് രീതിയിൽ പോകുന്നത് ശരിയല്ല.

3.00 PM]

ശ്രീ. അടൂർ പ്രകാശ്: സർ, പട്ട് വ്യവസായത്തിന്റെ പുന:സംഘടന നടത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിൽനിന്നും 113 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്. അതിൽ ഇരുപത് ശതമാനം സംസ്ഥാന ഗവൺമെന്റ് വിനിയോഗിക്കണം. ആ വിഹിതം വിനിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോയെന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, പത്രമാധ്യമങ്ങളിലൂടെയാണ് ഇത് എന്റെയും ശ്രദ്ധയിൽപ്പെട്ടത്, അല്ലാതെ ഒരറിയിപ്പും ലഭിച്ചിട്ടില്ല. കേരളത്തിലെ സെറിക്കൾച്ചർ വ്യവസായം ഒരുകാലത്ത് നല്ലപോലെ പ്രൊമോട്ട് ചെയ്യാൻ ശ്രമിച്ചുവെങ്കിലും പിന്നീട് പ്രശ്നങ്ങളിലായി. ആ പ്രശ്നങ്ങളിൽപ്പെടാൻ നിരവധി ഘടകങ്ങളുണ്ട്. അതിലുള്ള ജീവനക്കാരെ പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുകയാണ് ചെയ്തത്. ഇപ്പോൾ സബ്സിഡിയുണ്ടെന്ന നിർദ്ദേശം വന്നിട്ടുണ്ട്. കേരളത്തിന് അനുയോജ്യമാണെങ്കിൽ അത് പരിശോധിക്കാം. അനുഗ്രഹമായതാണെങ്കിൽ അത് ഏറ്റെടുക്കുന്നതിന് പ്രശ്നമൊന്നുമില്ല. അത് പരിശോധിച്ചതിനുശേഷം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന KEL-ന്റെ പ്രവർത്തനം വളരെ പരിതാപകരമാണ്, അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, 'പരിതാപകരം' എന്നത് അങ്ങ് ഉപയോഗിച്ച ഒരു വാക്കാണ്. അത് കേന്ദ്ര ഗവൺമെന്റ് നിലപാടാണ്. അതിന് അങ്ങ് പറഞ്ഞത് ഇത് എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുപോയി കൊടുത്തുവെന്നാണ്. ആ

സ്ഥാപനം മെച്ചപ്പെട്ട അവസ്ഥയിലേയ്ക്കെത്താൻ അന്ന് കേന്ദ്രത്തിലുണ്ടായിരുന്ന മന്ത്രിമാർ ഉൾപ്പെടെ ആലോചിച്ചതാണ്. മുഖ്യമന്ത്രിയും എം.പി.-മാരും മന്ത്രിയെന്ന നിലയ്ക്ക് ഞാനും അക്കാര്യത്തിൽ ഇടപെടുകയും കത്തെഴുതുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ വീണ്ടും ഇടപെടാൻ തയ്യാറാണ്. ഇതൊക്കെയാണ് ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ സമീപനംകൂടി നമ്മൾ കാണണം. അത് കാണാതെ ഒറ്റപ്പെട്ട സംഭവമായി അത് കാണരുത്. ഞാൻ അഞ്ചോ ആറോ സ്ഥാപനങ്ങളെപ്പറ്റി പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് മുട്ടുകുത്തി കിടക്കുകയൊന്നുമല്ല. ഈ ഗവൺമെന്റിന് സ്പീഡുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ തോതിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക ദിവസങ്ങൾക്കുള്ളിൽ കൊടുത്തുതീർക്കാൻ കേരളത്തിൽ മുമ്പുണ്ടായിരുന്ന ഏത് ഗവൺമെന്റിന് കഴിഞ്ഞു? സ്പീഡില്ലാത്തതുകൊണ്ടാണോ? വൈദ്യുതി വകുപ്പിന്റെ നേട്ടം, നമ്മളെല്ലാം മത്സരിച്ച് പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി എത്തിക്കാൻ നിൽക്കുകയല്ലേ. വളരെ വേഗത്തിലല്ലേ ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ കാർഷിക മേഖല മുരടിച്ച് നിൽക്കുമ്പോൾ ആ മേഖലയിൽ ഇടപെടാനും തരിശ് കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കാനും ജൈവകൃഷിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കഴിഞ്ഞു. ഈ ഗവൺമെന്റ് മുട്ടിലിഴയുന്നതിന്റെ ഭാഗമായിട്ടാണോ ഈ നേട്ടങ്ങൾ ഉണ്ടായത്? നാല് മിഷനുകൾ പ്രവൃത്തി പഥത്തിലേയ്ക്ക് വരികയാണ്. അതെല്ലാം കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നവയാണ്. 'ആർദ്രം' പദ്ധതിയെപ്പറ്റി പറഞ്ഞു. ഹരിത കേരളം മിഷനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രാവിലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നല്ല മാറ്റങ്ങളുണ്ടാകും. നമ്മളൊക്കെ അതിനുവേണ്ടി പരിശ്രമിക്കുകയല്ലേ. ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ചിലർക്കൊക്കെ സഖാവ് ഇ. പി. ജയരാജനോട് ഇപ്പോൾ സഹതാപം തോന്നുന്നു. അന്ന് എന്തായിരുന്നുവെന്ന് നമുക്കറിയാം. മാഫിയകൾ വ്യവസായ മേഖലകളിൽ ഉണ്ടായിരുന്നുവെന്ന കാര്യം നിങ്ങൾക്കുമറിയാം. അത് ഒഴിവായതിന്റെ ഗുണമാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മാറ്റമുണ്ടാകുന്നത്. അപ്പോൾ അത്തരം കാര്യങ്ങൾ പറഞ്ഞ് ഒരു ഗവൺമെന്റിന്റെ നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കേണ്ട. ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ട് പോകുകയാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, വ്യവസായ വകുപ്പിനെ കുറിച്ച് നടന്ന ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രി ഫലപ്രദമായി മറുപടി പറഞ്ഞു.

ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ വകുപ്പിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യു എന്നത് സന്മനസ്സുള്ളവർക്ക് അഭിനന്ദിക്കാൻ കഴിയുന്ന തരത്തിൽ വ്യക്തമായി പറഞ്ഞു. കശുവണ്ടി വ്യവസായം വളരെ സങ്കീർണ്ണമായ ചില പ്രശ്നങ്ങൾ നേരിടുകയാണ്. നിർഭാഗ്യവശാൽ ആരും അതിന്റെ ഒരു അരികുപോലും പിടിച്ചില്ലെന്നതാണ് എന്റെ ദുഃഖം. ഒരാളും അതിനെക്കുറിച്ച് പരാമർശിച്ചില്ല. ആകെക്കൂടി പറഞ്ഞത് ഒരു അസംബന്ധ വാചകം മാത്രമാണ്. ജനങ്ങൾ തള്ളിക്കളഞ്ഞ വാദം ഇവിടെ വന്ന് സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടി പറഞ്ഞു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന് എട്ട് ലക്ഷം ടൺ തോട്ടണ്ടി ആവശ്യമുണ്ടെന്നിരിക്കെ, കേരളത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത് കേവലം എൺപതിനായിരം ടൺ തോട്ടണ്ടി മാത്രമാണ്. ആ എൺപതിനായിരം ടണ്ണിൽ ഏറെയും സംസ്ഥാനം കടന്നാണ് പോകുന്നത്. കേരളത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് തോട്ടണ്ടി കിട്ടുന്നുമില്ല. ഫലത്തിൽ കേരളത്തിലെ തോട്ടണ്ടി ലഭ്യതയെന്ന് പറയുന്നത് ഏകദേശം സീറോയാണ്. ഇവിടെ ഫാക്ടറി തൊഴിലാളികൾ ലക്ഷക്കണക്കിനാണ്. അപ്പോൾ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ്. ഈ വ്യവസായം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയും അതാണ്. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലീസിന് സ്ഥലം ഏറ്റെടുക്കാൻ പറ്റുമോയെന്ന് ആലോചിച്ചു വരികയാണ്. അതിനുള്ള നീക്കങ്ങൾ നടത്തിയപ്പോൾ കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിലാണെങ്കിൽ സ്ഥലം തരാമെന്നാണ് അവർ അറിയിച്ചിരിക്കുന്നത്. നമ്മൾ അവിടെപോയി കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിന് പോകുന്നത് റിസ്കാണ്. അത് സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. പ്രൊസീഡ് ചെയ്യാൻ കഴിയാത്ത തരത്തിലുള്ള പ്രൊപ്പോസലാണ് അവർ ഇങ്ങോട്ട് അയച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനകത്ത് പ്ലാന്റേഷന് എന്തു ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ട ഘട്ടമെത്തിയിരിക്കുകയാണ്. ഇപ്പോൾ വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച്, തൊട്ടടുത്ത ദിവസം രണ്ട് വകുപ്പുകൂടി ഒരു മീറ്റിംഗ് വിളിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ യൂക്കാലിപ്റ്റസും അക്കേഷ്യയുമൊക്കെ കൃഷി ചെയ്തിരിക്കുകയാണ്. ഇതുപോലെയുള്ള മരങ്ങൾ വെള്ളത്തിന്റെ ഉറവിടംതന്നെ നശിപ്പിക്കും. ഇത് രണ്ടും മാറ്റി കശുമാവ് വച്ചുപിടിപ്പിച്ചാൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് വലിയ റിട്ടേണും, ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലും കിട്ടും. അതോടൊപ്പം നമ്മുടെ വ്യവസായം സംരക്ഷിക്കാനും സാധിക്കും. അക്കാര്യം വളരെ ഗൗരവമായി ഞങ്ങൾ ചർച്ച ചെയ്യുകയാണ്. തൊട്ടടുത്ത ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് പൂർണ്ണമായും സഹകരിക്കുന്ന നിലപാടാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. കേരളത്തിൽ പണ്ടൊക്കെ നാട്ടിലാകെ കശുമാവുണ്ടായിരുന്നു. അതെല്ലാം വെട്ടിക്കളഞ്ഞ് ഇപ്പോൾ പ്ലാന്റേഴ്സെല്ലാം കൃഷി ചെയ്യുന്നത് റബ്ബറും

മറ്റുമാണ്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ പറ്റുന്ന ഒരു സ്ഥിതി ഇപ്പോഴുണ്ട്. അവരെ സഹായിക്കാൻ കഴിയുമോ, എങ്ങനെ പോകാൻ പറ്റുമെന്ന ഗൗരവതരമായ ആലോചനയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ളത്. പ്ലാന്റേഴ്സുമായി ചർച്ച ചെയ്തുകൊണ്ട്, പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുവണ്ടി കൃഷിയിലേയ്ക്ക് വന്നാൽ അവരെ സഹായിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കുകയാണ്. പിന്നീടുള്ളത് ഇറക്കുമതിയാണ്. ഇതെല്ലാം പറയുമ്പോഴും കൃഷി ചെയ്താൽ ആദ്യത്തെ റിട്ടേൺ കിട്ടാൻ മിനിമം മൂന്ന് വർഷമെങ്കിലുമെടുക്കും. കൃഷി ചെയ്ത് തോട്ടണ്ടി ഉണ്ടാക്കി കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുകയെന്നത് നമുക്ക് ഉടനടി പ്രായോഗികമായ കാര്യമല്ല. വരുംകാലങ്ങളിൽ ചിന്തിക്കാവുന്ന കാര്യമാണത്. ദീർഘവീക്ഷണത്തോടുകൂടി ചെയ്യേണ്ടതാണത്. ഇപ്പോൾ നമ്മൾ ചെയ്യേണ്ടത് അടിയന്തരമായി തോട്ടണ്ടി ഇറക്കുമതി ചെയ്യുക തന്നെയാണ്. ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഇറക്കുമതി ചുങ്കത്തിലുള്ള മാറ്റം കാരണം വളരെ വലിയ വില വർദ്ധനവിലേയ്ക്കാണ് തോട്ടണ്ടി പോകുന്നത്. നമുക്ക് compete ചെയ്ത് പോകാൻ പറ്റാത്ത ഒരു സ്ഥിതിയുണ്ട്. തക്ക സമയത്തുതന്നെ വിദേശങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങാൻ കഴിയുന്ന ഒരു സംവിധാനമുണ്ടായാൽ മാത്രമേ കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് പിടിച്ചു നിൽക്കുവാൻ കഴിയുകയുള്ളൂ. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ബാങ്ക് പ്രതിനിധികളും ചെറുകിട വ്യവസായികളുമായി രണ്ടുമൂന്ന് തലത്തിൽ ചർച്ച നടത്തിയിരുന്നു. അപ്പോൾ റിസർവ് ബാങ്ക് ഇങ്ങോട്ട് വച്ച നിർദ്ദേശം ഒരു എസ്.പി.വി. രൂപീകരിക്കണമെന്നാണ്. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനടക്കമുള്ള ഒരു സംവിധാനം പൊതുമേഖലയിൽനിന്നും വ്യത്യസ്തമായി സമയബന്ധിതമായി ന്യായവിലയ്ക്ക് വാങ്ങാൻ കഴിയുന്ന ഒരു സിസ്റ്റം നിങ്ങൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞാൽ ഞങ്ങൾ അതിനോട് സഹകരിക്കാൻ തയ്യാറാണെന്നാണ് റിസർവ് ബാങ്കും നാഷണലൈസ്ഡ് ബാങ്കും ഉറപ്പുനൽകിയിട്ടുള്ളത്. അവരുടെ നിർദ്ദേശംകൂടി പരിഗണിച്ച് ഒരു എസ്.പി.വി. ഉണ്ടാക്കാൻ, ഞങ്ങൾ നിരന്തരമായി കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അന്നത്തെ യു.പി.എ. ഗവൺമെന്റും ഇന്നത്തെ എൻ.ഡി.എ. ഗവൺമെന്റും കാഷ്യൂ ബോർഡ് രൂപീകരിക്കാൻ തയ്യാറായിട്ടില്ല. കേരളത്തിൽത്തന്നെ അത്തരമൊരു സംവിധാനം രൂപീകരിക്കുന്നതിനെപ്പറ്റി ഞങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യുകയാണ്. തീർച്ചയായും അധികം കാലവിളംബം കൂടാതെ അങ്ങനെയൊരു എസ്.പി.വി., കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചുകൊണ്ട് തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാനും മാർക്കറ്റിൽ ഇടപെടാനും കഴിയുന്ന തരത്തിലുള്ള സിസ്റ്റത്തെപ്പറ്റിയാണ് ആലോചിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ സങ്കീർണ്ണമായ ജീവിത പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു തരി വാക്കുപോലും പ്രതിപക്ഷത്തുനിന്നും ചർച്ചയിൽ പങ്കെടുത്ത ആരും പറഞ്ഞില്ലെന്ന ദുഃഖമാണ് എനിക്കുള്ളത്. തീർച്ചയായും

അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ദീർഘവീക്ഷണത്തോടുകൂടിയാണ് ഇടപെടുന്നത്. ഗവൺമെന്റിന്റെ താൽപ്പര്യം സ്ഥാപിത താൽപ്പര്യക്കാരുടേതല്ല, പാവപ്പെട്ട തൊഴിലാളികളുടെ പക്ഷത്താണ് ഈ ഗവൺമെന്റുള്ളത്. കശ്മലവണ്ടിയെന്ന് മിണ്ടിപ്പോയാൽ ഇവിടെ സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടി വർത്തമാനം പറയാനാണ് ആളുകളുള്ളത്. തൊഴിലാളികൾക്കുവേണ്ടി കമാ എന്നൊരക്ഷരം പറയാൻ പ്രതിപക്ഷത്തൊരാളും ഇല്ലെന്ന ദയനീയ സ്ഥിതിയാണ്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനാണ് ഗവൺമെന്റുള്ളത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മുൻ കയർ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് വളരെ ഗൗരവമായിട്ടുള്ള ചില നിരീക്ഷണങ്ങളും വിമർശനങ്ങളുമെല്ലാം കയർ വകുപ്പിനെക്കുറിച്ച് പറയുകയുണ്ടായി. അതിലെ ശരിയും തെറ്റും പരാമർശിക്കാൻ മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. പക്ഷേ മൊത്തത്തിൽ കയർ മേഖലയിൽ സ്വീകരിക്കുന്ന നയം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അത് ഇതുവരെ ഈ സഭയിൽ പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നില്ല.

അര നൂറ്റാണ്ട് മുൻപ് ഇന്ത്യയിൽ നിന്നുള്ള കയറുമതിയുടെ 95 ശതമാനവും കേരളത്തിൽ നിന്നായിരുന്നു. ഇന്ന് കേരളത്തിന്റെ വിഹിതം 20-25 ശതമാനമാണ്. ഈ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ട ഒന്നാമത്തെ കാര്യം ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇന്ന് ചകിരിക്ക് പൂർണ്ണമായും തമിഴ്നാടിനെ ആശ്രയിക്കുകയാണ്. സർക്കാർ ഉദ്ദേശിക്കുന്നത്, ഒരു പഞ്ചായത്തിന് ഒരു യൂണിറ്റ് എന്നുള്ള രീതിയിൽ കുടുംബശ്രീയുടെ ആയിരം യൂണിറ്റുകൾ. Buy-back അറേഞ്ച്മെന്റിൽ സർക്കാർ മെഷീൻ നൽകും, അതിന്റെ മെയിന്റനൻസിന് ജില്ലാതലത്തിൽ കുടുംബശ്രീയുടെ തന്നെ സംവിധാനമുണ്ടാകും. കയർഫെഡ് ചകിരിച്ചോറും ചകിരിയും കളക്ട് ചെയ്യും. ഇങ്ങനെയൊരു സംവിധാനത്തിലൂടെ ഒരു വർഷംകൊണ്ട് കേരളത്തിലെ തൊണ്ടിന്റെ മൂന്നിലൊന്ന് ചകിരിയാക്കി കേരളത്തിൽത്തന്നെ മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

രണ്ടാമത്തേത്, ചകിരി കയറാക്കി മാറ്റേണ്ടതുണ്ട്. അതിന് കയർ സെക്ടറിൽ ഇന്നുള്ള സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കണം. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിലേയ്ക്ക് നമ്മൾ പോകണം. അങ്ങനെ കയർ പിരിച്ചു കഴിഞ്ഞാൽ ആര് എടുക്കും എന്നുള്ളതാണ്. അത് പൂർണ്ണമായിട്ടും കയർഫെഡ് സംഭരിക്കുന്നതിന് ഗ്യാരണ്ടി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം കയർ ഫെഡിന്റെ സംഭരണം മുൻവർഷത്തേക്കാൾ 26 ശതമാനം കൂടിയിട്ടുണ്ട്. അത് പോരാ. അടുത്ത വർഷം 100 ശതമാനം വർദ്ധനവാണ് ലക്ഷ്യമിടുന്നത്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതിനുവേണ്ടി എൻ.സി.ഡി.സി.-ക്ക് 100 കോടി രൂപയുടെ ഒരു

പ്രോജക്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ചർച്ചകൾ നടന്നു വരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ മൊത്തം കയർ സഹകരണ മേഖലയെ നമുക്ക് നവീകരിക്കാൻ സാധിക്കും.

മൂന്നാമത്തെ കാര്യം, ഇങ്ങനെ സംഭരിക്കുന്ന ഏതാണ്ട് രണ്ടര ലക്ഷം ക്വിന്റൽ കയർ എന്തു ചെയ്യും; അതിന്റെ മാർക്കറ്റ് എവിടെയാണ്; നമ്മുടെ ആഭ്യന്തര മാർക്കറ്റ് നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കാണുന്നത്, ജിയോ ടെക്സ്റ്റൈൽസാണ്. കേരളത്തിലെ ഹരിത കേരളം മിഷന്റെ ഭാഗമായിട്ടുള്ള ക്യാമ്പെയിനിൽ വലിയ തോതിൽ കുളങ്ങൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ട്. എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എൻ.ആർ.ഇ.ജി.എസ്. വർക്കേഴ്സിന്റെ യോഗം നടന്നു. കേന്ദ്ര സർക്കാർ 40 ശതമാനമെങ്കിലും മെറ്റീരിയൽ കോസ്റ്റ് വേണമെന്ന് നിർബന്ധിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ജിയോ ടെക്സ്റ്റൈൽസായി കൺവർട്ട് ചെയ്ത് ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കയർ സഹകരണ സംഘങ്ങൾ എന്റെ നിയോജക മണ്ഡലത്തിൽ ധാരാളമുണ്ട്. ഈ സംഘങ്ങൾക്ക് ആവശ്യമായ മൂലധനം കിട്ടുന്നില്ല. അവിടെയാണ് ഇതിന്റെ അടിസ്ഥാനപരമായ പ്രശ്നം. മൂലധനം കൂടുതൽ ലഭ്യമാക്കിയെങ്കിൽ മാത്രമേ കയർ ഉൽപ്പാദിപ്പിക്കാനും അത് കയർഫെഡ് പോലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുകയുള്ളൂ. കയർ സൊസൈറ്റികളെ പുനരുദ്ധരിക്കുകയും അതിനാവശ്യമായ മൂലധനം കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ? അവർ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് എടുക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പ്രവർത്തന മൂലധനമില്ലായ്മയാണ് പ്രധാനപ്പെട്ട കാര്യം. എൻ.സി.ഡി.സി.-യുടെ വായ്പയുടെ ഗണ്യമായ പങ്ക് ഈ പ്രവർത്തന മൂലധനത്തിന് വേണ്ടിയുള്ളതാണ്. പക്ഷേ അതുവരെ കാത്തുനിൽക്കാതെ ഇപ്പോൾത്തന്നെ കയർഫെഡ് അവരുടെ ബാലൻസ്ഷീറ്റ് ക്ലീൻ ചെയ്യുന്നു. സഹകരണ മേഖലയിൽനിന്ന് വായ്പയെടുത്ത് പ്രൊക്യൂർമെന്റിനുവേണ്ടി അഡ്വാൻസായി പണം നൽകുന്നതിനും ഒരു stop-gap arrangement മൂന്ന് മാസത്തേയ്ക്ക് ഉണ്ടാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. എത്ര കയർ ഉൽപ്പാദിപ്പിച്ചാലും അത് കയർഫെഡ് വാങ്ങും.

നാലാമതായി ഉൽപ്പന്നങ്ങളുടെ കാര്യമാണ്. അവിടെയാണ് ശ്രീ. അടൂർ പ്രകാശിന്റെ പ്രധാനപ്പെട്ട വിമർശനങ്ങൾ വന്നത്. നമ്മുടെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വലിയ പ്രയാസം നേരിടുകയാണ്. എന്നാൽ റെഡി മാർക്കറ്റുള്ള ജിയോ ടെക്സ്റ്റൈൽസുണ്ട്. ലൂമുകളുടെ ഒരു പങ്ക് ജിയോ ടെക്സ്റ്റൈൽസിലേയ്ക്ക് മാറേണ്ടി

വരും. അവിടെയാണെങ്കിൽ ഇത്രയും കയർ ജിയോ ടെക്സ്റ്റൈൽസായി മാറ്റണം. ഉൽപ്പന്നങ്ങളുടെ സംഭരണം കൂടുതൽ പണം നൽകിയിട്ടും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട വിമർശനം പറഞ്ഞത്. 15 ശതമാനം പർച്ചേസ് പ്രൈസ് കൂടി. അതുകൊണ്ടാണ് വർദ്ധനവ് കാണാത്തത്. പക്ഷേ എങ്കിൽപ്പോലും അത് നാമമാത്രമാണ്. ഉൽപ്പന്നങ്ങളുടെ സംഭരണം 15 ശതമാനം വർദ്ധിച്ചാൽ പോരാ. ആ വിമർശനം വളരെ ശരിയാണ്. കാരണം ഏതാണ്ട് 40 കോടി രൂപയുടെ സ്റ്റോക്ക് ആയിരുന്നു. അതിന്റെ കാരണം എന്തായിരുന്നെന്നാൽ, വാങ്ങാൻ എക്സ്പോർട്ടേഴ്സ് വേണമല്ലോ. എക്സ്പോർട്ടേഴ്സ് രണ്ടു തരത്തിലാണ് വാങ്ങുന്നത്. ഒന്ന്, നേരിട്ട് സ്റ്റെൻസിൽ ചെയ്ത് കയറ്റുമതി ചെയ്യുന്നു. രണ്ട്, അതിന്റെ റബ്ബർ മോൾഡിംഗ് കൊടുത്തിട്ട് കയറ്റുമതി ചെയ്യുന്നു. രണ്ടാമത് പറഞ്ഞ പ്രവൃത്തികളൊക്കെ നടത്തുന്നത് ഇന്ന് കോട്ടയം-ചങ്ങനാശ്ശേരി ഭാഗത്താണ്. കഴിഞ്ഞ ഒരു വർഷത്തിന് മുൻപ് തുടങ്ങിയ ഒരു പ്രവണതയാണ്. ഇപ്പോൾ പൂർണ്ണമായും അവർ ഡിപ്പോയിൽ നിന്നാണ് വാങ്ങുന്നത്. ഡിപ്പോയിൽ സർക്കാർ നൽകുന്ന 10 ശതമാനം സബ്സിഡിയല്ല. 25 ശതമാനം വില കുറച്ച് വാങ്ങാൻ പറ്റുമെന്ന് അവർ പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണംവരെ നടത്തി ഇത്തരത്തിലുള്ള പ്രവണതയെ നിരുത്സാഹപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വരുന്ന ഓണക്കാലത്ത് ഈ സ്റ്റോക്കിന്റെ പകുതിയെങ്കിലും വിറ്റഴിക്കുന്നതിനുവേണ്ടി വലിയൊരു യജ്ഞം കേരളത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നമ്മൾ പരിശോധന നടത്തുന്നുണ്ട്. അപ്പോൾ സാധ്യതകൾ പരിശോധിക്കുന്നുണ്ട്. ഇതാണ് നമ്മുടെ മൊത്തത്തിലുള്ള സമീപനം.

ശ്രീ. അടൂർ പ്രകാശ് പറഞ്ഞ ഒരു പ്രധാനപ്പെട്ട വിമർശനം, കേരള ഫെസ്റ്റ് നിർത്തലാക്കി എന്നുള്ളതാണ്. അത് ശരിയല്ല. നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ നടത്തിയതിനെക്കുറിച്ച് ഞങ്ങൾ വിമർശിച്ചിട്ടുണ്ട്. അതാണ് നിങ്ങൾ പറയുന്നത്. ഞങ്ങൾ നിർത്താൻ ഉദ്ദേശിക്കുന്നില്ല. ഒക്ടോബർ മാസത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഡൽഹി ഫെയർ കഴിഞ്ഞാൽ അതിന്റെ തുടർച്ചയായി ബയേഴ്സിനെ നമുക്ക് ഇങ്ങോട്ടുകൂടി ക്ഷണിക്കാൻ സാധിക്കും. ഒരു മാറ്റം അതിൽ വരുന്നത്, ആഭ്യന്തര കച്ചവടക്കാരെ കൂടുതൽ ക്ഷണിക്കാനായി ഉദ്ദേശിക്കുന്നു. വലിയ തോതിൽത്തന്നെ ഈ കയർ ഫെസ്റ്റ് നടത്തും. ഇത്തരം പ്രവർത്തന പരിപാടികളുടെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ ഉൽപ്പാദനം ഗണ്യമായി ഉയർത്തുന്നതിനും തൊഴിലാളികൾക്ക് 150 ദിവസത്തെ ജോലിയെങ്കിലും ഉറപ്പു വരുത്തുന്നതിനും അത് 300 രൂപ കയർ പിരി മേഖലയിലും 500-600 രൂപ ഉൽപ്പന്ന മേഖലയിലും നൽകുന്നതിനും വേണ്ടിയുള്ള പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(മറുപടി പ്രസംഗത്തിനായി വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എഴുന്നേറ്റപ്പോൾ അദ്ദേഹം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ പ്രതിഷേധ സൂചകമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവന്ന എല്ലാ നിർദ്ദേശങ്ങളും തുടർന്ന് ബോർഡിന്റെ പ്രവർത്തനങ്ങളിൽ സ്വീകരിക്കുന്നതാണെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. ധനാഭ്യർത്ഥന ചർച്ചയിൽ 15 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ബഹുമാന്യരായ അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ, സഭയുടെ പൊതുവികാരം, ബോർഡിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ക്രിയാത്മകമായ എല്ലാ കാര്യവും സ്വീകരിക്കുമെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഉറപ്പ് പറയാൻ ആഗ്രഹിക്കുകയാണ്.

വൈദ്യുതി ബോർഡ് ഏറ്റെടുത്ത പ്രധാനപ്പെട്ട ഒരു ജോലി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. ബഹുമാന്യനായ ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ അന്ന് ധാരാളം പ്രവർത്തനങ്ങൾ നടത്തി. 85 അസംബ്ലി മണ്ഡലങ്ങളിൽ അന്ന് സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ കഴിഞ്ഞിരുന്നു. പക്ഷേ പൂർണ്ണമാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ ആ വഴിക്ക് ഒരു ശ്രമവും നടത്തിയില്ല. ആ പരിപാടി ഫലത്തിൽ തള്ളുകയാണ് ചെയ്തത്. നമ്മുടെ അനുഭവം അതാണ്. എന്നാൽ ഈ സർക്കാർ സമ്പൂർണ വൈദ്യുതീകരണം നടത്തുമെന്ന് പ്രഖ്യാപിച്ചു. ഏറ്റവും ഫലപ്രദമായ പ്രവർത്തനമാണ് അതിന് സംഘടിപ്പിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്നു കാര്യം നന്ദിപൂർവ്വം ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. അതോടൊപ്പം, 174 കോടി രൂപ എസ്റ്റിമേറ്റിന്മേൽ ലഭിച്ച തുകകൾ കഴിച്ചുള്ളത് വൈദ്യുതി ബോർഡ് മുടക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പണവും എം.പി.-മാരുടെ ഫണ്ടും എം.എൽ.എ.-മാരുടെ ഫണ്ടും ഉപയോഗിച്ചാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നത്. ഈ മാസം തന്നെ സംസ്ഥാനതലത്തിൽ പ്രഖ്യാപിക്കാവുന്ന നിലയിൽ എത്തിയിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണം വഴി 149000 വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരും വിവിധ ട്രേഡ് യൂണിയൻ തൊഴിലാളികളും വലിയ പങ്ക് വഹിച്ചു. അഭിമാനകരമായ പങ്കാണ് അതിലെ ജീവനക്കാർ വഹിച്ചതെന്ന കാര്യം ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർക്കുകയാണ്. കോടതി കേസ്സുകളുള്ളതുകൊണ്ട് 4000 വീടുകൾക്ക്

കൊടുക്കാൻ കഴിയില്ല. 53000 ആണ് ആകെ വെരിഫൈ ചെയ്ത് കണ്ടെത്തിയിരിക്കുന്നത്. വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്ത ആയിരക്കണക്കിന് ആളുകളുടെ വീടുകളിൽ വയറിംഗ് നടത്തിക്കൊടുക്കാൻ സ്വയം പണം കണ്ടെത്തി വൈദ്യുതി ജീവനക്കാർ സഹായിച്ചു എന്നുള്ള കാര്യം ഒരിക്കലും നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അങ്ങനെ ഫലപ്രദമായ പ്രവർത്തനമാണ് വൈദ്യുതി ജീവനക്കാരും എല്ലാ തലങ്ങളിലുമുള്ള ബോർഡിന്റെ അധികാരികളും സമ്പൂർണ വൈദ്യുതീകരണത്തിനുവേണ്ടി നടത്തിയത്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ശ്രീ. എ. കെ. ബാലൻ മുൻകയ്യെടുത്ത് ആ വിഭാഗത്തിന് ചെലവാകുന്ന പണത്തിന്റെ 75 ശതമാനം തന്നു സഹായിച്ചു എന്ന കാര്യവും ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർക്കുകയാണ്. അങ്ങനെ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും നടത്താത്ത മഹത്തായ പരിശ്രമമാണ് നമ്മൾ നടത്തിയത്. ഇപ്പോൾ ഗവൺമെന്റിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതിനുശേഷം തീയതി നിശ്ചയിച്ച് ഉടൻ തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കും. ജില്ലകളിൽ പ്രഖ്യാപനം ഇപ്പോൾത്തന്നെ പ്ലാൻ ചെയ്തിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു മാതൃകാപരമായ പ്രവർത്തനമാണ് ഇതുസംബന്ധിച്ച് നമ്മൾ നടത്തിയതെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇന്ത്യയിൽ 29 സംസ്ഥാനങ്ങളിൽ കേരളം മുന്നിലാണ്. അതുകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് ഈ രംഗത്ത് നടത്തിയതെന്ന കാര്യം അഭിമാനപൂർവ്വം കേരളീയരായ നമുക്ക് വിലയിരുത്താനും കാണാനും കഴിയുന്നതാണ്.

ഇപ്പോൾ കാലാവസ്ഥയിൽ പൂർണ്ണമായി മാറ്റം വന്നിരിക്കുന്നു. മഴയില്ല, ഡാമിൽ വെള്ളമില്ല, കടുത്ത ചൂടാണ്, അതിനെത്തുടർന്നുള്ള പ്രതിസന്ധിയുമുണ്ട്. സാധാരണനിലയിൽ സംസ്ഥാനത്ത് പവർക്കട്ടും അനിവാര്യമായ ലോഡ് ഷെഡ്ഡിംഗും വരേണ്ടതാണ്. എന്നാൽ ബോർഡിന്റേയും ഗവൺമെന്റിന്റേയും ഫലപ്രദമായ ശ്രമംകൊണ്ട് ഒരു നിലയിലും പവർക്കട്ടോ, ലോഡ്ഷെഡ്ഡിംഗോ വരാതെ കേരളത്തെ രക്ഷിക്കുക, കേരളീയരെ സഹായിക്കുക എന്ന ശരിയായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന കാര്യവും ഈ അവസരത്തിൽ അറിയിക്കുകയാണ്. സംസ്ഥാനത്ത് ആവശ്യം വരുന്ന ആകെ വൈദ്യുതിയുടെ 30% മാത്രമാണ് നാം ഉൽപ്പാദിപ്പിക്കുന്നത്. ഇത്തവണ കാലാവസ്ഥയിൽ വന്ന മാറ്റത്തെത്തുടർന്ന് ഉൽപ്പാദനത്തിൽ 30 ശതമാനം കുറവുവരുമെന്നതാണ് വസ്തുത. അത്രയും വലിയ പ്രതിസന്ധിയുള്ളപ്പോഴും പവർക്കട്ടില്ലാതെ നമുക്ക് കേരളത്തെ മുന്നോട്ട് കൊണ്ടു പോകാനും അതിലൂടെ കേരള ജനതയെ സഹായിക്കാൻ കഴിഞ്ഞുവെന്നുള്ളതും ഒരു മഹത്തായ നേട്ടമാണ്.

ഇവിടെ ചർച്ചയിൽ പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തനം തുടങ്ങിയ പള്ളിവാസൽ പദ്ധതി യടക്കമുള്ള ധാരാളം പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് ഇല്ലാതാക്കി. നൂറുകണക്കിന് കോടി രൂപ മുടക്കി നിർമ്മാണം നടത്തിയത് വൈദ്യുതി ബോർഡിനും ഗവൺമെന്റിനും ഫലത്തിൽ വലിയ നഷ്ടം വരുന്ന നിലയിലുള്ള നടപടികളാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത് എന്ന കാര്യം നമ്മൾ കാണാതിരുന്നുകൂടാ. എൽ.ഡി.എഫ്. ഭരണകാലത്ത് പണിയാരംഭിച്ച പള്ളിവാസൽ എക്സ്റ്റെൻഷൻ, തോട്ടിയാർ, ചാത്തൻകോട്ടുനട തുടങ്ങിയ പദ്ധതികളൊക്കെ യാതൊരു പണിയും നടക്കാതെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്തംഭനത്തിലായിരുന്നു. അത്തരം പദ്ധതികളെല്ലാം പുനരാരംഭിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന കാര്യവും ഈ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. ചിലത് റീ-ടെണ്ടർ നടത്താൻ ഗവൺമെന്റും ബോർഡും തീരുമാനിച്ചിരിക്കുന്നു എന്നുള്ളകാര്യം ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, കൂടംകുളം പദ്ധതിയിൽ നിന്നുള്ള ലൈൻ കടന്നു പോകുന്നത് നാലഞ്ച് നിയോജകമണ്ഡലങ്ങളിലൂടെയാണ്. അവിടത്തെ കൃഷിക്കാർ ഭയങ്കര ആശങ്കയിലാണ്. പവർ ഗ്രിഡ് കോർപ്പറേഷൻ ഈ വർക്ക് ഏറ്റെടുത്തപ്പോൾ ചില മേഖലകളിൽ അണ്ടർഗ്രൗണ്ട് കേബിൾ വലിച്ച് കൃഷിക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ ലൈൻ ഹൈവേവഴി വലിക്കാൻ തയ്യാറായി. വൈദ്യുതിലൈൻ വലിക്കുമ്പോൾ കൃഷിക്ക് നാശമുണ്ടാകാതെ അണ്ടർഗ്രൗണ്ട് കേബിൾ വലിക്കണമെന്നാണ് ഇപ്പോൾ ഞങ്ങളുടെ മേഖലയിലെ കൃഷിക്കാർ ആവശ്യപ്പെടുന്നത്. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ?

ശ്രീ. എം. എം. മണി: സർ, ഞാനത് പിന്നീട് പറയാം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇഴഞ്ഞു നീങ്ങിയിരുന്ന പെരുന്തേനരുവി പദ്ധതി പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. പണി നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിൽ നിന്നും ഈ സർക്കാർ കാലയളവിൽ 160 മെഗാവാട്ട് വൈദ്യുതിയാണ് പ്ലാൻ ചെയ്തിട്ടുള്ളത്. കൂടാതെ 155 മെഗാവാട്ടിന്റെ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ ഗവൺമെന്റും ബോർഡും ആലോചിക്കുന്നുണ്ട്. ഇവിടെ സഭയിൽ ചർച്ച നടന്നപ്പോൾ ബഹുമാന്യരായ അംഗങ്ങൾ സോളാറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. സോളാറിന്റെ നിർമ്മാണ പ്രവർത്തനവും നമ്മൾ നടത്തുന്നുണ്ട്. സോളാർ എന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു അശ്ലീല വാക്കായിരുന്നു, എന്നാൽ വൈദ്യുതിയുണ്ടാക്കാനുള്ള ഒരു പദ്ധതിയാണ് സോളാർ എന്നാണ് ഈ സർക്കാരിന്റെ സമീപനമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്കിന്റെ നിർമ്മാണം നടന്നു വരികയാണ്. ഇതിനകം 30 മെഗാവാട്ടിന്റെ നിർമ്മാണം

പൂർത്തിയായിട്ടുണ്ട്. അത് കൂടാതെ വേറെ പദ്ധതികളിൽ നിന്ന് ഇതിനകം തന്നെ 20 മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് സോളാറിന്റെ പദ്ധതി നമുക്ക് ഫലപ്രദമായി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കാം. പക്ഷെ അത് ആലോചിക്കുമ്പോൾ അതിന്റെ പരിമിതിയെപ്പറ്റിയും നമ്മൾ കാണേണ്ടതുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഒന്ന്, പകൽ മാത്രമേ വൈദ്യുതി കിട്ടുകയുള്ളൂ, രാത്രി കിട്ടണമെങ്കിൽ പ്രത്യേകം സ്റ്റോർ ചെയ്യണം. അതെല്ലാം വലിയ ചെലവുള്ളതാണെന്ന പ്രശ്നവുമുണ്ട്. ഇപ്പോൾ ഒരു യൂണിറ്റ് ജലവൈദ്യുത പദ്ധതിക്ക് ആകുന്നതിനേക്കാൾ കൂടുതൽ വില ഇതിനാകുമെന്ന പ്രശ്നവുമുണ്ട്. ഈ വില കൂടിയ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചെന്നാൽ അത് ഭാവിയിൽ വൈദ്യുതി ബോർഡിനും വിതരണരംഗത്തും പ്രതിസന്ധിയുണ്ടാകുമോ എന്ന കാര്യവും ഗൗരവമായി ആലോചിക്കേണ്ടതുണ്ടെന്ന് ഈ രംഗത്തെ വിദഗ്ധർക്ക് അഭിപ്രായമുണ്ടെന്നുള്ള കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എങ്കിലും സോളാർ സ്കീം നമ്മുടെ പരിഗണനയിലുണ്ട്. നിർമ്മാണ പ്രവർത്തനം ഇപ്പോൾ കാസർഗോഡ് നടന്നുവരുന്നു, രാമക്കൽമേട്ടിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അവിടെയും നമുക്ക് ആരംഭിക്കാവുന്നതാണ്. അതിനും ലിമിറ്റ് ചെയ്തില്ലെങ്കിൽ പ്രതിസന്ധിയുണ്ടാകും. വില കൂടുതലാകുമെന്നുള്ളത് തന്നെയാണ് അതിലെ ഒരു ദൗർബ്ബല്യമെന്ന് നമ്മൾ കാണേണ്ടതുണ്ട്. കായംകുളം എൻ.ടി.പി.സി. താപനിലയത്തിൽ നിന്ന് കഴിഞ്ഞ കുറേനാളുകളായി ഒരു യൂണിറ്റ് വൈദ്യുതി പോലും നമ്മൾ വാങ്ങുന്നില്ല, ഉൽപ്പാദിപ്പിക്കുന്നുമില്ല. നമ്മൾ പ്രതിവർഷം 247 കോടി രൂപ ഇതിനുവേണ്ടി എൻ.ടി.പി.സി.-ക്ക് കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അതിന്റെ ചാർജ്ജ് കൂട്ടി, 299 കോടി രൂപ ഇപ്പോൾ കൊടുക്കണമെന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരിക്കുകയാണ്. അപ്പോൾ ഇതുസംബന്ധിച്ച് നമ്മൾ തീരുമാനം എടുക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിൽ അടുത്ത കാലത്ത് തുക കുറച്ചുതരണമെന്ന് പറഞ്ഞ് നിവേദനം കൊടുത്തപ്പോൾ ഇത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം, കെ.എസ്.ഇ.ബി. ഏറ്റെടുക്കണമെന്ന നിർദ്ദേശം കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി, മുന്നോട്ടുവച്ചിട്ടുണ്ട്. 500 കോടി രൂപ ഞങ്ങൾക്ക് തന്നിട്ട് നിങ്ങൾ ഏറ്റെടുത്തോ എന്നാണ് അദ്ദേഹം അതുസംബന്ധിച്ച് പറഞ്ഞത്. അക്കാര്യം ബോർഡും ഗവൺമെന്റുമായി ആലോചിച്ച് അവസാന തീരുമാനമെടുക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഏതായാലും കായംകുളം എൻ.ടി.പി.സി. പദ്ധതിയിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി പോലും കിട്ടുന്നില്ല, ഒരു നിലയിലും അത് നമുക്ക് മുതലാകുന്നില്ലെന്ന പ്രശ്നവുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭൂമിയുണ്ട്, അവിടെയും സോളാറിന്റെ നിർമ്മാണ പ്രവർത്തനം നോക്കാവുന്നതാണ്. അതുകൂടാതെ ഗ്യാസ് മുഖാന്തിരം ഉല്പാദനം നടത്താമോ, എങ്കിൽ വില കുറഞ്ഞു കിട്ടുമോ, എന്ന കാര്യവും പരിശോധനാർഹമായ കാര്യമാണ്, അതു സംബന്ധിച്ച് ഗവൺമെന്റും ബോർഡും ഒരു തീരുമാനമെടുക്കേണ്ടതുണ്ട്.

കായംകുളം നിലയത്തോടനുബന്ധിച്ച് ഭൂമിയിൽ സോളാർ നിലയം സ്ഥാപിച്ച് 170 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതി NTPC ആലോചിക്കുന്നുണ്ട്. ആ കാര്യം വളരെ ഗൗരവമായി ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും പരിശോധിക്കപ്പെടേണ്ട ഒരു വിഷയമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർ കൂടംകുളം ലൈൻ, പ്രസരണമേഖല എന്നിവയെപ്പറ്റി സൂചിപ്പിച്ചു. കൂടംകുളത്ത് 400 മെഗാവാട്ട് ലൈനാണ് ഉദ്ദേശിക്കുന്നത്. അതിന് ധാരാളം തടസ്സമുണ്ടായിരുന്നു, ഈ ഗവൺമെന്റ് വന്നശേഷം മുഖ്യമന്ത്രിയൊക്കെ ഇടപെട്ട് കൃഷിക്കാരുമായി ചർച്ച ചെയ്ത് ഏകദേശ ധാരണ ഉണ്ടാക്കിയിട്ടുണ്ട്. വലിയ പ്രശ്നമില്ലാതെ അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്ന ചിന്തയാണ് ഇലക്ട്രിസിറ്റി ബോർഡിനുള്ളത്. അതിനായി കേബിൾ സ്ഥാപിക്കുക എന്ന കാര്യം അപ്രായോഗികമാണ്, സാങ്കേതിക വിദ്യയെപ്പറ്റി കൂടുതൽ ആലോചിക്കേണ്ടതുണ്ട്, കേബിൾ സ്ഥാപിക്കുന്നത് അത്ര സുഗമമായിരിക്കില്ല എന്നാണ് തോന്നുന്നത്. 400 കെ.വി. ലൈൻ പൂർത്തീകരിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. കൂടംകുളത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് ഇത് അനിവാര്യമാണ്.

മറ്റൊരു കാര്യം പ്രസരണ മേഖലയെക്കുറിച്ചാണ്. വൈദ്യുതോല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് പുറത്തു നിന്നു ചെലവു കുറഞ്ഞ വൈദ്യുതി കിട്ടാനുള്ള എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്താനും സർക്കാർ ആലോചിക്കുന്നുണ്ട്. ഇങ്ങനെ കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനായി പ്രസരണശേഷിയിൽ വലിയ വർദ്ധനവ് ആവശ്യമുണ്ട്.

കഴിഞ്ഞ 25 വർഷമായി പ്രവർത്തനം സ്തംഭിച്ചു കിടന്നതാണ് പരപ്പനങ്ങാടി 110 KV സബ്സ്റ്റേഷനും എരുമേലി സബ്സ്റ്റേഷനും. ഈ രണ്ട് പദ്ധതികളുടെയും പണി പൂർത്തീകരിക്കാൻ സാധിച്ചു. പരപ്പനങ്ങാടി സബ്സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു എന്ന കാര്യം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുവനന്തപുരം നഗരത്തിൽ വൈദ്യുതി എത്തിക്കുന്നതിന് ആവശ്യത്തിന് ലൈനുകളില്ലാത്തത് കടുത്ത വൈദ്യുത തടസ്സത്തിന് കാരണമായിരുന്നു. ഇത് പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട പോത്തൻകോട്-കാട്ടാക്കട ലൈൻ നിർമ്മാണം കുറേക്കാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈൻ നിർമ്മാണം ദ്രുതപ്പെടുത്തി, ഈ മേയ് അവസാനത്തോടെ തന്നെ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ട്രാൻസ്ഗ്രിഡ്-II എന്ന പുതിയ പദ്ധതിയും ഈ രംഗത്ത് കൊണ്ടുവരികയാണ്. പ്രസരണ മേഖലയിൽ വലിയൊരു കുതിച്ചു ചാട്ടത്തിനാണ് കേരളം ലക്ഷ്യമിടുന്നത്. നമ്മുടെ പ്രസരണ ശൃംഖലയുടെ നട്ടെല്ല് ഇപ്പോൾ 220 KV ലൈൻ

ആണ്. അത് 400 KV ലൈൻ ആക്കി മാറ്റണം. അത് നമ്മുടെ ദീർഘകാലമായുള്ള ആഗ്രഹമാണ്. കേരളത്തിന്റെ പ്രസരണ ശൃംഖല ആധുനികവൽക്കരിക്കുക, പ്രസരണശേഷി ഇരട്ടിയിലധികമായി വർദ്ധിപ്പിക്കുക, എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും ലൈനുകളോ, ട്രാൻസ്ഫോർമറുകളോ കേടായാലും പകരം സംവിധാനമുണ്ടെന്ന് ഉറപ്പ വരുത്തുക, വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 10000 കോടി രൂപയുടെ ഒരു പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്-II എന്ന പേരിൽ അംഗീകരിച്ചിട്ടുള്ളത് എന്ന കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പദ്ധതിക്ക് 5200 കോടി രൂപ കിഫ്ബിയിൽ നിന്ന് ധനസഹായമായി അനുവദിച്ചിട്ടുണ്ട് എന്നതും നന്ദിപൂർവ്വം ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 700 കോടിയോളം രൂപയുടെ ധനസഹായവും ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വൈദ്യുത മേഖലയിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ നിക്ഷേപമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വൈദ്യുത ബോർഡിന്റെ സാമ്പത്തിക സ്ഥിതി-എല്ലാവർക്കും വൈദ്യുതി എത്തിക്കുന്നതിനും വൈദ്യുതോല്പാദനം കൂട്ടുന്നതിനും ഉപഭോക്തൃ സംതൃപ്തി ഉറപ്പ വരുത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതോടൊപ്പം വൈദ്യുത ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സർക്കാർ നല്ല രീതിയിൽ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാന വൈദ്യുത ബോർഡിന് നിലവിൽ 7000 കോടി രൂപയോളം കടബാദ്ധ്യതയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിൽ ഈ കടബാദ്ധ്യത നല്ല നിലയിൽ കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. 2006-ൽ 4500 കോടി രൂപ കടമുണ്ടായിരുന്നത് 2011 ആയപ്പോഴേയ്ക്കും 1066 കോടി രൂപയായി കുറയ്ക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽ ഇത് വീണ്ടും വർദ്ധിച്ചു, ഇപ്പോൾ 7000 കോടി രൂപയായി. ഇതിൽത്തന്നെ 2011-2012, 2012-2013 കാലത്ത് വലിയ ബാദ്ധ്യതയാണ് ബോർഡിനുണ്ടായിട്ടുള്ളത്.

താരിഫ് പരിഷ്കരണത്തെപ്പറ്റി വാക്കൗട്ട് നടത്തിപ്പോയ സുഹൃത്തുക്കളുടക്കം വിമർശിച്ചു. യഥാർത്ഥത്തിൽ ഇലക്ട്രിസിറ്റി ബോർഡല്ല, ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ് ഇലക്ട്രിസിറ്റി നിയമമനുസരിച്ച് താരിഫ് വർദ്ധനവ് കൊണ്ടുവന്നതും പ്രഖ്യാപിച്ചതും. പക്ഷേ കെ.എസ്.ഇ.ബി.-യാണ് താരിഫ് വർദ്ധിപ്പിച്ചതെന്ന രീതിയിലാണ് പ്രതിപക്ഷം ഇവിടെ വിമർശനം കൊണ്ടുവന്നത്. അത് വസ്തുതയല്ല. കേന്ദ്ര ഇലക്ട്രിസിറ്റി നിയമമനുസരിച്ച് റെഗുലേറ്ററി കമ്മീഷനാണ് അതിന്റെ അധികാരി. കടബാദ്ധ്യത തീർക്കുന്നതിനായി 500 കോടി രൂപ അധികമായി ലഭിക്കുന്നതിനാൽ തെല്ലൊരാശ്വാസം കിട്ടുമെന്നേയുള്ളൂ, വലിയ വർദ്ധനവ് എന്ന്

പറയാൻ കഴിയില്ല. കാർഷിക മേഖലയിൽ കുറച്ചധികം സൗജന്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്, എൻഡോസൾഫാൻ ബാധിതർക്കും ഏറ്റവും താഴെക്കിടയിലുള്ള ജനവിഭാഗങ്ങൾക്കും സൗജന്യം പ്രഖ്യാപിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയിൽ ഉപഭോക്താക്കൾക്ക് സംതൃപ്തി തരുന്ന ഒട്ടേറെ പരിഷ്കാരങ്ങൾ ഈ കാലഘട്ടം സാക്ഷ്യം വഹിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കി ആർക്കും ഏതു സെക്ഷനിലും പണമടയ്ക്കാനും അപേക്ഷകൾ കൊടുക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയത് ഈ രംഗത്തെ വലിയൊരു നേട്ടമായി ചൂണ്ടിക്കാണിക്കുകയാണ്. തിരുവനന്തപുരത്തോ, മലപ്പുറത്തോ, കണ്ണൂരിലോ ഏത് സെക്ഷനിൽ വേണമെങ്കിലും ബില്ലടയ്ക്കുന്നതിനും ഓൺലൈൻ അപേക്ഷകൾ നല്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇപ്പോഴുണ്ട്, പുതിയ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. വൈദ്യുത തടസ്സം എസ്.എം.എസ്. ആയി ഫോണിൽ അറിയിക്കുന്ന സംവിധാനമടക്കം ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. ഈ സേവനങ്ങളൊക്കെ ഇനിയും മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കസ്റ്റമർ കെയർ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ട്, അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വൈദ്യുത വിതരണ ശൃംഖല മേഖലയിൽ വോൾട്ടേജ് ക്ഷാമം, വൈദ്യുതി തടസ്സം എന്നിവ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ബൃഹത്തായ രീതിയിൽ വിതരണ ശൃംഖല ആധുനികവത്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഊർജ്ജ സംരക്ഷണത്തിനുവേണ്ടിയുള്ള കൃാമ്പയിൻ വളരെ വിപുലമായി നടത്തിവരികയാണ്. ഓരോ ഘട്ടത്തിലും ഓരോ മണിക്കൂറും ഓരോ മിനിറ്റും ഊർജ്ജ സംരക്ഷണം നടത്തുക എന്നുള്ളത് പരമപ്രധാനമായി നമ്മൾ കാണേണ്ടതാണ്. തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യാക്കി മാറ്റി കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് വിപുലമായ ഒരു പദ്ധതിയും തയ്യാറാക്കുകയാണ്. പുതിയ സെക്ഷനുകൾക്കു വേണ്ടിയുള്ള ആവശ്യങ്ങൾ ധാരാളമായി ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അശാസ്ത്രീയമായി മുപ്പതോളം സെക്ഷനുകൾ അനുവദിച്ചു. എന്നാൽ ഒരു ജീവനക്കാരൻ പോലും അത്തരം സെക്ഷനുകളിലില്ല. രാഷ്ട്രീയ ഇടപെടൽമൂലം ഇങ്ങനെ അനുവദിക്കുക മാത്രമാണ് ചെയ്തതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ഇപ്പോഴും എല്ലാ മണ്ഡലങ്ങളിൽനിന്നും പുതിയ സെക്ഷനുകൾ വേണമെന്ന ആവശ്യം ഉയർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാമെന്നത് സംബന്ധിച്ച് പ്രായോഗികമായ എല്ലാ മാർഗ്ഗങ്ങളും പരിശോധിച്ചു, ചില കാര്യങ്ങൾ അക്കാര്യത്തിൽ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

വൈദ്യുതി സംബന്ധമായ ഏത് പരാതിയും 1912 എന്ന നമ്പറിൽ വിളിച്ച് പറയാവുന്നതാണ്. അതിനുള്ളകാൾ സെന്റർ സംവിധാനം വിപുലീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയൊക്കെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് നല്ല ഇടപെടലും പരിശ്രമവും ഈ രംഗത്ത് നടത്തിയിട്ടുണ്ടെന്ന കാര്യം പ്രത്യേകിച്ചും ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

യഥാർത്ഥത്തിൽ വൈദ്യുത അപകടങ്ങൾ ഇപ്പോൾ കുറഞ്ഞു വരികയാണ്. അഖിലേന്ത്യാ നിരക്കിൽ നോക്കിയാൽ കേരളത്തിൽ 4 ശതമാനം വൈദ്യുത അപകടങ്ങളേയുള്ളൂവെങ്കിലും അതുപോലും നമുക്ക് അനുവദിക്കാൻ കഴിയില്ല. വൈദ്യുതി ഉപയോഗിക്കുന്നതിലെ അശാസ്ത്രീയത, വയറിംഗിൽ സംഭവിക്കുന്ന മിസ്റ്റേക്ക്, ഇരുമ്പ് തോട്ടി ഉപയോഗിച്ച് കൃഷിക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയ പല കാരണങ്ങൾകൊണ്ടും വലിയ തോതിൽ വൈദ്യുത അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിപുലമായ ക്യാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനതലത്തിൽ ഈയടുത്ത ദിവസം ഒരു സെമിനാർ നടന്നു, അത് താഴേത്തട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വിപുലമായ പരിപാടി ബോർഡ് തയ്യാറാക്കിയിട്ടുണ്ട് എന്ന കാര്യവും അറിയിക്കുകയാണ്.

വൈദ്യുത ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഹൈഡൽ ടൂറിസം സെന്റർ ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിവരികയാണ്. 'ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും' എന്നതാണ് വൈദ്യുത ബോർഡിന്റെയും ഗവൺമെന്റിന്റെയും ലക്ഷ്യം എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങളാരും സീറ്റിലില്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്താവ ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ :

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

3. ശ്രീ. സി. എഫ്. തോമസ്

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....78

പ്രതികൂലിക്കുന്നവർ.....3

നിഷ്പക്ഷത പാലിക്കുന്നവർ.....1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടില്ല.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32 ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ പി.

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ :

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

3. ശ്രീ. സി. എഫ്. തോമസ്

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....78

പ്രതികൂലിക്കുന്നവർ.....3

നിഷ്പക്ഷത പാലിക്കുന്നവർ.....1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കശേഷം 3.43-ന് പിരിഞ്ഞു.)